# വി. മർക്കോസിന്റെ സുവിശേഷം

ഡോ. ജേക്കബ് ചാണിക്കുഴി

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, email: alphits@gmail.com

# വി. മർക്കോസിന്റെ സുവിശേഷം

**Title:** Gospel of St. Mark
**Published by:** The Director, Alpha Institute, Archdiocese of Tellicherry,
Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2015 April 5 (Easter)

---

**Author:** Rev. Dr. Jacobe Chanikkuzhy

---

**Office Assistance:** Rev. Sr. Glorista SABS
Mrs. Anitha Vijayan
Mrs. Maneesha Shinoj
Mrs. Jeshitha Vijesh
Miss. Bhavya K
**Design & Layout:** Mr. Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# വി. മർക്കോസിന്റെ സുവിശേഷം

ഡോ. ജേക്കബ് ചാണിക്കുഴി

# മർക്കോസ്
# എഴുതിയ സുവിശേഷം

## ആമുഖം

കാനോനിക സുവിശേഷങ്ങളിൽ ഏറ്റവും ചെറുതും ഏറ്റവും ആദ്യം എഴുതപ്പെട്ടതുമായ സുവിശേഷമാണ് വി. മർക്കോസിന്റേത്. ദീർഘമായ ആമുഖത്തോടുകൂടിയ പീഡാനുഭവവിവരണമെന്നാണ് വി. മർക്കോസിന്റെ സുവിശേഷം വിശേഷിപ്പിക്കപ്പെടുന്നത്. ഈ ഗ്രന്ഥത്തിന്റെ 37 ശതമാനം ഭാഗവും യേശുവിന്റെ അവസാന ആഴ്ചയിലെ സംഭവങ്ങളാണ് വിവരിക്കുന്നത്. യേശുവിന്റെ പീഡാസഹനമരണ ഉത്ഥാനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആദിമസഭ നടത്തിയ പ്രഘോഷണത്തിന്റെ പ്രതിഫലനമാണ് ആദ്യം എഴുതപ്പെട്ട സുവിശേഷത്തിലും നാം കാണുന്നത്.

മർക്കോസ് തന്റെ പുസ്തകം ആരംഭിക്കുന്നത് അക്കാലത്തെ പല ജീവചരിത്ര ഗ്രന്ഥങ്ങളും ആരംഭിച്ചിരുന്നതുപോലെ കഥാനായകനെ പരിചയപ്പെടുത്തിക്കൊണ്ടാണ്: "ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം" (1:1). ഈ ആദ്യ വാചകത്തിൽത്തന്നെ സുവിശേഷത്തിന്റെ മുഖ്യപ്രമേയവും നമുക്കു കാണാം: യേശു ദൈവപുത്രനായ മിശിഹായാണ്.

മിശിഹായുടെ മുന്നോടിയെക്കുറിച്ചുള്ള പഴയനിയമ പ്രവചനം സ്നാപകയോഹന്നാനിൽ പൂർത്തിയായി എന്നു സൂചിപ്പിച്ചുകൊണ്ടാണ് മർക്കോസ് വിവരണം ആരംഭിക്കുന്നത്. മുന്നോടിയുടെ പരസ്യജീവിതത്തിനുശേഷം യേശു തന്റെ പരസ്യജീവിതം ആരംഭിക്കുമ്പോൾ അധികാരമുള്ള ദൈവപുത്രനായാണ് അവൻ പ്രത്യക്ഷപ്പെടുന്നത് (1:16-45). വാക്കിലും പ്രവൃത്തിയിലും ശക്തനായ ദൈവപുത്രനെ എല്ലാവരും ഉടനെ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുമെന്ന് നാം കരുതും. പക്ഷേ, അവനു ലഭിക്കുന്ന പ്രതികരണം ശക്തമായ എതിർപ്പിന്റേതാണ് (2:1-3:6). എതിർക്കപ്പെടുക മാത്രമല്ല, സമുദായ പ്രമാണിമാരാലും നാട്ടുകാരാലും സ്വന്തം വീട്ടുകാരാലും തിരസ്കരിക്കപ്പെടുകയും ചെയ്യുക എന്നത് ദൈവപുത്രന്റെ ഈ ലോകത്തിലെ ഭാഗധേയമായിരുന്നു (3:7-6:6). സ്വന്തം ശിഷ്യർക്കു മുന്നിൽ തന്റെ

ദൈവത്വം വെളിപ്പെടുത്തുന്ന പല അത്ഭുതങ്ങളും അവൻ പ്രവർത്തിച്ചിട്ടും അവർക്ക് അവന്റെ ദൈവത്വം മനസ്സിലാക്കാൻ കഴിയുന്നില്ല (6:6–8:26). ഒടുവിൽ, പത്രോസ് യേശുവിന്റെ മിശിഹാത്വം പ്രഖ്യാപിക്കുന്നതോടെ സുവിശേഷം വലിയൊരു വഴിത്തിരിവിലെത്തുന്നു. തന്റെ മിശിഹാത്വത്തിന്റെ യഥാർത്ഥ സ്വഭാവം – താൻ സഹിച്ചു മരിക്കുന്ന മിശിഹായാണെന്ന് – വ്യക്തമാക്കിക്കൊടുത്തുകൊണ്ടും തന്റെ ശിഷ്യരാവുക എന്നാൽ എന്താണർത്ഥമെന്നു വിശദീകരിച്ചുകൊണ്ടും ജറുസലേമിലേയ്ക്കു യാത്ര ചെയ്യുന്ന യേശുവിനെയാണു തുടർന്നും നാം കാണുന്നത് (8:31–10:52). തന്റെ പീഡാനുഭവപ്രവചനങ്ങൾക്ക് അനുബന്ധമായി ശിഷ്യത്വത്തിന്റെ വിലയെക്കുറിച്ച് യേശു പഠിപ്പിക്കുന്നു. ജറുസലെത്തെത്തുന്ന യേശുവിന്റെ പ്രവൃത്തികളും പ്രബോധനങ്ങളും വിവരിച്ചശേഷം മർക്കോസ് സഹനദാസനായ ദൈവപുത്രന്റെ പീഡാനുഭവശുശ്രൂഷ വിശദമായി വിവരിക്കുന്നു. യേശുവിനെപ്രതി സഹനങ്ങൾ നേരിടേണ്ടി വരുന്നവർക്ക് ആശ്വാസവും പ്രതീക്ഷയും നൽകുകയും, വായനക്കാരെ യേശുവിനോടുള്ള വിശ്വസ്തത പുലർത്താൻ ക്ഷണിക്കുകയും ചെയ്യുന്ന വിധത്തിലാണ് മർക്കോസ് തന്റെ വിവരണം ഉപസംഹരിക്കുന്നത്.

## സുവിശേഷകൻ

രണ്ടാമത്തെ സുവിശേഷത്തിൽ ഒരിടത്തും അതിന്റെ ഗ്രന്ഥകർത്താവ് ആരാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും വി. മർക്കോസാണ് രണ്ടാമത്തെ സുവിശേഷത്തിന്റെ ഗ്രന്ഥകർത്താവ് എന്നത് ആദ്യനൂറ്റാണ്ടു മുതൽതന്നെ വിശ്വസിച്ചു പോന്നിട്ടുള്ളതും ഇതുവരെയും ഗൗരവമായി ചോദ്യം ചെയ്യപ്പെട്ടിട്ടില്ലാത്തതുമായ വസ്തുതയാണ്. മർക്കോസ് യേശുവിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാൾ അല്ലാതിരുന്നിട്ടും അദ്ദേഹത്തിന്റെ പേരിൽത്തന്നെ സുവിശേഷം അറിയപ്പെട്ടുവെന്നത് മർക്കോസുതന്നെയാണ് ഈ സുവിശേഷം എഴുതിയത് എന്നതിന്റെ ശക്തമായ സാക്ഷ്യമാണ്.

രണ്ടാമത്തെ സുവിശേഷത്തിന്റെ ഗ്രന്ഥകാരനെക്കുറിച്ചു നമുക്കു ലഭ്യമായ ആദ്യത്തെ സാക്ഷ്യം പപ്പിയാസിൽ നിന്നുള്ളതാണ്. ഹിയെറാപ്പോളിസിലെ മെത്രാനായിരുന്നു പപ്പിയാസ് (60–130). "കർത്താവിന്റെ അരുളപ്പാടുകളുടെ വ്യാഖ്യാനം" എന്ന പേരിൽ പപ്പിയാസ് എഴുതിയതും എന്നാൽ ഇന്ന് ലഭ്യമല്ലാത്തതുമായ ഗ്രന്ഥത്തിൽനിന്നുള്ള ഒരു ഭാഗം എവുസേബിയുസിന്റെ സഭാചരിത്രത്തിൽ (3:39–15) കാണുന്നതിപ്രകാരമാണ്: "മർക്കോസ് പത്രോസിന്റെ വ്യാഖ്യാതാവുകയും കർത്താവ് ചെയ്തതും പറഞ്ഞതുമായ കാര്യങ്ങളെക്കുറിച്ച് ഓർമ്മിച്ചതെല്ലാം ക്രമമായല്ലെങ്കിലും കൃത്യമായി എഴുതിവയ്ക്കുകയും ചെയ്തു എന്ന് പ്രെസ്ബിറ്റർ എപ്പോഴും പറയുമായിരുന്നു". ഇവിടെ പപ്പിയാസ് പരാമർശിക്കുന്ന "പ്രെസ്ബിറ്റർ" യോഹന്നാൻ ശ്ലീഹായാണെന്നതാണ് പൊതുമതം.

പത്രോസും പൗലോസും റോമായിൽ സുവിശേഷം പ്രസംഗിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്തു മടങ്ങിയശേഷം പത്രോസിന്റെ ശിഷ്യനായ മർക്കോസ് പത്രോസിന്റെ പ്രസംഗത്തിന്റെ സംക്ഷിപ്തം നമുക്ക്

എഴുതി നല്കിയെന്ന് ഇറണേവുസും (130-200) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

എവുസേബിയൂസ് തന്റെ സഭാചരിത്രത്തിൽ (6:14, 6-7) അലക്സാണ്ട്രിയായിലെ വി. ക്ലെമന്റിന്റെ സാക്ഷ്യം രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "പത്രോസ് റോമിൽ സുവിശേഷം പ്രസംഗിച്ചുകഴിഞ്ഞപ്പോൾ..... അവിടെയുണ്ടായിരുന്നവർ മർക്കോസിനോട്, അവൻ ദീർഘകാലം പത്രോസിനെ അനുഗമിച്ചിരുന്നയാളായതുകൊണ്ടും പത്രോസ് പ്രസംഗിച്ച കാര്യങ്ങൾ ഓർത്തിയിരിക്കുന്നയാളായതുകൊണ്ടും, പത്രോസ് പറഞ്ഞ കാര്യങ്ങൾ എഴുതിവയ്ക്കാൻ ആവശ്യപ്പെട്ടു. എഴുതിക്കഴിഞ്ഞപ്പോൾ തന്നോടാവശ്യപ്പെട്ടവർക്ക് അവൻ അതു നല്കി. പത്രോസ് ഇതെക്കുറിച്ച് പിന്നീടറിഞ്ഞപ്പോൾ അവൻ അതു വിലക്കുകയോ ശ്ലാഘിക്കുകയോ ചെയ്തില്ല".

മാർസിയൻ വിരുദ്ധരേഖ മർക്കോസ് പത്രോസിന്റെ വ്യാഖ്യാതാവായിരുന്നെന്നും പത്രോസിന്റെ മരണശേഷം ഇറ്റലിയിൽവച്ച് മർക്കോസു സുവിശേഷം എഴുതിയെന്നും സാക്ഷ്യപ്പെടുത്തുന്നുണ്ട്.

അപ്പസ്തോലപ്രവർത്തനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മർക്കോസെന്ന അപരനാമമുള്ള യോഹന്നാൻ തന്നെയാണ് സുവിശേഷകനായ മർക്കോസ് എന്നതാണ് പൊതുവെയുള്ള വിശ്വാസം. "മർക്കോസെന്ന അപരനാമമുള്ള യോഹന്നാനെ"ക്കുറിച്ചുള്ള ആദ്യപരാമർശം കാണുന്നത് അപ്പ 12:12-ലാണ്. ജയിൽമോചിതനായശേഷം പത്രോസ് നേരെ പോകുന്നത് "മർക്കോസ് എന്ന അപരനാമമുള്ള യോഹന്നാന്റെ" അമ്മയായ മറിയത്തിന്റെ വീട്ടിലേക്കാണ്. ആ വീട് മറിയത്തിന്റെ പേരിൽ അറിയപ്പെട്ടിരുന്നതുകൊണ്ട് മറിയം ഒരു വിധവയായിരുന്നെന്നും ജറുസലേം നഗരത്തിലുണ്ടായിരുന്ന വീടായിരുന്നതിനാൽ വളരെപ്പേർക്ക് ഒരുമിച്ചുകൂടി പ്രാർത്ഥിക്കാൻ സൗകര്യമുണ്ടായിരുന്ന വീടായിരുന്നതിനാലും ഈ മറിയം ധനികയായ സ്ത്രീയായിരുന്നുവെന്നു കരുതപ്പെടുന്നു. ഈ വീട്ടിലെ മാളികമുറിയിൽവച്ചാണ് യേശു അന്ത്യത്താഴം കഴിച്ചതെന്നും ഇതേ മുറിയിൽ തന്നെയാണ് യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ശിഷ്യന്മാർ മാതാവിനോടൊപ്പം പ്രാർത്ഥിച്ചുകൊണ്ടിരുന്നതെന്നും (അപ്പ 1:13-14) കരുതുന്നവരുണ്ട്. (അങ്ങനെയെങ്കിൽ അന്ത്യത്താഴത്തിനും (മർക്കോ 14:14-15) സ്വർഗ്ഗാരോഹണത്തിനുമിടയ്ക്ക് കുടുംബനാഥൻ മരിച്ചുപോയി എന്നു സങ്കല്പിക്കേണ്ടിവരും. കാരണം പിന്നീട് ആ വീട്ടിലെ ഗൃഹനാഥനെക്കുറിച്ചല്ല, ഗൃഹനാഥയായ മറിയത്തെക്കുറിച്ചാണ് നാം കേൾക്കുന്നത്).

മർക്കോസെന്ന അപരനാമമുള്ള യോഹന്നാനെക്കുറിച്ചുള്ള രണ്ടാമത്തെ പരാമർശം നടപടി പുസ്തകത്തിൽ കാണുന്നത് 12:25 ലാണ്. ബാർണബാസും സാവൂളും ജറുസലേം സന്ദർശനം പൂർത്തിയാക്കിതിരിച്ചുപോരുമ്പോൾ മർക്കോസെന്ന അപരനാമമുള്ള യോഹന്നാനെ കൂടെക്കൊണ്ടുപോന്നുവെന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഒന്നാം പ്രേഷിതയാത്രയിൽ പൗലോസിന്റെയും ബാർണബാസിന്റെയുമൊപ്പം മർക്കോസും ഉണ്ടായിരുന്നുവെന്നു തുടർന്നു നാം കാണുന്നു (13:13). എന്നാൽ പാംഫീലിയായിലെത്തിയപ്പോൾ മർക്കോസ് അവരെ വിട്ട് ജറു

സലേമിലേക്കു തിരിച്ചുപോയി. (13:13;15:37). പിന്നീട്, പൗലോസ് തന്റെ രണ്ടാം പ്രേഷിതയാത്രയിൽ മർക്കോസിനെ കൂടെക്കൂട്ടാൻ വിസമ്മതിച്ച തുകൊണ്ട് ബാർണബാസ് മർക്കോസിനെയുംകൂട്ടി സൈപ്രസിലേക്കു പോയി (15:39). ബാർണബാസും മർക്കോസും തമ്മിലുള്ള ബന്ധം പൗലോസു കൊളോസോസുക്കാർക്കെഴുതിയ ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്: ബാർണാബാസിന്റെ പിതൃവ്യപുത്രനായിരുന്നു മർക്കോസ് (കൊളോ 4,10). പൗലോസിന്റെ റോമിലെ ഒന്നാം കാരാഗൃഹവാസകാലത്ത് മർക്കോസ് അദ്ദേഹത്തിന്റെ കൂടെയുണ്ട് (ഫീലെമോൻ 24). തന്റെ രണ്ടാം കാരാഗൃഹവാസ സമയത്ത്, മർക്കോസിനെ റോമിലേക്കുകൊണ്ടുവരാൻ പൗലോസു തിമോത്തെയോസിനോട് ആവശ്യപ്പെടുന്നുണ്ട് (2തിമോ 4:11). പത്രോസ് തന്റെ ഒന്നാം ലേഖനം എഴുതുമ്പോൾ മർക്കോസ് അദ്ദേഹത്തോടൊപ്പമുണ്ട് (1 പത്രോ 5:3).

എന്നാൽ, ഈ യോഹന്നാൻ മർക്കോസ് തന്നെയാണ് രണ്ടാം സുവിശേഷത്തിന്റെ ഗ്രന്ഥകാരനായ മർക്കോസ് എന്ന നിലപാടിനെ ചോദ്യം ചെയ്യുന്ന പണ്ഡിതന്മാരുണ്ട്. അവർ ഉന്നയിക്കുന്ന ഒന്നാമത്തെ പ്രശ്നം, യോഹന്നാൻ എന്ന അപരനാമമുള്ള മർക്കോസും സുവിശേഷകനായ മർക്കോസും ഒരേ ആൾത്തന്നെയാണെന്ന് ആദ്യമായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് നാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മാത്രമാണ്. വി. ജറോം ആണ് പ്രസ്തുത സാക്ഷ്യം നല്കിയിരിക്കുന്നത്. ഒരു പക്ഷേ, എല്ലാവർക്കും അറിയാമായിരുന്ന ഒരു കാര്യമായതിനാലകാം അതിനു മുമ്പ് അതേക്കുറിച്ചുള്ള സാക്ഷ്യമൊന്നും ഉണ്ടാകാതെ പോയതെന്നാണ് ഈ പ്രശ്നത്തിനു നല്കപ്പെട്ടിട്ടുള്ള ഉത്തരം.

നടപടി പുസ്തകത്തിൽക്കാണുന്ന യോഹന്നാൻ മർക്കോസാണ് സുവിശേഷകനായ മർക്കോസ് എന്നു കരുതുന്നതിനുള്ള മറ്റു ചില തടസ്സവാദങ്ങൾകൂടി ഉന്നയിക്കപ്പെടുന്നുണ്ട്. ഉദാഹരണമായി, യോഹന്നാൻ മർക്കോസ് ഒരു ജറുസലേംകാരനാണ്. ആ നിലയ്ക്ക് പാലസ്തീനായിലെ യഹൂദരുടെ ചിട്ടകളും പതിവുകളും രീതികളുമെല്ലാം അദ്ദേഹം കൃത്യമായി അറിഞ്ഞിരിക്കേണ്ടതാണ്. കൂടാതെ പാലസ്തീനായിലെ സ്ഥലങ്ങളെക്കുറിച്ചും അദ്ദേഹത്തിന് കൂടുതൽ ഗ്രാഹ്യമുണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഇക്കാര്യങ്ങളിലെല്ലാം സുവിശേഷത്തിൽ ചില പിഴവുകൾ നാം കാണുന്നു. മാത്രവുമല്ല, ജറുസലേത്തുനടന്ന യേശുവിന്റെ വിചാരണയെക്കുറിച്ചു ഒരു ജറുസലേംകാരനിൽനിന്നു ലഭിക്കേണ്ടത്ര വിവരങ്ങളൊന്നും സുവിശേഷത്തിൽനിന്നു നമുക്കു ലഭിക്കുന്നില്ല കൂടാതെ, സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്നത് പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷയാണെന്നതും അദ്ദേഹം ഒരു ജറുസലേംകാരനായിരിക്കാൻ സാദ്ധ്യതയില്ലെന്ന വസ്തുയിലേക്കാണു വിരൽ ചൂണ്ടുന്നത്.

ആനുകാലിക ബൈബിൾ പണ്ഡിതന്മാർ സുവിശേഷകൻ ആരായിരുന്നു എന്ന ചോദ്യത്തെക്കാൾ സുവിശേഷകൻ അവതരിപ്പിച്ചിരുന്ന ദൈവശാസ്ത്രചിന്തകൾക്കും തന്റെ നിലപാടുകൾ വ്യക്തമാക്കാൻ സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്ന രചനാസാങ്കേതങ്ങൾക്കുമാണ് കൂടുതൽ ഊന്നൽ നല്കുന്നത്.

## അനുവാചകർ

മർക്കോസ് ആർക്കുവേണ്ടിയിട്ടാണ് സുവിശേഷം എഴുതിയത് എന്ന് സുവിശേഷത്തിൽ ഒരിടത്തും കൃത്യമായി പറഞ്ഞിട്ടില്ല എങ്കിലും, ആരായിരുന്നിരിക്കാം ഈ സുവിശേഷത്തിന്റെ ആദ്യകാല അനുവാചകർ എന്നതിനെക്കുറിച്ചുള്ള ഈ നിഗമനം കൈക്കൊള്ളുന്നതിനു നമ്മെ സഹായിക്കുന്ന ചില സൂചനകൾ സുവിശേഷത്തിനുള്ളിൽ ലഭ്യമാണ്. അതിലൊന്നാണ് അരമായ വാക്കുകളുടെ അർത്ഥം പലസ്ഥലത്തും മർക്കോസ് നല്കുന്നുവെന്നത്. ഉദാഹരണം: ബൊവെനെർഗസ് (3:17); തലീത്തകും (5:41); കൊർബ്ബാൻ (7:11); എഫ്ഫാത്ത (7:34); ഗോൽഗോഥാ (15:22). യഹൂദരുടെ പതിവുകളും രീതികളും ചില സ്ഥലങ്ങളിൽ മർക്കോസ് വിശദീകരിച്ചു നല്കുന്നു. ഉദാ: 7:3; 14:12; 15:42. ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത് മർക്കോസിന്റെ അനുവാചകർ അരമായ ഭാഷയും യഹൂദരീതികളും അറിയാത്ത വിജാതീയ ക്രിസ്ത്യാനികൾ ആയിരിക്കാമെന്നാണ്. ലത്തീൻ വാക്കുകൾ ഗ്രീക്കുലിപികളിൽ സുവിശേഷത്തിൽ കാണുന്നത് (4:27 മോഡിയോസ്; 5:9: ലേഗിയോൺ; 6:37:ദെനാരിയോൺ; 12:14; കെൻസോസ്; 15:39, 44-45; കെന്തുരിയോൺ) വായനക്കാരെക്കുറിച്ചുള്ള മറ്റൊരു സൂചനയാണ്. വായനക്കാർ ഇറ്റലിയിലുള്ളവരാണെന്നാണ് ഇതു സൂചിപ്പിക്കുന്നത്. ലത്തീൻ പറയുന്നവർ കൂടുതലും ഇറ്റലിയിലാണല്ലോ ഉണ്ടായിരുന്നത്. ചുരുക്കത്തിൽ, ഇറ്റലിയിൽ താമസിച്ചിരുന്ന വിജാതീയ ക്രിസ്ത്യാനികളാണ് സുവിശേഷത്തിന്റെ വായനക്കാരെന്ന നിഗമനത്തിലേയ്ക്കാണ് ഈ സൂചനകളിലൂടെ നാമെത്തുന്നത്.

പീഡാനുഭവവിവരണത്തിൽ, യേശുവിന്റെ കുരിശുചുമക്കാൻ സഹായിച്ച ശിമയോനെ പരിചയപ്പെടുത്തുന്നത് അലക്സാണ്ടറിന്റെയും റൂഫസിന്റെയും പിതാവെന്നാണ് (15:21). അതിനർത്ഥം ഈ വ്യക്തികൾ വായനക്കാർക്കു പരിചിതരാണെന്നാണ്. റോമാ 16:13 അനുസരിച്ച് റൂഫസ് റോമായിലെ സഭയിലെ ഒരു പ്രമുഖഅംഗമാണ്. ഈ റൂഫസുതന്നെയാണ് മർക്കോ 15:21-ലെ റൂഫസുമെങ്കിൽ വായനക്കാർ റോമായിലെ സഭയിലെ അംഗങ്ങളാണെന്നു വരുന്നു.

രണ്ടാമത്തെ സുവിശേഷത്തിന്റെ ഗ്രന്ഥകാരനെ സംബന്ധിച്ച ഇറണേവൂസിന്റെയും അലക്സാണ്ട്രിയായിലെ ക്ലെമന്റിന്റെയും സാക്ഷ്യം നാം കണ്ടുകഴിഞ്ഞു. ആ സാക്ഷ്യങ്ങളനുസരിച്ചും പത്രോസിന്റെ റോമിലെ ശ്രോതാക്കൾക്കു വേണ്ടിയാണ് മർക്കോസ് സുവിശേഷം രചിച്ചത്. അങ്ങനെ നോക്കുമ്പോൾ സുവിശേഷത്തിനകത്തെ സൂചനകളും സഭാപിതാക്കന്മാരുടെ സാക്ഷ്യവും വിരൽ ചൂണ്ടുന്നത് റോമിലെ ക്രിസ്ത്യാനിക്കൾക്കായിട്ടാണ് സുവിശേഷം വിരചിതമായത് എന്നാണ്.

കഠിനമായ പീഡനങ്ങളിലൂടെ കടന്നുപോകുന്ന ഒരു സമൂഹത്തെ ലക്ഷ്യംവച്ചാണ് ഈ സുവിശേഷം രചിക്കപ്പെട്ടതെന്ന് ഇതിന്റെ ഉള്ളടക്കം വ്യക്തമാക്കുന്നു. റോമൻ ക്രിസ്ത്യാനികളാണ് ഈ ഗ്രന്ഥത്തിന്റെ പ്രധാന അനുവാചകർ എന്നതിനുള്ള മറ്റൊരു തെളിവാണത്. കാരണം റോമൻ ചക്രവർത്തിയായ നീറോയുടെ കീഴിൽ അറുപതുകളുടെ രണ്ടാം പകുതിയിൽ പ്രത്യേകിച്ചും ക്രൂരമായ മതമർദ്ദനത്തിനു വിധേയരായവ

രാണ് റോമൻ ക്രിസ്ത്യാനികൾ. സുവിശേഷത്തിന്റെ ഉള്ളടക്കത്തിൽ തെളിഞ്ഞു നില്ക്കുന്ന കുരിശ്, സഹനം, പീഡകൾ, ശക്തരായ അധികാരികളിൽനിന്നുള്ള എതിർപ്പ്, സമൂഹത്തിനകത്തുനിന്നുതന്നെയുള്ള ഒറ്റലുകൾ, വിശ്വാസത്യാഗം എന്നിവയൊക്കെ മതമർദ്ദനകാലത്ത് റോമൻ ക്രൈസ്തവരുടെതന്നെ അനുഭവങ്ങളായിരുന്നു. രാത്രിയിൽ വെട്ടംകിട്ടുന്നതിനുവേണ്ടി ക്രിസ്ത്യാനികളെ കുരിശിൽ കെട്ടിയിട്ടിട്ട് കത്തിച്ചിരുന്നുവെന്ന് റോമൻ ചരിത്രകാരനായ ടാസിറ്റസും രേഖപ്പെടുത്തിയിട്ടുണ്ട്.

സഭാപിതാക്കന്മാരുടെ സാക്ഷ്യവും സുവിശേഷത്തിനകത്തെ ഉള്ളടക്കവും അറുപതുകളിലെ റോമിന്റെ ചരിത്രവുമെല്ലാം മർക്കോസിന്റെ സുവിശേഷം റോമിൽവച്ച് റോമൻ ക്രൈസ്തവർക്കായി രചിക്കപ്പെട്ടതാണെന്ന വസ്തുതയിലേക്കാണു വിരൽ ചൂണ്ടുന്നത്. എങ്കിലും അടുത്ത കാലത്ത് പ്രമുഖരായ ചില ബൈബിൾ പണ്ഡിതന്മാർ മർക്കോസിന്റെ അനുവാചകരെക്കുറിച്ചും സുവിശേഷം എഴുതപ്പെട്ട സ്ഥലത്തെക്കുറിച്ചും വ്യത്യസ്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഈ സുവിശേഷം ഗലീലിയിൽവച്ചാണ് എഴുതപ്പെട്ടതെന്ന് വില്ലി മാർക്സ്സെൻ അഭിപ്രായപ്പെടുന്നു. തെക്കൻ സിറിയയാണ് സുവിശേഷം രചിക്കപ്പെട്ടസ്ഥലമെന്ന നിലപാടാണ് ഹോവാർഡ് ക്ലാർക്ക് കീയും ഗെർഡ് തെയ്സണും സ്വീകരിച്ചിരിക്കുന്നത്. ജോയേൽ മാർക്കൂസിന്റെ അഭിപ്രായത്തിൽ പലസ്തീനായിലെ ഏതെങ്കിലും വിജാതീയ നഗരങ്ങളിൽവച്ചാവാം സുവിശേഷം രചിക്കപ്പെട്ടത്. ഇവരുടെ അഭിപ്രായങ്ങൾ, സുവിശേഷത്തിലെ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ലാത്ത ചിലവശങ്ങളെ നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നുവെന്നത് സ്വാഗതാർഹമായ കാര്യമാണ്. എങ്കിലും സുവിശേഷം എഴുതപ്പെട്ട സ്ഥലത്തെക്കുറിച്ചും ആദ്യകാല അനുവാചകരെക്കുറിച്ചുമുള്ള അവരുടെ നിലപാടുകൾക്ക് വ്യാപകമായ പിന്തുണ പണ്ഡിതലോകത്ത് ലഭിച്ചിട്ടില്ല.

## സുവിശേഷരചനയുടെ കാലം

സുവിശേഷം എഴുതപ്പെട്ട കാലഘട്ടത്തെക്കുറിച്ച് സുവിശേഷത്തിനുള്ളിൽ വ്യക്തമായ പരാമർശമൊന്നുമില്ലാത്തതുകൊണ്ട് സഭാപിതാക്കന്മാരുടെ സാക്ഷ്യമാണ് ഇക്കാര്യത്തിൽ നമുക്കു സഹായമായിട്ടുള്ളത്. ഇറണേവൂസ് നല്കുന്ന സാക്ഷ്യം, പത്രോസ് പ്രസംഗിച്ച കാര്യങ്ങൾ പത്രോസിന്റെ ശിഷ്യനും വ്യാഖ്യാതാവുമായിരുന്ന മർക്കോസ്, പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ മരണശേഷം നമുക്ക് എഴുതി നല്കി എന്നാണ്. മാർസിയൻ വിരുദ്ധരേഖയനുസരിച്ച് പത്രോസിന്റെ മരണശേഷമാണ് മർക്കോസ് സുവിശേഷം എഴുതിയത്. എന്നാൽ, അലക്സാണ്ട്രിയായിലെ വി. ക്ലെമന്റിന്റെ സാക്ഷ്യമനുസരിച്ച് പത്രോസിന്റെ മരണത്തിനുമുമ്പുതന്നെ മർക്കോസ് തന്റെ ഗ്രന്ഥം പൂർത്തിയാക്കുകയും പത്രോസ് ആ വിവരം അറിയുകയും ചെയ്തിരുന്നു. സുവിശേഷം എഴുതപ്പെട്ടത് പത്രോസിന്റെ മരണത്തിനു മുമ്പാണോ പിമ്പാണോ എന്ന കാര്യത്തിൽ അങ്ങനെ പരസ്പരവിരുദ്ധമായ സാക്ഷ്യമാണ് നമുക്കുള്ളത്.നീറോയുടെ മതമർദ്ദനകാലത്ത് (64–68) 65–ാമാണ്ടിനോടു ചേർന്നാണ് പത്രോസ് രക്തസാക്ഷിമകുടം ചൂടുന്നത്. അദ്ദേഹത്തിന്റെ മരണത്തിനു തൊട്ടുമുമ്പോ, മരണ

ശേഷമോ എഴുതപ്പെട്ട കൃതി എന്ന നിലയിൽ 63-നും 68-നുമിടയ്ക്കുള്ള കാലഘട്ടത്തിൽ സുവിശേഷം എഴുതപ്പെട്ടുവെന്നാണ് കൂടുതൽപേരും അനുമാനിക്കുന്നത് മർക്കോസിന്റെ സുവിശേഷത്തിൽ സഹനങ്ങൾക്കും പീഡനങ്ങൾക്കും ലഭിക്കുന്ന ഊന്നൽ ഈ ഗ്രന്ഥം പീഡകളുടെകാലത്തു രചിക്കപ്പെട്ട കൃതിയാണെന്നു സൂചിപ്പിക്കുന്നു. അങ്ങനെയെങ്കിൽ എ.ഡി. 64-68 കാലഘട്ടത്തിൽ നീറോയുടെ മതമർദ്ദനകാലത്താകാം ഈ സുവിശേഷം രചിക്കപ്പെട്ടത്. സഭാപിതാക്കന്മാരുടെ സാക്ഷ്യത്തെ അധികരിച്ചു നാം നടത്തിയ കാലഗണനയോട് (63-68) ചേർന്നു പോകുന്നതാണ് ഈ നിരീക്ഷണവും.

## സാഹിത്യരൂപങ്ങൾ

സുവിശേഷത്തിൽ ഉപയോഗിച്ചിരിക്കുന്ന സാഹിത്യരൂപങ്ങളെ പ്രധാനമായും വിവരണമെന്നും പ്രസംഗങ്ങളെന്നും രണ്ടായി തരംതിരിക്കാമെങ്കിലും അവ നിരവധി ഉപസാഹിത്യരൂപങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഒരു ഗ്രന്ഥത്തിലുപയോഗിച്ചിരിക്കുന്ന സാഹിത്യരൂപങ്ങളെക്കുറിച്ച് വിശദമായി പഠിക്കുന്ന രൂപനിരൂപകർ (Form Critics) മർക്കോസിന്റെ സുവിശേഷത്തിൽക്കാണുന്ന ഉപസാഹിത്യരൂപങ്ങൾ നമ്മുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അവയിൽ പ്രധാനമായവയെ പരിചയപ്പെടാം.

പ്രഖ്യാപനകഥകൾ (pronouncement stories): ആദിമസഭയ്ക്കു പ്രിയപ്പെട്ടതും പ്രധാനപ്പെട്ടതുമായി തോന്നിയ യേശുവിന്റെ ചില പ്രഖ്യാപനങ്ങൾക്കോ പ്രസ്താവനകൾക്കോ ഊന്നൽ നല്കുന്ന ചെറുവിവരണങ്ങളാണിവ. ഉദാഹരണം: പാപമോചനത്തെക്കുറിച്ചുള്ള പ്രഖ്യാപനം (2:5-10); പാപികളോടും ചുങ്കക്കാരോടുമൊപ്പം ഭക്ഷണം കഴിക്കുന്നതിനെക്കുറിച്ചുള്ള പ്രഖ്യാപനം (2:16-17); ഉപവാസത്തെക്കുറിച്ചുള്ള പ്രഖ്യാപനം (2:18-20); സാബത്തിനെക്കുറിച്ചുള്ള പ്രഖ്യാപനങ്ങൾ (2:23-26; 3:1-6). ഇത്തരത്തിലുള്ള പത്തൊമ്പതു കഥകളാണ് ഈ സുവിശേഷത്തിലുള്ളത്.

അത്ഭുതകഥകളാണു മറ്റൊരു പ്രധാന ഉപസാഹിത്യരൂപം. പശ്ചാത്തലവർണ്ണന, അത്ഭുത പ്രവൃത്തി, അത്ഭുതത്തിന്റെ ഫലം എന്നിവ ക്രമാനുഗതമായി വിശദീകരിക്കുന്നതാണ് ഓരോ അത്ഭുതകഥയും, മർക്കോസിന്റെ സുവിശേഷത്തിൽ പതിനേഴ് അത്ഭുതകഥകളാണുള്ളത്. അവയിൽ ചിലത്: സിനഗോഗിലെ പിശാചുബാധിതനെ സുഖപ്പെടുത്തുന്നത് (1:23-28); പത്രോസിന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തുന്നത് (1:29-31); കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നത് (1:40-45) എന്നിവയാണ്. പ്രഖ്യാപനകഥകളിൽ സ്ഥലകാലങ്ങളെക്കുറിച്ചുള്ള പരാമർശനങ്ങൾ വിരളമാണ്. എന്നാൽ അത്ഭുതകഥകൾ അവ എപ്പോൾ, എവിടെ സംഭവിച്ചെന്നും അത്ഭുതത്തിന്റെ വിശദാംശങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാറുണ്ട്.

യേശു കഥകൾ: പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ, യേശുവിനെക്കുറിച്ചുള്ള കഥകളാണിവ. യേശുവിന്റെ ജീവിതത്തിലെ സംഭവങ്ങളെക്കുറിച്ചുള്ള വ്യക്തവും വിശദവുമായ വർണ്ണനകൾ ഈ കഥകളിൽ നമുക്കു കാണാം. ഒരുപക്ഷേ, മർക്കോസിനു പരമ്പരാഗതമായി കൈമാറിക്കിട്ടിയ കഥകൾ അതേപോലെതന്നെ തന്റെ സുവിശേഷത്തിൽ

മർക്കോസ് ഉൾപ്പെടുത്തിയിരിക്കുന്നതാകാം. ഈ സുവിശേഷത്തിലെ ഇരുപത്തൊമ്പതു കഥകൾ ഈ വിഭാഗത്തിൽപ്പെടുന്നു. ഉദാ: യേശുവിന്റെ ജ്ഞാനസ്നാനം (1:9-11); ആദ്യശിഷ്യരെ വിളിക്കുന്നു (1:16-20) സീറോ-ഫിനീഷ്യൻ സ്ത്രീ (7:24-30); രൂപാന്തരീകരണം (9:2-8); ജറുസലേത്തേയ്ക്കുള്ള രാജകീയ പ്രവേശം (11:1-11).

മർക്കോസിന്റെ രചനകൾ: തനിക്കു ലഭിച്ച പാരമ്പര്യങ്ങളെ അധികരിച്ച് മർക്കോസുതന്നെ രൂപംകൊടുത്ത കഥകളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. എന്നാൽ മുമ്പുകണ്ട യേശുകഥകളിലേതുപോലുള്ള വിശദാംശങ്ങളൊന്നും ഈ രചനകളിൽ കാണുകയില്ല, മർക്കോസിന്റെ രചനകളെന്നു കരുതപ്പെടുന്നവയിൽ പലതിലും ഒരു ആമുഖത്തോടു കൂടിയ സംഭാഷണമോ, യേശുവിന്റെ പ്രസ്താവനയോ മാത്രമേ ഉണ്ടാകാറുള്ളൂ. ഇത്തരത്തിലുള്ള പതിനെട്ടു രചനകൾ ഈ സുവിശേഷത്തിൽ നാം കാണുന്നുണ്ട്. ഉദാഹരണത്തിന്, ശിഷ്യന്മാരെ അയക്കുന്നു (6:66-13); മൂന്നാം പീഡാനുഭവപ്രവചനം (10:32-34).

സംക്ഷിപ്ത റിപ്പോട്ടുകൾ: ഒരു പ്രത്യേക കാലയളവിൽ യേശു ചെയ്ത പ്രവർത്തനങ്ങളുടെ ചുരുക്കം വെളിപ്പെടുത്തുന്ന വാക്യങ്ങളെയാണ് സംക്ഷിപ്തറിപ്പോർട്ടുകൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. കുറെ വിവരണങ്ങൾ നല്കിയശേഷം അവ ഉപസംഹരിക്കുന്നതിനോ അല്ലെങ്കിൽ പുതിയ ഗണം വിവരണങ്ങൾക്ക് ആമുഖമായോ ആണ് സംക്ഷ്പിത റിപ്പോർട്ടുകൾ ഉപയോഗിച്ചിരിക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന സംക്ഷിപ്ത റിപ്പോർട്ടുകളുടെ പട്ടിക ഇവ മർക്കോസിന് എത്രമാത്രം പ്രധാനപ്പെട്ടവയായിരുന്നു എന്നു സൂചിപ്പിക്കുന്നു: 1:14; 21,28,39,45; 2:1.13;3:6,4:1, 33; 6:1, 6,7,12; 30,53,56; 7:1, 24,31:8; 1,10,22, 27; 9:2, 30,33,10:1,32,46; 11:1,11,12,15,19,20,27; 13:1,3; 14:1,3,12, 26,32, 53; 15:1.

ഉപമകളും സൂക്തങ്ങളും: ഈ വിഭാഗങ്ങളിൽപ്പെട്ട കുറേഭാഗങ്ങൾ മർക്കോസിന്റെ സുവിശേഷത്തിൽ നമുക്കു കാണാനാകും. മർക്കോസിന്റെ സുവിശേഷത്തിലെ അരുളുകൾ Q-വിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ അവ തമ്മിൽ വലിയ വ്യത്യാസം കാണുന്നതുകൊണ്ട് ഇവ രണ്ടും ഒരേഉറവിടത്തിൽ നിന്നെടുത്തതാണെന്നു കരുതാൻ വയ്യ. ഒരു പക്ഷേ, റോമൻസഭയിൽ ഉണ്ടായിരുന്നതും, ബോധനത്തിനായി ഉപയോഗിച്ചിരുന്നതുമായ യേശുസൂക്തങ്ങളുടെ കലവറയിൽനിന്നു മർക്കോസ് കടംകൊണ്ടാതാകാം സുവിശേഷത്തിൽക്കാണുന്ന യേശുവിന്റെ അരുളപ്പാടുകൾ. ഉപമകൾ: വിതക്കാരന്റെ ഉപമ (4,2-9), വിത്തിന്റെ ഉപമ (4:26 -29); കടുകുമണിയുടെ ഉപമ (4:30-32) യേശുവിന്റെ അരുളുപ്പാടുകൾ 4:21-25; 8:34-9:1; 9:37 -50; 13:28-37.

## സുവിശേഷത്തിലെ രചനാസവിശേഷതകൾ

രണ്ടാം സുവിശേഷം എഴുതപ്പെട്ടിരിക്കുന്നത് ഉന്നത നിലവാരത്തിലുള്ള ഗ്രീക്കുഭാഷയിലാണെന്നു ഗ്രീക്കുഭാഷാപണ്ഡിതർ കരുതുന്നില്ല. അവരുടെ അഭിപ്രായത്തിൽ ഈ സുവിശേഷത്തിലെ ഭാഷ, ഗ്രീക്കു സാഹി

തൃകൃതികളെ അപേക്ഷിച്ചു മാത്രമല്ല, പുതിയനിയമത്തിലെതന്നെ പുസ്തകങ്ങളായ ലൂക്കായുടെ സുവിശേഷം, അപ്പസ്തോലപ്രവർത്തനങ്ങൾ, യാക്കോബിന്റെ ലേഖനം, ഹെബ്രായർക്കുള്ള ലേഖനം, പത്രോസിന്റെ ലേഖനങ്ങൾ എന്നിവയെ അപേക്ഷിച്ചും താഴ്ന്ന നിലവാരം പുലർത്തുന്ന ഒന്നാണ്. ലളിതമായ ഗ്രീക്കിൽ എഴുതപ്പെട്ടിരിക്കുന്ന ഈ സുവിശേഷത്തിലെ ഭാഷയ്ക്ക് അക്കാലത്തെ സംസാരഭാഷയുമായുള്ള സാദൃശ്യവും പണ്ഡിതർ എടുത്തുകാണിക്കുന്നു എങ്കിലും വായനക്കാരനെ ഹഠാദാകർഷിക്കുന്ന ചില രചനാസവിശേഷതകൾ ഈ സുവിശേഷത്തിനുണ്ടെന്നത് എല്ലാവരും സമ്മതിക്കുന്ന വസ്തുതയാണ്.

മർക്കോസിന്റെ സുവിശേഷത്തിലെ രചനാസവിശേഷതകളിൽ ഏറെ ശ്രദ്ധേയമായ ഒന്ന് സുവിശേഷകൻ അവലംബിക്കുന്ന വിവരണശൈലിയാണ്. ചില സംഭവങ്ങൾ വിവരിക്കുമ്പോൾ വളരെ നിസ്സാരമായ വിശദാംശങ്ങൾപോലും നല്കുന്നതിലൂടെ ഒരു ദൃക്സാക്ഷി വിവരണത്തിന്റെ പ്രതീതിയാണ് മർക്കോസ് ജനിപ്പിക്കുന്നത്. വാക്കുകൾകൊണ്ട് അദ്ദേഹം ചിത്രം വരയ്ക്കുന്നു. യേശുവിന്റെ കാലത്തെ സംഭവങ്ങൾ നമ്മുടെ ഭാവനയിൽ പുനർജനിപ്പിക്കാൻ പര്യാപ്തമാണ് മർക്കോസിന്റെ വിവരണശൈലി. ഉദാഹരണം: ലെഗിയോൺ ആവേശിച്ച മനുഷ്യൻ (5:1–20) അവനെ ബന്ധിക്കാനും നിയന്ത്രിക്കാനുമുള്ള ശ്രമങ്ങളും അവന്റെ ഭീകരതയും അവൻ സ്വയമേല്പിക്കുന്ന മുറിവുകളുമൊക്കെ മർക്കോസ് മാത്രമാണ് കൃത്യമായി വിവരിക്കുന്നത്. മർക്കോസിന്റെ വിവരണത്തിന്റെ പ്രത്യേകത മനസ്സിലാകണമെങ്കിൽ ഇതേ സംഭവം മത്തായി വിവരിക്കുന്നത് എങ്ങനെയാണെന്നു വായിച്ചുനോക്കിയാൽ മതി (മത്താ 8:28–34). വിശദാംശങ്ങൾക്ക് ഊന്നൽ നല്കുന്ന മർക്കോസിന്റെ രചനാശൈലിയുടെ മറ്റൊരു ഉദാഹരണമാണ് അപസ്മാരം പിടിപെട്ട ബാലനെ സുഖപ്പെടുത്തുന്ന സംഭവം (മർക്കോ 9:14–29). പിശാച് ആ ബാലനെ പീഡിപ്പിക്കുന്നതിന്റെയും വായിൽനിന്ന് അവൻ നുരയും പതയും പുറപ്പെടുവിക്കുന്നതിന്റെയുമൊക്കെ ഒരു യഥാർത്ഥചിത്രം മർക്കോസ് വിവരിക്കുമ്പോൾ മത്തായി പല വിശദാംശങ്ങളും വിട്ടുകളയുന്നു (മത്താ 17:14–21). എന്റെ വിശ്വാസക്കുറവിനെ പരിഗണക്കണമേയെന്ന കുട്ടിയുടെ പിതാവിന്റെ ഹൃദയസ്പർശിയായ പ്രാർത്ഥന മർക്കോസ് മാത്രമാണു രേഖപ്പെടുത്തുന്നത്. എന്നാൽ മത്തായി വിട്ട്കളയുന്ന വിശദാംശങ്ങളിൽ ചിലതാണ് അന്ത്യത്താഴ മുറിയുടെ വിവരണം (മർക്കോ 14:13), ബറാബാസിനെക്കുറിച്ചുള്ള വിശദാംശങ്ങൾ (മർക്കോ 15:5), യേശുവിനെ പരിഹാസരാവനായുള്ള ചിത്രീകരണം (മർക്കോ 15:20) എന്നിവ.

നമ്മെപ്പോലെത്തന്നെ വികാരവിചാരങ്ങളുള്ള ഒരു പച്ചമനുഷ്യനായിട്ടാണ് യേശുവിനെയും മർക്കോസ് ചിത്രീകരിക്കുന്നത്: അനുകമ്പയുള്ള (1:41) കാർക്കശ്യം കാണിക്കുന്ന (1:43) വിസ്മയിക്കുന്ന (6:5), നെടുവീർപ്പുടുന്ന (8:12) കോപിക്കുന്ന (10:14), സ്നേഹിക്കുന്ന (10:21), ശിഷ്യനെ സാത്താൻ എന്നു വിളിക്കുന്ന (8:33) ഒരു പച്ചമനുഷ്യൻ. ശിഷ്യന്മാരുടെയും മാനുഷികമുഖം വരച്ചുകാണിക്കാൻ മർക്കോസിനു മടിയില്ല: അവർ യേശുവിനെ നീരസത്തോടെ അന്വേഷിക്കുന്നവരാണ് (1:36);

യേശുവിനെ തെറ്റിദ്ധരിക്കുന്നവരാണ് (3:21); വിശ്വാസമില്ലാത്തവരാണ് (4:40); കഠിനഹൃദയരാണ് (6:52); ഹൃദയം മനീഭവിച്ചവരാണ് (8:17); ഗ്രഹണശക്തിയില്ലാത്തവരാണ് (8:21); പ്രാർത്ഥനയില്ലാത്തവരാണ് (9:29); അഹങ്കാരികളാണ് (9:34); അസൂയക്കാരാണ് (9:38); കുട്ടികളെ പരിഗ ണിക്കാത്തവരാണ് (10:13); സ്ഥാനമോഹികളാണ് (10:37) പ്രതിസന്ധി ഘട്ടത്തിൽ ഗുരുവിനെ ഉപേക്ഷിച്ച് ഓടിപ്പോയവരാണ് (14:50); അവരിൽ ഗുരുവിനെ ഒറ്റികൊടുത്തവനും (14:43–46) തള്ളിപ്പറഞ്ഞവനുമുണ്ട് (15:66–72); യേശുവിന്റെ ഉത്ഥാനത്തിനുശേഷവും അവർ വിശ്വാസരഹി തരും കഠിനഹൃദയരുമായിരുന്നു.

സംഭവങ്ങളോരോന്നും വിശദമായി വിവരിക്കുന്നതുപോലെതന്നെ അവ ധ്രുതഗതിയിൽ ഒന്നിനു പിറകെ ഒന്നായി സംഭവിക്കുന്നുവെന്ന മട്ടിൽ വിവരിക്കുന്നതും മർക്കോസിന്റെ പ്രത്യേകതയാണ്. ചടുലനീക്കങ്ങളാണ് ഈ സുവിശേഷത്തിൽ നിറഞ്ഞുനിൽക്കുന്നത്. യേശുവിന്റെ പ്രബോധ നങ്ങളേക്കാൾ പ്രവർത്തനങ്ങൾക്കാണ് സുവിശേഷത്തിന്റെ ആദ്യ ഭാഗത്തു പ്രത്യേകിച്ചും മർക്കോസ് ഊന്നൽ നല്കുന്നതെന്നതും ഇതോ ടൊപ്പം നാം കൂട്ടിവായിക്കണം യേശുവിന്റെ പ്രവർത്തനങ്ങൾ ക്ഷിപ്ര വേഗത്തിൽ സംഭവിക്കുന്നുവെന്നു മർക്കോസ് സൂചിപ്പിക്കുന്നത് ഉടനെ തന്നെ പെട്ടെന്ന് എന്നൊക്കെ അർത്ഥം വരുന്ന *യൂത്തുസ്* എന്ന വാക്ക് നിർലോപം ഉപയോഗിച്ചുകൊണ്ടാണ്. 42 തവണയാണ് മർക്കോസ് ഈ വാക്ക് ഉപയോഗിക്കുന്നത് (മത്തായിയിൽ 7 തവണയും ലൂക്കായിൽ ഒരു തവണയും മാത്രമാണ് ഈ വാക്ക് കാണുന്നത്).

പരസ്യജീവിതത്തിനിടയ്ക്ക് യേശു ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ശരവേഗത്തിൽ എത്തി പ്രവർത്തനനിരതനാവുകയും ദിവ സങ്ങൾ പാഞ്ഞുപോകുകയും ചെയ്യുകയാണെങ്കിൽ പീഡാനുഭവവിവ രണമാരംഭിക്കുന്നതോടെ അവിടത്തെ പ്രവർത്തനങ്ങൾ മന്ദഗതിയിലാ വുകയും അത് ഏതാനും ദിവസങ്ങളിലേക്കു ചുരുങ്ങുകയും (11:11–12, 19; 14:1,12,17; 15:1,42) പ്രവർത്തനരംഗം ജറുസലേം മാത്രമായി പരിമിതപ്പെടു കയും ചെയ്യുന്നു. അവിടുത്തെ ജീവിതം നിസ്സഹായമായ ഏതാനും മണി ക്കൂറുകളിലേക്കു ചുരുങ്ങുന്നതാണ് ഒടുവിൽ നാം കാണുന്നത് (15:1,25,33, 34). യേശുവിന്റെ ജീവിതത്തിൽ ആദ്യം ഉണ്ടായിരുന്ന ശക്തിയും ഒടുവി ലുണ്ടായ നിസ്സഹായതയും മർക്കോസ് ഏറ്റവും കൃത്യമായും ശക്തമായും അവതരിപ്പിക്കുന്നതാണ് നാമിവിടെ കാണുന്നത്.

മർക്കോസിന്റെ സുവിശേഷ രചനയിലെ എടുത്തു പറയത്തക്ക മറ്റൊരു സവിശേഷതയാണ് സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്ന *സാൻഡ്‌വിച്ച്* എന്ന രചനാ സങ്കേതം. ഒരു കഥയുടെയിടയ്ക്ക് മറ്റൊരു കഥവിവരിക്കുന്ന രീതിയാണത്. ഉദാഹരണം: 3:20–21 (22–30) 31:35; 5:21 –24(25–34) 35–43; 6:7–13 (14–29) 30–32; 11:12–14 (15–19) 20–26; 14:1–2 (3–9) 10–11; 14:10–11 (12–16) 17–21 (22–25); 14:54 (55–65) 66–72. ഈ കഥകൾ പര സ്പരം വ്യാഖ്യാനിക്കാൻ സഹായിക്കുന്നതാകാം. അല്ലെങ്കിൽ 2 കഥാ പാത്രങ്ങളോ സംഭവങ്ങളോ തമ്മിലുള്ള വൈരുദ്ധ്യം വ്യക്തമാക്കുന്ന തുമാകാം.

സമാനസംഭവങ്ങളുടെ ചട്ടക്കൂടിനുള്ളിൽ ദീർഘമായ ഒരു വിവരണത്തെ ഉൾക്കൊള്ളിക്കുന്ന രീതിയും മർക്കോസിൽ നാം കാണുന്നു. ഉദാഹരണത്തിന് 8:27 മുതൽ 10:45 വരെയുള്ള ദീർഘമായ ഭാഗത്തിന്റെ ആരംഭത്തിലും (8:22-26) അവസാനത്തിലും (10:46-52) നാം കാണുന്നത് യേശു അന്ധർക്ക് കാഴ്ച നല്കുന്ന ഭാഗമാണ്. അതുപോലെതന്നെ പീഢാനുഭവവിവരണം (14:11-15:39) ആരംഭിക്കുന്നതും 14:3-9 അവസാനിക്കുന്നതും 15:40-16:8 സ്ത്രീകൾ അവിടുത്തേക്കു നല്കുന്ന സ്നേഹശുശ്രൂഷയുടെ വിവരണത്തോടെയാണ്.

ഒരു കാര്യം മൂന്നുതവണ ആവർത്തിക്കുക എന്നതും മർക്കോസ് ഉപയോഗിക്കുന്ന മറ്റൊരു രചനാസാങ്കേതമാണ്. ഉദാ: മൂന്നു പീഢാനുഭവ പ്രവചനങ്ങൾ (8:31; 9:31; 10:33-34); ഗത്സെമനിയിൽ യേശു മൂന്നു തവണ ശിഷ്യരുടെയടുത്തേക്കു വരുന്നു (14:32-42) പത്രോസ് മൂന്നു തവണ ഗുരുവിനെ നിഷേധിക്കുന്നു (14:66-72). ഈ സംഭവങ്ങൾ വായനക്കാരുടെ മനസ്സിൽ പതിപ്പിക്കുന്നതിനാണ് മർക്കോസ് ആവർത്തനമെന്ന സങ്കേതം ഉപയോഗിക്കുന്നത്.

മേൽപ്പറഞ്ഞ സവിശേഷതകളെല്ലാം മർക്കോസ് തന്റെ രചനയിൽ സ്വന്തമായി ഉൾച്ചേർത്തതാണെന്നും മർക്കോസിന്റെ രചനാവൈഭവമാണ് അവ വ്യക്തമാക്കുന്നതെന്നും ചില പണ്ഡിതരെങ്കിലും വിശ്വസിക്കുന്നില്ല. അവയിൽ പലതും (ഉദാഹരണത്തിന്, വിവരണങ്ങളിലെ വിശദാംശങ്ങൾ, യേശുവിന്റെയും ശിഷ്യരുടെയും മാനുഷികഭാവങ്ങളുടെ വിവരണം) മർക്കോസിനു ലഭിച്ച പാരമ്പര്യങ്ങളിൽത്തന്നെ ഉണ്ടായിരുന്നവയാണെന്നാണ് അവരുടെ പക്ഷം. മാത്രവുമല്ല, മർക്കോസ് സ്വന്തമായി രചിച്ചവയെന്നു കരുതപ്പെടുന്ന ഭാഗങ്ങളിൽ (ഉദാ: അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നു (3:13-19), ഉപമകളുടെ ഉദ്ദേശ്യം (4:10-12), ശിഷ്യന്മാരെ അയക്കുന്നു (6:6-13), ഹേറോദോസിന്റെ ഭയാശങ്ക (6,14-16) ഈ സവിശേഷതകൾ തുലോം കുറവാണെന്നതും തങ്ങളുടെ നിലപാടിന് ഉപോത്ബലകമായി അവർ ചൂണ്ടിക്കാണിക്കുന്നു.

യേശുവിനെക്കുറിച്ചുള്ള കഥയാണ് മർക്കോസ് വിവരിക്കുന്നത്. അതിലെ രചനാസവിശേഷതകൾ യേശുകഥയെ കൂടുതൽ മനോജ്ഞവും സുഗ്രാഹ്യവുമാക്കിത്തീർക്കുന്നു. വായനക്കാരൻ ആ കഥയിൽ ലയിച്ചിരിക്കുന്നവനാണ്. അതിലെ സങ്കേതങ്ങൾ മർക്കോസിൽ നിന്നുതന്നെയാണോ അതോ അദ്ദേഹം ഉപയോഗിച്ച പാരമ്പര്യങ്ങളിലുണ്ടായിരുന്നതാണോ എന്നത് വായനക്കാരനെ സംബന്ധിച്ചിടത്തോളം അപ്രസ്ക്തമാണ്.

## മർക്കോസിന്റെ ദൈവശാസ്ത്രം

### ദൈവരാജ്യം

മർക്കോസിന്റെ സുവിശേഷത്തിലെ ഒരു പ്രധാനപ്പെട്ട പ്രമേയമാണ് ദൈവരാജ്യം. യേശുവിന്റെ പ്രഘോഷണത്തിന്റെ കാതൽ ദൈവരാജ്യമായിരുന്നു (1:15). യേശുവിന്റെ ഉപമകളുടെ വിഷയവും മറ്റൊന്നല്ല.

യേശുവിന്റെ അത്ഭുതങ്ങൾ ദൈവരാജ്യത്തിന്റെ മുന്നാസ്വാദനങ്ങളും ആവിഷ്കാരങ്ങളുമായിരുന്നു. മെസിയാനിക വിരുന്നിന്റെ കാലിക പ്രതിഫലനങ്ങളായിരുന്നു, യേശു ചുങ്കക്കാരോടും പാപികളോടുമൊപ്പം പങ്കിട്ടവിരുന്നുകൾ.

മർക്കോസിന്റെ വീക്ഷണത്തിൽ ദൈവരാജ്യമെന്നത് പ്രഥമവും പ്രധാനവുമായി ദൈവത്തിന്റെ ഭരണത്തെ/വാഴ്ചയെ ആണു സൂചിപ്പിക്കുന്നത്. യേശുവിന്റെ വരവോടെ ആരംഭിക്കുന്നതും (ലൂക്കാ 7:18-23; 10:23; 11:20-31) എന്നാൽ പൂർത്തായാകാനുള്ളതുമായ ഒരു ഭാവിയാഥാർത്ഥ്യമായാണ് (14:25; ലൂക്കാ 11:2) ദൈവരാജ്യത്തെ സുവിശേഷങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. എങ്കിലും മർക്കോസിന്റെ സുവിശേഷത്തിലെ സവിശേഷമായ ഊന്നൽ ദൈവരാജ്യം ഉടനെ സംസ്ഥാപിക്കപ്പെടാനിരിക്കുന്ന ഒരു യാഥാർത്ഥ്യമാണ് എന്ന ആശയത്തിനാണ്. ദൈവരാജ്യത്തിന്റെ ഭാവിമാനത്തെ ദ്യോതിപ്പിക്കുന്നതാണ് "ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (1:15) എന്ന പ്രഘോഷണവും ദൈവരാജ്യത്തിന്റെ ശക്തമായ ആഗമനത്തെക്കുറിച്ചുള്ള 9:1-ലെ പരാമർശവും. ദൈവരാജ്യത്തെക്കുറിച്ചുള്ള മർക്കോസിലെ ഉപമകൾ (4:3-9; 4:26-29; 4:30-32) ദൈവരാജ്യം വർത്തമാനകാല യാഥാർത്ഥ്യമാണെന്നു സൂചിപ്പിക്കുന്നവയാണെങ്കിലും ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനങ്ങൾ (9:47; 10:15,23) ദൈവരാജ്യമെന്നത് ഒരു വർത്തമാന കാലയാഥാർത്ഥ്യമാണെന്ന അർത്ഥത്തിലും മനസ്സിലാക്കാനാകും. എന്നാൽ "ദൈവരാജ്യത്തിൽ നവമായി പാനംചെയ്യുന്ന ദിവസംവരെ മുന്തിരിയുടെ ഫലത്തിൽനിന്ന് ഞാൻ കുടിക്കുകയില്ല" (14:25) എന്ന വാക്യവും അരിമത്തെയാക്കാരൻ ജോസഫ് ദൈവരാജ്യം "പ്രതീക്ഷിക്കുന്നവനാ"യിരുന്നു എന്ന പരാമർശവും ദൈവരാജ്യത്തിന്റെ ഭാവിമാനത്തെ അടിവരയിടുന്നതാണ്. ചെറിയ വെളിപാടെന്നറിയപ്പെടുന്ന മർക്കോസിലെ 13-ാം അധ്യായം യേശുവിന്റെ രണ്ടാം വരവിനു കൊടുക്കുന്ന ഊന്നലും ദൈവരാജ്യത്തിന്റെ യുഗാന്ത്യസ്വഭാവത്തെ സ്ഥിരീകരിക്കുന്നു.

## ക്രിസ്തുവിജ്ഞാനീയം

മർക്കോസിന്റെ സുവിശേഷത്തിലെ ക്രിസ്തുശാസ്ത്രം ഏറ്റവുമധികം വെളിപ്പെടുന്നത് യേശുവിനെക്കുറിക്കാൻ മർക്കോസ് ഉപയോഗിക്കുന്ന നാമങ്ങളിലും സ്ഥാനപ്പേരുകളിലുമാണ്. അവയെക്കുറിച്ച് ചുരുക്കമായി പ്രതി പാദിക്കാം.

**ദൈവപുത്രൻ:** മർക്കോസിന്റെ ക്രിസ്തു വിജ്ഞാനീയത്തിലെ അടിസ്ഥാന പ്രബോധനം യേശു ദൈവപുത്രനാണ് എന്നതാണ്. സുവിശേഷം ആരംഭിക്കുന്നതുതന്നെ യേശു ക്രിസ്തു ദൈവപുത്രനാണെന്ന സത്യം പ്രഖ്യാപിച്ചുകൊണ്ടാണ് (1:1). യേശുവിന്റെ മരണസമയത്തും ഈ സത്യം അനിഷേധ്യമാംവിധം പ്രഖ്യാപിക്കപ്പെടുന്നു, വിജാതിയനായ ശതാധിപന്റെ വാക്കുകളിലൂടെ: "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (15:39). മറ്റുമൂന്നു തവണകൂടി ഈ സംജ്ഞ യേശുവുമായി ബന്ധപ്പെട്ടു പ്രത്യക്ഷപ്പെടുന്നുണ്ട്. അതിൽ രണ്ടു

തവണയും അശുദ്ധാത്മാക്കളാണ് യേശുവിന്റെ ദൈവപുത്രത്വം ഏറ്റുപറയുന്നത് (3:11; 5:7). സ്വാഭാവിക തലത്തിനു മുകളിലുള്ളവർ എന്ന നിലയിൽ അശുദ്ധാത്മാക്കൾക്ക് യേശുവിന്റെ വ്യക്തിത്വം മനസ്സിലാക്കാൻ കഴിഞ്ഞതുകൊണ്ടാണ് യേശുവിനെ ദൈവപുത്രനായി അവർ ഏറ്റു പറയുന്നത്. എന്നാൽ സ്വാഭാവികതലത്തിലുള്ള ശിഷ്യന്മാരുൾപ്പെടെ യുള്ള മനുഷ്യർക്ക് യേശുവിന്റെ ദൈവപുത്രത്വം ഗ്രഹിക്കാൻ സാധി ക്കുന്നില്ല. 14:61-ൽ കയ്യാഫാസ് ഉന്നയിക്കുന്ന ചോദ്യവും യേശു ദൈവപുത്രനായ മിശിഹായാണോ എന്നതാണ്. "ഞാൻ തന്നെ" എന്ന യേശുവിന്റെ ഉത്തരം (14:62) അവിടുത്തെ ദൈവപുത്രത്വത്തിന് അടിവര യിടുന്നു. ഇവയ്ക്കു പുറമേ യേശുവിന്റെ ദൈവപുത്രത്വം 'ദൈവപുത്രൻ' എന്ന പദപ്രയോഗം കൂടാതെതന്നെ വ്യക്തമാക്കപ്പെടുന്ന മറ്റു മൂന്നു ഭാഗങ്ങളും മർക്കോസിന്റെ സുവിശേഷത്തിലുണ്ട്: (1) യേശുവിന്റെ മാമ്മോദീസാവേളയിൽ സ്വർഗ്ഗത്തിൽനിന്ന് (പിതാവിന്റെ) സ്വരം മുഴങ്ങുന്നു: "നീ എന്റെ പ്രിയ പുത്രൻ" (1:11); (2) രൂപാന്തരീകരണ വേളയിൽ മേഘത്തിൽനിന്ന് (ദൈവപിതാവിന്റെ) സ്വരം പുറപ്പെട്ടു: "ഇവൻ എന്റെ പ്രിയ പുത്രൻ" (9:7); (3) മനുഷ്യപുത്രന്റെ ആഗമന ദിവസത്തെക്കുറിച്ച് ദൈവത്തിനല്ലാതെ "പുത്രനുപോലുമോ" അറിഞ്ഞു കൂടാ എന്ന പ്രയോഗത്തിൽ യേശു തന്റെതന്നെ ദൈവപുത്രത്വത്തെ ക്കുറിച്ചാണ് സൂചിപ്പിക്കുന്നത്.

മർക്കോസിന്റെ സുവിശേഷത്തിൽ യേശുവിന്റെ ദൈവത്വം അവിടു ത്തെ ആധികാരികമായ പ്രബോധനങ്ങളിലും അധികാരപൂർണ്ണമായ അത്ഭുതപ്രവർത്തനങ്ങളിലും പ്രത്യേകിച്ച് അശുദ്ധാത്മാക്കളുടെ മേലുള്ള അധികാരത്തിലും വ്യക്തമാണ്. ശക്തനായ ഈ ദൈവം പക്ഷേ, പച്ച മനുഷ്യനുമാണ്: മനുഷ്യരുടെ കാപട്യത്തിനുമുന്നിൽ ക്രോധവും അവരുടെ ഹൃദയകാഠിന്യത്തിനുമുന്നിൽ ദുഃഖവും അവനുണ്ടാകുന്നു (3:5); മനുഷ്യരുടെ അവിശ്വാസം അവനെ ആശ്ചര്യപ്പെടുത്തുന്നു (6:6); ശിഷ്യന്മാരുടെ നിലപാടുകൾ അവനെ ദേഷ്യം പിടിപ്പിക്കുന്നു (10:14); മനുഷ്യനെന്ന നിലയിൽ അവന്റെ അറിവുകൾക്കും പരിമിതിയുണ്ട് (13:32); തന്റെ ഭീകരമരണം അങ്ങനെ തീവ്രദുഃഖത്തിലാഴ്ത്തുന്നു (14:33); അനീതികളുടെ മുന്നിൽ അവൻ നിശബ്ദനാണ് (14:60; 15:4). അപമാനത്തിനു മുന്നിലും അവനെത്തന്നെ (14:65; 15:16-20). പൂർണ്ണ മനുഷ്യനായ യേശു പക്ഷേ സത്യദൈവവുമാണ്. എന്നാൽ അവൻ മറഞ്ഞിരിക്കുന്ന ദൈവമാണ്. എങ്കിലും വിശ്വസിക്കുന്നവർക്ക് അവന്റെ ദൈവത്വം അവന്റെ വാക്കുകളിലും ചെയ്തികളിലും വ്യക്തിത്വത്തിലും ദർശിക്കാനാകും.

**ക്രിസ്തു:** 'ക്രിസ്തോസ്' എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് ക്രിസ്തു എന്ന വാക്ക് വരുന്നത്. അഭിഷിക്തൻ എന്നർത്ഥമുള്ള മസിയാഹ് എന്ന ഹീബ്രുപദത്തിന്റെ പരിഭാഷയാണ് ക്രിസ്തോസ്. പഴയനിയമത്തിൽ പുരോഹിതന്മാരും പ്രവാചകന്മാരും രാജാക്കന്മാരും അഭിഷേകം ചെയ്യപ്പെട്ടിരുന്നു. തന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽതന്നെ 'ക്രിസ്തു'വെന്നത് യേശുവിന്റെ വ്യക്തിനാമമായിരുന്നാലെന്നപോലെ

യേശുവെന്ന പേരിനോട് ചേർത്ത് മർക്കോസ് ഉപയോഗിക്കുന്നു. 8:29; 9:41; 12:35; 13:21; 14:61; 15:32 എന്നീ ഭാഗങ്ങളിലാണ് ക്രിസ്തു എന്ന വാക്കിന്റെ ഏറ്റവും ശ്രദ്ധേയമായ ഉപയോഗം നാം കാണുന്നത്. യേശുവിന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും പശ്ചാത്തല ത്തിലാണിത്. പത്രോസ് യേശുവിന്റെ മിശിഹാത്വം ഏറ്റുപറയുന്ന അവസരത്തിൽതന്നെ (8:29) യേശു തന്റെ പീഢാനുഭവത്തെക്കുറിച്ചുള്ള ഒന്നാമത്തെ പ്രവചനം നടത്തുന്നു. നീ ക്രിസ്തുവാണോ എന്ന് പ്രധാന പുരോഹിതൻ ചോദിക്കുന്നതും യേശുവിന്റെ വിചാരണവേളയിലാണ് (16:61). ആ ചോദ്യത്തിനുത്തരമായി യേശു തന്റെ മിശിഹാത്വം പ്രഖ്യാപി ക്കുകയും ചെയ്യുന്നു (14:62). പുരോഹിതപ്രമുഖന്മാരും നിയമജ്ഞരും യേശുവിനെ മിശിഹായെന്നു വിളിച്ചു പരിഹസിക്കുന്നതും യേശു കുരിശിൽ കിടക്കുമ്പോഴാണ് (15:32). ക്രിസ്തു എന്ന പേര് യേശുവിന്റെ പീഢാസഹനത്തോടു ബന്ധപ്പെടുത്തി ഉപയോഗിക്കുന്നതിലൂടെ യേശു വിന്റെ മിശിഹാത്വത്തിന്റെ അവിഭാജ്യഭാഗമാണു സഹനമെന്നും കുരിശെന്ന രഹസ്യം ഒഴിവാക്കി യേശുവിന്റെ മിശിഹാത്വം മനസ്സി ലാക്കാനാവില്ലെന്നും മർക്കോസ് പഠിപ്പിക്കുന്നു.

### മിശിഹാരഹസ്യം

മർക്കോസിന്റെ ക്രിസ്തു വിജ്ഞാനീയത്തിന്റെ ഒരു പ്രധാന പ്രമേയമാണ് മിശിഹാ രഹസ്യം. വില്യം റേസെ എന്ന ജർമ്മൻ ബൈബിൾ പണ്ഡിതൻ 1901 ൽ "സുവിശേഷങ്ങളിലെ മിശിഹാ രഹസ്യം" എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചതോടെയാണ് ഈ സങ്കൽപം വ്യാപകമായി പ്രചാരത്തിലായത്. തന്റെ മിശിഹാത്വ ത്തെക്കുറിച്ച് യേശു പുലർത്തുന്ന രഹസ്യാത്മകത സുവിശേഷ പഠിതാക്കളുടെ ശ്രദ്ധയാകർഷിക്കുന്ന ഒന്നാണ്. തന്റെ ദൈവത്വം വെളിപ്പെടുത്താൻ തുനിയുന്ന അശുദ്ധാത്മാക്കളെ യേശു നിശ ബ്ദരാക്കുന്നു (1:25-34; 3:11-12). പല അത്ഭുതങ്ങൾക്കുശേഷവും അതേപ്പറ്റി ആരോടും പറയരുതെന്ന് യേശു നിഷ്കർഷിക്കുന്നുണ്ട് (1:44; 5:43; 7:36; 8:26). യേശുവിന്റെ മിശിഹാത്വം പത്രോസ് ഏറ്റു പറഞ്ഞ യുടനെ തന്നെക്കുറിച്ച് ആരോടും പറയരുതെന്ന യേശുവിന്റെ നിർദ്ദേശം (8:29-30) സവിശേഷമായ ശ്രദ്ധ ആകർഷിക്കുന്ന ഒന്നാണ്. തന്റെ രൂപാന്തരീകരണം കണ്ട ശിഷ്യന്മാരോടും യേശു ആവശ്യപ്പെടുന്നത് അവർ കണ്ടകാര്യങ്ങൾ ആരോടും പറയരുതെന്നാണ് (9:9).

തന്നെക്കുറിച്ചും തന്റെ അത്ഭുതങ്ങളെക്കുറിച്ചും രഹസ്യാത്മകത പുലർത്താൻ വ്യക്തമായി നിർദ്ദേശിക്കുക മാത്രമല്ല, പൊതുജന ശ്രദ്ധ യിൽനിന്നു മാറിനിൽക്കാൻ യേശു മനഃപൂർവ്വം ശ്രദ്ധിക്കുന്നതായി ത്തോന്നുന്ന സന്ദർഭങ്ങളും സുവിശേഷത്തിലുണ്ട് (7:24; 9:30). കൂടാതെ, പല പ്രബോധനങ്ങളും ശിഷ്യന്മാർക്ക് സ്വകാര്യമായി നൽകാനും യേശു ശ്രദ്ധിക്കുന്നു (4:10-12; 7:17-23; 8:31; 9:28; 9:31; 10:33; 13:3-37). ഇതിനു റേഡെ നല്കുന്ന വിശദീകരണം ശ്രദ്ധേയമാണ്. യേശു, മിശിഹായാ ണെന്ന് ആദിമസഭ വിശ്വസിച്ചു. എന്നാൽ, താൻ മിശിഹായാണെന്ന്

യേശു തന്റെ ജീവിതത്തിൽ ഒരിക്കലും അവകാശപ്പെട്ടുമില്ല. ഈ പ്രശ്നം പരിഹരിക്കാൻ സുവിശേഷകൻ കണ്ടെത്തിയ ഉത്തരമാണ് ചരിത്ര പുരുഷനായ യേശു തന്റെ മിശിഹാത്വം മറച്ചുവച്ചു എന്നത്. ഈ വസ്തുത സ്ഥാപിക്കാനായി തന്നെ വെളിപ്പെടുത്തരുതെന്ന് യേശു നിർദ്ദേശിക്കുന്ന കഥകൾ അവർ എഴുതിയുണ്ടാക്കുകയും ചെയ്തു. എന്നാൽ, റേഡെയുടെ ഈ നിലപാടിനെ പിന്നീടുള്ള പല പണ്ഡിത ന്മാരും വിമർശിക്കുകയാണുണ്ടായത്. പരസ്യജീവിതകാലത്തുതന്നെ യേശുവിനെ മിശിഹായായി പ്രഘോഷിക്കുകയില്ലായിരുന്നുവെന്നും; യേശുവിനു ലഭിച്ച കുരിശുമരണമെന്ന ശിക്ഷതന്നെ അവന്റെമേലുള്ള കുറ്റം അവൻ മിശിഹായാണെന്നവകാശപ്പെടുന്നതാണെന്ന് തെളിയി ക്കുന്നുവെന്നും ഈ പണ്ഡിതന്മാർ ചൂണ്ടിക്കാട്ടുന്നു. കൂടാതെ പത്രോസിന്റെ വിശ്വാസപ്രഖ്യാപനം, കുരിശിലെ ഫലകത്തിൽ എഴുതിവയ്ക്കപ്പെട്ട വാചകം, ജറുസലേമിലേയ്ക്കുള്ള രാജകീയ പ്രവേശം സാൻഹെദ്രിന്റെ മുന്നിലെ വിചാരണ എന്നിവയും യേശുവിന്റെ മിശിഹാത്വത്തെ വ്യക്തമാക്കുന്നു എന്നതിന് സംശയമില്ല.

യേശു തന്റെ മിശിഹാത്വം വെളിപ്പെടുത്തിയിരുന്നെങ്കിൽ അത് അക്കാലത്തെ പല യഹൂദവിഭാഗങ്ങളെയും റോമിനെതിരെ കലാപം നടത്താൻ പ്രേരിപ്പിക്കുമെന്ന് യേശു അറിഞ്ഞിരുന്നതുകൊണ്ടാണ് തന്റെ മിശിഹാത്വം അവിടുന്ന് വെളിപ്പെടുത്താതിരുന്നതെന്നു ചിന്തിക്കുന്ന വരുമുണ്ട്. യഹൂദരുടെ മിശിഹായെ റോമാക്കാർ എത്രയും വേഗം ഉന്മൂലനം ചെയ്യാൻ ശ്രമിക്കുമായിരുന്നു. എങ്കിലും തന്റെ സുരക്ഷിതത്വം മുൻനിർത്തിയാണ് യേശു തന്റെ മിശിഹാത്വം വെളിപ്പെടുത്താതിരുന്ന തെന്ന് കരുതാൻ വയ്യ.

മിശിഹാരഹസ്യത്തിന് ഇന്ന് ഏറെപേർ നൽകുന്നതും ഏറ്റവും സ്വീകാര്യവുമായ വിശദീകരണം മറ്റൊന്നാണ്. സുവിശേഷത്തിന്റെ ആരംഭം മുതൽത്തന്നെ യേശുതന്നെയാണ് മിശിഹായെന്ന് വായനക്കാര നറിയാം (1:1). എന്നാൽ, യേശു എങ്ങനെയുള്ള ഒരു മിശിഹായാണെ ന്നതാണ് വായനക്കാരന് മനസ്സിലാക്കാനുള്ളത്. മിശിഹായെക്കുറിച്ചുള്ള രഹസ്യം അവൻ സഹിക്കുന്ന ദൈവപുത്രനാണെന്നതാണ്. ഈ രഹസ്യം പൂർണ്ണമായി വെളിപ്പെടുന്നത്, "ഈ മനുഷ്യൻ സത്യമായും ദൈവപുത്രനായിരുന്നു" (15:39) എന്ന ശതാധിപന്റെ പ്രഖ്യാപനത്തി ലാണ്. സഹിക്കുന്ന ദൈവപുത്രനായ മിശിഹായെക്കുറിച്ചുള്ള വെളിപാട് യഹൂദ ജനതയ്ക്ക് അസ്വീകാര്യമായിരുന്നു. മഹത്വപൂർണ്ണനായ ഒരു രാജാവായിട്ടായിരിക്കാം പത്രോസ്പോലും മിശിഹായെ പ്രതീക്ഷി ച്ചിരുന്നത്. അതുകൊണ്ടാണ് യേശുവിന്റെ മിശിഹാത്വം പ്രഖ്യാപിച്ച പത്രോസിനോട് തന്നെക്കുറിച്ച് ആരോടും പറയരുതെന്ന് യേശു നിഷ്കർഷിച്ചത് (8:30). തുടർന്ന് ഒന്നാം പീഡാനുഭവപ്രവചനം നടത്തു ന്നതിലൂടെ (8:31) തന്റെ മിശിഹാത്വത്തിന്റെ യഥാർത്ഥസ്വഭാവം യേശു വെളിപ്പെടുത്തുകയും ചെയ്യുന്നു. സഹിക്കുന്ന ഒരു മിശിഹായെ അവന്റെ കുരിശിന്റെവഴിയിൽ അനുഗമിക്കാൻ തയ്യാറുണ്ടോ എന്നതാണ് മിശിഹാരഹസ്യം ഉന്നയിക്കുന്ന കാതലായ ചോദ്യം.

**മനുഷ്യപുത്രൻ**

അപ്പ 7:56 ഒഴിവാക്കിയാൽ, 'മനുഷ്യപുത്രൻ' എന്ന പദം പുതിയ നിയമത്തിൽ സുവിശേഷങ്ങളിൽ മാത്രമാണ് പ്രത്യക്ഷപ്പെടുന്നത്. മർക്കോസ് ഈ പദം 14 തവണ ഉപയോഗിക്കുന്നു (2:10-28; 8:31-38; 9:9,12,31; 10:33-45; 13:26; 14:21 രണ്ടുതവണ; 14:41-62). പഴയനിയമത്തിൽ എസക്കി യേലിന്റെ പുസ്തകത്തിലും (2:1,3,6,8) സങ്കീർത്തനങ്ങളിലും (8:4) മനു ഷ്യപുത്രൻ എന്ന വാക്ക് 'മനുഷ്യൻ' എന്നതിനു പര്യായമായിട്ടാണ് ഉപ യോഗിച്ചിരിക്കുന്നത്. എന്നാൽ ദാനിയേൽ 7:13-14 ൽ പ്രത്യക്ഷപ്പെടുന്ന വാനമേഘങ്ങളോടുകൂടി വരുന്ന 'മനുഷ്യപുത്രനെപ്പോലെ ഒരുവൻ' ദൈവത്തിൽനിന്ന് മഹത്വവും ആധിപത്യവും സ്വീകരിക്കുന്നവനാണ്. ഏനോക്കിന്റെ പുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യപുത്രനും അതി മാനുഷികശക്തിയും മഹത്വവുമുള്ളയാളാണ് (1 ഏനോക്ക് 46:1-3; 48:2; 51:3; 62:2-6).

മർക്കോസിന്റെ സുവിശേഷത്തിൽ ഒമ്പതു തവണയും 'മനുഷ്യപു ത്രൻ' ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ യഹോവയുടെ സഹന ദാസന്റെ (ഏശയ്യാ 52:13-53:12) പ്രതിരൂപമായിട്ടാണ് കാണപ്പെടുന്നത് (8:31; 9:9,12,31; 10:33-45; 14:21 (2 തവണ),41). മൂന്നു സ്ഥലങ്ങളിൽ മനുഷ്യപു ത്രൻ എന്ന പ്രയോഗത്തിലൂടെ മർക്കോസ് യേശുവിനെ ദാനിയേലിന്റെയും ഏനോക്കിന്റെയും പുസ്തകങ്ങളിൽ കാണുന്ന മഹത്വപൂർണ്ണനായ മനു ഷ്യപുത്രനോട് താദാത്മ്യപ്പെടുത്തുന്നു (8:38; 13:26; 14:62).

**യേശു:** 'യേശു'വെന്ന വ്യക്തിനാമമുപയോഗിച്ചാണ് മർക്കോസ് സുവി ശേഷത്തിലെ നായകനെ കൂടുതൽ തവണയും പരാമർശിക്കുന്നത്. 81 തവണ 'യേശു'വെന്ന പേര് സുവിശേഷത്തിൽ നാം കാണുന്നുണ്ട്. 'യേശുക്രിസ്തു'വെന്നും 'കർത്താവായ യേശു' എന്നുമുള്ള പ്രയോഗ ങ്ങൾ ഓരോ തവണ മർക്കോസു നടത്തുന്നുണ്ട് (യഥാക്രമം 1:1; 16:19). നസറായൻ എന്ന വിശേഷണത്തോടെ യേശുവിന്റെ പേര് പ്രത്യക്ഷപ്പെ ടുന്നത് 1:24; 10:47; 14:67; 16:6 എന്നിവിടങ്ങളിലാണ്.

**ദാവീദിന്റെ പുത്രൻ:** ദാവീദിന്റെ പുത്രൻ എന്ന മെസയാനിക പദം അന്ധ നായ ബർതിമേയൂസിനെ സുഖപ്പെടുത്തുന്ന സംഭവത്തിൽ രണ്ടുതവണ യേശുവിനെ അഭിസംബോധന ചെയ്യാൻ ഉപയോഗിച്ചിട്ടുണ്ട് (10:47). നിയ മജ്ഞരുമായ സംവാദത്തിൽ മിശിഹായെ പരാമർശിച്ചുകൊണ്ട് യേശുവും ഈ വാക്ക് ഉപയോഗിക്കുന്നു. മത്തായിയുടെ സുവിശേഷത്തിൽ മറ്റ് ആറ് അവസരങ്ങളിൽകൂടി ദാവീദിന്റെ പുത്രൻ എന്ന് യേശു വിളിക്കപ്പെടു ന്നുണ്ട്.

**കർത്താവ്:** കർത്താവ് എന്ന പദം ഈ സുവിശേഷത്തിൽ പ്രധാനമായും പിതാവായ ദൈവത്തെ വിളിക്കാനാണ് ഉപയോഗിച്ചിരിക്കുന്നത് (11:19; 12:11; 12:29-30; 12:36-37; 13:20). കർത്താവ് എന്ന വാക്ക് തന്നത്തന്നെ പരാമർശി ക്കാൻ യേശു രണ്ടുതവണ ഉപയോഗിക്കുന്നുണ്ടെങ്കിലും (5:19; 11:3) വലിയ അർത്ഥവ്യാപ്തിയോടെയാണ് അവിടെ അവ ഉപയോഗിച്ചിരിക്കുന്നതെന്നു കരുതാനാവില്ല.

**മറ്റു പേരുകൾ:** സുവിശേഷത്തിൽ യേശു വിളിക്കപ്പെടുന്ന മറ്റു പേരുകൾ പ്രവാചകൻ, മറിയത്തിന്റെ മകൻ, റബ്ബി എന്നിവയാണ്. യേശു ഒരു പ്രവാചകനായാണ് പരിഗണിക്കപ്പെട്ടിരുന്നതെന്നാണ് 6:15; 8:28 എന്നീ വാക്യങ്ങൾ സൂചിപ്പിക്കുന്നത്. യേശു തന്നെത്തന്നെ ഒരു പ്രവാചകനായി കരുതിയിരുന്നുവെന്ന് 6:4 സൂചിപ്പിക്കുന്നു. എങ്കിലും മർക്കോസ് യേശുവിനെ വിശേഷിപ്പിക്കാൻ ഈ പദം ഉപയോഗിക്കുന്നില്ല. റബ്ബി, ഗുരു എന്നീ പേരുകളാലാണ് യേശു മർക്കോസിന്റെ സുവിശേഷത്തിൽ കൂടുതലും അഭിസംബോധന ചെയ്യപ്പെടുന്നത്. നിയമം പഠിപ്പിക്കുന്ന അദ്ധ്യാപകരെ 'റബ്ബി' എന്നാണ് യഹൂദർ വിളിച്ചിരുന്നത്. മർക്കോസിൽ ഒരു തവണ റബ്ബിയെന്നും (9:5; 11:21; 14:45) ഒരു തവണ റബ്ബോനി എന്നും (10:51) യേശു അഭിസംബോധന ചെയ്യപ്പെടുന്നു. എന്നാൽ 'ഗുരോ' എന്ന അഭിസംബോധനയാണ് യേശുവിനു കൂടുതൽ ലഭിക്കുന്നത് - പതിനൊന്നു തവണ. ഒരു തവണ യേശു തന്നെത്തന്നെ 'ഗുരു'വെന്ന് പരാമർശിക്കുന്നുണ്ട് (14:14).

## ശിഷ്യത്വം

മർക്കോസിന്റെ സുവിശേഷത്തിലെ പ്രധാനപ്പെട്ട കഥാപാത്രങ്ങളാണ് ശിഷ്യന്മാർ. *മത്തേത്തെസ്* എന്ന ഗ്രീക്കുപദമാണ് ശിഷ്യന്മാരെ കുറിക്കാൻ മർക്കോസ് ഉപയോഗിക്കുന്നത്. പഠിക്കുന്നവൻ, പരിശീലനം നേടുന്നവൻ എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. *അക്കൊളുത്തയിൻ* (= അനുഗമിക്കുക; 1:17-18; 2:14-15; 8:34; 10:21; 10,28,15,41) എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം സൂചിപ്പിക്കുന്നതുപോലെ ഗുരുവിനെ അനുഗമിക്കുകയാണ് ശിഷ്യൻ ചെയ്യേണ്ടത്. ഗുരുവിന്റെ ചിന്താധാരകളെയും ആത്മീയവും ധാർമ്മികവുമായ നിലപാടുകളെയും പിഞ്ചെല്ലുക എന്നു മാത്രമല്ല, ഗുരുവിന്റെ ജീവിതരീതിതന്നെ സ്വാംശീകരിച്ചുകൊണ്ട്, ഗുരുവുമായി വ്യക്തിപരമായ ബന്ധം പുലർത്തുക എന്നും *അക്കൊളുത്തയിൻ* എന്ന ഗ്രീക്കു വാക്ക് സൂചിപ്പിക്കുന്നുണ്ട്. ശിഷ്യരെ യേശു വിളിക്കുന്നതിനു സമാനമായ സംഭവം പഴയനിയമത്തിൽ നാം കാണുന്നത്. ഏലീയാ പ്രവാചകൻ ഏലീഷായെ വിളിക്കുന്നിടത്താണ് (1 രാജാ 19:19-21). യേശു ശിഷ്യബന്ധത്തിനു സമാനമാണ് മോശ - ജോഷ്വാ ബന്ധവും. യേശുവിന്റെ കാലത്ത് യഹൂദ റബ്ബിമാർക്ക് തങ്ങളുടെ ശിഷ്യസമൂഹമുണ്ടായിരുന്നു. സാധാരണഗതിയിൽ ശിഷ്യർ തങ്ങൾക്ക് ഇഷ്ടപ്പെട്ട റബ്ബിമാരെ തിരഞ്ഞെടുക്കുകയായിരുന്നു പതിവെങ്കിൽ, തനിക്കിഷ്ടപ്പെട്ടവരെ ശിഷ്യരായി തിരഞ്ഞെടുക്കുകയാണ് യേശു ചെയ്തത്.

മർക്കോസിന്റെ സുവിശേഷത്തിൽ ശിഷ്യന്മാർക്ക് നല്ലതും അല്ലാത്തതുമായ പ്രത്യേകതകൾ കാണാനാകും യേശുവിന്റെ ദൗത്യം തന്നെയാണ് ശിഷ്യന്മാരും നിർവ്വഹിക്കുന്നത് (3:13-19; 6:7-13). യേശുവിൽനിന്നു സ്വകാര്യമായി പ്രബോധനം സ്വീകരിക്കാൻ അവസരം ലഭിച്ചവരാണവർ (4:10-34; 7:1-23; 8:27-10; 45; 13:1-37). യേശുവിന്റെ ചില പ്രവൃത്തികൾക്ക് സാക്ഷ്യം വഹിക്കാൻ അവർക്കു മാത്രമാണ് ഭാഗ്യമുണ്ടായത് (4:35-41; 5:37-43; 6:45-52; 92-8). അത്ഭുതകരമായി അപ്പം വർദ്ധിപ്പിക്കുന്ന സംഭവങ്ങളിൽ അവർ യേശുവിന്റെ സഹകാരികളായി പ്രവർത്തിക്കുന്നു.

(6:30-44; 8:1-10). യേശുവിന്റെ അന്ത്യാത്താഴത്തിൽ ഭാഗഭാക്കാകാനുള്ള ഭാഗ്യവും അവരുടെതുമാത്രമാണ് (14:12-26).

ശിഷ്യത്വത്തിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ വ്യക്തമാക്കുന്നതാണ് ശിഷ്യന്മാരെ യേശു വിളിക്കുന്നതും അയക്കുന്നതുമായ രംഗങ്ങൾ (1:16-20; 3:13-19; 6:6-13): ശിഷ്യത്വത്തിന്റെ പിന്നിൽ മുൻകയ്യെടുത്തു പ്രവർത്തിക്കുന്നത് യേശുവാണ്; അദ്ധ്വാനത്തിൽ ഏർപ്പെട്ടിരുന്ന വ്യക്തികളെയാണ് യേശു വിളിക്കുന്നത്; എന്നെ അനുഗമിക്കുക എന്ന വ്യക്തമായ ആഹ്വാനമാണ് വിളിയുടെ കാതൽ; തന്റെ ദൗത്യത്തിൽ പങ്കുചേരാനുള്ള ആഹ്വാനമാണ് യേശു ശിഷ്യർക്ക് നല്കുന്നത്. യേശുവിന്റെ വിളിയോടുള്ള ശിഷ്യന്മാരുടെ പ്രതികരണം ഉടനടിയുള്ളതു ഉദാരപൂർവ്വകവുമാണ്. എന്നും യേശുവിനോടൊപ്പമായിരിക്കുകയും എല്ലായിടത്തും യേശുവിന്റെ പ്രവൃത്തികൾ ചെയ്യുകയും ചെയ്യുക (3:13-19) എന്നതാണ് ശിഷ്യത്വത്തിന്റെ വെല്ലുവിളി.

മർക്കോസിന്റെ സുവിശേഷത്തിൽ നിരവധി ചെറിയ കഥാപാത്രങ്ങൾ യഥാർത്ഥ ശിഷ്യൻ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നതായി നമുക്കു കാണാനാകും: പത്രോസിന്റെ അമ്മായിയമ്മ സൗഖ്യപ്രാപ്തിയ്ക്കുശേഷം എഴുന്നേറ്റ് ശുശ്രൂഷിക്കുന്നു (*ദിയാക്കൊണെയി*: 1:31), കുഷ്ഠരോഗി യേശുവിനെ പ്രഘോഷിക്കുന്നു (1:45); ചുങ്കക്കാരും പാപികളും യേശുവിനെ അനുഗമിക്കുന്നു (*അക്കൊളുത്തെയിൻ* 2:15); ലെഗിയോൺ ആവേശിച്ചിരുന്ന മനുഷ്യൻ യേശുവിനെ പ്രസംഗിക്കുന്നു (5:20); കാഴ്ച കിട്ടിയ ബർതിമേയൂസ് യേശുവിനെ അനുഗമിക്കുന്നു (10:52); ദരിദ്രയായ വിധവ സർവ്വതും നിക്ഷേപിക്കുന്നു (12:44); അജ്ഞാതയായ സ്ത്രീ യേശുവിനെ തൈലം പൂശുന്നു (14:9); ശിമയോൺ യേശുവിന്റെ കുരിശെടുക്കുന്നു (15:21); ശതാധിപൻ യേശുവിന്റെ ദൈവപുത്രത്വം ഏറ്റു പറയുന്നു (15:39); സ്ത്രീകൾ യേശുവിനെ അനുഗമിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു (15:41); അരിമത്തിയാക്കാരൻ ജോസഫ് യേശുവിനെ സംസ്കരിക്കുന്നു (15:43-47); അതിരാവിലെ സ്ത്രീകൾ യേശുവിന്റെ കല്ലറയിൽ എത്തുകയും ഉത്ഥാനവാർത്ത ശ്രദ്ധിക്കുകയും ചെയ്യുന്നു (16:1-8). മേൽസൂചിപ്പിച്ച അറിയാപ്പെടാത്തവരും അപ്രധാനരുമായ കഥാപാത്രങ്ങളാണ് പ്രമുഖരായ ശിഷ്യന്മാർ ചെയ്യേണ്ടിയിരുന്ന ശുശ്രൂഷകൾ യേശുവിന് തക്കസമയത്ത് ചെയ്തുകൊടുക്കുന്നത്. അതായത്, മർക്കോസിന്റെ സുവിശേഷത്തിൽ ശിഷ്യത്വത്തിന്റെ വിവിധമാതൃകൾ സുലഭമായി നാം കാണുന്നുവെന്നു ചുരുക്കം.

യേശുവിന്റെ ശിഷ്യന്മാരുടെ, പ്രത്യേകിച്ചു, പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ടുപേരുടെ നിഷേധാത്മകമായ പെരുമറ്റം മർക്കോസ് വായനക്കാരനു മുമ്പിൽ മറനീക്കിക്കാണിക്കുന്നുണ്ട്: യേശുവിനെ ശിഷ്യർ നീരസത്തോടെ അന്വേഷിച്ചു നടക്കുന്നു (1:36); യേശുവിന്റെ അത്ഭുത പ്രവൃത്തികൾ കണ്ടശേഷവും ശിഷ്യർ വിശ്വാസമില്ലാത്തവരായിക്കഴിയുന്നു (4:40); ആരാണുതന്നെ സ്പർശിച്ചതെന്ന യേശുവിന്റെ ചോദ്യം യുക്തിയ്ക്കു നിരക്കാത്തതാണെന്ന മട്ടിൽ ശിഷ്യർ പ്രതികരിക്കുന്നു (5:31); അപ്പം വർദ്ധിപ്പിച്ച സംഭവത്തിനുശേഷവും ശിഷ്യർ ധാരണാശേഷിയി

ല്ലാത്തവരായി (6:50–52; 7:18) തുടരുന്നു. യേശു പത്രോസിനെ സാത്താൻ എന്നു വിളിക്കുന്നു (8:33); യേശുവിന്റെ മൂന്നു പീഡാനുഭവപ്രവചനങ്ങളും ശിഷ്യർ ഗൗരവമായി എടുക്കുകയോ മനസ്സിലാക്കുകയോ ചെയ്യുന്നില്ല എന്നു മാത്രവുമല്ല രണ്ടവസരങ്ങളിലും അവർ തങ്ങളുടെ വലുപ്പത്തെയും സ്ഥാനമാനങ്ങളെക്കുറിച്ചുള്ള ചിന്തയിലും പ്രവൃത്തിയിലും വ്യാപൃതരാവുകയും ചെയ്യുന്നു (9:32; 10:35–45). പീഡാനുഭവരംഗങ്ങളിലാണ് ശിഷ്യരുടെ പരാജയം അതിന്റെ മൂർദ്ധന്യത്തിൽ എത്തുന്നത്. യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കുന്നു (14:10.42); ഗത്സെമൻ തോട്ടത്തിൽ യേശു പ്രാണവേദനകൊണ്ടു പിടയുമ്പോൾ ശിഷ്യപ്രമുഖർ ഉറങ്ങിവിശ്രമിക്കുന്നു (14:33–41); യേശു പിടിക്കപ്പെടുമ്പോൾ എല്ലാ ശിഷ്യരും യേശുവിനെവിട്ട് ഓടിപ്പോകുന്നു (14:15); പത്രോസ് മൂന്നു തവണ യേശുവിനെ നിഷേധിച്ചുപറയുന്നു (14:66–72); കല്ലറയിലേക്കു പോയ സ്ത്രീകൾ അവരോടു പ്രഘോഷിക്കപ്പെട്ട ഉത്ഥാനസന്ദേശം കൈമാറാൻ പരാജയപ്പെടുന്നിടത്ത് ശിഷ്യരുടെ പരാജയം പൂർണ്ണമാകുന്നു.

ശിഷ്യരുടെ പരിപൂർണ്ണപരാജയം വരച്ചുകാണിക്കുന്നതിലൂടെ എന്തു സന്ദേശമാണു മർക്കോസ് കൈമാറുന്നത്? ശത്രുക്കളാൽ ക്രൂരമായി പീഡിപ്പിക്കപ്പെടുകയും സുഹൃത്തക്കളാൽ കൈവിടപ്പെടുകയും ചെയ്യുന്ന യേശുവിന്റെ മുഖം പഴനിയമത്തിലെ നിഷ്‌ളങ്കന്റെ സഹനം നമ്മെ അനുസ്മരിപ്പിക്കുന്നു. ഉറ്റവരാൽ ഒറ്റപ്പെടുത്തപ്പെടുന്നതിന്റെ സഹനത്തിന്റെ, നെരിപ്പോടിൽ വെന്തുനീറുന്ന ജറമിയായും (20:7–12) ജോബും (12:4–5; 16:20; 19:14) സങ്കീർത്തകനും (സങ്കീ 38:11–12; 41:8–9, 31:11; 8:18) സഹനദാസനും (52:13–53,12) യേശുവിൽ സമ്മേളിക്കുകയാണ്. ശിഷ്യന്മാരുടെ ദുർമാതൃക എടുത്തു കാണിക്കുക എന്നതിനെക്കാൾ പരിത്യക്തനായ നീതിദാസന്റെ സഹനത്തിന്റെ ആഴമാണ് മർക്കോസ് നമുക്കു മുന്നിൽ അവതരിപ്പിക്കുന്നത്.

നീറോ ചക്രവർത്തിയുടെ ക്രൂരമായ മതമർദ്ദനത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട സുവിശേഷമെന്ന നിലയിൽ അതിലെ ശിഷ്യന്മാരുടെ പരാജയകഥയ്ക്ക് മറ്റൊരർത്ഥം കൂടിയുണ്ട്. ക്രൂരമായ മർദ്ദനങ്ങൾക്കും ഭീഷണികൾക്കും വിധേയരായ പല വിശ്വാസികളും വിശ്വാസം ഉപേക്ഷിക്കുകയോ, മറ്റു വിശ്വാസികളെ അധികാരികൾക്ക് ഒറ്റുകൊടുക്കുകയോ ഒക്കെ ചെയ്തിട്ടുണ്ടാകാം. തങ്ങളുടെ വിശ്വാസത്യാഗത്തിലും വഞ്ചനയിലുമെല്ലാം മനസ്സു നുറുങ്ങിക്കഴിഞ്ഞിരുന്ന പ്രസ്തുത വിശ്വാസികൾക്ക് ശിഷ്യന്മാരുടെ പാരജയകഥയും പ്രത്യേകിച്ചു പത്രോസിന്റെ ഗുരുനിഷേധവുമെല്ലാം നിരാശയിൽനിന്നു കരകയറാനുള്ള പിടിവള്ളിയായിത്തോന്നിക്കാണണം. ശിഷ്യന്മാർ തങ്ങളുടെ പരാജയത്തിൽനിന്നു കരകയറി യേശുവിനുവേണ്ടി രക്തസാക്ഷിത്വം വഹിക്കാൻ തയ്യാറായതുപോലെ തങ്ങൾക്കും സാധിക്കുമെന്ന വിശ്വാസം അവരിൽ നിറയ്ക്കാൻ പര്യാപ്തമായിരുന്നു അവർ മനസ്സിലാക്കിയ ശിഷ്യരുടെ ജീവിതകഥ. പത്രോസിനെ യേശു തിരികെ സ്വീകരിച്ച സംഭവം, തങ്ങളെ വഞ്ചിച്ചു വിട്ടുപോയവരെ സ്വീകരിക്കാനും ഉൾക്കൊള്ളാനും ക്രൈസ്തവസമൂഹത്തെയും ശക്തിപ്പെടുത്തിക്കാണണം.

## സുവിശേഷത്തിന്റെ ഘടന

**I ആമുഖം 1:1-13**
1. ഗ്രന്ഥത്തിന്റെ തലക്കെട്ട് 1:1
2. സ്നാപകയോഹന്നാന്റെ പരസ്യജീവിതം 1:2-8
3. യേശുവിന്റെ ജ്ഞാനസ്നാനം, പ്രലോഭനം, ശുശ്രൂഷാരംഭം 1:9-15

**II അധികാരപൂർണ്ണമായ ദൈവപുത്രൻ 1:16-45**
1. ശിഷ്യരാക്കാനുള്ള അധികാരം 1:16-20
2. അശുദ്ധാത്മക്കളുടെമേലുള്ള അധികാരം 1:21-28
3. ശാരീരികരോഗങ്ങളുടെ മേലുള്ള അധികാരം 1:29-39
4. ശുദ്ധീകരണനിയമങ്ങളുടെ മേലുള്ള അധികാരം 1:40-45

**III എതിർക്കപ്പെടുന്ന ദൈവപുത്രൻ 2:1-36**
1. പാപം ക്ഷമിച്ചതിന്റെ പേരിൽ 2:1-12
2. പാപികളോടൊത്തു ഭക്ഷിച്ചതിന്റെ പേരിൽ 2:13-17
3. ശിഷ്യർക്കുള്ള ഇളവിന്റെ പേരിൽ 2:18-22
4. സാബത്തുലംഘനത്തിന്റെ പേരിൽ 2:23-28
5. സുഖപ്പെടുത്താനായി മരണമേല്കുന്നവൻ 3:1-6

**IV തിരസ്ക്കരിക്കപ്പെടുന്ന ദൈവപുത്രൻ 3:7-6:6**
1. കടൽത്തീരത്തെ അത്ഭുതങ്ങൾ 3:7-12
2. പന്ത്രണ്ടുപേരുടെ തിരഞ്ഞെടുപ്പ് 3:13-19
3. യേശുവും ബേൽസെബൂലും 3:20-30
4. യേശുവിന്റെ കുടുംബം 3:31-35
5. ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമകളും പ്രബോധനങ്ങളും 4:1-34
   - A. വിതക്കാരന്റെ ഉപമ 4:1-9
   - B. ഉപമകളുടെ ഉദ്ദേശ്യം 4:10-12
   - C. ഉപമകളുടെ വിശദീകരണം 4:13-20
   - D. ദീപം മറച്ചുവയ്ക്കരുത് 4:21-25
   - E. സ്വയം വളരുന്ന വിത്ത് 4:26-29
   - F. കടുകുമണിയുടെ ഉപമ 4:30-34
6. യേശു തന്റെ ശക്തി വീണ്ടും വെളിപ്പെടുത്തുന്നു 4:35-5:43
   1. കടലിനെ ശാന്തമാക്കുന്നു 4:35-41
   2. പിശാചു ബാധിതനെ സുഖപ്പെടുത്തുന്നു 5:1-20
   3. രക്തസ്രാവക്കാരി, ജായ്റോസിന്റെ മകൾ 5:21-43
7. നസ്രത്തിലെ തിരസ്കാരം 6:1-6

**V മനസ്സിലാക്കപ്പെടാത്ത ദൈവപുത്രൻ 6:6-8:21**
1. ശിഷ്യന്മാരെ അയക്കുന്നു 6:7-13
2. സ്നാപകന്റെ മരണം 6:14-29
3. ശിഷ്യന്മാർ തിരിച്ചുവരുന്നു 6:30
4. യേശു ശിഷ്യർക്കു സ്വയം വെളിപ്പെടുത്തുന്നു 6:31-7:56
   - A. അയ്യായിരം പേരെ തീറ്റിപ്പോകുന്നു 6:31-44
   - B. വെള്ളത്തിനുമീതെ നടക്കുന്നു 6:45-52

C. ഗനേസറത്തിലെ അത്ഭുതങ്ങൾ 6:53–56
D. പാരമ്പര്യത്തെക്കുറിച്ച് തർക്കം 7:1–13
E. അശുദ്ധിയുടെ സ്വഭാവത്തെക്കുറിച്ചുള്ള പ്രബോധനം 7:14–23
F. സീറോ-ഫിനീഷ്യൻ സ്ത്രീയുടെ വിശ്വാസം 7:24–30
G. ബധിരനു സൗഖ്യം 7:31–37
5. യേശു ശിഷ്യർക്ക് രണ്ടാമതും സ്വയം വെളിപ്പെടുത്തുന്നു 8:1–30
A. നാലായിരംപേരെ തീറ്റി തൃപ്തരാക്കുന്നു 8:1–9
B. ഗലീലിയിലേക്കു തിരിക്കുന്നു 8:10
C. ഫരിസേയരുമായുള്ള സംഘർഷം 8:11–13
D. ഫരിസേയരുടെയും ഹേറോദേസിന്റെയും പുളിമാവ് 8:14–21
E. അന്ധനു കാഴ്ച 8:22–26
F. പത്രോസിന്റെ വിശ്വാസപ്രഖ്യാപനം 8:27–30
**VI ജറുസലേമിലേക്കുള്ള ദൈവപുത്രന്റെ യാത്ര 8:31–10:52**
1. പീഡാനുഭവം : ഒന്നാം പ്രവചനവും ശിഷ്യത്വപാഠവും 8:31–9:29
A. ഒന്നാം പീഡാനുഭവപ്രവചനം 8:31–33
B. ശിഷ്യത്വം ആവശ്യപ്പെടുന്ന ത്യാഗങ്ങൾ 8:34–9,1
2. രൂപാന്തരീകരണം 9:2–8
3. ഏലിയായുടെ ആഗമനം 9:9–13
4. അപസ്മാരബാധിതനായ കുട്ടിയെ സുഖപ്പെടുത്തുന്നു 9:14–29
5. പീഡാനുഭവം: രണ്ടാം പ്രവചനവും ശിഷ്യത്വ പാഠങ്ങളും 9:30–10:31
A. പീഡാനുഭവം: രണ്ടാം പ്രവചനം 9:30–32
B. സ്വർഗ്ഗരാജ്യത്തിലെ വലിയവൻ 9:33–37
C. വിഭാഗീയത എന്ന ഭോഷത്തം 9:38–41
D. അച്ചടക്ക രാഹിത്യം 9:42–50
E. വിവാഹത്തെക്കുറിച്ചുള്ള പ്രബോധനം 10,1–12
F. ശിശുക്കളെപ്പോലെയാവുക 10:13–16
G. ധനികനായ മനുഷ്യൻ 10:17–22
H. സമ്പത്തിനെക്കുറിച്ചുള്ള പ്രബോധനം 10:23–31
6. പീഡാനുഭവ: മൂന്നാം പ്രവചനവും ശിഷ്യത്വപാഠങ്ങളും 10:32–52
A. പീഡാനുഭവം: മൂന്നാം പ്രവചനം 10:32–34
B. ശുശ്രൂഷയെക്കുറിച്ചുള്ള പ്രബോധനം 10:35–45
7. ബർതിമേയൂസിനു കാഴ്ച 10:46–52
**VII ദൈവപുത്രന്റെ ജറുസലേം ശുശ്രൂഷ 11–13**
1. രാജകീയ പ്രവേശം 11:1–11
2. അത്തിവൃക്ഷത്തെ ശപിക്കുന്നു 11:12–14
3. ദേവാലയ കൃത്യം 11:15–19
4. ഉണങ്ങിയ അത്തിവൃക്ഷത്തിന്റെ പാഠംധനം 11:27–12:44
A. യോഹന്നാന്റെ അധികാരം 11:27–33
B. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ 12:1–12
C. നികുതിയെക്കുറിച്ചുള്ള പ്രബോധനം 12:13–17
D. പുനരുത്ഥാനത്തെക്കുറിച്ചുള്ള പ്രബോധനം 12:18–27

E. സുപ്രധാനമായ കല്പനകൾ 12:28–34
F. മിശിഹായെക്കുറിച്ചുള്ള മിശിഹായുടെ ചോദ്യം 12:35–37
G. നിയമജ്ഞരെ വിമർശിക്കുന്നു 12:38–40
H. വിധവയുടെ സമർപ്പണം 12:41–44

6. ഒലീവുമലയിലെ പ്രസംഗം 13
   A. പശ്ചാത്തലം 13:1–4
   B. വഴിതെറ്റിക്കുന്നവരെക്കുറിച്ചു മുന്നറിയിപ്പ് 13:5–8
   C. വ്യക്തിപരമായ പീഡനങ്ങളെക്കുറിച്ച് 13:9–13
   D. ഭീകരദുരിതങ്ങൾ 13:14–23
   E. മനുഷ്യപുത്രന്റെ രണ്ടാമത്തെ ആഗമനം 13:24–31
   F. ജാഗരുകരായിരിക്കുവിൻ 13:32–37

**VIII സഹിക്കുന്ന ദൈവപുത്രൻ 14–15**

1. തൈലാഭിഷേകവും അന്ത്യത്താഴവും 14:1–31
   A. യേശുവിനെ വധിക്കാൻ ആലോചന 14:1–2
   B. ബഥാനിയായിലെ തൈലാഭിഷേകം 14:3–9
   C. യൂദാസിന്റെ വഞ്ചന 14:10–11
   D. പെസഹാ ആയിരിക്കുന്നു 14:12–21
   E. പുതിയ ഉടമ്പടി 14:22–26
   F. പത്രോസിന്റെ ഗുരുനിഷേധത്തെക്കുറിച്ച് 14:27–31
2. ഗത്സെമനിയിലെ പ്രാർത്ഥനയും ഒറ്റിക്കൊടുക്കലും 14:32–52
   A. ഗത്സെമനിയിൽ പ്രാർത്ഥിക്കുന്നു 4:32–42
   B. യൂദാസ് ഒറ്റിക്കൊടുക്കുന്നു 14:43–52
3. വിചാരണ 14:53–15:15
   A. യഹൂദവിചാരണ: പ്രധാനപുരോഹിതന്റെ മുന്നിൽ 14:53–65
   B. പത്രോസ് തള്ളിപ്പറയുന്നു 14:66–72
   C. സാൻഹെദ്രിന്റെ വിധി 15:1
   D. റോമൻ വിചാരണ 15:2–15
4. ക്രൂശിക്കലും മരണവും 15:16–47
   A. പടയാളികളുടെ പരിഹാസം 15:16–20
   B. കുരിശിൽ തറയ്ക്കുന്നു 15:21–32
   C. യേശുവിന്റെ മരണം 15:33–41
   D. യേശുവിന്റെ സംസ്കാരം 15:42–47

**IX ഉത്ഥിതനായ ദൈവപുത്രൻ 16:1–20**

1. ഉത്ഥാനത്തെക്കുറിച്ചുള്ള അറിയിപ്പ് 16:1–8
2. ശിഷ്യർക്കു പ്രത്യക്ഷപ്പെടുന്നു 16:9–20
   A. മറിയം മഗ്ദലേനയ്ക്കു പ്രത്യക്ഷപ്പെടുന്നു 16:9–11
   B. രണ്ടു ശിഷ്യർക്കു പ്രത്യക്ഷപ്പെടുന്നു 16:12–13
   C. യേശു പതിനൊന്നുപേർക്കുമായി പ്രത്യക്ഷപ്പെടുന്നു 16:14–18
   D. യേശുവിന്റെ സ്വർഗ്ഗാരോഹണം 16:19–20

# ഗ്രന്ഥത്തിന്റെ ശീർഷകം (1:1)

ഈശോ ദൈവപുത്രനായ മിശിഹായാണെന്നതാണ് രണ്ടാമത്തെ സുവിശേഷത്തിന്റെ കാതലായ സന്ദേശം. ഈ സന്ദേശം തന്നെയാണ് ഗ്രന്ഥത്തിന്റെ തലക്കെട്ടെന്നു വിശേഷിപ്പിക്കാവുന്ന ആദ്യവാചകത്തിൽ തന്നെ മർക്കോസ് വെളിപ്പെടുത്തിയിരിക്കുന്നത്. 2-8 വരെയുള്ള ഭാഗത്തിന്റെ ആമുഖമായും ഈ വാക്യത്തെ കാണാവുന്നതാണ്. യഹോഷ്വ (യഹോവയാണ് രക്ഷ) എന്ന അരമായപദമായിരുന്നു യേശുവിന്റെ യഥാർത്ഥ വിളിപ്പേര്. ഈ പദത്തിന്റെ ഹ്രസ്വരൂപങ്ങളാണ് യേഷുവാ, യേഷു എന്നിവ. ജോഷ്വാ എന്നത് ഇവയുടെ ആംഗലേയരൂപവും. ഇസ്രായേൽ ജനത്തെ വാഗ്ദത്തനാടായ കാനാൻദേശത്തെത്തിച്ച പഴയനിയമ പിതാവായ ജോഷ്വായുടെ നാമംതന്നെയാണ് സ്വർഗ്ഗമാകുന്ന വാഗ്ദത്തനാട്ടിലേക്ക് മനുഷ്യവംശത്തെ നയിക്കുന്ന യേശുവിന് നൽകപ്പെട്ടത് എന്നുസാരം. യഹോഷ്വാ എന്ന പദത്തിന്റെ സുറിയാനി രൂപമാണ് ഈശോ. യേസുസ് എന്നത് ഗ്രീക്കുരൂപവും. യേസുസ് എന്ന ഗ്രീക്കുപദത്തിന്റെ ഇംഗ്ലീഷ് തർജ്ജമയാണ് ജീസസ് (Jesus). യേശു എന്നത് മലയാളവും.

യേശു എന്നത് വിളിപ്പേരാണെങ്കിൽ ക്രിസ്തു എന്നത് സ്ഥാനപ്പേരാണ് (Title). യേശുതന്നെയാണ് ക്രിസ്തു എന്ന വിശ്വാസമാണ് യേശുവിനെ 'യേശുക്രിസ്തു' എന്നുവിളിക്കാൻ കാരണം. യേശു എന്ന ചരിത്ര പുരുഷനെ വിശ്വാസികൾ ക്രിസ്തുവായി ഏറ്റുപറയാൻ തുടങ്ങിയപ്പോൾ അവൻ യേശുക്രിസ്തുവായി. മെസിയാഹ് എന്ന അരമായപദ (അഭിഷിക്തൻ) ത്തിന്റെ സുറിയാനിരൂപം മിശിഹായെന്നും ഗ്രീക്കുരൂപം ക്രിസ്തോസ് (Christos) എന്നുമാണ്. ക്രിസ്തോസ് എന്ന വാക്കിന്റെ ആംഗലേയ തർജ്ജമയായ ക്രൈസ്റ്റ് (Christ) എന്ന പദത്തിന്റെ മലയാള പരിഭാഷയാണ് ക്രിസ്തു.

'യേശുക്രിസ്തുവിന്റെ സുവിശേഷം' എന്നാൽ യേശുക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷം എന്നും യേശുക്രിസ്തുവിൽനിന്നുള്ള സുവിശേഷം എന്നും മനസ്സിലാക്കാം.

സുവിശേഷമെന്ന വാക്കിന്റെ മൂലഗ്രീക്കു രൂപമായ എവാൻഗേലിയോൺ (Euangelion) എന്നാൽ സദ്വാർത്ത (Good News) എന്നാണർത്ഥം. ഗ്രീക്കുകാരുടെ ഇടയിൽ ഇത് രാജത്വവുമായി ബന്ധപ്പെട്ട വാക്കാണ്. രാജാവിന്റെ ജനനം, കിരീടധാരണം, യുദ്ധവിജയം, സന്ദർശനം എന്നിവയൊക്കെ എവാൻഗേലിയോൺ ആണ് (മലയാളത്തിൽ പള്ളിനീരാട്ട്, പള്ളിയുറക്കം എന്നിവയൊക്കെ ദേവന്മാരും രാജാക്കന്മാരുമൊക്കെയായി ബന്ധപ്പെട്ട വാക്കുകളാണല്ലോ). സെപ്ത്വജിന്തിൽ (Septuagint) ബഹുവചനരൂപമായ 'സദ്വാർത്തകൾ' എന്ന പദം ഹീബ്രു പദമായ ബാസർ-ന്റെ തർജ്ജമയായി ഉപയോഗിച്ചിരിക്കുന്നു. പ്രത്യേകം നിയോഗിക്കപ്പെട്ട ദൂതൻ അറിയിക്കുന്ന പ്രധാനപ്പെട്ടതും സന്തോഷകരവുമായ വാർത്ത എന്ന അർത്ഥത്തിലാണ് സെപ്ത്വജിന്ത് ഈ വാക്യം ഉപയോഗിച്ചിരിക്കുന്നത് (1 സാമു 31:9; നാഹും 1:15; ജറെ 20:14-15).

പുതിയനിയമത്തിൽ സുവിശേഷം എന്ന നാമരൂപം ഏറ്റവും അധികം ഉപയോഗിച്ചിരിക്കുന്നത് പൗലോസാണ്. പുതിയനിയമത്തിലാകെ 76 തവണ ഈ വാക്കുപയോഗിച്ചി രിക്കുന്നു അതിൽ 60 തവണയും പൗലോസിന്റെ ലേഖനങ്ങളിലാണ്. പൗലോസിന്റെ വീക്ഷണത്തിൽ ഈശോയുടെ പെസഹാരഹസ്യങ്ങളിലൂടെ ദൈവം മനുഷ്യവംശത്തെ രക്ഷിച്ചിരിക്കുന്നു എന്നതാണ് സുവിശേഷം (റോമാ 1:1,9,16; 2:16). പഴയനിയമ കാഴ്ചപ്പാടിൽനിന്നു വിഭിന്നമായി, നിയമത്തിലൂടെയല്ല യേശുവിലൂടെയാണ് രക്ഷ എന്നതാണ് സുവിശേഷം.

കഥ, കവിത, കത്ത്, നാടകം എന്നിങ്ങനെ യുള്ള സാഹിത്യരൂപങ്ങൾ പോലെയുള്ള മറ്റൊരു സാഹിത്യരൂപവും കൂടിയാണ് 'സുവിശേഷം.' സുവിശേഷമെന്ന സാഹിത്യരൂപത്തിൽ ലോകചരിത്രവും ജീവചരിത്രവും ഉൾച്ചേർന്നിരിക്കുന്നെങ്കിലും അത് നിഷ്കൃഷ്ടാർത്ഥത്തിൽ ചരിത്ര പുരുഷനായ യേശുവിന്റെ ജീവചരിത്രമല്ല, പ്രത്യുത യേശുവിനെക്കുറിച്ചുള്ള വിശ്വാസസാക്ഷ്യമാണ്. യേശുവിന്റെ ശിഷ്യർ ആദിമസഭയിൽ യേശുവിനെക്കുറിച്ച് വിശ്വസിച്ചതും പ്രസംഗിച്ചതുമായ കാര്യങ്ങൾ ഉൾച്ചേർത്തെഴുതികൊണ്ട് മർക്കോസ് രൂപംകൊടുത്ത പുതിയ സാഹിത്യരൂപമാണ് സുവിശേഷമെന്ന് പല പണ്ഡിതരും അഭിപ്രായപ്പെടുന്നത്.

ആദ്യവാക്യത്തിലൂടെ സുവിശേഷകൻ തന്റെ ഗ്രന്ഥത്തിലെ നായകനും മുഖ്യകഥാപാത്രവുമായ യേശു യഥാർത്ഥത്തിൽ ആരാണെന്ന സത്യം വായനക്കാരന് വെളിപ്പെടുത്തിക്കൊടുക്കുന്നു. യേശു, മിശിഹായാണ്; ദൈവപുത്രനായ മിശിഹാ. യേശു തന്റെ പുത്രനാണെന്നകാര്യം ദൈവംതന്നെ വ്യക്തമാക്കുന്നുണ്ട് (1:11; 9:7); അശുദ്ധാത്മാക്കളും ഇക്കാര്യം അംഗീകരിക്കുന്നുണ്ട് (3:11; 5:7); താൻ ദൈവപുത്രനാണെന്ന കാര്യം യേശുതന്നെയും പ്രഖ്യാപിക്കുന്നു (14:62). എന്നാൽ ഇത് മാനുഷിക കഥാപാത്രങ്ങളിൽനിന്ന് സുവിശേഷത്തിന്റെ അവസാന പേജുകൾവരെയും മറഞ്ഞിരിക്കുന്ന രഹസ്യമാണ്. അതുകൊണ്ടുതന്നെ തീർത്തും അപ്രതീക്ഷിതമായ രീതിയിൽ വിജാതീയനും അപരിചിതനുമായ ശതാധിപൻ യേശു ദൈവപുത്രനാണെന്നു പ്രഖ്യാപിക്കുന്നതാണു സുവിശേഷത്തിന്റെ പരമകാഷ്ഠ (15:39).

**വിചിന്തനം:** യേശുവിന്റെ കഥ മർക്കോസിലാരംഭിക്കുന്നത് യേശുവിന്റെ ജ്ഞാനസ്നാനത്തോടുകൂടിയാണ്. യേശുവിന്റെ ജനനവും അതോടനുബന്ധിച്ച് മത്തായി, ലൂക്കാസുവിശേഷകന്മാർ നൽകുന്ന വിവരണങ്ങളുമൊന്നും മർക്കോസിൽ നാം കാണുന്നില്ല. ആദ്യസുവിശേഷകനായ മർക്കോസായിരുന്നില്ലേ യേശുവിന്റെ ജനനത്തെക്കുറിച്ചൊക്കെ വിശദമായി പ്രതിപാദിക്കേണ്ടിയിരുന്നത്? അതിനുള്ള മറുപടി, ആദ്യസുവിശേഷത്തിൽ ആദിമസഭയുടെ പ്രഘോഷണത്തിന്റെ ഊന്നലാണ് പ്രതിഫലിച്ചു കാണുന്നത് എന്നതാണ്. 'നിങ്ങൾ കുരിശിൽ തറച്ചുകൊന്ന യേശുവിനെ ദൈവം ഉയിർപ്പിച്ചു' എന്നതായിരുന്നു ആദിമസഭയുടെ പ്രഘോഷണത്തിന്റെ കാതൽ. അതുകൊണ്ടുതന്നെ ആദ്യം എഴുതപ്പെട്ട സുവിശേഷം പീഡാനുഭവത്തിനും, കുരിശുമരണത്തിനും, ഉത്ഥാനത്തിനുമാണ് ഊന്നൽ നൽകിയിട്ടുള്ളത്. യേശുവിലുള്ള

വിശ്വാസം സ്വീകരിച്ചവർ പിന്നീട് അവിടുത്തെ ജീവിതത്തെക്കുറിച്ചും പ്രബോധനത്തെക്കുറിച്ചും കൂടുതൽ അറിയാൻ താല്പര്യം പ്രകടിപ്പിച്ചു എന്നതിന്റെ തെളിവാണ് ഈശോയുടെ പ്രബോധനങ്ങളും ജനനവിവരണങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് മത്തായിയും ലൂക്കായും സുവിശേഷം എഴുതിയത്. അങ്ങനെ നോക്കുമ്പോൾ ഈശോയുടെ അവസാന കാലഘട്ടങ്ങളെക്കാൾ ആദ്യകാലഘട്ടങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് പിന്നീടുള്ള സുവിശേഷങ്ങൾ വിപുലപ്പെടുത്തിയതെന്ന് വ്യക്തം. യോഹന്നാൻ യേശുവിന്റെ കഥ പിന്നെയും പുറകിലേക്കു നീട്ടി – യേശുവിന്റെ ഈ ലോകചരിത്രത്തിനുമുമ്പുള്ള കാലഘട്ടത്തിലേക്ക്, സ്വർഗ്ഗത്തിലെ അവന്റെ അസ്ഥിത്വത്തിലേക്ക്.

## സ്നാപക യോഹന്നാന്റെ പരസ്യജീവിതം (1:2-8)

ഈ സുവിശേഷത്തിലെ ഒന്നാംവാക്യം തലക്കെട്ടായി കണക്കാക്കിയാൽ സുവിശേഷം ആരംഭിക്കുന്നത് രണ്ടാംവാക്യത്തിലാണ് പഴയനിയമം ഉദ്ധരിച്ചുകൊണ്ടാണ് മർക്കോസ് സുവിശേഷം ആരംഭിക്കുന്നതുതന്നെ. സുവിശേഷകൻ ഉദ്ധരിക്കുന്ന ഏക പഴയനിയമഭാഗവുമാണിത്. യേശുവിനെക്കുറിച്ചു മനസ്സിലാക്കണമെങ്കിൽ മിശിഹായെക്കുറിച്ചുള്ള പഴയനിയമഭാഗങ്ങൾ ഗ്രഹിക്കേണ്ടതാവശ്യമാണെന്നാണ് ഇതിനർത്ഥം. മിശിഹായുടെ മുന്നോടിയെക്കുറിച്ചുള്ള പഴയനിയമ പ്രവചനം യോഹന്നാനിൽ പൂർത്തിയായിരിക്കുന്നുവെന്ന് വ്യക്തമാക്കുകയാണ് ഈ ഉദ്ധരണിയുടെ ഉദ്ദേശ്യം. "എഴുതപ്പെട്ടിരിക്കുന്നതു പോലെ": പഴയനിയമ ഗ്രന്ഥങ്ങൾ അനുവാചകർക്ക് പരിചിതമായിരുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. കുട്ടികളെ വായിക്കാൻ പഠിപ്പിക്കണമെന്നും പൂർവ്വികരുടെ നിയമങ്ങളും പ്രവർത്തനങ്ങളും അവർ അറിഞ്ഞിരിക്കണമെന്നും യഹൂദരുടെ നിയമപുസ്തകം അനുശാസിച്ചിരുന്നു. ഏശയ്യായുടെ പുസ്തകവും സങ്കീർത്തനങ്ങളുമായിരുന്നു ആദിമ ക്രൈസ്തവർക്ക് ഏറ്റവും പ്രിയങ്കരമായിരുന്ന പുസ്തകങ്ങൾ.

ഏശയ്യാ പ്രവാചകനെയാണ് സുവിശേഷകൻ ഉദ്ധരിച്ചിരിക്കുന്നതെങ്കിലും ഉദ്ധരണി അതേപടി ഏശയ്യായുടെ ഗ്രന്ഥത്തിൽ നാം കാണുന്നില്ല "ഇതാ നിനക്ക്... വഴിയൊരുക്കും" എന്ന ഭാഗം മലാ 3:1 ൽ നിന്നും തുടർന്നുള്ള ഭാഗം ഏശ 40:3-ൽ നിന്നുമാണ് എടുത്തിട്ടുള്ളത്. മരുഭൂമി യാത്രയിൽ ഇസ്രായേലിന് മുമ്പേപോയ ദൂതനെയും (പുറ 23:20) മലാക്കി പ്രവചനഭാഗം അനുസ്മരിപ്പിക്കുന്നു. ഏശ 40:3; മലാ 3:1; പുറ 23:20 എന്നീ പഴയനിയമഭാഗങ്ങളുടെ സമുച്ചയമാണ് മർക്കോസിന്റെ ഉദ്ധരണിയിൽ കാണുന്നത്. ഉദ്ധരണിയുടെ ഏറിയഭാഗവും ഏശയ്യായിൽനിന്ന് എടുത്തതുകൊണ്ടാവാം ഏശയ്യായുടെ പേര് നൽകിയിരിക്കുന്നത്.

"മരുഭൂമി": ജറുസലെമിന് കിഴക്ക് ചാവുകടൽവരെയുള്ള വിശാലവും വിജനവും ഫലശൂന്യവുമായ കരയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഭാവാർത്ഥത്തിൽ മരുഭൂമി ദൈവപരിപാലനയുടെയും ദൈവമനുഷ്യ

ബന്ധത്തിന്റെയും അരങ്ങാണ് (ജറെ 2:2-3; ഹോസി 2:14-15; സങ്കീ 78:12-53; 105:39-45). എന്നാൽ നിഷേധാർത്ഥത്തിൽ അത് പരീക്ഷ യുടെയും മറുതലിപ്പിന്റെയും വേദിയാണ് (പുറ 16; സംഖ്യ 11: സങ്കീ 78:17-22). മരുഭൂമിക്ക് രക്ഷാകരചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ട് രക്ഷ മരുഭൂമിയുമായി ബന്ധപ്പെട്ടിരിക്കുന്നു. മോശയും ഏലിയായും ദാവീദു മൊക്കെ മരുഭൂമിയിലേക്ക് പലായനം ചെയ്തവരാണ് (പുറ 2:15; 1 സാമു 23:14; 1 രാജാ 19:3-4). യേശു മരുഭൂമിയിൽനിന്ന് വന്നാണ് ദൈവരാജ്യ ത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നത്. പലതവണ മരുഭൂമിയിലേക്ക് അവിടുന്ന് പിൻവാങ്ങുകയും ചെയ്യുന്നു (മർക്കോ 1:35,45; 6:31-32,35; 8:4).

"വഴിയൊരുക്കുക": തന്റെ പ്രസംഗത്തിലൂടെ അനുതാപികളുടെ ഒരു സമൂഹത്തെ സൃഷ്ടിച്ചുകൊണ്ട് യോഹന്നാൻ യേശുവിന് വഴിയൊരുക്കി. അനുതപിച്ചുകൊണ്ട് കർത്താവിന്റെ രണ്ടാംവരവിന് നാമും വഴിയൊരു ക്കേണ്ടിയിരിക്കുന്നു. നടപടി 9:2ൽ ക്രിസ്ത്യാനികളെ "മാർഗ്ഗ"ത്തിൽ പ്പെട്ടവരായി വിശേഷിപ്പിച്ചിരിക്കുന്നു. മർക്കോസിൽ "വഴി" ശിഷ്യത്വ ത്തിന്റെ "മാർഗ്ഗം" കൂടിയാണ്. യോഹന്നാന്റെ പ്രസംഗം ശ്രോതാക്കളിൽ വിമോചനപ്രതീക്ഷകൾ പ്രോജ്വലിപ്പിച്ചു; ആന്തരികപരിവർത്തനത്തിന് അവരെ തയ്യാറാക്കി. അനുതാപം (Metanoia - മെത്തനോ യിയ) എന്നാൽ മനംമാറ്റം എന്നർത്ഥം. ദൈവത്തിലേക്കു തിരിച്ചുവരിക (ഹീബ്രുവിൽ ഷൂബ് എന്നാൽ തിരിച്ചുവരവ് എന്നർത്ഥം) എന്ന പഴയനിയമ പ്രവാചകാഹ്വാനത്തിന്റെ ആവർത്തനമാണിത്. തങ്ങളുടെ അനുതാ പത്തിന്റെയും ദൈവത്തിൽനിന്നുള്ള പാപമോചനത്തിനായുള്ള ദാഹത്തിന്റെയും അടയാളമായിരുന്നു അവർ സ്വീകരിച്ച മാമ്മോദീസ. വാസ്തവത്തിൽ യഹൂദർ മറ്റുള്ളവരിൽനിന്ന് സ്നാനം സ്വീകരിക്കുന്ന പതിവുണ്ടായിരുന്നില്ല. ക്ഷാളനകർമ്മങ്ങൾ അവർ സ്വയം ചെയ്യുകയായി രുന്നു പതിവ്. എന്നാൽ തന്നെ സമീപിച്ചവർക്ക് യോഹന്നാൻ നേരിട്ട് സ്നാനം നൽകാൻ ആരംഭിച്ചു. അതിനാലാണ് സ്നാനം നൽകുന്ന യോഹന്നാൻ എന്ന അർത്ഥത്തിൽ സ്നാപകയോഹന്നാൻ എന്നദ്ദേഹം അറിയ പ്പെട്ടത്. ഹെർമോൺ മലയിൽനിന്നുത്ഭവിച്ച് ഗലീലാക്കടലിലെത്തി അവിടെനിന്ന് ഭൂമിയിലെ ഏറ്റവും താഴ്ന്ന സ്ഥലമായ ചാവുകടലിലേക്ക് (സമുദ്രനിരപ്പിൽനിന്നും 2750 അടി താഴ്ച്ച) ഒഴുകുന്ന 120 മൈൽ നീളമുള്ള നദിയാണ് ജോർദ്ദാൻ.

യേശുവിന്റെ സാധാരണ വസ്ത്രങ്ങളും ഭക്ഷണവുമൊക്കെ എന്തായി രുന്നുവെന്ന് സുവിശേഷകരാരും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സ്നാപകന്റെ വേഷവും ആഹാരവും എന്തായിരുന്നുവെന്ന് മർക്കോസ് വ്യക്തമാക്കുന്നു. സ്നാപകൻ ഒരു പ്രവാചകനാണെന്നു സൂചിപ്പി ക്കുകയാണു സുവിശേഷകൻ. കാരണം തോൽവസ്ത്രവും അരപ്പട്ടയും ഇസ്രായേലിലെ പ്രവാചകരുടെ വേഷമായിരുന്നു (സഖ 13:4). വളരെ പ്രത്യേകമായി സ്നാപകനെ ഏലിയാപ്രവാചകന്റെ വേഷവിധാനങ്ങ ളോടെയാണ് മർക്കോസ് അവതരിപ്പിക്കുന്നത് (2 രാജാ 1:8). ആഡംബരത്തിന്റെ ആട്ടിൻതോലുകൊണ്ടുള്ള വസ്ത്രം സ്നാപകൻ വെറുത്തു; ലാളിത്യത്തിന്റെ ഒട്ടകരോമംകൊണ്ടുള്ള വസ്ത്രം ധരിച്ചു (അലക്സാണ്ഡ്രിയായിലെ ക്ലമെന്റ്).

സ്നാപകന് ഭക്തയായ മാതാവും പുരോഹിതനായ പിതാവുമാണു ണ്ടായിരുന്നത്. അമ്മയുടെ സ്നേഹമോ അപ്പന്റെ സമ്പത്തോ സ്വഭവനം ഉപേക്ഷിക്കുന്നതിന് സ്നാപകന് തടസ്സമായില്ല (വി. ജെറോം).

സ്വർണ്ണനൂലുകൊണ്ടു നെയ്ത മഹാപുരോഹിതവസ്ത്രത്തേക്കാൾ ഒട്ടകരോമംകൊണ്ടുള്ള വസ്ത്രത്തെ സ്നാപകൻ വിലമതിച്ചു. മഹാ പുരോഹിതസ്ഥാനത്തേയ്ക്കുള്ള തന്റെ പരമ്പരാഗത അവകാശം ഉപേക്ഷിച്ചുകൊണ്ട് അതിനെക്കാൾ മഹത്തായ മഹാപുരോഹിതന്റെ മുന്നോടിയാണ് താനെന്നു സ്നാപകൻ വ്യക്തമാക്കി (വന്ദ്യ ബീഡ്).

തന്റെ ആത്മാവിന് ചിറകുമുളയ്ക്കാൻ അവൻ വെട്ടുക്കിളികൾ ഭക്ഷിച്ചു. തേൻപോലെ പ്രയോജനകരമായ വാക്കുകളായിരുന്നു അവന്റേത്. ഒട്ടകരോമംകൊണ്ടുള്ള വസ്ത്രംധരിച്ച് അവൻ വിശുദ്ധ ജീവിതത്തിന് മാതൃകയായി... പാമ്പ് ഇടുങ്ങിയ വഴിയിലൂടെ ഞെരുങ്ങി മുന്നോട്ടിഴഞ്ഞ് അതിന്റെ പടം പൊഴിക്കുന്നു. പടം പൊഴിയുന്നതോടെ ശരീരത്തിൽ അത് ചെറുപ്പമായിത്തീരുന്നു. അതുകൊണ്ട് ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുക... ഉപവാസത്തിലൂടെ നിങ്ങളെത്തന്നെ ഞെരുക്കുക... പഴയമനുഷ്യനെ അതിന്റെ ചെയ്തികളോടെ ഉരിഞ്ഞു കളയുക (ജറുസലെമിലെ വിശുദ്ധ സിറിൾ). വെട്ടുക്കിളിയും കാട്ടുതേനും മരുഭൂമിയിൽ ലഭിക്കുന്നതും ശുദ്ധവുമായ (ലേവ്യ 11:20-23. CD 12:14 ഖുമ്രാനിലെ എസീനികളും വെട്ടുക്കിളികളെ ഭക്ഷിച്ചിരുന്നു) ആഹാരമാണ്. അദ്ദേഹത്തിന്റെ ഭക്ഷണവും സ്നാപകൻ പ്രവാചകൻ തന്നെ എന്നു വ്യക്തമാക്കുന്നു (ദാനി 1:8). സ്നാപകന്റെ വേഷവും ഭക്ഷണവും അധിവാസസ്ഥലവും സന്ദേശവും ജീവിതരീതിയുമെല്ലാം അദ്ദേഹമൊരു ദൈവമനുഷ്യനാണെന്ന ബോധ്യം ജനങ്ങളിലുദിപ്പിച്ചു. അതുകൊണ്ട് അവരെല്ലായിടത്തുനിന്നും അദ്ദേഹത്തിന്റെ അടുത്തെത്തി. "പാപങ്ങൾ ഏറ്റുപറഞ്ഞ്:" രഹസ്യവും പരസ്യവുമായ പാപങ്ങൾ ഏറ്റുപറയുക എന്നത് യഹൂദരുടെ അംഗീകൃതമായ പ്രാർത്ഥനാ രീതിയാ യിരുന്നു (ലേവ്യ 5:5; സങ്കീ 32:5; 38:18; 51:3-5; ദാനി 9:4-19; ബാറൂ 2:6-10). പാപങ്ങൾ ഏറ്റുപറയുകയും അനുതപിക്കുകയും ചെയ്യുന്നവർ ദൈവ ത്തോട് എളുപ്പം രമ്യതപ്പെടുന്നുവെന്ന് ജൊസേഫൂസ് ( War 5:415) സാക്ഷിക്കുന്നു.

"കൂടുതൽ ശക്തനായവൻ " എന്നാണ് യോഹന്നാൻ യേശുവിനെ പരിചയപ്പെടുത്തുന്നത്. അഞ്ചാമത്തെ അദ്ധ്യായത്തിൽ "കൂടുതൽ ശക്തനായവൻ" എന്നപേര് തന്നെത്തന്നെ വിശേഷിപ്പിക്കാൻ യേശു ഉപയോഗിക്കുന്നതായി നാം കാണുന്നു. "പിന്നാലെ വരുന്നത്" ശിഷ്യ രാണ്, ഗുരുവിന്റെ. തന്മൂലം യേശു സ്നാപകന്റെ ശിഷ്യനായിരുന്നുവെന്ന് വിചാരിക്കാവുന്നതാണ്. ശുശ്രൂഷയുടെ കാലക്രമത്തിലും സ്നാപകന്റെ പിന്നാലെ വന്നവനാണ് യേശു. ശുശ്രൂഷയുടെ കാര്യത്തിൽ തന്റെ ഇളയവനായ യേശുവിനെ, പക്ഷേ, കൂടുതൽ ശക്തനായവനായി യോഹന്നാൻ അംഗീകരിക്കുന്നു. താനും യേശുവും തമ്മിൽ രണ്ടു കാര്യങ്ങളിലാണ് യോഹന്നാൻ താരതമ്യം നടത്തുന്നത്: വ്യക്തിമാഹാ ത്മ്യവും ശുശ്രൂഷയും വ്യക്തിമാഹാത്മ്യത്തിന്റെ കാര്യത്തിൽ യജമാന

നും അടിമയും തമ്മിലുള്ള അന്തരത്തിലും വിദൂരമാണ് യേശുവും താനും തമ്മിലുള്ള വ്യത്യാസം എന്നു യോഹന്നാൻ പറഞ്ഞുവയ്ക്കുന്നു. യഹൂദരുടെ രീതിയനുസരിച്ച്, യഹൂദരായ അടിമകളെകൊണ്ട് യജമാനന്മാർ തങ്ങളുടെ ചെരുപ്പിന്റെ വാർ അഴിപ്പിച്ചിരുന്നില്ല. കാരണം, ഒരു യഹൂദനെകൊണ്ട് ചെയ്യിക്കാൻപാടില്ലാത്തത്ര താഴ്ന്ന പ്രവർത്തിയായാണ് യഹൂദർ അതിനെ പരിഗണിച്ചിരുന്നത്. ബാബിലോണിയൻ താൽമുദിൽ റബ്ബി ജോഷ്വാ ബെൻ ലേവി പറയുന്നതിപ്രകാരമാണ്: "ഗുരുവിന്റെ ചെരുപ്പഴിക്കുന്നതൊഴികെ, ഒരടിമ തന്റെ യജമാനന് ചെയ്തുകൊടുക്കുന്ന എല്ലാ ശുശ്രൂഷകളും തന്റെ ഗുരുവിന് ശിഷ്യൻ ചെയ്തുകൊടുക്കേണ്ടതാണ്".

താൻ ജലംകൊണ്ടു സ്നാനം നൽകുന്നവനാണെങ്കിൽ യേശു പരിശുദ്ധാത്മാവിനെക്കൊണ്ട് സ്നാനം നൽകുന്നവനാണെന്നതാണ് തങ്ങളുടെ ശുശ്രൂഷയുടെ വൈജാത്യമായി സ്നാപകൻ ചൂണ്ടിക്കാണിക്കുന്നത്.

**വിചിന്തനം:** മൂപ്പിളമതർക്കങ്ങളിൽ ഇളയവരെ അംഗീകരിക്കാതിരിക്കുകയും കൊച്ചാക്കുകയും ചെയ്യുന്നവരുടെയിടയിൽ, തന്നേക്കാൾ ഇളയവനായ, തന്റെ ശിഷ്യനായ യേശുവിനെ തന്നെക്കാൾ ശക്തനായി പരസ്യമായി പ്രഖ്യാപിക്കുന്ന യോഹന്നാൻ ഒരു വെല്ലുവിളിതന്നെ. അദ്ദേഹത്തിന്റെ ലളിതമായ ജീവിതവും വിനയാന്വിതമായ മനോഭാവങ്ങളും ജനങ്ങൾക്കദ്ദേഹത്തെ സ്വീകാര്യനാക്കി. ജനഹൃദയങ്ങളിലേക്ക് യേശുവിലേക്ക് വഴിവെട്ടാൻ സ്നാപകൻ ആദ്യം തന്റെതന്നെ ജീവിതം വെട്ടി ശരിയാക്കി.

## യേശുവിന്റെ ശുശ്രൂഷാരംഭം (1:9–15)

ഗലീലിയിലെ നസ്രത്തിൽനിന്ന് വന്നവൻ" എന്നു മാത്രമാണ് ഏകദേശം 30 വർഷം നീണ്ടുനിന്ന യേശുവിന്റെ രഹസ്യജീവിതത്തെക്കുറിച്ച് സുവിശേഷകൻ രേഖപ്പെടുത്തുന്നത്. ഒരു മനുഷ്യജീവിതത്തിന്റെ ഏറ്റവും സുന്ദരമായ യൗവ്വനത്തിന്റെ ഏതാണ്ട് അവസാനഘട്ടംവരെ യേശു ആരാലും അറിയപ്പെടാതെ മരപ്പണിചെയ്ത് (6:3) ജീവിച്ചുവെന്നത് മനസ്സിലാക്കാൻ ഒരുപക്ഷേ ബുദ്ധിമുട്ടുള്ള കാര്യമാണ്. ദൈവപുത്രന് ഈ നല്ലകാലത്ത് മറ്റെന്തെല്ലാം ചെയ്യാമായിരുന്നു. പക്ഷെ ദൈവം തന്റെ പുത്രന്റെ ഭൗമികകാലഘട്ടത്തിന്റെ ഏതാണ്ട് 87% സമയവും അവനിൽ നിന്നാവശ്യപ്പെട്ടത് ഒരു സാധാരണജീവിതമായിരുന്നു – നമ്മിൽ ബഹഭൂരിപക്ഷത്തെയുംപോലെ. തുടർന്ന് പരസ്യജീവിത കാലഘട്ടത്തിൽ അവനിൽ നിന്നാവശ്യപ്പെട്ടത് ഒരു സഹനജീവിതം – നമുക്കെല്ലാവർക്കുംവേണ്ടി.

**"ഗലീലിയിലെ നസ്രത്ത്":** ഗലീലി എന്ന വാക്കിന് "വൃത്തം" എന്ന് അർത്ഥം കല്പിക്കാറുണ്ട്. ഗലീലിയുടെ വടക്കും പടിഞ്ഞാറും ഫിനീഷ്യയും സിറിയയും തെക്കുവശത്ത് സമറിയായും കിഴക്ക് ഗലീലിത്തടാകവും ജോർദ്ദാൻ നദിയുമാണുള്ളത്. യേശുവിന്റെ കാലത്ത്

ഗലീലിയിലുണ്ടായിരുന്ന 2 പ്രധാന പട്ടണങ്ങളായിരുന്നു സെഫോറിസും തിബേരിയാസും. "നസ്രത്ത്": ലോവർ ഗലീലിയിൽ ജെസ്രേൽ താഴ്‌വരയ്ക്ക് വടക്കു സ്ഥിതി ചെയ്തിരുന്ന ചെറുഗ്രാമം. അഞ്ഞൂറോളം ആയിരുന്നു ഇവിടുത്തെ അക്കാലത്തെ ജനസംഖ്യ. നസ്രത്തിന് പതിനഞ്ചുമേൽ കിഴക്കായിരുന്നു ഗലീലിതടാകം; 20 മൈൽ പടിഞ്ഞാറ് മെഡിറ്ററേനിയൻ കടലും. നസ്രത്ത് – ദൈവം തന്റെ പുത്രനുവേണ്ടി ഭൂമിയിൽ കണ്ടെത്തിയ സ്ഥലം. ഉന്നതകുലജാതരും സമ്പന്നരുമായ യഹൂദരെല്ലാംതന്നെ യൂദയായിലും സാധിക്കുമെങ്കിൽ ജറുസലെം നഗരത്തിലുമാണ് ജീവിച്ചിരുന്നത്. വിജാതീയർ ധാരാളമായി അധിവസിച്ചിരുന്നതുമൂലം "വിജാതീയരുടെ ഗലീലി" എന്നറിയപ്പെട്ടിരുന്ന ഗലീലിയിൽ താമസിച്ചിരുന്ന യഹൂദരെ രണ്ടാംകിടക്കാരായാണ് യൂദയായിലെ യഹൂദർ കരുതിയിരുന്നത് (യോഹ 7:52). ഗലീലിയിലെതന്നെ ഒരു ചെറുഗ്രാമമായിരുന്നു നസ്രത്ത്. പഴയനിയമത്തിൽ അനേകം സ്ഥലനാമങ്ങളുണ്ടെങ്കിലും ഒരിക്കൽപോലും നസ്രത്ത് പരാമർശിക്കപ്പെട്ടിട്ടില്ല എന്നത് അതിന്റെ അപ്രാധാന്യത്തിന്റെ സൂചനയാകാം.

യേശുവിന്റെ ഔന്നത്യത്തെക്കുറിച്ചുള്ള യോഹന്നാന്റെ വാക്കുകൾക്കുശേഷം (1:7–8) യേശു യോഹന്നാനിൽനിന്ന് സ്നാനം സ്വീകരിക്കുന്നത് വൈരുദ്ധ്യമാണെന്നു തോന്നാം. സുവിശേഷകർക്കും ഇത് ഉൾക്കൊള്ളാൻ ബുദ്ധിമുട്ടായിരുന്നുവെന്ന് അവരുടെ വിവരണങ്ങൾ സൂചിപ്പിക്കുന്നു: മത്തായി ഈ സംഭവത്തിന് വിശദീകരണം നൽകാൻ ശ്രമിക്കുന്നു (മത്താ 3:13–15); സ്നാപകയോഹന്നാൻ യേശുവിന് ജ്ഞാനസ്നാനം നൽകിയെന്ന് നാലാം സുവിശേഷകൻ കൃത്യമായി പറയുന്നുമില്ല (യോഹ 1:32–34).

യോഹന്നാനിൽനിന്ന് മാമോദ്ദീസാ സ്വീകരിച്ചു എന്നത് യേശു യോഹന്നാന്റെ ആദ്യകാലശിഷ്യനായിരുന്നു എന്ന സിദ്ധാന്തത്തെ പിൻതാങ്ങുന്ന കാര്യമാണ്. യോഹന്നാൻ പ്രസംഗിച്ചത് "പാപമോചനത്തിനുള്ള അനുതാപത്തിന്റെ ജ്ഞാനസ്നാന"മായിരുന്നുവല്ലോ. പാപഹീനനായ യേശു (2 കോറി 5:21) ആ സ്നാനം സ്വീകരിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല എങ്കിലും താൻ രക്ഷിക്കാൻവന്ന പാപികളായ മനുഷ്യരുമായി തന്നെതന്നെ താദാത്മ്യപ്പെടുത്തുന്നതിനുവേണ്ടി യേശു സ്നാനം സ്വീകരിച്ചു. യേശു മാമോദ്ദീസ സ്വീകരിച്ചവേളയിൽ സ്വർഗ്ഗം തുറക്കപ്പെട്ടു. "അതുവരെ പാതാളം മാത്രമായിരുന്നു മനുഷ്യനായി തുറന്നുകിടന്നത്" (ഹിപ്പോളിറ്റസ്). സ്വർഗ്ഗം "പിളർന്ന്" തുറക്കുന്നതായി അവൻ കാണുന്നു. ഇവിടെ "പിളർന്നു"വെന്നതിന് ഉപയോഗിച്ചിരിക്കുന്ന പദം സ്കിസ്സോമെനൂസ് (skizomenous) എന്ന പദമാണ്. ഏശ 64:1 ൽ ഇതേ പദംതന്നെ ഉപയോഗിച്ചിരിക്കുന്നു. ദൈവമേ ആകാശം പിളർന്ന് ഇറങ്ങിവരണമേ എന്നാണ് അവിടെ പ്രവാചകൻ പ്രാർത്ഥിക്കുന്നത്. ആ പ്രാർത്ഥനയ്ക്കുള്ള ഉത്തരമാണ് ഇപ്പോൾ ലഭിച്ചിരിക്കുന്നത്. ദൈവത്തെയും മനുഷ്യനെയും വേർതിരിച്ചിരുന്ന ആകാശം യേശുവിന്റെ വരവോടെ പിളർന്നു. നിലച്ചുപോയ ദൈവ മനുഷ്യ സമ്പർക്കം വീണ്ടും ആരംഭിച്ചു. ദൈവം തന്നെത്തന്നെ പൂർണ്ണമായി മനുഷ്യന് വെളിപ്പെ

ടുത്താൻ തുടങ്ങുന്നു - ഈശോയിൽ. യേശുവിന്റെ മരണസമയത്ത് ദേവാലയവിരി കീറുന്നതിന്റെ മുന്നോടിയുമാണിത് (15:38).

പരിശുദ്ധാത്മാവ് പ്രാവിനെപ്പോലെ തന്റെമേൽ ഇറങ്ങിവരുന്നത് യേശു കാണുന്നു. ഈ കാഴ്ച സ്നാപകനും കണ്ടുവെന്ന് നാലാം സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു (യോഹ 1:32) എന്നാൽ മറ്റാർക്കും ഈ ദൃശ്യം ലഭിച്ചില്ല. പരിശുദ്ധാത്മാവ് യേശുവിന്റെമേൽ ഇറങ്ങി വന്നുവെന്ന് പറഞ്ഞിരിക്കുന്നതിൽനിന്ന് അതുവരെ യേശുവിൽ പരിശുദ്ധാത്മാവ് ഉണ്ടായിരുന്നില്ല എന്നർത്ഥമില്ല. പരസ്യശുശ്രൂഷയ്ക്കായി യേശുവിനെ പരിശുദ്ധാത്മാവ് പ്രത്യേകം ശക്തിപ്പെടുത്തുന്നു വെന്നാണ് ഇതിനർത്ഥം. പരിശുദ്ധാത്മാവിന്റെ ആവാസം യേശു ദൈവത്തിന്റെ സഹന ദാസനാണെന്നും ലോകരക്ഷകനാണെന്നുമുള്ള സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു (ഏശ 42:1; 63:11).

ശരീരത്തിനകത്ത് കയ്പ/കക്ക്/കട്ട് (gall) ഇല്ലാത്ത ഏറ്റവും നിഷ്കളങ്ക ജീവിയായ പ്രാവ് പരിശുദ്ധാത്മാവിന്റെ സ്വഭാവം വ്യക്തമാക്കുന്നു (തെർത്തുല്യൻ). പ്രളയത്തിൽനിന്നുള്ള വിമോചനം അറിയിച്ചു കൊണ്ടെത്തിയ പ്രാവ് നോഹിന്റെ കുടുംബത്തെ പേടകത്തിനു പുറത്തേക്കു നയിച്ചെങ്കിൽ എല്ലാതിന്മയിൽനിന്നുമുള്ള മനുഷ്യവംശം മുഴുവന്റെ മോചനത്തെയാണ് പരിശുദ്ധാത്മാവ് പ്രാവിൻരൂപത്തിൽ വരുന്നത് സൂചിപ്പിക്കുന്നത് (ക്രിസോസ്റ്റോം).

സ്വർഗ്ഗത്തിൽനിന്നുള്ള സ്വരം ദൈവപിതാവിന്റെതാണ്. യേശു തന്റെ പ്രിയപുത്രനാണെന്ന് ദൈവം തന്നെ നേരിട്ട് സാക്ഷ്യപ്പെടുത്തുന്നു. ഗ്രന്ഥത്തിന്റെ ആരംഭത്തിൽ (1:1) സുവിശേഷകൻ വായനക്കാരനു പറഞ്ഞുകൊടുത്ത രഹസ്യം ഇപ്പോൾ ദൈവംതന്നെ പ്രഖ്യാപിക്കുകയാണ്. സങ്കീ 2:7; ഉൽപ 22:2; 16:22 എന്നീ ഭാഗങ്ങൾ വായനക്കാരനെ ഓർമ്മിപ്പിക്കുന്നതാണ് പിതാവിന്റെ സാക്ഷ്യം. പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന പരിശുദ്ധത്രിത്വത്തിന്റെ വെളിപാട് മർക്കോസിൽ നാം ആദ്യം കാണുന്നത് യേശുവിന്റെ ജ്ഞാനസ്നാനവേളയിലാണ്.

മാമോദ്ദീസാ നൽകിയ യോഹന്നാനല്ലേ മാമോദ്ദീസാ സ്വീകരിച്ച യേശുവിനെക്കാൾ വലിയവനെന്ന് സംശയിക്കുന്നവർക്കായി ദൈവം തന്നെ ആരാണ് തന്റെ ഏകപുത്രനെന്ന് വെളിപ്പെടുത്തുന്നു - മാമോദ്ദീസാ നൽകിയവനല്ല, മാമോദ്ദീസാ സ്വീകരിച്ചവൻ (അത്ഭുതപ്രവർത്തകനായ ഗ്രിഗരി).

സങ്കീ 2:7 ൽ "ദൈവപുത്രൻ" എന്ന സംജ്ഞ ദാവീദിന്റെ സിംഹാസനത്തിലെ രാജാവിനെ സൂചിപ്പിക്കുന്നതാണ്. ഏശ 44:2ൽ ഇത് ഇസ്രായേൽ ജനത്തെ മുഴുവൻ സൂചിപ്പിക്കുന്നു. രക്ഷകൊണ്ടുവരുന്നവന് ദൈവം ആത്മാവിനെ നൽകുന്നതിനെക്കുറിച്ച് ഏശ 63:11 പരാമർശിക്കുന്നു.

**1:12,** "ഉടനെ" (euthus, യൂത്തുസ്) എന്ന പദപ്രയോഗം മർക്കോസിന്റെ പ്രത്യേകതയാണ്. 42 തവണയാണ് അദ്ദേഹം ഈ പദം ഉപയോഗിക്കുന്നത്. മറ്റു മൂന്നുസുവിശേഷകർ ആകെക്കൂടിപോലും ഇത്രയും തവണ

ഈ പദം ഉപയോഗിക്കുന്നില്ല. ഒന്നിനുപുറകെ ഒന്നായി പെട്ടെന്നു പെട്ടെന്നു നടക്കുന്ന സംഭവങ്ങൾ വിവരിച്ചുകൊണ്ടാണ് യേശുവിന്റെ കഥ മർക്കോസ് അവതരിപ്പിക്കുന്നത്. യൂത്തുസ് എന്ന പദം അതിനായി സുവിശേഷകനെ സഹായിക്കുന്നു. പ്രബോധകനായ യേശുവിനെക്കാൾ പ്രവർത്തനനിരതനായ യേശുവാണ് മർക്കോസിലെ നായകൻ.

പരിശുദ്ധാത്മാവ് പെട്ടെന്നു യേശുവിനെ മരുഭൂമിയിലേക്ക് "പായിച്ചു" പരിശുദ്ധാത്മാവ് ശക്തമായി യേശുവിൽ പ്രവർത്തിച്ചു എന്നാണ് അർത്ഥമാക്കുന്നത്. വളരെ ഹ്രസ്വമായാണ് മരുഭൂമിയിലെ പരീക്ഷയുടെ രംഗം മർക്കോസ് വിവരിക്കുന്നത്. മത്തായിയും ലൂക്കായും വിവരിക്കുന്നതുപോലെ മൂന്നു പരീക്ഷകൾ നാം കാണുന്നില്ല. പകരം 40 ദിവസവും തുടർച്ചയായി പരീക്ഷിക്കപ്പെട്ട പ്രതീതിയാണ് മർക്കോസ് നൽകുന്നത്. ഇസ്രായേൽ മരുഭൂമിയിൽ 40 വർഷം പരീക്ഷിക്കപ്പെട്ടല്ലോ. മോശയും (നിയ 9:18) ഏലിയായും (1 രാജാ 19:8) 40 ദിവസം മരുഭൂമിയിൽ ഉപവസിച്ചതിനെയും ഇത് അനുസ്മരിപ്പിക്കുന്നു. ഒരാളുടെ തനിസ്വഭാവം വെളിപ്പെടുന്ന അവസരമാണ് പരീക്ഷകൾ. സഹനങ്ങളിൽ ദൈവത്തോട് വിശ്വസ്തത പുലർത്തുന്ന നീതിമാനാണ് ദൈവത്തിന്റെ പുത്രൻ (ജ്ഞാനം 2:12-20; 5:1-23). സാത്താൻ എന്ന വാക്കിന്റെ അർത്ഥം എതിരാളി (adversary) എന്നാണ്. നേരെ വിപരീതമായി പരിശുദ്ധാത്മാവ് നമ്മുടെ വക്കാലത്തുകാരനാണ് (advocate). പരീക്ഷിക്കപ്പെടുന്നത് സ്വത്വം വെളിവാക്കുന്നതിനുള്ള അവസരമാണ്. ബൈബിളിന്റെ ആരംഭത്തിൽത്തന്നെ ഏദൻ തോട്ടത്തിൽ ആദിമാതാപിതാക്കൾ പിശാചിനാൽ പ്രലോഭിക്കപ്പെടുകയും അതിലവർ വീണുപോകുകയും ചെയ്യുന്നു. ഏദൻ തോട്ടത്തിൽ ഏറ്റവും അനുകൂലവും അനുഗ്രഹീതവുമായ സാഹചര്യത്തിൽ കഴിഞ്ഞിരുന്ന ആദവും ഹവ്വയും പ്രലോഭനത്തിനടിപ്പെട്ട് പാപംചെയ്യുന്നു. എന്നാൽ രണ്ടാം ആദമായ യേശു മരുഭൂമിയിലെ പ്രതികൂല സാഹചര്യങ്ങളിൽ, ഏകനായി പ്രലോഭനത്തെ നേരിട്ട് വിജയിക്കുന്നു. ചുറ്റുപാടുമുണ്ടായിരുന്ന വന്യമൃഗങ്ങൾ പ്രലോഭനസാഹചര്യത്തിന്റെ ബീഭത്സത വ്യക്തമാക്കുന്നു. എന്നാൽ പാപരഹിതനായിരുന്ന ആദവുമായി വന്യമൃഗങ്ങൾ സൗഹൃദത്തിൽ കഴിഞ്ഞിരുന്നതുപോലെ ഇവിടെ പാപരഹിതനായ ദൈവപുത്രനെയും പാപംമൂലം മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള അകൽച്ചയും ശത്രുതയും ബാധിക്കുന്നില്ല. മാലാഖമാർ അവനെ പരിചരിച്ചു എന്നത് ദൈവപരിപാലന മനുഷ്യന് ഒരിടത്തും അന്യമോ അകലയോ അല്ല എന്ന് വ്യക്തമാക്കുന്നു. പറുദീസയായി മാറ്റപ്പെട്ട മരുഭൂമി ഏശയ്യായുടെ ഗ്രന്ഥത്തിൽ ദൈവമൊരുക്കുന്ന പുതിയ പുറപ്പാടിന്റെയും രക്ഷയുടെയും ഭാഗമാണ്. മരുഭൂമിയിൽ മാലാഖമാർ യേശുവിന് വിരുന്നൊരുക്കുന്നു എന്നത് *ദിയാക്കൊണെയോ* എന്ന പദം തീൻമേശയിലെ ശുശ്രൂഷയാണ് സാധാരണ വിവക്ഷിക്കുന്നത്). ഈ പ്രവാചകസ്വപ്നത്തിന്റെ നിറവേറ്റലാണ് സൂചിപ്പിക്കുന്നത്.

യേശു ഒറ്റയ്ക്കായിരുന്നപ്പോൾ അവനെ പരീക്ഷിച്ച പിശാച്, നാം ഒറ്റയ്ക്കായിരിക്കുമ്പോഴാണ് നമ്മെ ഏറ്റവും അധികം ആക്രമിക്കുന്നത്. ഹവ്വ ഭർത്താവിൽനിന്ന് അകലെയായിരിക്കുമ്പോഴാണല്ലോ സത്താൻ അവളെ നേരിടുന്നത് (ക്രിസോസ്റ്റോം).

**1:14** മുന്നോടിയായ സ്നാപകന്റെ അറസ്റ്റ് (*പാരാദിദോമി*) യേശുവിന്റെ അറസ്റ്റിന്റെയും കാരാഗൃഹവാസത്തിന്റെയും നിഴലാട്ടമാണ് (9:31; 10:33; 14:21,41 എന്നീ വാക്യങ്ങൾ *പാരാദിദോമി* എന്ന വാക്കുതന്നെയാണ് യേശുവിനെ പിടികൂടുന്നതിനെ സൂചിപ്പിക്കാനും ഉപയോഗിക്കുന്നത്. ഈ ക്രിയാധാതുവിന്റെ (verb) വിവിധ രൂപങ്ങൾ പൗലോസിന്റെ ലേഖനങ്ങളിലും (റോമ 4:25; 8:32; ഗലാ 1:4; 2:20) യേശുവിന്റെ സഹന ത്തെയും മരണത്തെയും കുറിക്കുന്ന പദമാണ്. സ്നാപകന്റെ തടവ് യേശുവിനെ ഭയാക്രാന്തനാക്കിയില്ല പകരം യേശു തന്റെ ശുശ്രൂഷ ഗലീലിയിൽ ധൈര്യസമേതം ആരംഭിക്കുകയാണ് ചെയ്യുന്നത്. മരുഭൂമി യിൽ തിന്മയുടെ ശക്തിയെ തകർത്ത യേശുവിന് ആ പൈശാചിക ശക്തി യുടെ ലൗകിക ആവിഷ്കാരങ്ങളെയും തെല്ലും ഭയമില്ല. യോഹന്നാനെ തടവിലാക്കിയ ഹേറോദ് അന്തിപ്പാസിനെ ഭയക്കാതെ അദ്ദേഹത്തിന്റെ ഭരണസീമയിൽപ്പെട്ട ഗലീലിയിൽ യേശു പ്രസംഗിക്കുന്നു. "ദൈവത്തിന്റെ സുവിശേഷം" പ്രസംഗിച്ചുകൊണ്ടാണ് യേശു രംഗപ്രവേശം ചെയ്യുന്നത്. ദൈവത്തിന്റെ സുവിശേഷം എന്നാൽ ദൈവത്തെക്കുറിച്ചുള്ള സദ്വാർത്ത എന്നും ദൈവത്തിൽനിന്നുള്ള സദ്വാർത്ത എന്നും വ്യാഖ്യാനിക്കാം. "സമയം സമാഗതമായി" : മിശിഹായെക്കുറിച്ച് ദൈവം നൽകിയിരിക്കുന്ന വാഗ്ദാനങ്ങൾ നിറവേറുന്ന സമയം വന്നിരിക്കുന്നു. ഈ പശ്ചാത്തല ത്തിൽ എന്താണ് കരണീയമെന്ന് യേശു തുടർന്ന് വ്യക്തമാക്കുന്നു: അനുതപിക്കുക, സുവിശേഷത്തിൽ വിശ്വസിക്കുക.

"ദൈവരാജ്യം" എന്നാൽ ദൈവത്തിന്റെ ഭരണം എന്നാണ് മനസ്സിലാ ക്കേണ്ടത്. യേശുവിന്റെ പ്രസംഗങ്ങളുടെയും പ്രവർത്തനങ്ങളുടെയും കാതൽ ദൈവരാജ്യമായിരുന്നു. ദൈവരാജ്യം ആഗതമായിരിക്കുന്നു എന്ന തിന്റെ പ്രത്യക്ഷമായ അടയാളങ്ങളായിരുന്നു യേശുവിന്റെ പരസ്യ ശുശ്രൂഷയിലൂടെ പ്രത്യേകമായി അവിടുത്തെ അത്ഭുതങ്ങളിലൂടെ തെളി ഞ്ഞത്. എന്നാൽ ഈ ദൈവഭരണത്തിന്റെ സമ്പൂർണത കൈവരുന്നത് മനുഷ്യപുത്രന്റെ രണ്ടാമത്തെ ആഗമനത്തോടെയാണ് (8:38–9:2; 13:24–27; 14:62). ദൈവത്തിന്റെ രാജത്വം പഴയനിയമത്തിലെ വളരെ ശക്തമായ പ്രമേയമാണ് (പുറ 15:11–13,18; സങ്കീ 2; 72; 89; 110).

"അനുതപിക്കുക": ഇവിടെ ഉപയോഗിച്ചിരിക്കുന്ന മെറ്റനോയിയ (metanoia) എന്ന ഗ്രീക്കു പദത്തിന് മാനസാന്തരം എന്നാണ ർത്ഥം. ദൈവവിരുദ്ധമായ സകലത്തിൽനിന്നും ദൈവത്തിലേയ്ക്കുള്ള മനസ്സിന്റെ അന്തരം അഥവാ മാറ്റമാണ് മാനസാന്തരം. ദൈവമല്ലാത്ത എല്ലാത്തിൽ നിന്നും പിൻതിരിയുകയും ദൈവത്തിലേക്ക് തിരിയുകയും ചെയ്യുക. ചെയ്ത തെറ്റിനെയോർത്തുള്ള വിലാപത്തേക്കാൾ ഉപരി, ഇനിതെറ്റു ചെയ്യാതിരിക്കാനുള്ള മനസ്സിന്റെ നിശ്ചയമാണ് മാനസാന്തരത്തെ സ്ഥായിയാക്കുന്നത്.

"സുവിശേഷത്തിൽ വിശ്വസിക്കുക": ദൈവരാജ്യത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രസംഗത്തെയാണ് സുവിശേഷം എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കിയിരിക്കുന്നത്. ആദിമസഭയുടെ പ്രസംഗത്തിന്റെ രത്ന ചുരുക്കം നമുക്കിവിടെ കാണാം (അപ്പ 11:17–18; 20:21; ഹെബ്രാ 6:1). ബൈബിളിൽ വിശ്വാസം (pistis *പിസ്തിസ്*) എന്നത് ബുദ്ധിപരമായ

ബോദ്ധ്യത്തിൽ ഒതുങ്ങുന്നില്ല. അത് ദൈവത്തിലുള്ള ആശ്രയത്വവും സമ്പൂർണ്ണസമർപ്പണവുംകൂടി ഉൾക്കൊള്ളുന്നതാണ്.

14–15 ൽ നാം കാണുന്നത് യേശുവിന്റെ സന്ദേശത്തിന്റെ രത്നച്ചുരുക്കമാണ്. ഇതുപോലുള്ള സംക്ഷിപ്ത വിവരണങ്ങൾ മർക്കോസ് പലയിടത്തും നൽകുന്നുണ്ട് (1:28,39,45; 2:1–2; 3:6; 4:1–2, 33–34; 6:1,6,7,12–13). യേശുകഥയിലെ പല സംഭവങ്ങളുടെയും സംക്ഷിപ്തമാണ് ഇവിടെ നൽകുന്നത്.

**വിചിന്തനം:** തന്റെ പുത്രനുവേണ്ടി ദൈവം തെരഞ്ഞെടുത്ത നസ്രത്ത് എന്ന ഗ്രാമം നമ്മിൽ പലരുടെയും സ്വന്തഗ്രാമങ്ങളിൽനിന്ന് വ്യത്യസ്തമല്ല. ഏതെങ്കിലും വലിയ പട്ടണങ്ങളിൽ, സമ്പന്നരായ മാതാപിതാക്കളിൽനിന്ന് ജനിച്ച് ഉന്നത വിദ്യാഭ്യാസംനേടി ഉന്നതസ്ഥാനങ്ങൾ അലങ്കരിക്കാൻ സാധിക്കാത്തതിന്റെ ബുദ്ധിമുട്ട് മനസ്സിൽ പേറുന്നവർക്ക് ആശ്വാസവും ആത്മവിശ്വാസവും പ്രതീക്ഷയും നൽകുന്ന കാര്യമാണ് യേശുവും എളിയ ജീവിതസാഹചര്യങ്ങൾ പങ്കുപറ്റിയവനാണെന്ന സത്യം. ഒരു സാധാരണക്കാരനായി തൊഴിൽചെയ്തു ജീവിച്ചുകൊണ്ട് നമ്മുടെ സാധാരണജീവിതത്തെ അവിടുന്ന് രക്ഷാകരമാക്കിമാറ്റി.

യേശുവിന്റെ ജ്ഞാനസ്നാനാവസരത്തിലെന്നപോലെ നമ്മുടെ മാമോദീസാ വേളയിലും “നീ എന്റെ പ്രിയപുത്രനാണ്/പ്രിയപുത്രിയാണ്” എന്ന് ദൈവം പ്രഖ്യാപിക്കുന്നു. മക്കളെല്ലാം അവരുടെ മാതാപിതാക്കൾക്ക് പ്രിയപ്പെട്ടവർ തന്നെയാണല്ലോ. എന്നാൽ യേശു പിതാവിനെ പ്രസാദിപ്പിച്ചതുപോലെ നാമും സ്വർഗ്ഗസ്ഥനായ പിതാവിനെയും നമ്മുടെ മാതാപിതാക്കന്മാരെയും പ്രസാദിപ്പിക്കുന്നതരത്തിലാണോ ജീവിക്കുന്നത് എന്ന ചോദ്യം പ്രസക്തമാണ്.

നാം ജീവിക്കുന്ന ഇടം തന്നെയാണ് നാം പരീക്ഷിക്കപ്പെടുന്ന മരുഭൂമി. യേശുവിന് ചുറ്റുമുണ്ടായിരുന്ന വന്യമൃഗങ്ങൾ മനുഷ്യരൂപംപൂണ്ട് ഭയപ്പെടുത്തിക്കൊണ്ട് നമ്മെ വലയംചെയ്തിരിക്കുന്നു എന്ന തോന്നൽ അസ്ഥാനത്താവണമെന്നില്ല. എന്നാൽ നമ്മെ വേട്ടയാടുന്ന വന്യമൃഗങ്ങൾ നമ്മുടെ ഉള്ളിലാണ് കൂടുതൽ ഉള്ളത് എന്ന് നമുക്കു തിരിച്ചറിയാം – നമ്മുടെ പാപച്ചായ്‌വുകൾ.

## എതിർക്കപ്പെടുന്ന ദൈവപുത്രൻ (2:1–3:6)

ഇതുവരെയും കണ്ടതുപോലെ വാക്കിലും പ്രവർത്തിയിലും ശക്തനായി കാണപ്പെടുന്ന യേശുവിനെ വളരെവേഗം എല്ലാവരും വിശ്വസിക്കുകയും അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുമെന്ന് വായനക്കാരൻ സ്വാഭാവികമായും പ്രതീക്ഷിക്കും. എന്നാൽ അവന്റെ പ്രതീക്ഷകൾക്ക് വിരുദ്ധമായി ദൈവപുത്രൻ നിരന്തരമായ എതിർപ്പിന് വിധേയനാകുന്ന കാഴ്ചയാണ് തുടർന്നുവരുന്ന അഞ്ച് സംഭവങ്ങളിൽ നാം കാണുന്നത്. യേശുവിന്റെ പാപമോചന അധികാരം (2:1–12), പാപികളോടും ചുങ്കക്കാരോടുമുള്ള അവന്റെ സൗഹൃദം (2:13–17), യേശു

വിന്റെ ശിഷ്യന്മാർ ഉപവസിക്കാതിരിക്കുന്നത് (2:18–22), യേശുവിന്റെ ശിഷ്യന്മാരുടെ സാബത്തു ലംഘനം (2:23–28), സാബത്തുദിവസം യേശു നൽകുന്ന രോഗശാന്തി (30:16) എന്നിവയാണ് എതിർപ്പിനു കാരണ മാകുന്ന വിഷയങ്ങൾ. ഈ കഥകളോരോന്നും യേശുവിന്റെ പ്രബോധ നങ്ങൾ വായനക്കാരന്റെ മനസ്സിൽ ആഴത്തിൽ പതിപ്പിക്കാൻ പര്യാപ്തമാണ്. യേശുവിൽ സമാഗതമായ ദൈവഭരണത്തിന്റെ അടയാള മായിരുന്നു ജനത്തിനു ലഭിച്ച പാപമോചനവും രോഗശാന്തിയും. പക്ഷെ അവ യേശുവിന് സമ്മാനിച്ചത് എതിർപ്പും മരണവുമായിരുന്നു. റുഡോൾഫ് ബുൾട്ടുമന്റെ അഭിപ്രായത്തിൽ ഈ എതിർപ്പുകളെല്ലാം ആദിമസഭയ്ക്കുനേരെ ഉന്നയിക്കപ്പെട്ട വിമർശനങ്ങളെയാണ് പ്രതി ഫലിപ്പിക്കുന്നത്. ഈ സംഘർഷ കഥകളിലൂടെ ശിഷ്യത്വത്തെ ക്കുറിച്ചുതന്നെയാണ് യേശു പഠിപ്പിക്കുന്നതും. ദൈവത്തോടുള്ള കലവറയില്ലാത്ത സമർപ്പണമാണ് (3:31–35) ശിഷ്യന്റെ മുഖമുദ്ര. ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളെക്കാൾ പ്രധാനപ്പെട്ടതാണ് സഹജീവികളോടുള്ള സഹാനുഭൂതി.

## പാപം ക്ഷമിച്ചതിന്റെ പേരിൽ (2:1–12)

അത്ഭുതകഥ (miracle story) യുടെയും pronouncement story യുടെ യും പ്രത്യേകതകൾ കൂടിച്ചേർന്നതാണ് ഈ സംഭവം. നാലുപേർ തളർ വാതരോഗിയെ എടുത്തുകൊണ്ടുവരുന്നത് രോഗത്തിന്റെ ഗുരുതരാവ സ്ഥയെ കാണിക്കുന്നു. 2. മേൽക്കൂര പൊളിക്കുന്നത് രോഗശാന്തിക്ക പേക്ഷിക്കുന്നതിനെ സൂചിപ്പിക്കുന്നു. 3. പാപമോചനവാക്കുകളും കിടക്കയുമെടുത്ത് പോകാനുള്ള കല്പനയുമാണ് സൗഖ്യദായകന്റെ പ്രവർത്തി. 4. കിടക്കയുമെടുത്ത് പോകുന്നത് രോഗം പൂർണ്ണമായി സുഖപ്പെട്ടു എന്നതിന്റെ പ്രകടനമാണ്. പാപമോചനം കൊടുക്കാനുള്ള യേശുവിന്റെ അധികാരത്തെക്കുറിച്ചുള്ള സംശയം യേശു നൽകുന്ന സൗഖ്യംമൂലം ദൂരീകരിക്കപ്പെടുന്നു.

കഫർണാമിൽ യേശു താമസിക്കുന്ന പത്രോസിന്റെ വീട് ഇപ്പോൾ യേശുവിന്റെ വീടായി അറിയപ്പെട്ടു കഴിഞ്ഞു. ആളുകൾ ഓടിക്കൂടുന്നതും വാതിൽക്കൽപോലും നിൽക്കാൻ കഴിയാത്തവിധം ജനങ്ങൾ എത്തി ച്ചേർന്നതുമെല്ലാം യേശുവിന്റെ ജനകീയത എത്രമാത്രമെന്നു സൂചിപ്പി ക്കുന്നു. യേശുവിന്റെ വർദ്ധിച്ച ജനസമ്മിതി ഇതിനകംതന്നെ സംക്ഷിപ്തവിവരണങ്ങളിൽ മർക്കോസു സൂചിപ്പിച്ചിട്ടുള്ളതാണ് (1:27–28, 32–34, 45). കഥാനായകന്റെ ജനസമ്മിതിയെ പർവ്വതീകരിച്ചുകാണിക്കുന്ന പതിവ് അക്കാലത്തെ ജീവചരിത്രവിവരണങ്ങളിൽ സാധാരണ മായിരുന്നു. പഠിപ്പിക്കുന്നതിനുവേണ്ടിയാണ് തന്റെ ജനസ്വാധീനം യേശു ഉപയോഗിച്ചത്. എന്താണ് യേശു പഠിപ്പിച്ചതെന്ന് ഇവിടെയും മർക്കോസ് രേഖപ്പെടുത്തുന്നില്ല.

തളർവാതരോഗിയെ എടുത്തുകൊണ്ടു വന്നവർക്ക് ഉള്ളിൽ കടക്കാൻ ആരും മാറികൊടുത്തില്ല. യേശുവിന്റെ കീർത്തിയും തന്മൂലം അവന്റെ

ചുറ്റുംകൂടിയ ജനക്കൂട്ടവും യേശുവിന്റെ അടുത്തെത്തുന്നതിന് തളർവാത രോഗിക്ക് ഒരു തടസ്സമായിമാറി. ഒരുപക്ഷേ അവരുടെമുന്നിലും ഉണ്ടായിരുന്നത് അതു പോലെതന്നെയുള്ള രോഗികൾ ആയിരുന്നിരിക്കാം. ആ നാലുപേർക്ക് തളർവാതരോഗിയോടുള്ള പ്രതിബദ്ധത ശ്രദ്ധേയമാണ്. അവന് സൗഖ്യം ലഭിക്കണമെന്ന് അവർ തീവ്രമായി ആഗ്രഹിച്ചിരുന്നു. അതുകൊണ്ടാണ് ജനക്കൂട്ടത്തെക്കണ്ട് നിരാശരായി അവർ തിരിച്ചുപോകാതിരുന്നത്. "ഇന്നേതായാലും ഒന്നും നടക്കില്ല, വേറൊരു ദിവസമാകട്ടെ" എന്ന് അവർ ചിന്തിച്ചില്ല. സാധിക്കുന്ന ആദ്യനിമിഷം തന്നെ തങ്ങളുടെ രോഗിയെ യേശുവിന്റെ അടുത്തെത്തിക്കാൻ അവർ ആഗ്രഹിച്ചു. അതിന് അവർ ഒരു പുതിയവഴി, അത് എത്ര വിചിത്രമാണെങ്കിലും, കണ്ടെത്തി എന്നതാണ് പ്രസക്തമായ കാര്യം.

വളരെ സാഹസികമായി ആ മനുഷ്യനെ യേശുവിന്റെ അടുത്തെത്തിക്കാൻ അവരെ പ്രേരിപ്പിച്ചത് യേശുവിലുള്ള അവരുടെ ഉറച്ചവിശ്വാസമാണ്. മർക്കോസിന്റെ സുവിശേഷത്തിൽ വിശ്വാസം എപ്പോഴും പ്രതിസന്ധികളെ തരണംചെയ്യുന്ന വിശ്വാസമാണ്. വിശ്വാസി തന്റെ മുമ്പിലുള്ള തടസ്സങ്ങളെ ധൈര്യമായി മറികടക്കുന്നു (5:21-24, 35-43; 10:46-52).

അവരുടെ വിചിത്രമായ പരിശ്രമത്തെ യേശു ഭർത്സിക്കുകയല്ല, അതിനു പിന്നിലുള്ള വിശ്വാസത്തെ യേശു പരിഗണിക്കുകയാണ് ചെയ്യുന്നത്. "അവരുടെ" വിശ്വാസം കണ്ട് എന്നത് ആ നാലുപേരുടെ വിശ്വാസത്തെയായിരിക്കാം പരാമർശിക്കുന്നത്. മറ്റുള്ളവരെ സൗഖ്യത്തിലേക്കും രക്ഷയിലേക്കും നയിക്കാനുള്ള പരിശ്രമങ്ങളും പ്രാർത്ഥനകളും നിരർത്ഥകമല്ലെന്നും ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നു.

തളർവാതരോഗിയെ "മകനെ" എന്ന് യേശു വിളിക്കുന്നത്, അവന്റെ രോഗാവ സ്ഥയും നിസ്സഹായാവസ്ഥയും അവനെ ഗർഹണീയനാക്കുന്നില്ലെന്നു സൂചിപ്പിക്കുന്നു. "നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്ന യേശുവിന്റെ പ്രഖ്യാപനം പാപംമൂലമാണ് രോഗം ഉണ്ടാകുന്നതെന്ന വ്യാഖ്യാനത്തിന് ഇടയാക്കിയിട്ടുണ്ട്. എന്നാൽ പാപവും രോഗവും തമ്മിലുള്ള കാര്യകാരണബന്ധത്തെ യേശു നിരാകരിച്ചിട്ടുള്ളതാണ് (യോഹ 9:3). പാപംമൂലം രോഗങ്ങളുണ്ടാകാം. എന്നാൽ ഒരുവനുണ്ടാകുന്ന എല്ലാ രോഗങ്ങളും അവന്റെയോ അവന്റെ പൂർവ്വികരുടെയോ പാപത്തിന്റെ ഫലമാണ് എന്നത് പുതിയ നിയമാരൂപിക്ക് നിരക്കുന്ന ചിന്തയല്ല.

നിയമജ്ഞരിൽനിന്നാണ് യേശു ആദ്യത്തെ എതിർപ്പ് നേരിടുന്നത്. യഹൂദരുടെ ഇടയിലെ ദൈവശാസ്ത്രജ്ഞരും ബൈബിൾ പണ്ഡിതരുമൊക്കെയായിരുന്നു നിയമജ്ഞർ. Scribes എന്നാണ് ഇംഗ്ലീഷ്. എഴുത്തുകാരെന്നാണ് ഈ വാക്കിന്റെ അർത്ഥം. അച്ചടി കണ്ടുപിടിച്ചിട്ടില്ലാതിരുന്ന കാലഘട്ടത്തിൽ പഴയനിയമത്തിന്റെ പകർപ്പുകൾ ഉണ്ടാക്കിയിരുന്നത് കൈകൊണ്ട് പകർത്തിയെഴുതിക്കൊണ്ടാണ്. വിദ്യാസമ്പന്നരായ വ്യക്തികളാണ് ഇപ്രകാരം കൈയെഴുത്തുപകർപ്പുകൾ ഉണ്ടാക്കിയിരുന്നത്. വിശുദ്ധഗ്രന്ഥം പകർത്തിയെഴുതുന്നതിലൂടെ അവർ അതിൽ അറിവുള്ള

വരായിമാറി. നിയമവ്യാഖ്യാനത്തിനും അവർ പ്രവീണരായിത്തീർന്നു. ഇസ്രായേലിൽ പൊതുജീവിതത്തിന്റെ നിയമവും വിശുദ്ധ ഗ്രന്ഥംതന്നെ യായിരുന്നതിനാൽ അവർ ഏറെക്കുറെ ഇന്നത്തെ അഭിഭാഷ കരെ പ്പോലെയായിരുന്നു.

"നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്ന പ്രസ്താവം ദൈവ ദൂഷണമായിട്ടാണ് അവിടെയുണ്ടായിരുന്ന നിയമജ്ഞർ മനസ്സിലാക്കി യത്. കാരണം ദൈവത്തിനുമാത്രമേ പാപങ്ങൾ മോചിക്കാൻ അധികാര മുള്ളൂ (പുറ 34:6-7; സങ്കീ 51:1-3; 85:2; ഏശ 43:25). ഇസ്രായേലിൽ പുരോഹിതന്മാർക്ക് പാപമോചനാധികാരം ഉണ്ടായിരുന്നില്ല. മിശിഹാ യ്ക്ക്പോലും പാപംമോചിക്കാൻ അധികാരമുണ്ടെന്ന് അവർ വിചാരിച്ചി രുന്നില്ല. യേശുവിന്റെ പ്രഖ്യാപനം ദൈവത്തിന്റെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമായാണ് നിയമജ്ഞർക്ക് തോന്നിയത്.

എന്നാൽ അവരുടെ ഉള്ളിലെ വിചാരം യേശു വെളിപ്പെടുത്തുന്നു. ദൈവത്തിനു മാത്രമാണ് മനുഷ്യന്റെ ഉള്ളിലെ ചിന്തകൾ അറിയാവുന്നത് (1 സാമു 16:7; 1 രാജാ 8:39). നിയമജ്ഞരുടെ രഹസ്യചിന്തകൾ വെളിപ്പെടു ത്തികൊണ്ടും തളർവാതരോഗിയുടെ പാപാവസ്ഥ മനസ്സിലാക്കി ക്കൊണ്ടും യേശു തന്റെ ദൈവത്വം സൂചിപ്പിക്കുകയാണ്. ഏതാണെളു പ്പമെന്ന യേശുവിന്റെ ചോദ്യം നിയമജ്ഞരെ ആശയക്കുഴപ്പത്തി ലാക്കുന്നു. ഒരുതരത്തിൽ ചിന്തിച്ചാൽ തളർവാതരോഗിയോട് എഴുന്നേറ്റു നടക്കുക എന്നുപറയുന്നതാണ് ദുഷ്കരം. കാരണം അത് പറയുന്നയാളുടെ വാക്കുകൾക്ക് ശക്തിയുണ്ടോയെന്ന് അപ്പോൾതന്നെ വെളിപ്പെടും. പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നത് ആ നിലക്ക് എളുപ്പമാണ്. കാരണം പാപം ക്ഷമിക്കപ്പെട്ടിട്ടില്ല എന്ന് ആർക്കും തെളിയിക്കാൻ സാധിക്കുകയില്ലല്ലോ. പക്ഷേ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നതാണ് എളുപ്പമെന്ന് അഭിപ്രായപ്പെടാനും നിയമജ്ഞർക്ക് കഴിയുകയില്ല. കാരണം പാപമോചനം എളുപ്പമുള്ള കാര്യമാണ് എന്നു പറയുന്നത് ദൈവകൃപയെ നിസ്സാരമാക്കുന്ന പ്രസ്താവനയാണ്.

പ്രായോഗിക പരിഗണനയിൽ കൂടുതൽ പ്രയാസകരമായ കാര്യം യേശു ചെയ്യുന്നു: തളർവാതരോഗിയെ സുഖപ്പെടുത്തുന്നു. തന്റെ പാപമോചനാധികാരത്തിന്റെ അടയാളമായിട്ടാണ് യേശു തളർവാത രോഗിയെ സുഖപ്പെടുത്തുന്നത്. തളർവാതരോഗിയോട് എഴുന്നേറ്റു നടക്കാൻ യേശു കല്പിച്ചപ്പോൾ അയാൾ എഴുന്നേറ്റു നടന്നുവെങ്കിൽ അതേ യേശുതന്നെ നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു പ്രഖ്യാപിച്ചപ്പോൾ അതും സംഭവിച്ചിട്ടുണ്ട് എന്നാണ് യേശു വ്യക്തമാ ക്കുന്നത്. യേശുവിന്റെ വാക്കുകൾക്ക് ശാരീരികസൗഖ്യം നൽകാൻ കെൽപുണ്ടെങ്കിൽ അതേ വാക്കുകൾക്ക് ആത്മീയസൗഖ്യം നൽകാനും കെൽപുണ്ടെന്നു സാരം. കൂടുതൽ ദുഷ്കരം എന്നു കരുതുന്നതുചെയ്യാൻ യേശുവിനുപറ്റുമെങ്കിൽ അതിനേക്കാൾ എളുപ്പമായത് അവന് ചെയ്യാൻപറ്റുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. യേശു നൽകിയ ആത്മീയസൗഖ്യത്തിന്റെ (പാപമോചനത്തിന്റെ) അടയാളമായിരുന്നു തളർവാതരോഗിക്ക് ലഭിച്ച ശാരീരികസൗഖ്യം. യേശുവിന്റെ വാക്കുകേട്ട

ക്ഷണത്തിൽതന്നെ ആ തളർവാതരോഗി എഴുന്നേറ്റ് കിടക്കയുമെടുത്ത് നടന്നു എന്നത് അവനുടനെതന്നെ പൂർണ്ണമായും സുഖപ്പെട്ടു എന്നതിന്റെ സൂചനയാണ്. "കിടക്കയുമെടുത്ത് നടക്കുക": താൻ സുഖപ്പെടുത്തിയ ആൾക്ക് യേശു ഒരു നിയോഗവും/ഉത്തരവാദിത്വവും നൽകുന്നു (യോഹ 5:8; 8:11). മറ്റുള്ളവരുടെ ചുമലിലേറി വന്നവർ സ്വന്തം ജീവിതത്തിന്റെ ഉത്തരവാദിത്വം ചുമലിലേറ്റാൻ പര്യാപ്തനായി വീട്ടിലേക്കു മടങ്ങുന്നു.

എല്ലാവരുടെയും "വിസ്മയം" രോഗശാന്തി കഥകളിലെല്ലാം നാം കാണുന്ന ഘടകമാണ്. വിസ്മയഭരിതരായ ജനക്കൂട്ടം ദൈവത്തെ മഹത്വപ്പെടുത്തിയത് (വാ.12) യേശുവിന്റെ അത്ഭുതത്തിന്റെപിന്നിൽ ദൈവികശക്തിയാണെന്ന സത്യം അവർ അംഗീകരിച്ചു എന്നതിന്റെ അടയാളമാണ്. യേശു ദൈവദൂഷകനാണെന്ന നിയമജ്ഞരുടെ അനുമാനത്തിനുള്ള (വാ. 7) ജനത്തിന്റെ മറുപടിയാണിത്.

**വിചിന്തനം:** ആരോഗ്യമുള്ളവർക്ക്മാത്രം ചെയ്യാൻ കഴിയുന്ന കാര്യം യേശു തളർവാതരോഗിയോട് കല്പിക്കുന്നു. ആ കല്പനയുടെ അർത്ഥം അത് നിറവേറ്റാനുള്ള ആരോഗ്യം അവിടുന്നവന് നൽകിയിരിക്കുന്നു വെന്നാണ്. താൻ കല്പിക്കുന്ന കാര്യങ്ങൾ ചെയ്യാൻ ശക്തിനൽകിക്കൊണ്ടാണ് അവിടുന്ന് കല്പിക്കുന്നത്.

## പാപികളൊത്തു ഭക്ഷിച്ചതിനാൽ (2:13-17)

സമൂഹത്തിലെ പാപികളും അധഃകൃതരുമായ വിഭാഗം ആദിമ സഭയിൽ അംഗത്വം സ്വീകരിച്ചതിനെ ന്യായീകരിക്കുന്ന ഒരു സംഭവമാണ് ചുങ്കക്കാരനായ ലേവിയെ യേശു തന്റെ ശിഷ്യനായി സ്വീകരിക്കുന്ന ഈ ഭാഗം. തളർവാതരോഗിയെ സുഖപ്പെടുത്തിക്കൊണ്ട് പാപങ്ങൾ ക്ഷമിക്കാനുള്ള തന്റെ അധികാരം വ്യക്തമാക്കിയ യേശു, പാപികളെ തേടിയിറങ്ങുന്ന ചിത്രമാണ് ലേവിയെ വിളിക്കുന്ന കഥ വരച്ചുകാട്ടുന്നത്. യഹൂദരുടെ രാജ്യത്ത് അധിനിവേശം നടത്തി അവരെ ചൂഷണം ചെയ്തു കൊണ്ടിരുന്ന റോമാക്കാർക്കുവേണ്ടി കരംപിരിച്ചിരുന്ന വ്യക്തി എന്ന നിലയിൽ ചുങ്കക്കാരെ യഹൂദർ കുറച്ചൊന്നുമല്ല വെറുത്തിരുന്നത്. ചുങ്കക്കാർ തങ്ങളുടെ മേലധികാരികൾക്ക് ഒരു നിശ്ചിത തുക കരമായി കൊടുക്കുന്നതിനുള്ള കരാറിൽ ആദ്യം ഏർപ്പെടും. പിന്നീട് ആ തുക അവർ പിരിച്ചെടുക്കും. കൊടുക്കാമെന്ന് സമ്മതിച്ച തുകയേക്കാൾ എത്രയധികം പിരിച്ചെടുക്കുന്നുവോ അത്രയുമായിരുന്നു അവരുടെ ലാഭം. ലാഭം വർദ്ധിപ്പിക്കുന്നതിനായി അവർ നിഷ്ഠൂരമായ മാർഗ്ഗങ്ങളുപ യോഗിച്ചും നികുതി പിരിച്ചെടുത്തിരുന്നു. ഇപ്രകാരമുള്ള ചുങ്കക്കാരെ കരടികൾ എന്നാണ് യഹൂദർ വിളിച്ചിരുന്നത്. റോമൻ - ഗ്രീക്ക് ഗ്രന്ഥങ്ങളിൽ ധർമ്മക്കാർ, കള്ളന്മാർ, കൊള്ളക്കാർ എന്നിവർക്കൊപ്പമാണ് ചുങ്കക്കാരെയും പരിഗണിച്ചിരുന്നത്. മിഷ്ന (mishna) ചുങ്കക്കാരെ കള്ളൻമാർക്കും കൊലപാതകികൾക്കും സമന്മാരായി കണ്ടു. പുതിയനിയമത്തിൽ ചുങ്കക്കാരെ പാപികളോടും വിജാതീയരോടു മാണ് തുലനം ചെയ്തിരിക്കുന്നത് (മത്താ 9:10; 5:46).

ഗലീലി റോമിന്റെ നേരിട്ടുള്ള ഭരണത്തിലല്ലായിരുന്നതിനാൽ റോമൻ മേല്ക്കോയ്മ അംഗീകരിച്ചിരുന്ന ഹേറോദേസ് അന്തിപ്പാസിന്റെ ഉദ്യോഗസ്ഥനായിരുന്നു ലേവി. പണസമ്പാദനത്തിനായി സ്വസഹോദരങ്ങളായ യഹൂദരെയും സ്വന്തം രാജ്യത്തെയുംപോലും തള്ളിപ്പറയാൻ തയ്യാറായ, പണത്തിനടിമയായ ഒരു മനുഷ്യനായിരുന്നു ലേവി. എന്നാൽ യേശുവിന്റെ വിളിയുടെ മുന്നിൽ സമ്പത്തിനോടുള്ള അവന്റെ ബന്ധനങ്ങൾ തകർന്നുവീണു. അത്യാഗ്രഹത്തിന്റെ പടുകുഴിയിൽനിന്ന് അവൻ "എഴുന്നേറ്റ് യേശുവിനെ അനുഗമിച്ചു" (2:14). മീൻപിടുത്തം ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ച ആദ്യശിഷ്യർക്ക് തിരിച്ചുചെന്ന് മീൻപിടുത്തം പുനരാരംഭിക്കുന്നതിനുള്ള സാധ്യതയുണ്ടായിരുന്നു. എന്നാൽ ചുങ്കംപിരിവെന്ന "ഗവൺമെന്റ് ഉദ്യോഗം" ഒരിക്കൽ ഉപേക്ഷിച്ചാൽ അത് ലേവിക്ക് പിന്നീട് തിരിച്ചുകിട്ടുമായിരുന്നില്ല. ആ നിലയ്ക്ക് ഇത്രയും ധീരമായ ഒരു തീരുമാനം കൈക്കൊള്ളാൻ സമ്പത്തി നടിപ്പെട്ട ലേവിക്ക് സാധിച്ചുവെന്നത് യേശുവിന്റെ ആജ്ഞാസ്വരം എത്രയോ അധികാരപൂർണ്ണമാണെന്നും ഫലപ്രദമാണെന്നും സൂചിപ്പിക്കുന്നു.

അനുഗമിക്കുക എന്നത് പാദങ്ങളുടെ പ്രവർത്തി എന്നതിനെക്കാൾ ഹൃദയത്തിന്റെ പ്രവർത്തനമാണ്; ഒരു ജീവിതരീതിയാണത്. ബാഹ്യമായി ഒരു വാക്കുകൊണ്ടു മത്തായിയെ വിളിച്ച കർത്താവ് അതോടൊപ്പം അപ്രതിരോധ്യമായ ഒരാന്തരീക പ്രചോദനം ദാനമായി അവനു നൽകി. തന്മൂലം ലേവിക്ക് യേശുവിനെ അനുഗമിക്കാനായി (വന്ദ്യ ബീഡ്).

"അവൻ ലേവിയുടെ ഭവനത്തിൽ ഭക്ഷണത്തിന് ഇരിക്കുമ്പോൾ": ഇരിക്കുക എന്ന വാക്കിന്റെ മൂലാർത്ഥം കൈകുത്തിയിരിക്കുക എന്നാണ് (recline). യഹൂദർ ഭക്ഷണം കഴിക്കുമ്പോൾ സാധാരണ ഇരിക്കുകയാണ് പതിവ്. എന്നാൽ വിശേഷാവസരങ്ങളിൽ റോമാക്കാരെയും ഗ്രീക്കുകാരെയുംപോലെ അവരും ഇടതുകൈമുട്ടിൽ ചാഞ്ഞിരുന്ന് ഭക്ഷണം കഴിച്ചിരുന്നു. യേശുവിന്റെ സാന്നിധ്യം വിളരെ വിശേഷപ്പെട്ടതായി ലേവി കണക്കാക്കിയതുകൊണ്ടാണ് ചാരിയിരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള സജീകരണം ലേവി ചെയ്തത്.

ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുക എന്നത് അക്കാലത്ത് പലസ്തീനയിൽ വളരെ പ്രധാനപ്പെട്ട ഒരു സംഗതിയായിരുന്നു. ഒരാളെ ഭക്ഷണത്തിന് ക്ഷണിക്കുക എന്നത് ക്ഷണിക്കപ്പെട്ടയാളോടുള്ള ബഹുമാനവും സ്നേഹവുമാണ് ദ്യോതിപ്പിച്ചിരുന്നത്. ക്ഷണം സ്വീകരിക്കുന്നതിലൂടെ തന്റെ സൗഹൃദവും വിശ്വസ്തതയും അതിഥിയും വാഗ്ദാനം ചെയ്യുന്നു. ചുരുക്കത്തിൽ ഭക്ഷണമേശയിൽ ഒരുമിച്ചിരിക്കുന്നത് സാമൂഹ്യജീവിതത്തിൽ ഉറച്ച സൗഹൃദത്തോടെ ഒറ്റക്കെട്ടായി മുന്നോട്ടുപോകുന്നതിനുള്ള ദൃഢനിശ്ചയത്തിന്റെ പ്രകാശനമായിരുന്നു. ചുങ്കക്കാരനായ ലേവിയോടൊപ്പം യേശു ഭക്ഷണത്തിനിരുന്നത് അവന്റെ കറപിടിച്ച ജീവിതം യേശു ക്ഷമിച്ചതിന്റെ അടയാളമായിരുന്നു. അതായത് തളർവാതരോഗിയോട് "നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്നു യേശു വാക്കാൽ പറഞ്ഞെങ്കിൽ അതേ പാപമോചനംതന്നെ യേശു ഒരു പ്രവർത്തിയാൽ

നൽകുകയാണ് ലേവിയോടൊപ്പം ഭക്ഷണം കഴിച്ചുകൊണ്ട്. നമ്മുടെ ആഘോഷങ്ങളും വിരുന്നുകളും മുറിവുണക്കുന്നതിനും കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനുമുള്ള വേദികളാവണം.

എന്നാൽ യേശുവിന്റെ "വിവേചനം ഇല്ലാത്ത" ഈ സമീപനം എതിർപ്പു ക്ഷണിച്ചുവരുത്തുന്നു. ഇത്തവണയും എതിരാളികൾ നിയമജ്ഞർതന്നെ. ഒരുപക്ഷേ യേശു ലേവിയോടൊപ്പം വിരുന്നാസ്വദിക്കുന്നത് നിയമജ്ഞർ പുറമെനിന്നു കാണുകയോ മനസ്സിലാക്കുകയോ ചെയ്തിട്ടുണ്ടാകാം. അവർ ചോദ്യം ഉന്നയിക്കുന്നത് യേശുവിന്റെ ശിഷ്യരോടാണ്: നിങ്ങളുടെ ഗുരു "ചുങ്കക്കാരുടെയും പാപികളുടെയും കൂടെ ഭക്ഷിക്കുന്നതെന്ത്?" (വാ. 16). പാപികളെന്നാൽ ഫരിസേയരുടെ നിയമാനുഷ്ഠാനങ്ങൾ അച്ചിട്ടമായി പാലിക്കാത്തവർ എന്നേ മനസ്സിലാക്കേണ്ടതുള്ളൂ. ഫരിസേയരുടെ പല അനുഷ്ഠാനങ്ങളും സാധാരണ മനുഷ്യർക്ക് പാലിക്കാൻ സാധിക്കുമായിരുന്നില്ല.

"ആരോഗ്യവാൻമാർക്കല്ല ... ആവശ്യം" (വാ. 17) എന്നത് അന്നു നിലവിലിരുന്ന ഒരു ചൊല്ലായിരുന്നു. "നീതിമാന്മാരെ വിളിക്കാനല്ല" എന്നതുകൊണ്ട് സ്വയം നീതിമാന്മാരെന്നു കരുതുന്നവരെയാണു ഇവിടെ ഉദ്ദേശിക്കുന്നത്. തങ്ങളെത്തന്നെ നീതിമാന്മാരായി പരഗണിക്കുന്നവർക്ക് നീതീകരിക്കുന്നവനായ ദൈവത്തെ ആവശ്യമില്ലല്ലോ. പാപികളെന്ന് സ്വയം അംഗീകരിക്കുന്നവരാണ് തങ്ങളുടെ പാപബന്ധനങ്ങളിൽനിന്ന് വിമോചിപ്പിക്കണമേ എന്ന യാചനയോടെ ദൈവത്തെ തേടുന്നവർ. അത്തരക്കാരെ വിമോചിപ്പിക്കാനും രക്ഷിക്കാനും ദൈവരാജ്യത്തിലേയ്ക്കു വിളിക്കാനുമാണ് താൻ വന്നിരിക്കുന്ന് എന്നതാണ് യേശുവിന്റെ പ്രസ്താവനയുടെ അർത്ഥം. സൗഖ്യം വരുന്നത് അത്യുന്നതനിൽ നിന്നാണെന്ന പ്രഭാഷകവചനത്തിന്റെ പശ്ചാത്തലത്തിൽ (പ്രഭാ 38:2) തന്നെത്തന്നെ യേശു വൈദ്യനായി അവതരിപ്പിക്കുന്നത് അർത്ഥഗർഭമാണ്.

15-ാം വാക്യത്തിൽ "ലേവിയുടെ ഭവനത്തിൽ" എന്നതിന് "അവന്റെ ഭവനത്തിൽ" എന്നാണ് പുരാതന കൈയെഴുത്തുപ്രതികളിൽ കാണുന്നത്. അവന്റെ ഭവനം എന്നത് യേശുവിന്റെ ഭവനം എന്നും വ്യാഖ്യാനിക്കാം. അതിനർത്ഥം, ലേവിക്ക് യേശു തന്റെ വീട്ടിൽ (പത്രോസിന്റെ വീട്ടിൽ) വിരുന്നു നൽകി എന്നാകും. ഈ വ്യാഖ്യാനം സ്വീകരിക്കുന്നവർ താഴെപ്പറയുന്ന കാരണങ്ങളാണ് ചൂണ്ടിക്കാട്ടുന്നത്:

1. ലേവി യേശുവിനെയാണ് അനുഗമിക്കുന്നത്; യേശു ലേവിയെ അല്ല. സ്വാഭാവികമായും ലേവിയെത്തുന്നത് യേശുവിന്റെ ഭവനത്തിലായിരിക്കും. 2. മർക്കോ 2:16, ഭവനത്തിലുള്ള ഫരിസേയരുടെ സാന്നിധ്യത്തിന്റെ സൂചനയാകാം. ഒരു ചുങ്കക്കാരന്റെ ഭവനത്തിൽ ഫരിസേയരുടെ സാന്നിധ്യം അപ്രതീക്ഷിതമാണ്. എന്നാൽ പത്രോസിന്റെ ഭവനത്തിൽ അവരുടെ സാന്നിധ്യം പ്രതീക്ഷിക്കാവുന്നതാണ്. 3. യേശു സന്തോഷത്തോടെ ലേവിക്ക് വിരുന്ന നൽകുന്ന ചിത്രം ലൂക്കാ 15:23-24ൽ ധൂർത്തപുത്രന് പിതാവ് വിരുന്നു നൽകുന്ന ചിത്രത്തെ അനുസ്മരിപ്പിക്കുന്നു. ധൂർത്തപുത്രന്റെ ഉപമയിലെ പിതാവിനെക്കുറിച്ച് യേശു

പഠിപ്പിക്കുന്ന കാര്യം തന്റെ ജീവിതത്തിൽതന്നെ അവിടുന്ന് പാലിക്കുന്നു എന്നർത്ഥം.

മർക്കോസും (2:15-17) Q വും (ലൂക്കാ 7:34; മത്താ 11:19) ലൂക്കായും (15:1-2; 19:1-10) ഒന്നുപോലെ പരാമർശിക്കുന്നതുകൊണ്ട് ചുങ്കക്കാരോടും പാപികളോടുമൊപ്പം യേശു ഭക്ഷണം കഴിച്ചിരുന്നു എന്നത് ഒരു ചരിത്രവസ്തുത തന്നെയാണെന്ന് നാം അനുമാനിക്കണം. യേശുവിന്റെ "വിലയിടിക്കുന്ന" ഇത്തരം കൂട്ടായ്മകൾ സുവിശേഷകർ സ്വയം എഴുതിയ കഥകളാണെന്ന് വിശ്വസിക്കാൻ പ്രയാസമാണ്. ദൈവത്തിന്റെ അത്യധികമായ കരുണയുടെയും ക്ഷമയുടെയും ആവിഷ്കാരവും മുന്നാസ്വാദനവു മായിരുന്നു ഈ വിരുന്നുകളെല്ലാം - ദൈവ ഭരണത്തിന്റെ പൊട്ടിവിടരലുകൾ.

പാപികളോട് ഇടപെടുന്നതിന്റെ പേരിൽ യേശുവിനെ കുറ്റപ്പെടുത്തുന്നത്, രോഗിയുടെമേൽ കുനിഞ്ഞ്, ദുർഗന്ധം സഹിച്ച് രോഗിയെ സുഖപ്പെടുത്താൻ ശ്രമിക്കുന്നതിന്റെ പേരിൽ വൈദ്യനെ കുറ്റപ്പെടുത്തുന്നതിന് തുല്യമാണ് (ഗ്രിഗരി നസിയാൻസൻ).

സ്വയം നീതിമാന്മാരാണെന്നു കരുതുന്നവർ, തങ്ങൾ സുഖമുള്ളവരാണെന്നു പറഞ്ഞ് വൈദ്യനെ കാണാൻ വിസമ്മതിക്കുന്ന മാനസിക രോഗികൾക്ക് തുല്യരാണ്. അവരുടെ വലിയ ശക്തിപോലും അവരുടെ അസുഖത്തിന്റെ അടയാളമാണ് (അഗസ്റ്റിൻ).

## ശിഷ്യർക്കുള്ള ഇളവിന്റെ പേരിൽ (2:18-22)

പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവ യഹൂദരുടെ പ്രധാനപ്പെട്ട മൂന്ന് ഭക്തകൃത്യങ്ങളായിരുന്നു (തോബി 12:8-9). വർഷത്തിലൊരിക്കൽ - പാപപ്പരിഹാരദിനത്തിൽ - ഉപവസിക്കണമെന്നാണ് മോശയുടെ നിയമത്തിൽ നിഷ്കർഷിച്ചിരുന്നത് (ലേവ്യ 16:1-36). പ്രത്യേക അവസരങ്ങളിൽ ഉപവാസം പ്രഖ്യാപിക്കുന്നരീതിയും പഴയനിയമകാലത്തുണ്ടായിരുന്നു (നെഹെ 9:1; സഖ 8:19; ജോയേ 2:12-13). എന്നാൽ വിശുദ്ധഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന ഒരു ഉപവാസംകൊണ്ട് ഫരിസേയർ തൃപ്തരായിരുന്നില്ല. അവർ ആഴ്ചയിൽ രണ്ടുതവണ ഉപവസിക്കുമായിരുന്നു (ലൂക്കാ 18:12), തിങ്കളാഴ്ചയും ബുധനാഴ്ചയും. ഫരിസേയരുടെ ശിഷ്യർ എന്നാൽ ഫരിസേയരുടെ ജീവിതരീതി അനുവർത്തിച്ചിരുന്നവർ എന്നേ അർത്ഥമുള്ളൂ. യോഹന്നാൻ തടവിലായിരുന്നതുകൊണ്ടാവാം അദ്ദേഹത്തിന്റെ ശിഷ്യർ ഉപവസിച്ചത്. ഈശോയുടെ ചോദ്യകർത്താക്കൾ ആരാണെന്ന് കൃത്യമായി പറഞ്ഞിട്ടില്ലെങ്കിലും യേശുവിനെ ഭക്ഷണവുമായി ബന്ധപ്പെട്ട് കുറ്റം പറഞ്ഞ (2:16) നിയമജ്ഞർ തന്നെയായിരിക്കാം അവർ. "നിന്റെ ശിഷ്യന്മാർ ഉപവസിക്കാതിരിക്കുന്നതെന്തുകൊണ്ട്" എന്നതാണ് ചോദ്യത്തിന്റെ മർമ്മം. ശിഷ്യന്മാരുടെ പ്രവർത്തികൾക്ക് ഗുരു ഉത്തരവാദി ആണെന്നതിനാൽ ഇത് ഈശോയ്ക്ക്തന്നെ എതിരായ ആരോപണമാണ്.

പഴയനിയമത്തിൽ ദൈവമാണ് മണവാളൻ (ഹോസി 2:14–20; ഏശ 54:4–8; ജറെ 2:2), ഇസ്രായേൽ മണവാട്ടി. തന്നെത്തന്നെ യേശു മണവാളനായി ചിത്രീകരിക്കുന്നത് ഈ പശ്ചാത്തലത്തിൽ അർത്ഥ ഗർഭമാണ്. വിവാഹാഘോഷങ്ങളിൽ പങ്കെടുക്കുന്ന മണവാളന്റെ തോഴർക്ക് ആഴ്ചതോറുമുള്ള ഉപവാസത്തിൽനിന്ന് ഒഴിവു നൽകി യിരുന്നു. ആ ഒഴിവിന് തന്റെ ശിഷ്യർ അർഹരാണെന്നാണ് യേശു നൽകുന്ന വിശദീകരണം. എന്നാൽ അതോടൊപ്പംതന്നെ ശിഷ്യരുടെ ആഹ്ലാദാഘോഷങ്ങൾക്കുമേൽ ദുഖത്തിന്റെ കരിനിഴൽ വീഴാനിരിക്കുന്ന തിനെക്കുറിച്ചും യേശു മുന്നറിയിപ്പുനൽകുന്നുണ്ട്: മണവാളൻ അകറ്റ പ്പെടുന്ന ദിവസംവരും (വാ. 20). തന്റെ മരണത്തെക്കുറിച്ച് യേശു നടത്തുന്ന ആദ്യപരാമർശമാണിത്. തന്റെ പരസ്യജീവിതാരംഭത്തിൽ തന്നെ മരണത്തെക്കുറിച്ചുള്ള ചിന്തകൾ യേശുവിനുണ്ടായിരുന്നുവെന്ന് ഈ പരാമർശം വ്യക്തമാക്കുന്നു. യേശുവിന്റെ പരസ്യജീവിതത്തിന്റെ കാലഘട്ടം വിവാഹാഘോഷാവസരംപോലെ സന്തോഷിക്കാനുള്ള കാലഘട്ടമാണ്. സന്തോഷിക്കാനുള്ള കാരണങ്ങളാണ് ഇതിനുമുമ്പുള്ള വിവരണങ്ങളിൽ നാം കണ്ടത്: സാത്താന്റെയും തിന്മയുടെയും രോഗത്തിന്റെയും പാപത്തിന്റെയുംമേലുള്ള ദൈവത്തിന്റെ വിജയം. പാപികളോടും അവഗണിക്കപ്പെട്ടവരോടുമുള്ള ദൈവത്തിന്റെ കരുണയും സ്നേഹവും. എന്നാൽ യേശുവിന്റെ മരണത്തിനും രണ്ടാംവരവിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ ഉപവാസത്തിന് പ്രസക്തിയുണ്ടാകും.

മാംസം ഒഴിവാക്കുന്നതിൽ മാത്രം നിന്റെ ഉപവാസം ഒതുക്കിനിർത്താ തിരിക്കാൻ ശ്രദ്ധിക്കുക; തിന്മയിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നതാണ് യഥാർത്ഥ ഉപവാസം. അന്യായമായ എല്ലാ കരാറുകളും കീറിയെറിയുക; അയൽക്കാർക്കു മാപ്പുകൊടുക്കുക; അവരുടെ തെറ്റുകൾ ക്ഷമിക്കുക (ബേസിൽ).

മിതമായി വീഞ്ഞുകുടിക്കുന്നതാണ് അമിതമായി വെള്ളം കുടിക്കു ന്നതിനെക്കാൾ നല്ലത്. അമിതമായി വെള്ളം ഉപയോഗിക്കുന്നവർ സുഖിമാന്മാർതന്നെയാണ്. ഭക്ഷണം കഴിക്കുന്നതോ വീഞ്ഞുകുടി ക്കുന്നതോ അല്ല, അമിതമായി ഭക്ഷിക്കുന്നതും അമിതമായി കുടിക്കുന്ന തുമാണ് കുറ്റകരമായിട്ടുള്ളത് (പല്ലാഡിയുസ്).

മിശിഹ വാഗ്ദാനം ചെയ്യപ്പെട്ടതുമുതൽ നീതിമാന്മാരായ അനേകം ആത്മാക്കൾ കണ്ണീരോടും വിലാപത്തോടുംകൂടെ മിശിഹായുടെ ആഗമനം പ്രതീക്ഷിച്ചിരുന്നു. മിശിഹായുടെ സ്വർഗ്ഗാരോഹണത്തിനു ശേഷം അവന്റെ വിശുദ്ധർ അവന്റെ രണ്ടാമത്തെ ആഗമനവും പ്രതീക്ഷി ച്ചിരിക്കുന്നു. ഇതിനു രണ്ടിനും ഇടയ്ക്കുള്ള കാലഘട്ടം, മനുഷ്യനായി അവൻ മനുഷ്യരോടൊത്തു വസിച്ച കാലഘട്ടം ആഹ്ലാദിക്കേണ്ട ഘട്ടമാണ് (വന്ദ്യ ബീഡ്).

ശിഷ്യന്മാരുടെ ഉപവാസലംഘനത്തിന് മറ്റൊരു കാരണവും യേശു നൽകുന്നുണ്ട്. യേശുവിന്റെ ആഗമനത്തിന്റെയും അവിടുന്ന് ഉദ്ഘാടനം ചെയ്ത ദൈവരാജ്യത്തിന്റെയും പശ്ചാത്തലത്തിൽ, മിശിഹായുടെ ആഗമ

നത്തെ ത്വരിതപ്പെടുത്തുന്നതിനുള്ള ഉപാധി എന്നനിലയിൽ യഹൂദർ അനുഷ്ഠിച്ചിരുന്ന ഉപവാസം അപ്രസക്തമാണ്. രണ്ട് സുഭാഷിത ങ്ങളിലൂടെയാണ് (proverbs) അവിടുന്ന് അത് വിശദീകരിക്കുന്നത്. രണ്ടും – വസ്ത്രവും വീഞ്ഞും – വിവാഹവുമായി ബന്ധപ്പെട്ട പ്രതീകങ്ങളാണ്. 1. പഴയ വസ്ത്രത്തിൽ പുതിയ കഷണം ആരും തുന്നിപ്പിടിപ്പിക്കാറില്ല. അലക്കാത്ത പുതിയ തുണിക്കഷണം "ചുരുങ്ങു"മെന്നതിനാൽ പഴയതിനോട് തുന്നിച്ചേർക്കാനാവില്ല. പഴയവസ്ത്രത്തിൽ പുതിയ തുണി ക്കഷണങ്ങൾ പിടിപ്പിച്ച് അതിനെ മോടിപിടിപ്പിക്കാൻ നാം ശ്രമിക്കാറില്ല. നരച്ച് നിറംമങ്ങി പിഞ്ഞിക്കീറിത്തുടങ്ങിയ പഴയവസ്ത്രം ഉപേക്ഷിക്കാനേ പറ്റൂ. അതിന്റെ കാലാവധി കഴിഞ്ഞിരിക്കുന്നു. യഹൂദമതമാണ് പഴയവസ്ത്രം. യേശു പ്രഖ്യാപിച്ച പുതിയനിയമ ജീവിതശൈലിയുടെ പുതിയ തുണിയിൽനിന്ന്കുറച്ചു കഷണങ്ങൾ അതിൽ തുന്നിച്ചേർത്തതു കൊണ്ട് പ്രയോജനമില്ല. യഹൂദമതാനുഷ്ഠാനങ്ങളിൽ ചില പരിഷ്കാര ങ്ങൾ നടത്തി അത് ഉപയോഗപ്രദമാക്കാനുള്ള പരിശ്രമങ്ങൾ നിരർത്ഥക മാണെന്നാണ് യേശു വിവക്ഷിക്കുന്നത്. പഴയനിയമ ജീവിതശൈലി യുടെ കാലം കഴിഞ്ഞുപോയി. പുതിയനിയമ ജീവിതശൈലിയുടെ പുതുവസ്ത്രം ധരിക്കേണ്ട കാലമായി എന്ന് യേശു പഠിപ്പിക്കുന്നു.

രണ്ടാമത്തെ സുഭാഷിതം പുതിയവീഞ്ഞിന്റെയും പഴയതോൽക്കുട ങ്ങളുടെയും ഉപമയാണ്. മുന്തിരിനീര് വീഞ്ഞാകുന്ന പ്രക്രിയയിൽ അത് പൊന്താറുണ്ട് (ferment). അത് സൂക്ഷിക്കുന്ന തുകലിന്റെ ഭരണികളും അതോടൊപ്പം വികസിച്ചുകൊടുക്കും. എന്നാൽ പരമാവധി വികസിച്ചു കഴിഞ്ഞ പഴയതുകൽകുടങ്ങളിൽ പുതിയവീഞ്ഞ് ഒഴിച്ചുവച്ചാൽ, പഴയതുകൽകുടങ്ങൾക്ക് ഇനിയും വികസിക്കാനാകാത്തതുകൊണ്ട് പുളിക്കുന്ന മുന്തിരിച്ചാറിന്റെ സമ്മർദ്ദം താങ്ങാൻ അതിനുകഴിയാതെ വരുകയും തൽഫലമായി അത് പൊട്ടി, വീഞ്ഞ് നഷ്ടപ്പെടുകയും ചെയ്യും. യഹൂദമതം ഇലാസ്തികത (അയവ്) നഷ്ടപ്പെട്ട പഴയ തുകൽകുടത്തിന് സമാനമാണ്. അനുഷ്ഠാനങ്ങളും ആചാരങ്ങളും പാരമ്പര്യങ്ങളും ഇനിയും ഒട്ടും അയയാനും വികസിക്കാനും സാധിക്കാത്തതരത്തിൽ യഹൂദമതത്തെ കടുപ്പമുള്ളതാക്കി മാറ്റിയിരിക്കുന്നു. സുവിശേഷത്തിന്റെ പുതിയവീഞ്ഞ് ഉൾക്കൊള്ളാൻ അതിനു കഴിയില്ല. സുവിശേഷമെന്ന വീഞ്ഞിനൊപ്പം വികസിക്കാൻ ഇനിയും യഹൂദമതത്തിനു സാധിക്കു മെന്നു വിചാരിക്കുന്നതു മൗഢ്യമാണ്. ആചാരങ്ങളുടെയും അനുഷ്ഠാന ങ്ങളുടെയും കടുംപിടുത്തക്കാർക്ക് യേശു വിഭാവനം ചെയ്ത സുവിശേഷത്തിന്റെ സ്വാതന്ത്ര്യം ഉൾക്കൊള്ളാനോ അംഗീകരിക്കാനോ ആകില്ല. ക്രൈസ്തവമതമെന്ന പുതിയ തോൽക്കുടത്തിനുമാത്രമേ സുവിശേഷത്തിന്റെ പുതിയവീഞ്ഞിനെ സൂക്ഷിച്ച് സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. യേശുവിന്റെ പ്രബോധനങ്ങളും ജീവിതശൈലിയും മനോഭാവങ്ങളും ഒന്നും ഫരിസേയർക്ക് ഉൾക്കൊള്ളാൻ സാധിച്ചില്ലെന്ന തുതന്നെയാണ് ഇതിന്റെ ഏറ്റവും വലിയ തെളിവ്.

വീഞ്ഞ് നമുക്ക് ആന്തരീക ഉന്മേഷം നൽകുന്നു; പുതുവസ്ത്രം നമ്മെ ബാഹ്യമായി മോടിപിടിപ്പിക്കുന്നു. രണ്ടും ആത്മീയ ജീവിതവുമായി ബന്ധപ്പെട്ടകാര്യങ്ങൾതന്നെ. ബാഹ്യമായി നാം ചെയ്യുന്ന സത്പ്രവർ

ത്തികൾ പുതുവസ്ത്രം ധരിക്കുമ്പോഴെന്നപോലെ ലോകദൃഷ്ടിയിൽ നമ്മെ തിളക്കമുള്ളവരായി എടുത്തുകാണിക്കുന്നു. വിശ്വാസം, ശരണം, സ്നേഹം എന്നിവയ്ക്കുള്ള തീക്ഷ്ണതയുടെ വീഞ്ഞ് ദൈവദൃഷ്ടിയിൽ നമ്മുടെ ആത്മാവിനെ പുതുചൈതന്യം ഉള്ളതാക്കിത്തീർക്കും (വന്ദ്യ ബീഡ്).

പുതിയനിയമത്തിൽ, യേശു ശിഷ്യർക്ക് പുതിയരൂപത്തിലുള്ള പ്രാർത്ഥന നൽകി... പണ്ടുണ്ടായിരുന്നവ ഒന്നുകിൽ ഇല്ലാതാക്കി, പരിച്ഛേദനം തുടങ്ങിയവ; അല്ലെങ്കിൽ പൂർണ്ണമാക്കി, ബാക്കിനിയമങ്ങൾ പോലെ; അതുമല്ലെങ്കിൽ പൂർത്തിയാക്കി, വാഗ്ദാനങ്ങൾപോലെ... സുവിശേഷത്തിന്റെ ആഗമനത്തോടെ പഴയകാലത്തെ പൂർണമായും തുടച്ചുനീക്കി (തെർതുല്യൻ).

## സാബത്തുലംഘനത്തിന്റെ പേരിൽ (2:23–28)

യേശുവിന്റെ ശിഷ്യരുടെ പ്രവർത്തനങ്ങളുടെ പേരിലാണ് ഇക്കുറിയും യേശുവിന് എതിർപ്പ് നേരിടേണ്ടിവരുന്നത്. സാബത്ത് യഹൂദരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ദിവസമാണ്. അന്യരുടെ വയലിൽനിന്ന് ശിഷ്യർ കതിരുപറിച്ചു തിന്നതിന്റെ പേരിലല്ല അതു സാബത്തു ദിവസം ചെയ്തതിന്റെ പേരിലാണ് ഫരിസേയർ വിമർശനം ഉയർത്തുന്നത്. വിശക്കുന്നവർക്ക് പശിയടക്കാനാവശ്യമുള്ളത് അന്യരുടെ വയലിൽനിന്നെടുക്കുന്നത് യഹൂദരുടെ ഇടയിൽ അനുവദിച്ചിരുന്ന കാര്യമാണ് (നിയ 23:25). എന്നാൽ ശിഷ്യന്മാർ ചെയ്തത് സാബത്തു ലംഘനമായിട്ടാണ് ഫരിസേയർ കണക്കാക്കിയത്. അവരുടെ ദൃഷ്ടിയിൽ കൊയ്യുന്നതിനും (പറിക്കുക), മെതിക്കുന്നതിനും (കയ്യിലിട്ടു തിരുമ്മുക), പാറ്റുന്നതിനും (ഉമി ഊതിക്കളയുക) തുല്യമായ പ്രവർത്തിയാണ് ശിഷ്യന്മാർ ചെയ്തുകൊണ്ടിരുന്നത്.

ഫരിസേയരുടെ വിമർശനത്തിന് മറുപടിയായി 1 സാമു 21:1–6 ൽ വിവരിച്ചിരിക്കുന്ന സംഭവത്തിലേക്കാണ് യേശു തന്റെ എതിരാളികളുടെ ശ്രദ്ധക്ഷണിക്കുന്നത്. പുരോഹിതന്മാർക്കുമാത്രം ഭക്ഷിക്കാനനുവാദ മുണ്ടായിരുന്ന കാഴ്ചയപ്പം (എല്ലാസാബത്തു ദിവസവും കൂടാരത്തിനു മുന്നിൽ വയ്ക്കേണ്ടിയിരുന്ന പന്ത്രണ്ട് അപ്പം (ലേവ്യ 24:5–8)) ദാവീദു ഭക്ഷിക്കുകയും തന്റെ അനുചരന്മാർക്ക് കൊടുക്കുകയും ചെയ്യുന്നു. ചെയ്യാൻ പാടില്ലാത്തതാണ് ദാവീദ് ചെയ്തതെങ്കിലും വിശുദ്ധഗ്രന്ഥം അദ്ദേഹത്തിന്റെ നടപടിയെ കുറ്റപ്പെടുത്തുന്നില്ല. ദൈവത്തിന്റെ അഭിഷി ക്തനായിരുന്നു ദാവീദ് എന്നതായിരുന്നു അതിനു കാരണം. കർത്താ വിന്റെ അഭിഷിക്തൻ എന്ന നിലയ്ക്ക് ഒരു പ്രത്യേക സാഹചര്യത്തിൽ ദാവീദ് തന്റെ അനുചരന്മാർക്കായി നടത്തിയ നിയമലംഘനം അവഗണി ക്കപ്പെട്ടു. ദാവീദ് ദൈവത്തിന്റെ അഭിഷിക്തനെങ്കിലും ഒരു മനുഷ്യൻ മാത്രമായിരുന്നു. ചില അത്യാവശ്യസന്ദർഭങ്ങളിൽ ചില നിയമങ്ങൾ ക്കതീതനായി മാനുഷിക പരിഗണനവച്ച് അദ്ദേഹം പ്രവർത്തിച്ചു; ദൈവം അവനെ കുറ്റക്കാരനായി പരിഗണിച്ചുമില്ല. അങ്ങനെയെങ്കിൽ ദൈവം

അഭിഷേകം ചെയ്തയച്ച ദൈവപുത്രൻതന്നെയായ താൻ എത്രകണ്ട് നിയമങ്ങൾക്ക് അതീതനാണെന്നാണ് യേശു സൂചിപ്പിക്കുന്നത്. യേശുവിന്റെ ദൈവപുത്രത്വം മനസ്സിലാക്കാത്തതുകൊണ്ടാണ് അവന്റെ പ്രവർത്തികൾ മനസ്സിലാക്കാനും ഫരിസേയർ പരാജയപ്പെടുന്നത്.

1 സാമു 21:1–6 മർക്കോസിന്റെ കഥയിൽനിന്ന് ഏതാനും കാര്യങ്ങളിൽ വിഭിന്നമാണ്. പഴയനിയമവിവരണത്തിൽ ദാവീദ് ദൈവഭവനത്തിൽ പ്രവേശിക്കുന്നില്ല, മറ്റാരും അദ്ദേഹത്തിന്റെ കൂടെയുള്ളതായും കാണുന്നില്ല. ദാവീദിന് വിശന്നുവെന്നും അവിടെ നാം വായിക്കുന്നില്ല. മാത്രവുമല്ല, ദാവീദോ അനുചരന്മാരോ തിരുസാന്നിധ്യത്തിന്റെ അപ്പം ഭക്ഷിക്കുന്നുമില്ല. ഒരുപക്ഷേ, യേശുവിനുനേരെയുള്ള ആരോപണത്തിന്റെ പശ്ചാത്തലത്തിൽ മർക്കോസുതന്നെ മൂലകഥയിൽ തിരുത്തലുകൾ വരുത്തിയതാവാം. 1 സാമുവൽ കാണുന്ന വിവരണത്തിൽ അഹിമലെക് ആണ് പുരോഹിതൻ. എന്നാൽ മർക്കോസ് അബിയാഥറിന്റെ പേരാണ് നൽകിയിരിക്കുന്നത്. ഒരുപക്ഷേ അഹിമലെക്കിന്റെ മകനായ അബിയാഥർ കൂടുതൽ പ്രശസ്തനായതുകൊണ്ടാവാം അദ്ദേഹത്തിന്റെ പേര് മർക്കോസ് പരമർശിക്കുന്നത്. അല്ലെങ്കിൽ മർക്കോസിന് പുരോഹിതന്റെ പേര് മാറിപ്പോയതുമാകാം.

ശിഷ്യന്മാരുടെ വിശപ്പ്, അവർ എല്ലാം ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ചതിന്റെ പരിണിതഫലമാണ്. വിശക്കുന്നവരോടും ദാഹിക്കുന്നവരോടും അവശരോടുമുള്ള യേശുവിന്റെ പരിഗണനയും നാമിവിടെ കാണുന്നു. നിയമങ്ങളുടെ മറപിടിച്ചുകൊണ്ട് ന്യായമായ മാനുഷിക ആവശ്യങ്ങളെയും മാനുഷികാവകാശങ്ങളെയും അവഗണിക്കരുതെന്നും യേശു നമ്മെ ഓർമ്മിപ്പിക്കുന്നു. "സാബത്തു മനുഷ്യനുവേണ്ടിയാണ് മനുഷ്യൻ സാബത്തിനുവേണ്ടിയല്ല" എന്ന യേശുവി ന്റെ പ്രഖ്യാപനം നിയമത്തിന്റെ മാനുഷിക മുഖം വ്യക്തമാക്കുന്നു. ഈ ആശയം യഹൂദർക്ക് അപരിചിതമല്ല. മനുഷ്യനന്മയ്ക്കുവേണ്ടി സാബത്താചരണത്തിന് ഒഴിവു നൽകിയ സംഭവങ്ങൾ പഴയനിയമത്തിൽതന്നെയുണ്ട് (1 മക്ക 2:39–41; 2 മക്ക 5:19). ഇവിടെ ഒരുപക്ഷേ ശിഷ്യന്മാർ ഭക്ഷണം കഴിച്ചില്ലെങ്കിൽ മരിച്ചുപോകുമെന്ന അവസ്ഥ യൊന്നുമുള്ളതായി തോന്നുന്നില്ല. അതിനർത്ഥം, ന്യായമായ ഏതൊരു മാനുഷികാവശ്യങ്ങൾക്കും നിയമാനുഷ്ഠാനങ്ങളെക്കാൾ പ്രാമുഖ്യമുണ്ടെന്നാണ്. മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ സൃഷ്ടിപരവും രക്ഷാകരവുമായ ശക്തിപ്രകടനത്തിന്റെ ആഘോഷമായിരുന്നു സാബത്ത്. വിശപ്പ് ശമിപ്പിക്കുന്നത് ആ ചൈതന്യത്തിന് നിരക്കുന്ന പ്രവർത്തിതന്നെയാണ്.

ആദിമസഭയിൽ ക്രൈസ്തവർ സാബത്താചരിക്കാതിരുന്നതിന്റെ കാരണമെന്താണെന്ന് വിശദീകരിക്കുന്ന പുതിയനിയമഭാഗമാണിത്. ഏതൊക്കെയാണ് സാധുവായ മതാചാരങ്ങൾ എന്നു നിശ്ചയിക്കുവാനുള്ള അധികാരങ്ങൾ സാബത്തിന്റെയും കർത്താവായ യേശുവിനുള്ളതാണ്. എതിർപ്പുകൾക്ക് ഓരോ സംഭവം കഴിയുമ്പോഴും ആക്കം കൂടുന്നു. ആദ്യം പിറുപിറുത്തവർ (2:2) ഒടുവിൽ കൊല്ലാൻതന്നെ തീരുമാനിക്കുന്നു (3:6).

## സാബത്തിലെ നന്മയുടെ പേരിൽ (3:1–6)

സിനഗോഗിൽ യേശു ചെയ്യുന്ന രണ്ടാമത്തെ അത്ഭുതമാണിത്. സാബത്തിൽ യേശു രോഗശാന്തി നൽകുമോ എന്നറിയാൻ അവന്റെ വിമർശകർ ഉറ്റുനോക്കിക്കൊണ്ടിരുന്നു. മനുഷ്യരുടെ ഗൂഢോദ്ദേശ്യങ്ങൾ ദൈവം അറിയുന്നതുപോലെതന്നെ യേശുവിനു മനസ്സിലാക്കാൻ സാധിക്കുമെന്നു വായനക്കാരന് ഇതിനകംതന്നെ ബോധ്യം വന്നിട്ടുള്ളതാണ് (2:8). ഇവിടെയും എതിരാളികളുടെ മനസ്സിലിരുപ്പ് മനസ്സിലാക്കി യേശു കൈ ശോഷിച്ച മനുഷ്യനെ നടുവിലേക്കു ക്ഷണിക്കുന്നു. കഴിഞ്ഞഭാഗങ്ങളിൽ കണ്ട (2:24) ഫരിസേയർ തന്നെയാവണം ഇവിടെയും യേശുവിന്റെ വിമർശകർ. മിഷ്ന shab 7:2 വിവരിക്കുന്ന 39 കൂട്ടം സാബത്തുലംഘനങ്ങളുടെ കൂട്ടത്തിൽ ചികിത്സപെടുത്തിയിട്ടില്ല. സാബത്തിൽ രോഗശാന്തി നൽകുന്നതിനെക്കുറിച്ച് ഫരിസേയരുടെ ഇടയിൽത്തന്നെ ഭിന്നാഭിപ്രായങ്ങളാണുണ്ടായിരുന്നത്. മരണവക്രത്തിൽപ്പെട്ടിരിക്കുന്ന ഒരുവനെ സുഖമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സാബത്തുലംഘനമായി ഫരിസേയർ പൊതുവെ കരുതിയിരുന്നില്ല. എന്നാൽ എസ്സീൻ വിഭാഗത്തിൽപ്പെട്ടവർ സാബത്തനുഷ്ഠാനത്തിന്റെ കാര്യത്തിൽ വളരെ കർക്കശമായ നിലപാടാണ് സ്വീകരിച്ചിരുന്നത്. താൻ ചെയ്യാൻ പോകുന്ന ജോലിയെക്കുറിച്ച് സാബത്തുദിവസം ചിന്തിക്കുന്നതുപോലും സാബത്തുലംഘനമായിട്ടാണ് അവർ കരുതിയിരുന്നത്. കൈശോഷിച്ചയാൾ മരണകരമായ അവസ്ഥയിലാണെന്ന് ചിന്തിക്കാൻ പ്രയാസമാണ്. എന്നാൽ ആ മനുഷ്യൻ ഒരു മേസ്തിരിയായിരുന്നുവെന്നും അയാളുടെ അസുഖം അയാളെ തൊഴിൽരഹിതനാക്കിയതിലൂടെ അയാൾ മരണവക്രത്തിൽപ്പെട്ടിരിക്കുകയായിരുന്നു എന്നമുള്ള വ്യാഖ്യാനങ്ങൾ (ഉദാ: "നസ്രായന്റെ സുവിശേഷം" എന്ന അപ്രാമാണിക ഗ്രന്ഥം) യേശുവിന്റെ പ്രവർത്തിയെ ന്യായീകരിക്കാൻ പരിശ്രമിക്കുന്നതാണ്. യേശുവിന്റെ ചോദ്യം വിമർശകരുടെ വായടപ്പിക്കുന്ന ഒന്നായിരുന്നു. ജീവൻ സംരക്ഷിക്കുന്നതിനുവേണ്ടി സാബത്തുലംഘിച്ച് യുദ്ധം ചെയ്യാൻ മക്കബായർ തയ്യാറായ സംഭവം പഴയനിയമത്തിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട് (1 മക്ക 2:41). സാബത്തിൽ നന്മ ചെയ്യുന്നതും ജീവൻ രക്ഷിക്കുന്നതും അനുവദനീയമല്ലെന്നു പറയാൻ ഫരിസേയർക്കാവില്ലല്ലോ. അതുകൊണ്ട് അവർ നിശബ്ദരായിനിന്നു. സാബത്തിൽ എന്താണ് നന്മയായിട്ടുള്ളതെന്ന് വ്യക്തമായിട്ടും നിശബ്ദരായിരിക്കുന്നത് നന്മയോടുള്ള എതിർപ്പുകൊണ്ടല്ല നന്മചെയ്യുന്ന യേശുവിനോടുള്ള എതിർപ്പുകൊണ്ടാണെന്നു തീർച്ച. അവരുടെ ഹൃദയകാഠിന്യം യേശുവിനെ ദുഖിതനാക്കുന്നു. ദൈവവചനത്തിനെതിരെ ഹൃദയം കൊട്ടിയടക്കുന്നവരാണു കഠിനഹൃദയർ (എസെ 3:7; അപ്പ 28:27). യേശുവിന്റെ ക്രോധവും ദുഖവും "എന്നാൽപ്പിന്നെ ആർക്കും ഒരു നന്മയും ചെയ്യേണ്ട" എന്ന നിഷേധാത്മകമായ മനോഭാവത്തിലേക്കല്ല യേശുവിനെ നയിക്കുന്നത് (കോപവും ദുഖവും വരുമ്പോൾ, ചെയ്യേണ്ട കാര്യങ്ങൾ പലപ്പോഴും നാം ചെയ്യാറില്ലല്ലോ). തന്റെ ദുഖവും ക്രോധവും മറന്ന് ആ മനുഷ്യനെ അവിടുന്ന് സുഖപ്പെടുത്തുന്നു. "തളർന്ന കൈകളെ അവൻ ശക്തിപ്പെടു

ത്തും" (ഏശ 35:3). സാബത്തിൽ ജീവൻ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തി അനുവദനീയമാണെങ്കിൽ ആരോഗ്യം പുനസ്ഥാപിക്കുന്ന തിനുള്ള പ്രവർത്തിയും അനുവദനീയമാണെന്നതുകൊണ്ടാണ് ഈശോ മനുഷ്യനെ സുഖപ്പെടുത്തുന്നത്. വാസ്തവത്തിൽ തന്റെ വചനംകൊണ്ട് മാത്രമാണ് യേശു അവന് സൗഖ്യം നൽകുന്നത്. നിഷ്കൃഷ്ടാർത്ഥ ത്തിൽ അവിടുന്ന് സാബത്തു ലംഘിക്കുന്നുമില്ല. എങ്കിലും ഫരിസേയർ ഹേറോദേസ് പക്ഷക്കാരുമായിച്ചേർന്ന് യേശുവിനെ കൊല്ലാൻ ആലോ ചിക്കുകയാണ്. സാബത്തു ദിവസം നന്മചെയ്തത് കുറ്റമായികണ്ടവർ, അതേദിവസംതന്നെ ഒരു മനുഷ്യനെ കൊല്ലാൻ ഗൂഢാലോചന നടത്തുന്നത് സാബത്തിന്റെ ലംഘനമായി കാണുന്നില്ലെന്നതാണ് ഇവിടുത്തെ വിരോധാഭാസം.

നിഷ്കൃഷ്ടാർത്ഥത്തിൽ സാബത്തു ലംഘനമാകുന്ന ഒന്നുംതന്നെ യേശു ഇവിടെ ചെയ്യുന്നില്ല. എന്നിട്ടും എതിരാളികൾ യേശുവിനെ കൊല്ലാനാലോചിക്കുന്നതെന്തുകൊണ്ടാവും? 3:4ലെ യേശുവിന്റെ ചോദ്യത്തിന് എതിരാളികൾ മറുപടികൊടുക്കുന്നില്ല. നീതിമാന്മാരായ ആർക്കും ഉത്തരം വ്യക്തമാണ്. ആ നിലയ്ക്ക് ഫരിസേയരുടെ മൗനം ജനമധ്യത്തിൽ അവരുടെ ദുഷ്ടതയെക്കുറിച്ചുള്ള വാചാലമായ സാക്ഷ്യമായിമാറി. വാസ്തവത്തിൽ, ജീവൻ രക്ഷിക്കുന്നതോ നശിപ്പിക്കു ന്നതോ, ഏതാണു നിയമാനുസൃതം എന്ന യേശുവിന്റെ ചോദ്യംതന്നെ യേശുവിന്റെ ജീവൻ നശിപ്പിക്കാനുള്ള അവരുടെ ഗൂഢോദ്ദേശ്യത്തിന്റെ വെളിപ്പെടുത്തലായിരുന്നു. ജനമധ്യത്തിൽ ഇതിനകംതന്നെ ഇളിഭ്യരായി കഴിഞ്ഞിരുന്ന എതിരാളികൾ യേശുവിന്റെ ചോദ്യംകേട്ട് വിവർണ്ണരായി ത്തീർന്നിട്ടുണ്ടാവും. തുടർന്ന് സാബത്തുലംഘിക്കാതെതന്നെ യേശു ആ രോഗിയെ സുഖമാക്കിയപ്പോൾ യേശു തന്റെ പരഹൃദയജ്ഞാനം കൊണ്ടും പ്രബോധനംകൊണ്ടും പ്രവർത്തികൊണ്ടും തങ്ങളെക്കാൾ അതിമാത്രം ശക്തനാണെന്നു എതിരാളികൾ തിരിച്ചറിഞ്ഞിട്ടുണ്ടാവാം. തങ്ങൾക്കേറ്റ വലിയ അപമാനത്തിനും വിശ്വാസ്യതാശോഷണത്തിനും കണക്കു ചോദിക്കാനാകണം യേശുവിനെ കൊല്ലാൻ അവർ ആലോചി ക്കുന്നത്.

ഫരിസേയർ ഒരു മതവിഭാഗമാണ്. ഹേറോദേസ് പക്ഷക്കാർ രാഷ്ട്രീയ ക്കാരും. ഹേറോദേസ് അന്തിപ്പാസിന്റെ ഭരണത്തെ അനുകൂലിച്ചിരുന്ന വരാണ് ഹേറോദേസ് പക്ഷക്കാർ. ആ നിലയ്ക്ക് അവർ റോമിന്റെ ഭരണത്തെയും അനുകൂലിച്ചിരുന്നു. ഫരിസേയർ റോമൻഭരണത്തോട് ഉള്ളാലെ അതൃപ്തി ഉണ്ടായിരുന്ന വിഭാഗമാണ്. രാഷ്ട്രീയമായി വിരുദ്ധ ധ്രുവങ്ങളിൽ നിൽക്കുന്ന ഫരിസേയരും ഹേറോദേസ് പക്ഷക്കാരും യേശുവിനെ കൊല്ലുന്ന കാര്യത്തിൽ ഒന്നിക്കുന്ന നാടകീയരംഗമാണ് നാമിവിടെ കാണുന്നത്.

**വിചിന്തനം:** സാബത്താചരണത്തിനുള്ള തീക്ഷ്ണത സാബത്തിന്റെ അർത്ഥത്തെതന്നെ അവമതിക്കുന്ന രീതിയിലാകുന്ന സംഭവങ്ങളാണ് മർക്കോസ് വിവരിച്ചിരിക്കുന്നത്. ദൈവത്തെക്കുറിച്ചും പാരമ്പര്യത്തെ ക്കുറിച്ചും തങ്ങൾ ധരിച്ചുവച്ചിരിക്കുന്ന ബോധ്യങ്ങൾ ചോദ്യം ചെയ്യ

പ്പെടുമ്പോൾ ചിലപ്പോൾ ദൈവികതീക്ഷ്ണതയുള്ള വ്യക്തികൾപോലും അക്രമാസക്തരാകാനും കൊടിയ തിന്മപ്രവർത്തിക്കാനും സാധ്യതയുണ്ടെന്ന് അവസാനത്തെ സംഘർഷകഥ (3:1-6) നമുക്കു മുന്നറിയിപ്പു നൽകുന്നു. ദൈവത്തെക്കുറിച്ച് പുത്തൻകാഴ്ച്ചപ്പാടുകളും ഈ കാഴ്ചപ്പാടുകൾക്കനുസൃതമായ ജീവിതശൈലിയും അവതരിപ്പിച്ച യേശുവിനെ ദൈവത്തെക്കുറിച്ചുള്ള പരമ്പരാഗത കാഴ്ചപ്പാടുകൾ പുലർത്തിയിരുന്നവർ കൊന്നൊഴിവാക്കാൻ ശ്രമിക്കുന്നു. മാറുന്നകാലഘട്ട ത്തെയും അതിന്റെ കാഴ്ചപ്പാടുകളെയും ഉൾക്കൊള്ളാനും കാലഘട്ടത്തിനിണങ്ങിയ മതജീവിതശൈലി അവതരിപ്പിക്കാനും സഭയ്ക്ക് ഉത്തിരവാദിത്വമുണ്ട്.

## പന്ത്രണ്ടുപേരുടെ തിരഞ്ഞെടുപ്പ് (3:13-19)

കടൽത്തീരത്തുനിന്നു മലമുകളിലേക്കു പൊടുന്നനെ രംഗംമാറുന്നു. ഇത് ഒരു പുതിയ സംഭവം അവതരിപ്പിക്കുന്നതിന്റെ പശ്ചാത്തല സജ്ജീകരണത്തിന്റെ ഭാഗമാണ്. പന്ത്രണ്ടുപേരെ തിരഞ്ഞെടുക്കുന്നതാണ് ഈ സംഭവം. യേശുവിനെ ശത്രുക്കൾ കൊല്ലാൻ തയ്യാറെടുക്കുന്നതും (3:6) യേശുവിന്റെ പ്രവർത്തനമേഖലയുടെ വ്യാപ്തിയും (3:7-10) പുതിയൊരു സംഘത്തെ നിയമിക്കേണ്ടത് ആവശ്യകമാക്കിത്തീർത്തു.

മലമുകൾ ദൈവസാന്നിധ്യത്തിന്റെയും ദൈവികവെളിപാടിന്റെയും സ്ഥലമാണ്. ദൈവം മോശയെ മലമുകളിലേക്ക് വിളിക്കുന്നതിനെ അനുസ്മരിപ്പിക്കുന്ന രീതിയിൽ (പുറ 19:3-6; നിയ 32:48-34:9) യേശു തനിക്കിഷ്ടമുള്ളവരെ തന്റെ അടുത്തേക്ക് വിളിക്കുന്നു. "ഇഷ്ടമുള്ളവരെ" അടുത്തേക്കു വിളിച്ചു എന്നത് വിളിക്കപ്പെടുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുന്നു. വിളിയുടെ മാനദണ്ഡം വിദ്യാഭ്യാസയോഗ്യതയോ സാംസ്കാരികഔന്നിത്യമോ സാമ്പത്തിക പശ്ചത്തലമോ ധാർമ്മിക നിലവാരമോ ഒന്നുമല്ല, യേശുവിന്റെ ഇഷ്ടം ഒന്നുമാത്രമാണ്. അതിനർത്ഥം വിളിക്കപ്പെടാത്തവരെ അവനിഷ്ടമല്ല എന്നുമല്ല. ചിലരെ ചില പ്രത്യേക ദൗത്യത്തിനായി അവൻ ഇഷ്ടപ്പെടുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത്.

യേശു ഇഷ്ടപ്പെട്ടു വിളിച്ചവർ അവന്റെ സമീപത്തേക്ക് ചെന്നുവെന്നത് ശിഷ്യത്വത്തിൽ പരമപ്രധാനമായ "പ്രതികരണ"ത്തെ സൂചിപ്പിക്കുന്നു. യേശുവിന്റെ വിളിയോട് സഹകരിച്ച് പ്രത്യുത്തരിക്കുന്നവനാണ് യഥാർത്ഥ ശിഷ്യൻ.

14-15 വാക്യങ്ങളിൽ എന്തിനുവേണ്ടിയിട്ടാണ് യേശു ശിഷ്യരെ വിളിച്ചത് എന്നു വ്യക്തമാക്കുന്നു: "തന്നോടുകൂടെ ആയിരിക്കാനും... അധികാരം നൽകുന്നതിനുമായി". ഈ വാചകത്തിലെ ക്രമം വളരെ പ്രധാനപ്പെട്ടതാണ്. ശിഷ്യർ ആദ്യം ചെയ്യേണ്ടത് യേശുവിന്റെകൂടെ ആയിരിക്കുക എന്നതാണ്. യേശുവിന്റെകൂടെ ആയിരിക്കുന്നത് അവിടുത്തെ

മനസ്സറിഞ്ഞ്, ഹൃദയസ്പന്ദനങ്ങൾ സ്വന്തമാക്കി അവിടുത്തെപ്പോലെ ആകുന്നതിനാണ്. അപ്പോഴാണ് യേശുവിന്റെ യഥാർത്ഥസ്ഥാനപതിക ളായി ജനമധ്യത്തിലേയ്ക്കിറങ്ങാൻ ശിഷ്യർക്ക് സാധിക്കുക. കൂടെ യായിരിക്കാനുള്ള വിളി യേശുവിനോടൊപ്പം അപമാനവും സഹനവും മരണവും മഹത്വവും പങ്കുപറ്റാനുള്ള വിളിയുമാണ്.

രണ്ടാമതായി, പ്രസംഗിക്കാനയക്കുക എന്നതാണ് യേശുവിന്റെ ഉദ്ദേശ്യം. അടുത്തറിഞ്ഞ യേശുവിനെവേണം ശിഷ്യർ പ്രസംഗിക്കാൻ. അപ്പോഴെ അത് അനുഭവസാക്ഷ്യമാകൂ. പിതാവിന്റെ മടിയിലിരുന്ന് അവിടുത്തെ ഗാഢമായി മനസ്സിലാക്കിയ യേശുവാണ് പിതാവിനെ വെളിപ്പെടുത്തിത്തന്നത് (യോഹ 1:18). അതുപോലെതന്നെയാവണം ശിഷ്യന്മാരുടെ പ്രസംഗവും. മൂന്നാമതായി, പിശാചുക്കളെ ബഹിഷ്കരി ക്കാൻ അധികാരപ്പെടുത്തുന്നതിനുവേണ്ടി യേശു ശിഷ്യരെ തിരഞ്ഞെ ടുത്തു. ശിഷ്യർക്ക് അവിടുന്ന് നൽകിയ വലിയ അത്ഭുതപ്രവർത്തന ശക്തിയുടെ അടയാളമാണ് പിശാചുക്കളെ ബഹിഷ്കരിക്കാനുള്ള അധികാരം. പിശാചുക്കളെ ബഹിഷ്കരിക്കാൻപോലും കഴിവുള്ളവർക്ക് മറ്റെന്തുതന്നെ സാധിക്കുകയില്ല.

പന്ത്രണ്ടുപേരെയാണ് യേശു പ്രത്യേകമായി തിരഞ്ഞെടുത്തത് എന്നത് പഴയനിയമ ഇസ്രായേലിന്റെ തുടർച്ചയാണ് പുതിയനിയമ സമൂഹം എന്നു സൂചിപ്പിക്കുന്നു. പന്ത്രണ്ടുഗോത്രപിതാക്കന്മാരുടെ സന്തതിപരമ്പരകളായിരുന്നല്ലോ ഇസ്രായേൽജനം. പുതിയ നിയമ ഇസ്രായേലിന്റെ കേന്ദ്രസ്ഥാനത്തേക്കും യേശു പന്ത്രണ്ടുപേരുടെ ഒരു സംഘത്തെ നിയമിക്കുന്നു.

ശിമയോന് യേശു നൽകിയ പുതിയപേരാണ് പത്രോസ്. പുതിയ പേരു നൽകുന്നത് പുതിയ സ്വഭാവത്തെ / വ്യക്തിത്വത്തെ സൂചിപ്പിക്കുന്നു. യേശുവിലായിരിക്കുന്നവൻ ഒരു പുതിയ സൃഷ്ടിയാണ്. പത്രോസ് എന്ന വാക്കിന്റെ അർത്ഥം പാറ എന്നാണ്. വാസ്തവത്തിൽ പത്രോസിന്റെ സ്വഭാവം ഉറച്ചപാറയിൽനിന്നും തികച്ചും വിഭിന്നമായ ഒന്നായിരുന്നു വെന്ന് നാം സുവിശേഷങ്ങളിൽ കാണുന്നു. ചഞ്ചലചിത്തനായ (15:66–72) എന്തിനും ചാടിപ്പുറപ്പെടുന്ന (യോഹ 18:10) ഒരു വ്യക്തിയായിരുന്നു പത്രോസ്. എന്നാൽ പിന്നീട് കുരിശുമരണത്തിനുപോലും ഇളക്കാൻ സാധിക്കാത്ത അചഞ്ചലമായ വിശ്വാസത്തിന്റെയും വിശ്വസ്തത യുടെയും ഉടമയായി പത്രോസുമാറി. പെത്രാ എന്ന വാക്കിന്റെ അർത്ഥം പാറക്കഷണം ആണെന്ന വാദത്തിൽ പണ്ഡിതന്മാർ കഴമ്പൊന്നും കാണുന്നില്ല.

ബൊവനെർഗസ് എന്ന അരമായ പദത്തിന്റെ അർത്ഥം ഇടിമുഴക്ക ത്തിന്റെ പുത്രന്മാർ എന്നാണെന്ന് സുവിശേഷകൻ വിശദീകരിക്കുന്നത് സുവിശേഷത്തിന്റെ വായനക്കാർ അരമായഭാഷ പരിചയമില്ലാത്തവരാ ണെന്ന വസ്തുതയിലേക്കു വിരൽ ചൂണ്ടുന്നു. സെബദിയുടെ പുത്രന്മാ രുടെ "എടുത്തുചാട്ട പ്രകൃതിയെ" സൂചിപ്പിക്കുന്നതാകാം ഈ പുതിയ പേര്. സമരിയാക്കാരുടെമേൽ അഗ്നിയിറക്കി അവരെ നശിപ്പിക്കട്ടെയെന്ന് ആവേശത്തോടെ ചോദിച്ചവരാണല്ലോ അവർ (ലൂക്കാ 9:54).

യാക്കോബിനെയും സഹോദരൻ യോഹന്നാനെയും ഇടിമുഴക്കത്തിന്റെ പുത്രന്മാരെന്ന് അവൻ വിളിച്ചു. കാരണം, പഴയനിയമത്തിൽ അബ്രാമിനെ അബ്രാഹമെന്നും സാറായിയെ സാറായെന്നും യാക്കോബിനെ ഇസ്രായേലെന്നും പേരുമാറ്റിയവൻ തന്നെയാണ് താനെന്നു വ്യക്തമാക്കാനായിരുന്നു അത് (ക്രിസോസ്റ്റോം).

അന്ത്രയോസ് എന്ന വാക്കിന്റെ അർത്ഥം ധൈര്യശാലി എന്നാണ്. പീലിപ്പോസ് എന്നാൽ കുതിരയെ സ്നേഹിക്കുന്നവൻ. അന്ത്രയോസിനെയും പീലിപ്പോസിനെയും ഒരുമിച്ച് പലയവസരങ്ങളിലും നാം കാണുന്നുണ്ട്. അന്ത്രയോസും പീലിപ്പോസും ഒരേ നാട്ടുകാരായിരുന്നു, ബെത്സയിദ (യോഹ 1:44). യേശു അപ്പം വർദ്ധിപ്പിക്കുന്ന സംഭവത്തിൽ പീലിപ്പോസും അന്ത്രയോസുമാണ് യേശുവുമായി സംഭാഷിക്കുന്നത് (യോഹ 6:5-9); ഗ്രീക്കുകാർ യേശുവിനെതേടുന്ന സംഭവത്തിലും പീലിപ്പോസും അന്ത്രയോസും മധ്യസ്ഥരുടെ വേഷം അണിയുന്നു (യോഹ 12:21-22).

ബെർത്തലോമിയ എന്നത് യഥാർത്ഥ പേരാവാൻ വഴിയില്ല. തലോമിയുടെ (ടോളമി) മകൻ എന്നേ ഈ വാക്കിന് അർത്ഥമുള്ളൂ. യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്ന നഥാനിയേൽ (1:45f) ആണ് ബെർത്തലോമിയോ എന്ന് സഭാപിതാക്കന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. യേശു ആദ്യം വിളിച്ച ശിഷ്യരിൽ ഒരുവനായിരുന്ന നഥാനിയേലിന്റെ പേര് (യോഹ 1:45-51) പന്ത്രണ്ടുപേരുടെ പട്ടികയിൽ കാണാത്തതുകൊണ്ടാണ് ബെർത്തലോമിയോ നഥാനിയേൽ തന്നെയാണെന്ന് കരുതാൻ കാരണം. അപ്പസ്തോലനായ ഒരാളുടെ യഥാർത്ഥ പേരുപോലും സുവിശേഷത്തിൽ കാണുന്നില്ല എന്നത് അപ്പസ്തോലന്മാരെ വലുതാക്കിക്കാണിക്കുകയായിരുന്നില്ല പ്രത്യുത യേശുവിനെപ്പറ്റി സാക്ഷ്യപ്പെടുത്തുകയായിരുന്നു സുവിശേഷങ്ങളുടെ ലക്ഷ്യമെന്നു വ്യക്തമാക്കുന്നു. അവൻ വലുതാവുകയും ഞാൻ ചെറുതാവുകയും ചെയ്യണമെന്ന സ്നാപകന്റെ ചൈതന്യം സുവിശേഷകരും അപ്പസ്തോലന്മാരുമെല്ലാം സ്വായത്തമാക്കിയിരുന്നുവെന്നു വ്യക്തം.

മത്തായി എന്നാൽ ദൈവദാനമെന്നർത്ഥം. ശിഷ്യത്വം ദൈവത്തിന്റെ ദാനമാണല്ലോ. മത്തായിയുടെ യഥാർത്ഥനാമം ലേവി എന്നായിരുന്നു.

തോമസ് എന്ന പദം തോമാ എന്ന അരമായ പദത്തിന്റെ വിവർത്തനമാണ്. ഇരട്ട എന്നാണ് ഈ വാക്കിന്റെ അർത്ഥം. ഇരട്ട, ഗ്രീക്കിൽ ദിദിമോസ് (Didymos) ആണ്. മുഖഭാവത്തിൽ യേശുവിനെപ്പോലെയിരുന്നതുകൊണ്ടാണ് ഈ പേര് കൈവന്നതെന്നു കരുതുന്നവരുണ്ട്.

അൽഫേയൂസ് എന്ന ഗ്രീക്കുപദത്തിന്റെ അരമായരൂപമാണ് ഹൽപെ. ഈ യാക്കോബ് ഈശോയുടെ സഹോദരനായ യാക്കോബോ (ഗലാ 1:19; 1 കോറി 15:7) ചെറിയ യാക്കോബോ (മർക്കോ 15:40) അല്ല. തദേവൂസ് എന്ന പേര് ലൂക്കാസുവിശേഷകൻ നല്കുന്ന പന്ത്രണ്ടുപേരുടെ പട്ടികയിൽ കാണുന്നില്ല (ലൂക്കാ 6:14-16). പകരം യാക്കോബിന്റെ മകൻ യൂദാസ് എന്നപേരാണ് നൽകിയിരിക്കുന്നത്. യൂദാ തദേവൂസ് എന്നാണ് ഈ ശിഷ്യൻ അറിയപ്പെടുന്നത്. യേശുവിന്റെ സഹോദരനായ യൂദാ,

പക്ഷേ ലേഖനമെഴുതിയ യൂദാസാണെന്നു പണ്ഡിതർ കരുതുന്നില്ല. ശിമയോൻ നാമധാരികൾ രണ്ടുപേരുണ്ടായിരുന്നതിനാലാകാം കാനാൻകാരനായ ശിമയോൻ എന്നു വ്യക്തമാക്കിയിരിക്കുന്നത്. ഖാനാന എന്ന അരമായ പദത്തിന് തീവ്രവാദി/തീക്ഷ്ണമതി എന്നാണർത്ഥം. അദ്ദേഹം റോമൻ ഭരണത്തെ എതിർത്തിരുന്ന ഒരു രാഷ്ട്രീയ തീവ്രവാദിയായിരുന്നോ അതോ യഹൂദനിയമങ്ങൾ തീക്ഷ്ണമായി പാലിച്ചിരുന്ന കടുത്ത യാഥാസ്ഥിതിക മതതീവ്രവാദിയായിരുന്നോ എന്നു വ്യക്തമല്ല. ഒരു യഹൂദനെ സംബന്ധിച്ചിടത്തോളം മതതീവ്രവാദവും രാഷ്ട്രീയ തീവ്രവാദവും പരസ്പരപൂരകങ്ങളായ കാര്യങ്ങളായിരുന്നു.

പന്ത്രണ്ടുപേരുടെ പട്ടികയിൽ എല്ലായിടത്തും ഒറ്റുകാരനായ യൂദാസിന്റെ പേരാണ് അവസാനം. പക്ഷേ യേശുവിന്റെ പരസ്യജീവിത കാലത്ത് പന്ത്രണ്ടംഗസംഘത്തിലെ പ്രമുഖനായിരുന്നു യൂദാസ്. സംഘത്തിന്റെ പണം സൂക്ഷിക്കാൻ നിയോഗിക്കപ്പെട്ടവനായിരുന്നു യൂദാസ് എന്നതിൽനിന്നും അദ്ദേഹം വിദ്യാസമ്പന്നനായിരുന്നുവെന്ന് അനുമാനിക്കാം. യേശു അവനെ വിശ്വസ്തനായി കരുതിയിരുന്നുവെന്നും ഇതു സൂചിപ്പിക്കുന്നു.

യേശുവിനെ കൊല്ലാൻ ഫരിസേയരും ഹേറോദേസ് പക്ഷക്കാരും ഗൂഢാലോചന നടത്തിയതിന്റെ പശ്ചാത്തലത്തിലാണ് (3:6) യേശു പന്ത്രണ്ടുപേരെ തിരഞ്ഞെടുക്കുന്ന സംഭവം വിവരിച്ചിരിക്കുന്നത്. തന്റെ മരണശേഷം തന്റെ ദൗത്യം തുടരാനുള്ളവരെ യേശു തിരഞ്ഞെടുത്ത് ഒരുക്കുകയാണ്. യേശു തിരഞ്ഞെടുത്തവരിൽ മൂന്നു ജോഡികൾക്ക് ഒരേപേരാണെന്നത് ശ്രദ്ധേയമാണ്: ശിമയോൻ, യാക്കോബ്, യൂദാസ്. ഈ പേരുകളെല്ലാം പൂർവ്വപിതാക്കന്മാരുടെ പേരുകളാണല്ലോ. ഭക്തരായ യഹൂദന്മാർ തങ്ങളുടെ കുട്ടികൾക്ക് ഇസ്രായേലിന്റെ പൂർവ്വപിതാക്കന്മാരുടെ പേരാണ് നൽകിയിരുന്നത്. ഈ ശിഷ്യന്മാർ പരമ്പരാഗത കുടുംബങ്ങളിൽ, ഭക്തരായ മാതാപിതാക്കളിൽനിന്ന് ജനിച്ചവരാണ് എന്നാകാം ഇത് സൂചിപ്പിക്കുന്നത്. ശിഷ്യസമൂഹത്തിൽ പണ്ഡിതരോ പുരോഹിതരോ ഉണ്ടായിരുന്നില്ലെന്നതും ശ്രദ്ധേയമാണ്. ദൈവരാജ്യത്തിന്റെ നിർമ്മിതിക്കുവേണ്ടി സാധാരണക്കാരായ അത്മായരെയാണ് യേശു തിരഞ്ഞെടുത്തത്. ദൈവരാജ്യസംസ്ഥാപനം മനുഷ്യന്റെ പ്രവർത്തിയല്ല ദൈവത്തിന്റെ പ്രവർത്തനമാണ് എന്ന് ഈ തിരഞ്ഞെടുപ്പ് വ്യക്തമാക്കുന്നു.

**വിചിന്തനം:** ദൈവവിളിയ്ക്കുകാരണമായ പല ഘടകങ്ങളും പലരും ചൂണ്ടിക്കാണിക്കാറുണ്ട്. കുടുംബസാഹചര്യം, കുടുംബാംഗങ്ങളോ ബന്ധുജനങ്ങളോ ആയ സമർപ്പിതരുടെ സ്വാധീനം, ഇടവകദേവാലയത്തിലെ പ്രവർത്തനങ്ങളിലെ ഭാഗഭാഗിത്വം, ഇടവക വികാരിമാരുടെ സ്വാധീനം എന്നിങ്ങനെയുള്ള ഉദാഹരണങ്ങൾ അനവധി. എന്നാൽ, ഇതേ സാഹചര്യത്തിൽ ജീവിച്ച എല്ലാവരും സമർപ്പിതജീവിതം തിരഞ്ഞെടുത്തിട്ടില്ലായെന്നത്, ഇവയൊന്നും ദൈവവിളിയുടെ പിന്നിലെ ഏറ്റവും പ്രധാനകാരണമല്ലയെന്നു വ്യക്തമാക്കുന്നു. ഉദാ. പള്ളിയുടെ യടുത്ത് വീടുള്ള പലരും സമർപ്പിതജീവിതം തിരഞ്ഞെടുത്തേക്കാം.

എന്നാൽ പള്ളിയുടെ അടുത്തുവീടുള്ള എല്ലാവരും സമർപ്പിതരാകുന്നില്ല യെന്നതു വാസ്തവമാണല്ലോ.

ഇന്നും തന്റെ ശിഷ്യഗണത്തിൽനിന്ന് യേശു ഇക്കാര്യങ്ങൾതന്നെ പ്രതീക്ഷിക്കുന്നു. അവർ തങ്ങൾ വ്യക്തിപരമായി മനസ്സിലാക്കിയ യേശുവിനെ പ്രഘോഷിക്കേണ്ടവരും (3:14–15) തങ്ങളുടെ സഹോദരങ്ങളുടെ ഹൃദയത്തിൽനിന്ന് സകലവിധ തിന്മകളെയും ബഹിഷ്കരിക്കേണ്ടവരുമാണ്. വിശുദ്ധകുമ്പസാരത്തിൽ സംഭവിക്കുന്നതും മനുഷ്യരെ ബന്ധിച്ചിരിക്കുന്ന തിന്മയുടെ ശക്തികളുടെ ഉച്ചാടനം തന്നെയാണ്. വ്യക്തികളിൽനിന്ന് മാത്രമല്ല സമൂഹങ്ങളെയും ആവേശിച്ചിരിക്കുന്ന തിന്മയുടെ – അഴിമതി, കൈക്കൂലി, സ്വജനപക്ഷപാതം, സ്ത്രീധനം, ബാലവേല, സ്ത്രീപീഡനം, മദ്യപാനം, മയക്കുമരുന്ന് എന്നിങ്ങനെയുള്ള ബാധകളിൽനിന്ന് വിമോചിപ്പിക്കേണ്ടത് ക്രിസ്തുശിഷ്യന്റെ ദൗത്യമാണ്. പ്രാർത്ഥനയും പ്രവർത്തനവും സംയോജിപ്പിക്കാനുള്ള വിളിയാണ് ശിഷ്യത്വത്തിന്റേത്. അവ അവിഭാജ്യമാണ്.

ശിഷ്യസമൂഹത്തിൽ ഒരുപക്ഷേ പരസ്പരം യോജിച്ചുനിൽക്കാൻ സാധിക്കാത്തവർപോലും ഉണ്ടായിരുന്നു. ഉദാഹരണത്തിന് യഹൂദരിൽ നിന്നു ചുങ്കം പിരിച്ചിരുന്ന മത്തായിയും റോമൻഭരണത്തെ നഖശിഖാന്തം എതിർത്തിരുന്ന കാനാൻകാരനായ ശിമയോനും. എന്നാൽ യേശുവിനോടുള്ള അവരുടെ പ്രതിബദ്ധതയും വിശ്വസ്തതയും തങ്ങളുടെ നിക്ഷിപ്തതാല്പര്യങ്ങളെ മറികടന്ന് ഒറ്റക്കെട്ടായി മുന്നേറാൻ അവർക്ക് ശക്തി നൽകി.

എടുത്തുചാട്ടക്കാരനായ ശിമയോൻ, സ്ഥാനമോഹികളായ സെബദീപുത്രന്മാർ, എന്നിവർ യേശുവിന്റെ സംഘത്തിൽപ്പെട്ടിരുന്നവരാണ്. ഗ്രീക്ക് നാമധാരികളായ അന്ത്രയോസ്, ഫിലിപ്പ്, ശേമിക നാമധാരികളായ ശിമയോൻ, മത്തായി എന്നിവർ യഥാക്രമം യവനവത്കരിക്കപ്പെട്ടവരെയും യാഥാസ്ഥിതിക യഹൂദരെയും സൂചിപ്പിക്കുന്നു. യേശുവിന്റെ ശിഷ്യത്വം എത്രമാത്രം വൈവിധ്യമാർന്നതാണെന്നതാണ് ഇത് വ്യക്തമാക്കുന്നത്. യൂദാസിന്റെ കഥ ശിഷ്യത്വം എത്ര ലോലമാണെന്നും.

## യേശുവും ബേൽസെബൂലും (3:20–30)

മർക്കോസ് സുവിശേഷകൻ ഉപയോഗിക്കുന്ന ഒരു രചനാസങ്കേതമാണ് സാൻവിച്ച് (sandwich technique). ഒരു സംഭവത്തിന്റെ വിവരണത്തിനിടയ്ക്ക് മറ്റൊരു സംഭവം വിവരിക്കുന്ന രീതിയാണിത്. അതായത് ഒരു സംഭവത്തിന്റെ വിവരണം ഇടയ്ക്ക് നിറുത്തിയിട്ട് മറ്റൊരു സംഭവം വിവരിക്കുകയും തുടർന്ന് ആദ്യ വിവരണത്തിന്റെ ബാക്കിഭാഗം വിവരിക്കുകയും ചെയ്യുന്നു. ഈ രചനാസങ്കേതം ഉപയോഗിച്ചിരിക്കുന്ന ഭാഗമാണ് 3:20–35. 3:20–21ൽ യേശുവിനെ അവന്റെ കുടുംബാംഗങ്ങൾ തെറ്റിദ്ധരിക്കുന്ന വിവരണത്തിന്റെ ആദ്യഭാഗം നാം കാണുന്നു. തുടർന്ന് നാം കാണുന്നത് യഹൂദമതനേതൃത്വം യേശുവിനെ തെറ്റിദ്ധരിക്കുന്ന

ഭാഗമാണ് (22-30) എന്നാൽ 31-ാം വാക്യം മുതൽ യേശുവിനെ കുടുബാംഗങ്ങൾ തെറ്റിദ്ധരിക്കുന്ന ബാക്കിഭാഗമാണ് നാം കാണുന്നത്. ഈ രചനാസങ്കേതം മർക്കോസിന്റെ സുവിശേഷത്തിൽ പലയിടത്തും നാം കാണുന്നുണ്ട്. ഉദാ 5:21-43; 6:7-32; 11,12-25; 14,1-11; 14:54-72.

ഈ രണ്ടു കഥകളും പരസ്പരം വ്യാഖ്യാ നിക്കാനുള്ള ഉപാധികളായി മാറുന്നു. അതായത് ഒന്നാമത്തെ കഥ രണ്ടാമത്തെ കഥയുടെ അർത്ഥ മെന്തെന്നു വ്യക്തമാക്കുന്നു. അതുപോലെ രണ്ടാമത്തെത് ഒന്നാമത്തെ തിന്റെയും. യേശുവിനെക്കുറിച്ച് യേശുവിന്റെ കുടുബാംഗങ്ങൾ ക്കിടയിൽതന്നെയുള്ള അഭിപ്രായവ്യത്യാസം മുതലെടുത്ത് യേശു വിനെതിരെ അതീവഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ജനക്കൂട്ടത്തെ യേശുവിനെതിരെ തിരിക്കാനുള്ള മതനേതൃത്വത്തിന്റെ ശ്രമമാണ് നാമിവിടെ കാണുന്നത്.

യേശുവിന്റെ ജനപ്രീതിയെ പരാമർശിച്ചുകൊണ്ടാണ് ഈ രംഗം ആരംഭിക്കുന്നത്. അല്പംപോലും വിശ്രമിക്കാൻ സാധിക്കാത്തതരത്തിൽ ജനങ്ങൾ യേശുവിന്റെ സഹായം തേടിയെത്തിക്കൊണ്ടിരുന്നു. യേശുവിനെക്കുറിച്ച് ജനങ്ങൾക്ക് അത്രമാത്രം മതിപ്പായിരുന്നുവെന്നാണ ല്ലോ അതിന്റെ അർത്ഥം. എന്നാൽ ഈ ജനവികാരത്തിന് കടക വിരുദ്ധമായ പ്രതികരണമാണ് യേശുവിന് തന്റെ കുടുബാംഗങ്ങളിൽ നിന്ന് ലഭിച്ചത്. അവർക്ക് യേശുവിനെക്കുറിച്ച് യാതൊരുമതിപ്പും ഉണ്ടായിരുന്നില്ല എന്നു മാത്രമല്ല അവനെക്കുറിച്ച് മടുപ്പിക്കുന്ന കിംവദന്തി കളാണ് അവർ കേട്ടുകൊണ്ടിരുന്നത്. "സ്വന്തക്കാരെ"ന്ന വാക്കിന് കുടുബാംഗങ്ങൾ എന്നാണർത്ഥം. യേശുവിന് സുബോധം നഷ്ടപ്പെട്ടു എന്ന വാർത്തയാണ് അവർ കേട്ടത്. അവർ അത് വിശ്വസിച്ചു. സുബോധം നഷ്ടപ്പെട്ട വ്യക്തികളെ വിളിച്ചുകൊണ്ടുപോകാൻ പറ്റില്ലല്ലോ. അതു കൊണ്ട് "പിടിച്ചു കൊണ്ടുപോകണ"മെന്ന് അവർ കരുതി. ബലമായി പിടിച്ചുകൊണ്ടുപോകുക എന്നർത്ഥമുള്ള ക്രത്തേസായി എന്ന ഗ്രീക്കു വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. പിടിച്ചുകൊണ്ടുപോകാൻ തയ്യാറായി അവർ നസ്രത്തിൽനിന്ന് പുറപ്പെട്ടു. പക്ഷെ അവർ യേശു വിന്റെ അടുത്ത് എത്തുന്നതിനുമുമ്പുതന്നെ വേറൊരു സംഘം യേശുവി ന്റെ അടുത്ത് എത്തിക്കഴിഞ്ഞു - ജറുസലെമിൽനിന്നുവന്ന നിയമജ്ഞർ. നിയമജ്ഞർ യഹൂദരുടെ ഇടയിലെ ദൈവശാസ്ത്രജ്ഞരാണ്. ജറുസലെം യഹൂദമതത്തിന്റെ തലസ്ഥാനവും. ജറുസലെമിൽനിന്നു വന്ന നിയമജ്ഞർ, യേശുവിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ച് അന്വേഷി ക്കാൻ നിയോഗിക്കപ്പെട്ട ഔദ്യോഗികസംഘമാണ്. അവർ അന്വേഷണം നടത്തി എത്തിയ നിഗമനം "അവനെ ബേൽസെബൂൽ ആവേശിച്ചിരി ക്കുന്നു, പിശാചുക്കളുടെ തലവനെക്കൊണ്ടാണ് അവൻ പിശാചുക്കളെ പുറത്താക്കുന്നത്" എന്നായിരുന്നു.

ബേൽസെബൂൽ എന്ന വാക്കിന്റെ അർത്ഥം അവ്യക്തമാണ്. സോളമന്റെ നിയമം 3:1-6 (Testament of Solomon) ബേൽസെബൂൽ അശുദ്ധാത്മാക്കളുടെ തലവനാണ്. സാത്താൻ എന്ന വാക്കിന് കുറ്റം വിധി ക്കുന്നവൻ, എതിരാളി എന്നാണർത്ഥം (ജോബ് 1-2). ദുരാത്മാക്കളുടെ

മേൽ അധികാരം ദൈവത്തിനും സാത്താനുമാണല്ലോ. ദൈവത്തിന്റെ ശക്തികൊണ്ടാണ് യേശു പിശാചുക്കളെ പുറത്താക്കുന്നത് എന്ന് സമ്മതിക്കാൻ ഈ അന്വേഷണസംഘം ഒരുക്കമായിരുന്നില്ല. അതുകൊണ്ട് സാത്താന്റെ ശക്തി ഉപയോഗിച്ചാണ് യേശു പിശാചുക്കളെ പുറത്താക്കുന്നത് എന്ന് അവർ പ്രഖ്യാപിച്ചു.

നിയമജ്ഞരുടെ ആരോപണത്തെ യേശു ചോദ്യംചെയ്യുന്നു - സാത്താൻ എങ്ങനെയാണ് സാത്താനെ പുറത്താക്കാൻ കഴിയുക? തുടർന്ന് മൂന്ന് ഉപമകളിലൂടെ അവരുടെ ആരോപണത്തെ യേശു ഖണ്ഡിക്കുന്നു - അന്തച്ഛിദ്രമുള്ള ഭവനം, രാജ്യം, സാത്താന്റെ സാമ്രാജ്യം. അന്തച്ഛിദ്രമുള്ള ഭവനവും രാജ്യവും നിലനിൽക്കുകയില്ലല്ലോ. അന്തച്ഛിദ്രമുള്ള രാജ്യത്തെയും ഭവനത്തെയുംക്കുറിച്ചുള്ള യേശുവിന്റെ വാക്കുകൾ ശ്രോതാക്കളുടെ മനസ്സിൽ ഹേറോദേസിന്റെ കുടുംബത്തെയും രാജ്യത്തെയും ഓർമ്മിപ്പി ച്ചിട്ടുണ്ടാവണം. ഭാര്യമാരെയും മക്കളെയുംപോലും കൊല്ലാൻ മടിക്കാതിരുന്ന ഹേറോദേസിന്റെ മരണത്തോടെ അദ്ദേഹത്തിന്റെ രാജ്യവും വിഭജിതമായി. ഹേറോദേസ് അന്തിപ്പാസ് തന്റെ ഭാര്യയെ വിവാഹമോചനം ചെയ്തത് അമ്മായിഅപ്പനായ നബെത്തയാ രാജാവുമായുള്ള യുദ്ധത്തിനും തുടർന്ന് അന്തിപ്പാസിന്റെ നാടുകടത്തലിനും കാരണമായി. റോമുമായുള്ള യുദ്ധത്തിൽ എ.ഡി 70 ൽ യഹൂദർ പരാജയപ്പെട്ടതിന്റെ ഒരു കാരണം പാളയത്തിലെ പടയായിരുന്നല്ലോ. സാത്താൻ തന്റെതന്നെ ആജ്ഞാനുവർത്തികളായ അശുദ്ധാത്മാക്കൾക്കെതിരായി തിരിഞ്ഞാൽ അത് സാത്താന്റെ സാമ്രാജ്യത്തിന്റെ നാശത്തിനെ വഴിതെളിക്കൂ. അപ്രകാരമൊരു കാര്യം ചെയ്യാൻ സാത്താൻ തയ്യാറാകുകയില്ലല്ലോ. നിയമജ്ഞരുടെ നിഗമനത്തിന്റെ യുക്തിഭദ്രതയെയാണ് യേശു ഇവിടെ ചോദ്യംചെയ്യുന്നത്. തുടർന്ന് താനെങ്ങനെയാണ് പിശാചുക്കളെ പുറത്താക്കുന്നത് എന്ന് യേശു വിശദീകരിക്കുന്നു, ശക്തനായവന്റെ ഉപമയിലൂടെ.

“ശക്തനായ ഒരുവന്റെ ഭവനത്തിൽ പ്രവേശിച്ച് വസ്തുക്കൾ കവർച്ച ചെയ്യണമെങ്കിൽ ആദ്യമേ അവനെ ബന്ധിക്കണം. അതിനുശേഷമേ കവർച്ച നടത്താൻകഴിയൂ” (3:27). ശക്തനായ സാത്താനെ ബന്ധിച്ചിട്ടാണ് അവന്റെ കവർച്ച വസ്തുക്കളായ മനുഷ്യരെ യേശു മോചിപ്പിച്ചത്. എന്നെക്കാൾ ശക്തനായവൻ എന്റെ പിന്നാലെ വരുന്നു (1:7) എന്ന യോഹന്നാന്റെ വചനം ഓർക്കുക. പിശാചിനെ തോല്പിക്കാനും അവന്റെ സാമ്രാജ്യത്തെ തകർക്കുവാനുമുള്ള യേശുവിന്റെ വലിയ ശക്തിയാണ് പിശാചുക്കളെ പുറത്താക്കുന്ന സംഭവങ്ങളിൽ അനാവൃതമാകുന്നത്. “ശക്തനിൽനിന്ന് അടിമകളെ വിടുവിക്കുകയും സ്വേച്ഛാധിപതിയിൽനിന്ന് ഇരയെ രക്ഷിക്കുകയും ചെയ്യുന്ന” (ഏശ 49:25) ദൈവത്തിന്റെ ദാസനായി യേശു പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവിനെതിരേയുള്ള പാപം: ഒരു ആമേൻ ചൊല്ലോടുകൂടിയാണ് (amen saying) ഈ പാപം പരാമർശിച്ചിരിക്കുന്നത്. സുവിശേഷത്തിൽ യേശു മാത്രമാണ് ആമേൻ ചൊല്ല് ഉപയോഗിക്കുന്നത്. ഇതിന്റെ മറ്റുദാഹരണങ്ങൾ 8:12; 9:1,41; 10:15,29; 11:23; 13:30; 14:25,30 എന്നിവയാണ്. മുന്നറിയിപ്പുകളുടെയോ വാഗ്ദാനങ്ങളുടെയോ പശ്ചാത്തലത്തിലാണ് യേശു ഇവ ഉപയോഗിക്കുന്നത്.

നിത്യപാപം എന്നു വിശേഷിപ്പിക്കപ്പെടുന്ന പാപം എന്താണെന്ന തിനെക്കുറിച്ച് പല വിശദീകരണങ്ങളുമുണ്ട്. ദൈവാത്മാവിന്റെ ശക്തിയാൽ യേശുചെയ്ത കാര്യങ്ങൾ പിശാചിന്റെ ശക്തിയാലാണെന്ന് പറയുന്ന ഹൃദയകാഠിന്യമാണ് ഈ പാപമെന്നാണ് ഒന്നാമത്തെ വിശദീകരണം. യേശുവിന്റെ ഉത്ഥാനത്തിനുശേഷമാണല്ലോ യേശുവിന്റെ ദൈവത്വം ശിഷ്യർക്കുപോലും പൂർണ്ണമായി മനസ്സിലായത്. അവരെ ഈ അറിവിലേക്കു നയിച്ചത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായിരുന്നു. പൂർണ്ണമായ അറിവിലേക്കു നയിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രചോദനത്തെ തള്ളിക്കളയുന്നതാണ് നിത്യപാപമെന്നാണ് രണ്ടാമത്തെ വിശദീകരണം. എന്നാൽ കുറച്ചുകൂടി തൃപ്തികരമായ വിശദീകരണം മൂന്നാമത്തെതാണ്. ഏതുപാപവും ക്ഷമിക്കപ്പെടുന്നതിന് പശ്ചാത്താപം ആവശ്യമാണ്. പശ്ചാത്തപിച്ച് ദൈവകാരുണ്യം സ്വീകരിക്കാനുള്ള കൃപ നൽകുന്നത് പരിശുദ്ധാത്മാവും. ഈ കൃപ നിരസിക്കുന്നതാണ് പരിശുദ്ധാത്മാവിനെതിരെയുള്ള പാപം. പശ്ചാത്തപിക്കാത്ത ആളുടെ പാപങ്ങൾ നിത്യപാപങ്ങളായി അവശേഷിക്കുന്നു. 28–30 വാക്യങ്ങളിലെ ഊന്നൽ ക്ഷമിക്കപ്പെടുകയില്ലാത്ത പാപം ഉണ്ടെന്നു പഠിപ്പിക്കുന്നതിലല്ല പ്രത്യുത എല്ലാമനുഷ്യരുടെയും എല്ലാപാപങ്ങളും ക്ഷമിക്കപ്പെടും എന്ന സത്യം പഠിപ്പിക്കുന്നതിലാണ്. ദൈവം “പശ്ചാത്തപിക്കുന്നവരുടെ ദൈവ”മാകയാൽ (മനാസെയുടെ പ്രാർത്ഥന, 13) എത്ര വലിയ ദുഷ്ടർക്കും ദൈവകാരുണ്യത്തിനായി പ്രാർത്ഥിക്കാൻ പറ്റും. മിഷ്ന ആബോത്ത് 3:11 അനുസരിച്ച് അഞ്ചുവിഭാഗം ആളുകൾക്ക് വരാനിരിക്കുന്ന രാജ്യത്തിൽ പ്രവേശനം ഉണ്ടായിരിക്കില്ല: 1. വിശുദ്ധ വസ്തുക്കളെ സാധാരണ വസ്തുക്കളെപ്പോലെ കൈകാര്യം ചെയ്യുന്നവർ 2. വിശുദ്ധ സമയങ്ങളെ അശുദ്ധമാക്കുന്നവർ 3. അയൽക്കാരെ പരസ്യമായി അപമാനിക്കു ന്നവർ 4. അബ്രാഹവുമായുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ അടയാളം തന്നിൽനിന്ന് നീക്കം ചെയ്യുന്നവർ 5. നിയമപുസ്തകത്തിൽ, ദൈവപ്രമാണങ്ങൾക്കു വിരുദ്ധമായ കാര്യങ്ങൾ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുന്നവർ. ഇതിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ യേശുവിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിനെ അശുദ്ധാത്മാവായി വീക്ഷിക്കുന്നതാണ് നിത്യപാപമെന്നു കരുതാനാവും.

## യേശുവിന്റെ കുടുംബം (3:31–35)

യേശുവിന് സുബോധം നഷ്ടപ്പെട്ടുവെന്നുകേട്ട് അവനെ പിടിച്ചുകൊണ്ടുപോകാൻ നസ്രത്തിൽനിന്നു പുറപ്പെട്ടവർ (വാ. 21) യേശുവിന്റെയടുത്തെത്തി. അവർ ആരൊക്കെയായിരുന്നുവെന്ന് 3:31–32ൽ നാം മനസ്സിലാക്കുന്നു – അവന്റെ അമ്മയും സഹോദരരും സഹോദരിമാരും. അവർ വന്നപ്പോൾ ജനക്കൂട്ടം യേശുവിന്റെചുറ്റും ഇരിക്കുകയായിരുന്നു. യേശു അധികാരത്തോടെ പഠിപ്പിക്കുകയും ജനക്കൂട്ടം അവന്റെ വചനം കേട്ടുകൊണ്ടിരിക്കുകയമായിരുന്നുവെന്നാണ് അതിന്റെ സൂചന. കുടുംബാംഗങ്ങൾ “പുറത്തു”നില്ക്കുന്നുവെന്നത് യേശുവും കുടുംബാംഗങ്ങളും തമ്മിലുള്ള അകലം വ്യക്തമാക്കുന്നു. യേശുവിന്റെ ജീവിതകാലത്ത് അവന്റെ സഹോദരങ്ങളിൽ പലരും അവനെ വിശ്വസിച്ചിരുന്നില്ല

(യോഹ 7:5). ആരാണ് എന്റെ അമ്മയും സഹോദരരും എന്ന യേശുവിന്റെ ചോദ്യം കുടുംബബന്ധങ്ങൾ വളരെ പ്രിയപ്പെട്ടതും പ്രധാനവുമായിക്കാണുന്ന അവിടുത്തെ സാംസ്കാരിക പശ്ചാത്തലത്തിൽ വിഷമമുണ്ടാക്കുന്ന ഒന്നായിരുന്നു. യേശുവിന്റെ തുടർന്നുള്ള പ്രസ്താവന യേശുവിന്റെ ഉദ്ദേശ്യം കൂടുതൽ വ്യക്തമാക്കുന്നു – ദൈവത്തിന്റെ ഹിതം നിർവ്വഹിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും. തന്റെ സ്വാഭാവിക കുടുംബബന്ധങ്ങളെ യേശു തള്ളിപ്പറയുകയല്ല, പ്രത്യുത ആത്മീയ കുടുംബബന്ധങ്ങൾക്ക് യേശു സ്വാഭാവിക ബന്ധങ്ങളെക്കാൾ മുന്തിയ പരിഗണന നല്കുകയാണു ചെയ്യുന്നത്. സ്വാഭാവിക കുടുംബത്തിനുമേലെയാണ് ആത്മീയ കുടുംബബന്ധങ്ങളുടെ സ്ഥാനം എന്ന് യേശു പ്രഖ്യാപിക്കുന്നു. ദൈവപിതാവിന്റെ ഇഷ്ട നിർവ്വഹണമാണ് ഒരാളെ യേശുവിന്റെ ആത്മീയ കുടുംബാംഗമാക്കിത്തീർക്കുന്നത്. സ്വന്തം കുടുംബത്തോടും ഗ്രാമത്തോടും പാരമ്പര്യങ്ങളോടുമുള്ള അനുചിതമായ അഭിനിവേശം ക്രിസ്തുശിഷ്യൻ ഒഴിവാക്കണമെന്ന ആഹ്വാനവും ഇവിടെയുണ്ട്. തൊഴിലും കുടുംബവുമെല്ലാം യേശുവിനെപ്രതി ഉപേക്ഷിച്ചവരാണല്ലോ ആദ്യശിഷ്യർ (1:16–20).

ഈ സംഭവം പരിശുദ്ധ മറിയത്തിന്റെ സ്ഥാനത്തിന് ഇടിവ് വരുത്തുന്നുവെന്ന് ചിന്തിക്കേണ്ട കാര്യമില്ല. ജീവിതം മുഴുവൻ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റിയവൾ എന്ന നിലയിൽ (ലൂക്കാ 2:38) മറിയം യേശുവിന്റെ ആത്മീയ കുടുംബാംഗങ്ങളുടെയും അമ്മയാണ്. യേശുവിന്റെ സ്വാഭാവിക മാതാവെന്ന നിലയിലും യേശുവിന്റെ ആത്മീയസഹോദരങ്ങളുടെയെല്ലാം മാതാവെന്ന നിലയിലും മറിയത്തിന്റെ സ്ഥാനം അദ്യുതീയം തന്നെ. ഗെത്സെമൻ തോട്ടത്തിൽ എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് (14:36) യേശു ദൈവത്തിന്റെ മകനായി സ്വയം തെളിയിക്കുകയും ചെയ്തു.

ആദ്യദശകങ്ങളിൽ യേശുവിൽ വിശ്വസിച്ച പലർക്കും സ്വന്തം വീടും കുടുംബങ്ങളും നഷ്ടപ്പെട്ടു. കുടുംബാംഗങ്ങളാൽ തിരസ്ക്കരിക്കപ്പെട്ട യേശു വിശ്വാസികൾക്ക് ഈ വചനം നൽകിയ സ്വാന്തനം ചെറുതായിരുന്നില്ല. തങ്ങളുടെ സ്വാഭാവിക കുടുംബബന്ധങ്ങൾ തങ്ങൾക്കു നഷ്ടപ്പെട്ടെങ്കിലും തങ്ങൾ യേശുവിന്റെ സഹോദരങ്ങളും അവിടുത്തെ വലിയ ആത്മീയ കുടുംബത്തിലെ അംഗങ്ങളുമാണെന്ന ചിന്ത അവർക്ക് ധൈര്യവും ആവേശവും നൽകിയിട്ടുണ്ടാകണം. യേശു സ്ഥാപിക്കുന്ന പുതിയ ആത്മീയ കുടുംബത്തിൽ പിതാവിനെ പരാമർശിക്കുന്നില്ലെന്നതു ശ്രദ്ധേയമാണ്. ശിഷ്യസമൂഹത്തിൽ ദൈവം മാത്രമാണ് പിതാവ് എന്നതുകൊണ്ടാവാമിത്. ഒരു പുരുഷൻ പിതാവെന്നപേരിൽ കുടുംബത്തിൽ അധികാരം കയ്യാളുകയും ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്ന സംവിധാനത്തിന്റെ അനുകരണം ശിഷ്യസമൂഹത്തിൽ യേശു ആഗ്രഹിക്കുന്നില്ലെന്നതിന്റെ സൂചനയുമാകാമിത്.

**വിചിന്തനം:** ദൈവഹിതത്തിനു സ്വയം വിധേയപ്പെടുത്തി യേശുവിന്റെ കുടുംബത്തിലെ അംഗമാവുക എന്നാൽ ദൈവഹിതത്തിനു വിധേയമായി അപമാനവും മരണവുമടക്കമുള്ള സഹനംപോലും ഏറ്റെടുക്കാൻ

തയ്യാറാവുക എന്നാണർത്ഥം. ഇത് അവരെ ഒരു പുതിയ കുടുംബത്തിലെ അംഗങ്ങളാക്കും. അത് രക്തബന്ധം മൂലമുള്ള സ്വാഭാവികകുടുംബമല്ല. യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട ആത്മീയകുടുംബമാണ്.

ജനമധ്യത്തിലുള്ള ദൈവസാന്നിധ്യത്തെയും ദൈവികപ്രവർത്തികളെയും സാത്താനായും അവന്റെ പ്രവർത്തികളായും വ്യാഖ്യാനിച്ച് നിത്യപാപം ചെയ്തത് യഹൂദസമൂഹത്തിലെ ദൈവശാസ്ത്രജ്ഞരും ദൈവവചന പണ്ഡിതരുമായിരുന്ന നിയമജ്ഞരായിരുന്നുവെന്നത് സവിശേഷമായ ശ്രദ്ധയാകർഷിക്കുന്ന കാര്യമാണ്. അറിവു നല്ലതുതന്നെ പക്ഷേ നമ്മുടെ അറിവ് നമ്മുടെ ഹൃദയത്തിന്റെ തുറവിയെ ഇല്ലാതാക്കുമ്പോൾ അത് അപകടമായിത്തീരുന്നു.

## വിതക്കാരന്റെ ഉപമ (4:1–9)

യേശു ജനക്കൂട്ടത്തെ പഠിപ്പിക്കുന്ന പല അവസരങ്ങളെക്കുറിച്ചും മർക്കോസ് സുവിശേഷകൻ പരാമർശിക്കുന്നുണ്ടെങ്കിലും എന്തൊക്കെയായിരുന്നു യേശുവിന്റെ പ്രബോധനമെന്ന് മർക്കോസ് വിശദമായി പ്രതിപാദിച്ചിട്ടില്ല. എന്നാൽ 4:1–34 വരെയുള്ള ഭാഗത്ത് ഇതാദ്യമായി യേശുവിന്റെ പ്രബോധനങ്ങൾ മർക്കോസ് ദീർഘമായി പ്രതിപാദിക്കുന്നു (മറ്റ് അവസരങ്ങളിൽ ചിലത് 7:1–23; 13:1–37 ആണ്). യേശു ഉപമകളിലൂടെയാണ് ജനക്കൂട്ടത്തെ പഠിപ്പിച്ചിരുന്നത് പരാബൊളെ (parabole) എന്നതാണ് ഇതിന്റെ ഗ്രീക്കുവാക്ക്. രണ്ടു വസ്തുക്കളെ "വശത്തോടുവശം" (para) "വച്ച്" (ballein = to place, to throw) താരതമ്യം ചെയ്യുന്നതിനെയാണ് ഈ വാക്കു സൂചിപ്പിക്കുന്നത്. ഹീബ്രുവിലെ മഷാൽ എന്ന വാക്കിന്റെ ഗ്രീക്കു പരിഭാഷയാണ് പരാബൊളെ. ചൊല്ലുകൾ, കടങ്കഥകൾ, ഉപമകൾ, കഥകൾ എന്നിങ്ങനെ ഒരു വലിയ വിഭാഗം സാഹിത്യരൂപങ്ങളെ സൂചിപ്പിക്കുന്ന പദമാണ് മഷാൽ.

യേശുവിന്റെ കാലത്ത് മറ്റു റബ്ബിമാരും ഉപമകൾ ഉപയോഗിച്ചിരുന്നു. ചുറ്റുപാടും നടക്കുന്ന സാധാരണകാര്യങ്ങളിൽനിന്ന് ശ്രദ്ധാർഹമായ സന്ദേശങ്ങൾ നൽകുന്നവയായിരുന്നു യേശുവിന്റെ ഉപമകൾ.

വിതക്കാരന്റെ ഉപമ എന്നാണ് ഇത് അറിയപ്പെടുന്നതെങ്കിലും അയാൾ ഒരിക്കൽ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ (4:3). നാലുതരം നിലങ്ങൾക്കാണ് ഈ ഉപമയിൽ പ്രാമുഖ്യമെന്ന് വിചാരിക്കുന്നവർ ഇതിനെ 'നിലങ്ങളുടെ ഉപമ' എന്നും വിശേഷിപ്പിക്കുന്നുണ്ട്. ഉപമയുടെ ആരംഭത്തിലുള്ള "കേൾക്കുവിൻ" എന്ന ആഹ്വാനം ഉപമയുടെ അവസാനവും മുഴങ്ങുന്നു: "കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ." ഈ ഉപമ ശ്രദ്ധാപൂർവ്വം, ഗൗരവത്തോടെ കേൾക്കണം എന്നാണ് ഇതിനർത്ഥം. പഴയനിയമപ്രവാചകരും ഇതുപോലുള്ള ആഹ്വാനങ്ങൾ മുഴക്കിയിട്ടുണ്ട്, പ്രത്യേകിച്ച് മറുതലിക്കുന്ന മനുഷ്യരോട് (ജറെ 5:21; എസൈ 12:2). വെളിപാടിന്റെ പുസ്തകത്തിലും ഈ ആഹ്വാനം സഭകൾക്കുള്ള ലേഖനങ്ങളിൽ മുഴങ്ങിക്കേൾക്കാം (വെളി. 2:7,11,17,29; 3:6,13,22; 13:9). ഉപമയുടെ ആദ്യാവസാനങ്ങൾ കുറിക്കുന്ന ഒരു ജാക്കറ്റുപോലെ "കേൾക്കുക" എന്ന വാക്ക്

പ്രവർത്തിക്കുന്നു. ഒരേ വാക്കുകളോ സമാനപ്രയോഗങ്ങളോ ഉപയോഗിച്ചു ഒരു രചനാഭാഗത്തിന്റെ ആദ്യാവസാനങ്ങൾ സൂചിപ്പിക്കുന്നതിനെ ഇൻക്ലൂസിയോ (inclusio) എന്നാണു പറയുക.

വിതക്കാരൻ യേശുവിന്റെയും വിത അവന്റെ പ്രഘോഷണത്തിന്റെയും വിത്ത് ദൈവവചനത്തിന്റെയും പ്രതീകമാണെന്ന് വിശ്വാസികളായ വായനക്കാർക്ക് എളുപ്പം പിടികിട്ടും.

എല്ലായിടത്തും നിറഞ്ഞുനിൽക്കുന്നവൻ എങ്ങോട്ടാണു പുറപ്പെടുക? അവൻ മനുഷ്യശരീരത്തിലേക്കു പുറപ്പെട്ടു, മനുഷ്യചരിത്രത്തിലേക്കു കടന്നുവന്നുവെന്നാണർത്ഥം (ക്രിസോസ്റ്റോം).

വിതക്കാരൻ വിതച്ചത് വഴിയരികിലും പാറപ്പുറത്തും മുള്ളുകൾക്കിടയിലും വീണു. യേശുവിന്റെ കാലത്ത് പലസ്തീനായിൽ വിത്ത് വിതച്ചിരുന്നത് വയൽ ഉഴുതതിനുശേഷമാണോ അതിനു മുൻപാണോ എന്നതിനെക്കുറിച്ചു വ്യത്യസ്താഭിപ്രായങ്ങളാണുള്ളത്. എങ്ങിനെയാണെങ്കിലും അതു ഉപമയുടെ സന്ദേശത്തെ ബാധിക്കുന്നതല്ല. പാറപ്പുറമെന്നത് മണ്ണു കൊണ്ട് മൂടിക്കിടക്കുന്ന പാറപ്പുറമാണ്. ആ പാറപ്പുറം വിതക്കാരന് തിരിച്ചറിയാൻ കഴിഞ്ഞില്ല. അതുപോലെ മുൾച്ചെടി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മുൾച്ചെടികളുടെ വിത്തുകൾ കിടന്നിരുന്ന സ്ഥലമെന്നാകാം. വളർന്നു നിൽക്കുന്ന മുൾച്ചെടികൾക്കിടയിൽ ആരും വിതക്കില്ലല്ലോ. എന്നാൽ വയലിൽ കളകളുടേയും മുൾച്ചെടികളുടേയുമൊക്കെ വിത്തു കിടക്കുക സ്വാഭാവികമാണ്. വിതച്ചപ്പോൾ കുറേ വിത്തുകൾ മുൾച്ചെടികളുടെ വിത്തുകൾക്കിടയിലും വീണു.

വിതയിൽ ഇതെല്ലാം സ്വാഭാവികമായി സംഭവിക്കുന്നതുതന്നെയാണെങ്കിലും ആ വിതക്കാരൻ തീരെ ശ്രദ്ധയില്ലാത്തവനാണെന്ന് ചിലപ്പോൾ തോന്നാം. അയാളുടെ ധാരാളിത്തം ഒരു കാര്യം വ്യക്തമായി പഠിപ്പിക്കുന്നു: ദൈവത്തിന്റെ അതിരില്ലാത്ത ഔദാര്യം! ദൈവരാജ്യത്തിലേക്ക് ദൈവത്തിന്റെ ക്ഷണം എല്ലായിടത്തുമുള്ള എല്ലാമനുഷ്യർക്കും ദൈവം ഔദാര്യപൂർവ്വം നൽകുന്നു. വിതക്കാരൻ എല്ലായിടത്തും വിതയ്ക്കുന്നു; എല്ലായിടത്തും ഒരേ വിത്തുതന്നെ വിതയ്ക്കുന്നു. അതുപോലെതന്നെ ദൈവവും ആരോടും അവരുടെ സ്ഥലകാലങ്ങൾക്കോ, ജീവിതസാഹചര്യങ്ങൾ മുൻനിർത്തിയോ വിവേചനം കാണിക്കുന്നില്ല. തന്റെ രാജ്യത്തിലേക്കുള്ള ക്ഷണം അവിടുന്ന് എല്ലാവർക്കും ഒരുപോലെ നൽകുന്നു.

വിവേചനം കൂടാതെ എല്ലായിടത്തും വിത്തു വിതക്കുന്ന വിതക്കാരനെപ്പോലെ തന്റെ ദാനങ്ങൾ ദൈവം എല്ലാവർക്കും നൽകുന്നു. ഇക്കാര്യത്തിൽ ധനികനെന്നോ, ദരിദ്രനെന്നോ, ജ്ഞാനിയെന്നോ, ഭോഷനെന്നോ, മടിയനെന്നോ, ഉത്സാഹിയെന്നോ, ധീരനെന്നോ, ഭീരുവെന്നോ ദൈവം വിവേചിക്കുന്നില്ല. തന്റെ ഭാഗത്തുനിന്ന് ചെയ്യാനുള്ളതൊക്കെ ദൈവം ചെയ്യുന്നു, അതിന്റെ പരിണിതഫലം അറിഞ്ഞുകൊണ്ടുതന്നെ. എന്തുകൊണ്ടാണ് ഇത്രമാത്രം വിത്ത് നഷ്ടപ്പെടുന്നത്? വിതക്കാരന്റെ കുറ്റംകൊണ്ടല്ല, വിത്തു സ്വീകരിച്ച മണ്ണിന്റെ കുഴപ്പംകൊണ്ടാണത്. ഒരിക്കലും നിറുത്താതെ വിതച്ചുകൊണ്ടിരിക്കുക എന്നതാണ് ദൈവത്തിന്റെ രീതി.

മുള്ളുകൾക്കിടയിലും പാറപ്പുറത്തും വഴിയരികിലും വിതക്കുന്നതിന് എന്തു യുക്തിയാണുള്ളതെന്ന് ചോദിച്ചേക്കാം. വിത്തിന്റേയും മണ്ണിന്റേയും കാര്യത്തിൽ ഒരുപക്ഷേ അത് യുക്തിരഹിതമായിരിക്കാം. എന്നാൽ മനുഷ്യഹൃദയങ്ങളെ പരിഗണിക്കുമ്പോൾ അതിൽ യുക്തിയുണ്ട്. ഏതുതരം ഹൃദയത്തിലും മാറ്റം സംഭവിക്കാം. അത് അസംഭവ്യമായിരുന്നെങ്കി ൽ ദൈവം വിത്തു വിതയ്ക്കില്ലായിരുന്നു. അഥവാ ഹൃദയത്തിനു മാറ്റം ഉണ്ടായില്ലെങ്കിൽതന്നെ അതു വിതക്കാരന്റെ കുറ്റമല്ല; ദൈവം തനിക്ക് ചെയ്യാനുള്ളത് ചെയ്തു (ക്രിസോസ്റ്റോം).

മനുഷ്യഹൃദയങ്ങളുടെ പ്രതികരണമാണ് ഓരോ നിലവും സൂചിപ്പിക്കുന്നത്. വഴിയരികിലെ വിത്തിന് മുളയ്ക്കാൻപൊലും അവസരം ലഭിക്കുന്നില്ല.

പുതിയ മുളകൾ കരിഞ്ഞുപോകുന്നുണ്ടെങ്കിൽ അത് വെയിലിന്റെ കുറ്റമാണെന്ന് കർത്താവ് പറയുന്നില്ല; പിന്നെയൊ, വേരില്ലാത്തതുകൊണ്ടാണ് (ക്രിസോസ്റ്റോം).

ചെടിയെ മുൾച്ചെടികൾ ഞെരുക്കുന്നത് മുൾച്ചെടിയുടെ കുഴപ്പമല്ല. അവയെ വളരാൻ അനുവദിക്കുന്നവരുടെ കുഴപ്പമാണ്. നിനക്ക് ആഗ്രഹമുണ്ടെങ്കിൽ അവയുടെ വളർച്ച തടയാൻ കഴിയുമായിരുന്നു. അതുകൊണ്ടാണ് 'ലോക'ത്തെയും 'ധന'ത്തെയും പഴിക്കാതെ ലോകത്തോടുള്ള വ്യഗ്രതയും ധനത്തോടുള്ള 'ആകർഷണ'വുമാണ് വചനത്തിന് വിനയായിത്തീർന്നത് എന്ന് യേശു പഠിപ്പിക്കുന്നത്. സൃഷ്ടവസ്തുക്കളെ നാം പഴിക്കേണ്ട; നമ്മുടെതന്നെ ദുഷിച്ച മനസ്സാണ് പ്രശ്നകാരണം (ക്രിസോസ്റ്റം).

വിത്തു നശിക്കാൻ ഒരൊറ്റ വഴിയല്ല, ഒരുപാടുവഴികളുണ്ട്. വഴിവക്ക് പരുക്കൻ മനസ്സിനേയും, നിസംഗതയേയും, ശ്രദ്ധക്കുറവിനേയും സൂചിപ്പിക്കുന്നു. പാറപ്പുറം ബലഹീനതയേയാണ് പരാമർശിക്കുന്നത് (ക്രിസോസ്റ്റോം).

പാറപ്പുറത്തെ വിത്തിന് ആഴത്തിൽ വേരോടാൻ അവസരം ലഭിക്കുന്നില്ല, മുൾച്ചെടിക്കിടയിലെ വിത്തിന് ഫലം പുറപ്പെടുവിയ്ക്കാനും അവസരം ലഭിക്കുന്നില്ല.

ആദ്യത്തേതിനു വേരില്ല, രണ്ടാമത്തേതിന് ആഴത്തിലുള്ള വേരില്ല, മൂന്നാമത്തേതിന് വേരുണ്ടെങ്കിലും ഫലമുണ്ടാകുന്നില്ല. വിത്തിനു മുളയ്ക്കാനും വളരാനും ഫലംപുറപ്പെടുവിക്കാനും സാധിക്കുന്ന ഹൃദയമാണ് വിതക്കാരന്റെ സ്വപ്നത്തിലെ നല്ലനിലം. മുപ്പതും അറുപതും നൂറും മേനി ഫലം അതിസമൃദ്ധമായ വിളവിനെയാണു സൂചിപ്പിക്കുന്നത്. നഷ്ടത്തെ തുലോം നിസ്സാരമാക്കുന്നതായിരുന്നു വിളവിന്റെ അതിസമൃദ്ധി.

## ദീപം മറച്ചുവയ്ക്കരുത് (4:21–25)

ഈ ഭാഗത്തെ ഈശോയുടെ വാക്കുകൾ മറ്റു സുവിശേഷങ്ങളിൽ പല ഭാഗത്തായി ചിതറിക്കിടക്കുന്നതുകാണാം (മർക്കോ 4:21 = മത്താ

10:26; ലൂക്കാ 12:2. മർക്കോ 4:22=മത്താ 10:26; മർക്കോ 4:24 മത്താ 7:2; ലൂക്കാ 6:38. മർക്കോ 4:25 = മത്താ 13:12; 25:29; ലൂക്കാ 19:26). സഞ്ചാരിയായ പ്രഘോഷകനെന്ന നിലയിൽ ഈശോയുടെ ഈ ഉപദേശങ്ങൾ പല പ്പോഴുംപലരോടായി ആവർത്തിച്ചിട്ടുണ്ടെന്ന് ഇതിൽനിന്നു നമുക്ക് അനു മാനിക്കാനാവും.

"വിളക്ക്" ദൈവരാജ്യത്തെക്കുറിച്ച് യേശു നൽകിയ വെളിപാടിന്റെ പ്രതീകമാണ്. പ്രസ്തുത വെളിപാട് ഈശോ ശിഷ്യന്മാർക്കാണ് നൽകി യത്. എങ്കിലും അവർ അത് തങ്ങൾക്കായിമാത്രം രഹസ്യമായി സൂക്ഷി ക്കാനുള്ളതല്ല. ദൈവികരാജ്യത്തെക്കുറിച്ച് തങ്ങൾക്കു ലഭിച്ച വെളിപാട് അവർ മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്നതാണ് ദൈവഹിതം.

ചിലർ വചനം സ്വീകരിക്കാത്തതിനേയും മറ്റുചിലർ തങ്ങൾ സ്വീക രിച്ച വചനം നഷ്ടപ്പെടുത്തുന്നതിനെയും പരാമർശിക്കുന്ന വിതക്കാരന്റെ ഉപമയ്ക്കു പിന്നാലെ വിത്തിന്റെ ഉപമ പറഞ്ഞതിന്റെയർത്ഥം പ്രഘോ ഷണത്തോടുള്ള നിഷേധാത്മക പ്രതികരണങ്ങൾ പരിഗണിക്കാതെതന്നെ പ്രഘോഷണം തുടരണമെന്നാണ്. ചിലർ വചനം നിരസിക്കുമെന്നത് വച നം പ്രഘോഷിക്കാതിരിക്കുന്നതിനുള്ള ഒഴികഴിവല്ല. "വിളക്ക്" യേശു വിന്റേയും പ്രതീകമാണ് (യോഹ 8:12). യേശുവാകുന്ന പ്രകാശത്തെ ശിഷ്യർ ലോകത്തിനു നൽകണം.

**4:22,** വിലപിടിച്ച ആഭരണങ്ങളും മറ്റും രഹസ്യമായി സൂക്ഷിച്ചുവ യ്ക്കാറുണ്ട്. പക്ഷേ, ആഘോഷാവസരങ്ങളിൽ നാമതു ധരിക്കും. എന്ന ന്നേയ്ക്കും ഉപയോഗിക്കാതെ രഹസ്യമായി സൂക്ഷിക്കപ്പെടുന്നത് നഷ്ട പ്പെടുന്നതിനുതന്നെ തുല്യമാണ്. ദൈവരാജ്യത്തിന്റെ രഹസ്യങ്ങളും ഇതുപോലെതന്നെ. തല്ക്കാലത്തേയ്ക്ക് അത് മറ്റുള്ളവരിൽനിന്നു മറ ഞ്ഞിരുന്നാലും ശിഷ്യരുടെ പ്രഘോഷണത്തിലൂടെ അത് മഹത്വപൂർണ്ണ മായി വെളിപ്പെടുത്തുകതന്നെ ചെയ്യും.

**4:24.** ഈശോ പറയുന്ന കാര്യങ്ങൾ എത്രമാത്രം ശ്രദ്ധയോടെ, തുറവിയോടെ, തീക്ഷ്ണതയോടെ, വിശ്വാസത്തോടെ ശിഷ്യർ കേൾക്കു ന്നുവോ അത്രമാത്രം അവർക്ക് അതിൽനിന്നു പ്രയോജനം ലഭിക്കും. ഒരു പടികൂടി കടന്ന് ദൈവവചനം ശ്രവിക്കാൻ അവരെടുക്കുന്ന ത്യാഗത്തെ അതിലംഘിക്കുന്ന അനുഗ്രഹങ്ങൾ ദൈവം അവരുടെമേൽ വർഷിക്കും.

**4:25,** പ്രഥമ ശ്രവണത്തിൽ അന്യായമെന്നു തോന്നിക്കുന്നതാണ് ഈ വചനം. എങ്കിലും യഥാർത്ഥലോകത്ത് സംഭവിക്കുന്ന കാര്യംതന്നെ യാണിത്. സാമ്പത്തിക മേഖലയിൽ പണക്കാർ തങ്ങളുടെ ധനം മെച്ച പ്പെട്ട രീതിയിൽ ഉപയോഗിച്ച് കൂടുതൽ ധനികരാകുന്നതും ദരിദ്രർ കൂടു തൽ കൂടുതൽ ഞെരുക്കത്തിലൂടെ കടന്നുപോകുന്നതുമാണല്ലോ സാധാരണ നാം കാണുന്നത്. ആത്മീയകാര്യത്തിലും ഇത് ഏറെക്കുറെ ശരിയാണ്. ദൈവികവെളിപാടു സ്വീകരിക്കാൻ ആഗ്രഹവും തുറവിയും സന്മനസ്സുമുള്ളവന് വചനത്തെയും അതിന്റെ ആന്തരികാർത്ഥത്തെയും കുറിച്ച് കൂടുതൽ വെളിപാടുകൾ ലഭിക്കും. എന്നാൽ വചനത്തെ നിസം ഗമായി വീക്ഷിക്കുന്നവർക്ക് നേരത്തെ ഉണ്ടായിരുന്ന വെളിപാടുപോലും നഷ്ടപ്പെട്ടുപോകുന്നു.

## സ്വയം വളരുന്ന വിത്ത് (4:26–29)

മർക്കോസ് 4:26–29 ൽ ദൈവരാജ്യസംസ്ഥാപനം ദൈവത്തിന്റെ മാത്രം പ്രവൃത്തിയുടെ ഫലമാണെന്നും അത് ഒരു വിത്തുമുളച്ചു വളർന്ന് കതിർചൂടുന്നതുപോലെ സുനിശ്ചിതമായും സ്വാഭാവികമായും സംഭവിക്കുമെന്നുമാണ് ഇതുവഴി യേശു പഠിപ്പിക്കുന്നത്.

**4:27–29,** വിതക്കാരൻ രാവും പകലും ഉറങ്ങിയും ഉണർന്നും കഴിയുന്നത് അവന്റെ അലസതയെയല്ല സൂചിപ്പിക്കുന്നത് പ്രത്യുത വിളവിന്റെ സുനിശ്ചിതത്വത്തെയാണ്. ഒരു വിത്തു കഴിച്ചുവച്ച് അതിനു വളരാൻ പറ്റിയ സാഹചര്യമൊരുക്കിയാൽ പിന്നെ കർഷകന് കാര്യമായി ഒന്നും തന്നെ ചെയ്യാനില്ല. അവൻ വിത്തിനെക്കുറിച്ച് ആകുലപ്പെട്ട് അതിന്റെ ചുവട്ടിൽ ഇരുന്നതുകൊണ്ടും യാതൊരു പ്രയോജനവുമില്ല. വിത്തിന്/ ചെടിക്ക് വളവും വെള്ളവും നൽകാൻ അവനു കഴിയും. എന്നാൽ അതിനെക്കൊണ്ട് അവ ആഗീരണം ചെയ്യിക്കാനോ, ചെടികളെ ഫലം ചൂടിക്കാനോ കർഷകന് സാധ്യമല്ല. വിത്തിന് മുളയ്ക്കാനും ചെടിയായി മാറാനും കതിർ പുറപ്പെടുവിക്കാനുമൊക്കെയുള്ള കഴിവ് ദൈവം അതിൽത്തന്നെ നിക്ഷേപിച്ചിട്ടുണ്ട്. കാലക്രമത്തിൽ അതു ഫലം ചൂടുകതന്നെ ചെയ്യും. അതുപോലെ താൻ വിതച്ച ദൈവരാജ്യത്തിന്റെ വിത്ത് യഥാസമയം ഫലം ചൂടുമെന്ന് യേശു പഠിപ്പിക്കുന്നു. ദൈവരാജ്യത്തിന്റെ ശുശ്രൂഷകരായ ശിഷ്യന്മാർക്ക് വലിയ ആത്മവിശ്വാസം നൽകുന്ന ഒന്നാണ് ഈ സന്ദേശം. ദൈവരാജ്യത്തിന്റെ മഹത്വപൂർണ്ണമായ സംസ്ഥാപനം യഥാസമയം സംഭവിക്കുമെന്ന വിശ്വാസത്തോടെ വചനവിത്തുകൾ വിതയ്ക്കാൻ ഇത് അവരെ പ്രേരിപ്പിക്കുന്നു. അരിവാൾ വയ്ക്കുന്നു എന്ന പ്രയോഗം ജോയേൽ 3:13 പരാമർശിക്കുന്നതാകാം. അങ്ങനെയെങ്കിൽ ദൈവരാജ്യത്തിന്റെ യുഗാന്ത്യസ്വഭാവത്തെയാണ് ഇതു ദ്യോതിപ്പിക്കുന്നത്. അരിവാൾ വയ്ക്കുന്നത് വിധിയെ സൂചിപ്പിക്കുന്നു.

യുഗാന്ത്യ കാഴ്ചപ്പാടിൽ നോക്കുമ്പോൾ വിതക്കാരൻ ദൈവമാണ്. യുഗാന്ത്യംവരെ അവിടുന്ന് നാം ഫലം പുറപ്പെടുവിക്കാൻ കാത്തിരിക്കുന്നു. വിശ്വാസത്തിൽ വളരാനുള്ള ഓരോരുത്തരുടെയും ഗൗരവപൂർണ്ണമായ ഉത്തവാദിത്വത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. വിളവുണ്ടാകുന്നതുവരെ ഉറങ്ങിയും ഉണർന്നും കഴിയുന്ന വിതക്കാരൻ വിളവുണ്ടായിക്കഴിയുമ്പോൾ ഉത്സാഹപൂർവ്വം അരിവാളെടുത്തു കൊയ്യാൻ ഇറങ്ങുന്നതുപോലെ, യുഗാന്ത്യംവരെ മനുഷ്യൻ ഫലം പുറപ്പെടുവിക്കുന്നതു കാത്തിരിക്കുന്ന ദൈവം അന്ത്യദിനത്തിൽ ശക്തമായി വിധി നടത്തും. വളരാനും ഫലം പുറപ്പെടുവിക്കുവാനുമുള്ള ശക്തി ദൈവം നമ്മിൽ നിക്ഷേപിച്ചിരിക്കുന്നുവെന്നതിനാൽ ഫലം പുറപ്പെടുവിക്കാനുള്ള ഗൗരവമായ ഉത്തരവാദിത്വം നമുക്കുണ്ട്.

## കടുകുമണിയുടെ ഉപമ (4:30–34)

മർക്കോസിന്റെ സുവിശേഷത്തിൽ ദൈവപരാജ്യത്തെക്കുറിച്ച് യേശു അരുളിച്ചെയ്യുന്ന മൂന്നാമത്തെയും അവസാനത്തെയും ഉപമയാണിത്.

ദൈവരാജ്യത്തിന്റെ എളിയ രീതിയിലുള്ള ആരംഭവും മഹത്വപൂർണ്ണമായ പര്യവസാനം തമ്മിലുള്ള വ്യത്യാസമാണ് ഈ ഉപമ ചിത്രീകരിക്കുന്നത്.

ഏറ്റവും ചെറുതിനെ സൂചിപ്പിക്കുന്ന പ്രതീകമാണ് കടുകുമണി. കടുകുമണി ഏറ്റവും ചെറിയ വിത്തല്ലാത്തതുപോലെ (ചീരയുടെ അരി കടുകിലും ചെറുതാണല്ലോ) പരമാവധി ആറടിവരെ വളർന്നേക്കാവുന്ന കടുകുചെടി ഏറ്റവും വലിയ ചെടിയുമല്ല. എന്നാൽ ചെടിയും അതിന്റെ വിത്തും തമ്മിലുള്ള അന്തരം ശ്രദ്ധേയംതന്നെ. വളരെ ചെറുതായ ഒരു കടുകുമണിയിൽനിന്നു പക്ഷികൾക്കു ഭക്ഷണവും സുരക്ഷിതത്വവും വിശ്രമവും നൽകുന്ന ഒരു വലിയ ചെടിയായി അതുമാറുന്നു. ദൈവരാജ്യത്തിന്റെ ആരംഭവും അവസാനവും യഥാക്രമം കടുകുമണിക്കും കടുകുചെടിക്കും സാദൃശ്യമാണെന്ന് യേശു പറഞ്ഞുവയ്ക്കുന്നു.

ദൈവരാജ്യം സമാഗതമായിരിക്കുന്നുവെന്ന് യേശു പ്രസംഗിച്ചപ്പോൾ ദൈവരാജ്യത്തിന് അവിടുന്ന് പ്രാരംഭം കുറിക്കുകയായിരുന്നു. പക്ഷേ, ആർക്കും വിശ്വസിക്കാനാവാത്തവിധം നിസ്സാരമായ ഒരു തുടക്കമായിരുന്നത്. ലോകദൃഷ്ടിയിൽ ഒരു തച്ചൻ ചില മുക്കുവരോടൊപ്പം ആരംഭിച്ച പ്രസ്ഥാനം. യേശുവിന്റെ ശിഷ്യരിൽ പണമോ, പാണ്ഡിത്യമോ, പ്രാഗത്ഭ്യമോ, സ്വാധീനമോ ഉള്ളവരൊന്നും ഉണ്ടായിരുന്നില്ല. എണ്ണത്തിലും അവർ കുറവായിരുന്നു. എങ്കിലും അത് ഒരു വലിയ വടവൃക്ഷമായി ലോകമാസകലമുള്ള ജനങ്ങൾക്ക് ആശയും ആശ്രയവും അരുളാൻ മാത്രം വളരും. പക്ഷികൾ ചേക്കേറുന്ന വൃക്ഷത്തിന്റെ രൂപകത്തിൽ ദാനി 4:12 ന്റെ സ്വാധീനം പ്രകടമാണ്. കൂടാതെ സങ്കീ 2; എസെ 17:22-24; 31:6 എന്നിവയും ശ്രദ്ധേയമാണ്.

**വിചിന്തനം:** ഇന്ന് ലോകമാസകലം പടർന്നു പന്തലിച്ചിരിക്കുന്ന വലിയ ആത്മീയ, സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക പ്രസ്ഥാനങ്ങളിൽ പലതും വളരെ എളിയതോതിൽ പ്രവർത്തനം ആരംഭിച്ചവയാണ് എളിയ തുടക്കങ്ങൾ നടത്തുന്നവരെ നിന്ദിക്കരുതെന്ന് ഈ ഉപമ നമ്മെ ഉപദേശിക്കുന്നു.

കടുകുമണിക്ക് ആകർഷകമായ രൂപമോ, വലുപ്പമോ ഇല്ല. എങ്കിലും അതിനുള്ളിൽ വലിയ സാദ്ധ്യതകൾ ദൈവം നിക്ഷേപിച്ചിരിക്കുന്നു. തങ്ങളുടെ കുഞ്ഞുങ്ങൾ യാതൊരു പ്രത്യേക കഴിവുകളുമില്ലാത്തവരാണെന്ന ദുഃഖം ചില മാതാപിതാക്കളെങ്കിലും പങ്കുവെയ്ക്കാറുണ്ട്. ആ കുഞ്ഞുങ്ങളുടെ ഭാവിയെക്കുറിച്ച് അവർ ആകുലപ്പെടാറുമുണ്ട്. എന്നാൽ അവരിലെല്ലാം ദൈവം നന്മകൾ നിറച്ചിരിക്കുന്നുവെന്ന പ്രതീക്ഷയുടെ സന്ദേശമാണ് കടുകുമണിയുടെ ഉപമ നൽകുന്നത്.

## കടലിനെ ശാന്തമാക്കുന്നു (4:35-41)

കടൽ ദൈവവിരുദ്ധമായ പൈശാചിക ശക്തികളുടെ ആവാസകേന്ദ്രമാണെന്ന സെമിറ്റിക്ക് (ശേമിക) കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിൽവേണം ഈ സംഭവത്തെ നാം വിലയിരുത്താൻ. അപ്പോൾ പ്രകൃതിശക്തികളുടെമേലുള്ള യേശുവിന്റെ അധികാരം വ്യക്തമാക്കുന്ന ഒരത്ഭുതമെന്നതു

പോലെ തിന്മയുടെമേൽ അധികാരമുള്ള ദൈവികശക്തിയുടെ പ്രകടന മായിക്കൂടി ഈ സംഭവത്തെ മനസ്സിലാക്കാനാകും.

**4:38,** വഞ്ചിയുടെ അമരത്ത് യേശു "തലയിണവച്ച്" ഉറങ്ങുകയായി രുന്നുവെന്നത് ഒരു ദൃക്സാക്ഷി വിവരണത്തിന്റെ പ്രീതീതി നൽകുന്നു. ക്ഷീണിച്ച് ഉറങ്ങുന്നത് അവിടുത്തെ മാനുഷികഭാവത്തിന്റെ മാത്രമല്ല, അവിടുത്തെ പൂർണ്ണമായ ദൈവാശ്രയത്തിന്റെകൂടി സൂചനയാണ് (സുഭാ 3:32-34; സങ്കീ 3:5; 4:8; ജോബ് 11:18-19). ഞങ്ങൾ നശിക്കാൻ പോകുന്നു, നീ അതു ഗൗനിക്കുന്നില്ലേ എന്ന ചോദ്യം ശിഷ്യരുടെ പരിഭ്രാന്തിയെ വ്യക്തമാക്കുന്നു. മുക്കുവരടങ്ങിയ ശിഷ്യസംഘത്തിന് കൊടുങ്കാറ്റും തിര മാലകളും പുത്തരിയല്ല. അവർപോലും ഇത്രമാത്രം പേടിച്ചുവെന്നത് കൊടുങ്കാറ്റിന്റെ ഉഗ്രതയെ സൂചിപ്പിക്കുന്നു. യേശുവിനെ കുറ്റപ്പെടുത്തി ക്കൊണ്ടുള്ള ചോദ്യം യേശുവിനെ അവർക്കിനിയും വ്യക്തമായി മനസിലാ യിട്ടില്ല എന്നാണു കാണിക്കുന്നത്.

**4:39,** പിശാചിനെ ശാസിക്കുന്ന രീതിയിൽത്തന്നെ യേശു കാറ്റിനെ ശാസിക്കുന്നു. കാറ്റ് ഒരു വ്യക്തിയായിരുന്നാലെന്നപോലെ. (പിശാചു ക്കളെ നിശബ്ദരാക്കുന്ന സംഭവങ്ങളിലും യേശു ഒരേ വാക്കുതന്നെയാണ് ഉപയോഗിച്ചിരിക്കുന്നത് (*എപ്പിതിമാവോ.* 1:25; 3:12; 9:25; 10:48). കാറ്റും കടലും അവന്റെ കല്പനയനുസരിച്ച് ഉടനെ ശാന്തമാകുന്നു. ഈശോ യുടെ ദൈവത്വമാണ് ഇതിലൂടെ വ്യക്തമാകുന്നത്. കാരണം കടലിന്റെ മേൽ അധികാരമുള്ളത് ദൈവത്തിനുമാത്രമാണ് (സങ്കീ 89:8-9; 104:5-9; 106:8-9; 107:28-29).

**4:40,** പ്രതിസന്ധിയുടെ അവസരത്തിൽ തന്റെ ശക്തിയിൽ ശരണ പ്പെടാതിരുന്ന ശിഷ്യരുടെ അവിശ്വാസത്തിൽ യേശു ദുഃഖിതനാകുന്നു. വിശ്വാസം എന്നത് ബുദ്ധിപരമായ അവബോധത്തിലൊതുങ്ങുന്നത ല്ലെന്നും അത് വലിയ പ്രതിസന്ധിയിൽ ദൈവത്തിൽ ആശ്രയിക്കലാ ണെന്നും ഇവിടെ വ്യക്തമാകുന്നു. ഉഗ്രമായി ക്ഷോഭിച്ച കടലിൽ ഭയപ്പെ ടാതിരിക്കണമെങ്കിൽ യേശു സവിശേഷസിദ്ധിയുള്ള മനുഷ്യനാണെന്ന് വിശ്വസിച്ചാൽ മതിയാവുകയില്ല; അവൻ ദൈവപുത്രനാണെന്നുതന്നെ വിശ്വസിക്കണം. ഈ വിശ്വാസം ശിഷ്യർക്കില്ലാതെപോയി.

**4:41,** അത്യധികം ഭയപ്പെട്ടു: കൊടുങ്കാറ്റു കണ്ടപ്പോഴുണ്ടായതിനേ ക്കാൾ വലിയ ഭയമാണ് കൊടുങ്കാറ്റിനെ ഞൊടിയിടയിൽ പൂർണ്ണമായും ശമിപ്പിച്ച യേശുവിന്റെ സാന്നിദ്ധ്യത്തിൽ ഇപ്പോൾ ശിഷ്യർക്കുണ്ടായിരി ക്കുന്നത്: മഹത്വപൂർണ്ണമായ ദൈവസാന്നിദ്ധ്യത്തിൽ മനുഷ്യനുണ്ടാകുന്ന വികാരം. ഇവൻ ആരാണ് എന്ന അവരുടെ ചോദ്യം ഈശോ വെറും മനുഷ്യനല്ലെന്ന സത്യത്തിലേക്കും ഈശോയുടെ ദൈവത്വത്തിലേക്കും വിരൽചൂണ്ടുന്നു. എങ്കിലും തങ്ങളുടെകൂടെയുള്ള ഗുരു ദൈവമാണെന്ന സത്യം പൂർണ്ണമായി ഉൾക്കൊള്ളാനോ അംഗീകരിക്കാനോ ശിഷ്യർക്ക് കഴിഞ്ഞില്ല എന്നതാണ് അവരുടെ ചോദ്യം ഉത്തരം കിട്ടിയിട്ടില്ലാത്ത ഒരു പ്രശ്നമായി അവശേഷിക്കുന്നുവെന്നതു സൂചിപ്പിക്കുന്നത്.

വഞ്ചി യേശുവിന്റെ മനുഷ്യത്വത്തെ വഹിച്ചപ്പോൾ അവിടുത്തെ ദൈവത്വം വഞ്ചിയേയും അതിലുള്ളവരേയും വഹിക്കുകയായിരുന്നു (എഫ്രേം).

**വിചിന്തനം:** ഞങ്ങൾ നശിക്കാൻ പോകുന്നു നീ അതു ഗൗനിക്കുന്നില്ലേ? ഓരോയാത്രയും ശരണത്തോടെ തുടരുന്നതാണ് അഭികാമ്യം. പ്രബോധനങ്ങൾ ആഴത്തിൽ സ്വീകരിച്ച അപ്പസ്തോലന്മാരോടു തന്നെയാണ് നിങ്ങൾക്ക് വിശ്വാസമില്ലേയെന്ന് യേശു ചോദിക്കുന്നത്.

## പിശാചുബാധിതനെ സുഖപ്പെടുത്തുന്നു (5:1–20)

കടലിനെ ശാന്തമാക്കുന്നത് പ്രകൃതിയിലുള്ള പൈശാചിക ശക്തിയുടെമേലുള്ള യേശുവിന്റെ വിജയം ചിത്രീകരിക്കുന്നതാണെങ്കിൽ മനുഷ്യരിലുള്ള പൈശാചിക ശക്തിയുടെമേലുള്ള യേശുവിന്റെ അധികാരത്തെയാണ് തുടർന്നു വരുന്ന സംഭവം ചിത്രീകരിക്കുന്നത്.

**5:1,** മർക്കോസും ലൂക്കായും ഗരസേനരുടെ നാട് എന്നു പറയുമ്പോൾ മത്തായി ഗദറായരുടെ നാട് എന്നാണ് ഈ സ്ഥലത്തെ വിളിക്കുന്നത്. ദെക്കാപ്പോളീസിലെ പത്തു പട്ടണങ്ങളിലൊന്നായ ഗർഗേസ (ഒരിജന്റെ അഭിപ്രായത്തിൽ ഓടിച്ചുവിടുന്നവന്റെ ഭവനം എന്നാണ് ഗെർഗേസ എന്ന വാക്കിന്റെ അർത്ഥം. യേശുവിനോടുള്ള നാട്ടുകാരുടെ പ്രതികരണത്തെയാവാം ഇത് സൂചിപ്പിക്കുന്നതെന്ന് ഒരിജൻ അഭിപ്രായപ്പെടുന്നുണ്ട്) എന്നുകൂടി വിളിക്കപ്പെടുന്ന ഗരസ ഗലീലിക്കടലിനു 30 മൈൽ തെക്കുകിഴക്കു സ്ഥിതിചെയ്യുന്ന ഒരു ചെറിയ പട്ടണമാണ്. ഗദേരയാകട്ടെ ഗലീലിത്തടാകത്തിനു ആറു മൈൽ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന കുറെക്കൂടി വലിയ പട്ടണമാണ്. ഗരസയ്ക്കും ഗലീലിയാക്കടലിനുമിടക്കുള്ള ഒരു പ്രദേശമായിരിക്കണം മർക്കോസ് ഉദ്ദേശിക്കുന്നത്. ഇതൊരു വിജാതീയ പ്രദേശമാണ് യഹൂദ വിജാതീയ വേർതിരിവുകൾ യേശു കാര്യമാക്കിയില്ല എന്നാണ് ഈ പ്രദേശത്തെ യേശുസാന്നിദ്ധ്യം വ്യക്തമാക്കുന്നത്. യഹൂദലോകത്തെ വിജാതീയ ലോകത്തുനിന്നു വേർതിരിക്കുന്ന ഗലീലിക്കടൽ ഇനി യേശു അടുക്കലടുക്കൽ കടക്കുന്നതു നമുക്കു കാണാനാകും. വിജാതീയരുടെ അശുദ്ധമായ നാട്, അശുദ്ധാത്മാവ്, അശുദ്ധസ്ഥലമായ ശവകുടീരങ്ങൾ, അശുദ്ധമൃഗമായ പന്നികൾ... ഈ അശുദ്ധിയുടെ നടുവിലേക്കുള്ള യേശുവിന്റെ കടന്നുവരവ് ഒരു യഹൂദന് ഉൾക്കൊള്ളാവുന്നതിലധികമാണ്. പിശാചുക്കൾക്ക് ഏറെ പ്രിയപ്പെട്ട താമസസ്ഥലമാണ് ശവകുടീരങ്ങൾ. പിശാചുബാധയും നാശവും/മരണവും തമ്മിലുള്ള ബന്ധം ഇവിടെ വ്യക്തമാണ്. എല്ലാ മാനുഷിക ബന്ധങ്ങളിൽനിന്നും അകന്നാണ് അവൻ ജീവിക്കുന്നത്. മനുഷ്യരുടെ ഭാഷപോലും അവൻ സംസാരിക്കുന്നില്ല, പകരം അലറിവിളിക്കലിന്റെ ശബ്ദം മാത്രമാണ് അവനിൽനിന്നു പുറത്തുവരുന്നത്. മനുഷ്യത്വത്തിന്റെ എല്ലാ അംശവും ആ മനുഷ്യനിൽനിന്നു പറിച്ചു മാറ്റപ്പെട്ടിരുന്നെന്നു വ്യക്തം. പിശാചുബാധിതന്റെ അമാനുഷികമായ ശക്തി അവനെ പിശാചുബാധിച്ചതിന്റെ അടയാളമാണ്.

യേശുവിന്റെ അധികാരത്തെ പിശാചുക്കൾ അംഗീകരിക്കുന്നതിന്റെ തെളിവാണ്, യേശുവിന്റെ മുന്നിൽ അവൻ മുട്ടുകുത്തുന്നതും മഹോന്നതനായ ദൈവത്തിന്റെ പുത്രാ (ഉൽപ 14:18–24; സംഖ്യ 24:16; ഏശ 14:14; ദാനി 3:26) എന്നു വിളിച്ചുകൊണ്ട് യേശുവിന്റെ ദൈവത്വം ഏറ്റു പറയു

ന്നതും, പീഡിപ്പിക്കരുതേ എന്നപേക്ഷിക്കുന്നതും. നിത്യശിക്ഷയുടെ സ്ഥലത്തേക്ക് യേശു തങ്ങളെ പറഞ്ഞുവിടുമെന്നാണ് അവരുടെ പേടി. ദൈവത്തിനുമാത്രം ചെയ്യാൻ കഴിയുന്ന കാര്യമാണിത് (വെളി 20:1–3).

യേശുവിന്റെ പേരു വിളിച്ചുകൊണ്ട് അവന്റെമേൽ ശക്തി പ്രാപിക്കാനുള്ള അശുദ്ധാത്മാവിന്റെ ശ്രമങ്ങൾക്കുള്ള തിരിച്ചടിയാണ് യേശുവിന്റെ "നിന്റെ പേരെന്താണ്"എന്ന ചോദ്യം.

**5:9** ലെഗിയോൺ എന്ന ഉത്തരം അവനെ ആവേശിച്ചിരിക്കുന്നത് ഒന്നല്ല, അനേകം അശുദ്ധാത്മാക്കളാണെന്നു വ്യക്തമാക്കുന്നു. ആറായിരം റോമൻ പട്ടാളക്കാരുടെ വ്യൂഹത്തിനു പറയുന്ന പേരാണ് ലീജിയൻ. ആ മനുഷ്യന്റെ മേലുള്ള പൈശാചിക ശക്തിയുടെ ആധിക്യവും അവൻ സഹിച്ചിരുന്ന ബന്ധനത്തിന്റെ ഉഗ്രതയും അവന്റെ ദയനീയാവസ്ഥയുമെല്ലാം ഇതു സൂചിപ്പിക്കുന്നു.

റോമൻ പട്ടാളത്തിന്റെ അധിനിവേശം എത്ര ശക്തമായിരുന്നുവെന്നും അതിനു കീഴിൽ പലസ്തീനാക്കാരുടെ സ്ഥിതി എത്ര ദയനീയമായിരുന്നുവെന്നും പരോക്ഷമായി ഇതു സൂചിപ്പിക്കുന്നുണ്ട് എന്നു കരുതുന്നതിൽ തെറ്റില്ല. മനുഷ്യനെ ഞെരുക്കുന്ന എല്ലാ സംവിധാനാത്മക തിന്മകളിൽ നിന്നുമുള്ള വിമോചനം ദൈവഭരണം സ്ഥാപിതമാകുന്നതിന്റെ അടയാളമാണെന്നും ഈ ഭാഗം പഠിപ്പിക്കുന്നു. യേശു വിജാതീയ ദേശത്തേക്കു കാലുകുത്തിയപ്പോഴേക്കും ലെഗിയോൻ അവനെ പ്രണമിക്കുന്നത് ദൈവത്തിന്റെ രാജകീയാധികാരത്തിന്റെ മുന്നിൽ സാമ്രാജ്യശക്തി തലകുനിക്കുന്നതിന്റെ പ്രകടനമായിക്കാണാം.

**5:10** അശുദ്ധാത്മാക്കൾക്ക് വസിക്കാൻ ഇടം ആവശ്യമാണെന്ന് അവരുടെ അപേക്ഷ സൂചിപ്പിക്കുന്നു (ലൂക്ക 11:24). ആ പ്രദേശത്തു തന്നെ വസിക്കണമെന്നാണ് അശുദ്ധാത്മാക്കളുടെ ആഗ്രഹം.

**5:11** മേയുന്ന പന്നിക്കൂട്ടത്തിന്റെ സാന്നിദ്ധ്യം അതൊരു വിജാതീയ ദേശമാണെന്നതിന്റെ സൂചനയാണ്. അശുദ്ധമായമൃഗമായതിനാൽ (ലേവ്യ 11:7–8) ഭക്ഷണത്തിനുവേണ്ടി യഹൂദർ പന്നികളെ വളർത്തുമായിരുന്നില്ല എന്നു വേണം കരുതാൻ. അശുദ്ധാത്മാക്കളുടെ വ്യൂഹത്തിന് പന്നികളുടെമേൽ പ്രവേശിക്കാൻപോലും ദൈവത്തിന്റെ അനുവാദം ആവശ്യമായിരുന്നു. അങ്ങനെയെങ്കിൽ ദൈവത്തിന്റെ കുഞ്ഞാടുകളുടെമേൽ അവയ്ക്ക് എന്ത് അധികാരമാണുള്ളത്? (തെർത്തുല്യൻ).

**5:13,** പന്നിയിൽ പ്രവേശിക്കാൻ യേശു അശുദ്ധാത്മാക്കൾക്ക് അനുവാദം നല്കിയത് അവ എത്രമാത്രം വിനാശകാരികളാണെന്നു നമുക്കു കാണിച്ചു തരാനാകണം. പന്നികൾക്ക് അവമൂലം സംഭവിച്ച നാശംതന്നെയാണ് ആത്യന്തികമായി പിശാചു ബാധിതർക്കും സംഭവിക്കാനിരിക്കുന്നത്. ഇവിടെ പക്ഷേ പന്നികൾ മാത്രമല്ല അവരിൽ പ്രവേശിച്ചിരുന്ന അശുദ്ധാത്മാക്കളും പന്നികളോടൊപ്പം നാശമടഞ്ഞു എന്നുവേണം അനുമാനിക്കാൻ. പന്നികളോട് അശുദ്ധാത്മാക്കൾ ചെയ്തതുതന്നെ ദൈവം തടഞ്ഞില്ലായിരുന്നെങ്കിൽ മനുഷ്യരോട് അവ ചെയ്യുമായിരുന്നു (ക്രിസോസ്റ്റോം).

**5:15,** ഈ വാക്യം പിശാചുബാധിതൻ അനുഭവിച്ച വിമോചനം സുവ്യക്തമാക്കുന്നുണ്ട്. മുമ്പ് സുബോധമില്ലാതിരുന്നതുകൊണ്ട് അവന് സ്വസ്ഥമായിരിക്കാൻ സാധിക്കില്ലായിരുന്നു. വസ്ത്രവും ധരിച്ചിരുന്നില്ല (ലൂക്ക 8:27). എന്നാൽ ഇപ്പോൾ അവൻ (1) വസ്ത്രം ധരിച്ചു (2) സുബോധത്തോടെ (3) ഇരിക്കുന്നു.

**5:17,** തങ്ങളുടെ പ്രദേശം വിട്ടുപോകാൻ അവർ യേശുവിനോട് അപേക്ഷിച്ചത് പന്നികൾക്കു സംഭവിച്ചതുകണ്ട് ഭയപ്പെട്ടിട്ടാകണം. അവന്റെ തുടർന്നുള്ള സാന്നിധ്യം തങ്ങൾക്കു കൂടുതൽ സാമ്പത്തിക നഷ്ടം വരുത്തിയെങ്കിലോ എന്ന് അവർ ഭയപ്പെട്ടു കാണണം. എന്നാൽ അതിനെക്കാൾ കൂടുതലായി, പിശാചുക്കളെ യേശു പുറത്താക്കുന്നത് പിശാചുക്കളുടെ തലവനെക്കൊണ്ടാണെന്നും മറ്റും (3:22) അവർ കരുതിയിട്ടുണ്ടാകാം. അങ്ങനെയെങ്കിൽ യേശു സാത്താനുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നയാളാണെന്ന ചിന്ത കൊണ്ടായിരിക്കണം യേശുവിനോടും പ്രദേശം വിട്ടുപോകാൻ ഗരസേനർ ആവശ്യപ്പെടുന്നത്.

യേശുവിന്റെ അത്ഭുതം അവിടുത്തേയ്ക്കെതിരേ തിരിഞ്ഞടിക്കുന്ന സംഭവം ഇതാദ്യമാണ്. ഇവിടെയും അത്തിവൃക്ഷത്തെ ശപിക്കുന്ന സംഭവത്തിലുമാണ് (മർക്കോ 11) യേശുവിന്റെ ശക്തി എന്തിന്റെയെങ്കിലും നാശത്തിനു കാരണമാകുന്നത്.

**5:18,** അവനോടുകൂടി പോകുന്നതിനുള്ള പിശാചുബാധിതന്റെ ആഗ്രഹം സൗഖ്യത്തിന്റെ ആഴം വെളിപ്പെടുത്തുന്നു. യേശു തന്റെ ശിഷ്യരെ എന്തിനുവേണ്ടി തിരഞ്ഞെടുത്തുവോ (3:14) അതേ കാര്യത്തിനുവേണ്ടിത്തന്നെയാണ് അവനും അപേക്ഷിക്കുന്നത്. യേശുസംഘത്തിന്റെ ശുശ്രൂഷയിൽ ഒരു ശിഷ്യനെപ്പോലെ പങ്കെടുക്കാൻ അവൻ ആഗ്രഹിക്കുകയാണ്. ഈ ആഗ്രഹം അവന്റെ സൗഖ്യത്തിന്റെ വ്യക്തമായ തെളിവാണ്.

**5:19,** യേശുവിന്റെ മറുപടി നമ്മിൽ വിസ്മയമുളവാക്കും. കാരണം, സാധാരണഗതിയിൽ തന്റെ അത്ഭുതങ്ങൾ പരസ്യപ്പെടുത്തരുതെന്നാണ് ഈശോ ആവശ്യപ്പെടുന്നത് (1:43; 5:43;7:36). എന്നാൽ ഇവിടെ കർത്താവിന്റെ കരുണ പരസ്യപ്പെടുത്താനാണ് അവൻ നിർദ്ദേശിക്കുന്നത്. എന്താണിതിനു കാരണം? യേശുവിനെ ആ പ്രദേശത്തെ ജനങ്ങൾ ബഹിഷ്ക്കരിച്ചു. ഈശോയ്ക്ക് ഇനി അവിടെ പ്രവർത്തിക്കാൻ സാധിക്കില്ല. തനിക്കു പകരം വചനം പ്രഘോഷിക്കാൻ മുൻ പിശാചുബാധിതനെ യേശു നിയോഗിക്കുന്നത് അതുകൊണ്ടാവണം.

**5:20,** പത്തു ഗ്രീക്കു പട്ടണങ്ങളുണ്ടായിരുന്ന പ്രദേശമാണ് ദെക്കാപ്പൊളിസ്. അവയിൽ ഒന്നായിരുന്നു ഗെർഗേസ. യേശുവിന്റെ കല്പന അനുസരിച്ച് സൗഖ്യമാക്കപ്പെട്ട പിശാചുബാധിതൻ സ്വന്തം പ്രദേശത്ത് യേശുവിനെ പ്രഘോഷിക്കുന്നു.

**വിചിന്തനം:** ലെഗിയോൻ ആവേശിച്ചിരുന്ന ഭീകരനായ പിശാചുബാധിതനെപ്പോലെയുള്ളവരെ ഒരുപക്ഷേ നാം കണ്ടിട്ടേയുണ്ടാവുകയില്ല. എന്നാൽ, അതിശയകരമെന്നു പറയട്ടെ, അവന് പല കാര്യങ്ങളിലും നമ്മോടുതന്നെയാണു സാമ്യം. അശുദ്ധമായവ ആവേശിച്ചിരിക്കുന്നവരെ

ല്ലാം അശുദ്ധാത്മാവിന്റെ ബന്ധനത്തിൽ കഴിയുന്നവരല്ലേ? അഹങ്കാരം, പക, നിരാശ, അത്യാഗ്രഹം, ജഡികാസക്തി... സൂക്ഷിച്ചു നോക്കിയാൽ നമ്മെ അടിപ്പെടുത്തിയിരിക്കുന്ന പിശാചുക്കൾ ഒന്നല്ല, ഒട്ടനവധിയാണ്. ഋണാത്മക ചിന്തകളും വികാരങ്ങളും മനോഭാവങ്ങളും സമീപനങ്ങളുമൊക്കെ പുലർത്തുമ്പോൾ നാം ഈ അശുദ്ധാത്മാവു ബാധിച്ച മനുഷ്യനു തുല്യരാകുന്നു. അവൻ ശവകുടീരങ്ങൾക്കിടയിലാണ് കഴിഞ്ഞത്. പ്രതീക്ഷകളില്ലാതെ നിരാശയിൽ മുഴുകി മറ്റുള്ളവരിൽനിന്ന് ഒഴിഞ്ഞുമാറി നാം ജീവിക്കുമ്പോൾ നാമും കൊഴിഞ്ഞസ്വപ്നങ്ങളുടെ ശവകുടീരങ്ങൾക്കിടയിൽ കഴിയുന്നവരെപ്പോലെയാകും. ആ പിശാചു ബാധിതന്റെ ഒരു പ്രധാന പ്രത്യേകത അവനെ ഒരുതരത്തിലും ആർക്കും നിയന്ത്രിക്കാൻ സാധിച്ചിരുന്നില്ല എന്നതാണ്. തിന്മയായ വികാരവിചാരങ്ങൾ നമ്മുടെ നിയന്ത്രണം ഏറ്റെടുക്കുമ്പോൾ പിന്നെ കുടുംബത്തിന്റെയും മതത്തിന്റെയും സമൂഹത്തിന്റെയും സന്മാർഗ്ഗത്തിന്റെയും പൗരബോധത്തിന്റെയും വിലങ്ങുകളുടെ ചങ്ങലകൾ പൊട്ടിക്കുക വെറും സാധാരണ സംഭവമായി മാറും. പിശാചുബാധിതൻ അലറിവിളിച്ചിരുന്നു. അലറിയില്ലെങ്കിലും അകമേ വലിയ അമർഷവും പ്രതിഷേധവും കൊലവിളിയും നിറഞ്ഞ അസ്വസ്ഥമായ ഹൃദയമല്ലേ പലർക്കും? പിശാചു ബാധിതൻ തന്നെത്തന്നെ മുറിപ്പെടുത്തിയിരുന്നുവെന്നത് ശ്രദ്ധേയമാണ്. നമ്മുടെ നിഷേധാത്മക ചിന്തകളും മറ്റും ആത്യന്തികമായി നമ്മെത്തന്നെയാണല്ലോ നശിപ്പിക്കുന്നത്. യേശുവിനെക്കണ്ട് ഓടിയടുത്തു വരുകയും എന്നാൽ തന്റെ കാര്യത്തിൽ ഇടപെടരുതെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നതിൽ ഒരു വൈരുദ്ധ്യം ഒളിഞ്ഞിരിപ്പില്ലേ? തീർച്ചയായും. അതു നമ്മുടെയുള്ളിലുള്ള പരസ്പരം പോരടിക്കുന്ന രണ്ടു ശക്തികളുടെ ആവിഷ്കരണമാണ്. ദൈവത്തോട് ഓടിയടുക്കാനും ചേർന്നിരിക്കാനുമുള്ള ആവേശം ഉള്ളിൽ നിറയുമ്പോൾതന്നെ ദൈവത്തെ നമ്മുടെ ജീവിതത്തിലെ ചില മേഖലകളിൽനിന്ന് ഒഴിച്ചുമാറ്റാനുള്ള പ്രവണതയും നമ്മുടെയുള്ളിൽ നാം കാണുന്നുണ്ടല്ലോ. സൗഖ്യം പ്രാപിച്ചതോടെ അവൻ വസ്ത്രം ധരിച്ച് സുബോധത്തോടെയിരുന്നു. മുമ്പ് അവൻ വസ്ത്രം ധരിക്കില്ലായിരുന്നു. ലജ്ജ എന്തെന്ന് അവനറിഞ്ഞിരുന്നില്ല. ശരിയാണ്. ഏതെങ്കിലുമൊക്കെ അശുദ്ധി കീഴടക്കിയാൽ പിന്നെ എന്തു ക്രൂരതയും ചെയ്യാനും എത്ര ലജ്ജാകരമായ പ്രവർത്തികളിൽ മുഴുകാനും ആർക്കും വിഷമമുണ്ടാകില്ല.

ഗരസേനർ ദൈവത്തെക്കാളുപരി സഹോദരങ്ങളെക്കാളുമുപരി അവരുടെ പന്നികളെ സ്നേഹിച്ചു. സ്വാർത്ഥസുഖത്തിന്റെ പന്നിക്കൂട്ടങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ദൈവത്തെ ബഹിഷ്ക്കരിക്കുന്നവരും സഹോദരങ്ങളുടെ ദുർവിധിയ്ക്കുനേരെ കണ്ണടയ്ക്കുന്നവരുമാണോ നമ്മൾ?

## രക്തസ്രാവക്കാരി, ജായ്റോസിന്റെ കുട്ടി (5:21–43)

മർക്കോസ് ഉപയോഗിക്കുന്ന രചനാസങ്കേതമായ "സാൻഡ്വിച്ച് ടെക്നിക്കി"ന്റെ ഉത്തമോദാഹരണമാണ് ഈ രണ്ട് സംഭവങ്ങൾ. ഒരു കഥയ്ക്കകത്ത് മറ്റൊരുകഥ തിരുകുന്ന രചനാസങ്കേതമാണിത്. ഇവിടെ

ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുന്ന വിവരണം ആരംഭിച്ചതിനുശേഷം രക്തസ്രാവക്കാരിയെ സുഖപ്പെടുത്തുന്ന സംഭവം വിവരിച്ചിരിക്കുന്നു. ആ സംഭവത്തിനുശേഷം ആദ്യവിവരണത്തിന്റെ ബാക്കി നല്കിയിരിക്കുന്നു. ഇരുസംഭവങ്ങളും പരസ്പരം വ്യാഖ്യാനിക്കുകയോ വ്യാഖ്യാനിക്കാനുള്ള സൂചനകൾ നല്കുകയോ ചെയ്യും എന്നതാണ് ഈ സങ്കേതത്തിന്റെ പ്രയോജനം.

**5:22–24:** ജായ്റോസ് എന്ന വാക്കിനു "അവൻ (ദൈവം) പ്രകാശിപ്പിക്കും" എന്നാണർത്ഥം (സംഖ്യ 32:41; ന്യായ 10:3–5). സിനഗോഗിന്റെ സാമൂഹികവും ഭൗതികവുമായ കാര്യങ്ങളുടെ നടത്തിപ്പിനു ചുമതലപ്പെട്ടയാളുകളായിരുന്നു ജായ്റോസ്. സമ്പന്നനും പ്രമുഖനുമായ ഒരു യഹൂദനായിരുന്നിട്ടും യേശുവിന്റെ കാലിൽ വീഴുന്നതും യാചിക്കുന്നതും യേശുവിലുള്ള വിശ്വാസവും അയാളുടെ ദുഃഖത്തിന്റെ തീവ്രതയുമാണ് വ്യക്തമാക്കുന്നത്. ദുഃഖത്തിന്റെ കാരണം അയാളുടെ കൊച്ചുമകൾ മരിക്കാറായി കിടക്കുന്നു എന്നതാണ്. യേശുവന്ന് അവളുടെമേൽ കൈകൾവച്ച് രോഗം മാറ്റണമെന്നാണ് അയാളുടെ യാചന. സൗഖ്യശുശ്രൂഷകളിൽ അന്ന് പൊതുവെ നിലനിന്ന രീതിയാണ് രോഗികളുടെമേൽ കൈകൾ വയ്ക്കുക എന്നത്. ശക്തനായ സൗഖ്യദായകന്റെ സ്പർശനത്തിലൂടെ അത്ഭുതശക്തി രോഗിയിലേക്കു പ്രവഹിക്കുമെന്ന വിശ്വാസമാണ് ഇതിനു പിന്നിലുണ്ടായിരുന്നത്. സുഖപ്പെടുത്തുകയും ജീവിപ്പിക്കുകയും ചെയ്യണമെന്നതിന് യഥാക്രമം രക്ഷ, ഉത്ഥാനശേഷമുള്ള ജീവിതം എന്നിവയെ സൂചിപ്പിക്കുന്ന വാക്കുകളാണ് ജായ്റോസ് ഉപയോഗിക്കുന്നത്. ജായ്റോസിന്റെ മകളെ യേശു ഉയിർപ്പിക്കുന്നത് യേശുവിൽ വിശ്വസിക്കുന്നവരുടെയെല്ലാം ഉയിർപ്പിനെ കുറിക്കുന്ന സംഭവമായിട്ടാണ് ആദിമസഭ മനസ്സിലാക്കിയതെന്നു സാരം.

ജായ്റോസിന്റെ അഭ്യർത്ഥന ഒരേ സമയം അവന്റെ വിശ്വാസത്തെയും വിശ്വാസക്കുറവിനെയും കുറിക്കുന്നതാണ്. യേശുവിന് തന്റെ കൊച്ചുമകളെ സുഖപ്പെടുത്താൻ സാധിക്കുമെന്ന് അയാൾ വിശ്വസിക്കുന്നുണ്ട്. എന്നാൽ അതിന് യേശു അവളുടെമേൽ കൈവയ്ക്കണമെന്ന് അയാൾ വിചാരിക്കുന്നു. "നീ ഒരു വാക്ക് അരുൾചെയ്താൽ മതി, എന്റെ ഭൃത്യൻ സുഖം പ്രാപിക്കും എന്നുള്ള" ശക്തമായ വിശ്വാസം ജായ്റോസിനില്ലെന്നു പറയാം. യേശു അവന്റെ വിശ്വാസത്തെ പരിഗണിച്ച് അവനോടൊപ്പം പോയി. ഒരു പ്രമാണിയുടെ വീട്ടിൽ യേശു ചെയ്തേക്കാവുന്ന അത്ഭുതം കാണാൻ കൗതുകത്തോടെ ഒരു വലിയ ജനക്കൂട്ടവും അവന്റെ ഒപ്പം പോയി.

ഈ യാത്രയ്ക്കിടയിലാണ് രക്തസ്രാവക്കാരിസ്ത്രീയെ സുഖപ്പെടുത്തുന്ന സംഭവം നടക്കുന്നത്. രക്തസ്രാവക്കാരി ലേവ്യ 15:25–30 അനുസരിച്ച് അശുദ്ധയാണ്. അവൾ തൊടുന്നതെന്തും അശുദ്ധമായിത്തീരുകയും ചെയ്യും. അവളുടെ ദൈന്യതയുടെ ആഴം 26-ാം വാക്യം വരച്ചു കാട്ടുന്നു. "വളരെ കഷ്ടപ്പെട്ടു," "പല വൈദ്യന്മാരുടെ അടുത്തുപോയി," "കൈവശമുള്ളതെല്ലാം ചിലവഴിച്ചു," "സ്ഥിതി കൂടുതൽ മോശമായി." നല്ല സാമ്പത്തികസ്ഥിതി ഉണ്ടായിരുന്നവരാണ് അക്കാലത്ത് വൈദ്യന്മാരുടെയടുത്തു പോയിരുന്നത് എന്നതിനാൽ, പല വൈദ്യന്മാരുടെയും

അടുത്ത് ചികിത്സതേടിയ ഈ സ്ത്രീ സമ്പന്നയായിരുന്നിരിക്കണം. എന്നാൽ യേശുവിന്റെ അടുത്തെത്തുമ്പോൾ അവൾ ശാരീരികമായി രോഗിണിയും, അനുഷ്ഠാനപരമായി അശുദ്ധയും സാമ്പത്തികപരമായി ഏതാണ്ട് പാപ്പരുമായിരുന്നു.

**5:27,** എല്ലാവരുടെയും നടുവിൽവച്ച് യേശുവിന്റെ മുന്നിൽചെന്ന് ഉണർത്തിക്കാൻ പറ്റിയ രോഗവിവരമല്ലാത്തതിനാലാവാം അവൾ യേശുവിന്റെപിന്നിൽചെന്ന് അവന്റെ വസ്ത്രത്തിൽ സ്പർശിക്കുന്നത്. മാത്രവുമല്ല, ജനക്കൂട്ടത്തെയും അവൾ ഭയപ്പെട്ടിട്ടുണ്ടാകണം. കാരണം ജനക്കൂട്ടത്തിനിടെ തിക്കിത്തിരക്കി യേശുവിന്റെ അടുത്ത് എത്തിയപ്പോഴേക്കും പലരെയും അവൾ തന്റെ സ്പർശനംമൂലം അശുദ്ധയാക്കിയിട്ടുണ്ടാകുമല്ലോ.

**5:28,** വസ്ത്രത്തിലുള്ള സ്പർശനം കൊണ്ടുതന്നെ സുഖം പ്രാപിക്കാൻ മാത്രം രോഗസൗഖ്യശക്തിനിറഞ്ഞു തുളുമ്പി നിൽക്കുന്ന വ്യക്തിയായിട്ടാണ് അവൾ യേശുവിനെ കണ്ടത്. യഹൂദർ നാലറ്റത്തും തൊങ്ങലുകളുള്ള ഷോളുകൾ ധരിച്ചിരുന്നു. പ്രത്യേകിച്ച് പ്രാർത്ഥനാവേളകളിൽ. യേശുവും അത്തരം ഒരു ഷോൾ ധരിച്ചിരുന്നിരിക്കണം. അതിന്റെ വിളുമ്പിലാണ് അവൾ സ്പർശിച്ചത്. യേശു തന്റെ വീട്ടിൽവന്ന് കുട്ടിയുടെമേൽ കൈകൾ വയ്ക്കണമെന്ന് ജായ്റോസ് വിചാരിച്ചെങ്കിൽ താൻചെന്ന് അവന്റെ വസ്ത്രത്തിൽ സ്പർശിച്ചാൽ മതിയെന്നാണ് ഈ സ്ത്രീ വിചാരിച്ചത്.

**5:29,** യേശു പ്രത്യേകിച്ചൊന്നും ചെയ്യുകയോ, പറയുകയോ ചെയ്യാതെതന്നെ അവൾ ഉടനടി പൂർണ്ണസൗഖ്യം പ്രാപിക്കുന്നു. അവളെ അതുവരെ ചികിത്സിച്ച് അവളുടെ സ്ഥിതി വഷളാക്കിയ ഭിഷഗ്വരന്മാരും യേശുവും തമ്മിലുള്ള വ്യത്യാസം ഇവിടെ സ്പഷ്ടമാണ്.

**5:30:32,** ആരാണ് തന്റെ വസ്ത്രത്തിൽ സ്പർശിച്ചത് എന്ന യേശുവിന്റെ ചോദ്യം അനുചിതമാണെന്ന് ശിഷ്യന്മാർ കരുതി. മാത്രവുമല്ല ജായ്റോസിന്റെ വീട്ടിലേയ്ക്ക് അതിവേഗം പോകുന്നതിനിടയ്ക്ക് ഇങ്ങനെയുള്ള ചോദ്യം ചോദിക്കാൻ തിരിഞ്ഞു നില്ക്കുന്നത് വെറുതെ സമയം പാഴാക്കലാണെന്നും ഈശോയുടെ ശിഷ്യന്മാർ കരുതിയിട്ടുണ്ടാവണം. കുട്ടിയ്ക്ക് എന്തെങ്കിലും സംഭവിക്കുന്നതിനുമുമ്പ് യേശു ജായ്റോസിന്റെ വീട്ടിലെത്തണമെന്ന് ശിഷ്യന്മാരും ആഗ്രഹിച്ചിട്ടുണ്ടാവണം. എന്നാൽ യേശു ചുറ്റും നോക്കുകയാണ്. തിക്കിത്തിരക്കുന്ന ജനക്കൂട്ടത്തിനിടയിൽ വിശ്വാസം സ്പുരിക്കുന്ന മുഖമാണ് യേശു അന്വേഷിക്കുന്നത്. തിരക്കിനിടയിലെ തട്ടലിനും മുട്ടലിനുമിടയിൽ വിശ്വാസത്തോടെയുള്ള ഒരു ചെറു സ്പർശം തിരിച്ചറിഞ്ഞവനാണല്ലോ അവൻ. ആയിരങ്ങൾ കൂടുന്ന പ്രാർത്ഥനാകേന്ദ്രങ്ങളിലെയും തിരുന്നാളാഘോഷങ്ങളിലെയും വലിയ ബഹളങ്ങൾക്കിടയിലും വിശ്വാസത്തോടെയുള്ള ഒരു നോട്ടം, ഒരു നെടുനിശ്വാസം, ശബ്ദമില്ലാതെയുള്ള ഒരു വിളി, ഒരേങ്ങൽ അതു തിരിച്ചറിയുന്നവനാണ് കർത്താവ്.

**5:33,** തന്റെ സൗഖ്യപ്രാപ്തി സ്വശരീരത്തിൽ അവൾ അനുഭവിച്ചപ്പോൾ തന്റെമുന്നിൽ നില്ക്കുന്നവന്റെ ശക്തിയും മഹത്വവും അവൾ

നേരിട്ടറിയുകയായിരുന്നു. അത് അവളെ പരിഭ്രാന്തയാക്കിയിരിക്കണം. ഒപ്പം അവനറിയില്ലെന്നു കരുതി ചെയ്തത് അവനറിഞ്ഞതിലുള്ള വിസ്മയവും ആശങ്കയും. എന്നാൽ എല്ലാത്തിലുമുപരി ദൈവസന്നിധിയിലെത്തിയ പാപിയായ മനുഷ്യന്റെ പ്രതികരണമാണ് 'ഭയവും വിറയലും' (പുറ 15:16; സങ്കീ 2:11; മർക്കോ 4:41; 5:15). മനുഷ്യവൈദഗ്ദ്ധ്യത്തിനു 12 വർഷംകൊണ്ടു സാധിക്കാതിരുന്ന കാര്യം വിശ്വാസം വഴി ഒറ്റനിമിഷം കൊണ്ടു സാധിക്കുന്നു (പീറ്റർ ക്രിസോലോഗുസ്).

**5:34,** യേശു അവളെ ശകാരിക്കുന്നില്ല അവളോടുള്ള അവന്റെ പ്രതികരണം ദയാമസൃണമായിരുന്നു. 'മകളെ' എന്നാണു യേശു അവളെ അഭിസംബോധന ചെയ്യുന്നത്. അവളുടെ വിശ്വാസം അവളെ യേശുവിന്റെ കുടുംബത്തിലെ അംഗമാക്കി (ഏശ 53:10; മർക്കോ 3:35; 7:26) 'സമാധാനത്തിൽ പോവുക' (ഷാലോം) എന്നത് "ഗുഡ്ബൈ" എന്നതിന്റെ ഹീബ്രു രൂപമാണ് (ന്യായ 18:6; 1 സാമു 1:17). സമഗ്രമായ സന്തോഷവും ജീവിതസൗഭാഗ്യവും ഉണ്ടായിരിക്കട്ടെ എന്ന അനുഗ്രഹവും പ്രാർത്ഥനയുമാണത്. "വ്യാധിയിൽനിന്നു വിമുക്തയായിരിക്കുക" എന്നു പറയുന്നതിലൂടെ അവൾക്കു ലഭിച്ചിരിക്കുന്ന സൗഖ്യം താല്കാലികമല്ല പൂർണ്ണമായ സൗഖ്യമാണ് എന്ന് യേശു അവൾക്ക് ഉറപ്പു നല്കുന്നു.

**5:35,** ഗുരു താമസിച്ചു പോയേക്കുമോ എന്ന ശിഷ്യരുടെ ഭയപ്പാട് ശരിവച്ചുകൊണ്ട്, കുട്ടിയുടെ മരണവാർത്തയറിയിച്ചുകൊണ്ട് ജായ്റോസിന്റെ വീട്ടിൽനിന്നു ദൂതന്മാരെത്തി. കുട്ടിയെ മരണത്തിൽ രക്ഷിക്കാൻ പോയിട്ട് അതിന്റെ മരണസമയത്ത് അടുത്തുനിന്നാശ്വസിപ്പിക്കാൻ പോലും സാധിച്ചില്ലല്ലോയെന്ന് ജായ്റോസു വേദനയോടെ ചിന്തിച്ചിട്ടുണ്ടാവണം. "ഗുരുവിനെ ഇനിയും എന്തിനു ബുദ്ധിമുട്ടിക്കുന്നു" എന്ന സന്ദേശവാഹകരുടെ ചോദ്യം അവർ യേശുവിനെ ഒരു റബ്ബിയോ സാധാരണ അത്ഭുതപ്രവർത്തകനോ മാത്രമായിട്ടാണ് മനസ്സിലാക്കിയതെന്നു വ്യക്തമാക്കുന്നു. അങ്ങനെയുള്ളൊരു റബ്ബിക്ക് ജീവിച്ചിരിക്കുന്നവരെ സഹായിക്കാൻ സാധിക്കുമായിരിക്കും. പക്ഷേ മരിച്ചു കഴിഞ്ഞവരുടെ കാര്യത്തിൽ ഒന്നും ചെയ്യാനാവില്ല എന്നവർ വിചാരിച്ചു. ജായ്റോസിന്റെ ഭവനത്തിൽനിന്നു വന്ന സന്ദേശവാഹകർ യേശുവിനെ ഒഴിവാക്കാൻ ജായ്റോസിനെ ഉപദേശിക്കുന്നതിലൂടെ യേശുവിന്റെ അത്ഭുതത്തിനു വിലങ്ങുതടി സൃഷ്ടിക്കുകയാണ്.

**5:36,** "ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക" എന്നു പറഞ്ഞ് യേശു ജായ്റോസിനെ കലർപ്പില്ലാത്ത വിശ്വാസത്തിലേക്കു നയിക്കുന്നു. ഇത്രയും സമയം യേശുവിലുള്ള ജായ്റോസിന്റെ വിശ്വാസത്തിന് യുക്തിയുടെ പിൻബലമുണ്ടായിരുന്നു. കുട്ടി മരിച്ചതോടെ ആ വിശ്വാസത്തിന് യുക്തിയുടെയും അനുഭവത്തിന്റെയുമൊക്കെ പിൻബലം നഷ്ടപ്പെട്ടു. എങ്കിലും യേശുവിൽ തുടർന്നും വിശ്വസിക്കാൻ ജായ്റോസു തയ്യാറാകുന്നതുകൊണ്ടാണ് യേശുവിനെ തന്റെ ഭവനത്തിലേക്ക് അദ്ദേഹം കൂട്ടിക്കൊണ്ടുപോയത്.

**5:37,** തന്റെ കൂടെവന്ന ജനസമൂഹത്തെ യേശു പിരിച്ചുവിടുന്നു. അതെന്തുകൊണ്ടാണെന്ന് ഇപ്പോൾ നമുക്ക് വ്യക്തമല്ല. അത്ഭുതം പ്രതീക്ഷി

ച്ചതുകൊണ്ടാണ് ജനം യേശുവിനെ തിക്കിഞെരുക്കികൂടെ പോയ്ക്കൊണ്ടിരുന്നത്. കുട്ടി മരിച്ചുവെന്നു കേട്ടതോടെ അത്ഭുതം കാണാമെന്ന പ്രതീക്ഷ അവർക്കും നഷ്ടപ്പെട്ടിരിക്കണം. മരിച്ച കുട്ടിയെ അടക്കുക എന്ന ഭക്തകൃത്യത്തിൽ പങ്കെടുക്കാനായിരിക്കും യേശു പോകുന്നതെന്നു അവർ വിചാരിച്ചു കാണും. ഇപ്പോൾ തന്റെ ശിഷ്യരിൽതന്നെ 3 പേരെ പത്രോസ്, യാക്കോബ്, യോഹന്നാൻ മാത്രമേ യേശു കൂടെകൂട്ടുന്നുള്ളൂ (നിയമ 17:62; മർക്കോ 9:2; 14:33).

**5:38,** ഒരു കൂട്ടം ജനത്തെ പിരിച്ചുവിട്ടുവെങ്കിലും ജായ്റോസിന്റെ വീട്ടിലെത്തിയപ്പോൾ മറ്റൊരു ജനക്കൂട്ടമാണ് അവരെ കാത്തിരുന്നത് അവിടുത്തെ കരച്ചിലും അലമുറയിടലുമെല്ലാം കുട്ടി മരിച്ചുവെന്ന സത്യത്തെ ഊട്ടിയുറപ്പിക്കുന്നതാണ്. കൂലിക്കെത്തുന്ന വിലാപകാരികൾ ശോകഗാനങ്ങൾ പാടാനും കരയാനും കുഴലൂതാനുമൊക്കെ തുടങ്ങിക്കഴിഞ്ഞിരുന്നു (ജറെ 9:17; ആമോ 5:16). എത്ര ദരിദ്രനായ ഭർത്താവാണെങ്കിലും ഭാര്യ മരിച്ചുകഴിയുമ്പോൾ കുറഞ്ഞത് രണ്ടു കുഴലൂത്തുകാരെയും ഒരു വിലാപക്കാരിയെയും കൂലിയ്ക്കെടുക്കണമെന്നായിരുന്നു യഹൂദരുടെ സാമൂഹ്യനിയമങ്ങൾ ക്രോഡീകരിച്ചിട്ടുള്ള പുസ്തകമായ മിഷ്നായിലെ നിർദ്ദേശം (മിഷ്ന, *കെത്തുബോത്ത്* 4:4). തങ്ങളുടെ കുഞ്ഞിനോടുള്ള സ്നേഹവാത്സല്യങ്ങളെപ്രതി മാതാപിതാക്കൾ ചിലരൊക്കെ സഹിക്കുന്ന വേദനകളെയും ഉത്കണ്ഠകളെയുംകുറിച്ച് ആലോചിക്കുക. ഇവിടെ ജായ്റോസു വേദനയിൽ വിഷമിച്ചിരിക്കുകയാണ്. എന്നാൽ അവന്റെ മകളോ മരണത്തിന്റെ നിശബ്ദതയിലേക്കു താണുകൊണ്ടിരിക്കുന്നു.... കഷ്ടം. എന്തുകൊണ്ടാണ് മക്കൾ മാതാപിതാക്കളെ ഓർക്കാത്തതും അവരുടെ വേദനകളോടു നിസംഗത പാലിക്കുന്നതും. എന്തുകൊണ്ടാണ് തങ്ങളുടെ മാതാപിതാക്കളുടെ അടുത്തേക്ക് അവർ തിരിച്ചുപോകാത്തത്?

**5:39–40,** കുട്ടി മരിച്ചിട്ടില്ല ഉറങ്ങുകയാണ് എന്ന യേശുവിന്റെ പ്രസ്താവനയെ അവിടെ ഉണ്ടായിരുന്നവർ പരിഹസിച്ചത് കുട്ടി മരിച്ചുകഴിഞ്ഞുവെന്നത് എല്ലാവരും അംഗീകരിച്ചു കഴിഞ്ഞ കാര്യമാണെന്നു സൂചിപ്പിക്കുന്നു. യേശു മുമ്പുചെയ്തതുപോലെ (വാ. 37) ഇവിടെയും ജനക്കൂട്ടത്തെ ഒഴിവാക്കുന്നു. തുടർന്ന് തന്റെ 3 ശിഷ്യരെയും കുട്ടിയുടെ മാതാപിതാക്കളെയും മാത്രംകൂട്ടി കുട്ടിയുടെയടുത്തെത്തുന്നു.

**5:41–42,** ഒരമ്മ രാവിലെ തന്റെ കുഞ്ഞിനെ ഉറക്കത്തിൽനിന്നെഴുന്നേൽപ്പിക്കുന്നതുപോലെ യേശു ആ കുട്ടിയെ വിളിക്കുന്നു "ബാലികേ എഴുന്നേൽക്കൂ" ഉടനെ അവൾ എഴുന്നേറ്റു നടന്നു. തലീത്ത എന്ന അറമായ വാക്കിന് ആട്ടിൻകുട്ടി എന്നാണർത്ഥം. ഇടയൻ ആടിനെ വിളിച്ചു. മരണത്തിന്റെ താഴ്വരയിൽനിന്നുകൊണ്ട് അതു വിളികേട്ട് അടുത്തേയ്ക്കു വന്നു. എഴുന്നേറ്റു നടന്നുവെന്നത് കുട്ടിക്ക് ജീവൻ കിട്ടിയിരിക്കുന്നുവെന്നതിന്റെ തെളിവാണ്. അവൾക്കു 12 വയസു പ്രായമുണ്ടായിരുന്നു. രക്തസ്രാവക്കാരി 12 വർഷമായി രോഗബാധിതയായിരുന്നു. പഴയനിയമത്തിൽ ഏലിയാ പ്രവാചകനും (1 രാജാ 17:19–20) എലീഷാ പ്രവാചകനും (2 രാജാ 4:32) കുട്ടികളെ ഉയിർപ്പിക്കുന്നുണ്ട്. പക്ഷേ അവർക്ക് അതിന് ദീർഘസമയം പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യേണ്ടിവന്നു.

**5:43,** ഈ വിവരം ആരും അറിയരുതെന്ന യേശുവന്റെ കർശനമായ ആജ്ഞയുടെ വെളിച്ചത്തിൽ നോക്കുമ്പോൾ എന്തുകൊണ്ടാണ് യേശു രണ്ടു ജനക്കൂട്ടങ്ങളെയും (37:40) ഒഴിവാക്കിയതെന്നു വ്യക്തമാകുന്നു. ഇത്ര വലിയൊരു സംഭവം വലിയ ഒരു ജനക്കൂട്ടത്തിനു മുന്നിൽവച്ചു നടത്തി പേരെടുക്കാൻ അവിടുന്നാഗ്രഹിച്ചില്ല (നാമായിരുന്നെങ്കിൽ ആളെ കൂട്ടാൻ തത്രപ്പെടുമായിരുന്നില്ലേ?!) അവന്റെ സാധാരണ അത്ഭുതങ്ങൾതന്നെ ജനക്കൂട്ടത്തെ വിസ്മയഭരിതരാക്കിയിരുന്നു. അങ്ങനെയെങ്കിൽ ഇത്രയും വലിയൊരത്ഭുതം അവരെ എത്രകണ്ട് ആവേശഭരിതരാക്കുമായിരുന്നു? മർക്കോസിന്റെ സുവിശേഷത്തിലെ മിശിഹാരഹസ്യത്തിന്റെ മറ്റൊരു ഉദാഹരണമാണ് ഈ സംഭവത്തിൽ യേശു നിഷ്കർഷിക്കുന്ന രഹസ്യാത്മകത.

ഭക്ഷണം കൊടുക്കാനുള്ള യേശുവിന്റെ നിർദ്ദേശം ആ കുട്ടിക്ക് ജീവൻ ലഭിച്ചുവെന്നതിന്റെ മറ്റൊരു തെളിവാണ്. അതോടൊപ്പം യേശുവിന്റെ ആർദ്രതയും കരുതലും എത്രയെന്ന് അതു സൂചിപ്പിക്കുന്നു. ജീവൻ നല്കുക എന്ന അതിപ്രധാനമായ കാര്യം മാത്രമല്ല, ഭക്ഷണം നൽകുക എന്ന അതിസാധാരണമായ കാര്യവും ഒന്നുപോലെ അവൻ നിർവ്വഹിക്കുന്നു. നമ്മുടെ ഗൗരവമായ പ്രശ്നങ്ങൾ മാത്രമല്ല നിസ്സാരകാര്യങ്ങളും അവനു ഗൗരവമുള്ളവതന്നെ.

**വിചിന്തനം:** ധനവാനും പ്രമാണിയുമായ ജായ്റോസിന്റെ കുട്ടിയെ സഹായിക്കാൻ പോകുന്ന തിരക്കിനിടയിലും പേരില്ലാത്ത, സമൂഹത്തിൽ വലിയ വിലയൊന്നുമില്ലാതിരുന്ന ഒരു സ്ത്രീയെ, അതും അടുത്തുവരാൻ ഇപ്പോൾ അശുദ്ധയും നിസ്വയും ആരുമില്ലാത്തവളുമായി (ജായ്റോസിന്റെ കുട്ടിയ്ക്കുവേണ്ടി യേശുവിന്റെ അവളുടെ സമ്പന്നനായ പിതാവുണ്ടായിരുന്നല്ലോ). യേശു സമയം കണ്ടെത്തുന്നു. ജനക്കൂട്ടത്തിനിടയിൽവച്ച് പരസ്യമായി സ്നേഹപൂർവ്വം സംസാരിക്കാൻ യേശു തയ്യാറായി. അതുവഴി സൗഖ്യത്തിന്റെ ഓർമ്മ മാത്രമല്ല ആ കരുണാപൂർവ്വകമായ സംസാരത്തിന്റെയും, മകളെ എന്നുള്ള വിളിയുടെയും, അനുഗ്രഹവചസ്സുകളുടെയും രോഗശാന്തിയുടെ ഉറപ്പിന്റെയും വാക്കുകൾ വിലപ്പെട്ട ഓർമ്മയായി അവിടുന്ന് അവൾക്കു സമ്മാനിക്കുന്നു. പല കാര്യങ്ങൾകൊണ്ടും നമ്മെ അഭിമുഖീകരിക്കാൻ ധൈര്യമില്ലാതെ, എന്നാൽ പിന്നിൽനിന്നു വസ്ത്രത്തിൽ വലിച്ചു നമ്മുടെ ശ്രദ്ധയാകർഷിക്കാൻ ശ്രമിക്കുന്നവർ ജനക്കൂട്ടത്തിലല്ല, നമ്മുടെ കുടുംബത്തിൽത്തന്നെയുണ്ടാകാം. അവർക്കുവേണ്ടി കണ്ടെത്തുന്ന അല്പസമയം, സ്നേഹപൂർവ്വമുള്ള ഒരു വിളി, കൈമാറുന്ന ഒരു ഉറപ്പ് അവരുടെ ദീർഘനാളായ മുറിവുകൾ ഉണക്കില്ലേ? കുടുംബത്തിലും സമൂഹത്തിലും തലയുയർത്തി നടക്കാൻ അവരെ കരുത്തുറ്റവരാക്കില്ലേ?

രക്തസ്രാവം ആ സ്ത്രീയെ അശുദ്ധയാക്കി. തന്മൂലം അവൾക്ക് സിനഗോഗുകളിലോ പൊതുസമൂഹത്തിലോ പ്രത്യക്ഷപ്പെടാനാവാതെ വന്നു. കുടുംബാംഗങ്ങളിൽനിന്നും ദാമ്പത്യബന്ധത്തിൽനിന്നുമെല്ലാം ഒഴിഞ്ഞുനിൽക്കേണ്ടിവന്നു. പാപമാണു നമ്മുടെ രക്തസ്രാവം. പാപം നമ്മെ അശുദ്ധരാക്കുന്നു, ദൈവത്തിൽനിന്നും, ദേവാലയത്തിൽനിന്നും സമൂഹത്തിൽനിന്നും, എന്തിന് കുടുംബാംഗങ്ങളിൽനിന്നുപോലും നമ്മെ ഒറ്റപ്പെ

ടുത്തുന്നു, അപമാനിതരാക്കുന്നു; നമ്മുടെ സമ്പത്തെല്ലാം – അഭിമാനം, സന്തോഷം, ആരോഗ്യം, പണം, കുടുംബബന്ധങ്ങൾ – നശിപ്പിക്കുന്നു. സഹായിക്കാമെന്നേൽക്കുന്നവരെല്ലാം നമ്മുടെ സ്ഥിതി കൂടുതൽ വഷളാക്കുന്നു. കാലങ്ങളായുള്ള രക്തസ്രാവംപോലെ അതു നമ്മുടെ ജീവിതത്തെത്തന്നെ ഊറ്റിക്കളയുന്നു. ഒരു സ്പർശനം മാത്രമേ നമ്മെ സുഖപ്പെടുത്തു, യേശുവിന്റെ ഒരു വലിയ പ്രത്യേകത നമ്മുടെ പ്രശ്നങ്ങൾ അവനെ സ്പർശിക്കുന്നുവെന്നതാണ്. പരിശുദ്ധനായ അവനെ സ്പർശിക്കാൻ നാം ആദ്യം ശുദ്ധരാകേണ്ടതുപോലുമില്ല. വാസ്തവത്തിൽ, ആ സ്ത്രീയെപ്പോലെ അവനെ സ്പർശിക്കുന്നതുവഴിയാണ് നാം ശുദ്ധരാകുന്നത്.

12 വയസ്സായിരുന്നു ആ ബാലികയ്ക്ക്. യഹൂദസമൂഹത്തിൽ ഒരു പെൺകുട്ടിക്ക് നിയമാനുസൃതമായി വിവാഹബന്ധത്തിലേർപ്പെടാനുള്ള കുറഞ്ഞ പ്രായമായിരുന്നു പന്ത്രണ്ട്. ഒരു പെൺകുട്ടി സ്ത്രീയായി ജീവിതം ആരംഭിക്കുന്ന പ്രായം. ജീവിതത്തിന്റെ പൂമുഖപ്പടിയിൽത്തന്നെ കൈമോശം വരുന്ന ദയനീയമായ ചിത്രമാണു നാമിവിടെ കാണുന്നത്. ജീവിതം തുടങ്ങേണ്ട സമയത്ത് ശവമായി മാറിയവൾ. ശവത്തെ സ്പർശിക്കുന്നത് ഒരുവനെ ഏറ്റവുമധികം അശുദ്ധനാക്കുന്ന കാര്യങ്ങളിലൊന്നായിരുന്നു. എങ്കിലും ആ പെൺകുട്ടിയെ സ്പർശിക്കുന്നതിന് സമൂഹത്തിന്റെ ശുദ്ധിയശുദ്ധിവിചാരങ്ങൾ യേശുവിന് ഒരു വിലങ്ങുതടിയായില്ല ജീവൻ നല്കുന്നതിന് വിഘാതമായ യാതൊന്നിനെയും അവൻ വക വെച്ചില്ല. ആ കുട്ടി ഉറങ്ങുകയാണെന്നവൻ പറഞ്ഞത് മരണത്തെ ഉറക്കമാക്കി പകർത്തുവാനുള്ള തന്റെ ദൈവികമായ കഴിവിന്റെ അടിസ്ഥാനത്തിലായിരുന്നു. യേശുവിന്റെ മരണത്തോടെ മരണത്തിന്റെ ഭീകരത നീങ്ങി. ആശ്വാസം നല്കുന്ന, ക്ലേശത്തിൽനിന്നു വിടുതൽ നല്കുന്ന ഒരു സുഖശയനമായതുമാറി. നിത്യജീവന്റെ പുത്തൻ പ്രഭാതത്തിലേക്കുണരാനുള്ള സുഖനിദ്ര.

## സ്നാപകന്റെ മരണം (6:14–29)

ഹേറോദേസ് (അന്തിപ്പാസ്) ബി.സി. 20 ൽ ജനിച്ചു. മഹാനായ ഹേറോദേസിന് സമരിയാക്കാരിയായ മൽത്തേസ് എന്ന ഭാര്യയിൽ ജനിച്ച പുത്രനാണ് അന്തിപ്പാസ്. ഹേറോദേസിന്റെ മരണശേഷം ബി.സി. 4 മുതൽ എ.ഡി 39 വരെ അദ്ദേഹം ഗലീലിയിലെ ഭരണാധികാരിയായിരുന്നു. സെഫോറിസ് തിബേരിയാസ്, എന്നീ പട്ടണങ്ങൾ നിർമ്മിച്ചത് അന്തിപ്പാസ് ആണ്.

യോഹന്നാന്റെ ശിരച്ഛേദനത്തെകുറിച്ചുള്ള കഥ ശിഷ്യന്മാർ പ്രേഷിത പ്രവർത്തനത്തിനു പോകുന്നതിനും (6:7–13) തിരിച്ചുവരുന്നതിനു (6:30) മിടയ്ക്ക് അവതരിപ്പിക്കുന്നതിലൂടെ (സാൻഡ്‌വിച്ച് ടെക്നിക്) യേശുവിന്റെയും അവന്റെ മുന്നോടിയുടെയും അവന്റെ ശിഷ്യരുടെയുംമെല്ലാം അന്ത്യത്തിന്റെ സമാനതകളിലേക്ക് സുവിശേഷകൻ വിരൽ ചൂണ്ടുകയാണ്.

ഹേറോദേസ് (അന്തിപ്പാസ്) വാസ്തവത്തിൽ രാജാവല്ലായിരുന്നു. മഹാനായ ഹേറോദേസിന്റെ ഭരണസീമയിലെ നാലിലൊന്നിന്റെ ഭരണാ

ധികാരിയെന്ന നിലയിൽ ടെട്രാക്ക് മാത്രമായിരുന്നു അദ്ദേഹം. ഒരുപക്ഷേ പൊതുജനം അദ്ദേഹത്തെ രാജാവ് എന്നു വിളിച്ചിരുന്നതുകൊണ്ടാകാം മർക്കോസും അപ്രകാരം വിശേഷിപ്പിച്ചിരിക്കുന്നത്: യേശുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഹേറോദേസ് കേട്ടു. ശിഷ്യന്മാരുടെ പ്രേഷിതദൗത്യ നിർവ്വഹണമാണ് ഇതിനു കാരണമായത്. യേശുവിന്റെ അത്ഭുത പ്രവൃത്തികളെ പലതരത്തിലാണ് ജനങ്ങൾ വിശദീകരിച്ചിരിക്കുന്നത്. ചിലർ യേശുവിനെ ഉത്ഥാനം ചെയ്ത സ്നാപക യോഹന്നാനായിട്ടാണു കരുതിയത്. ജീവിച്ചിരുന്നപ്പോൾ സ്നാപക യോഹന്നാൻ അത്ഭുതമൊന്നും ചെയ്തിരുന്നില്ലെങ്കിലും (യോഹ 10:41) ഉയിർപ്പിക്കപ്പെട്ടതിനുശേഷം അദ്ദേഹത്തിന് അത്ഭുതപ്രവർത്തനശക്തി ലഭിച്ചിരിക്കുമെന്ന് അവർ കരുതി. ഈ അർത്ഥത്തിൽ സ്നാപകൻ യേശുവിന്റെ പരസ്യ ജീവിതശുശ്രൂഷയുടെ മാത്രമല്ല, ഉത്ഥാനാനന്തര ശുശ്രൂഷയുടെയും മുന്നോടിയാണ്.

**6:15,** യേശുവിന് മുന്നോടിയായി വരുന്നവൻ (നിയ 18:15–19; മലാ 3:1; 4:5) എന്ന സ്നാപക യോഹന്നാന്റെ വിശേഷണമാകാം യേശുവിനെ ഏലിയായായി ചിലർ മനസ്സിലാക്കാൻ കാരണം. യേശുവിന്റെ പ്രസംഗങ്ങളും അത്ഭുതപ്രവർത്തികളും അവനെ ഒരു പ്രവാചകനായി പലരും കണക്കാക്കുന്നതിനു കാരണമായി. ഉയിർത്തെഴുന്നേറ്റുവന്ന യോഹന്നാനാണ് യേശു എന്ന ഹേറോദേസിന്റെ അഭിപ്രായം യോഹന്നാനെ കൊന്ന അദ്ദേഹത്തിന്റെ കുറ്റബോധത്തിന്റെയും പേടിയുടെയും പ്രകടനമാണ്. യോഹന്നാനെ കൊല്ലുന്നതിനുമുമ്പ് ഹേറോദേസ് യേശുവിനെക്കുറിച്ച് കേട്ടിരുന്നില്ലെന്നും ഇതു വ്യക്തമാക്കുന്നു. യോഹന്നാൻ ഉയിർപ്പിക്കപ്പെട്ടിരുന്നുവെന്ന ഹേറോദേസിന്റെ അഭിപ്രായം പുനരുത്ഥാനത്തിലുള്ള അദ്ദേഹത്തിന്റെ വിശ്വാസമാണ് ദ്യോതിപ്പിക്കുന്നതെന്നു ചിന്തിക്കേണ്ടതില്ല. വധിക്കപ്പെടുന്ന നീതിമാന്മാർ മരണശേഷം മഹത്വീകൃതമായി തങ്ങളെ പീഡിപ്പിച്ചവരെ നേരിടുന്ന രംഗങ്ങൾ രക്തസാക്ഷികളെക്കുറിച്ചുള്ള യഹൂദകഥകളിൽ കാണാറുണ്ട്. ആ പശ്ചാത്തലത്തിൽ യോഹന്നാൻ മരണശേഷംതന്നെ ഭയപ്പെടുത്താനെത്തിയിരിക്കുന്നുവെന്ന ഹേറോദേസിന്റെ ചിന്ത സ്വാഭാവികമാണ്.

**6:17–29, യോഹന്നാന്റെ മരണം – ഒരു തിരിഞ്ഞുനോട്ടം:** നേരത്തെതന്നെ സംഭവിച്ചുകഴിഞ്ഞിരുന്ന യോഹന്നാന്റെ മരണത്തിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടമാണ് ഈ ഭാഗത്തുള്ളത്. മർക്കോസിന്റെ സുവിശേഷത്തിൽ രണ്ടു പീഡാനുഭവവിവരണങ്ങളുണ്ട് എന്നു പറയാറുണ്ട്. ഒന്ന് യേശുവിന്റേതും രണ്ടാമത്തേത് സ്നാപകയോഹന്നാന്റെതും. സ്നാപകന്റെ ശുശ്രൂഷയേക്കാൾ (1:2–8) കൂടുതലായി മർക്കോസ് വിവരിക്കുന്നത് സ്നാപകന്റെ പീഡാനുഭവമാണ് (6:17–29).

**6:17,** ജോസേഫുസിലും മറ്റു ചരിത്രപുസ്തകങ്ങളിലും കാണുന്ന വിവരണങ്ങളും മർക്കോസ് നൽകുന്ന വിവരണവും തമ്മിൽ ചില പൊരുത്തക്കേടുകളുണ്ട്. ചരിത്രപരമായി നോക്കുമ്പോൾ കാണുന്ന ചിത്രം താഴെപ്പറയും പ്രകാരമാണ്: ഹേറോദേസ് അന്തിപ്പാസിന്റെ ആദ്യഭാര്യ, നബെത്തെയൻ രാജാവായ ആരെത്തസ് നാലാമത്തെ പുത്രിയായിരുന്നു (ഈ പുത്രിയുടെ പേര് ലഭ്യമല്ല). തന്റെ സഹോദര

ഭാര്യയായ ഹേറോദിയായിൽ അനുരക്തനായ അന്തിപ്പാസ് തന്റെ ഭാര്യയെ വിവാഹമോചനം ചെയ്തു. ഹേറോദിയായെ അവളുടെ ഭർത്താവ് ജീവിച്ചിരിക്കെത്തന്നെ വിവാഹം ചെയ്തു. കുപിതനായ അരെത്തസു നാലാമൻ അന്തിപ്പാസിനെതിരെ യുദ്ധത്തിനൊരുങ്ങുകയും ഒടുവിൽ അത് അന്തിപ്പാസിന്റെ വീഴ്ചയ്ക്കും എ.ഡി. 39-ൽ ഗൗളി (Gaul) ലേയ്ക്കുള്ള നടകടത്തലിനും കാരണമായിത്തീരുകയും ചെയ്തു.

ഹേറോദേസ് അന്തിപ്പാസിന്റെ പാതി സഹോദരനായ (half- brother) മറ്റൊരു ഹേറോദേസാണ് ഹേറോദിയായെ ആദ്യം വിവാഹം ചെയ്തിരുന്നത്. ഈ ഹേറോദേസ് മഹാനായ ഹേറോദേസിന് മറിയാം II-ൽ (Marimme II) ഉണ്ടായ പുത്രനാണ്. ഈ ഹേറോദിന് ഹേറോദിയായിലുണ്ടായ പുത്രിയാണ് സലോമി. സലോമി വിവാഹം ചെയ്തിരുന്നത് ഹേറോദോസ് അന്തിപ്പാസിന്റെ മറ്റൊരു അർദ്ധസഹോദരനായിരുന്ന ഫിലിപ്പിനെയാണ്. മഹാനായ ഹേറോദേസിന് ജെറുസലേമിലെ ക്ലിയോപാട്രയിലുണ്ടായ മകനാണ് ഫിലിപ്പ്. ഹേറോദിയ ഫിലിപ്പിന്റെ ഭാര്യയാണെന്ന മർക്കോസിന്റെ സാക്ഷ്യം ചരിത്രപരമായി ശരിയല്ല. സുവിശേഷകനോ അദ്ദേഹം തന്റെ രചനയ്ക്ക് ആധാരമാക്കിയ രേഖയ്ക്കോ ഉണ്ടായ പിഴവായിരിക്കാമിത്. മഹാനായ ഹേറോദേസിന് പത്തുഭാര്യമാരുണ്ടായിരുന്നുവെന്നതും അദ്ദേഹത്തിലെ പല മക്കളും ചെറുമക്കളും 'ഹേറോദേസ്' എന്നാണറിയപ്പെട്ടിരുന്നതെന്നും, ഇവരിൽ ചിലർ അങ്ങോട്ടുമിങ്ങോട്ടും വിവാഹം ചെയ്തിരുന്നുവെന്നതുമൊക്കെ പരിഗണിച്ചാൽ മർക്കോസിനുണ്ടായ തെറ്റിദ്ധാരണ മനസ്സിലാക്കാവുന്നതേയുള്ളൂ.

**6:18,** സ്നാപക യോഹന്നാന്റെ കുറ്റാരോപണം സഹോദരഭാര്യയെ പരിഗ്രഹിക്കുന്നതു വിലക്കുന്ന പഴയനിയമഭാഗങ്ങളെ (ലേവ്യ 18:16; 20:21) അടിസ്ഥാനമാക്കിയുള്ളതായിരുന്നു. ശക്തനായ ഭരണാധികാരിയെ തിരുത്താൻ തയ്യാറായ സ്നാപകന്റെ ധൈര്യം ചിന്തോദ്ദീപകമാണ്.

**6:19–20,** ഏലിയാ പ്രവാചകനെ വേട്ടയാടിയ ജസബെൽ രാജ്ഞി (1രാജ 21) യുടെ തനിപ്പകർപ്പായിട്ടാണ് മർക്കോസ് ഹേറോദിയായെ ചിത്രീകരിച്ചിരിക്കുന്നത്. അന്തിപ്പാസിന് ഹേറോദിയായിലുണ്ടായിരുന്ന അനുരാഗവും സ്നാപകനോടുണ്ടായിരുന്ന ആദരവും പരസ്പരം പോരടിക്കുന്നതായിരുന്നു. ഇത് അദ്ദേഹത്തിന്റെയുള്ളിൽ സംഘർഷമുണ്ടാക്കി. എങ്കിലും ഈ സംഘർഷം ഉള്ളിൽവച്ചു ജീവിക്കാൻ അന്തിപ്പാസ് ഒരുക്കമായിരുന്നു. എന്നാൽ ഹേറോദിയയ്ക്ക് അതു സാധിച്ചില്ല. അവൾ സ്നാപകനെ കൊന്നൊഴിവാക്കുവാൻതന്നെ ആഗ്രഹിച്ചു. സ്നാപകന്റെ നീതിയും വിശുദ്ധിയുംമൂലം അയാൾ ഒരു ദൈവപുത്രനാണെന്ന് വെറും ലൗകായതികനായിരുന്ന ഹേറോദേസിനുപോലും തോന്നി. അങ്ങനെയുള്ള ഒരു ദൈവമനുഷ്യനെ ഉപദ്രവിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകളോർത്ത് ഹേറോദോസ് ഭയപ്പെട്ടു. ദുഷ്ടരായ വ്യക്തികൾക്കുപോലും കുറച്ചു ധാർമ്മികബോധം ബാക്കിയുണ്ടാകും. സത്യത്തിനും നന്മയ്ക്കും വേണ്ടി ധൈര്യപൂർവ്വം നിലകൊള്ളുന്നവരെ അത്തരക്കാർപോലും ഉള്ളിന്റെയുള്ളിൽ ബഹുമാനിക്കുമെന്ന് സ്നാപകനോടുള്ള ഹോറോദേസിന്റെ മനോഭാവം സൂചിപ്പിക്കുന്നു.

**6:21–23,** അതിഥികൾക്കു മുന്നിൽ നൃത്തം ചെയ്യാൻ അന്തസ്സും ആഭിജാത്യവുമുള്ള സ്ത്രീകൾ തയ്യാറാവുകയില്ല. സലോമിയെ ഇവിടെ പെൺകുട്ടി (കൊറാസിയോൺ) എന്നാണ് വിളിച്ചിരിക്കുന്നത്. മർക്കോസ് 5:42 ൽ 12 വയസ്സുപ്രായമുള്ള പെൺകുട്ടിയെ സൂചിപ്പിക്കാനാണ് ഈ വാക്കുപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് ഒരു ആഭാസക്കാരിയുടെ നൃത്തമല്ല ഒരു കൊച്ചു പെൺകുട്ടിയുടെ കലാപ്രകടനമാണ് ആ വിരുന്നു ശാലയിൽ നടന്നത്. വിരുന്നും നൃത്തവും രാജാവിന്റെ വാക്കുകളുമെല്ലാം അഹസ്വേരുസു രാജാവ് എസ്തേറിനോട് പറഞ്ഞതിനെ അനുസ്മരി പ്പിക്കുന്നു (എസ്തേ 5:6; 7:2). രാജ്യത്തിന്റെ പകുതിപോലും തരാമെന്ന ഹേറോദേസിന്റെ വാഗ്ദാനം വെറും വീമ്പുപറച്ചിൽ മാത്രമാണ്. അദ്ദേഹം രാജാവല്ലാതിരുന്നതിനാലും അദ്ദേഹത്തിന്റെ ദേശം യഥാർത്ഥ ത്തിൽ റോമിന്റെ അധീനതയിലായിരുന്നതിനാലും അപ്രകാരം ചെയ്യാൻ അയാൾക്കു സാധിക്കുമായിരുന്നില്ല.

**6:24–25** ഇത്തരം വിരുന്നുകളിൽ സ്ത്രീകൾ പങ്കുചേരാറില്ലാത്തതു കൊണ്ടാണ് അമ്മയോട് ചോദിക്കാൻ അവൾ പോയത്. സ്നാപക നോടുള്ള പിതാവിന്റെ ആദരവല്ല, അമ്മയ്ക്കുണ്ടായിരുന്ന വിദ്വേഷമാണ് മകൾ പങ്കുവച്ചത്. വിരുന്നിനിടയ്ക്ക് തളികയിൽ കൊണ്ടുവരുന്നത് ഓരോരോവിഭവങ്ങളാണ്. കൊന്ന് പാകം ചെയ്ത ഇറച്ചിപോലെ സ്നാപ കന്റെ ശിരസ്സു കൊണ്ടുവരുന്നത് മരണശേഷവും സ്നാപകനെ അപമാ നിക്കുന്നതിനു തുല്യമാണ്. അദ്ദേഹത്തിന്റെ ശവശരീരത്തോടുപോലും ആദരവു കാണിക്കാൻ ഹേറോദിയായുടെ വിദ്വേഷം അവളെ അനുവദി ച്ചില്ല. ദുഷ്ടർ വിഴുങ്ങുന്നത് നീതിമാന്മാരെയും നിഷ്കളങ്കരെയുമാണല്ലോ. അവർ തഴച്ചു വളരുന്നതു നീതിമാന്മാരുടെ ജീവിതവും വസ്തുവകകളും കൊണ്ടാണെന്ന് ഈ ചിത്രം വ്യക്തമാക്കുന്നു.

**6:26–28** "അതീവദുഃഖിതനായി" എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിരി ക്കുന്ന പദം പെരിലുപ്പോസ് എന്നതാണ്. ഈ പദം ഒരു തവണകൂടിയേ മർക്കോസ് ഉപയോഗിച്ചിട്ടുള്ളൂ. അത് 14:34 ൽ ഗത്സമേനിയിലെ യേശു വിന്റെ ദുഃഖത്തെ സൂചിപ്പിക്കുന്നതിനാണ്. സലോമിയുടെ അഭ്യർത്ഥന ഹേറോദേസിനെ വലിയ ദുഃഖത്തിലാഴ്ത്തി. ഹേറോദേസിന്റെ അഹങ്കാ രവും ദുരഭിമാനവുമാണ് അദ്ദേഹത്തെ കെണിയിൽപ്പെടുത്തിയത്. അദ്ദേഹം തന്റെ അവിവേകപൂർണ്ണമായ ശപഥം പിൻവലിക്കാൻ തയ്യാ റായില്ല. പകരം വിശുദ്ധനും നീതിമാനുമായ സ്നാപകനെ തന്റെ ദുരഭി മാനത്തിന്റെ ബലിക്കല്ലിൽ കുരുതികൊടുക്കുകയാണ് അയാൾ ചെയ്തത്. വീണ്ടുവിചാരമില്ലാത്ത ശപഥത്തിന്റെ മറ്റൊരു ഉദാഹരണമാണ് ന്യായാ ധിപനായ ജഫ്ത (ന്യായ 11:29–40).

ശപഥം പാലിക്കുന്നതിനായി കൂടുതൽ ഗൗരവമായ തെറ്റ് ചെയ്യുന്ന തിനേക്കാൾ നല്ലത് ശപഥം ലംഘിക്കുന്നതാണ്. നാബാലിനെ കൊല്ലു മെന്ന് കർത്താവിനെക്കൊണ്ട് ആണയിട്ട ദാവീദ് അബിഗായിലിന്റെ ഉപ ദേശപ്രകാരം തന്റെ ശപഥത്തിൽനിന്നു പിൻവാങ്ങി. ദാവീദിന് അതിൽ കുറ്റബോധം തോന്നിയുമില്ല (1 രാജാ 25:2–39).

**6:29,** യോഹന്നാന് ആദരപൂർവ്വകമായ ഒരു സംസ്കാരം ലഭിച്ചു. യഥാ യോഗ്യമായ സംസ്കാരം ഒരുവന്റെമേലുള്ള ദൈവപ്രീതിയുടെ അടയാ ളമായിട്ടാണ് കരുതിയിരുന്നത്. യേശുവിന്റെയും സ്നാപകന്റെയും സംസ്കാരങ്ങൾ തമ്മിൽ ഏതാനും സാമ്യങ്ങൾ നമുക്കു കാണാനാകും. ഇരുവരും ഏകരായി ശിഷ്യരുടെ അസാന്നിദ്ധ്യത്തിലാണ് മരിച്ചത്. ഹേറോദ് യോഹന്നാനെ സംസ്കരിക്കാൻ അദ്ദേഹത്തിന്റെ ശിഷ്യർക്ക് അനുവാദം നല്കി. പീലാത്തോസ് യേശുവിന്റെ മൃതദേഹം സംസ്ക്കരി ക്കാൻ അരിമത്ത്യാക്കാരൻ ജോസഫിനെയും അനുവദിച്ചു. ഇരുവരുടെയും ശിഷ്യന്മാരാണ് അവരെ സംസ്ക്കരിച്ചത്.

സ്നാപകയോഹന്നാനെക്കുറിച്ചുള്ള യഹൂദചരിത്രകാരനായ ജോസേ ഫൂസിന്റെ വിവരണത്തിൽ ഹേറോദേസിന്റെ ജന്മദിനാഘോഷത്തോടു ബന്ധപ്പെട്ടാണ് യോഹന്നാന്റെ മരണം സംഭവിച്ചത്. യോഹന്നാന്റെ വർദ്ധിച്ച ജനപിന്തുണയായിരുന്നു അദ്ദേഹത്തെ വകവരുത്താൻ ഹേറോ ദേസിനെ പ്രേരിപ്പിച്ചത് (Ant. 18.5.2). സ്നാപകയോഹന്നാനെക്കുറിച്ചുള്ള മർക്കോസിന്റെ കഥയിലെ വിശദാംശങ്ങൾ പഴയനിയമകഥകളിൽ നിന്നെ ടുത്തിട്ടുള്ളവയാകാം: ആഹാബു-ജസെബെൽ രാജദമ്പതികൾ എലിയാ പ്രവാചകനെ എതിർക്കുന്നത് ( 1 രാജാ 21); ജഫ്തായുടെ നേർച്ച (ന്യായ 11:29-40); എസ്തേറിന് രാജാവു പാതിരാജ്യം വാഗ്ദാനം ചെയ്യുന്നത് (എ സ്തേർ 1:1-22; 2:9; 5:3); ഹോളൊഫെർണസിനെ യൂദിത്ത് ശിരച്ഛേദം ചെയ്യുന്നത് (യൂദി 13:14-16).

## അപ്പം വർദ്ധിപ്പിക്കുന്നു (6:30-44)

ആറാം അധ്യായത്തിൽ 7-13 വാക്യങ്ങളിൽ സുവിശേഷകൻ വിവരി ച്ച ശിഷ്യന്മാരുടെ പ്രേഷിതയാത്രയുടെ പരിസമാപ്തികുറിക്കുന്ന വാച കമാണിത് (വാ.30). 12 പേരുടെ സംഘത്തെ (the twelve) "അപ്പസ്തോ ലന്മാർ" (അയയ്ക്കപ്പെട്ടവർ) എന്ന് മർക്കോസ് വിളക്കുന്ന ഒരേയൊരു സന്ദർഭമാണിത്. "മിഷണറിമാർ" എന്ന വിശാലമായ അർത്ഥത്തിലാണ് "അപ്പസ്തോലന്മാർ" എന്ന പദം മർക്കോസ് ഉപയോഗിച്ചിരിക്കുന്നത് (അപ്പ 14:14). തങ്ങളെ അയച്ചവന്റെ അടുത്തേയ്ക്ക് അവർ തിരിച്ചുവന്ന് വിവരം ധരിപ്പിക്കുക എന്നത് ഔദ്യോഗിക സന്ദേശവാഹകരുടെ ഉത്തരവാദിത്ത മായിരുന്നു. ശിഷ്യന്മാർ തിരിച്ചുവന്ന് യേശുവിനെ തങ്ങൾ പഠിപ്പിച്ചതും പ്രവർത്തിച്ചതും ധരിപ്പിക്കുന്നത് അപ്പസ്തോലിക പ്രബോധനത്തിന്റെ ഉറവിടം യേശുവാണെന്നു വ്യക്തമാക്കുന്നു.

**6:31-7:37, *ശിഷ്യർക്ക് യേശു സ്വയം വെളിപ്പെടുത്തുന്നു:*** അത്ഭുതപ്ര വർത്തകനും സൗഖ്യദായകനും ഗുരുവുമായ യേശുവിനെയാണ് ഈ ഭാഗത്തു നാം കാണുന്നത്. തന്റെ യഥാർത്ഥ വ്യക്തിത്വം കൂടുതൽ വ്യക്തമാക്കുന്നതിനും ശിഷ്യന്മാരിൽ തന്നോടുള്ള പ്രതിബദ്ധത ജനിപ്പി ക്കുന്നതിനുമാണ് ഈശോ ശ്രമിക്കുന്നത്. യേശു ശിഷ്യരെ തുടർന്നും പരിശീലിപ്പിക്കുന്നതിന്റെ ഭാഗമാണിത്. ഒരേ പ്രവൃത്തികൾ രണ്ടുതവണ ആവർത്തിക്കുന്നത് ഇവിടെ നാം കാണുന്നു. കാര്യങ്ങൾ മനസ്സിലാക്കാ നുള്ള ശിഷ്യരുടെ കഴിവുകുറവുമൂലമാണ് ഈശോയ്ക്ക് ചില കാര്യ

ങ്ങൾ ആവർത്തിച്ചു പ്രവർത്തിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടിവരുന്നത്.

**6:31-44, അയ്യായിരം പേരെ തീറ്റിപ്പോറ്റുന്നു:** യേശു അത്ഭുതകരമായി ജനക്കൂട്ടത്തെ തീറ്റിപ്പോറ്റുന്ന സംഭവം പഴയ രണ്ടു സംഭവങ്ങളെ അനുസ്മരിപ്പിക്കുകയും ഭാവിയിലെ രണ്ടു സംഭവങ്ങൾക്കായി നമ്മെ മുൻകൂട്ടി ഒരുക്കുകയും ചെയ്യുന്നു. മരുഭൂമിയിൽ മന്നാവർഷിക്കുന്നതും (പുറ 16) എലീഷാ പ്രവാചകൻ 100 പേരുടെ സംഘത്തെ അത്ഭുതകരമായി തൃപ്തരാക്കുന്നതുമാണ് പഴയസംഭവങ്ങൾ. അന്ത്യഅത്താഴവും (14:22) മെശയാനിക വിരുന്നുമാണ് വരാനിരിക്കുന്ന സംഭവങ്ങൾ. ദൈവരാജ്യത്തിലെ ജീവിതത്തെ മിശിഹായോടൊപ്പമുള്ള വിരുന്നായി ഈ സംഭവങ്ങളെല്ലാം ചിത്രീകരിക്കുന്നു.

ക്ഷീണിതനായ ഈശോയുടെ മനുഷ്യത്വവും പരിക്ഷീണിതരെ തീറ്റിപ്പോറ്റുന്ന അവിടുത്തെ ദിവ്യത്വവും ഒന്നുപോലെ അനാവരണം ചെയ്യുന്ന അത്ഭുതമാണിത്. യേശു തുടർന്ന് രണ്ടുതവണ ഈ അത്ഭുതത്തെപ്പറ്റി പരാമർശിക്കുന്നുണ്ട് (6:52; 8:17-21). ഈ അത്ഭുതത്തിൽനിന്ന് അവർ പഠിക്കേണ്ടിയിരുന്ന പാഠം അവർ പഠിച്ചില്ല അന്തിപ്പാസിന്റെ കൊട്ടാരത്തിൽ തിരഞ്ഞെടുക്കപ്പെട്ട പ്രമാണികൾക്കുമാത്രമായി ഒരുക്കിയ വലിയ വിരുന്നും എല്ലാവർക്കും ഗലീലിക്കടൽ തീരത്ത് യേശു നൽകിയ ലളിതമായ ഭക്ഷണവും നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു. കൊട്ടാരത്തിലെ വിരുന്ന് ഒരു നീതിമാന്റെ കൊലയിൽ കലാശിച്ചെങ്കിൽ കടൽത്തീരത്തെ വിരുന്ന് യേശുവെന്ന നീതിമാന്റെ ആത്മദാനത്തിന്റെ മുന്നാവിഷ്കാരമായിരുന്നു.

**6:31,** ജോലിചെയ്തു തളർന്ന യേശുവിന്റേയും ശിഷ്യന്മാരുടേയും മാനുഷിക മുഖം നാമിവിടെ കാണുന്നു. അതോടൊപ്പം, യേശു തന്റെ ശുശ്രൂഷകർക്കു വിശ്രമം നൽകുന്ന ഹൃദയാവർജ്ജകമായ ചിത്രവും. മറ്റുള്ളവരുടെ ആവശ്യങ്ങളും അവകാശങ്ങളും പരിഗണിക്കുമ്പോൾ വിശ്രമിക്കാനുള്ള അവരുടെ അവകാശവും വിശ്രമത്തിന്റെ ആവശ്യവും നാം പരിഗണിക്കണം. വിശ്രമം യേശുവിന്റെ തീക്ഷ്ണതനിറഞ്ഞ പ്രേഷിതരെ സംബന്ധിച്ചും പ്രധാനപ്പെട്ടതുതന്നെ. കൂടുതൽ കാര്യക്ഷമമായ പ്രവർത്തനത്തിന് വിശ്രമം കൂടിയേ തീരൂ.

**6:32-34,** യേശുവും ശിഷ്യരും ഏതു കടവിലേക്കാണു തുഴയുന്നതെന്നു കരയിൽ നിന്നവർ മനസ്സിലാക്കി. ജനം കരവഴി ഓടി യേശുവിനും ശിഷ്യർക്കും മുമ്പുതന്നെ കടവിലെത്തി അവർക്കായി കാത്തുനിന്നു. യേശുവിന്റെ മാനുഷികഗുണങ്ങൾ വീണ്ടും ഇവിടെ തെളിയുകയാണ്: യേശുവിനും ശിഷ്യർക്കും വേണ്ടിയിരുന്നത് വിശ്രമം; എന്നാൽ ജനക്കൂട്ടം അത് അനുവദിക്കുന്നില്ല. യേശു അതിൽ കോപാകുലനാകുന്നില്ല. പകരം അവിടുത്തേയ്ക്കുണ്ടാകുന്നത് അനുകമ്പയുടെ ആർദ്രവികാരം മാത്രം. ജനത്തിന്റെ ആവശ്യത്തിന് അവിടുന്ന് വഴങ്ങുന്നു, തന്റെ ക്ഷീണം മറന്നുതന്നെ. ഇടയനില്ലാത്ത ആടുകളെപോലെയാണ് തന്റെ മുമ്പിലെത്തിയ ജനക്കൂട്ടത്തെ യേശു കണ്ടത്. വാസ്തവത്തിൽ ഇസ്രായേലിൽ നേതാക്കൾക്കു യാതൊരു കുറവുമുണ്ടായിരുന്നില്ല. പുരോഹിതരും, നിയമജ്ഞരും, റബ്ബിമാരും ഇസ്രായേലിൽ ധാരാളമുണ്ടായിരുന്നു. എന്നാൽ അവർ അന്ധരെ നയിക്കുന്ന അന്ധരെപ്പോലെ അപകടകാരികളായിരുന്നുവെന്നു മാത്രം.

ഇടയനില്ലാത്ത ജനങ്ങൾക്ക് ഇടയനായി അവിടുന്നു മാറുന്നു. ഇസ്രായേൽ ജനം ഇടയനില്ലാത്ത ആടുകളെപ്പോലെയാകാതിരിക്കേണ്ടതിന് അവർക്കായി ഇടയനെ നൽകണമെന്ന മോശയുടെ പ്രാർത്ഥന (സംഖ്യ 27:17) ഇവിടെ ഫലമണിയുകയാണ്. യേശുവാണ് ദൈവം നൽകിയ ഇടയൻ (യോഹ 10:11). തങ്ങളുടെ ജനത്തിന് ഇടയനായി വർത്തിക്കാത്തതിന്റെ പേരിൽ പ്രവാചകന്മാർ ഇസ്രായേലിലെ രാജാക്കന്മാരെ കുറ്റപ്പെടുത്തിയിരുന്നു (1രാജാ 22:17). കൂലിക്കാരായ ഇസ്രായേലിലെ ഇടയന്മാർക്ക് പകരം ദൈവംതന്നെ നേരിട്ട് തന്റെ ആടുകൾക്ക് ഇടയനായി വരുന്ന ഒരു സുവർണ്ണകാലം എസെക്കിയേൽ പ്രവാചകൻ പ്രവചിച്ചിരുന്നു(എസെ 34:5-6). എസെക്കിയേലിന്റെ ആ പ്രവചനം യേശുവിൽ പൂർത്തിയായി.

യേശു തന്റെ ഇടയദൗത്യം നിർവ്വഹിക്കുന്നത് ജനത്തെ പഠിപ്പിച്ചുകൊണ്ടാണ്. ജനം ആഗ്രഹിച്ചത് ഒരു പക്ഷേ രോഗശാന്തിയും മറ്റും ആയിരിക്കണം എങ്കിലും അവരുടെ അടിസ്ഥാന ആവശ്യം പ്രബോധനമാണെന്ന് ഇടയൻ തിരിച്ചറിയുന്നു (നിയ 8:3; മത്താ 4:4).

**6:35-36,** ഈശോയുടെ അടുത്തെത്താനുള്ള വ്യഗ്രതയിൽ, കഴിക്കാനെന്തെങ്കിലും കൂടെയെടുക്കുന്ന കാര്യം ജനം മറന്നു. അവിടുത്തെ പ്രബോധനത്തിൽ ലയിച്ചിരുന്നപ്പോൾ അവർ തങ്ങളുടെ വിശപ്പും ദാഹവുംപോലും അറിഞ്ഞതുമില്ല. ശിഷ്യന്മാരാണ് അവരുടെ ആവശ്യങ്ങൾ യേശുവിനെ അറിയിക്കുന്നത്.

**6:37,** ജനക്കൂട്ടത്തിനു ഭക്ഷണംകൊടുക്കാൻ യേശു ശിഷ്യരോട് നിർദ്ദേശിക്കുന്നത് തങ്ങളുടെ അപര്യാപ്തത ശിഷ്യർ തിരിച്ചറിയുന്നതിനു വേണ്ടിയാണ്. തങ്ങളുടെ അപര്യാപ്തതയുടെ വെളിച്ചത്തിൽ യേശുവിന്റെ കഴിവ് അവിടെ കൂടുതൽ ആഴത്തിൽ പതിയും. ജനത്തിനു ഭക്ഷണം നൽകാൻ 200 ദനാറയ്ക്കുള്ള അപ്പമെങ്കിലും വേണ്ടിവരും. ശിഷ്യരെ സംബന്ധിച്ചിടത്തോളം അവരുടെ കഴിവിന് തുലോം അതീതമായ തുകയാണിത്. എല്ലാവർക്കും അപ്പംകൊടുക്കുക എന്നത് നടപ്പില്ലാത്തകാര്യമാണെന്നാണ് ശിഷ്യർ യേശുവിനെ ധരിപ്പിക്കുന്നത്.

**6:38,** ജനത്തിന്റെ ഭീമമായ ആവശ്യം നിറവേറ്റാൻ ശിഷ്യരുടെ കയ്യിലുള്ള തുച്ഛമായ വിഭവങ്ങൾ യേശു ആവശ്യപ്പെട്ടു. ശിഷ്യരുടെ കയ്യിലുള്ള വിഭവങ്ങൾ എത്ര നിസ്സാരമാണെങ്കിലും അതു തള്ളിക്കളയുകയല്ല, ഉപയോഗിക്കുകയാണ് യേശു ചെയ്യുന്നത്. ജനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള കഴിവ് ശിഷ്യർക്ക് പരിമിതമായിരിക്കാം. എന്നാലും പരിമിതമായ ആ കഴിവുകളുപയോഗിച്ചാണ് യേശു അത്ഭുതം പ്രവർത്തിക്കുന്നത്.

**6:39-40,** മർക്കോസുമാത്രമാണ് അവിടുത്തെ പച്ചപ്പുല്ലിനെ പരാമർശിക്കുന്നത്. നൂറും അമ്പതും കൂട്ടങ്ങളായുള്ള ജനക്കൂട്ടത്തിന്റെ ഇരിപ്പ് ഒരു സദ്യയുടെ സൂചന നൽകുന്നു. മെസിയാനിക വിരുന്നിന്റെ ഒരു മുന്നാസ്വാദനമാണിത്. "പച്ചപിടിച്ച പുൽത്തകിടിയിൽ അവിടുന്നെന്നെ കിടത്തുന്നു" (സങ്കീ 23:2) എന്ന സങ്കീർത്തനവചനം വായനക്കാരൻ ഇവിടെ ഓർമ്മിക്കാതിരിക്കില്ല.

**6:41,** സ്വർഗ്ഗത്തിലേക്ക് യേശു നോക്കുന്നത് തനിക്ക് ലഭിച്ച വിഭവങ്ങൾ അവ എത്ര പരിമിതമാണെങ്കിലും, അവയ്ക്കു ദൈവത്തിനു നന്ദി

പറയുന്നതിനുവേണ്ടിയാണ്. അതോടൊപ്പം അതു ദൈവത്തിൽനിന്ന് ലഭിച്ചവയാണെന്നതിന്റെ പ്രഖ്യാപനവും കൂടിയാണത്. ഭക്ഷണത്തിനുമുമ്പ് ദൈവത്തെ സ്തുതിക്കുക (എവുളോഗേസൻ = സ്തുതിച്ചു) യഹൂദരുടെ പതിവായിരുന്നു. ഈശോ ഭക്ഷണം ആശിർവദിച്ചു എന്ന് എവുളോഗേസൻ എന്ന വാക്കിന് അർത്ഥമില്ല. സ്വർഗ്ഗത്തിലേക്കു നോക്കി, വാഴ്ത്തി, മുറിച്ച് എന്നീ വാക്കുകൾ അന്ത്യത്താഴത്തിൽ സമയത്തെ വി. കുർബ്ബാന സ്ഥാപന വിവരണവുമായി (മർക്കോ 14:22) സമാനത പുലർത്തുന്നു. വി. കുർബ്ബാനയുടെ ഒരു മുന്നാസ്വാദനമായിട്ടാണ് സുവിശേഷകൻ അപ്പം വർദ്ധിപ്പിക്കൽ സംഭവത്തെ മനസ്സിലാക്കിയതെന്നു വ്യക്തം. ജനങ്ങൾക്കു വിളമ്പാനായി ശിഷ്യരെ ഏല്പിച്ചതിൽനിന്നും യേശു ഇന്നും തന്റെ ജനത്തെ ശുശ്രൂഷിക്കുന്നത് ശിഷ്യരിലൂടെയാണെന്നും, ശിഷ്യരിലൂടെ ജനത്തിനു കൈവരുന്ന എല്ലാ നന്മകളുടേയും ഉറവിടം യേശുതന്നെയാണെന്നും വ്യക്തമാക്കുന്നു. വിതരണക്കാരുടെ/വിളമ്പുകാരുടെ ഭാഗം മാത്രമാണ് ശിഷ്യർക്ക് ചെയ്യാനുള്ളത്. ഒരു പക്ഷേ ആദ്യകാല അപ്പം മുറിക്കൽ ശുശ്രൂഷകളിൽ മത്സ്യവും ഉപയോഗിച്ചിരുന്നതിന്റെ സൂചനയാകാം രണ്ടു മത്സ്യങ്ങൾ നൽകുന്നത്. 4 എസ്ര 6:52; 2 ബാറു വെളി 29:4 എന്നീ ഭാഗങ്ങളിൽ മെസിയാനിക വിരുന്നിലെ വിഭവങ്ങളാണ് മത്സ്യങ്ങളും.

**6:42,** മിച്ചംവന്ന കഷണങ്ങൾ, യേശു നല്കിയ ഭക്ഷണത്തിന്റെ സമൃദ്ധിയെ സൂചിപ്പിക്കുന്നു. കഷണങ്ങൾ (ക്ലാസ്മാത്ത എന്ന പദം ഡിഡാക്കെയിൽ) വി. കുർബ്ബാനയുടെ പശ്ചാത്തലത്തിൽ ഉപയോഗിച്ചിട്ടുണ്ട്. അപ്പം വർദ്ധിപ്പിക്കൽ സംഭവവും വി. കുർബ്ബാനയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന മറ്റൊരു ഘടകമാണിത്. 12 അപ്പസ്തോലന്മാരുടെ കയ്യിലുള്ള ഓരോ കുട്ടയെയാകാം 12 കുട്ടകൾ സൂചിപ്പിക്കുന്നത്. യേശുവിന്റെ ശക്തിയുടെ സാക്ഷ്യം ഓരോ അപ്പസ്തോലനും കൈവശമായി കിട്ടിയിരിക്കുന്നു. വന്ധ്യകളും സന്താനസൗഭാഗ്യമില്ലാത്തവരുമായ സ്ത്രീകളെപ്പോലെയുള്ള ആ അപ്പക്കഷണങ്ങൾ അവന്റെ അനുഗ്രഹത്താൽ, വർദ്ധിച്ചു പെരുകുവിൻ എന്ന ആദ്യാനുഗ്രഹത്താലെന്നതുപോലെ (ഉൽപ 1:28) സന്താനപുഷ്ടിയുള്ളവരായാലും അനേകകഷ്ടതകൾ അവരിൽനിന്നു നശിക്കുകയും ചെയ്തു (എഫ്രേം).

**6:30–44, അല്പം വിശ്രമിക്കാം:** വിശ്രമിക്കുക, ജോലി ചെയ്തു ക്ഷീണിക്കുക എന്നതൊക്കെ ഈ ലോകത്തിലെ മനുഷ്യത്വത്തിന്റെ പരിമിതികളുടെ ഭാഗമാണ്. ഈ പരിമിതികൾ അതിന്റെ പാരമ്യത്തിൽ അനുഭവിച്ചവരായിരുന്നു യേശുവും അവന്റെ ശിഷ്യരും. തന്റെ ശിഷ്യരെ വിശ്രമിക്കാനയയ്ക്കുന്നതിലൂടെ വിശ്രമം മനുഷ്യജീവിതത്തിന് ആവശ്യമുള്ള കാര്യം തന്നെയാണെന്ന് യേശു പഠിപ്പിക്കുന്നു. ശരീരത്തിന്റേയും മനസ്സിന്റേയും ആത്മാവിന്റെയും ആരോഗ്യം നോക്കാതെ അദ്ധ്വാനിക്കുന്നത് ദൈവരാജ്യത്തിനുവേണ്ടി അദ്ധ്വാനിക്കാനുള്ള നമ്മുടെ ആഗ്രഹത്തെയും കഴിവിനെയും തുലോം പരിമിതപ്പെടുത്തും. ശുശ്രൂഷയുടെ ആരംഭദശയിൽ തീക്ഷ്ണതകൊണ്ടെരിഞ്ഞ് രാപകലില്ലാതെ അദ്ധ്വാനിച്ച് തീരാരോഗികളായി ശിഷ്ടകാലം കഴിച്ചുകൂട്ടാനല്ല, ആവശ്യമായ വിശ്രമത്തിനും വിനോദത്തിനും സമയം കണ്ടെത്തി കൂടുതൽ കാര്യക്ഷമമായി ജീവിതകാലം മുഴുവൻ ദൈവരാജ്യത്തിനുവേണ്ടി അദ്ധ്വാനനിരതരാകാനാണ് നാം ശ്രമിക്കേണ്ടത്.

ആത്മീയ പ്രവർത്തനങ്ങൾക്കും സാമൂഹിക പ്രവർത്തനങ്ങൾക്കുമായി സ്വന്തം കുടുംബത്തിൽ നിന്നകന്നുകഴിയുന്ന വിശ്വാസികളെയും യേശു ഉത്ബോധിപ്പിക്കുന്നത് സ്വന്തം കുടുംബാംഗങ്ങളുമായും സമൂഹാംഗങ്ങളുമായും ചിലവിടാൻ അവർ കുറെ സമയം കണ്ടെത്തണമെന്നാണ്. കരയ്ക്കെത്തിയപ്പോൾ യേശു വീണ്ടും ജനക്കൂട്ടത്താൽ ചുറ്റപ്പെട്ടെങ്കിലും വഞ്ചിയിൽ ഒരുമിച്ചുനടത്തിയ ആ യാത്രയുടെ സമയമെങ്കിലും യേശുവും ശിഷ്യരും മാത്രമായി ചിലവിട്ട സുന്ദരമുഹൂർത്തങ്ങളായിരുന്നല്ലോ.

**നിങ്ങൾതന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുവിൻ:** യാത്രയ്ക്കുവടിയല്ലാതെ മറ്റൊന്നും – അപ്പമോ, സഞ്ചിയോ, അരപ്പട്ടയിൽ പണമോ – കരുതരുത് എന്ന് ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ ശിഷ്യരോട് നിർദ്ദേശിച്ച യേശു ഇപ്പോൾ അവരോട് ഇത്രയും വലിയ ജനക്കൂട്ടത്തിന് ഭക്ഷണം കൊടുക്കാൻ ആവശ്യപ്പെടുന്നത് അർത്ഥശൂന്യമാണെന്ന് തോന്നിയേക്കാം. കൂടെ ഒന്നും കൊണ്ടുപോകരുത് എന്ന് യേശു ആവശ്യപ്പെട്ടത് ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കണമെന്ന് ശിഷ്യരെ പഠിപ്പിക്കുന്നതിന് വേണ്ടിയായിരുന്നു. അപ്രകാരം ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് എത്രമാത്രം വലിയകാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് ശിഷ്യർക്കു നേരിട്ടു ബോധ്യപ്പെടുത്തികൊടുക്കുകയാണ് അപ്പം വർദ്ധിപ്പിക്കുന്ന സംഭവത്തിലൂടെ. നിങ്ങളുടെ കൈവശം എത്ര അപ്പം ഉണ്ട് എന്ന ചോദ്യത്തിലൂടെ തങ്ങളുടെ നിസ്സാരതയെയും നിസ്സഹായതയെയും കഴിവുകുറവിനെയുംകുറിച്ചുള്ള ബോദ്ധ്യത്തിലേക്ക് ശിഷ്യരെ യേശു ആനയിക്കുന്നു. സ്വന്തം നിസ്സഹായാവസ്ഥയെക്കുറിച്ച് ബോദ്ധ്യമുള്ളവർക്കുമാത്രമേ പൂർണ്ണമായും ദൈവത്തെ ആശ്രയിക്കാനാവുകയുള്ളൂ. അവർ കൊണ്ടുവന്ന അഞ്ചപ്പവും രണ്ടുമീനും സ്വീകരിക്കുന്നതിലൂടെ ശിഷ്യരുടെ കഴിവുകളും വിഭവങ്ങളും എത്ര ശുഷ്കമാണെങ്കിലും ജനക്കൂട്ടത്തെ അത്ഭുതകരമായി തീറ്റിപ്പോറ്റാൻ കർത്താവിന് അത് ആവശ്യമുണ്ടെന്ന് വ്യക്തമാക്കുന്നു. യേശുവിനെ ഭരമേല്പിച്ച ആ വിഭവങ്ങൾ യേശുവിൽനിന്നു വീണ്ടും സ്വീകരിച്ചപ്പോൾ അവർ ആ അത്ഭുതം കണ്ടു – നിങ്ങൾതന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുവിൻ എന്ന യേശുവിന്റെ കല്പന പാലിക്കാൻ അവൻതന്നെ തങ്ങളെ പ്രാപ്തരാക്കുന്ന അത്ഭുതം! കർത്താവിനെ ആശ്രയിക്കുന്ന ശിഷ്യരുടെ കരങ്ങൾ മനുഷ്യരുടെ ആവശ്യങ്ങൾക്കുമുന്നിൽ ഒരിക്കലും ഒഴിഞ്ഞിരിക്കില്ല എന്ന വാഗ്ദാനവും ഉറപ്പുമായിരുന്നു ആ അത്ഭുതം.

## യേശു വെള്ളത്തിനുമീതെ നടക്കുന്നു (6:45–52)

ഉടനെതന്നെ ബത്സെയ്ദായിലേക്കുപോകാൻ യേശു ശിഷ്യന്മാരെ നിർബന്ധിച്ചു. എന്താണ് അതിനുകാരണമെന്ന് മർക്കോസോ, മത്തായിയോ വെളിപ്പെടുത്തുന്നില്ല. എന്നാൽ യോഹ 6:15 ൽ അതിന്റെ കാരണം കാണാം: യേശുവിനെ രാജാവാക്കാനുള്ള ജനത്തിന്റെ ശ്രമം, ജനക്കൂട്ടത്തിന്റെ പ്രസ്തുത പരിശ്രമത്തിൽ ശിഷ്യന്മാരും അവരോടൊപ്പം കൂടുമെന്നുറപ്പായതുകൊണ്ടാകാം യേശു ശിഷ്യരെ ഉടനെതന്നെ പറഞ്ഞയക്കുന്നത്.

**6:46,** യേശു പ്രാർത്ഥിക്കുന്ന മൂന്നവസരങ്ങൾ മർക്കോസ് പ്രത്യേകം പരാമർശിച്ചിട്ടുണ്ട് (1:35; 6:46; 14:32-36). അതിൽ ആദ്യത്തെതു രണ്ടും യേശുവിനു ലഭിച്ച വലിയ ജനപിന്തുണയുടെ പശ്ചാത്തലത്തിലാണ്. കുരിശൊഴിവാക്കി ഇസ്രായേലിന്റെ രക്ഷകനായിത്തീരുന്നതിനുള്ള വലിയ പ്രലോഭനമായിരുന്നു ഈ ജനപിന്തുണ യേശുവിനു നൽകിയത്.

**6:47-48,** യഹൂദർ രാത്രിയെ 3 മണിക്കൂർ വീതമുള്ള നാലുയാമങ്ങളായി തിരിച്ചിരുന്നു: 6-9; 9-12; 12-3; 3-6. നാലാം യാമം എന്നത് വെളുപ്പിന് 3 മണിമുതൽ 6 മണിവരെയുള്ള സമയമാണ് വിവക്ഷിക്കുന്നത്. ഏകദേശം 3 മൈൽ ദൂരം കടക്കാൻ ശിഷ്യന്മാർ 8 മണിക്കൂറോളം തുഴഞ്ഞുകൊണ്ടിരുന്നു. യേശു വെള്ളത്തിനുമീതെ നടക്കുന്നത് വെറുമൊരു അത്ഭുതമല്ല പ്രത്യുത തന്റെ ദൈവത്വം വെളിപ്പെടുത്തുന്ന സംഭവമാണ് (theophany). കാരണം, പഴയനിയമത്തിലെ, ചിന്തയനുസരിച്ച് ദൈവത്തിനുമാത്രമാണ് വെള്ളത്തിനുമുകളിലൂടെ നടക്കാൻ സാധിക്കുക (ജോബ് 9:8; 38:16; സങ്കീ 77:19; ഏശ 43:16). വെള്ളത്തിനുമുകളിലൂടെ നടക്കുന്നതുവഴി ദൈവത്തിനുമാത്രം സാധിക്കുന്ന ഒരു കാര്യം ചെയ്തുകൊണ്ട് യേശുതന്റെ ദൈവത്വം വെളിപ്പെടുത്തുന്നു. കടന്നുപോകാൻ ഭാവിച്ചു എന്ന സുവിശേഷകന്റെ പ്രയോഗവും യേശുവിന്റെ ദൈവത്വം വെളിപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇവിടെ *പാരെൽത്തെയിൻ* (parelthein) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവം പ്രത്യക്ഷപ്പെടുന്ന അവസരവുമായി ബന്ധപ്പെട്ട് ഗ്രീക്കുപഴയനിയമത്തിൽ (LXX) ഉപയോഗിച്ചിരിക്കുന്ന പദമാണിത് (പുറ 33:22; 34,6:1 .... 19:11).

**6:49,** ഇരുട്ടായിരുന്നതിനാൽ ശിഷ്യർക്ക് യേശുവിനെ വ്യക്തമായി കാണാൻ സാധിച്ചില്ല. മാത്രവുമല്ല മനുഷ്യരാരെങ്കിലും വെള്ളത്തിനു മീതെ നടക്കുമെന്ന് അവർ ഒരിക്കലും വിചാരിച്ചിരുന്നില്ല. കടൽ അശുദ്ധാരൂപികളുടെ ആവാസകേന്ദ്രമായി അക്കാലത്ത് കരുതപ്പെട്ടിരുന്നതിനാൽ സ്വാഭാവികമായും കടലിനുമുകളിലൂടെ നടക്കുന്നത് ഒരു ഭൂതമാണെന്ന് അവർ കരുതി.

**6:50,** ദൈവത്തിന്റെ പെട്ടെന്നുള്ള പ്രത്യക്ഷപ്പെടലിൽ മനുഷ്യർക്കുണ്ടാകുന്ന പരിഭ്രമവും ദൈവികവെളിപാടുകഥകളിലെ ഒരു പ്രധാന ഘടകമാണ്. യേശുവിനെക്കണ്ട ശിഷ്യർക്കുണ്ടായ പരിഭ്രമവും ഇതൊരു വെളിപാടുകഥയാണെന്ന സൂചനയാണു തരുന്നത്. ധൈര്യമായിരിക്കൂ: ഭയപ്പെടേണ്ട എന്ന ആശ്വാസവചനം യേശു ശിഷ്യർക്കു നല്കുന്നു (ഏശ 41:10; 41:12-14; 43:1; 44:2). "ഞാനാണ്" (ഏഗോ എയ്മി) എന്ന യേശുവിന്റെ പ്രസ്താവന ഈ സംഭവം ദൈവീകപ്രത്യക്ഷീകരണമാണെന്നതിന്റെ മറ്റൊരുതെളിവാണ്. മോശയ്ക്ക് ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുമ്പോൾ അവിടുന്നു പറയുന്നതും 'ഞാനാണ്' (ഏഗോ എയ്മി) എന്നുതന്നെയാണ് (പുറ 3:14; ഏശ 41:4; 43:10; 51:12; 52:6).

**6:51-52,** യേശു വഞ്ചിയിൽ കയറിയ ഉടനെ മറ്റൊരത്ഭുതം സംഭവിച്ചു: കാറ്റുശമിച്ചു. പെരുവെള്ളത്തിൽനിന്ന് തന്റെ ഭക്തരെ രക്ഷിക്കുന്ന ദൈവികശക്തി യേശുവിനുണ്ടെന്നാണ് ഇതിനർത്ഥം. ശിഷ്യന്മാർ ആശ്ചര്യഭരിതരായി. കാരണം, അപ്പം വർദ്ധിപ്പിച്ചതു കണ്ടിട്ടും യേശു ദൈവമാണെന്ന്

അവർ തിരിച്ചറിഞ്ഞില്ല. യേശുവിന്റെ ദൈവത്വം തിരിച്ചറിയാനുള്ള തുറവി അവരുടെ ഹൃദയത്തിനുണ്ടായിരുന്നില്ല. അവരുടെ ഹൃദയം കഠിനമാക്കപ്പെട്ടിരുന്നുവെന്ന നിശിതമായ വിമർശനമാണ് തുടർന്ന് മർക്കോസ് നടത്തുന്നത് യേശുവിൽ വിശ്വസിക്കാത്ത അവിടുത്തെ എതിരാളികളെ സൂചിപ്പിക്കാനാണ് 'കഠിനഹൃദയം' എന്ന വാക്ക് മർക്കോസ് ഇതിനുമുമ്പ് ഉപയോഗിച്ചിട്ടുള്ളത് (3:5). യേശുവിന്റെ എല്ലാ അത്ഭുതങ്ങളും കണ്ടിട്ടും അവന്റെ ശുശ്രൂഷയിൽ പങ്കാളികളായിരുന്നിട്ടും ശിഷ്യന്മാർ യേശുവിന്റെ എതിരാളികളെക്കാൾ ഒട്ടും ഭേദമല്ല എന്ന നിലയിലേക്കു താഴ്ന്നിരിക്കുന്നു! അവർക്ക് ഇനിയും യേശു ആരെന്നു വ്യക്തമായിട്ടില്ല!

## സീറോ - ഫിനീഷ്യൻ സ്ത്രീയുടെ വിശ്വാസം (7:24-30)

യഹൂദരിൽനിന്നുള്ള എതിർപ്പ് വർദ്ധമാനമായതോടെ യേശു തന്റെ പ്രവർത്തനം വിജാതീയരുടെയിടയിലേക്കു വ്യാപിപ്പിക്കുകയാണ്. ഗലീലിയിൽനിന്നുള്ള ഈ മൂന്നാമത്തെ പിൻമാറ്റം അദ്യമായി യേശുവിനെ പാലസ്തീനയ്ക്കു വെളിയിലെത്തിച്ചു. ഗലീലിക്കുവെളിയിൽ യേശു ചെയ്ത കാര്യങ്ങൾ കൂടുതൽ പ്രതിപാദിച്ചിട്ടുള്ളത് മർക്കോസാണ്. വിജാതീയരുടെയിടയിലുള്ള ശുശ്രൂഷ ദൈവഹിതപ്രകാരമുള്ളതാണെന്ന് മർക്കോസ് ഇതിലൂടെ പഠിപ്പിക്കുന്നു.

7:1-23 ഉം 7:24-30 പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന ഭാഗങ്ങളാണ്. 7:1-23ൽ ബാഹ്യമായ ഇടപെടലുകൾകൊണ്ട് ഒരാൾ അശുദ്ധനാകില്ലെന്ന് പഠിപ്പിച്ച യേശു 7:24-30 ൽ അതു പ്രാവർത്തികമാക്കിക്കാണിച്ചുകൊണ്ട്, തന്റെ പ്രബോധനം അർത്ഥശങ്കയ്ക്കിടയില്ലാതെ ഉറപ്പിക്കുകയാണ്. യഹൂദരുടെ വിശ്വാസമനുസരിച്ചു വിജാതീയദേശത്തേക്കു പ്രവേശിക്കുന്ന ഒരുവൻ അതിനാൽത്തന്നെ അശുദ്ധനായിത്തീരുന്നു. ബോധപൂർവ്വം വിജാതീയരുടെ പ്രദേശത്തേയ്ക്കുപ്രവേശിച്ചുകൊണ്ട് യഹൂദ ചിന്താഗതിയെ യേശു പുറന്തള്ളുകയും വിശുദ്ധവും അവിശുദ്ധവുമായ പ്രദേശങ്ങളെന്ന വേർതിരിവ് ഇല്ലാതാക്കുകയും ചെയ്യുന്നു.

**7:24,** ചില കയ്യെഴുത്തു പ്രതികളിൽ 'ടയിർ, സീദോൻ പ്രദേശത്തേക്കു' പോയി എന്നാണ് കാണുന്നത്. പുതിയനിയമത്തിൽ പലപ്പോഴും ഫിനീഷ്യ അറിയപ്പെടുന്നത് 'ടയിർ-സീദോൻ പ്രദേശം' എന്നാണ്. കാരണം ഫിനീഷ്യയിലെ പ്രധാനപ്പെട്ട രണ്ടു നഗരങ്ങളായിരുന്നു ടയിറും സീദോനും. കഫെർണാമിനു 40 മൈൽ വടക്കുപടിഞ്ഞാറായി മെഡിറ്ററേനിയൻ തീരത്തു സ്ഥിതി ചെയ്തിരുന്ന പട്ടണമാണ് ടയിർ. ശിഷ്യരോടൊപ്പം ആയിരിക്കാനാണ് യേശു അങ്ങോട്ടുപോയതെങ്കിലും പ്രശസ്തി മൂലം അവന് മറഞ്ഞിരിക്കാൻ സാധിച്ചില്ല.

**7:25-26,** സിറിയ, ഫിനീഷ്യ എന്നീ വാക്കുകളുടെ സംയുക്തമാണ് സീറോ - ഫിനീഷ്യൻ എന്നത്. റോമൻ പ്രവിശ്യയായ സിറിയയുടെ ഭാഗമായിരുന്നു ഫിനീഷ്യ. ഫിനീഷ്യർ പുകൾപെറ്റ വ്യാപാരികളും സമുദ്രയാത്രക്കാരുമായിരുന്നതിനാൽ എല്ലാ ഫിനീഷ്യക്കാരും സിറിയയിൽത്തന്നെയായിരുന്നില്ല ജീവിച്ചിരുന്നത്. സീറോ - ഫിനീഷ്യൻ എന്നത് അവളുടെ ദേശീയതയെ സൂചിപ്പിക്കുന്നു. അവൾ ഗ്രീക്കുകാരിയായിരുന്നു

വെന്നത് അവൾ യഹൂദയല്ല, വിജാതീയ സ്ത്രീയാണെന്നാണു വെളിപ്പെടുത്തുന്നത്. ഒരു വിജാതീയ സ്ത്രീക്ക് യഹൂദനായ യേശുവിലുണ്ടായിരുന്ന വിശ്വാസവും അവളുടെ വിനയവുമാണ് യേശുവിന്റെ കാല്ക്കൽ വീണുകൊണ്ടുള്ള അവളുടെ അപേക്ഷ സൂചിപ്പിക്കുന്നത്.

**7:27–28,** യഹൂദഗ്രന്ഥങ്ങളിൽ വിജാതീയരെ നായ്ക്കൾ എന്നു വിശേഷിപ്പിച്ചിട്ടുള്ളതായി കാണാം. അവജ്ഞ കാട്ടാനും അപമാനിക്കാനുമായിട്ടാണ് ഈ പദം പഴയനിയമത്തിൽ ഉപയോഗിച്ചു കാണുന്നത് (1 സാമു 17:43; സുഭാ 26:11; ഏശ 56:10–11). നായ്ക്കൾ അതിനുമുമ്പിൽ കിട്ടുന്ന എല്ലാഭക്ഷണവും കഴിക്കും. ശുദ്ധമാണോ മലിനമാണോ എന്നൊന്നും നായ്ക്കൾ വിവേചിക്കാറില്ല. അതുകൊണ്ടാണ് ശുദ്ധവും അശുദ്ധവുമെന്ന വിവേചനകൂടാതെ സർവ്വതും ഭക്ഷിച്ചിരുന്ന വിജാതീയരെ യഹൂദർ നായ്ക്കൾ എന്നു വിളിച്ചിരുന്നത്. ഭക്ഷണം ആരെയും അശുദ്ധനാക്കുന്നില്ല എന്നു പഠിപ്പിച്ചശേഷം യേശു ഉടനെത്തന്നെ ഒരു വിജാതീയ സ്ത്രീയെ നായ് എന്നു പരോക്ഷമായെങ്കിലും വിശേഷിപ്പിക്കുന്നത് വായനക്കാരിൽ അത്ഭുതമുണർത്തും. ഒരു യാഥാസ്ഥിതിക യഹൂദനെ അതു സന്തോഷിപ്പിക്കുകയും ചെയ്യും.

ഇവിടെ *കുനാരിയോൺ* എന്ന പദം സുചിപ്പിക്കുന്നത് തെരുവുപട്ടികളെയല്ല, വളർത്തുമൃഗമായ പട്ടിക്കുട്ടിയെയാണ്. യേശുവിന്റെ മറുപടിയിലെ ദുഃസ്സൂചന അവളെ പിന്തിരിപ്പിച്ചില്ല. യേശുവിനോട് തർക്കിക്കുകയോ, കോപിക്കുകയോ ചെയ്യുന്നതിനുപകരം യേശുവിന്റെ നിലപാടിനോട് അവൾ യോജിക്കുകയാണു ചെയ്യുന്നത്. യേശുവിന്റെ പ്രഖ്യാപിതനിലപാടനുസരിച്ചുതന്നെ താനും അവന്റെ അനുഗ്രഹത്തിനർഹയാണെന്നാണ് അവളുടെ പക്ഷം. മക്കൾ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ മേശയ്ക്കടിയിൽ വീഴുന്നത് നായ്ക്കുട്ടികളും ഭക്ഷിക്കാറുണ്ടല്ലോ. അതുവഴി മക്കൾക്ക് യാതൊരു കുറവുമുണ്ടാകുന്നുമില്ല. അതുപോലെ യേശു യഹൂദമക്കൾക്ക് തന്റെ പരസ്യജീവിത ശുശ്രൂഷയിലൂടെ അനുഗ്രഹങ്ങൾ വിളമ്പുമ്പോൾ അതോടൊപ്പം ചില അനുഗ്രഹങ്ങൾ വിജാതീയർക്കും നല്കുന്നതിൽ യാതൊരു അപാകതയുമില്ലെന്നാണ് ആ സ്ത്രീ യേശുവിനോടു പറഞ്ഞത്. മക്കൾക്കുള്ള "അപ്പ"ത്തിനു വേണ്ടിയല്ല നായ്ക്കൾക്കുള്ള "അപ്പക്കഷണ"ങ്ങൾക്കു വേണ്ടിയാണ് അവൾ അപേക്ഷിക്കുന്നത്.

**7:29–30,** അവളുടെ മറുപടി എളിമയുടെയും ബുദ്ധികൂർമ്മതയുടെയും അടയാളമായിരുന്നു. ആ മറുപടിയെ ദൈവത്തിന്റെ പദ്ധതിയിലും യേശുവിന്റെ ശക്തിയിലുമുള്ള അവളുടെ വിശ്വാസത്തിന്റെ അടയാളമായി യേശു സ്വീകരിക്കുന്നു (മത്താ 15:28). യേശുവിനെക്കൂടാതെതന്നെ അവൾ തനിയെ വീട്ടിലേയ്ക്കുപോകുന്നതും അവളുടെ വിശ്വാസത്തിന്റെ അടയാളമാണ്. ഈശോ ദൂരെയുള്ള ഒരാളെ ആജ്ഞാവചനം കൂടാതെ തന്നെ സുഖപ്പെടുത്തുന്നതായി മർക്കോസ് രേഖപ്പെടുത്തുന്ന ഏകസംഭവമാണിത്. അവളുടെ മകളെ സുഖപ്പെടുത്തുന്നതുവഴി, യേശു, വിജാതീയരെ ഭ്രഷ്ടു കല്പിച്ച് അകറ്റിനിറുത്തുന്ന യഹൂദനിലപാടുകളെയും ചിന്താരീതിയെയും തള്ളിക്കളയുകയാണ്. വിജാതീയരെ സംബന്ധിച്ചിത്തോളം ഈ സംഭവം വളരെ പ്രോത്സാഹനാജനകമാണ്.

കാരണം, യഹൂദരുടെ വിശ്വാസംപോലെതന്നെ വിജാതീയരുടെ വിശ്വാസവും അനുഗ്രഹദായകമാണെന്നും യേശു യഹൂദരുടെ മാത്രമല്ല വിജാതീയരുടെയും രക്ഷകനാണെന്നും ഈ സംഭവം വെളിപ്പെടുത്തുന്നു.

**അതിരുകൾ ലംഘിക്കുന്നവർ:** ഭക്ഷണത്തിന്റെ ശുദ്ധിയെയും അശുദ്ധിയെയും കുറിച്ചുള്ള നിയമങ്ങൾ അവഗണിച്ച യേശു, സ്ഥലങ്ങളുടെ ശുദ്ധിയെയും അശുദ്ധിയെയുംപറ്റി യഹൂദപാരമ്പര്യം നിർണ്ണയിച്ചിട്ടുള്ള അതിർവരമ്പുകൾ ലംഘിച്ചുകൊണ്ട്, യഹൂദർ അശുദ്ധമെന്നു കരുതിയിരുന്ന വിജാതീയപ്രദേശത്തേക്കു പോകുന്നു. യേശുവിന്റെ സഹായം തേടുന്ന സീറോ – ഫിനീഷ്യൻ സ്ത്രീയും പരമ്പരാഗതമായ അതിർത്തികളെ ചോദ്യം ചെയ്യുന്നവളാണ്. പുരുഷമേധാവിത്വത്തിന്റെ അതിർത്തി അവൾ അതിക്രമിച്ചു കയറുന്നു. പരമ്പരാഗതസമൂഹം സ്ത്രീകൾക്കായി കെട്ടിയിരിക്കുന്ന വിധേയത്വത്തിന്റെ വേലിക്കെട്ടുകൾ അവൾ പൊളിച്ചെറിയുകയും ചെയ്യുന്നു. പുരുഷന്റെ ഉത്തരവുകൾക്കുമുന്നിൽ വിറച്ചു നിൽക്കുന്നവളായല്ല, തന്റെ ഭാഗം മനസ്സിലാക്കാൻ, ധീരവും യുക്തിഭദ്രവുമായ മറുപടിയിലൂടെ പുരുഷനെ പ്രേരിപ്പിക്കുന്നവളായാണ് അവൾ പ്രത്യക്ഷപ്പെടുന്നത്. ദൈവകൃപയ്ക്കു വേലികെട്ടുന്നവർക്കെതിരേയുള്ള ശകാരവും ദൈവമക്കൾക്കിടയിലുള്ള അനാവശ്യവും അപ്രായോഗികവും കാലഘട്ടത്തിനു നിരക്കാത്തതുമായ വേലിക്കെട്ടുകൾ പൊളിച്ചെറിയാനുള്ള ആഹ്വാനവുമാണ് യേശുവിന്റെ അംഗീകാരം പിടിച്ചുപറ്റിയ ഈ സ്ത്രീ നമുക്ക് നല്കുന്നത്.

## പത്രോസിന്റെ വിശ്വാസപ്രഖ്യാപനം (8:27–30)

ഈ സുവിശേഷത്തിന്റെ കേന്ദ്രപ്രമേയമാണ് യേശു ആരാണെന്നത്. അതുകൊണ്ടുതന്നെ ഞാനാരാണെന്നാണ് നിങ്ങൾ പറയുന്നത് എന്ന യേശുവിന്റെ ചോദ്യം മർമ്മപ്രധാനമാണ്. സുവിശേഷത്തിന്റെ ആരംഭത്തിൽ യേശുവിനെ ആധികാരികമായി പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ദൈവപുത്രനായാണ് മർക്കോസ് അവതരിപ്പിച്ചത്. എന്നാൽ അവൻ നിരന്തരം എതിർക്കപ്പെടുകയും തെറ്റിദ്ധരിക്കപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്തു. അവന്റെതന്നെ കുടുംബാംഗങ്ങളാലും (3:21), നാട്ടുകാരാലും (6:1–6) ശിഷ്യന്മാരാലു (8:14–21) മാണ് അവൻ തിരസ്കരിക്കപ്പെട്ടതെന്നത് അതിന്റെ ആഴം വർദ്ധിപ്പിക്കുന്നു. 8:27–10,45 വരെയുള്ള യാത്രാവിവരണത്തിൽ യേശു യഥാർത്ഥത്തിൽ ആരാണെന്നും അവനെ അനുഗമിക്കുക എന്നാൽ എന്താണെന്നുമാണ് മർക്കോസ് വിശദീകരിക്കുന്നത്. യേശുവിന്റെ സഹനവും മരണവുമാണ് അവൻ ആരാണെന്നു തിരിച്ചറിയാനുള്ള വഴി : യേശു സഹനദാസനായ മിശിഹായാണ്, മനുഷ്യപുത്രനാണ്. അവന്റെ ശിഷ്യരാവുക എന്നാൽ അവന്റെ പീഡകളിലും ഭരണത്തിലും ഉയിർപ്പിലും ഭാഗഭാക്കാകുക എന്നാണർത്ഥം. ഈ യാത്രാ വിവരണത്തിന്റെ ആരംഭത്തിലും അവസാനത്തിലും യേശു അന്ധർക്കു കാഴ്ചനൽകുന്ന ഓരോ സംഭവങ്ങൾ കാണാം. ഈ വിവരണം വഴിയായി വായനക്കാരനും യേശു ആരാണെന്ന് കൂടുതൽ വ്യക്തമായി കാണാൻ സാധിക്കുമെന്ന് ഇതു സൂചിപ്പിക്കുന്നു.

ശിഷ്യരുടെ അന്ധത യേശു സുഖപ്പെടുത്തുമെന്ന സൂചനയാണ് അന്ധനു കാഴ്ച നൽകുന്ന സംഭവത്തിൽ (8:22-26) നമുക്കു ലഭിച്ചത്. ശിഷ്യ സമൂഹത്തിന് കാഴ്ച ലഭിക്കാൻ തുടങ്ങിയിരിക്കുന്നുവെന്നതിന്റെ തെളിവാണ് പത്രോസിന്റെ വിശ്വാസപ്രഖ്യാപനം. ഈ രണ്ടു സംഭവങ്ങൾ തമ്മിലുള്ള ബന്ധം അരക്കിട്ടുറപ്പിക്കുന്നതാണ് ഇവയുടെ സമാനമായ ഘടനയും

| | | |
|---|---|---|
| അന്ധനു കാഴ്ച നൽകുന്നു<br>ബേത്സയ്ദ (22)<br>മനുഷ്യർ മരങ്ങളെപ്പോലിരിക്കുന്നു<br>എല്ലാ വസ്തുക്കളും വ്യക്തമായിക്കണ്ടു (25)<br>ഗ്രാമത്തിൽ പ്രവേശിക്കുക പോലും ചെയ്യരുത് (26) | സമാനത<br>സ്ഥലത്തെക്കുറിച്ചുള്ള പരാമർശം<br>വികലമായ കാഴ്ച, ധാരണ<br>ശരിയായ കാഴ്ച<br>പരസ്യപ്പെടുത്തരുതെന്ന നിർദ്ദേശം | വിശ്വാസപ്രഖ്യാപനം<br>കേസറിയ ഫിലിപ്പി (27)<br>സ്നാപക യോഹന്നാൻ<br>ഏലിയാ; പ്രവാചകരിലൊരുവൻ<br>നീ ക്രിസ്തുവാണ് (29)<br>ആരോടും പറയരുത് (30) |

യേശു ആരാണെന്നതിനെക്കുറിച്ചു സുവിശേഷകൻ ഇതുവരെയും നൽകിയ സൂചനകൾ നിർണ്ണായക വഴിത്തിരിവിലെത്തുകയാണ് പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിൽ. യേശു ആരാണെന്ന് അശുദ്ധാത്മാക്കൾ ഇതിനകം പലതവണ ഏറ്റുപറഞ്ഞിട്ടുണ്ട് (3:12). എന്നാൽ യഥാർത്ഥത്തിൽ യേശു ആരാണെന്നതിനെക്കുറിച്ച് ശരിയായ ഒരു പ്രഖ്യാപനം ഒരു മനുഷ്യൻ നടത്തുന്നത് ഇതാദ്യമാണ്.

**8:27-28,** ബേത്സയ്ദായിൽനിന്നും ഏകദേശം 25 മൈൽ വടക്കുമാറി സ്ഥിതിചെയ്യുന്ന പട്ടണമാണ് കേസറിയാഫിലിപ്പി. പാനിയും എന്നായിരുന്നു ഈ സ്ഥലത്തിന്റെ ആദ്യത്തെ പേര്. പാൻദേവന് പ്രതിഷ്ഠിച്ചിരുന്ന ഒരു സ്ഥലം ഇവിടെയുണ്ടായിരുന്നതുകൊണ്ടാണ് പാനിയും എന്ന പേരിൽ ഈ സ്ഥലം അറിയപ്പെട്ടിരുന്നത്. ഹേറോദേസ് ഫിലിപ്പ് ഈ നഗരം മോടിപിടിപ്പിക്കുകയും സീസറിന്റെയും തന്റെയും പേര് ചേർത്ത് അതിനെ കേസറിയാഫിലിപ്പി എന്ന് പുനഃനാമകരണം ചെയ്യുകയും ചെയ്തു. 'ഞാൻ ആരെന്നാണ് ആളുകൾ പറയുന്നതെന്ന, ചോദ്യം' (27) 29-ാം വാകൃത്തിലെ ചോദ്യത്തിനുള്ള ഒരുക്കമാണ്. ഇങ്ങനെയൊരു ചോദ്യം ഇതുവരെയും യേശു ഉന്നയിച്ചിട്ടില്ല. ഒരിക്കലും തന്നെക്കുറിച്ചോ തന്റെ പ്രവർത്തനങ്ങളെക്കുറിച്ചോ ഈശോ പ്രസംഗിക്കുന്നതും മർക്കോസിൽ നാം കാണുന്നില്ല. ദൈവരാജ്യം അതിന്റെ സവിശേഷതകൾ, അതിന്റെ നിയമങ്ങൾ, അതിലെ അംഗങ്ങളുടെ ജീവിതരീതി എന്നിവയൊക്കെയായിരുന്നു യേശുവിന്റെ പ്രമേയങ്ങൾ. യേശു സ്നാപകയോഹന്നാനാണെന്ന് പറഞ്ഞിരുന്നത് ഹേറോദേസ് അന്തിപ്പാസും (6:16) അവന്റെ പക്ഷക്കാരുമായിരുന്നു. യേശുചെയ്ത അത്ഭുതങ്ങളാകാം അവനെ ഏലിയായായി കണക്കാക്കാൻ കാരണം. ഏലിയാപ്രവാചകൻ അത്ഭുതങ്ങൾ ചെയ്തിരുന്നല്ലോ. യേശുവിന്റെ പ്രബോധനശൈലിയും ജീവിതരീതിയും കണ്ട ഒരു വിഭാഗം അവൻ ഒരു പ്രവാചകനാണെന്ന് വിശ്വസിച്ചിരുന്നു. എന്നാൽ ആരുംതന്നെ യേശുവിനെ മിശിഹായായി അംഗീകരിച്ചിരുന്നില്ല എന്നുകൂടിയാണ് ഈ ഉത്തരങ്ങൾ വെളിവാക്കുന്നത്.

**8:29,** ജനക്കൂട്ടത്തിൽനിന്നു വിഭിന്നമായി, തന്റെ ശിഷ്യന്മാർ തന്നെക്കുറിച്ചു എന്തുകരുതുന്നുവെന്ന് യേശു ചോദിക്കുമ്പോൾ ശിഷ്യന്മാരുടെയെല്ലാം വക്താവായിട്ടാണ് പത്രോസ് മറുപടിപറയുന്നത്. മർക്കോസിൽ ഇദം പ്രഥമമായിട്ടാണ് പത്രോസ് ശിഷ്യഗണത്തിന്റെ വക്താവായി സംസാരിക്കുന്നത്. മറ്റു ശിഷ്യന്മാരാരും പത്രോസിന്റെ പ്രസ്താവനയെ നിരാകരിക്കുകയോ, വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നില്ല. പത്രോസിന്റെ അഭിപ്രായത്തോട് അവരും യോജിക്കുന്നു.

മസിയാ (ഹ്) എന്ന ഹീബ്രുവാക്കിന്റെ ഗ്രീക്കു പരിഭാഷയായ ക്രിസ്തോസ് എന്നവാക്കിന്റെ മലയാള പരിഭാഷയാണ് ക്രിസ്തു. അഭിഷിക്തൻ എന്നാണ് ഈ വാക്കിന്റെ അർത്ഥം. അഭിഷേകം ചെയ്യപ്പെട്ട പുരോഹിതർ, രാജാക്കന്മാർ, പ്രവാചകന്മാർ എന്നിവരെ കുറിക്കാൻ ആദ്യകാലത്ത് ഈ പദം ഉപയോഗിച്ചിരുന്നു. പിന്നീട്, ഇസ്രായേലിനെ വിദേശാധിപത്യത്തിൽനിന്നു മോചിപ്പിച്ച്, ലോകവ്യാപകമായി സാമ്രാജ്യം സ്ഥാപിച്ച് ദാവീദിന്റെ സിംഹാസനത്തിലിരിക്കുന്ന ദാവീദ്‌വംശജനായ രാജാവിനെ സൂചിപ്പിക്കാനായി ഈ പദം ഉപയോഗിച്ചു തുടങ്ങി (സങ്കീ 110:1; ദാനി 9:25-26). മർക്കോസിന്റെ സുവിശേഷത്തിൽ വളരെ വിരളമായേ യേശു ഈ പദം ഉപയോഗിക്കുന്നുള്ളൂ (9:41; 12:35; 13:21). തന്നെ ഒരിക്കലും 'ക്രിസ്തു' എന്ന് അവിടുന്നു വിളിക്കുന്നുമില്ല. ഒരുപക്ഷേ ഈ പദത്തിന്റെ രാഷ്ട്രീയാധികാരസൂചനകളും ക്രിസ്തു എന്ന പദവുമായി ബന്ധപ്പെട്ട ജനത്തിന്റെ തെറ്റിദ്ധാരണകളും ഒഴിവാക്കുന്നതിനുമാകാമത്. എന്നാൽ, മറ്റുള്ളവർ യേശുവിനെ ക്രിസ്തുവെന്ന് വിളിക്കുമ്പോൾ യേശു അത് അംഗീകരിക്കുന്നതായി കാണാം (14:6-62). ക്രിസ്തു എന്ന പേര് യേശുവിനു നൽകുമ്പോൾ ഇസ്രായേലിന്റെ ദീർഘമായ ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ട രാജാക്കന്മാരുടെയും പുരോഹിതരുടെയും പ്രവാചകരുടെയും പൂർണ്ണതയാണ് യേശുവെന്ന സത്യം നാം അംഗീകരിക്കുന്നു. നീ ക്രിസ്തുവാണെന്ന പത്രോസിന്റെ പ്രഖ്യാപനം മർക്കോസിന്റെ സുവിശേഷത്തിലെ വലിയ വഴിത്തിരിവാണ്. പത്രോസിന്റെ പ്രഖ്യാപനത്തോടെ, ഇനി യേശുവിന്റെ പീഡാസഹനത്തെയും കുരിശുമരണത്തെയും ഉത്ഥാനത്തെയും കുറിച്ച് മർക്കോസ് വിവരിക്കാൻ ആരംഭിക്കുകയാണ്. അതായത്. യേശു, ക്രിസ്തുവാണെന്ന് പത്രോസുപറഞ്ഞതു ശരിതന്നെ. എന്നാൽ അവൻ എങ്ങനെയുള്ള മിശിഹായാണെന്നും അവനെ അനുഗമിക്കുക എന്നാൽ എന്താണ് അർത്ഥമെന്നും ഇനിയും പത്രോസിനും മറ്റു ശിഷ്യർക്കും മനസ്സിലായിട്ടില്ല. അതുകൊണ്ട് ഇനിയുള്ള 3 ഭാഗങ്ങളിലായി തന്റെ സഹനവും മരണവും തന്റെ മിശിഹാത്വത്തിന്റെ അവിഭാജ്യഭാഗമാണെന്ന് യേശു വെളിപ്പെടുത്തുകയാണ്.

**8:30,** പത്രോസിന്റെ പ്രഖ്യാപനത്തെ യേശു ശ്ലാഘിക്കുമെന്നു നാം പ്രതീക്ഷിക്കും. എന്നാൽ പിശാചുക്കളെ ശാസിക്കുന്ന 'എപ്പിതിമാവോ' എന്ന വാക്കുപയോഗിച്ചു പത്രോസിനെ യേശു നിശബ്ദനാക്കുകയാണ് ചെയ്യുന്നത്. യേശുവിന്റെ മിശിഹാത്വത്തിന്റെ യഥാർത്ഥസ്വഭാവം ഇനിയും ശിഷ്യർക്ക് പൂർണ്ണമായി മനസ്സിലായിട്ടില്ല. അതുകൊണ്ടാണ് താൻ മിശിഹായാണെന്ന കാര്യം ആരോടും പറയരുതെന്ന് യേശു നിഷ്കർഷിക്കുന്നത്. മിശിഹായെക്കുറിച്ചുള്ള നിറം പിടിപ്പിച്ച കഥകൾ ജനമനസ്സുകളിൽ

തെറ്റിദ്ധാരണയുണ്ടാക്കും. ആദ്യം മിശിഹായെ വ്യക്തമായി മനസ്സിലാക്കണം. എന്നിട്ടുവേണം അവിടുത്തെ പ്രഘോഷിക്കാൻ.

## ദൈവപുത്രന്റെ ജറുസലെം യാത്ര (8:31–10:52)

യേശുവിന്റെ മിശിഹാത്വം തിരിച്ചറിഞ്ഞ ശിഷ്യർക്ക്, തന്റെ മിശിഹാത്വത്തിന്റെ സ്വഭാവവും തന്നെ അനുഗമിക്കുക എന്നതിന്റെ അർത്ഥവും യേശു വെളിപ്പെടുത്തിക്കൊടുക്കുന്ന ഭാഗമാണിത്. ശിഷ്യത്വത്തെക്കുറിച്ച് യേശു ശിഷ്യന്മാരെ പഠിപ്പിച്ചൊരുക്കുന്ന ഭാഗം. ഈ ഭാഗത്തിന്റെ ആരംഭത്തിലും അവസാനത്തിലും യേശു അന്ധത സുഖപ്പെടുത്തുന്ന ഓരോ സംഭവങ്ങൾ കാണാം. ശിഷ്യരുടെ അന്ധത പരിഹരിക്കുന്നതിനുള്ള യേശുവിന്റെ പരിശ്രമമാണ് ഈ ഭാഗത്ത് നടക്കുന്നത് എന്നാണിതിനർത്ഥം. പീഡാനുഭവത്തെക്കുറിച്ചുള്ള മൂന്നു പ്രവചനങ്ങളാണ് ഈ ഭാഗത്തിലുള്ളത്. ഓരോ പ്രവചനത്തിനുശേഷവും അതിനോടുള്ള ശിഷ്യന്മാരുടെ പ്രതികരണം രേഖപ്പെടുത്തിയിരിക്കുന്നു. അതേത്തുടർന്ന് ശിഷ്യത്വത്തെക്കുറിച്ച് യേശു നൽകുന്ന പാഠവും.

**8:31–9:29, ഒന്നാം പീഡാനുഭവ പ്രവചനവും ശിഷ്യത്വപാഠവും:** മേൽപ്രസ്താവിച്ചതുപോലെ ആദ്യം പീഡാനുഭവ പ്രവചനവും (8:31) തുടർന്ന് ശിഷ്യന്മാരുടെ പ്രതികരണവും (8:32–33) അതിനെ തുടർന്ന് ശിഷ്യത്വത്തെക്കുറിച്ചു യേശു നല്കുന്ന പ്രബോധനവും (8:34–9, 29) ഈ ഭാഗത്തെ നമുക്ക് കാണാം.

## ഒന്നാം പീഡാനുഭവ പ്രവചനം (8:31–33)

അപ്പോൾ മുതൽ പഠിപ്പിക്കാൻ തുടങ്ങി എന്നത് ഒരു പുതിയ തുടക്കത്തെ സൂചിപ്പിക്കുന്നു (വാ. 31). അതുവരെയും യേശു തന്റെ പീഡാനുഭവത്തെയും കുരിശുമരണത്തെയുംപറ്റി പരോക്ഷമായേ പരാമർശിച്ചിട്ടുള്ളൂ. എന്നാൽ, ഇനി മുതൽ യേശു നൽകുന്ന പ്രബോധനത്തിൽ തന്റെ സഹനത്തെയും മരണത്തെയുംകുറിച്ച് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ വ്യക്തമായി പറയാൻ തുടങ്ങുകയാണ്.

"മനുഷ്യപുത്രൻ" എന്നാണ് ഇവിടെ യേശുതന്നെത്തന്നെ വിശേഷിപ്പിക്കുന്നത്. ദാനി 7:13–14 ആണ് ഇതിനാധാരം. യേശു തന്നെത്തന്നെ വിശേഷിപ്പിക്കാനുപയോഗിച്ച അവിടുത്തേയ്ക്ക് ഏറ്റവും പ്രിയപ്പെട്ട സംജ്ഞയാണ് മനുഷ്യപുത്രൻ. സുവിശേഷത്തിൽ 81 തവണ ഈ നാമം പ്രത്യക്ഷപ്പെടുന്നുണ്ട്. മനുഷ്യപുത്രൻ എന്ന സംജ്ഞ യേശു തനിക്കായി ഇതുവരെ ഉപയോഗിച്ചത് തന്റെ ദൈവികാധികാരത്തെ സൂചിപ്പിക്കാനായിരുന്നു – ദൈവികമായ പാപമോചനാധികാരവും (2:10), ശരിയായ സാബത്താചരണം നിശ്ചയിക്കാനുള്ള അധികാരവും (2:28). എന്നാൽ ഇവിടെ ഈ സംജ്ഞ തന്റെ പീഡാസഹനവുമായി ബന്ധപ്പെടുത്തിയാണ് യേശു ഉപയോഗിക്കുന്നത്. പഴയനിയമത്തിൽ മനുഷ്യപുത്രൻ ഒരേസമയം സഹിക്കുന്നവനും മരിക്കുന്നവനും മഹത്വീകൃതനുമാണ്. അതുകൊണ്ട് യേശു സങ്കൽപത്തിലെ മിശിഹായെ ഏറ്റവും ശക്തമായി

അവതരിപ്പിക്കുന്ന സംജ്ഞയാണ് മനുഷ്യപുത്രൻ. "മനുഷ്യപുത്രൻ" എന്ന പഴയനിയമസങ്കൽപം ജനങ്ങൾക്ക് അത്ര പരിചയമില്ലാത്ത ഒന്നായിരുന്നതിനാൽ യേശു തന്നെത്തന്നെ മനുഷ്യപുത്രനെന്നു വിളിച്ചപ്പോൾ അതിന്റെ അർത്ഥം ശ്രോതാക്കൾക്ക് വ്യക്തമായിക്കാണണമെന്നില്ല.

"ചെയ്യേണ്ടിയിരിക്കുന്നു" എന്ന പദം ഗ്രീക്കിൽ 'ദെയി' എന്നാണ്. ദൈവികമായ ഒരു ആവശ്യമാണിതെന്ന് ഈ വാക്കു സൂചിപ്പിക്കുന്നു. ദൈവികപദ്ധതിയിൽ യേശുവിന്റെ മരണം മനുഷ്യരക്ഷയുടെ കേന്ദ്രബിന്ദുവായതിനാലാണ് യേശു സഹിക്കുകയും മരിക്കുകയും ചെയ്യേണ്ടിയിരുന്നത് (ഏശ 52:13-53, 12). യഹൂദരുടെ ഭരണാധികാരസംഘമായ സാൻഹെദ്രിൻ അംഗങ്ങളാണ് ജനപ്രമാണികൾ, പ്രധാനപുരോഹിതന്മാർ, നിയമജ്ഞർ എന്നിവർ. ജനപ്രമാണികൾ യഹൂദ സമുദായത്തിലെ സമ്പന്നരും കീർത്തികേട്ട കുടുംബങ്ങളുടെ തലവന്മാരുമാണ്. പ്രമുഖരായ പുരോഹിതന്മാരാണ് പ്രധാനപുരോഹിതർ എന്നറിയപ്പെട്ടിരുന്നത്. ദേവാലയത്തിന്റെയും ബലിയർപ്പണത്തിന്റെയും നടത്തിപ്പ് സദുക്കായ വിഭാഗത്തിൽപ്പെട്ട ഇവരുടെ കൈകളിലായിരുന്നു. അന്നാസ്, കയ്യാഫാസ്, ദേവാലയത്തിലെ 24 പുരോഹിതഗണത്തിന്റെ തലവന്മാർ എന്നിവർ പ്രധാനപുരോഹിതന്മാരിൽപ്പെട്ടവരായിരുന്നു.

നിയമജ്ഞർ നിയമത്തിന്റെ വ്യാഖ്യാതാക്കളും യഹൂദസമുദായത്തിലെ ദൈവശാസ്ത്രജ്ഞരുമായിരുന്നു. ഈ മൂന്നുവിഭാഗം ആൾക്കാരും യേശുവിനെതിരേ ഒറ്റക്കെട്ടായിനിന്നു. മൂന്നുദിവസങ്ങൾക്കുശേഷം ഉയിർത്തെഴുന്നേൽക്കുമെന്ന യേശുവിന്റെ പ്രവചനത്തിന്റെ ആധാരം ഹോസി 6:2; യോന 1:17; 2:10 എന്നിവയായിരിക്കാം. മരണത്തെത്തുടർന്നുള്ള ഹ്രസ്വമായ ഇടവേളയ്ക്കുശേഷമുള്ള മഹത്വീകരണത്തെക്കുറിച്ചായിരിക്കണം യേശു ഉദ്ദേശിച്ചത്.

മർക്കോസിലെ 'മെസയാനിക രഹസ്യ'ത്തിന്റെ ഏക വിശദീകരണമാണ് 31-ാം വാക്യത്തിൽ നാം കാണുന്നത്. യേശു തന്റെ മിശിഹാത്വം വെളിപ്പെടുത്താതിരുന്നത് അത് തിരസ്കാരവും സഹനവും മരണവും ഉൾച്ചേർന്നിട്ടുള്ള ഒന്നായിരുന്നതുകൊണ്ടായിരിക്കണം. ശിഷ്യർക്കോ ജനസമൂഹത്തിനോ ഉൾക്കൊള്ളാനാവാത്ത പ്രസ്തുത മിശിഹാസങ്കല്പം ദൈവം ഏല്പിച്ച നിയോഗം പൂർത്തിയാക്കുന്നതുവരെ അവൻ മറച്ചുവച്ചു.

യേശുവിന്റെ മൂന്നു പീഡാനുഭവപ്രവചനങ്ങളിലെ വിശദാംശങ്ങൾ ചരിത്രപരമായ പീഡാനുഭവസംഭവങ്ങളോട് എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്നു കണക്കാക്കുക ദുഷ്കരമാണ്. (അവ സംഭവിച്ചു കഴിഞ്ഞതിനുശേഷമാണല്ലോ, പീഡാനുഭവപ്രവചനങ്ങൾ സുവിശേഷങ്ങളിൽ എഴുതപ്പെട്ടത്) പീഡാനുഭവസംഭവങ്ങൾ സുവിശേഷത്തിലെ പീഡാനുഭവപ്രവചനങ്ങളെ സ്വാധീനിച്ചിട്ടുണ്ടാകാം. എങ്കിലും ജറുസലെമിൽ തന്നെ കാത്തിരിക്കുന്ന മരണത്തെക്കുറിച്ച് മനസ്സിലാക്കാനും പ്രവചിക്കാനും യേശുവിന് അതിമാനുഷികജ്ഞാനം ആവശ്യമില്ലായിരുന്നുവെന്നതും തീർച്ചയാണ്.

**8:32,** ഇതുവരെയും യേശു തന്റെ സഹനങ്ങളെക്കുറിച്ചു തുറന്നു പറഞ്ഞിരുന്നില്ല, മറിച്ച്, വ്യംഗ്യമായി സൂചിപ്പിക്കുകയാണു ചെയ്തിരുന്നത്

(2:20; 4:33–34; 7:14–15; 7:17–23). മിശിഹാ സഹിക്കുകയും മരിക്കുകയും ഉയിർക്കുകയും ചെയ്യണമെന്ന ഈ വെളിപാട് ശിഷ്യർക്ക് അഗ്രാഹ്യവും അസ്വീകാര്യവുമായിരുന്നു. പത്രോസിന് യേശു പറഞ്ഞതു മനസ്സിലായി എങ്കിലും അത് അംഗീകരിക്കാൻ ഒരുക്കമായിരുന്നില്ല. ശക്തനായ രാജാവെന്ന പരമ്പരാഗത മിശിഹാസങ്കല്പത്തെ സഹനദാസനായ മിശിഹാ എന്ന സങ്കല്പവുമായി വെച്ചുമാറാൻ പത്രോസ് തയ്യാറായിരുന്നില്ല. ശിഷ്യൻ ഗുരുവിനെ വിളിച്ചു മാറ്റിനിർത്തുന്നതുതന്നെ അചിന്ത്യമാണ്. പത്രോസിന്റെ ധാർഷ്ട്യത്തെയാവാം ഇതു സൂചിപ്പിക്കുന്നത്. യേശുവിനെ നിയന്ത്രിക്കാനുള്ള പത്രോസിന്റെ ശ്രമം നാമിവിടെ കാണുന്നു. പത്രോസ് യേശുവിനെ ശാസിച്ചുവെന്നാണ് ഗ്രീക്കു മൂലത്തിൽ കാണുന്നത്. യേശു പിശാചുക്കളെ ശാസിക്കുന്നതിനെ സൂചിപ്പിക്കാൻ സുവിശേഷകൻ ഉപയോഗിക്കുന്ന 'എപ്പിതിമാവോ' എന്ന വാക്കുതന്നെയാണ് യേശുവിനെ പത്രോസ് ശാസിച്ചുവെന്നു സൂചിപ്പിക്കുന്നതിനു സുവിശേഷകൻ ഉപയോഗിക്കുന്നത്. യേശുവിന്റെ ബന്ധുക്കൾ യേശുവിനെക്കുറിച്ചു കരുതിയതുപോലെ യേശുവിനു സുബോധം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് ഒരുപക്ഷേ പത്രോസും കരുതിയിട്ടുണ്ടാകും.

**8:33,** പത്രോസിനെ യേശു 'സാത്താനെ' എന്നു വിളിക്കുന്നത് പത്രോസിന്റെ തടസ്സവാദത്തിന്റെ പിന്നിൽ പ്രവർത്തിച്ചത് സാത്താനാണെന്ന തിരിച്ചറിവുമൂലമാണ്. പത്രോസിന്റെ വാക്കുകൾ ദൈവത്തിന്റെ ഹിതത്തിനു വിരുദ്ധമായിരുന്നു. യേശുവിന്റെ പീഡാസഹനത്തെയും മരണത്തെയും ഉയിർപ്പിനെയും എതിർക്കുന്നവർ സാത്താന്റെ ഭാഗത്താണ് (മത്താ 4:10).

**വിചിന്തനം:** യേശു ആരാണെന്ന ചോദ്യം, യേശുവിനെക്കുറിച്ചും ശിഷ്യത്വത്തെക്കുറിച്ചുമുള്ള നമ്മുടെ ചിന്തകളിൽ സഹനമെന്ന രഹസ്യത്തെ ഉൾച്ചേർക്കാൻ നമ്മെ നിർബന്ധിക്കുന്നു. ദൈവികപദ്ധതിയിൽ യേശുവിന്റെ സഹനവും മരണവും മനുഷ്യരക്ഷയ്ക്കായിരുന്നുവെന്നല്ലാതെ, എന്തായിരുന്നു അതിന്റെ ആവശ്യമെന്ന് സുവിശേഷം നമുക്ക് പറഞ്ഞുതരുന്നില്ല. സഹനം ഒരിക്കലും ഉണ്ടാകാതിരിക്കട്ടെയെന്നത് മാനുഷിക ചിന്തമാത്രമാണെന്നും സഹനത്തെക്കുറിച്ചുള്ള ശരിയായ ചിന്തയിൽ അതിന് അർത്ഥമുണ്ടെന്നും (8:33) യേശു സൂചിപ്പിക്കുന്നു. സഹനത്തെ തന്റെ പദ്ധതിയിൽ ഉൾച്ചേർക്കുന്ന ദൈവിക ഭോഷത്തം മനുഷ്യരെക്കാൾ ജ്ഞാനമുള്ളതാണെന്നു പൗലോസും പഠിപ്പിക്കുന്നു (1 കോറി 1:18–25).

യേശു നല്കിയ രോഗശാന്തികളും രോഗശാന്തി നല്കാൻ ശിഷ്യരെ അവൻ അധികാരപ്പെടുത്തിയതുമെല്ലാം അർത്ഥമാക്കുന്നത് മനുഷ്യന്റെ സഹനത്തിൽ ദൈവം സന്തോഷിക്കുന്നില്ല എന്നതാണ്. എന്നാൽ, സഹനവും ആത്മത്യാഗവുമൊന്നും ഒരിക്കലും അഭികാമ്യമല്ല എന്നു ചിന്തിക്കാൻ പാടില്ല. പല വലിയകാര്യങ്ങളും നല്ല കാര്യങ്ങളുമെല്ലാം മനുഷ്യൻ നേടിയെടുത്തിട്ടുള്ളത് സഹനത്തിലൂടെത്തന്നെയാണ്. നമ്മുടെ പല വിജയങ്ങളും കഷ്ടപ്പാടുകൾ സഹിച്ച് നേടിയിട്ടുള്ളവയാണല്ലോ. നാം നന്നായി പ്രാർത്ഥിച്ചാൽ സഹനങ്ങളെല്ലാം ദൈവം മാറ്റിത്തരും എന്നു ചിന്തിക്കുന്നത്, ദൈവത്തിന്റെ മനസ്സുമാറ്റാനുള്ള ക്രിയയാണ് പ്രാർത്ഥന എന്ന സങ്കല്പം മൂലമാണ്. അത്ഭുതങ്ങളുടെ യേശുവിനെ മാത്രമല്ല, ക്രൂശിത

നായ യേശുവിനെയും ഉൾക്കൊള്ളാൻ നമുക്കാവണം. പിതാവിന്റെ ഇഷ്ട ത്തിനു കുരിശുമരണംവരെ കീഴ്വഴങ്ങാൻ യേശുവിനെ ശക്തിപ്പെടുത്തിയ ഗത്സെമനിയിലെ പ്രാർത്ഥനയാകണം ജീവിതസഹനങ്ങളിൽ നമ്മുടെ പ്രാർത്ഥനയുടെ മാതൃക.

**പേടിക്കേണ്ടതായ മുന്നറിയിപ്പ്:** അപമാനകരമായ തന്റെ മരണത്തെ ക്കുറിച്ചുള്ള ചിന്ത യേശുവിനെ മഥിച്ചതുകൊണ്ടാകണം അതേപ്പറ്റി അവി ടുന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നത്. ഒന്നാം പീഡാനുഭവപ്രവ ചനത്തിൽ ആരൊക്കെയാണ് തന്നെ തിരസ്കരിക്കാനും വധിക്കാനുമിരി ക്കുന്നതെന്നു യേശു വ്യക്തമാക്കുന്നു: ജനപ്രമാണികൾ, പ്രധാനപുരോ ഹിതന്മാർ, നിയമജ്ഞർ. സാധാരണക്കാരല്ല, സമൂഹത്തിലെ ഉന്നതശ്രേ ണിയിലുള്ളവരാണ് യേശുവിന്റെ മരണത്തിന് കരുക്കൾ നീക്കിയത്. സമൂ ഹത്തിലെ പരിശുദ്ധരും, പണ്ഡിതരുമായ വ്യക്തികളാണ് മിശിഹായെ തിരസ്കരിക്കാനും മരണത്തിനേല്പിക്കാനും തയ്യാറായതെന്നത് നമ്മെ ഭയപ്പെടുത്തുന്ന യഥാർത്ഥ്യമാണ്. നമ്മുടെ പാണ്ഡിത്യമോ പരിശു ദ്ധിയോ ഒന്നും ദൈവത്തിനും അവന്റെ ചെറിയവർക്കുമെതിരേ പ്രവർത്തി ക്കുന്നതിൽ നിന്ന് എപ്പോഴും നമ്മെ തടഞ്ഞുനിർത്താൻ പര്യാപ്തമല്ലെന്ന മുന്നറിയിപ്പാണ് ഇതു നമുക്കു നല്കുന്നത്.

**മൂന്നു ദിവസങ്ങൾക്കപ്പുറത്തെ ഉയിർപ്പ്:** തന്റെ പീഡാനുഭവത്തെ ക്കുറിച്ച് പ്രവചിച്ച മൂന്നവസരങ്ങളിലും മൂന്നു ദിവസങ്ങൾക്കുശേഷം താൻ ഉയിർത്തെഴുന്നേല്ക്കുമെന്ന് യേശു വെളിപ്പെടുത്തി. മൂന്നുദിവസ മെന്നത് പഴയനിയമത്തിൽ ഒരു ഹ്രസ്വകാലഘട്ടം എന്നേ അർത്ഥമാക്കു ന്നുള്ളൂ. എന്നാൽ യേശുവിന്റെ കാര്യത്തിൽ അത് മൂന്നാം ദിവസംതന്നെ യായിമാറി എന്നതാണു യാഥാർത്ഥ്യം. സഹനത്തിലൂടെ കടന്നു പോകുന്ന നമ്മെ രക്ഷിക്കാൻ ദൈവം കടന്നുവരുന്നദിനമാണ് നമ്മെ സംബന്ധിച്ച ത്തോളം മൂന്നാംദിവസം. കർത്താവു കടന്നുവരുന്ന മൂന്നാം ദിവസത്തെ ക്കുറിച്ചുള്ള ഉറപ്പ് പ്രത്യാശയോടെ ക്രൂശേറ്റെടുക്കാൻ നമ്മെ സഹാ യിക്കും.

## രൂപാന്തരീകരണം (9:2-8)

മുൻ വാക്യത്തിൽ യേശു നടത്തിയ പ്രവചനത്തിന്റെ പൂർത്തീകര ണമാണ് ഈ സംഭവം. ഈശോ അപമാനകരമായ മരണത്തിനു വിധേ യനാകുമെങ്കിലും ആത്യന്തികമായി മഹത്വം പ്രാപിക്കുമെന്ന ഉറപ്പാണ് ഈ സംഭവം ശിഷ്യർക്കു നല്കുന്നത്. യേശു മിശിഹായാണെന്ന് പത്രോസ് പ്രഖ്യാപിച്ചെങ്കിൽ അവൻ തന്റെ പ്രിയപുത്രനാണെന്ന് (8:29; 9:7; 14:61) ദൈവംതന്നെ സാക്ഷ്യപ്പെടുത്തുന്ന ഭാഗമാണിത്.

**9:2-4,** 'ആറു ദിവസം കഴിഞ്ഞു' എന്ന പരാമർശം പുറ 24:15-16 നെ അനുസ്മരിപ്പിക്കുന്നു. മോശ ആറു ദിവസം സീനായ് മലയിൽ കഴിഞ്ഞു. ഏഴാം ദിവസമാണ് ദൈവം പ്രത്യക്ഷപ്പെട്ടത്. അതിസ്വാഭാവിക വെളി പാടിന്റെ അരങ്ങാണ് മലമുകൾ. ഈ സംഭവം താബോർ മലയിൽവച്ചു നടന്നുവെന്നാണ് പരമ്പരാഗതമായി കരുതപ്പെടുന്നത്.

പത്രോസ്, യാക്കോബ്, യോഹന്നാൻ എന്ന മൂവർ സംഘം ജായ്റോസിന്റെ പുത്രിയെ യേശു ഉയിർപ്പിക്കുന്നതു കാണാൻ അവസരം ലഭിച്ചവരാണ് (5:37). ഇപ്പോൾ യേശുവിന്റെ രൂപാന്തരീകരണത്തിനു സാക്ഷ്യം വഹിക്കാനും അവർ പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്നു. യേശുവിന്റെ മഹത്വവും ശക്തിയും കൂടുതൽ വ്യക്തമായി അവർക്ക് വെളിപ്പെടുത്തപ്പെട്ടുവെങ്കിലും മറ്റുള്ളവരെക്കാൾ കൂടുതൽ മെച്ചപ്പെട്ട ഉൾക്കാഴ്ചയൊന്നും അവർ പ്രദർശിപ്പിക്കുന്നില്ല (cf 8:33; 10:35-37; 14:33-41). പുത്രനെ ശ്രവിക്കുക എന്ന ദൈവപിതാവിന്റെ നിർദ്ദേശത്തിനുശേഷവും (9:7) ഈ 3 പേർക്കുണ്ടാകുന്ന പരാജയങ്ങൾ ശ്രദ്ധേയമാണ്.

'മെറ്റമോർഫോത്തെ' എന്ന വാക്കിന് രൂപം മാറി എന്നാണർത്ഥം. ഉത്ഥാനത്തിനുശേഷം യേശു സ്വീകരിക്കാനിരിക്കുന്ന മഹത്വപൂർണ്ണമായ രൂപത്തിന്റെ ഒരു ദൃശ്യമാണ് യേശു ശിഷ്യർക്കു നല്കിയത്. വസ്ത്രത്തിന്റെ വെണ്മയെക്കുറിച്ചുള്ള പരാമർശം ഇത് ഒരു ദൃക്സാക്ഷി വിവരണമാണെന്നു സൂചിപ്പിക്കുന്നു. പത്രോസിന്റെ ദൃക്സാക്ഷി വിവരണമാണല്ലോ മർക്കോസിന്റെ സുവിശേഷത്തിനടിസ്ഥാനം. മനുഷ്യപുത്രൻ മഹത്വത്തോടെ വരാനിരിക്കുന്നതെങ്ങനെയെന്നതിന്റെ നിഴലാട്ടമാണ് അവന്റെ വസ്ത്രത്തിന്റെ വെണ്മ വെളിവാക്കുന്നത്. തിളക്കമുള്ള വസ്ത്രങ്ങൾ സ്വർഗ്ഗീയരുടെ പ്രത്യേകതയാണ് (ദാനി.7:9; 12:3). നിയമത്തിന്റെയും പ്രവാചകരുടെയും അഥവാ പഴയനിയമത്തിന്റെ പ്രതീകങ്ങളാണ് മോശയും ഏലിയായും. ഏലിയാ മിശിഹായുടെ മുന്നോടിയായതിനാലാകാം അദ്ദേഹത്തിന്റെ പേര് ആദ്യം രേഖപ്പെടുത്തിയിരിക്കുന്നത്. യേശുവിന്റെ ജീവിതവും പ്രവർത്തനവും ദൈവഹിതപ്രകാരമുള്ളതും വചനത്തിന്റെ പൂർത്തീകരണവുമാണെന്നതിന്റെ സൂചനയാണ് യേശുവുമൊത്തുള്ള അവരുടെ സാന്നിദ്ധ്യവും സംസാരവും. യേശുവിന്റെ സഹനവും മരണവും ദൈവത്തിന്റെ അപ്രീതിയുടെ അടയാളമാണെന്നു കരുതുന്നവർക്കുള്ള തിരുത്തുമാണിത്.

**9:5-6,** മലമുകളിലെ സ്വർഗ്ഗാനുഭവം ദീർഘിപ്പിക്കാനുള്ള ആഗ്രഹമാണ് പത്രോസിന്റെ വാക്കുകളിൽ തെളിയുന്നത്. **7-8,** പുറപ്പാടുപുസ്തകത്തിന്റെ പശ്ചാത്തലത്തിൽ ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമാണ് മേഘം (പുറ 16:10; 19:9; 24:15-16). മേഘത്തിൽനിന്നുള്ള സ്വരം ദൈവത്തിന്റെസ്വരമാണ്. പത്രോസിന്റെ പ്രഖ്യാപനത്തിലെ കുറവു ദൈവം തിരുത്തുന്നു. മാമ്മോദീസയിൽ തന്റെ പുത്രനെക്കുറിച്ചു നല്കിയ സാക്ഷ്യം ദൈവപിതാവ് ഒരിക്കൽകൂടി ആവർത്തിക്കുന്നു. യഹൂദർ യേശുവിനെ തിരസ്കരിക്കുമെങ്കിലും, വിജാതീയർ യേശുവിനെ കുരിശിൽ തറച്ചുകൊല്ലുമെങ്കിലും യേശു ദൈവത്തിന്റെ പ്രിയപുത്രൻതന്നെയെന്ന സ്ഥിരീകരണമാണ് പിതാവായ ദൈവം നല്കുന്നത്. യേശുവിന്റെ സഹനവും മരണവും ശിഷ്യരിൽ യേശുവിനെക്കുറിച്ചുണ്ടാക്കിയേക്കാവുന്ന സംശയത്തിനുള്ള ദൈവത്തിന്റെ മറുപടിയാണ് മേഘത്തിൽനിന്നു മുഴങ്ങുന്നത്. മോശ എവിടെ സംസ്കരിക്കപ്പെട്ടുവെന്ന് ആർക്കുമറിയില്ല (നിയ 34:5-8); ഏലിയാ അഗ്നിരഥത്തിൽ എടുക്കപ്പെട്ടു (2 രാജാ 2:1-11). ഇവർ രണ്ടുപേരും മരിച്ചിട്ടില്ലെന്നും സ്വർഗ്ഗത്തിൽ ജീവിക്കുന്നുവെന്നുമായിരുന്നു യഹൂദപാരമ്പര്യം. ഏലിയായും മോശയും അപ്രത്യക്ഷരാകുന്നതിലൂടെ പഴ

യനിയമത്തിലെ ഏറ്റവും വലിയ വ്യക്തിത്വങ്ങളായ ഏലിയായെയും മോശ യെയുംകാൾ വലിയവനാണ് യേശു എന്നു വ്യക്തമാക്കുന്നു (നിയമ 18:15; സങ്കീ 2:7; 1 സാമു 42:1). അവരുടെയും അവരുടെ ശുശ്രൂഷയുടെയും കാലം കഴിഞ്ഞുപോയി. യേശു മാത്രമാണ് നിലനില്ക്കുന്നവൻ; അവന്റെ ശുശ്രൂഷ എന്നേയ്ക്കും തുടരും.

## ഏലിയായുടെ ആഗമനം (9:9-13)

മലമുകളിലുണ്ടായിരുന്ന ഏലിയായുടെ സാന്നിദ്ധ്യം, മിശിഹായുടെ മുന്നോടിയെന്ന നിലയിലുള്ള ഏലിയായുടെ പങ്കിനെക്കുറിച്ചുള്ള ഒരു ചർച്ചയ്ക്കു വഴിയൊരുക്കി. യേശുവും ശിഷ്യരും മലയിൽനിന്നിറങ്ങിപ്പോ രുമ്പോഴാണ് ഈ ചർച്ച നടക്കുന്നത്.

**9:9,** മലയിൽവച്ചുണ്ടായ ദൃശ്യം രഹസ്യമായി സൂക്ഷിക്കാൻ യേശു ആവശ്യപ്പെടുന്നത് ഇതുവരെ അവിടുന്ന് നല്കിയ ഇത്തരം നിർദ്ദേശങ്ങ ളുടെ തുടർച്ചയാണ് (1:34-43,44; 3:11-12; 5:43; 7:36; 8:30). ജനം ഈ വിവരം അറിഞ്ഞാൽ അത് യേശുവിൽ അവർക്കുള്ള രാഷ്ട്രീയ മെസയാ നികപ്രതീക്ഷകളെ ആളിക്കത്തിക്കുകയും അത്, ദൈവഹിതത്തിൽനിന്ന് പിന്മാറുന്നതിനുള്ള കടുത്ത സമ്മർദ്ദത്തിനിടയാക്കുകയും ചെയ്യും. ആരോടും പറയരുതെന്ന് ഈശോ ആവശ്യപ്പെടുന്ന അവസാന സന്ദർഭ മാണിത്. രഹസ്യപാലനത്തിന് ഒരു പ്രത്യേക സമയപരിധിവയ്ക്കുന്ന ഏക അവസരവുമാണിത്.

**9:10,** മരിച്ചവരുടെ ഉത്ഥാനത്തെപ്പറ്റി പഴയനിയമം പഠിപ്പിക്കുന്നുണ്ട് (ദാനി 12:2). എന്നാൽ മൂന്ന് ദിവസങ്ങൾക്കുശേഷം താൻ ഉയർത്തെഴു ന്നേല്ക്കുമെന്ന യേശുവിന്റെ പ്രസ്താവം ശിഷ്യർക്ക് മനസ്സിലായില്ല. കാരണം മിശിഹാ മരിക്കുമെന്ന സങ്കല്പം അവർക്ക് അപരിചിതമായി രുന്നു.

**9:11,** മിശിഹായ്ക്കു മുമ്പ് ഏലിയാവരുമെന്നത് യഹൂദമതത്തിന്റെ വിശ്വാസമായിരുന്നു (മലാ 3:1-4; 4:5-6). നിയമജ്ഞരുടെ പ്രബോധനമ നുസരിച്ച് ഏലിയാ അനേകരുടെ ഹൃദയങ്ങളെ ദൈവത്തിലേയ്ക്കു തിരി ക്കും. യേശു വരാനിരിക്കുന്ന മിശിഹായാണെങ്കിൽ ഏലിയാ വന്നു കഴി ഞ്ഞുകാണണമല്ലോ. എന്നാൽ അങ്ങനെയൊരു ഏലിയാ വന്നതായി ശിഷ്യർക്കറിയില്ല. മാത്രമല്ല, ജനഹൃദയങ്ങൾ യേശുവിനെതിരേ തിരി ഞ്ഞിരിക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ യേശു മിശിഹാതന്നെയാ ണെന്നത് എങ്ങനെ വിശ്വസിക്കും ? മാത്രവുമല്ല, മിശിഹായുടെ മരണവും ഉൾക്കൊള്ളാനാവാത്ത കാര്യമാണ്. ഇതൊക്കെയാണ് തങ്ങളുടെ ചോദ്യ ത്തിലൂടെ ശിഷ്യർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ.

**9:12,** മിശിഹായ്ക്കുമുമ്പേ ഏലിയാ വരണമെന്ന നിയമജ്ഞരുടെ പ്രബോധനം യേശു ശരിവയ്ക്കുന്നു. അതോടൊപ്പംതന്നെ മിശിഹായുടെ മാനങ്ങളും സഹനങ്ങളുമെല്ലാം പഴയനിയമത്തിൽത്തന്നെ എഴുതപ്പെട്ടി രിക്കുന്ന കാര്യങ്ങളാണെന്നും (സങ്കീ 22; ഏശ 52:13; 53:12) യേശു ചൂണ്ടി ക്കാണിക്കുന്നു.

**9:13,** യേശുവിന്റെ ഉത്തരം കേട്ടപ്പോൾ, ഏലിയാ ഇനിയും വരാനിരിക്കുന്നതേയുള്ളൂവെന്ന് ഒരുപക്ഷേ ശിഷ്യർ കരുതിയിട്ടുണ്ടാകും. എന്നാൽ ഏലിയാ വന്നുകഴിഞ്ഞുവെന്ന് യേശു പ്രഖ്യാപിക്കുന്നു. പഴയനിയമത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ അവന്റെ ശത്രുക്കൾ അവർക്കിഷ്ടമുള്ളതുപോലെ അവനോടു പ്രവർത്തിച്ചുവെന്നും യേശു വിശദീകരിക്കുന്നു. യേശു ഇവിടെ ഉദ്ദേശിക്കുന്നത് സ്നാപകയോഹന്നാനെക്കുറിച്ചാണെന്ന് മത്താ 17:13 വ്യക്തമാക്കുന്നുണ്ട്. യേശുവിന്റെ മനസ്സിലുള്ള പഴയനിയമ ഭാഗം 1 രാജാ 19:1–3:10 ആയിരിക്കണം. അവിടെ ആഹാബ് രാജാവും, പ്രത്യേകമായി ജസബെൽ രാജ്ഞിയും ഏലിയായെ കൊല്ലുമെന്ന് ശപഥം ചെയ്യുകയും അവനെ കൊല്ലാൻ ആഗ്രഹിക്കുകയും ചെയ്തു. ഏലിയായോട് ആഹാബ് രാജാവും ജസബെൽ രാജ്ഞിയും ചെയ്യാനാഗ്രഹിച്ചതാണ് ഹെറോദേസ് അന്തിപ്പാസും, ഹോറോദിയായും സ്നാപകയോഹന്നാനോട് ചെയ്തത്. സ്നാപകയോഹന്നാന്റെ പഴയനിയമപ്രതിരൂപമാണ് ഏലിയാ. ഈ വിശദീകരണം ഈശോയുടെ മിശിഹാത്വം എങ്ങനെ പഴയനിയമപ്രവചനങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് വ്യക്തമായി മനസ്സിലാക്കാൻ ശിഷ്യരെയും മർക്കോസിന്റെ വായനക്കാരെയും സഹായിക്കുന്നു.

## അപസ്മാരബാധിതനായ കുട്ടിയെ സുഖപ്പെടുത്തുന്നു (9:14–29)

യേശു അശുദ്ധാത്മാക്കളെ പുറത്താക്കുന്നതായി രേഖപ്പെടുത്തുന്ന അവസാനത്തെ സംഭവമാണിത്. മലമുകളിലെ യേശുവിന്റെ മഹത്വവും മലയടിവാരത്തെ ശിഷ്യരുടെ അപമാനവും തമ്മിലുള്ള അന്തരം വായനക്കാരന്റെ ശ്രദ്ധയാകർഷിക്കും.

**9:14–15,** യേശുവിനെക്കണ്ടയുടൻ ജനം എന്തുകൊണ്ടാണ് വിസ്മയഭരിതരായതെന്നു വ്യക്തമല്ല. മലയിൽ നടന്ന സംഭവത്തെക്കുറിച്ച് ആരോടും പറയരുതെന്ന് യേശു നിർദ്ദേശിച്ചിരുന്ന സ്ഥിതിയ്ക്ക് (9:9) യേശുവിന്റെ മുഖത്ത് അവന്റെ മഹത്വത്തിന്റെ തിളക്കമുണ്ടായിരുന്നതാണ് (ദൈവത്തിന്റെ മഹത്വം കണ്ടശേഷം മലയിറങ്ങിവന്ന മോശയുടെ മുഖത്തെ തിളക്കംപോലെ (പുറ 34:29) താഴെയുള്ള ജനത്തിന്റെ വിസ്മയത്തിനു കാരണമെന്നു) കരുതാനും തരമില്ല. ഒരുപക്ഷേ, അവന്റെ ഒൻപതു ശിഷ്യന്മാരുടെയും പരിശ്രമം പരാജയപ്പെട്ടുള്ളയവസരത്തിലുള്ള അവന്റെ പ്രത്യക്ഷപ്പെട്ടലാകാം സന്തോഷകരമായ വിസ്മയത്തിനു കാരണമായത്.

**9:18,** അശുദ്ധാത്മാവിന്റെ പ്രവർത്തനം അവൻ എത്രമാത്രം നശീകരണകാരിയാണെന്നു വ്യക്തമാക്കുന്നു (5:1–5). അശുദ്ധാത്മാവു ബാധിച്ച ഈ കുട്ടി അപസ്മാരബാധിതനെപോലെയാണ് പെരുമാറുന്നത്.

**9:19,** കുട്ടിയുടെ പിതാവും ജനക്കൂട്ടവും ശിഷ്യരും മാത്രമല്ല യേശുവിനെ വിശ്വസിക്കാതിരുന്ന സകലരും ഉൾപ്പെടുന്നതാണു വിശ്വാസമില്ലാത്ത തലമുറ. തന്റെ ശാരീരിക സാന്നിദ്ധ്യം അവരോടുകൂടി ഉണ്ടായിരുന്നിട്ടും അവരുടെ വിശ്വാസം വളർന്നില്ല എന്നതിലുള്ള മോഹഭംഗമാണ് യേശുവിന്റെ ആദ്യചോദ്യത്തിൽ നിഴലിക്കുന്നത്.

**9:20–22,** യേശുവിന്റെ ചോദ്യം വ്യക്തിപരമായ അവിടുത്തെ താല്പര്യത്തിന്റെയും കരുണയുടെയും അടയാളമാണ്. അശുദ്ധാത്മാവിന്റെ പ്രവർത്തനം സുദീർഘവും മാരകവുമായിരുന്നു. "എന്തെങ്കിലും ചെയ്യാൻ നിനക്കുകഴിയുമെങ്കിൽ" എന്ന വാക്കുകൾ ശിഷ്യരുടെ പരാജയം കുട്ടിയുടെ പിതാവിന്റെ വിശ്വാസത്തെയും ക്ഷയിപ്പിച്ചുവെന്നു സൂചിപ്പിക്കുന്നതാണ്.

**9:22–24,** "വിശ്വസിക്കുന്നവന് എല്ലാകാര്യങ്ങളും സാധിക്കും" കുട്ടിയുടെ പിതാവിന്റെ വിശ്വാസം യേശുവിന്റെ അത്ഭുതപ്രവർത്തനത്തിന്റെ നിർണ്ണായകഘടകമാണെന്നതാണ് ഇത് സൂചിപ്പിക്കുന്നത്. "ഞാൻ വിശ്വസിക്കുന്നു, തന്റെ അവിശ്വാസം പരിഹരിച്ച് എന്നെ സഹായിക്കണമേ" എന്ന പ്രാർത്ഥന ശക്തമായ ഒരു വിശ്വാസപ്രകരണം തന്നെയാണ്. ഇതിലൂടെ അയാൾ യേശുവിലുള്ള തന്റെ വിശ്വാസം ഏറ്റുപറയുകയും എന്നാൽ അതോടൊപ്പംതന്നെ തന്റെ വിശ്വാസം ബലഹീനമാണെന്നു സമ്മതിക്കുകയും തന്റെ വിശ്വാസം ശക്തിപ്പെടുത്താൻ യേശുവിനോട് അപേക്ഷിക്കുകയും ചെയ്യുകയാണ്. വിശ്വാസവും അവിശ്വാസവും പേറുന്ന അയാൾ നമ്മെപ്പോലെതന്നെ അവിശ്വാസിയായ വിശ്വാസിയാണ് അഥവാ ബലഹീനമായ വിശ്വാസത്തിന്റെ ഉടമയാണ്. എന്നാൽ, ഈ ബലഹീനമായ വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽതന്നെ, സൗഖ്യം നല്കുന്നതിനു മതിയായ കാരണമായി യേശു സ്വീകരിക്കുന്നുവെന്നു പിന്നീട് വായനക്കാരനു വ്യക്തമാകും.

**9:25–27,** ജനം ഓടിക്കൂടുന്നതുകൊണ്ട് ഈ അത്ഭുതം വലിയ പരസ്യം നേടുന്നത് ഒഴിവാക്കാനായി യേശു പെട്ടെന്ന് ആ കുട്ടിയെ സുഖപ്പെടുത്തുന്നു. ഇനിയൊരിക്കലും അവനിൽ പ്രവേശിക്കരുതെന്ന് കല്പിച്ചുകൊണ്ട് അവിടുന്നു സ്ഥായിയായ സൗഖ്യം നല്കുകയാണ്. മരണത്തെയും (മരിച്ചവനെപ്പോലെയായി; മരിച്ചുപോയി) ഉത്ഥാനത്തെയും (ഉയർത്തി, എഴുന്നേറ്റിരുന്നു) സൂചിപ്പിക്കുന്ന പദങ്ങൾ ഒരുമിച്ചുവരുന്നതുകൊണ്ട് ഈ സംഭവം മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സൂചനയാണെന്നു കരുതുന്നവരുണ്ട്. പിശാചിന്റെമേലുള്ള വിജയം മരണത്തിന്റെമേലുള്ള ജീവന്റെ വിജയംതന്നെയാണല്ലോ.

**9:28–29,** ശിഷ്യന്മാരുടെ ചോദ്യം വളരെ പ്രസക്തമാണ്. കാരണം പിശാചുക്കളെ ബഹിഷ്കരിക്കാൻ യേശു അവർക്കു ശക്തി നല്കിയിരുന്നതാണ്. അവർ ആ ശുശ്രൂഷ വിജയപ്രദമായി നിർവ്വഹിച്ചതുമാണ്. (3:15; 6:7, 13,30). ഒരുപക്ഷേ, പിശാചുക്കളെ ബഹിഷ്കരിക്കാനുള്ള ശക്തി ഇനി തങ്ങൾക്ക് എന്നും ഉണ്ടാകുമെന്നു ശിഷ്യർ കരുതിയിരിക്കണം. വാസ്തവത്തിൽ അതു ദൈവത്തിൽനിന്നു ലഭിച്ചുകൊണ്ടിരുന്ന ശക്തിയാണ്. ആ ശക്തി തുടർന്നും ലഭിക്കാൻ പ്രാർത്ഥനയിൽ ദൈവത്തോടു ചേർന്നിരിക്കുകയും ദൈവത്തിലുള്ള ആശ്രയം അംഗീകരിക്കുകയും ചെയ്യേണ്ടിയിരുന്നു. ഇവിടെയാണ് ശിഷ്യർക്ക് പിഴവുപറ്റിയത്.

ചില കൈയ്യെഴുത്തുപ്രതികളിൽ പ്രാർത്ഥനയോടൊപ്പം "ഉപവാസവും" എന്നുകൂടി കൂട്ടിച്ചേർത്തിരിക്കുന്നു. യഹൂദമതത്തിലും ആദിമ സഭയിലും തീവ്രമായ പ്രാർത്ഥനയുടെ ഭാഗമായിരുന്നു ഉപവാസമെന്നതാകാം ഇതിനു കാരണം.

**വിചിന്തനം:** മനുഷ്യാവതാരത്തിന്റെ നഖചിത്രമാണ് യേശുവിന്റെ രൂപാന്തരീകരണവും അതേത്തുടർന്ന് അശുദ്ധാത്മാവുബാധിച്ച ബാലനെ സുഖപ്പെടുത്തുന്ന സംഭവവും കൂടിച്ചേർന്നുള്ള രംഗം നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നത്. മലമുകളും മലയടിവാരവും തമ്മിലുള്ള അന്തരം ശ്രദ്ധിക്കുക. മലമുകൾ ദൈവസാന്നിദ്ധ്യത്തിന്റെ വേദിയാണ്; മലയടിവാരം തിന്മയുടെ കൂത്തരങ്ങും. മലമുകളിൽ മഹത്വപൂർണ്ണനായ ദൈവപുത്രൻ; മലയടിവാരത്ത് മഹത്വലേശമില്ലാത്ത മനുഷ്യക്കുഞ്ഞ്. മലമുകളിൽ രൂപാന്തരീകരണം; താഴെ വൈരൂപ്യപ്പെടൽ. മലമുകളിൽ ദൈവശബ്ദം; താഴെ പിശാചിന്റെ കൊലവിളി. മുകളിൽ ദൈവത്തിന്റെ വിശ്വസ്തസാക്ഷികൾ; താഴെ വിശ്വാസമില്ലാത്ത തലമുറ. മുകളിൽ ദൈവസാന്നിദ്ധ്യത്തിന്റെ വെൺമുകിൽ, താഴെ നിരാശയുടെയും ദുഃഖത്തിന്റെയും കാർമുകിൽ. ദൈവസാന്നിദ്ധ്യത്തിന്റെ സ്വർഗ്ഗീയാനുഭവം നിറഞ്ഞുനില്ക്കുന്ന മലമുകൾവിട്ട് തിന്മ താണ്ഡവമാടുന്ന ദുരിതപൂർണ്ണമായ മലയടിവാരത്തേയ്ക്ക് വരാൻ ആരാണിഷ്ടപ്പെടുക? മലമുകളിൽ കൂടാരം കെട്ടി അവിടെ തങ്ങാനുള്ള പത്രോസിന്റെ ആഗ്രഹം സ്വാഭാവികം മാത്രം. പക്ഷേ യേശു, ആ മലമുകൾ വെടിഞ്ഞ് താഴെയിറങ്ങി അശുദ്ധാത്മാവു ബാധിച്ച ബാലനെ സുഖപ്പെടുത്തുന്നു. മനുഷ്യാവതാരത്തിൽ സംഭവിച്ചതും ഇതുതന്നെ. സ്വർഗ്ഗീയമഹത്വം വിട്ട് അവിടുന്ന് കണ്ണീരിന്റെ താഴ്വരയായ ഭൂമിയിലേയ്ക്കിറങ്ങിവന്നു. എന്നിട്ട് തിന്മയുടെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന മനുഷ്യകുലത്തെ അവിടുന്നു മോചിപ്പിച്ചു.

*ശൈശവം മുതൽ ആ ബാലനെ അശുദ്ധാത്മാവു കീഴ്പ്പെടുത്തിയിരുന്നു. പിഞ്ചായിരിക്കുമ്പോഴേ പിടിക്കുക എന്ന തത്വം പിശാചും പ്രായോഗികമാക്കിയിരുന്നു. ശിശുവായിരിക്കുമ്പോൾത്തന്നെ സ്വന്തമാക്കിയാൽ ജീവിതകാലം മുഴുവനും തന്റെ അടിമയായി അവനെ സൂക്ഷിക്കാമെന്നു പിശാചുകരുതി. ഇന്നും കുഞ്ഞുങ്ങളെ വശീകരിച്ചു കൂടെ നിറുത്താൻ ശ്രമിക്കുന്ന പാർട്ടികളും പ്രസ്ഥാനങ്ങളും സംഘടനകളും നമുക്കു ചുറ്റുമുണ്ടല്ലോ. കമ്പനികൾ കുട്ടികളെ തങ്ങളുടെ ഉല്പന്നങ്ങളുടെ ആരാധകരും അടിമകളുമാക്കിവയ്ക്കാൻ തത്രപ്പെടുന്നതും നാം കാണുന്നു. കുഞ്ഞുങ്ങളെ അടിമപ്പെടുത്തുന്ന എല്ലാ തിന്മകളുടെ ശക്തികളിൽനിന്നും അവരെ വിമോചിപ്പിക്കാൻ ശക്തമായ ശ്രമം ആവശ്യമാണ്. അവരെ ദുർവികാരങ്ങളുടെ അഗ്നിയിലും ദൈവികകാര്യങ്ങളോടും മൂല്യങ്ങളോടുമുള്ള നിസംഗതയുടെ വെള്ളത്തിലും തള്ളിയിട്ടു നശിപ്പിക്കാൻ ശ്രമിക്കുന്നവർക്കെതിരേ ജാഗ്രത പുലർത്തേണ്ടതുണ്ട്.

*പിശാചുബാധിച്ച കുട്ടിയുടെ ജീവിതത്തിലെ വലിയ ഭാഗ്യം, അവന്റെ രോഗംകൊണ്ട് മടുത്ത് അവനെ കയ്യൊഴിയാൻ തയ്യാറല്ലാത്ത ഒരു പിതാവ് അവനുണ്ടായിരുന്നുവെന്നതാണ്. അവൻ ഒരിക്കലും സുഖമാകാൻ പോകുന്നില്ല എന്ന് അയാൾ ചിന്തിച്ചില്ല. അവനെ യേശുവിന്റെയടുത്തു കൊണ്ടുവരാനും അവനുവേണ്ടി യേശുവിനോടു യാചിക്കാനും അയാൾ തയ്യാറായി. വാസ്തവത്തിൽ, പലവിധ തിന്മകളുടെ ബന്ധനത്തിൽ കഴിയുന്ന തങ്ങളുടെ മക്കൾക്കുവേണ്ടി മാതാപിതാക്കൾക്കു ചെയ്യാൻ സാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യവും ഇതുതന്നെ–അവരെ യേശുവിലേയ്ക്കു കൊണ്ടുവരുകയും അവർക്കായി തീക്ഷ്ണതയോടെ നിരന്തരം അപേക്ഷിക്കുകയും ചെയ്യുക.

*എത്രനാൾ ഞാൻ നിങ്ങളോടുകൂടിയുണ്ടായിരിക്കും, എന്ന യേശുവിന്റെ ചോദ്യം വളരെ പ്രസക്തമാണ്. പിശാചുബാധയാണെങ്കിലും മറ്റു രോഗങ്ങളാണെങ്കിലും മനുഷ്യന്റെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം യേശുവിന്റെ സാന്നിദ്ധ്യം മാത്രമാണ്. യേശുവില്ലാത്തിടത്ത് പ്രശ്നങ്ങൾ നിലനില്ക്കുകതന്നെ ചെയ്യും. എന്നാൽ ശിഷ്യന്മാർ വിചാരിച്ചിരുന്നത് യേശുവില്ലെങ്കിലും തങ്ങൾക്ക് ആ കുട്ടിയെ സുഖപ്പെടുത്താൻ സാധിക്കുമെന്നായിരുന്നു. മുമ്പ് അവർ പിശാചുക്കളെ പുറത്താക്കിയതാണല്ലോ. ആ കഴിവു തങ്ങളിൽ നിത്യമായി ഉണ്ടായിരിക്കും എന്ന് ഒരുപക്ഷേ അവർ വിചാരിച്ചിരുന്നിരിക്കണം. സൗഖ്യശക്തി നല്കുന്ന ദൈവത്തിലല്ല, തങ്ങളിൽത്തന്നെയാണ് അവർ വിശ്വസിച്ചത്. പ്രാർത്ഥിക്കുന്നതിൽ അവർക്കുണ്ടായ വീഴ്ചയും സൂചിപ്പിക്കുന്നത് അതുതന്നെയാണ്. ആരെയും എപ്പോൾ വേണമെങ്കിലും സുഖപ്പെടുത്താൻ പോന്നവരാണു തങ്ങളെന്ന് അവർ കരുതി. ഈ സ്വയം പര്യാപ്തതാബോധമാണ്, ആരെയും എനിക്ക് ആവശ്യമില്ലെന്ന ചിന്തയാണ് നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സഭാജീവിതത്തിലുമൊക്കെ വിനാശം വരുത്തുന്നത്.

## വിവാഹത്തെ സംബന്ധിച്ച പ്രബോധനം (10:1-12)

യേശുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർക്കുള്ള മറ്റൊരു വെല്ലുവിളിയാണ് വിവാഹബന്ധത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനം. ഭാര്യാഭർത്താക്കന്മാർ ഒരു ശരീരമാകയാൽ ഭാര്യാഭർതൃബന്ധം ഇല്ലാതാക്കാനാവില്ലെന്നും വിവാഹമോചനവും പുനർവിവാഹവും അനുവദനീയമല്ലെന്നുമാണ് യേശുവിന്റെ നിലപാട്.

**10:1,** ജോർദ്ദാൻ കടന്ന്, ചാവുകടലിന്റെ തെക്കും കിഴക്കുമായി കിടന്നിരുന്ന പെരെയാ പ്രദേശത്തേയ്ക്കാണ് യേശു പോയത്. ഫരിസേയർ യേശുവിനെ നശിപ്പിക്കാൻ വഴിനോക്കിയിരിക്കുകയാണെന്ന് വായനക്കാർക്കറിയാം. പൂർവ്വികരുടെ പാരമ്പര്യങ്ങളോടുള്ള യേശുവിന്റെ നിലപാടാണ് എപ്പോഴും ഫരിസേയർ തർക്കവിഷയമാക്കിയിരുന്നത് (2:1-3:6; 7:1-23). പൂർവ്വികരുടെ പാരമ്പര്യങ്ങളെ ദൈവവചനത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുകയും വിമർശിക്കുകയും ചെയ്യുക എന്നതായിരുന്നു യേശുവിന്റെ നിലപാട്. ഇവിടെ ഫരിസേയർ ചോദിക്കുന്നത് വിവാഹമോചനം നേടാൻ സാധുവായ കാരണങ്ങളെന്തൊക്കെയാണെന്നല്ല (മത്താ 19:3) പ്രസ്തുത വിവാഹമോചനംതന്നെ നിയമാനുസൃതമാണോയെന്നാണ്. വിവാഹമോചനം നിയമാനുസൃതമാണെന്ന് ഫരിസേയർ എല്ലാവരും വിശ്വസിച്ചിരുന്നു. നിയമ 24:1-4 ആയിരുന്നു ഈ വിശ്വാസത്തിന്റെ ആധാരം. എന്നാൽ ഭാര്യയിൽ അസ്വീകാര്യമായെന്തെങ്കിലും കണ്ടാൽ ഭർത്താവ് അവൾക്ക് ഉപേക്ഷാപത്രം കൊടുത്തു പറഞ്ഞു വിടുന്നതിനെക്കുറിച്ചാണ് നിയമ 24:1-4 പ്രതിപാദിക്കുന്നത്. വിവാഹമോചനം നേടാൻ പര്യാപ്തമായ കാരണങ്ങളെന്തൊക്കെയാണെന്ന് പ്രസ്തുത ഭാഗം വ്യക്തമാക്കുന്നില്ല. അതുകൊണ്ട് വിവാഹമോചനം നേടാൻ നിയമാനുസൃതമായ കാരണങ്ങളെന്തൊക്കെയാണെന്നതിന്റെ കാര്യത്തിൽ ഫരിസേയരുടെയിടയിൽ

ഭിന്നാഭിപ്രായങ്ങളാണുണ്ടായിരുന്നത്. പ്രധാനമായും രണ്ട് നിലപാടുകളാണ് അക്കാലത്ത് നിലവിലുണ്ടായിരുന്നത്. റബ്ബി ഷമ്മായിയുടെ ശിഷ്യന്മാരുടെ അഭിപ്രായത്തിൽ, വ്യഭിചാരക്കുറ്റത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഭാര്യയെ ഉപേക്ഷിക്കാൻ ഭർത്താവിന് അവകാശമുണ്ടായിരുന്നുള്ളൂ. എന്നാൽ റബ്ബി ഹില്ലേലിന്റെ അനുയായികളുടെ അഭിപ്രായത്തിൽ ഭർത്താവിന് അപ്രീതികരമായതെന്തെങ്കിലും ഭാര്യ ചെയ്താൽ അത് വിവാഹമോചനം നേടാൻ സാധുവായ കാരണമായിരുന്നു.

യേശുവിന്റെ കാലത്ത് വിവാഹമോചനത്തിന് സങ്കീർണ്ണമായ നടപടിക്രമങ്ങളൊന്നുമുണ്ടായിരുന്നില്ല. "ഇന്ന് എന്റെ ഭാര്യയെ ഞാൻ വിവാഹമോചനം ചെയ്യുകയും സ്വതന്ത്രയാക്കുകയും ചെയ്യുന്നു" എന്ന് എഴുതിയ കടലാസ് ഭർത്താവ് ഭാര്യയ്ക്കു കൈമാറിയാൽ മാത്രം മതിയായിരുന്നു. വിവാഹമോചനം നിയമാനുസൃതമാണെന്നും നിയമാ 24,1-4 ആണ് അതിന്റെ അടിസ്ഥാനമെന്നും ഫരിസേയർക്കുതന്നെ അറിയാമെന്നിരിക്കേ (10,34) വിവാഹമോചനം നിയമാനുസൃതമാണോ എന്ന് അവർ യേശുവിനോട് ചോദിക്കുന്നത് എന്തിനാണ്? അറിയാനുള്ള ആഗ്രഹത്തിന്റെ പേരിലല്ല, യേശുവിനെ അപകടപ്പെടുത്താനുള്ള ആവേശത്തിന്റെ പേരിലാണ് അവർ ഈ ചോദ്യം ഉന്നയിക്കുന്നത്.

യേശു പെരെയായിൽ എത്തിയപ്പോഴാണ് അവർ ഈ ചോദ്യം ഉന്നയിച്ചത് എന്നത് ശ്രദ്ധേയമാണ്. വിവാഹമോചനം നേടിയ ഹെറോദേസ് അന്തിപ്പാസിന്റെ ഭരണാധികാരത്തിൽപ്പെട്ട പ്രദേശമാണ് പെരെയാ. അന്തിപ്പാസിന്റെ വിവാഹമോചനത്തെ എതിർത്തതിന്റെ പേരിലാണ് (6:18) സ്നാപകയോഹന്നാന് ജീവൻ നഷ്ടപ്പെട്ടത്. രാജാവിന്റെ വിവാഹമോചനത്തെ ഏതെങ്കിലും പ്രവാചകൻ എതിർത്താൽ രാജകൊട്ടാരം വെറുതെയിരിക്കില്ലെന്നമുന്നറിയിപ്പായിരുന്നു യോഹന്നാന്റെ ശിരച്ഛേദനം. യേശു വിവാഹ മോചനത്തിന് എതിരാണെന്ന് ഫരിസേയർ മനസ്സിലാക്കിയിട്ടുണ്ടാകും. അങ്ങനെയെങ്കിൽ വിവാഹമോചനത്തിനെതിരായ തന്റെ നിലപാട് പരസ്യമായി പ്രഖ്യാപിക്കാൻ യേശുവിനെ നിർബന്ധിക്കുന്നതുവഴി യേശുവിനെ അന്തിപ്പാസിന്റെ ശത്രുതക്കു പാത്രമാക്കാൻ ശ്രമിക്കുകയായിരുന്നു ഫരിസേയർ.

**10:3,** ഫരിസേയരുടെയിടയിലുണ്ടായിരുന്ന ദൈവശാസ്ത്ര വാദപ്രതിവാദങ്ങളിൽ ഇടപെടുന്നതിനേക്കാൾ യേശു ദൈവവചനത്തിലേയ്ക്ക് തന്റെ ചോദ്യകർത്താക്കളെ ക്ഷണിക്കുന്നു. ഫരിസേയരുടെയിടയിലെ എല്ലാ വിഭാഗക്കാരും അംഗീകരിക്കുന്ന ആധികാരികമായ ദൈവവചനത്തെ ആധാരമാക്കി സംസാരിക്കാനാണ് യേശു ഇഷ്ടപ്പെട്ടത്.

**10:4-5,** വിവാഹമോചനം നടത്താൻ മോശ നല്കിയ അനുവാദത്തെ ദൈവേഷ്ടമായാണ് ഫരിസേയർ പരിഗണിച്ചത്. വാസ്തവത്തിൽ മനുഷ്യന്റെ പാപാവസ്ഥയും ഹൃദയകാഠിന്യവും സൃഷ്ടിച്ചേക്കാവുന്ന അതീവഗുരുതരമായ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമാണെന്ന നിലയിൽ മോശ നല്കിയ അനുവാദമാണ് വിവാഹമോചനം. ഭാര്യയോട് ഇഷ്ടക്കേടു തോന്നി അവളെ നിരന്തരം ക്രൂരമായി മർദ്ദിക്കുകയും മുറിവേല്പ്പിക്കുകയും ചെയ്യുന്ന ഭർത്താവിന് ഇഷ്ടമില്ലാത്ത ഭാര്യയെ വിവാഹമോചനം

നല്കി പറഞ്ഞയക്കാൻ അനുവാദം നല്കുന്നതിലൂടെ, ജീവിതകാലം മുഴുവൻ അനുഭവിക്കേണ്ടി വരുന്ന നരകയാതനയിൽനിന്നു സ്ത്രീയെ മോചിപ്പിക്കുക എന്നതായിരിക്കാം മോശ ഉദ്ദേശിച്ചത്. **6–8,** എന്നാൽ നിയമത്തിന്റെ പൂർത്തീകരണമായ മിശിഹാ വിവാഹത്തെ സംബന്ധിച്ച ദൈവത്തിന്റെ കാഴ്ചപ്പാട് വിശദീകരിക്കുന്നു. അതിന് മോശയുടെ തന്നെ ആദ്യ ഗ്രന്ഥമായ സൃഷ്ടിയുടെ പുസ്തകത്തിലെ (ലൂക്ക 1:27; 2:24) വിവാഹത്തെക്കുറിച്ചുള്ള വീക്ഷണമാണ് യേശു ഉദ്ധരിക്കുന്നത്. ദൈവത്തിന്റെ പദ്ധതിയിൽ പുരുഷനും സ്ത്രീയും തമ്മിൽ 'ഏകശരീര'മായിത്തീരുന്ന അനന്യമായ ഒരു ബന്ധമാണ് വിവാഹത്തിലൂടെ സൃഷ്ടിക്കപ്പെടുന്നത്. 'ഏകശരീരമാകുക' എന്ന 'ശേമിക' പ്രയോഗത്തിന്റെ അർത്ഥം 'ഒന്നാവുക' എന്നാണ്. ദൈവികപദ്ധതിയനുസരിച്ച് അവർ 'ഒന്നാ'യതിനാൽ അവരെ വേർതിരിക്കുന്ന വിവാഹമോചനം അനുവദനീയമല്ല. ഒരു വ്യക്തിയെ രണ്ടായി വെട്ടിമുറിക്കുന്നതിനു തുല്യമാണു വിവാഹമോചനം. വിവാഹത്തോടെ ശാരീരികമായി ദമ്പതികൾ ഒന്നായിത്തീരുന്നതിനാൽ മരണംവഴിയുള്ള ശാരീരികമായ വേർപാടിലൂടെ മാത്രമേ ഈ ബന്ധത്തിനും മാറ്റം സംഭവിക്കുന്നുള്ളൂ. വിവാഹബന്ധത്തിന്റെ അവിഭാജ്യതയെ ഇപ്രപകാരം പ്രഖ്യാപിച്ചുകൊണ്ട് വിവാഹത്തെക്കുറിച്ച് ഉല്പത്തിപ്പുസ്തകത്തിൽ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ യഥാർത്ഥ പദ്ധതി യേശു പുനഃസ്ഥാപിക്കുന്നു.

വഴിപിഴച്ച ഒരു തലമുറയുടെ ഹൃദയകാഠിന്യത്തിന് ഒത്താശചെയ്തു കൊടുക്കുന്ന പാരമ്പര്യങ്ങളിലൂടെ ഫരിസേയർ ദൈവികപദ്ധതിയെ തകിടം മറിക്കുന്നു എന്നതാണ് യേശുവിന്റെ വിമർശനം. പാപകലുഷിതമായ ലോകത്തിന്റെ ഇന്നത്തെ അവസ്ഥയുടെ വെളിച്ചത്തിലല്ല നന്മതിന്മകളെക്കുറിച്ചുള്ള ദൈവേഷ്ടം നിർണ്ണയിക്കേണ്ടത് എന്നും ഇതിലൂടെ യേശു പഠിപ്പിക്കുന്നു.

ആദത്തിന് എത്ര ഭാര്യമാരെ വേണമെങ്കിലും ദൈവത്തിനു സൃഷ്ടിച്ചു കൊടുക്കാമായിരുന്നു. പക്ഷേ ദൈവം ഒരു സ്ത്രീയെ മാത്രമേ അവനായി രൂപകല്പന ചെയ്തുള്ളൂ (തെർത്തുല്യൻ).

ഭാര്യയും ഭർത്താവും വിവാഹമോചനം നടത്തി പുനർവിവാഹം ചെയ്യുന്നതിലൂടെ നാലു വ്യഭിചാരികൾ സൃഷ്ടിക്കപ്പെടുന്നു (അഗസ്റ്റിൻ).

**10:9,** ദൈവവചനത്തെ (ഉല്പ 1:27; 2:24) ആധാരമാക്കി യേശു നടത്തുന്ന വിധിതീർപ്പാണിത്: ദൈവികപദ്ധതിയനുസരിച്ച് വിവാഹം വേർപെടുത്താനാവാത്ത ബന്ധമാണ്. അതുകൊണ്ട് വിവാഹമോചനം പാടില്ല. "മനുഷ്യൻ" എന്നതുകൊണ്ട്, വിവാഹക്കോടതിയിലെ ന്യായാധിപൻ എന്നല്ല, 'ഭർത്താവ്' എന്നാണുദ്ദേശിക്കുന്നത്. കാരണം, യേശുവിന്റെ കാലത്ത് വിവാഹബന്ധം ഭർത്താക്കന്മാർക്കുതന്നെ വേർപെടുത്താൻ പറ്റുമായിരുന്നു; മൂന്നാമതൊരാളുടെ ഇടപെടൽ അതിന് ആവശ്യമായിരുന്നില്ല.

**10:10–12,** വിവാഹമോചനം അനുവദനീയമല്ലെന്ന യേശുവിന്റെ നിലപാട് ശിഷ്യരിൽ അത്ഭുതം ജനിപ്പിച്ചിട്ടുണ്ടാകണം. അതുകൊണ്ടാവണം അവർ സ്വകാര്യമായി യേശുവിനോട് ഇക്കാര്യം വീണ്ടും ചോദിക്കുന്നത്.

ഭർത്താവിനോ, ഭാര്യയ്ക്കോ വിവാഹബന്ധം വേർപെടുത്താൻ അവകാശമില്ലെന്ന് യേശു ആവർത്തിച്ചു വ്യക്തമാക്കുന്നു. യഹൂദനിയമമനുസരിച്ച് വിവാഹമോചനം നടത്താനുള്ള അവകാശം ഭർത്താക്കന്മാർക്ക് മാത്രമാണുണ്ടായിരുന്നത് (ഹേറോദേസ് ഫിലിപ്പിനെ വിവാഹം ചെയ്ത ഹേറോദിയായുടെ നടപടി ഒരു അപവാദമായിരുന്നിരിക്കണം). എന്നാൽ റോമൻനിയമമനുസരിച്ച് സ്ത്രീകൾക്കും വിവാഹമോചനം നടത്താൻ അവകാശമുണ്ടായിരുന്നു. അതുകൊണ്ടാവണം റോമിലെ വിജാതീയ ക്രിസ്ത്യാനികൾക്ക് എഴുതിയ മർക്കോസ് 12-ാം വാക്യം കൂട്ടിച്ചേർത്തത്. യേശുവിന്റെ പ്രബോധനങ്ങൾ സ്ഥലകാലങ്ങൾക്കനുസൃതമായി വ്യാഖ്യാനിക്കുന്നതിന്റെ ഒരുദാഹരണമാണിത്. പുനർവിവാഹം ചെയ്യുന്നയാൾ വ്യഭിചാരം ചെയ്യുന്നു എന്നു പറയുന്നതിന്റെ കാരണം അയാളുടെ ആദ്യവിവാഹബന്ധം നിലനില്ക്കുന്നതുകൊണ്ടാണ്.

**വിചിന്തനം: കഠിനഹൃദയർ തച്ചുടക്കുന്ന ദൈവികപദ്ധതി:** വിവാഹമോചനം നിയമാനുസൃതമാണോയെന്ന ഫരിസേയരുടെ ചോദ്യം തന്നെ അർത്ഥരഹിതമാണ്. കാരണം, യേശുവിന്റെ മറുചോദ്യത്തിനുള്ള അവരുടെ ഉത്തരം വ്യക്തമാക്കുന്നതുപോലെ, വിവാഹമോചനം അനുവദനീയമാണ് എന്ന് ഫരിസേയരെല്ലാം വിശ്വസിച്ചിരുന്നു. മാത്രമല്ല, അതിനു ഉപോത്ബലകമായ ദൈവവചനഭാഗവും (നിയമാ 24:1-4) അവർക്ക് മനഃപാഠമായിരുന്നു. എന്നാൽ വിവാഹമോചനത്തിനുള്ള സാധുവായ കാരണങ്ങളെക്കുറിച്ചു മാത്രമായിരുന്നു അവർക്ക് സംശയമുണ്ടായിരുന്നത്. അവരുടെ ചിന്താരീതിയിൽനിന്നു വ്യത്യസ്തമായി, വിവാഹമോചനം ആദിമുതലുള്ള ദൈവികപദ്ധതിക്കു വിരുദ്ധമായ കാര്യമാണെന്ന് യേശു പ്രഖ്യാപിക്കുന്നു. മോശ നല്കിയ ഇളവ് മനുഷ്യന്റെ ഹൃദയകാഠിന്യം മൂലമാണെന്നും യേശു വ്യക്തമാക്കി.

വിവാഹത്തിലൂടെ സ്ത്രീയും പുരുഷനും ഒരു ശരീരമായിത്തീരുന്നതിനാൽ വിവാഹമോചനം ഒരു ശരീരത്തെ രണ്ടായി വെട്ടിമുറിക്കുന്നതിനു തുല്യമാണെന്ന് യേശു ചൂണ്ടിക്കാണിക്കുന്നു. യേശുവിന്റെ ഈ നിലപാട് കടുകട്ടിയായിത്തോന്നാം. പക്ഷേ, ശിഷ്യത്വത്തിന് ആവശ്യമായ ജീവിതശൈലിയുടെ ഭാഗമാണത്. ദൈവരാജ്യത്തിനുവേണ്ടി വിവാഹം തന്നെ ഒഴിവാക്കുന്നവരും വിവാഹമോചനം ഒഴിവാക്കുന്നവരും യേശു വിഭാവനം ചെയ്ത പുതിയ സമൂഹത്തിലെ അംഗങ്ങളാണ്.

നമ്മുടെ ഹൃദയകാഠിന്യമല്ല നന്മതിന്മകളുടെ അളവുകോൽ. മനുഷ്യഹൃദയം കഠിനമായതുകൊണ്ട് ചില തിന്മകൾ ചില അളവുവരെ അനുവദിക്കാമെന്ന കാഴ്ചപ്പാട് ശരിയല്ല. ഹൃദയത്തിന്റെ കടുപ്പംനോക്കിയിട്ടല്ല നന്മതിന്മകൾ നിർണ്ണയിക്കേണ്ടത്. യേശുവിന്റെ ശിഷ്യത്വം കഠിനഹൃദയർക്കുള്ളതല്ല, മാംസളമായ ഹൃദയത്തിന്റെ (എസെ 36:26) ഉടമകൾക്കുള്ളതാണ്.

*വിവാഹമോചനം ഒരു കുടുംബത്തിന്റെ ദുരന്തമാണ്. ദമ്പതികളെയും അവരുടെ കുഞ്ഞുങ്ങളെയും അതു കശക്കിയെറിയുന്നു. വിവാഹമോചനത്തിന്റെ വക്കിലെത്തുമ്പോഴേയ്ക്കും ദമ്പതികൾ ഒരുപക്ഷേ പരസ്പരം അടുക്കാനാവാത്തവിധം പരമാവധി അകന്നുകഴിഞ്ഞിട്ടുണ്ടാകും. ഈ

അകൽച്ചയുടെ ആദ്യഘട്ടത്തിൽത്തന്നെ പരസ്പരം സ്നേഹിക്കാനും ബഹുമാനിക്കാനും അംഗീകരിക്കാനും വിട്ടുവീഴ്ചകാണിക്കാനുമൊക്കെ ദമ്പതികളെ സഹായിക്കാൻ കുടുംബപ്രേഷിതരംഗത്തു പ്രവർത്തിക്കുന്നവർക്കാകണം. എല്ലാ രംഗങ്ങളിലും വിദഗ്ദ്ധപരിശീലനം നല്കുന്ന ഈ കാലഘട്ടത്തിൽ വ്യക്തിബന്ധങ്ങൾ വളർത്താനുള്ള പരിശീലനം തുലോം കുറവാണെന്നു നാം സമ്മതിക്കേണ്ടിയിരിക്കുന്നു. ഒരുമിച്ചു ജീവിക്കുക എന്ന അതിപ്രധാനമായ കല ശാസ്ത്രീയമായി പഠിപ്പിക്കാനും പഠിക്കാനുമുള്ള സംവിധാനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണ്.

## അത്തിമരത്തെ ശപിക്കുന്നു (11:12-14)

ഈ സുവിശേഷത്തിലെ പീഡാനുഭവവിവരണത്തിലെ ഏക അത്ഭുതമാണിത്. മർക്കോസ് ഉപയോഗിക്കുന്ന സാൻഡ്‌വിച്ച് (sandwich) രചനാസങ്കേതത്തിന്റെ മറ്റൊരുദാഹരണമാണ് ഈ വിവരണം (മറ്റുദാഹരണങ്ങൾ: 3:20 -25; 5:21-46; 6:7-31). ഈശോ അത്തിവൃക്ഷത്തെ ശപിക്കുന്ന സംഭവം വിവരിക്കുന്ന (11:12-14) മർക്കോസ് പിന്നീട് ദേവാലയശുദ്ധീകരണസംഭവം (15:19) വിവരിച്ചതിനുശേഷമാണ് അത്തിവൃക്ഷം ഉണങ്ങുന്നതും ആ സംഭവം അടിസ്ഥാനമാക്കിയുള്ള യേശുവിന്റെ പ്രബോധനവും (20-25) വിവരിക്കുന്നത്.

**11:12-14** അത്തിമരത്തിന്റെ സ്വഭാവമനുസരിച്ച് അതിൽ ഇലകളുണ്ടെങ്കിൽ കായ്കളുമുണ്ടാകും. അത്തിപ്പഴങ്ങളുടെ കാലമല്ലാതിരുന്നിട്ടും ഒരത്തിമരം ഇലചൂടിനിൽക്കുന്നതുകണ്ടപ്പോൾ സ്വഭാവികമായും അതിൽ ഫലങ്ങളുമുണ്ടാകും എന്നു വിചാരിച്ചു യേശു അടത്തുചെല്ലുന്നു. എന്നാൽ അതിൽ ഫലങ്ങളില്ലായിരുന്നു. ഫലസമൃദ്ധിയുടെ കാപട്യലക്ഷണം കാട്ടിയതാണ് അത്തിമരത്തിന്റെ കുറ്റം. ദൈവം നട്ടുവളർത്തിയ അത്തിമരമാണ് ഇസ്രായേൽ. ദൈവം അതിൽ ഫലമന്വേഷിക്കുന്നു (ജറെ 8:13; ഹോസി 9:10; മിക്ക 7:1; നാഹും 3:12; സക്ക 10:2).

അത്തിമരത്തിലെന്നതുപോലെ ഇസ്രായേലിൽ ആരാധനാനുഷ്ഠാനങ്ങളുടെയും വിവിധതരം ബലികളുടെയും ഇലകൾ ഇടതൂർന്നു നില്പുണ്ടായിരുന്നു. എന്നാൽ നീതിയുടെ ഫലങ്ങൾ മാത്രം അതിൽ കണ്ടില്ല എന്ന വിമർശനമാണ് ഈ സംഭവത്തിലൂടെ യേശു നല്കുന്നത്. എന്തിനെയെങ്കിലും യേശു നശിപ്പിക്കുന്ന ഏക അത്ഭുതമാണിത്. കാപട്യത്തിന്റെ പ്രതീകമായ അത്തിമരത്തെയാണ് യേശു നശിപ്പിക്കുന്നതെന്നത് കാപട്യം എത്രമാത്രം അവിടുന്നു വെറുക്കുന്നുവെന്നതിന്റെ സൂചനയാണ്.

നമ്മുടെ സത്പ്രവർത്തികൾക്കുവേണ്ടിയല്ലാതെ മറ്റെന്തിനുവേണ്ടിയാണ് കർത്താവ് കൂടുതൽ വിശക്കുന്നത്? നമ്മുടെ വിശ്വസ്തമായ പ്രതികരണത്തിനു വേണ്ടിയല്ലാതെ മറ്റെന്തിനുവേണ്ടിയാണു കർത്താവു കൂടുതൽ ദാഹിക്കുന്നത്? (അഗസ്റ്റിൻ).

**വിചിന്തനം: ഫലത്തിനു പകരമാവില്ലല്ലോ ഇലച്ചിൽ:** അത്തിയിൽ ഇലയുണ്ടാവുന്നതു നല്ല കാര്യമാണ്. അതിൽ ഇല കണ്ടിട്ടാണല്ലോ യേശു അടുത്തെത്തിയതുതന്നെ. പക്ഷേ, നല്ല ഇലച്ചിൽ ഉണ്ടായിട്ടു മാത്രം കാര്യ

മില്ല. യേശുവിന്റെ കാലത്തെ യഹൂദമതത്തിന്റെ പ്രശ്നം അത് ഇല നിറഞ്ഞു നില്ക്കുന്ന അത്തിമരം പോലെയായിരുന്നുവെന്നതാണ്. പിഴ വില്ലാത്ത ബലിയർപ്പണം. അച്ചിട്ടമായിച്ചെയ്യുന്ന അനുഷ്ഠാനങ്ങൾ, അടു ത്തടുത്തുള്ള ഉപവാസം, ഉച്ചസ്വരത്തിൽ നടത്തുന്ന ദീർഘമായ പ്രാർത്ഥ നകൾ, നടക്കുന്നവഴിയ്ക്കു നടത്തുന്ന ധർമ്മദാനം, ഗൗരവമായ വചന പഠനം, കടൽകടന്നു നടത്തുന്ന പ്രേഷിതപ്രവർത്തനം, കൃത്യമായ സാബ ത്താചരണം... ഇതെല്ലാം യഹൂദമതത്തിന്റെ തഴച്ചുവളരലിന്റെയും ഫല സമൃദ്ധിയുടെയും അടയാളമായി സാമുദായികാചാര്യന്മാരും പുരോഹി തപ്രമുഖന്മാരും കണക്കുകൂട്ടി. എന്നാൽ യേശുവിന്റെ ദൃഷ്ടിയിൽ ഇവ യത്രയും ഇലകളായിരുന്നു. യേശു ആഗ്രഹിച്ചതും അന്വേഷിച്ചതും ഫല ത്തിനുവേണ്ടിയായിരുന്നു, നീതിയുടെ ഫലം. നീതിയുടെ ഫലം പുറ പ്പെടുവിക്കണമെന്ന് തന്റെ ഉപദേശങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും ശകാരങ്ങളിലൂടെയും ഒടുവിൽ അത്തിമരത്തെ ഉണക്കുന്ന അത്ഭുതത്തി ലൂടെയും അവിടുന്ന് ആഹ്വാനം ചെയ്യുന്നു. ഫലം പുറപ്പെടുവിച്ചില്ലെങ്കിൽ നാം ഉണങ്ങിപ്പോവുകതന്നെ ചെയ്യും (യോഹ 15:6).

ദൈവത്തിന്റെ പ്രിയപ്പെട്ട അത്തിമരമാണു നാമോരോരുത്തരും. ആത്മീയ ഫലങ്ങൾ നാം പുറപ്പെടുവിക്കണം (ഗലാ 5:22-23). യേശു വിനോടു ചേർന്നു നില്ക്കുന്നവർക്കേ, സമൃദ്ധമായ ഫലം പുറപ്പെടുവി ക്കാനാകൂ (യോഹ 15:5-8). ഫലശൂന്യതയുടെ നഗ്നത തീവ്രമായ ആചാ രനുഷ്ഠാനങ്ങളുടെ ഇലച്ചിൽകൊണ്ട് മറയ്ക്കാനാണോ നാം ശ്രമിക്കു ന്നത്? നാം ക്രിസ്ത്യാനികളെപ്പോലെ കാണപ്പെടുന്നു, വിളിക്കപ്പെടുന്നു, സംസാരിക്കുന്നു. എന്നാൽ യഥാർത്ഥക്രിസ്ത്യാനികളായിട്ടാണോ നാം ജീവിക്കുന്നത്?ഒരിക്കൽ ദൈവം ഫലം അന്വേഷിച്ചുവരും. അന്ന് നമ്മുടെ ഇലച്ചിൽ കാട്ടി അവനെ കളിപ്പിക്കാൻ നമുക്കാവില്ല. ഫലത്തിനു പകര മാവില്ല ഇലച്ചിലൊരിക്കലും.

## ദേവാലയ കൃത്യം (11:15-19)

ദേവാലയ ശുദ്ധീകരണമെന്നാണ് ഈ സംഭവം പൊതുവേ അറിയ പ്പെടുന്നതെങ്കിലും ആ പേര് അതിനാൽതന്നെ ദേവാലയത്തിലെ യേശു വിന്റെ പ്രവൃത്തിയുടെ വ്യാഖ്യാനമായതിനാൽ അനുചിതമാണെന്ന് പല പണ്ഡിതരും അഭിപ്രായപ്പെടുന്നു. യേശുവിന്റെ ദേവാലയകൃത്യം അഥവാ ദേവാലയ പ്രവൃത്തി എന്ന മുൻവിധിയില്ലാത്ത പേരാണ് ഈ ഭാഗത്തിനു പലരും നിർദ്ദേശിക്കുന്നത്. നാലുസുവിശേഷങ്ങളിലും പ്രതിപാദിക്കുന്ന തുകൊണ്ടും യഹൂദർക്ക് രോഷവും ശിഷ്യർക്ക് അമ്പരപ്പുമുണ്ടാകുന്ന ഇത്തരമൊരു കഥ ആദിമസഭ എഴുതിയുണ്ടാക്കാൻ സാധ്യതയില്ലാത്ത തിനാലും ഇതു ചരിത്രപരമായി സംഭവിച്ചതുതന്നെയാണെന്നു കരുതുന്ന തിൽ തെറ്റില്ല. എന്നാൽ ഇത്തരമൊരു പ്രവൃത്തി ചെയ്തിട്ടും ദേവാ ലയമേൽനോട്ടക്കാരിൽനിന്നോ വിശ്വാസികളിൽനിന്നോ ഒരെതിർപ്പുമുണ്ടാ യില്ല എന്നതിൽനിന്ന് അതിബൃഹത്തായ ദേവാലയവളപ്പിൽ യേശു ചെയ്ത പ്രവൃത്തി കാര്യമായ ചലനമുണ്ടാക്കിയില്ലെന്നും യേശുവിന്റേത് ദേവാലയാക്രമണമെന്നതിനേക്കാൾ ദേവാലയ നാശത്തെ സൂചിപ്പിക്കുന്ന

പ്രതീകാത്മകമായ പ്രവൃത്തി മാത്രമായിരുന്നെന്നും സൂചിപ്പിക്കുന്നു. പ്രതീകാത്മകമായ പ്രവൃത്തിയിലൂടെ തങ്ങളുടെ സന്ദേശം ജനമധ്യത്തി ലെത്തിക്കുന്ന പഴയ വചനപ്രവാചകരുടെ ശൈലിയിലുള്ള ഒരു പ്രതീ കാത്മക പ്രവൃത്തിയാണ് യേശുവിന്റെ ദേവാലയ കൃത്യം.

യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ പരസ്യജീവിതാരംഭ ത്തിലും സമാന്തരസുവിശേഷങ്ങളിൽ പരസ്യജീവിതാവസാനത്തിലു മാണ് ദേവാലയകൃത്യം വിവരിച്ചിരിക്കുന്നത്. ഈ രണ്ടുതവണ സംഭവി ച്ചുവെന്നു കരുതുന്നതിനേക്കാൾ ഒരേ സംഭവംതന്നെ സുവിശേഷകൻ തങ്ങളുടെ ദൈവശാസ്ത്രപദ്ധതികൾക്കനുസൃതമായി രണ്ടു സ്ഥലങ്ങ ളിൽ അവതരിപ്പിച്ചിരിക്കുന്നുവെന്ന് കരുതുന്നതാണ് ഉചിതം. സമാന്തര സുവിശേഷങ്ങളിലും നാലാം സുവിശേഷത്തിലും 'ദേവാലയകൃത്യം' യേശുവിന്റെ മരണത്തോടു ബന്ധപ്പെടുത്തിയിട്ടുള്ളതിനാൽ (മത്താ 21:23 –27; മർക്കോ 11:18; ലൂക്കാ 19:47; യോഹ 2:17) ഇത് യേശുവിന്റെ പരസ്യ ജീവിതാവസാനത്തിൽ സംഭവിച്ചതാകാനാണ് കൂടുതൽ സാദ്ധ്യത.

**11:15,** കച്ചവടക്കാർ ദേവാലയത്തിൽ കൃത്യമായി എവിടെയാണ് ക്രയ വിക്രയം ചെയ്തിരുന്നതെന്നു വ്യക്തമല്ല; വിജാതീയരുടെ മണ്ഡപത്തി ലായിരുന്നുവെന്നും റോയൽ പോർട്ടിക്കോയിലായിരുന്നുവെന്നും ഭിന്നാ ഭിപ്രായമുണ്ട്. ദേവാലയത്തിന്റെ ഭാഗമായി മർക്കോസു കണക്കാക്കുന്ന സ്ഥലത്താണ് കച്ചവടം നടന്നിരുന്നതെന്നു നാം മനസിലാക്കണം. വീ ഞ്ഞ്, എണ്ണ, ഉപ്പ്, മാവ്, ആടുകൾ, പ്രാവുകൾ, കാളകൾ എന്നിങ്ങനെ ബലിയർപ്പണത്തിന് ആവശ്യമായ വസ്തുക്കളായിരുന്നിരിക്കണം കച്ച വടം ചെയ്തിരുന്നത്. കളങ്കമില്ലാത്ത വസ്തുക്കളായിരുന്നു ബലിയർപ്പി ക്കേണ്ടിയിരുന്നത് (ലേവ്യ 22:17–28) അതുകൊണ്ട് ഭക്തജനങ്ങൾ കൊണ്ടു വന്നിരുന്ന ബലിവസ്തുക്കൾ പുരോഹിതൻമാർ കർക്കശമായ പരിശോ ധനയ്ക്കു വിധേയമാക്കിയിരുന്നു. വീട്ടിൽനിന്നു കൊണ്ടുവരുന്ന പ്രാവു കളും, ആടുകളുംമറ്റും ദേവാലയത്തിൽ പരിശോധിച്ചു കഴിയുമ്പോൾ ബലിയർപ്പണത്തിന് അനുയോജ്യമല്ലെന്നു കണ്ടെത്തിയാൽ കഷ്ടപ്പെട്ട് അവയെ കൊണ്ടുവന്നത് വൃഥാവിലാകും. അതുകൊണ്ട് മുൻകൂട്ടിത്തന്നെ പരിശോധിച്ചു ബലിയർപ്പണത്തിനുയോജ്യമെന്നു കണ്ടെത്തിയ പക്ഷി മൃഗങ്ങളെ ദേവാലയത്തിൽ നിന്നുതന്നെ വാങ്ങാൻ സാധിക്കുന്നത് വിശ്വാ സികൾക്ക് വളരെ ഉപകാരപ്രദമായ സംവിധാനമായിരുന്നു. **നാണയമാ റ്റക്കാർ:** അരഷെക്കൽ ദേവാലയനികുതിയായി നല്കാൻ പ്രായപൂർത്തി യായ എല്ലാ യഹൂദരും കടപ്പെട്ടിരുന്നു (പുറ 30:13–16). ഇസ്രായേൽ ജന ത്തിന്റെ മുഴുവൻ പാപരിഹാരത്തിനായി ജറുസലെം ദേവാലയത്തിൽ ദിവസേന രണ്ടുനേരം അർപ്പിച്ചിരുന്ന തമിദ് ബലിയുടെ ചെലവിലേ യ്ക്കാണ് ദേവാലയനികുതിയായി കിട്ടിയിരുന്ന പണം ഉപയോഗിച്ചിരു ന്നത്. റോമാസാമ്രാജ്യത്തിലെ വിവിധരാജ്യങ്ങളിലെ നാണയങ്ങളിൽ ചക്രവർത്തിമാരുടെയോ, രാജാക്കന്മാരുടെയോ, വിജാതീയ ദേവന്മാരു ടെയോ രൂപങ്ങളുണ്ടായിരുന്നതിനാൽ അവ ദേവാലയഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നത് നിഷിദ്ധമായിരുന്നു (പുറ 20:4). മാത്രമല്ല അവ പലതും ഗുണമേന്മയുള്ള ലോഹങ്ങളാൽ ഉണ്ടാക്കപ്പെട്ടവയുമല്ല, അതുകൊണ്ട് ടയിറിൽ ഉപയോഗിച്ചിരുന്ന നാണയങ്ങളാണ് ദേവാലയ നികുതിയട

യ്ക്കാൻ ഉപയോഗിക്കേണ്ടതെന്ന് റബ്ബിമാർ നിഷ്കർഷിച്ചിരുന്നു. മേൽത്തരം വെള്ളികൊണ്ടുണ്ടാക്കിയതായിരുന്നു ടയിറിലെ നാണയങ്ങൾ. വിവിധതലങ്ങളിലെ യഹൂദർ കൊണ്ടുവന്നിരുന്ന നാണയങ്ങളെടുത്ത് പകരം ടിറിയൻ നാണയങ്ങൾ നല്കുന്നതിനായിരുന്നു നാണയമാറ്റക്കാർ മേശയിട്ടിരുന്നിരുന്നത്.

**11:16,** മർക്കോസിൽ മാത്രം കാണുന്ന വാക്യമാണിത്. വിശ്വാസികൾ കൊണ്ടുവരുന്ന ബലിവസ്തുക്കൾ വലിയപാത്രങ്ങളിലാക്കി പുരോഹിതർ ബലിപീഠത്തിലേയ്ക്കു കൊണ്ടുവന്നിരുന്നു. പാത്രങ്ങൾ എന്ന് തർജ്ജിമ ചെയ്തിരിക്കുന്ന സേനോസ് എന്ന വാക്ക് "എന്തെങ്കിലും" എന്നും തർജ്ജിമ ചെയ്യാവുന്നതാണ്. ആവിധത്തിൽ നോക്കുമ്പോൾ കച്ചവടക്കാരിൽനിന്നും ജനങ്ങൾ വാങ്ങിയ വസ്തുക്കൾപ്പോലും ദേവാലയത്തിലൂടെ ചുമന്നുകൊണ്ടുപോകാൻ യേശു അനുവദിച്ചില്ല എന്ന അർത്ഥം വരുന്നു. 15-16 വാക്യങ്ങളിൽ യേശു ചെയ്യുന്ന പ്രവൃത്തികൾ ഫലത്തിൽ ദേവാലയത്തിലെ ബലിയർപ്പണത്തെത്തന്നെ തടയുന്ന, ഇല്ലാതാക്കുന്ന പ്രവൃത്തിയാണ്. ബലിയർപ്പണം ഇല്ലാതാകുന്നത് ദേവാലയം ഇല്ലാതാകുമ്പോഴാണ്. അതുകൊണ്ട് യേശുവിന്റെ പ്രവൃത്തി ദേവാലയത്തിന്റെ തകർച്ചയെത്തന്നെയാണു സൂചിപ്പിക്കുന്നത്.

**11:17,** പഴയനിയമത്തിലെ രണ്ടുഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് (ഏശ 56:7; ജറ 7:11) തന്റെ പ്രവൃത്തിയുടെ വിശദീകരണം യേശുനല്കുന്നു. ഏശയ്യ 56 അനുസരിച്ച് വിജാതീയർ ജറുസലെം ദേവാലയത്തിൽ ആരാധനക്കെത്തുക മാത്രമല്ല അവിടെ പുരോഹിതശുശ്രൂഷ ചെയ്യുകയും ചെയ്യും. ദേവാലയത്തിന്റെ ഈ യുഗാന്ത്യസ്വഭാവത്തിനു വിരുദ്ധമായി, വിജാതീയർക്ക് പ്രാർത്ഥിക്കാനുള്ളയിടംപോലുമില്ലാതാക്കി (വിജാതീയ മണ്ഡപത്തിൽ മാത്രമാണല്ലോ, വിജാതിയർക്ക് പ്രവേശനമുണ്ടായിരുന്നത്). ദൈവികപദ്ധതിയ്ക്കു വിരുദ്ധമായി അധഃപതിച്ചതാണ് ദേവാലയനാശത്തിന് ഒരു കാരണമെന്ന് ഏശയ്യ 56:7 ഉദ്ധരിച്ചുകൊണ്ട് യേശു വ്യക്തമാക്കുന്നു. തന്റെ പ്രവൃത്തി ദേവാലയത്തിന്റെ നാശത്തെയാണ് സൂചിപ്പിക്കുന്നതെന്ന് ജറെ 7:11 ഉദ്ധരിക്കുന്നതിലൂടെ യേശു വീണ്ടും വ്യക്തമാക്കുന്നു. ദേവാലയനാശത്തെക്കുറിച്ചു പ്രവചിക്കുമ്പോഴാണ് ജറെമിയ പ്രവാചകൻ ദേവാലയം കച്ചവടക്കാരുടെ ഗുഹമായി മാറിയിരിക്കുന്നുവെന്നു കുറ്റപ്പെടുത്തുന്നത്. കള്ളന്മാർ എല്ലാ തിന്മകളും ചെയ്തതിനുശേഷം തങ്ങളുടെ ഗുഹയിൽ സുരക്ഷിതത്വം കണ്ടെത്തുന്നതുപോലെ എല്ലാ അനീതികളും തിന്മകളും ചെയ്തതിനുശേഷം ദേവാലയത്തിലെത്തി കാഴ്ചകളും ബലികളും സമർപ്പിക്കുമ്പോൾ അതുവഴി തങ്ങൾ സുരക്ഷിതരാകുമെന്നു കരുതുന്നവർ കാപട്യക്കാരുടെ ഗുഹയായി ദേവാലയത്തെ അധഃപതിപ്പിക്കുകയാണ്. അതിനുള്ള ശിക്ഷയായി ദേവാലയം തന്നെ തകർക്കപ്പെടുമെന്ന് പ്രതീകാത്മകമായി യേശു പ്രവചിക്കുകയാണ് ദേവാലയശുദ്ധീകരണത്തിലൂടെ.

**11:18-19** യേശുവിന്റെ വാക്കുകളും പ്രവൃത്തികളും ദേവാലയത്തിന്റെ ഭരണനടത്തിപ്പുകാരായ പ്രധാനപുരോഹിതന്മാർക്കും നിയമജ്ഞർക്കും തങ്ങളുടെ അധികാരാവകാശങ്ങളിന്മേലുള്ള കടന്നുകയറ്റവും തങ്ങളുടെ

വരുമാനമാർഗ്ഗങ്ങളുടെ നിർമാർജ്ജനവുമായി അനുഭവപ്പെട്ടിരിക്കണം. അവർ യേശുവിനെ നശിപ്പിക്കാൻ മാർഗ്ഗം അന്വേഷിക്കുന്നു. മർക്കോസിന്റെ സുവിശേഷത്തിൽ, യേശുവിനെ കൊല്ലാനുള്ള ഏറ്റവും പ്രധാന പ്രകോപനമായി നിലകൊള്ളുന്നത് യേശുവിന്റെ ദേവാലയശുദ്ധീകരണമാണ്. എന്നാൽ യേശുവിന്റെ ജനസമ്മിതിമൂലം യേശുവിനെതിരേ നേരിട്ട് എന്തെങ്കിലും ചെയ്യാൻ അവർ ഭയപ്പെട്ടു.

**വിചിന്തനം: കച്ചവടക്കാരുടെ ഗുഹ:** കവർച്ചക്കാർ ഏറ്റവുമധികം സുരക്ഷിതത്വം അനുഭവിക്കുന്ന സ്ഥലമാണ് അവരുടെ ഒളിത്താവളമായ ഗുഹ. എല്ലാ കൊള്ളരുതായ്മകളും ചെയ്തശേഷം അവർ ഓടിയെത്തുന്നത് തങ്ങളുടെ ഗുഹയിലേക്കാണ്. അവിടെയെത്തിക്കഴിഞ്ഞാൽ പിന്നെ തങ്ങൾക്ക് ഒന്നും ഭയപ്പെടാനില്ലെന്ന് അവർ വിചാരിക്കുന്നു. അധാർമ്മികമായ പ്രവൃത്തികൾ ചെയ്തു ജീവിച്ചിട്ട് ദേവാലയത്തിൽവന്ന് കൃത്യമായ അനുഷ്ഠാനക്രമങ്ങളോടെ ബലിയർപ്പണം നടത്തിയാൽ പിന്നെ ഒന്നും പേടിക്കാനില്ല എന്നു കരുതുന്നവർ ദേവാലയത്തെ കവർച്ചക്കാരുടെ ഗുഹപോലെ, തെറ്റുചെയ്തിട്ട് രക്ഷപെടാനുള്ള താവളംപോലെ ആധഃപതിപ്പിക്കുകയാണു ചെയ്യുന്നതെന്നാണ് യേശു കുറ്റപ്പെടുത്തുന്നത്. ദേവാലയകർമ്മങ്ങളിലൂടെ ദൈവകോപം ഒഴിവാക്കാമെന്ന മിഥ്യാബോധം യേശു ഇവിടെ തട്ടിമറിക്കുന്നു. എത്ര വലിയ ബലിയർപ്പണവും ഒരു തരി ജീവിതനവീകരണത്തിനു പകരമാവില്ലെന്ന് യേശു ശക്തമായി പഠിപ്പിക്കുകയാണിവിടെ.

**ആത്മീയതയുടെ വിപണി:** ജറുസലെം ദേവാലയത്തിലെ കച്ചവടത്തിനുനേരേ യേശു ഉയർത്തിയ ചാട്ടവാർ ആത്മീയതയെ വില്പനച്ചരക്കാക്കുന്നവർക്കെതിരേ ഇന്നും ഉയർന്നുനില്ക്കുന്നില്ലേ എന്നു നാം ചിന്തിക്കണം. തിരുനാളുകൾ, കൺവെൻഷനുകൾ, ധ്യാനങ്ങൾ, നൊവേനകൾ എന്നിവയ്ക്ക് വിപുലമായ പരസ്യം നല്കി ജനങ്ങളെ ആകർഷിക്കുകയും ഇവയുടെ വിജയം നേർച്ചയെണ്ണി നിശ്ചയിക്കുകയും ചെയ്യുന്ന ജീർണ്ണതയ്ക്ക് നാം അന്ത്യം കുറിക്കണമെന്ന് യേശു ആഗ്രഹിക്കുന്നില്ലേ?

പൗരോഹിത്യാധിപത്യത്തിൻ കീഴിൽ നടന്ന അപചയങ്ങളെ വെള്ള പൂശാൻ നിൽക്കാതെ, അതിനെ ശക്തവും വ്യക്തവുമായ ഭാഷയിൽ എതിർത്ത പ്രവാചകശബ്ദമായിരുന്നു യേശു. യേശുവിന്റെ സന്ദേശം ഉൾകൊണ്ട് തങ്ങളുടെ തെറ്റുതിരുത്താനല്ല, തെറ്റുചൂണ്ടിക്കാണിച്ചവനെ ഇല്ലായ്മചെയ്യാനാണ് ജറുസലെമിലെ പുരോഹിതവൃന്ദം ശ്രമിച്ചത്. അവനെ നശിപ്പിച്ചതുവഴി അവർ തങ്ങളുടെ ദേവാലയത്തിന്റെയും നഗരത്തിന്റെയും നാശത്തിനു തന്നെ വഴിതെളിക്കുകയും ചെയ്തു. സംവിധാനങ്ങളിലെ തെറ്റുകളും തിന്മകളും തിരുത്തുകയും ഒഴിവാക്കുകയുമൊക്കെ ചെയ്യുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമായതിനാൽ വിമർശകരെ നശിപ്പിക്കുക എന്ന എളുപ്പമുള്ള കാര്യം ചെയ്യുക എന്നത് അധികാരികൾക്കുണ്ടാകുന്ന നിരന്തരമായ പ്രലോഭനമാണ്.

*വിനയാന്വിതനായി, സമാധാനരാജാവായി ജറുസലെമിലേയ്ക്കു പ്രവേശിച്ച യേശു തന്റെ കൊട്ടാരമായ ജറുസലെം ദേവാലയത്തിലെത്തിയപ്പോൾ എന്താണു ചെയ്തതെന്നു ശ്രദ്ധിക്കേണ്ടതാണ്. അവിടുന്ന്

ഉടനെതന്നെ യുദ്ധവീരനായ രാജാവായി മാറുന്നു. തന്റെ കൊട്ടാരത്തിൽ അനുചിതമായി കണ്ട സകലതിനെയും അവിടുന്നു പുറത്താക്കുന്നു. സമാധാനരാജാവ് എന്നാൽ തിന്മയുമായി സന്ധിയാവുന്നവൻ എന്നല്ല അർത്ഥം. തിന്മയ്ക്കു കീഴടങ്ങുമ്പോഴല്ല, തിന്മയെ കീഴ്പ്പെടുത്തുമ്പോഴാണ് യഥാർത്ഥ സമാധാനം ഉളവാകുന്നത്. ജറുസലെം ദേവാലയം പ്രാർത്ഥനാലയമാകണമെന്നതായിരുന്നു ദേവാലയത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പ്രധാനോദ്ദേശ്യം. എന്നാൽ അത് കവർച്ചക്കാരുടെ ഗുഹയായി-ജനത്തെ ചൂഷണം ചെയ്യുകയും ഞെരുക്കുകയും ചെയ്യുന്ന തിന്മ നിറഞ്ഞ സംവിധാനങ്ങളെ നേരിട്ടോ അല്ലാതെയോ പിന്താങ്ങുന്ന ശക്തവും തകർക്കാനാവാത്തതുമായ ഒരു സ്ഥാപനമായി അധഃപതിച്ചു. രാഷ്ട്രത്തിന്റെയും സഭയുടെയും സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സംവിധാനങ്ങൾ ജനങ്ങളുടെ ക്ഷേമം/രക്ഷ എന്ന അവയുടെ അടിസ്ഥാനോദ്ദേശ്യത്തിൽനിന്ന് വ്യതിചലിച്ച് ജനങ്ങളുടെ അവകാശങ്ങൾ കവർന്ന് ജനദ്രോഹപരമായി മാറുമ്പോഴൊക്കെ യേശുവിന്റെ സ്ഥാനത്തുനിന്ന് അവന്റെ ദേവാലയപ്രവൃത്തി നാം ആവർത്തിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നുണ്ടാകും.

## ഉണങ്ങിയ അത്തിവൃക്ഷത്തിന്റെ പാഠം (11:20–26)

തലേദിവസം യേശു അത്തിമരത്തോടു പറഞ്ഞ വാക്കുകളുടെ ഫലം പിറ്റേദിവസമാണു ശിഷ്യർ കണ്ടത് (20–21). തന്മൂലം വേരുമുതൽ ഉണങ്ങിപ്പോയിരിക്കുന്നുവെന്നാണ് അക്ഷരാർത്ഥം. മരണം അതിന്റെ ജീവസ്രോതസ്സു മുതൽ വ്യാപിച്ചുവെന്നാണു സൂചന. അത്തിമരത്തെ ശപിക്കുന്നതും (11:12–14) അത് ഉണങ്ങുന്നതിനുമിടയിൽ (11:20–25) ദേവാലയ ശുദ്ധീകരണകഥ വിവരിക്കുന്നതിലൂടെ അത്തിമരം ജറുസലേം ദേവാലയത്തെ പ്രതിനിധീകരിക്കുന്നുവെന്നാണ് സുവിശേഷകൻ വ്യക്തമാക്കുന്നത്. അത്തിമരം ഉണങ്ങുന്നതു ദേവാലയനാശത്തിന്റെ പ്രതീകമാണ്. അത്തിമരം വേരുമുതൽ ഉണങ്ങിയെന്നത് ദേവാലയത്തിന്റെ സമ്പൂർണ്ണ നാശത്തെ ചിത്രീകരിക്കുന്നു.

**11:22–23,** വിശ്വാസത്തെ സംബന്ധിക്കുന്ന പാഠമാണ് യേശു തുടർന്ന് നല്കുന്നത്. ആഴത്തിൽ അടിസ്ഥാനമുള്ളതുകൊണ്ട് മലകളെ അനക്കാൻ പോലും പറ്റില്ല എന്നാണ് സങ്കല്പം. മലയെ മാറ്റുക എന്നാൽ അസാദ്ധ്യമായതു ചെയ്യുക എന്ന് അർത്ഥം വരുന്നു. മനുഷ്യർക്ക് അസാധ്യമായതു പ്രാർത്ഥനയിലൂടെ സാധിക്കാമെന്നതാണ് ഇതിന്റെ ആദ്യസന്ദേശം. എന്നാൽ ദേവാലയനാശത്തെ ചിത്രീകരിക്കുന്ന ഉണങ്ങിയ അത്തിവൃക്ഷത്തോടനുബന്ധിച്ചു നല്കിയ ഈ പ്രബോധനത്തിനു മറ്റൊരു അർത്ഥംകൂടി കാണാം. അതനുസരിച്ച് മല എന്നു പറയുന്നത് ജറുസലേം ദേവാലയം സ്ഥിതിചെയ്യുന്ന സിയോൻമലയാണ്. തകർക്കാനാവാത്ത ദേവാലയം അതു സ്ഥിതിചെയ്യുന്ന അനക്കാനാവാത്ത മലയോടുകൂടി കടലിൽ പതിക്കുമെന്നത് ഒരിക്കൽക്കൂടി ദേവാലയനാശത്തെ അടിവരയിട്ടുറപ്പിക്കുകയാണ്.

**11:24–25,** തുടർന്നു വരുന്നതു പ്രാർത്ഥനയെക്കുറിച്ചും ക്ഷമയെക്കുറിച്ചുമുള്ള പാഠങ്ങളാണ്. 23-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന പൊതു

തത്വം-വിശ്വാസത്തോടെ പറയുന്നതു സംഭവിക്കും-പ്രാർത്ഥനയുടെ കാര്യത്തിലും ശരിയാണ്. വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ കിട്ടും എന്ന് വിശദീകരിക്കുകയാണ് 24-ാം വാക്യം. പ്രാർത്ഥന ഫലപ്രദമാക്കുന്നതിന് ആദിമസഭ പിന്നീട് മറ്റു ചില സവിശേഷതകൾകൂടി നിർദ്ദേശിച്ചുവെന്ന് പ്രാർത്ഥനയെക്കുറിച്ചുള്ള പുതിയനിയമ പുസ്തകങ്ങളിലെ പ്രബോധനങ്ങൾ വ്യക്തമാക്കുന്നു: പ്രാർത്ഥന യേശുവിന്റെ നാമത്തിലായിരിക്കണം (യോഹ 14:13-14; 15:16; 16:23); പ്രാർത്ഥിക്കുന്നവർ യേശുവിന്റെ വചനത്തിൽ നിലനില്ക്കണം (യോഹ 15:7); സ്ഥിരതയോടെ പ്രാർത്ഥിക്കണം (ലൂക്കാ 18:1); സംശയമില്ലാതെ പ്രാർത്ഥിക്കണം (യാക്കോ 1:8); ദുരാശകളെ തൃപ്തിപ്പെടുത്താനുള്ള പ്രാർത്ഥനയായിരിക്കരുത് (യാക്കോ 4:3). "നിങ്ങൾ പ്രാർത്ഥിക്കാൻ നിൽക്കുമ്പോൾ" എന്നാണ് മൂലത്തിൽ. യഹൂദർ സാധാരണ നിന്നുകൊണ്ടാണു പ്രാർത്ഥിച്ചിരുന്നത് (1സാമു 1:26; ലൂക്കാ 18:11-13). ഈ വാക്യവും ദേവാലയനാശവുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവസാന്നിദ്ധ്യത്തിന്റെ സ്ഥലമാണു ദേവാലയം. അതില്ലാതായാൽ വിശ്വാസികൾക്ക് ദൈവ ഐക്യത്തിന് എന്തു മാർഗ്ഗമെന്ന ചോദ്യത്തിന് ഈ ഭാഗം ഉത്തരം നല്കുന്നു. വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും പരസ്പരം ക്ഷമിക്കുകയും ചെയ്യുന്ന സമൂഹമാണ് ദൈവത്തിന്റെ യഥാർത്ഥ ആലയം.

നിങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കുകയില്ല എന്ന് ചില കൈയ്യെഴുത്തുപ്രതികൾ 26-ാം വാക്യമായി കൂട്ടിച്ചേർക്കുന്നു. മത്തായി 6:14 നെ അടിസ്ഥാനപ്പെടുത്തി പില്കാല പകർപ്പെഴുത്തുകാർ കൂട്ടിച്ചേർത്തതാകണമിത്.

# ദേവാലയത്തിലെ യേശുവിന്റെ പ്രബോധനം (11:27-12:44)

ദേവാലയമണ്ഡപത്തിൽവച്ചു ഒറ്റദിവസം യേശു നല്കുന്ന പ്രബോധനങ്ങളാണ് ഈ ഭാഗത്ത് നാം കാണുന്നത്. മതമേധാവികൾ ആദ്യം യേശുവിന്റെ അധികാരത്തെയും തുടർന്ന് അവിടുത്തെ പ്രബോധനങ്ങളെയും ചോദ്യം ചെയ്യുന്നു. യേശു അവരുടെ കാപട്യത്തെ വിമർശിക്കുന്നു.

## മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ (12:1-12)

ഈ ഉപമയിലൂടെ നേതാക്കന്മാരുടെ നിരുത്തരവാദിത്വത്തെയും അവിശ്വസ്തതയെയും യേശു വിമർശിക്കുന്നു.

**12:1,** ഉപമയിൽ മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ച മനുഷ്യൻ ദൈവമാണ്. ഇസ്രായേലാണ് മുന്തിരിത്തോട്ടം (സങ്കീ 80:8-19; ജറ 2:21), പാട്ടകൃഷിക്കാർ ഇസ്രായേലിലെ നേതാക്കന്മാരും. ഏശയ്യ 5:1-2 വികസിപ്പിച്ചുണ്ടാക്കിയിട്ടുള്ളതാണ് ഈ ഉപമ. ഇസ്രായേലെന്ന മുന്തിരിത്തോട്ടത്തിന്റെ സംരക്ഷണത്തിനും വളർച്ചയ്ക്കുമാവശ്യമായതെല്ലാം ഒരു കുറവും കൂടാതെ

ദൈവം നല്കി. ഇസ്രായേലിന് ആവശ്യമായ സ്വാതന്ത്ര്യവും ദൈവം നല്കി.

**12:2-5,** തോട്ടത്തിന്റെ ഉടമയ്ക്ക് പാട്ടക്കാർ വിളവെടുപ്പുകാലത്ത് വീഞ്ഞായോ, മുന്തിരിയായോ പാട്ടം കൊടുക്കണമായിരുന്നു. പാട്ടക്കാരും സ്ഥലമുടമയും തമ്മിലുള്ള തർക്കങ്ങൾ ആ കാലഘട്ടത്തിൽ സംഭവിക്കാറുള്ളതായിരുന്നു. വിധവകളോ, വികലാംഗരോ, കാര്യപ്രാപ്തിയില്ലാത്തവരോ ആയ ഉടമകൾക്കുനേരേ അക്രമങ്ങൾ ഉണ്ടാകുന്നതും അസംഭവ്യമായിരുന്നില്ല. എന്നാൽ ഈ ഉപമയിലേതുപോലെ അക്രമം കൊലപാതകത്തിൽ കലാശിക്കുന്നത് അസാധാരണമായിരുന്നു. ദൈവം തന്റെ അനുഗ്രഹങ്ങൾക്ക് ആനുപാതികമായി ഫലം പ്രതീക്ഷിക്കുന്നു. ഫലം ശേഖരിക്കാൻ ദൈവം അയച്ച ഭൃത്യർ പ്രവാചകന്മാരാണ്. ഇസ്രായേലിലെ നേതാക്കന്മാർ ദൈവത്തിന്റെ പ്രവാചകരെ നിരാകരിക്കുകയും പീഡിപ്പിക്കുകയും ചിലരെ കൊല്ലുകയും ചെയ്തു. പലരെയും അയക്കുന്നത് ദൈവത്തിന്റെ നീണ്ട കാത്തിരിപ്പിന്റെയും ക്ഷമയുടെയും സഹനത്തിന്റെയും പ്രതീകമാണ്. അനുതാപത്തിലേയ്ക്ക് ഇസ്രായേൽ ജനത്തെ നയിക്കാൻ ദൈവം നിരന്തരം നടത്തിയ ശ്രമങ്ങളെയാണ് അതു സൂചിപ്പിക്കുന്നത് (ജറെ 3:11-14; എസെ 16:59-63; ഹോസി 2:2;14:20).

**12:9,** പുത്രൻ വന്നതു കണ്ടപ്പോൾ പിതാവു മരിച്ചുപോയിക്കാണുമെന്നു കർഷകൻ കരുതി. പുത്രനെകൊന്ന് മുന്തിരിത്തോട്ടത്തിനു വെളിയിലെറിയുന്നത് ജറുസലെം പട്ടണത്തിനു പുറത്തു യേശുവിനെ ക്രൂശിച്ചതിനെ അനുസ്മരിപ്പിക്കുന്നു. ദൈവജനമെന്ന മുന്തിരിത്തോട്ടത്തിന്റെ മേൽനോട്ടം. ഇസ്രായേലിന്റെ നേതാക്കളിൽനിന്നും സഭയുടെ നേതാക്കളെ ഏല്പിക്കുന്നതിന്റെ സൂചനയാണിവിടെ നാം കാണുന്നത്.

**12:10,** സങ്കീർത്തനം 118:22-23 ആണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. ഉപേക്ഷിക്കപ്പെട്ട കല്ല് എന്നാൽ ഈ സങ്കീർത്തനത്തിൽ ഇസ്രായേലിനെയാണ് വിവക്ഷിക്കുന്നത്. മറ്റു രാജ്യങ്ങളാൽ തിരസ്ക്കരിപ്പെടുകയും തോല്പിക്കപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്ത ഇസ്രായേലിന് ജനതകളുടെ മദ്ധ്യത്തിൽ ദൈവം നല്കാനിരിക്കുന്ന മഹത്വത്തെക്കുറിച്ചാണ് സങ്കീർത്തനങ്ങൾ പറയുന്നത്. മർക്കോസിൽ ഇത് യേശുവിനെ സൂചിപ്പിക്കുന്നു. ഒരു കെട്ടിടത്തിന്റെ രണ്ടുവശങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന മൂലക്കല്ലിന് കെട്ടിടത്തിന്റെ ഘടനയിൽ അതിപ്രധാനമായ സ്ഥാനമാണുള്ളത്. പുത്രന്റെ ദയനീയമായ അന്ത്യത്തെ മഹത്വപൂർണ്ണമായി പരിണമിപ്പിച്ച പിതാവിന്റെ പ്രവൃത്തി ഏവരെയും വിസ്മയിപ്പിക്കുന്നതും പിതാവിന്റെ പരമാധികാരത്തെ വിളംബരം ചെയ്യുന്നതുമാണ്.

**12:12,** തന്നെ വധിക്കാനുള്ള മതമേധാവികളുടെ മനസ്സിലിരുപ്പ് ഈ ഉപമയിലൂടെ യേശു പുറത്തുകൊണ്ടുവന്നു. ഒരിക്കൽക്കൂടി ഈ പിന്തുണ യേശുവിന് സുരക്ഷിതത്വത്തിന്റെ വേലിക്കെട്ട് തീർത്തു. ഈ ഉപമയുടെ അർത്ഥമെന്തെന്ന് യേശുവിന്റെ എതിരാളികൾക്കു മനസ്സിലായി. പക്ഷേ അവർ അനുതപിക്കുകയല്ല, കൂടുതൽ കഠിനഹൃദയരാവുകയാണു ചെയ്തത്. ഉപമകൾ അവിശ്വാസികളിലുണ്ടാക്കുന്ന പ്രതികരണത്തെക്കുറിച്ച് യേശു മുമ്പു പറഞ്ഞത് (4:10-12) അവരുടെ കാര്യത്തിൽ നിറവേറി.

## വിധവയുടെ സമർപ്പണം (12:41–44)

ആത്മീയ ദാരിദ്ര്യമനുഭവിക്കുന്ന ധനവാന്മാരും, ആത്മീയതയിൽ സമ്പന്നയായ ദരിദ്രവിധവയും തമ്മിലുള്ള താരതമ്യമാണ് ഈ ഭാഗത്തുള്ളത്. ദരിദ്രയായ വിധവയുടെ ഔദാര്യവും നിയമജ്ഞരുടെ അത്യാഗ്രഹവും തമ്മിലുള്ള വൈരുദ്ധ്യവും ഇതു നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**12:41–42,** ജറുസലേം ദേവാലയത്തിൽ ഇസ്രായേലിന്റെ മണ്ഡപത്തിനും വിജാതീയരുടെ മണ്ഡപത്തിനുമിടയിലുള്ള സ്ത്രീകളുടെ മണ്ഡപത്തിൽ കാഹളത്തിന്റെ ആകൃതിയിലുള്ള 13 ഭണ്ഡാരങ്ങൾ ഉണ്ടായിരുന്നു. യേശു ശ്രദ്ധിച്ച സ്ത്രീ വിധവമാത്രമല്ല ദരിദ്രയുമായിരുന്നു. ആ സ്ത്രീ അർപ്പിച്ച രണ്ടുചെമ്പുതുട്ടുകളുടെയുംകൂടി ആകെ മൂല്യം ഏകദേശം ഒരു ദനാറയുടെ അറുപത്തിനാലിലൊന്നുമാത്രമായിരുന്നു. ഒരു സാധാരണതൊഴിലാളിക്കുകിട്ടുന്ന ഒരു ദിവസത്തെ കൂലിയാണ് ഒരു ദനാറ.

**12:43–44,** യേശു ശിഷ്യന്മാരെ അടുത്തു വിളിച്ചുവെന്നതും “സത്യമായി ഞാൻ നിങ്ങളോടു പറയുന്നു” എന്ന ആമുഖവും സൂചിപ്പിക്കുന്നത് യേശു തുടർന്നു നൽകുന്ന പ്രബോധനത്തിന്റെ പ്രാധാന്യമാണ്. ആ വിധവയുടെ ചെറിയ കാണിക്കയുടെ പിന്നിലെ വലിയ ത്യാഗമാണ് അതിനെ അമൂല്യമായ കാണിക്കയായി മാറ്റുന്നത്. തന്റെ ഉപജീവനത്തിനുള്ള വക മുഴുവൻ നിക്ഷേപിച്ചത് ദൈവത്തോടുള്ള ആ സ്ത്രീയുടെ വലിയ സ്നേഹത്തിന്റെയും ദൈവത്തിലുള്ള സമ്പൂർണ്ണമായ ആശ്രയത്വത്തിന്റെയും നിദർശനമാണ് (1 രാജാ 17:8–16). എത്ര കൊടുത്തുവെന്നതല്ല, എത്ര ബാക്കിയുണ്ട് എന്നതാണ് ഔദാര്യത്തിന്റെ ഉരകല്ല്.

നമ്മുടെ ബലഹീനതയെ കണക്കിലെടുത്തുകൊണ്ട് ചെറിയ ചെറിയ ആത്മീയ ലക്ഷ്യങ്ങൾ മനസ്സിൽവച്ച് സാവധാനം പുരോഗമിച്ച് ഒടുവിൽ വലിയ ലക്ഷ്യങ്ങൾ എത്തിപ്പിടിക്കുന്നതാണ്, തുടക്കത്തിൽത്തന്നെ പുണ്യപൂർണ്ണത എന്ന വലിയ ലക്ഷ്യംവച്ച് ജീവിച്ച് പിന്നീട് അതു ഉപേക്ഷിക്കുന്നതിനേക്കാൾ ഭേദം. ദൂരയാത്ര ചെയ്യുന്നതിനു തുല്യമാണ് ആത്മീയയാത്രയും: ദൂരയാത്രയ്ക്കൊരുങ്ങുന്നയാൾ ഒന്നാം ദിവസം തന്നെ അമിതവേഗതയെടുത്ത് ക്ഷീണിച്ചാൽ, ശാരീരികാസ്വാസ്ഥ്യങ്ങൾ മൂലം അനേകദിവസങ്ങൾ നഷ്ടപ്പെടുത്തേണ്ടിവന്നേക്കാം. എന്നാൽ ആദ്യദിനംതന്നെ സാവധാനം നടന്നുതുടങ്ങുകയാണെങ്കിൽ, നടപ്പ് ഒരു ശീലമാവുകയും പിന്നെ ദീർഘദൂരം നടന്നാലും ക്ഷീണിക്കാതിരിക്കുകയും ചെയ്യും. സുകൃതജീവിതത്തിനായും ഒരുവൻ സാവധാനത്തിലാണ് തന്നെത്തന്നെ ഒരുക്കേണ്ടത്. വിശുദ്ധരായ പിതാക്കന്മാരുടെ വിവിധങ്ങളായ സുകൃതപാതകൾ ഒരുമിച്ചു പിന്തുടരാമെന്ന് വിചാരിക്കരുത്. നിന്റെ ബലഹീനാവസ്ഥയ്ക്ക് ഏറ്റവും യോജിച്ചതെന്നു തോന്നുന്ന ഒരു മാർഗ്ഗം തിരഞ്ഞെടുക്കുക. വിധവയുടെ ചെമ്പുതുട്ടുകൾ സ്വീകരിച്ച കർത്താവ് നിന്നെയും സ്വീകരിക്കും. (എവാഗ്രിയുസ്).

**വിചിന്തനം:** ജീവിക്കാനനുവദിക്കാത്ത മതാത്മകത! നിയമജ്ഞർ വിധവകളുടെ ഭവനങ്ങളെ എങ്ങനെ വിഴുങ്ങുന്നുവെന്നതിന്റെ ഒരു ഉദാഹരണമാണിത്. ഒരു വിധവയ്ക്ക് ജീവിക്കാനാവശ്യമായതുപോലും അവരെ

ക്കൊണ്ട് ദേവാലയത്തിൽ നേർച്ചയിടീപ്പിക്കുന്ന അദ്ധ്യാത്മികതയും ദൈവ സങ്കല്പങ്ങളുമായിരിക്കാം നിയമജ്ഞർ പഠിപ്പിച്ചുകൊണ്ടിരുന്നത്. മാതാപിതാക്കളുടെ ഉത്തരവാദിത്വം നിറവേറ്റാതിരിക്കാൻ നേർച്ച പ്രഖ്യാപിക്കുന്നതിനെ യേശു വിമർശിച്ചതിനോട് ഇതും കൂട്ടിവായിക്കാനാകും (7:10–13).

നിയമജ്ഞർക്കെതിരേ യേശുവിന്റെ വിമർശനം എല്ലാ നിയമജ്ഞരുടെയുംമേൽ ഒന്നടങ്കം നടത്തുന്ന വിമർശനമായി കണക്കാക്കേണ്ടതില്ല. യേശുവിന്റെ ദൃഷ്ടിയിൽത്തന്നെ, ദൈവരാജ്യത്തിൽ നിന്നകലെയല്ലാത്ത നിയമജ്ഞർ ഉണ്ടായിരുന്നല്ലോ (12:34). ഈ വിധവ നിയമജ്ഞരിൽനിന്നു തീർത്തും വിഭിന്നയായ വ്യക്തിയാണ്. നിയമജ്ഞർ സകലരാലും കാണപ്പെടാൻ ആഗ്രഹിക്കുമ്പോൾ ഈ വിധവ ആരാലും ശ്രദ്ധിക്കപ്പെടാത്തവളാണ്. നിയമജ്ഞർ തങ്ങളുടെ കപടഭക്തിപ്രകടനത്തിലൂടെ തങ്ങളുടെ സമ്പാദ്യം വർദ്ധിപ്പിക്കാൻ ശ്രമിക്കുമ്പോൾ, ഈ വിധവ തന്റെ യഥാർത്ഥഭക്തിമൂലം തനിക്കുള്ളതു മുഴുവൻ കൊടുക്കാൻ സന്നദ്ധയാകുന്നവളാണ്.

പതിനൊന്ന്, പന്ത്രണ്ട് അദ്ധ്യായങ്ങളിൽ ജറുസലേം ദേവാലയത്തിനും അതിന്റെ അധികാരികൾക്കുമെതിരേ യേശു നടത്തുന്ന വിമർശനങ്ങളുടെ പശ്ചാത്തലത്തിൽ "വിധവയുടെ കാണിക്ക"യും യേശുവിന്റെ മറ്റൊരു വിമർശനമായിക്കാണാവുന്നതാണ്. പാവപ്പെട്ട ഒരു വിധവയെ, അവൾ ഭക്തയായ ഒരു വിധവയായതിന്റെ പേരിൽ, അവൾക്കുള്ളതു മുഴുവൻ നേർച്ചപ്പെട്ടിയിൽ നിക്ഷേപിക്കാൻ നിർബന്ധിക്കുന്ന മതവ്യവസ്ഥിതിയെയാവാം യേശു ഇവിടെ വിമർശിക്കുന്നത്. ഭക്തി പഠിപ്പിക്കുന്ന നിയമജ്ഞർ മറ്റുള്ളവരുടേതുകൂടി വിഴുങ്ങി തടിച്ചുകൊഴുക്കുകയും ഭക്തി അഭ്യസിക്കുന്ന വിധവകൾ തങ്ങൾക്കുള്ളതു മുഴുവൻ കൊടുത്ത് ജീവിക്കാൻ നിവൃത്തിയില്ലാതായിത്തീരുകയും ചെയ്യുന്നത് തെറ്റായ മതസങ്കല്പങ്ങൾ മൂലമാണ്. ഇങ്ങനെയുള്ളൊരു മതവ്യവസ്ഥിതിയുടെ ചൂഷകസ്വഭാവത്തെയാണ് യേശു ഇവിടെ മറനീക്കിക്കാണിക്കുന്നത്.

## ഒലിവുമലയിലെ പ്രസംഗം (13:1–37)

മർക്കോസിന്റെ സുവിശേഷത്തിൽ കാണുന്ന, യേശുവിന്റെ ഏറ്റവും ദീർഘമായ പ്രബോധനമാണ് ഒലിവുമലയിലെ പ്രസംഗം (cf.4:1–14; 7:1–23). യേശുവിന്റെ രണ്ടാമത്തെ ആഗമനത്തിനാണ് ഈ പ്രബോധനത്തിൽ മുൻതൂക്കം.

### പശ്ചാത്തലം (13:1–4)

ഹേറോദേസ് പണികഴിപ്പിച്ച ജറുസലെം ലോകപ്രശസ്തമായിരുന്നു. ജറുസലേം ദേവാലയം കണ്ടിട്ടില്ലാത്തവർ ശില്പസൗന്ദര്യം എന്താണെന്നറിഞ്ഞിട്ടില്ല എന്ന് ലോകം പറയത്തക്കതരത്തിൽ സുന്ദരമായിരുന്നു ജറുസലെം ദേവാലയവും അനുബന്ധകെട്ടിടങ്ങളും.

ദേവാലയസമുച്ചയത്തിന്റെ സമ്പൂർണ്ണനാശം യേശു പ്രവചിക്കുന്നു (cf.ജറ 7:11–14). റോമൻ ജനറലായ ടൈറ്റസ് എ.ഡി. 70 ൽ ജറുസലെം

പിടിച്ചടക്കി ദേവാലയം നിലംപരിശാക്കിയപ്പോൾ ഈ പ്രവചനം പൂർത്തിയായി.

**13:3-4,** ദേവാലയത്തിൽനിന്നു പുറത്തുവന്ന് കെദ്രോൺ തോടുകടന്ന് ഒലിവുമലയിലെത്തുമ്പോൾ യേശുവിന്റെ ആദ്യത്തെ നാലു ശിഷ്യന്മാർ യേശുവിനോട് രണ്ട് ചോദ്യങ്ങൾ ചോദിക്കുന്നു. ആദ്യത്തെ ചോദ്യം ദേവാലയനാശത്തിന്റെ സമയത്തെ സംബന്ധിക്കുന്നതാണ്. "ഇവയെല്ലാം" പൂർത്തിയാകാൻ തുടങ്ങുന്നതിന്റെ അടയാളത്തെ സംബന്ധിച്ചതാണ് രണ്ടാമത്തെ ചോദ്യം. മത്തായിയുടെ സുവിശേഷത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ "ഇവയെല്ലാം" സൂചിപ്പിക്കുന്നത് യേശുവിന്റെ രണ്ടാമത്തെ ആഗമനവും യുഗാന്ത്യവുമാണ്. ദേവാലയനാശവും യുഗാന്ത്യവും ഒരുമിച്ചു സംഭവിക്കുമെന്നാണ് ശിഷ്യർ കരുതിയിരുന്നത്. എന്നാൽ ഇവ ഒരുമിച്ചല്ല സംഭവിക്കാനിരിക്കുന്നതെന്ന് യേശുവിന്റെ മറുപടി വ്യക്തമാക്കുന്നു.

## വഴിതെറ്റിക്കുന്നവരെക്കുറിച്ച് മുന്നറിയിപ്പ് (13:5-8)

യുഗാന്ത്യത്തെ സംബന്ധിച്ച ശിഷ്യന്മാരുടെ രണ്ടാമത്തെ ചോദ്യത്തിനാണ് യേശു ആദ്യം ഉത്തരം നൽകുന്നത്. യുഗാന്ത്യമായി എന്നു തെറ്റിദ്ധരിപ്പിക്കുന്ന കാര്യങ്ങളെക്കുറിച്ച് യേശു മുന്നറിയിപ്പു നൽകുന്നു (5-13). തുടർന്ന് യേശുവിന്റെ രണ്ടാമത്തെ ആഗമനത്തിനുമുമ്പ് സംഭവിക്കാനിരിക്കുന്ന ഭീകരദുരിതങ്ങളെക്കുറിച്ച് യേശു പഠിപ്പിക്കുന്നു (14-27). അവസാനം, ജറുസലെം ദേവാലയത്തിന്റെ നാശത്തെക്കുറിച്ചുള്ള ശിഷ്യരുടെ ആദ്യചോദ്യത്തിന് യേശു ഉത്തരം നല്കുന്നു (25-32). യുഗാന്ത്യമാണ് ഈ പ്രസംഗത്തിന്റെ കേന്ദ്രആശയം.

**13:5-6,** യേശു തന്റെ പ്രബോധനം ആരംഭിക്കുന്നത് സൂക്ഷിക്കുവിൻ, ശ്രദ്ധിക്കുവിൻ, ജാഗരൂകരായിരിക്കുവിൻ എന്നൊക്കെ അർത്ഥം വരുന്ന 'ബ്ലെപേത്തെ' എന്ന വാക്കുപയോഗിച്ചുകൊണ്ടാണ്. ഈ അദ്ധ്യായത്തിൽ മൂന്നു സ്ഥലങ്ങളിൽക്കൂടി യേശു ഈ വാക്ക് ഉപയോഗിക്കുന്നുണ്ട് (9,23,33) എന്നത് "ശ്രദ്ധിക്കേണ്ടതിന്റെ" പ്രാധാന്യത്തിന് അടിവരയിടുന്നു. മിശിഹായെന്ന് അവകാശപ്പെട്ടുകൊണ്ടു പലരും വരും. "ഞാനാണ്", (I am) എന്നു പറയുന്നവർ മിശിഹാത്വം മാത്രമല്ല ദൈവത്വംപോലും അവകാശപ്പെടുന്നവരാണ് (cf.പുറ 3:14).

**13:7-8,** പ്രസവവേദനയെത്തുടർന്ന് ശിശു ജനിക്കുന്നതുപോലെയാണ് (ഏശ 66:8; ജറെ 22:23; ഹോസി 13:13; മിക്ക 4:9-10) ദൈവരാജ്യത്തിന്റെ ആഗമനം. യുദ്ധം, കിംവദന്തികൾ ഭൂകമ്പം, ക്ഷാമം, എന്നിവ ഈ ഈറ്റുനോവിന്റെ ആരംഭം മാത്രമാണ്, യുഗാന്ത്യത്തിന്റെ അടയാളമല്ല.

## വ്യക്തിപരമായ പീഡനങ്ങളെക്കുറിച്ച് (13:9-13)

വ്യക്തിപരമായ പീഡനത്തെക്കുറിച്ച്  പരാമർശിക്കുന്ന ഈ ഭാഗത്ത് ഏല്പിച്ചുകൊടുക്കപ്പെടുക (paradidomi) എന്ന വാക്ക് മൂന്നുതവണ മർക്കോസ് ഉപയോഗിക്കുന്നു (9,11,12) യേശുവിന്റെ പീഡാസഹനവുമായുള്ള ബന്ധത്തെയാണ് ഇതു വ്യക്തമാക്കുന്നത്.

**13:9,** യേശുവിന്റെ ശിഷ്യർക്ക് വിജാതീയരിൽനിന്നും യഹൂദരിൽ നിന്നും പീഡനങ്ങളുണ്ടാകും. വിവിധ ന്യായാധിപസംഘങ്ങൾക്കു മുന്നിലുള്ള വിചാരണ, വ്യത്യസ്തസ്ഥലങ്ങളിൽ യേശുവിന് സാക്ഷ്യം വഹിക്കാനുള്ള അവസരങ്ങളായിമാറും.

**13:10,** യുഗാന്ത്യത്തിനുമുമ്പ് എല്ലാജനതകളോടും സുവിശേഷം പ്രസംഗിക്കപ്പെടേണ്ടിയിരിക്കുന്നുവെന്നത് ദൈവികപദ്ധതിയിലെ ആവശ്യമാണ്. ഇതു ദൈവം നിശ്ചയിച്ചിരിക്കുന്നതിനാൽ സംഭവിക്കുകതന്നെ ചെയ്യും. സുവിശേഷം സ്വീകരിക്കാനുള്ള അവസരം യുഗാന്ത്യത്തിനുമുമ്പ് എല്ലാവർക്കും ലഭിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ശിഷ്യന്മാർ എല്ലാ ജനങ്ങളോടും സുവിശേഷം പ്രസംഗിച്ചു കഴിഞ്ഞാലുടൻ യുഗാന്ത്യം സംഭവിക്കുമെന്ന് ഇതിനർത്ഥമില്ല. അത് ദൈവം താൻ നിശ്ചയിച്ചു വച്ചിരിക്കുന്ന സമയത്ത് നടപ്പിൽ വരുത്തുന്ന യാഥാർത്ഥ്യമാണ്.

**13:11,** വിശ്വാസത്തെപ്രതി വിചാരണ ചെയ്യപ്പെടുമ്പോൾ ദൈവത്തിന്റെ പ്രത്യേക സഹായം ലഭിക്കുമെന്ന വാഗ്ദാനം പ്രസ്തുത സാഹചര്യത്തിലുണ്ടായേക്കാവുന്ന അനാവശ്യമായ ആകുലതകളെ അകറ്റുന്ന ഒന്നാണ്.

**13:12-13,** കുടുംബാംഗങ്ങളിൽ നിന്നുള്ള ഒറ്റുകൊടുക്കലുകൾപോലും ശിഷ്യന്മാർ അനുഭവിക്കേണ്ടിവരും (മിക്കാ 7:2-6; ലൂക്കാ 12:51-53). പീഡനം അധികാരികളിൽനിന്നു മാത്രമല്ല കുടുംബാംഗങ്ങളിൽനിന്നുമുണ്ടാകും. തങ്ങളുടെ സാക്ഷ്യത്തിന്റെ പേരിൽ എല്ലാവരും ശിഷ്യരെ വെറുക്കും. അവസാനംവരെ സഹിച്ചുനിൽക്കുന്നവർ രക്ഷപ്രാപിക്കുമെന്നത് ഒരു സാമാന്യതത്വമാണ്. പീഡനത്തിന്റെ അവസാനംവരെ പിടിച്ചുനിൽക്കുന്നവൻ പീഡനത്തിൽനിന്നു രക്ഷപ്പെടും. എന്നാൽ മരണംവരെ പിടിച്ചുനിൽക്കുന്നവൻ, മരണത്തിലൂടെ പീഡനത്തിൽനിന്നു രക്ഷപ്പെടും.

## ഭീകരദുരിതങ്ങൾ (13:14-23)

യുഗാന്ത്യാഗമനാരംഭത്തിന്റെ അടയാളങ്ങൾ വെളിപ്പെടുത്തിയശേഷം ഇപ്പോൾ യുഗാന്ത്യത്തിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ ശിഷ്യർക്ക് യേശു പറഞ്ഞുകൊടുക്കുകയാണ്.

**13:14,** യുഗാന്ത്യത്തിന്റെ യഥാർത്ഥ അടയാളം വിനാശത്തിന്റെ അശുദ്ധലക്ഷണത്തിന്റെ പ്രത്യക്ഷപ്പെടൽ ആണ് (ദാനി 9:27; 11:31; 12:11; മത്താ 24:15). ആത്യന്തികമായി ഇത് അന്തിക്രിസ്തുവിനെയാകാം സൂചിപ്പിക്കുന്നത്. സിറിയൻ രാജാവായ അന്തിയോക്കസ് എപ്പിഫാനസ് ജറുസലേം ദേവാലയത്തിൽ സേവൂസ് ദേവനുവേണ്ടി ബലിപീഠം പണിത് അവിടെ പന്നിമാംസം അർപ്പിച്ചത് മുൻകാലത്തു സംഭവിച്ച അശുദ്ധലക്ഷണമായിരുന്നു (1 മക്ക 1:41-64; 6:7).

യഹൂദ തീവ്രവാദികൾ എ.ഡി. 67-68 ൽ ജറുസലേം ദേവാലയത്തിന്റെ നിയന്ത്രണം ഏറ്റെടുത്ത് ഫാന്നിയെ പ്രധാനപുരോഹിതനായി നിയമിച്ചപ്പോൾ യഹൂദക്രിസ്ത്യാനികൾ ജറുസലെമിൽനിന്ന് 'പെല്ല'യിലേയ്ക്കു പലായനം ചെയ്തിരുന്നു. ഭാവിയിൽ സംഭവിക്കാനിരിക്കുന്ന പലായനത്തിന്റെ മാതൃകയായി ഇതുമാറി.

**13:15–18,** വിനാശത്തിന്റെ അശുദ്ധലക്ഷണം ജനങ്ങളുടെ ഉടനടിയുള്ള പലായനം നിർബന്ധിതമാക്കുന്ന ഒന്നായിരിക്കും.

ശൈത്യകാലം ഫലമില്ലാത്ത കാലവും സാബത്ത് പ്രവർത്തനരഹിതമായ സമയവുമാണ്. നിന്നിൽ ഫലങ്ങളില്ലാത്തപ്പോഴും നീ പ്രവർത്തനരഹിതനായിരിക്കുമ്പോഴും നീ പിടിക്കപ്പെടാതിരിക്കട്ടെ. (എഫ്രേം).

**13:19,** ജറുസലെമിന്റെ നാശത്തിൽമാത്രം ഒതുങ്ങാത്ത കഷ്ടതകളായിരിക്കും യുഗാന്ത്യത്തിന്റെ ലക്ഷണം.

**13:20,** വിശ്വാസികളോടുള്ള ദൈവത്തിന്റെ കരുതലും സ്നേഹവുമാണ് ദുരിതകാലഘട്ടം ചുരുക്കുന്നതിൽ പ്രകടമാകുന്നത്.

**13:21–23,** വ്യാജമിശിഹാമാരെക്കുറിച്ചുള്ള മുന്നറിയിപ്പ് യേശു ആവർത്തിക്കുന്നത് (5–6) അവർ അത്രമാത്രം അപകടകാരികളായതുകൊണ്ടാണ്. അത്ഭുതങ്ങളും അടയാളങ്ങളും കാണിച്ചുകൊണ്ടുപോലും തിരഞ്ഞെടുക്കപ്പെട്ടവരെ അവർ വഴിതെറ്റിക്കാൻ സാധ്യതയുള്ളതുകൊണ്ട് (2 തിമോ 3:1–15) വിശ്വാസികൾ ജാഗ്രതയുള്ളവരായിരിക്കണം.

## മനുഷ്യപുത്രന്റെ രണ്ടാമത്തെ ആഗമനം (13:24–31)

ഭീകരമായ ദുരിതങ്ങൾക്കൊടുവിലായിരിക്കും മനുഷ്യപുത്രന്റെ ആഗമനം (24–25). അതോടനുബന്ധിച്ചുണ്ടാകുന്ന പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരണം വെളിപാടിന്റെ പുസ്തകത്തിൽ നമുക്ക് കാണാനാവും (വെളി 6–18). പഴയനിയമത്തിലും ഇവ വിവരിച്ചിട്ടുണ്ട് (ഏശ 13:10; 24:23; 34:4; എസെ 32:7–8; ജോയേ 2:10; 2:30–31; 3:15; ആമോ 8:9).

എല്ലാമാസത്തിലെയും ചന്ദ്രഗ്രഹണത്തിൽ, ഭൂമി ചന്ദ്രന്റെയും സൂര്യന്റെയും ഇടയ്ക്കുവരുന്നതുമൂലം ചന്ദ്രൻ നമ്മുടെ കാഴ്ചയിൽനിന്ന് അപ്രത്യക്ഷനാകുന്നതുപോലെ, സ്വർഗ്ഗീയപ്രകാശത്തിന്റെ പാതയിൽ ശരീരത്തിന്റെ തിന്മകൾ ഉയർന്നുവരുന്നതുമൂലം നിത്യസൂര്യനായ ഈശോയിൽനിന്നുള്ള സ്വർഗ്ഗീയപ്രകാശം സ്വീകരിക്കാൻ സാധിക്കാതെ വരുന്നു. പീഡനത്തിന്റെ ഉഗ്രതയേറിവരുമ്പോൾ സഭാനേതാക്കളായ നക്ഷത്രങ്ങളും വീണുപോയേക്കാം (അംബ്രോസ്).

**13:26** മനുഷ്യപുത്രന്റെ ആഗമനത്തെക്കുറിച്ചുള്ള വിവരണത്തിന് ദാനിയേൽ പ്രവാചകന്റെ ഗ്രന്ഥത്തിലെ മനുഷ്യപുത്രന്റെ ആഗമനവുമായി അടുത്ത ബന്ധമുണ്ട് (ദാനി 7:13; നിയ 30:4; സഖ 2:6). മഹത്വവും വിജയവുമാണ് ഈ വരവിന്റെ പ്രത്യേകത. ആദ്യത്തെ വരവിൽ പ്രത്യക്ഷപ്പെട്ടതുപോലെ സഹനദാസനായിട്ടല്ല, പ്രസ്തുത, മഹത്വീകൃതനായിട്ടാണ് അവിടുത്തെ രണ്ടാമത്തെ വരവ്.

**13:27,** 'തിരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചുകൂട്ടും' എന്നത് ജീവിച്ചിരിക്കുന്നവരെ മാത്രമല്ല മരിച്ചവരുടെ പുനരുത്ഥാനവും സൂചിപ്പിക്കുന്നു.

നാലുദിക്കുകളിൽ നിന്നുമെന്നാൽ ലോകം മുഴുവനിൽനിന്നു മെന്നർത്ഥം. 'ആദം' എന്ന വാക്കുതന്നെ ലോകത്തെ സൂചിപ്പിക്കുന്നു. കാരണം ഗ്രീക്കിൽ ആദമെന്നവാക്കിന്റെ A,D,A,M എന്ന നാല് അക്ഷര ങ്ങളും നാലുദിക്കുകളെ സൂചിപ്പിക്കുന്നതാണ്: അനത്തോലെ = കിഴക്ക് (A), ഡൂസിസ് = പടിഞ്ഞാറ് (D), ആർക്തോസ് = വടക്ക് (A), മെസം ബ്രിയ = തെക്ക് (M). ആദിപാപത്തോടെ ആദം ലോകം മുഴുവൻ ചിതറി ക്കപ്പെട്ടിരിക്കുകയാണ്. ആദത്തെ ചെറുകഷണങ്ങളായി പൊടിച്ചിട്ടെന്ന തുപോലെ അവന്റെ സന്തതിപരമ്പര ലോകമെങ്ങും വ്യാപിച്ചിരിക്കുന്നു. തന്റെ കരുണയാൽ ദൈവം അവരെ ഒരുമിച്ചുകൂട്ടും. (അഗസ്റ്റിൻ).

**13:28-29,** അത്തിമരത്തിന്റെ ഉപമ: 3 സുവിശേഷങ്ങളിലും ഒലിവുമ ലയിലെ പ്രസംഗം കാണാം (മത്താ 24:32-41; ലൂക്കാ 21:29-33). സൂക്ഷ്മ ദൃക്കുകളായ വ്യക്തികൾക്ക് യുഗാന്ത്യത്തിന്റെ ലക്ഷണങ്ങൾ തിരിച്ചറി യാൻ സാധിക്കുമെന്നതാണ് ഈ ഉപമയുടെ അർത്ഥം.

പഴങ്ങൾ പറിക്കുകയും ശേഖരിക്കുകയും ചെയ്യുന്ന കാലമായതിനാൽ വേനൽക്കാലം ലോകാവസാനത്തിന്റെ പ്രതീകമാണ് (ഹിപ്പോളിറ്റസ്).

**13:30** 'സംഭവിക്കുന്നതുവരെ' എന്നാൽ സംഭവിക്കാൻ ആരംഭിക്കു ന്നതുവരെ എന്നു വിവർത്തനം ചെയ്യുന്നവരുണ്ട്. യുഗാന്ത്യത്തിന്റെ ലക്ഷ ണങ്ങൾ യേശുശിഷ്യരുടെ തലമുറയിൽത്തന്നെ ആരംഭിക്കുമെന്ന് അപ്പോൾ അർത്ഥം വരും. യുഗാന്ത്യത്തിലെ ഏറ്റവും നിർണ്ണായക സംഭ വങ്ങളായ യേശുവിന്റെ കുരിശുമരണവും ഉത്ഥാനവും സ്വർഗ്ഗാരോഹ ണവും ദർശിച്ചവരാണല്ലോ യേശുവിന്റെ ശിഷ്യർ.

**13:31** 'ആകാശവും ഭൂമിയും' എന്ന പ്രയോഗത്തിന്റെ അർത്ഥം സർവ്വ സൃഷ്ടികളും എന്നാണ് (ഉല്പ 1:1). പ്രപഞ്ചം കടന്നുപോകും; എന്നാൽ യേശുവിന്റെ വചനം നിലനിൽക്കും. യേശുവിന്റെ വാക്കുകളുടെ അലം ഘനീയത അവിടുത്തെ ദൈവത്വത്തിന്റെ അടയാളമാണ് (സങ്കീ 102:25 -27; ഏശ 40:6-8; 51:6).

## യൂദാസിന്റെ വഞ്ചന (14:10-11)

യൂദാസ് എന്തുകൊണ്ടാണ് യേശുവിനെ ഒറ്റിയതെന്നതിനെക്കുറിച്ച് പരോക്ഷമായ സൂചനകളേ സുവിശേഷത്തിലുള്ളൂ. അത്യാഗ്രഹംമൂല മാണെന്ന് മത്തായിയും (26:15) സാത്താൻ കാരണമാണെന്ന് ലൂക്കായും (22:3) സാത്താനും ദ്രവ്യാഗ്രഹവും മൂലമാണെന്ന് യോഹന്നാനും സൂചി പ്പിക്കുന്നു (13:2; 12:6). യേശുവിനെ ഒറ്റാമെന്ന യൂദാസിന്റെ വാഗ്ദാനമാണ് മുമ്പ് നിശ്ചയിച്ചതിൽനിന്ന് വ്യത്യസ്തമായി, യേശുവിനെ ഉടനെതന്നെ കൊല്ലുന്നതിനുള്ള കരുക്കൾ നീക്കാൻ പ്രധാന പുരോഹിതന്മാരെ പ്രേരി പ്പിച്ചത്. സ്വന്തം ശിഷ്യനായ യൂദാസുതന്നെ ഗുരുവിനെ ശത്രുക്കൾക്ക് ഏൽപ്പിച്ചുകൊടുത്താൽ ജനക്കൂട്ടത്തിന്റെ രോഷത്തിൽനിന്ന് ഞങ്ങൾക്ക് രക്ഷപെടാൻ കഴിയുമെന്ന് അവർ കരുതി.

നിസ്സാരതുകയ്ക്ക് യേശുവിനെ ഒറ്റാൻ തയ്യാറാകുന്ന ശിഷ്യനും വലിയ തുക യേശുവിനു വേണ്ടി ചിലവഴിച്ച ബഥാനിയായിലെ സ്ത്രീയും തമ്മിലുള്ള വൈരുദ്ധ്യം ഒരിക്കൽക്കൂടെ വ്യക്തമാകുകയാണിവിടെ.

## പെസഹാ ആചരിക്കുന്നു (14:12–21)

പെസഹാത്തിരുനാൾ ദിനവും പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ദിനവും ഒരുമിച്ചുവരുന്ന ദിവസത്തെ പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ എന്നാണ് യഹൂദർ വിളിച്ചിരുന്നത് (വാ. 12). യഹൂദർ പെസഹാക്കുഞ്ഞാടിനെ ബലികഴിക്കുന്ന ദിനമെന്ന് മർക്കോസ് വിശദീകരിച്ചിരിക്കുന്നത് യഹൂദരല്ലാതിരുന്ന തന്റെ വായനക്കാർക്ക് വ്യക്തമാകുന്നതിനുവേണ്ടിയാണ്. നീസാൻ മാസം 14–ാം തീയതിയാണത്. 14–ാം തീയതി ഉച്ചകഴിഞ്ഞ് ബലിയർപ്പിച്ച പെസഹാക്കുഞ്ഞാടിനെ അന്നു സൂര്യാസ്തമയത്തിനും അർദ്ധരാത്രിക്കുമിടയിലാണ് ഭക്ഷിച്ചിരുന്നത്. യഹൂദരെ സംബന്ധിച്ചിടത്തോളം സൂര്യാസ്തമയത്തോടെ പുതിയ ദിവസമാരംഭിക്കുമെന്നതിനാൽ നിസാൻമാസം 15–ാം തിയതിയാണ് പെസഹാ ഭക്ഷണം കഴിച്ചിരുന്നത്. പെസഹാഭക്ഷണം ജറുസലേം നഗരാതിർത്തിക്കുള്ളിൽത്തന്നെ കഴിക്കണമായിരുന്നു (നിയമ 16:5–6). അതുകൊണ്ട് ജറുസലേമിൽ കൃത്യമായി ഏതുസ്ഥലത്താണ് പെസഹാഭക്ഷണം ഒരുക്കേണ്ടതെന്നാണ് ശിഷ്യന്മാർ ചോദിക്കുന്നത്.

സമാന്തരസുവിശേഷകർ യേശുവിന്റെ അന്ത്യത്താഴത്തെ പെസഹാ ഭക്ഷണമായാണ് ചിത്രീകരിക്കുന്നത്. എന്നാൽ പെസഹാഭക്ഷണത്തിന്റെ ക്രമമെന്തായിരുന്നുവെന്നതിനെക്കുറിച്ചുള്ള നമ്മുടെ അറിവ് യേശുവിന് 200വർഷങ്ങൾക്കുശേഷം എഴുതപ്പെട്ട മിഷ്നയിൽ നിന്നുള്ളതാണ്. യേശുവിന്റെ കാലത്തെ ക്രമം ഇതുതന്നെയായിരുന്നോ എന്ന് നിശ്ചയമില്ല. അതുകൊണ്ട് മർക്കോസിന്റെ സുവിശേഷത്തിൽക്കാണുന്ന ക്രമം അന്നത്തെ പെസഹാഭക്ഷണത്തിന്റെ ക്രമമായിരുന്നോ എന്ന് ഉറപ്പിക്കാനും തരമില്ല.

**14:13–16,** രണ്ടു ശിഷ്യന്മാർ പത്രോസും യോഹന്നാനുമാണ് (ലൂക്കാ 22:8). സ്ത്രീകളാണ് സാധാരണ വെള്ളം ചുമക്കാറുള്ളത്. അതുകൊണ്ട് വെള്ളം ചുമക്കുന്ന പുരുഷനെ കണ്ടുപിടിക്കുക പ്രയാസകരമാവില്ല. ഇത് യേശുവിന്റെ മുന്നറിവിന്റെ അടയാളമായിട്ടല്ല, മുൻകൂട്ടി ചെയ്ത ക്രമീകരണത്തിന്റെ ഭാഗമായിട്ടാണ് പൊതുവേ കണക്കാക്കുന്നത് (cf. 11:1–6). മുൻകൂട്ടി ചെയ്ത ക്രമീകരണമാണെങ്കിൽ, തന്റെ മരണഭീതിയ്ക്കിടയിലും ശിഷ്യന്മാരുടെ ആവശ്യങ്ങൾ മനസ്സിലാക്കുകയും അതുനിറവേറ്റിക്കൊടുക്കുകയും ചെയ്യുന്ന യേശുവിനെയാണ് ഈ ഭാഗം നമുക്കു മുന്നിൽ അവതരിപ്പിക്കുന്നത്. സ്വന്തം കുടുംബാംഗങ്ങൾക്കൊരുമിച്ചു പെസഹാ ആചരിക്കുന്നതിനുപകരം യേശുവും ശിഷ്യന്മാരും ഒരുമിച്ച് പെസഹാ അചരിക്കുന്നത് അവർ ഒരു കുടുംബമായി രൂപപ്പെട്ടുകഴിഞ്ഞുവെന്നതിന്റെ തെളിവാണ്. നഗരത്തിൽ വലിയ മാളികമുറി യേശുവിനും ശിഷ്യന്മാർക്കും പെസഹാ ഒരുക്കാൻവേണ്ടി ലഭിച്ചുവെങ്കിൽ യേശുവിന് ജറുസലേം നഗരത്തിൽ സമ്പന്നരായ സുഹൃത്തുക്കൾ/ശിഷ്യർ ഉണ്ടാ

യിരുന്നിരിക്കണം. യേശു പറഞ്ഞതുപോലെതന്നെ സംഭവിച്ചിട്ടും ശിഷ്യർക്ക് അത്ഭുതം തോന്നാതിരുന്നത് അതു മുൻകൂട്ടിയുള്ള ക്രമീകരണമാണെന്ന് അവർ മനസ്സിലാക്കിയിരുന്നതുകൊണ്ടാകണം.

**14:17,** നിസാൻമാസം 15-ാം തീയതി ആരംഭിക്കുന്ന സന്ധ്യയാണിത്.

**14:18,** യഹൂദർ നിന്നുകൊണ്ടാണ് ആദ്യ പെസഹാ ഭക്ഷിച്ചത് (പുറ 12:11). എന്നാൽ യേശുവിന്റെ കാലത്ത് ഇരുന്നുകൊണ്ടാണ് അവർ പെസഹാ ഭക്ഷിച്ചിരുന്നത്. ഭക്ഷണത്തിനിടയിൽ യേശു പറയുന്ന ആദ്യ വചനം, തന്നെ ഒറ്റിക്കൊടുക്കാനുള്ള യൂദാസിന്റെ തീരുമാനത്തെക്കുറിച്ചുള്ള യേശുവിന്റെ മുന്നറിവിനെയും ദൈവേഷ്ടത്തിനു സ്വയം സമർപ്പിക്കാനുള്ള അവിടുത്തെ സന്നദ്ധതയെയും വ്യക്തമാക്കുന്നു.

"എന്നോടൊപ്പം ഭക്ഷണം കഴിക്കുന്നവൻ": ഇത് സങ്കീർത്തനം 41:9 നെ അനുസ്മരിപ്പിക്കുന്നു. ഒരുമിച്ച് ഭക്ഷണം കഴിച്ചിട്ട് ഒറ്റുന്നത് ഏറ്റവും ഹീനകരമായ കൃത്യമാണ്. കാരണം, പരസ്പരമുള്ള സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും അടയാളമാണ് ഒരുമിച്ചു ഭക്ഷണം കഴിക്കുക എന്നത്. യേശുവിനെ ഒറ്റാനിരിക്കുന്നവൻ തങ്ങളിലൊരുവനാണെന്ന കാര്യം ആദ്യമായാണ് ശിഷ്യർ മനസ്സിലാക്കുന്നത്.

പീഡാനുഭവവിവരണം പുരോഗമിക്കുമ്പോൾ നാം കാണുന്ന പല വിശദാംശങ്ങളും നീതിമാന്റെ സഹനത്തെക്കുറിച്ചുള്ള സങ്കീർത്തനഭാഗങ്ങളുമായി അടുത്ത ബന്ധമുള്ളവയാണ്. കൊല്ലാനുള്ള ഗൂഢാലോചന(14:1; =സങ്കീ 10:7-8); ഒരുമിച്ചു ഭക്ഷണം കഴിച്ചിട്ട് വഞ്ചിക്കുന്നത് (14:18; =സങ്കീ41:9); അഗാധമായ ദുഃഖം (14:34; =സങ്കീ 42:5;43:5); പാപികൾക്ക് ഏല്പിക്കപ്പെടുന്നത് (14:41;=സങ്കീ 140:8); വധിക്കുന്നതിന് സാക്ഷ്യം അന്വേഷിക്കുന്നു (14:55 =സങ്കീ 37:32); കള്ളസാക്ഷികൾ (14:57=സങ്കീ 27:12; 35:11); കുറ്റമാരോപിക്കുന്നവരുടെ മുമ്പിലെ നിശബ്ദത (14:61=സങ്കീ 35:13); വസ്ത്രം വീതിക്കുന്നത് (15:24=സങ്കീ 22:18); തലകുലുക്കുന്നു, പരിഹസിക്കുന്നു (15:29; =സങ്കീ 22:7); നിന്നെത്തന്നെ രക്ഷിക്കുക (15:30 -33 =സങ്കീ 22:8); ഉപേക്ഷിക്കപ്പെട്ടവന്റെ വിലാപം (15:34=സങ്കീ 22:1); കുടിക്കാൻ വിനാഗിരി കൊടുക്കുന്നത് (15:36;=സങ്കീ 69:21); ദൂരെമാറിനിന്നു നോക്കി (15:40;=സങ്കീ 38:11).

**14:19-20,** അതു ഞാനല്ലല്ലോ എന്ന ചോദ്യം അല്ല എന്ന ഉത്തരം പ്രതീക്ഷിക്കുന്ന ചോദ്യമാണ്. സ്വന്തം നിഷ്കളങ്കതയാണ് ഇതിലൂടെ ശിഷ്യർ പ്രഖ്യാപിക്കുന്നത്. യേശുവിന്റെ ഉത്തരം ഒറ്റുകാരനെ അവിടുത്തേയ്ക്കു കൃത്യമായി അറിയാമെന്നതിന്റെ തെളിവാണ്. എന്നാൽ ഒറ്റുക്കാരന്റെ പേര് അവിടുന്നു പറയുന്നുമില്ല. ഇക്കാര്യങ്ങൾ യൂദാസിനെ മനസ്തപിക്കാൻ പ്രേരിപ്പിക്കേണ്ടതായിരുന്നു. പാത്രം (ട്രൂബ്ലിയോൺ) എന്നത് അത്തിപ്പഴം, ഈന്തപ്പഴം, ബദാം, വിനാഗിരി, എന്നിവയുടെ ചാറുകളുടെ മിശ്രിതമടങ്ങിയ കോപ്പയാണ്. എന്നോടൊപ്പം പാത്രത്തിൽ കൈമുക്കുന്നവൻ എന്നത് ഒറ്റുകാരൻ യേശുവിന്റെ അടുത്തിരുന്നവരിൽ ഒരുവനാണെന്നു സൂചിപ്പിക്കുന്നു. യേശുവിന്റെ തൊട്ടടുത്തിരിക്കുന്ന മൂന്നോ

നാലോ പേർക്കാണല്ലോ യേശു മുക്കുന്ന അതേ പാത്രത്തിൽത്തന്നെ മുക്കാൻ കഴിയുക.

**14:21,** തന്നെ ഒറ്റിക്കൊടുക്കുന്നത് പഴയനിയമത്തിൽ വെളിപ്പെടുത്തപ്പെട്ടിട്ടുള്ളതും തന്നെക്കുറിച്ചുള്ളതുമായ ദൈവികപദ്ധതിയുടെ ഭാഗമാണ്. എങ്കിലും ഒറ്റുന്നവന് അതിന്റെ പൂർണ്ണഉത്തരവാദിത്വമുണ്ട്. അവൻ അതിന് വലിയ വില കൊടുക്കേണ്ടിവരും.

**വിചിന്തനം: പാപത്തിന്റെ പുളിപ്പ്:** പെസഹാത്തിരുന്നാളിനുമുമ്പു തന്നെ പുളിപ്പും പുളിപ്പുചേർത്ത ഭക്ഷണസാധനങ്ങളുമെല്ലാം പൂർണ്ണമായി നീക്കംചെയ്യുക എന്നത് ഇസ്രായേൽ ഭവനങ്ങളിൽ കൃത്യമായി നടത്തുന്ന കാര്യമാണ്. പുറപ്പാട് 12:19-ൽ നിഷ്കർഷിക്കപ്പെട്ടിരിക്കുന്ന കാര്യമാണിത്. ബൈബിളിൽ പുളിപ്പ് ശ്ലാഘനീയമായ പ്രവർത്തിയുടെ മാതൃകയായി (മത്താ 13:33) അവതരിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും നിഷേധാത്മകാർത്ഥത്തിലാണ് അതു കൂടുതൽ ഉപയോഗിച്ചിരിക്കുന്നത് (മർക്കോ 8:15). പുളിമാവ് തിന്മയുടേയും ദുഃസ്വാധീനത്തിന്റെയുമൊക്കെ പ്രതീകമായി ബൈബിൾ ചിത്രീകരിച്ചിരിക്കുന്നു. പുളിപ്പ് മാവിനെ വീർപ്പിക്കുന്നതുപോലെ ചില തിന്മകൾ മനുഷ്യന്റെ അഹംഭാവത്തെ ഊതിവീർപ്പിക്കുന്നു; ഊതിവീർപ്പിക്കപ്പെട്ട അഹങ്കാരമാണല്ലോ പലതിന്മകളുടെയും മൂലകാരണം. നമ്മുടെ പുളിപ്പില്ലാത്ത അപ്പം യേശുവാണ്. 'നിങ്ങളിൽ ആർക്ക് എന്നിൽ കുറ്റമാരോപിക്കാൻ കഴിയും' (യോഹ 8:46) എന്ന യേശുവിന്റെ ചോദ്യം അത് ഉറപ്പിക്കുന്നു. നമ്മുടെ ഉള്ളിലേക്കു നോക്കാനും ഹൃദയത്തിലുള്ള പാപത്തിന്റെ പുളിപ്പ് നിർമ്മാർജ്ജനം ചെയ്യാനുമുള്ള ക്ഷണമാണ് പെസഹാക്കാലം നമുക്ക് നല്കുന്നത്.

***അനുഗ്രഹമാകുന്ന അനുസ്മരണം:** പെസഹാഭക്ഷണത്തെക്കുറിച്ച് പിന്നീടുണ്ടായ നിബന്ധനകൾ പഴയകാലഘട്ടത്തെ അനുസ്മരിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളവയായിരുന്നു. തീയിൽച്ചുട്ട ആട്ടിൻകുട്ടി പെസഹാക്കുഞ്ഞാടിനെ അനുസ്മരിപ്പിച്ചു; പുളിപ്പില്ലാത്ത അപ്പം ഈജിപ്തിൽനിന്ന് എത്ര ധൃതിപിടിച്ചാണ് പുറപ്പെട്ടതെന്ന കാര്യം ഓർമ്മിപ്പിക്കാനുള്ളതായിരുന്നു. മൂന്നുകഷണം റൊട്ടി മൂന്നു പൂർവ്വപിതാക്കന്മാരായ അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവരെയും നാലുകപ്പ് വീഞ്ഞ് മാതാമഹികളായ സാറാ, റബേക്കാ, റാഹേൽ, ലെയ എന്നിവരെയും സൂചിപ്പിക്കുന്നു. ഈജിപ്തിലെ അടിമത്തത്തിൻ കീഴിലുണ്ടായ കയ്പുനിറഞ്ഞ അനുഭവങ്ങളുടെ പ്രതീകമായിരുന്നു കയ്പ്പുള്ള ഇലകൾ; പച്ചിലകൾ മുക്കിക്കഴിക്കാൻ ഉപയോഗിച്ച ഉപ്പുവെള്ളം ഈജിപ്തിൽ പൊഴിച്ച കണ്ണീരിനെ ദ്യോതിപ്പിക്കുന്നതായിരുന്നു; പഴങ്ങളും അണ്ടിപ്പരിപ്പുകളും ഉപയോഗിച്ചു കുഴമ്പുരൂപത്തിലാക്കിയ മിശ്രിതം ഇഷ്ടികകൾ ഉറപ്പിക്കാൻ ഈജിപ്തിൽവച്ചുപയോഗിച്ച സിമന്റിന്റെ പ്രതീകമായിരുന്നു. ഈ ആഹാരപദാർത്ഥങ്ങളൊക്കെ ഈജിപ്തിലെ കഷ്ടതകളെ കൃത്യമായി അനുസ്മരിപ്പിക്കുകയും അതുവഴി ഇന്നനുഭവിക്കുന്ന ദൈവിക നന്മകളെ കൂടുതൽ വിലമതിക്കാൻ അവരെ സഹായിക്കുകയും ചെയ്തു. ദൈവം നമ്മുടെ ജീവിതത്തിൽ ചൊരിഞ്ഞിട്ടുള്ള നന്മകളെ വ്യക്തമായി ഓർക്കുകയും അമൂല്യമെന്ന് വിലമതിക്കുകയും ചെയ്യുമ്പോഴാണ് വി. കുർബ്ബാന

യഥാർത്ഥത്തിൽ നന്ദിപ്രകാശനമായി (യൂക്കരിസ്റ്റ് എന്നാൽ നന്ദിപ്രകാശനം എന്നാണല്ലോ അർത്ഥം) മാറുന്നത്.

***ആവേശം തരുന്ന പ്രതീക്ഷ:** പഴയതിന്റെ ഓർമ്മ മാത്രമല്ല വി. കുർബ്ബാന. കാരണം, ഒരു വാഗ്ദാനത്തോടുകൂടിയാണ് യേശു തന്റെ അന്ത്യത്താഴം അവസാനിപ്പിക്കുന്നത്: ദൈവരാജ്യത്തിൽ ഇതു നവമായി പാനം ചെയ്യുന്ന ദിവസംവരെ മുന്തിരിയുടെ ഫലത്തിൽനിന്ന് ഇനി ഞാൻ കുടിക്കുകയില്ല (14:25). ദൈവരാജ്യത്തിൽ മിശിഹായോടൊപ്പം ആസ്വദിക്കാനിരിക്കുന്ന നിത്യവിരുന്നിന്റെ മുന്നാസ്വാദനമെന്ന രീതിയിൽ വി. കുർബ്ബാന സന്തോഷപൂർവ്വകമായ ആഘോഷമാണ്.

## പുതിയ ഉടമ്പടി (14:22–26)

മർക്കോസ് സാൻഡ്‌വിച്ച് ടെക്നിക്ക് ഉപയോഗിക്കുന്ന മറ്റൊരുഭാഗമാണിത്. അന്ത്യത്താഴസമയത്ത് യേശു പറയുന്നതും ചെയ്യുന്നതുമെല്ലാം (14:22–25) യൂദാസിന്റെ വഞ്ചനയുടെയും (14:17–21) പത്രോസിന്റെ തള്ളിപ്പറയലിന്റെയും (14:26–31) സൂചനകൾക്കിടയിലാണ് വിവരിച്ചിരിക്കുന്നത്. ശിഷ്യരുടെ സ്വാർത്ഥതയുടെയും അവിശ്വസ്തതയുടെയും നടുവിൽനിന്നുകൊണ്ടാണ് യേശു തന്റെ ആത്മത്യാഗം നിർവ്വഹിക്കുന്നതെന്ന് ഇതിലൂടെ മർക്കോസ് വ്യക്തമാക്കുന്നു.

**14:22,** യഹൂദന്മാർ പെസഹാഭക്ഷണത്തിനുപയോഗിച്ചിരുന്ന പുളിപ്പില്ലാത്ത അപ്പമായിരുന്നിരിക്കണം യേശു ഉപയോഗിച്ചത്. ആശീർവദിച്ച് (*യുളോഗേസാസു*) എന്നതിന് ദൈവത്തെ സ്തുതിച്ചു, വാഴ്ത്തി എന്നാണർത്ഥം. ഭക്ഷണത്തിനു ദൈവത്തിനു നന്ദിപറയുകയും സ്തുതിയർപ്പിക്കുകയും ചെയ്യുന്ന യഹൂദരീതിയാണ് ഇവിടെ യേശു അനുവർത്തിക്കുന്നത്. ലൂക്കായിലും (ലൂക്കാ 22:19) കോറിന്തോസുകാർക്കുള്ള ലേഖനത്തിലും (1 കോറി 11:24) മർക്കോ 14:22 ലെ യുളോഗേസാസിനു സമാന്തരമായി യൂക്കരിസേത്സാസ് നന്ദിപറഞ്ഞു എന്ന് ഉപയോഗിച്ചിരിക്കുന്നതിൽ നിന്നും യേശു അപ്പം കയ്യിലെടുത്ത് ദൈവത്തെ സ്തുതിക്കുകയാണ് ചെയ്തതെന്ന് വ്യക്തമാണ്. അപ്പം ശിഷ്യന്മാർക്കും നല്കുന്നതു വഴി അവിടുന്നു തന്നെത്തന്നെ ശിഷ്യന്മാർക്കായി പങ്കുവയ്ക്കുകയാണ്. ഇതെന്റെ ശരീരമാണ് എന്ന യേശുവിന്റെ പ്രഖ്യാപനം ആ അർത്ഥത്തിൽത്തന്നെ നാം സ്വീകരിക്കണം. അപ്പം യേശുവിന്റെ ശരീരത്തിന്റെ പ്രതീകമാണെന്നോ, യേശുവിനെ അനുസ്മരിപ്പിക്കുന്നെന്നോ ഒക്കെയുള്ള വ്യാഖ്യാനങ്ങൾ യേശുവിന്റെ വാക്കുകളോടു നീതിപുലർത്തുന്നവയല്ല.

**14:23,** ഉടമ്പടിയുടെ രക്തം എന്ന പ്രയോഗം പുറപ്പാട് 24:8ൽ നാം കാണുന്നു. അവിടെ മോശ സീനായ്മലയുടെ അടിവാരത്തിൽ ബലിമൃഗങ്ങളുടെ രക്തം ജനങ്ങളുടെമേൽ തളിച്ചുകൊണ്ട് ദൈവവും ഇസ്രായേലുമായുള്ള ഉടമ്പടി മുദ്രവയ്ക്കുന്നു. ജറെമിയാ വാഗ്ദാനം ചെയ്ത പുതിയ ഉടമ്പടി (31:31–34) തന്റെ രക്തത്താൽ യേശു മുദ്രവയ്ക്കുന്നുവെന്നാണ് ഇവിടുത്തെ അർത്ഥം. യേശുവിന്റെ രക്തം “അനേകർക്കുവേണ്ടി ചിന്തപ്പെടുന്നു”വെന്നത് ഏശയ്യാ 53:12 നോടും ബന്ധിപ്പിക്കുകയും യേശു

വിന്റെ മരണത്തെ ബലിയർപ്പണമായി അവതരിപ്പിക്കുകയും ചെയ്യുന്നു. പുറ 24:8ഉം ഏശയ്യ 51:12 ഉം യേശുവിന്റെ മരണത്തെ മറ്റുള്ളവർക്കുവേണ്ടിയുള്ള ബലിയായി വ്യാഖ്യാനിക്കുന്നു. അനേകർക്ക് (പൊല്ലോൺ) എന്ന വാക്കിന് എല്ലാവർക്കും എന്ന അർത്ഥമാണുള്ളത് (ഏശയ്യ 53:11 –12). മനുഷ്യരിൽ കുറേപ്പേർക്ക് വേണ്ടിയല്ല മനുഷ്യവർഗ്ഗം മുഴുവനും വേണ്ടിയാണ് യേശുവിന്റെ മരണം.

**14:25,** മുന്തിരിയുടെ ഫലം എന്നത് വിരുന്നിനിടയിൽ പാനം ചെയ്യുന്ന വീഞ്ഞിനെയാണ് സൂചിപ്പിക്കുന്നത്. മെസയാനികവിരുന്നിനെക്കുറിച്ചാണ്(ഏശയ്യ 25:6–8;55:1–2;65:13 –14) ഇവിടെ യേശു പരാമർശിക്കുന്നത്. യേശുവിന്റെ അന്ത്യത്താഴം മെസയാനിക വിരുന്നിന്റെ മുന്നോടിയാണ്. യേശുവിന്റെ മരണം അവിടുത്തെ അവസാനമല്ല എന്നർത്ഥം. വി. കുർബ്ബാന വരാനിരിക്കുന്ന സ്വർഗ്ഗീയ വിരുന്നിനെക്കുറിച്ചു അനുസ്മരിപ്പിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രധാന ശ്രദ്ധാകേന്ദ്രം യേശുവിന്റെ മരണമാണ് (1കോറി 11:26).

**14:26,** പെസഹാഭക്ഷണത്തിനു യഹൂദർ പാടിയിരുന്ന സ്തോത്രഗീതം ഗ്രേറ്റ് ഹല്ലേൽ എന്നറിയപ്പെട്ടിരുന്ന 113–118;136 എന്നീ സങ്കീർത്തനങ്ങളാണ്. ഇതിന്റെ രണ്ടാം ഭാഗമാണ് (115–118) ഭക്ഷണത്തിനുശേഷം അവർ പാടിയിരുന്നത്. സ്തോത്രഗീതം ആലപിച്ചതിനുശേഷം യേശുവും ശിഷ്യന്മാരും ഒലിവുമരങ്ങൾ തിങ്ങിനിറഞ്ഞ ഒലിവുമലയിലേക്കു പോയി. ജറുസലെം നഗരത്തിന് ഏതാണ്ട് അരമൈൽ കിഴക്കായാണ് ഒലിവുമല സ്ഥിതിചെയ്യുന്നത്.

**വിചിന്തനം: 14:22–26, ഒറ്റലിലും ഒറ്റപ്പെടുത്തലിനുമിടയിലെ ആത്മദാനം:** സാൻഡ്‌വിച്ച് എന്ന മർക്കോസിന്റെ രചനാസങ്കേതം ഏറ്റവുമധികം ശ്രദ്ധിക്കപ്പെടുന്ന ഭാഗമാണ് 14:10–26. ഗുരുവിനോടുള്ള ശിഷ്യന്മാരുടെ പ്രതികരണങ്ങളുടെ നടുവിൽ ഗുരുവിന്റെ ആത്മദാനത്തിന്റെ കഥ മർക്കോസ് ഇവിടെ വിവരിച്ചിരിക്കുന്നു. യൂദാസിന്റെ ഒറ്റലിനെക്കുറിച്ചും (14:10–11) പത്രോസിന്റെ ഗുരുനിഷേധത്തെക്കുറിച്ചു (14:27–31) മുള്ള പരാമർശങ്ങൾക്കു നടുവിലാണ് യേശു തന്റെ ശരീരരക്തങ്ങൾ പകുത്തു നൽകുന്നതിന്റെ വിവരണം ചേർത്തിരിക്കുന്നത്. അതായത് യേശു മനുഷ്യവംശത്തോടുള്ള തന്റെ പരമമായ സ്നേഹത്തിന്റെ അടയാളമായി തന്നെത്തന്നെ മുറിച്ചുനൽകിയത് മനുഷ്യർക്ക് തന്നോടുള്ള സ്നേഹബഹുമാനങ്ങൾ ആവോളം സ്വീകരിച്ചതിന്റെ നിർവൃതിയിൽനിന്നുകൊണ്ടല്ല, പ്രത്യുത, മനുഷ്യന്റെ കണ്ണിൽച്ചോരയില്ലാത്ത സ്വാർത്ഥതയുടെയും നന്ദികേടിന്റെയും അവിശ്വസ്തതയുടേയുമെല്ലാം നീറ്റലനുഭവിച്ചുകൊണ്ടാണ് എന്നു ചുരുക്കം. മനുഷ്യർ തന്നോടുകാട്ടുന്ന കഠോരതമുന്നിൽ കണ്ടുകൊണ്ടുതന്നെയാണ് മനുഷ്യർക്കായി അവിടുന്നു തന്നെത്തന്നെ സമർപ്പിക്കുന്നത്.

സ്നേഹിക്കാൻ തീരുമാനിക്കുന്നവന് മറ്റുള്ളവർ തന്നോട് എന്തു ചെയ്തു, ചെയ്തുകൊണ്ടിരിക്കുന്നു, ചെയ്യാനിരിക്കുന്നു എന്നൊക്കെ ചിന്തിക്കാൻ അവകാശമില്ല. ഒരുപക്ഷേ, അങ്ങനെ നോക്കിയാൽ ഒരിക്കലും ആരെയും സ്നേഹിക്കാൻതന്നെ പറ്റിയില്ലെന്നുവരാം. ഒറ്റു

കൊടുക്കുന്നവർക്കും ഒറ്റപ്പെടുത്തുന്നവർക്കുമൊക്കെയിടയിലുള്ള ഒരു സ്നേഹസമർപ്പണമാണ് രക്ഷാകരമായ ക്രൈസ്തവജീവിതം.

## പത്രോസിന്റെ ഗുരുനിഷേധത്തെക്കുറിച്ച് (14:27-31)

യേശു പരാമർശിക്കുന്ന പഴയനിയമഭാഗം സഖ 13:7 ആണ്. യേശുവിന്റെ മരണവും ശിഷ്യരുടെ പലായനവുമാണ് സഖറിയാ പ്രവചിച്ചിരിക്കുന്നത്. ആടുകൾ ഇടയനെവിട്ടു എന്നേയ്ക്കുമായി മാറിപ്പോകുമെന്നല്ല സഖറിയാ ഉദ്ദേശിക്കുന്നത്. ഇടയൻ ആക്രമിക്കപ്പെടുന്നതുകണ്ട് ഭയചകിതരായി ആടുകൾ ഓടിപ്പോകുന്നതിനെക്കുറിച്ചാണ് സഖറിയാ സൂചിപ്പിക്കുന്നത്. അതുതന്നെയാണ് യേശുവിന്റെ കാര്യത്തിൽ സംഭവിച്ചതും. യേശു പിടിക്കപ്പെട്ടപ്പോൾ ശിഷ്യർ അവനെവിട്ട് ഓടിപ്പോയി. എന്നാൽ പിന്നീട് അവർ അവന്റെചുറ്റും ഒരുമിച്ചുകൂടുകയും ചെയ്തു. ഇടയൻ ആടുകൾക്കു മുമ്പേ പോകുന്നതുപോലെ താൻ അവരെ ഗലീലിയിലേക്കു നയിക്കുമെന്ന് യേശുതന്നെ വാഗ്ദാനം ചെയ്യുന്നു.

**14:29-30,** താൻ യേശുവിനെ ഉപേക്ഷിക്കാനുള്ള സാദ്ധ്യത ഉൾക്കൊള്ളാൻ പത്രോസിനായില്ല. എല്ലാവരും യേശുവിനെ ഉപേക്ഷിച്ചാലും താൻ അവരിൽനിന്നെല്ലാം വ്യത്യസ്തനായി യേശുവിനോടു വിശ്വസ്തത പുലർത്തുമെന്ന് പത്രോസ് പ്രഖ്യാപിക്കുന്നു. എന്നാൽ മറ്റെല്ലാവരിൽനിന്നും വ്യത്യസ്തനായി പത്രോസു മൂന്നുപ്രാവശ്യം തന്നെ നിഷേധിച്ചു പറയുമെന്ന് യേശു പ്രവചിക്കുന്നു. പത്രോസ് യേശുവിനെ നിഷേധിക്കുന്ന കാര്യം ഉറപ്പാണെന്നു മാത്രമല്ല ഉടനടിയുണ്ടാകുമെന്നും യേശു വ്യക്തമാക്കുന്നു. "ഈ രാത്രി:" ഇത്രമാത്രം ആത്മവിശ്വാസം പ്രകടിപ്പിച്ച ഈ രാത്രിയിൽത്തന്നെ നീ പരാജയപ്പെടും.

**14:31,** യേശുവിന്റെ മുന്നറിയിപ്പ് പത്രോസിനെ തന്റെ ബലഹീനതയെക്കുറിച്ച് അവബോധമുള്ളവനാക്കേണ്ടതായിരുന്നു. എങ്കിൽ ശക്തിതരണമേയെന്ന് പത്രോസ് പ്രാർത്ഥിക്കുമായിരുന്നു. എന്നാൽ, യേശു പറഞ്ഞത് തെറ്റാണെന്നു താൻ തന്റെ മരണംകൊണ്ടു തെളിയിക്കുമെന്ന പ്രഖ്യാപനമാണു പത്രോസു നടത്തുന്നത്. താൻ എത്ര ബലഹീനനാണെന്നു പത്രോസു മനസിലാക്കിയില്ല. അതുകൊണ്ട് പരാജയത്തിലൂടെ അവന് പാഠം പഠിക്കേണ്ടതായിവന്നു. യേശു നല്കിയ മുന്നറിയിപ്പ് അവഗണിക്കുന്ന കാര്യത്തിൽ പത്രോസു മറ്റു ശിഷ്യന്മാർക്ക് ദുർമാതൃകയായി. യേശുവിനോടുള്ള നമ്മുടെ വിശ്വസ്തത വെല്ലുവിളികൾ നേരിടുമ്പോൾ നമ്മുടെ ഉദ്ദേശ്യശുദ്ധിയിലും ആത്മാർത്ഥതയിലും പ്രതിബദ്ധതയിലും ആശ്രയിക്കുന്നതിനുപകരം കുറവുകളെ സദാ പരിഹരിക്കുന്നവനും ആവശ്യമായ കൃപ തക്കസമയത്ത് നല്കുന്നവനുമായ ദൈവത്തിലാണ് നാം ആശ്രയിക്കേണ്ടതെന്ന് (cf.9:14-29) ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നു.

മർക്കോസിന്റെ സുവിശേഷത്തിന്റെ ആദ്യ വായനക്കാർ ഈ സുവിശേഷം വായിക്കുമ്പോഴേക്കും പത്രോസ് രക്തസാക്ഷിയായിക്കഴിഞ്ഞിരുന്നു. പത്രോസ് തന്റെ വാക്കു പാലിച്ചതായി ആദ്യവായനക്കാർ തിരിച്ചറിഞ്ഞിട്ടുണ്ടാകും.

## ഗത്സെമനിയിൽ പ്രാർത്ഥിക്കുന്നു (14:32-42)

ഈശോയുടെ വിനയവും ദൈവാശ്രയത്വവും എന്നാൽ അതിനുവിപരീതമായി പത്രോസിന്റെ സ്വാശ്രയത്വവുമാണ് നാമിവിടെ കാണുന്നത്. ഈശോയുടെ മനുഷ്യത്വത്തിന്റെ നിസ്സഹായത നാമിവിടെ വ്യക്തമായി കാണുന്നു. തന്റെ കഷ്ടതകളിലൂടെ ഭയലേശമെന്യേ കടന്നുപോകുന്ന ഒരു വീരപുരുഷനായിട്ടില്ല, മരണത്തോളം ദുഃഖിതനായ ഒരു സാധാരണ മനുഷ്യനായിട്ടാണു യേശുവിനെ നാമിവിടെ കാണുന്നത്.

**14:32-34,** ഗത്സെമനി എന്ന വാക്കിന്റെ അർത്ഥം എണ്ണച്ചക്ക് എന്നാണ്. ഒലിവുമലയിലെ ഒരു ചെറിയ തോട്ടമായിരുന്നുവത്. അതിന്റെ പ്രവേശനകവാടത്തിനടുത്ത് തന്റെ എട്ടുശിഷ്യന്മാരെയുമിരുത്തി (ശിഷ്യന്മാരെന്ന് യേശുവിന്റെ കൂടെയുണ്ടായിരുന്നവരെ ഇനി വിശേഷിപ്പിക്കുന്നത് 16:7 ലാണ്). പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ടു കുറച്ചുകൂടി മുന്നോട്ടുപോയി. മൂവരും തന്റെ മഹത്വം കണ്ട ശിഷ്യരാണ്. ഇപ്പോൾ തന്റെ വേദനകൾക്കുസാക്ഷ്യം വഹിക്കാനും തനിക്കു സാമാശ്വാസമേകാനുമാകണം യേശു അവരെ കൂടെകൂട്ടിയത്. യേശു മുമ്പും പലതവണ വന്നിട്ടുള്ള സ്ഥലമായിരുന്നു ഗത്സെമനി (ലൂക്കാ 22:39; യോഹ 18:2). "പര്യാകുലനാകാനും അസ്വസ്ഥനാകാനും തുടങ്ങി" എന്നത് ഭയവും ഉത്കണ്ഠയും സംശയവുമെല്ലാം കൂടിച്ചേർന്ന തീവ്രമായ വികാരത്തെയാണു സൂചിപ്പിക്കുന്നത്. വരാനിരിക്കുന്നവയെക്കുറിച്ചുള്ള മുന്നറിവ് ആസന്നമായ മരണത്തിനു മുന്നിലുള്ള യേശുവിന്റെ വൈകാരിക വിഷമതകളെ ഇല്ലാതാക്കുകയല്ല, തീക്ഷ്ണമാക്കുകയാണു ചെയ്യുന്നത്.

**14:34,** തന്റെ ദുഃഖം തന്നെ കൊല്ലാൻ മാത്രം ശക്തമാണെന്ന് യേശു വെളിപ്പെടുത്തുന്നു.

**14:35-36,** "മണിക്കൂർ" യേശുവിന്റെ മരണത്തിന്റെ മണിക്കൂറാണ്. സാദ്ധ്യമെങ്കിൽ എന്നത് ദൈവത്തിനു കഴിയുമെങ്കിലെന്ന അർത്ഥത്തിലല്ല, ദൈവത്തിന് ഇഷ്ടമെങ്കിൽ എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്. തന്റെ മരണം കൂടാതെ മനുഷ്യരക്ഷാകർമ്മം സാധിക്കാൻ ദൈവം മനസ്സാകുന്നെങ്കിൽ എന്നാണതിനർത്ഥം. തന്റെ ശിഷ്യന്മാർ തന്നിൽ ഇടറി ചിതറിപ്പോകുന്നതും അവരാൽ ഒറ്റപ്പെട്ടും തള്ളിപ്പറയപ്പെട്ടും ശത്രുക്കളാൽ ക്രൂരമായി പീഡിപ്പിക്കപ്പെട്ടും താൻ മരിക്കുന്നതുമായ രംഗങ്ങളെക്കുറിച്ചുള്ള അറിവുതന്നെ ജീവനെടുക്കാൻ മാത്രം ശക്തമാണ്. ഇത്തരമൊരുമരണത്തിൽനിന്ന് തന്നെ രക്ഷിക്കാൻ യേശു പിതാവിനോട് പ്രാർത്ഥിക്കുന്നു. യഹൂദർ ദൈവത്തെ ആബാ എന്നു വിളിക്കില്ലായിരുന്നു. അത്രയും അടുപ്പത്തോടെ ദൈവനാമം കൈകാര്യം ചെയ്യുന്നത് ബഹുമാനക്കുറവായാണ് അവർ മനസ്സിലാക്കിയിരുന്നത്. ദൈവത്തിന്റെ സ്വഭാവത്തിനു നിരക്കുന്ന എല്ലാം ദൈവത്തിനു സാദ്ധ്യംതന്നെയെന്ന വിശ്വാസം യേശു പ്രഖ്യാപിക്കുന്നു. പീഡാസഹനവും മരണവുമാണ് "പാനപാത്ര" മെന്നതുകൊണ്ടുദ്ദേശിക്കുന്നത്. "എന്റെ ഹിതമല്ല, അവിടുത്തെ ഹിതം മാത്രം" എന്നു പറഞ്ഞുകൊണ്ടാണ് യേശു തന്റെ പ്രാർത്ഥന അവസാ

നിപ്പിക്കുന്നത്. യേശുവിന്റെ ജീവിതം മുഴുവൻ പിതാവിന്റെ ഇഷ്ടാനിഷ്ടങ്ങളുടെ നിർവ്വഹണമായിരുന്നു. യേശുവിന്റെ കുടുംബാംഗങ്ങൾക്കെല്ലാവർക്കും മാതൃകയായി (3:35) അവിടുന്നു ദൈവവേഷ്ടത്തിനു തന്നെത്തന്നെ സമർപ്പിച്ചു. യേശുവിന്റെ പീഡാസഹനവും മരണവും ദൈവികപദ്ധതിയുടെ ഭാഗമാണെന്നും അത് ഏറ്റെടുക്കാൻ യേശു സന്നദ്ധനായിരുന്നുവെന്നും യേശുവിന്റെ പ്രാർത്ഥന വ്യക്തമാക്കുന്നു. "ആബ്ബാ, പിതാവേ" എന്ന വിളിയും "എന്റെ ഹിതമല്ല അങ്ങയുടെ ഹിതം മാത്രം" എന്ന പ്രാർത്ഥനയും യേശുവിന്റെ ഗത്സെമിനിയിലെ പ്രാർത്ഥനയിലും കർതൃപ്രാർത്ഥനയിലും പൊതുവായിക്കാണുന്ന ഘടകങ്ങളാണ്.

**14:37,** പത്രോസിന്റെ ആത്മവിശ്വാസം കലർന്ന പ്രഖ്യാപനത്തിന്റെ പശ്ചാത്തലത്തിലാകാം (വാ. 29,31) യേശു പത്രോസിനെ പേരെടുത്തു വിളിച്ച് ഇപ്രകാരം ചോദിക്കുന്നത്. പത്രോസിന്റെ ആദ്യത്തെ പേരായ ശിമയോൻ എന്ന പേര് യേശു ഇവിടെ ഉപയോഗിക്കുന്നത് പത്രോസിന്റെ സ്വതവേയുള്ള ബലഹീനതയെ സൂചിപ്പിക്കാനാകാം.

**14:38,** പ്രലോഭനങ്ങളിൽ ഉൾപ്പെടുത്താതിരിക്കാനുള്ള പ്രാർത്ഥനയും കർതൃപ്രാർത്ഥനയുടെ ഭാഗമാണ്. ഉണർന്നിരിക്കുകയും (13:34, 35,37) പ്രാർത്ഥിക്കുകയും ചെയ്യേണ്ടത് പ്രലോഭനങ്ങളെ അതിജീവിക്കാൻ ആവശ്യമാണ്. ആത്മാവും ശരീരവും പരസ്പരം പോരടിക്കുന്ന മനുഷ്യനിലെ രണ്ടു വ്യത്യസ്തശക്തികളാണ്. മനുഷ്യനിലെ ആത്മീയവശവും മൃഗീയമാനവുമാണ് അവ പ്രതിനിധാനം ചെയ്യുന്നത്. മരണംവരിച്ചും യേശുവിനോടൊപ്പം നില്ക്കാൻ ആത്മാവു സന്നദ്ധമാണ്. എന്നാൽ ശരീരം ബലഹീനമാണ്. അത് സഹനത്തെയും മരണത്തെയും ഭയപ്പെടുന്നു. ശരീരത്തിന്റെമേൽ ആത്മാവിന് വിജയം വരിക്കണമെങ്കിൽ പ്രാർത്ഥനകൊണ്ട് ആത്മാവിനെ ശക്തിപ്പെടുത്തണം.

**39–40,** തന്നോടൊപ്പം ഉണർന്നിരിക്കാനും തനിക്കു ശക്തിപകരാനും പരാജയപ്പെട്ട ശിഷ്യന്മാരുടെപക്കൽനിന്ന് യേശു തന്നെ എന്നും താങ്ങിനിറുത്തുന്നവനായ പിതാവിന്റെ പക്കലേയ്ക്കു തിരിച്ചുപോകുന്നു. ദൈവത്തോട് അവിടുത്തെ മനസ്സുമാറ്റാൻ ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെടുന്നത് ബൈബിളിന്റെ വീക്ഷണത്തിൽ ദൈവത്തോടുള്ള ബഹുമാനക്കുറവിന്റെ സൂചനയല്ല. മോശയും (പുറ 32:10–14) ഹെസെക്കിയായും (2 രാജാ 20:1–6) അതുതന്നെ ചെയ്യുന്നുണ്ട്. അത്തരം പ്രാർത്ഥന ദൈവത്തിനെതിരായ മറുതലിപ്പല്ല, പ്രസ്തുത ദൈവത്തിന്റെ സ്നേഹത്തിലും നീതിയിലുമുള്ള വിശ്വാസത്തിന്റെ പ്രകടനമാണ്. ശിഷ്യന്മാർ മറുപടി പറയാതിരുന്നത് അവരുടെ പ്രവൃത്തിയിൽ അവർതന്നെ ലജ്ജിതരായതുകൊണ്ടാകാം.

**14:41–42,** വലിയ ആത്മീയ ശക്തിയുണ്ടെന്നു സ്വയം വിചാരിച്ച ശിഷ്യരുടെ ആത്മീയമായ പാപ്പരത്വമാണ് പ്രാർത്ഥിക്കാൻ പറ്റാതെ കിടന്നുറങ്ങുന്നതിൽ നാം കാണുന്നത്. പ്രാർത്ഥനയിലുള്ള യേശുവിന്റെ സ്ഥിരത ദൈവത്തിലുള്ള അവിടുത്തെ സമ്പൂർണ്ണമായ ആശ്രയത്തിന്റെ പ്രകടനമാണ്. പ്രാർത്ഥിച്ചുകൊണ്ടാണ് കുരിശെടുക്കാൻ യേശു ഒരുങ്ങുന്നത്.

ഒരു പ്രാർത്ഥനയോടെ കുരിശിൽ അവൻ മരിക്കുകയും ചെയ്തു (എന്റെ ദൈവമേ....) ഗത്സെമനിയിൽ പ്രാർത്ഥിച്ചൊരുങ്ങിയതുകൊണ്ടാണ് തന്റെ ശത്രുക്കൾ അടുത്തെത്തിയിട്ടും ഭഗ്നാശനാകാതെ നില്ക്കാൻ അവന് സാധിച്ചത്.

**വിചിന്തനം: ഗത്സെമനിയിലെ ഉണർത്തുവിളി:** പതിനൊന്നായി ചുരുങ്ങിയ തന്റെ ഏറ്റവും അടുത്ത സുഹൃത്സംഘവുമായാണ് യേശു ഗത്സെമനിയിലെത്തിയത്. അതിൽ മൂന്നുപേരെ, (താബോർ) മലമുകളിൽ തന്റെ സ്വർഗ്ഗീയ മഹത്വം ദർശിച്ച പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ ഭൂമിയിലെ തന്റെ ദയനീയത നേരിട്ടുകാണാനും അവൻ ക്ഷണിച്ചു. അവന്റെ പര്യാകുലതയും അസ്വസ്ഥതയും അവർക്കു മനസ്സിലാകാഞ്ഞിട്ടോ എന്തോ അവൻ അതിന്റെ കാരണം വെളിപ്പെടുത്തി, 'എന്റെ ആത്മാവു മരണത്തോളം ദുഃഖിതമായിരിക്കുന്നു.' എന്നിട്ട് ഒന്നേ അവൻ അവരോട് ആവശ്യപ്പെട്ടുള്ളൂ, 'നിങ്ങൾ ഇവിടെ ഉണർന്നിരിക്കുവിൻ.' എങ്കിലും ദുഃഖംകൊണ്ടുതന്നെ മരണത്തിന്റെ വക്കിലെത്തിയിരിക്കുന്ന അവനോടൊപ്പം ഉണർന്നിരിക്കാൻ അവർക്കു കഴിഞ്ഞില്ല.

'ഒരു മണിക്കൂർ ഉണർന്നിരിക്കാൻ നിനക്കു കഴിഞ്ഞില്ലേ' എന്ന യേശുവിന്റെ ചോദ്യം ഹൃദയഭേദകമായിരുന്നു. അവൻ അവരെ കൂടെക്കൊണ്ടുവന്നതുതന്നെ അവരുടെ സാന്നിദ്ധ്യത്തിന്റെ ആശ്വാസം തേടിയായിരുന്നിരിക്കണം. എന്നാൽ അവർ സുഭിക്ഷമായ ഭക്ഷണം കഴിച്ചു കിടന്നുറങ്ങുയായിരുന്നു. യേശുവിന്റെ രോദനം ബധിര കർണ്ണങ്ങളിലാണു പതിച്ചത്. യേശുവിന്റെ വേദന കാണാൻ അവിടെയാരും ഉണർന്നിരിപ്പുണ്ടായിരുന്നില്ല. തങ്ങളുടെ വേദനകളോട് സഹതപിക്കുന്നവരാരുമില്ല എന്ന് ദുഃഖിക്കുന്നവർക്ക് മുമ്പേ നടക്കുകയായിരുന്നു യേശു.

രോഗക്കിടക്കയിലായിരിക്കുമ്പോൾ, ഡോക്ടർ തങ്ങളെ വേണ്ടത്ര ശ്രദ്ധിക്കുന്നുണ്ടോ, നേഴ്സുമാർ അശ്രദ്ധമായാണോ തങ്ങളെ പരിചരിക്കുന്നത്; ചെയ്യേണ്ട കാര്യങ്ങളൊക്കെ വീട്ടുകാർ താത്പര്യത്തോടെ ചെയ്യുന്നുണ്ടോയെന്നൊക്കെയുള്ള സംശയങ്ങൾ പ്രത്യേകിച്ച് പ്രായമായവർക്കൊക്കെ ഉണ്ടാവുക സ്വാഭാവികമാണ്. നാം ജീവിക്കുന്ന നമ്മുടെ കുടുംബമെന്ന ഗത്സെമനിയിൽ, ആരും നമ്മുടെ ദുഃഖങ്ങൾക്കും വേദനകൾക്കുംനേരേ, ആകുലതകൾക്കും ആവശ്യങ്ങൾക്കുംനേരേ കണ്ണുതുറന്നിരുപ്പില്ലെന്ന്, ഉണർന്നിരുപ്പില്ലെന്ന് വേദനയോടെ തിരിച്ചറിയുന്ന അവസരങ്ങളുണ്ടാകാം.

നമ്മുടെ ചുറ്റും ഇതുപോലെയുള്ള ഗത്സെമനി അനുഭവത്തിലൂടെ കടന്നു പോകുന്നവരുണ്ട്; തങ്ങളുടെ ഗത്സെമനിയിൽ നിറുത്താതെ പ്രാർത്ഥിക്കുന്നവർ, രക്തം വിയർക്കുന്നവർ. അവരോടൊപ്പം ഉണർന്നിരിക്കാൻ, അവരുടെ വിഹ്വലതകളിലേക്ക് നോട്ടം അയയ്ക്കാൻ നമുക്കു കഴിയുന്നുണ്ടോ? നിസംഗതയുടെയും നിർവ്വികാരതയുടെയും ആലസ്യത്തിൽ അമരുകയാണ് എളുപ്പവും സുഖവും. പക്ഷേ നമ്മുടെ സ്നേഹവും ബഹുമാനവും കരുതലും കരുണയുമൊക്കെ കാത്തിരിക്കുന്നവരിലേക്കു കടന്നു ചെല്ലുവാനുള്ള ഉണർത്തുമണിയാണ് ഗത്സെമനി.

*** ഗത്സെമനിയുടെ പാഠം:** നമുക്ക് ഏറ്റവും പ്രിയപ്പെട്ടവരുടെ ഏറ്റവും നിർണ്ണായകനിമിഷങ്ങളിൽ അവരുടെ നിരന്തരമായ സഹായാപേക്ഷ അവ ഗണിച്ചുകൊണ്ടുപോലും നമ്മുടെ സുഖലോലുപതയുടെയും സ്വാർത്ഥ തയുടെയും ആലസ്യത്തിൽ നാം മുഴുകാൻ സാദ്ധ്യതയുണ്ടെന്ന ദുഃഖക രമായ പാഠം ഗെത്സെമൻ തോട്ടത്തിൽ യേശുവിനോടുള്ള അവന്റെ ശിഷ്യ ന്മാരുടെ സമീപനം നമ്മെ പഠിപ്പിക്കുന്നു.

## യൂദാസ് ഒറ്റിക്കൊടുക്കുന്നു (14:43–52)

യൂദാസ് പന്ത്രണ്ടു പേരിലൊരുവനായിരുന്നുവെന്ന് സമാന്തരസുവി ശേഷകർ പലകുറി ആവർത്തിക്കുന്നുണ്ട് (വാ. 43). വായനക്കാരന് അറി യാവുന്ന ഇക്കാര്യം ആവർത്തിക്കുന്നത് യൂദാസിന്റെ വഞ്ചനയുടെ കാഠി ന്യം വ്യക്തമാക്കുന്നതിനാണ്. യേശുവിന്റെ ഏറ്റവും അടുത്ത ശിഷ്യരിൽ ഒരുവൻ തന്നെയാണ് അവിടുത്തോട് ഏറ്റവും കടുത്ത അവിശ്വസ്തത കാട്ടിയത്. സാൻഹെദ്രിന്റെ അനുമതിയോടുകൂടി വന്ന ജനക്കൂട്ടത്തെ യൂദാസാണ് നയിച്ചത്. ജനക്കൂട്ടത്തിൽ ജറുസലെം ദേവാലയം കാത്തി രുന്ന യഹൂദപോലീസും റോമൻ പട്ടാളക്കാരുമുണ്ടായിരുന്നു. പോലീസ് സേന വടികളും റോമൻ പട്ടാളക്കാർ വാളുകളുമായാണെത്തിയത്.

ഒരേസമയം യൂദാസിന് പണവും അത്താഴവും നഷ്ടപ്പെട്ടു. അതാണ് ധനമോഹം വരുത്തിവയ്ക്കുന്ന വിന (ക്രിസോസ്റ്റോം).

**14:44–46,** സൗഹൃദത്തിന്റെ എല്ലാപ്രകടനങ്ങളെയും യൂദാസു ദുരു പയോഗിക്കുകയാണ്. ഒരുമിച്ച് ഭക്ഷണം കഴിച്ചിട്ട് ശത്രുപാളയത്തിലേ ക്കുപോയ യൂദാസ് ഇപ്പോൾ അവരോടൊപ്പമെത്തി, സ്നേഹത്തിന്റെ ഊഷ്മളമായ ചുബനംകൊണ്ട് ഗുരുവിനെ ഒറ്റുന്നു. ശിഷ്യന്മാർ തങ്ങളുടെ റബ്ബിമാരെ ചുംബിച്ചുകൊണ്ടാണ് അഭിവാദ്യം ചെയ്തിരുന്നത്. സ്നേഹ ത്തിന്റെ ഈ അടയാളം വഞ്ചനയ്ക്കുള്ള മറയാക്കിയത് യൂദാസിന്റെ തെറ്റിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. പെസഹാതിരുനാളിൽ ജറുസലേം മുഴുവൻ ജനനിബിഡമാകും. ഈ തിരക്കിനിടയിൽ യേശുവിനെ കണ്ടുപി ടിക്കാനും തിരിച്ചറിയാനും എളുപ്പമല്ല, ഒലിവുതോട്ടത്തിലെ ഇരുട്ടിൽ അത് തീർത്തും ബുദ്ധിമുട്ടായിരിക്കും. മാത്രവുമല്ല, യേശുവിനെ പിടിക്കാൻവന്ന ഔദ്യോഗിക റോമൻ പാട്ടാക്കാർക്ക് യേശുവിനെ തിരിച്ചറിയാനും കഴിയു മായിരുന്നിരിക്കില്ല. യൂദാസിന് യേശു എവിടെയുണ്ടാകുമെന്നു ഊഹി ക്കാനും കണ്ടാലുടൻ തിരിച്ചറിയാനും എളുപ്പമായിരുന്നു.

എത്ര കുലീനതയോടെയാണ് യേശു തിന്മയെ സഹിച്ചത്? തന്റെ ഒറ്റുകാരനെ അവിടുന്നു ചുംബിച്ചു: ചുംബനത്തെക്കാൾ മൃദുവായ വാക്കുകൾ അവനോടു പറയുകയും ചെയ്തു. നികൃഷ്ടനെന്ന് യേശു അവനെ വിളിച്ചില്ല; ഇത്ര വലിയ കാരുണ്യത്തിനു പകരമായി ഇതാണോ ചെയ്യുന്നതെന്നും ചോദിച്ചില്ല. അടുത്ത സൗഹൃദത്തിന്റെ അടയാളമായി യൂദാസ് എന്ന വിളിപ്പേരാണ് (വീട്ടുപേരല്ല) അവിടുന്ന് ഉപയോഗിക്കുന്നത്. അത് വിദ്വേഷത്തിന്റെ സ്വരമല്ല. അപരന്റെ തിരിച്ചുവരവിനു ശ്രമിക്കുന്ന വന്റെ സ്വരമാണ് (അലക്സാണ്ട്രിയായിലെ ഡയനീഷ്യസ്)

എന്തുകൊണ്ടാണ് യേശു യൂദാസിനെ തിരഞ്ഞെടുത്തത്, സഭയിൽ വ്യാജപ്രബോധകരുണ്ടായിരിക്കാം; എങ്കിലും യഥാർത്ഥ പ്രബോധനം സഭയിൽത്തന്നെയാണുള്ളതെന്നു പഠിപ്പിക്കാനാണത്. യൂദാസ് മരിച്ചെങ്കിലും അവന്റെ കസേര ഒഴിഞ്ഞല്ല കിടക്കുന്നത് (എഫ്രേം).

**14:47,** മർക്കോസ് പത്രോസിന്റെ ശിഷ്യനാകയാലാകാം പ്രധാനസേവകന്റെ ദൂതനെ വെട്ടിയത് പത്രോസാണെന്ന് വെളിപ്പെടുത്താത്തത് (യോന 18:10). ലൂക്കാ 22:50–51 അനുസരിച്ച് യേശു ആ മനുഷ്യനെ സുഖപ്പെടുത്തുകയും ചെയ്തു. ഒത്താരിയോൺ എന്ന വാക്കു സൂചിപ്പിക്കുന്നത് ചെവിയുടെ ഒരു ഭാഗം മാത്രമാണ് ഛേദിച്ചതെന്നാണ്. പത്രോസ് വളരെയധികം ആത്മപ്രശംസനടത്തി; വളരെക്കുറച്ചു മാത്രം പ്രാർത്ഥിച്ചു; അതുകൊണ്ട് വളരെ അക്രമാസക്തനായിത്തീരുകയും ചെയ്തു.

**14:48–50,** തന്നെ പിടിക്കാൻ വന്നവരിൽനിന്ന് ഓടിയൊളിക്കാനോ, അവരെ ആക്രമിക്കാനോ യേശു തുനിഞ്ഞില്ല. തന്റെ പ്രബോധനങ്ങൾ രഹസ്യമാക്കിവയ്ക്കാനും അവൻ ശ്രമിച്ചില്ല. അവൻ ജനങ്ങളുമായി സ്വതന്ത്രമായി ഇടപെടുകയും ദേവാലയത്തിൽ പരസ്യമായി പഠിപ്പിക്കുകയും ചെയ്തിരുന്നു. എന്നിട്ടും തന്റെ ശത്രുക്കൾ രാത്രിയിൽ, വടികളും, വാളുകളുമായി തന്നെ പിടിക്കാൻ വന്നിരിക്കുന്നത് അവരുടെ പ്രവൃത്തിയ്ക്ക് നീതീകരണമൊന്നുമില്ലാത്തതുകൊണ്ടാണെന്ന് യേശു ചൂണ്ടിക്കാണിക്കുന്നു. രാത്രിയിൽ, രഹസ്യത്തിൽ ബലമായി, തന്നെ പിടിക്കുന്നത് അന്യായമാണെങ്കിലും അതു വി. ലിഖിതപ്രകാരമാണെന്ന് (ഏശയ്യ 53:3,7–9,12; സക്ക 13:7) യേശു കൂട്ടിച്ചേർക്കുന്നു. ആത്മരക്ഷാർത്ഥംപോലും ബലം പ്രയോഗിക്കാൻ യേശു തയ്യാറാകുന്നില്ലെന്നു കണ്ട ശിഷ്യന്മാർ പ്രാണരക്ഷാർത്ഥം യേശുവിനെ ഉപേക്ഷിച്ച് ഓടിപ്പോകുന്നു. എല്ലാ ശിഷ്യന്മാരും ഒരുമിച്ചു പരാജയപ്പെടുന്ന ഭാഗമാണിത്.

**14:51–52,** മർക്കോസു മാത്രമാണ് ഈ രംഗം സുവിശേഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യുവാവ് (നെയാനിക്സോസ്) 24-നും 40-നും ഇടയ്ക്കു പ്രായമുള്ളയാളാണ്. യേശുവിനെ പിടിക്കാൻപോയ ജനക്കൂട്ടത്തിന്റെ ആരവം കേട്ടായിരിക്കാം അയാൾ ഉറക്കത്തിൽനിന്നു എഴുന്നേറ്റത്. കട്ടിലിൽനിന്ന് എഴുന്നേറ്റപ്പോൾ ശരീരം മറയ്ക്കാൻ ഉപയോഗിച്ച ഒരു പുതുപ്പു മാത്രമേ അയാൾ ധരിച്ചിരുന്നുള്ളൂ. ഈ യുവാവു സുവിശേഷകനായ മർക്കോസുതന്നെയാണെന്നാണ് പൊതുവേയുള്ള നിഗമനം. മർക്കോസിന്റെ അമ്മയ്ക്കു ജറുസലേം നഗരത്തിൽ ഒരു വീടുണ്ടായിരുന്നുതാനും (അപ്പ 12:12). ഉടുതുണിയുപേക്ഷിച്ചുപോലും അയാൾക്ക് ഓടിപ്പോകേണ്ടിവന്നുവെന്നത് ശിഷ്യന്മാർ എത്രയോ വലിയ അപകടത്തിലാണ് ഉൾപ്പെട്ടിരുന്നതെന്നു വ്യക്തമാക്കുന്നു.

**വിചിന്തനം: ഒറ്റുകാശുണ്ടോ കീശയിൽ?** മറ്റു ശിഷ്യന്മാരിൽനിന്ന് എത്രയോ വ്യത്യസ്തനായിരുന്നു യൂദാസ്? മറ്റു ശിഷ്യന്മാർ യേശുവിനുവേണ്ടി എന്തെങ്കിലും ചെയ്തുകൊടുക്കാനുള്ള സന്നദ്ധത കാട്ടിയപ്പോൾ (14:12) യൂദാസ് യേശുവിനെ ഒറ്റുകൊടുക്കാനാണ് ആലോചിച്ചത് (14:11). തനിക്ക് എന്തു നല്കാനാകുമെന്ന സ്നേഹചിന്തയല്ല തനിക്ക് എന്തുകിട്ടുമെന്ന സ്വാർത്ഥചിന്തയാണ് അവനെ ഭരിച്ചത് (മത്താ 26:15).

യേശു ഉന്നതനായ റബ്ബിയാണെന്ന്, ശക്തനായ അത്ഭുതപ്രവർത്ത കനാണെന്ന്, വിശുദ്ധനായ പ്രവാചകനാണെന്ന് യൂദാസു തീർച്ചയായും അറിഞ്ഞിരുന്നതാണ്. എന്നിട്ടുമെന്തേ അടിമയുടെ വിലയായ വെറും മുപ്പതു വെള്ളിക്കാശിന് (മത്താ 26:15; പുറ 21:32; സഖ 11:12–13) യേശു വിനെ ഒറ്റാൻ യൂദാസ് തയ്യാറായത്? ഈ ചോദ്യം നാം നമ്മോടുതന്നെ ചോദിക്കുന്നതാണ് ഉചിതം. നാം യൂദാസിൽനിന്നു വിഭിന്നരാണോ? ഒറ്റു കാശായ മുപ്പതു വെള്ളിക്കാശിന്റെ കിലുക്കം നമ്മുടെ കീശയിൽനിന്നും മുഴങ്ങുന്നുണ്ടാവില്ലേ? നിസ്സാരനേട്ടങ്ങൾക്കുവേണ്ടി നാം ദൈവത്തെ മറന്ന അവസരങ്ങളില്ലേ? മദ്യവും മയക്കുമരുന്നും നല്കുന്ന സുഖം വാങ്ങാ നായി കുടുംബസമാധാനം വിറ്റുതുലയ്ക്കുന്നവർ എത്രയധികമാണ്? അവിഹിതസുഖങ്ങൾക്കുവേണ്ടി ഭാര്യയെയും മക്കളെയും, ജോലിയും സത്പേരും ഭാവിതന്നെയും നഷ്ടപ്പെടുത്തുന്നവർ ചുരുക്കമാണോ? മൂല്യ ങ്ങൾ ബലികഴിച്ച് സ്ഥാനമാനങ്ങളും അധികാരവും സമ്പത്തുമൊക്കെ നേടാൻ ശ്രമിക്കുമ്പോൾ നാം യൂദാസിൽനിന്നു വിഭിന്നരാണോ? ലോക ത്തിനുവേണ്ടി നാം ദൈവത്തെ കൈവെടിയുമ്പോൾ യൂദാസിന്റെ മുഖം തന്നെയാണു നമുക്കുമെന്ന് പശ്ചാത്താപത്തോടെ ഓർക്കാം.

*** യൂദാസിനെ വഞ്ചിച്ചതാര്?:** യേശു കൊല്ലപ്പെടുമെന്ന് യൂദാസ് ഒരി ക്കലും വിചാരിച്ചിരുന്നില്ല എന്ന്, യേശു വിധിക്കപ്പെട്ടതറിഞ്ഞപ്പോൾ അവ നുണ്ടായ ദുഃഖവും തുടർന്നു നടത്തിയ ആത്മഹത്യയുമെല്ലാം വ്യക്ത മാക്കുന്നു (മത്താ 27:3–5). വാസ്തവത്തിൽ യൂദാസിനെ വഞ്ചിച്ചതാരാണ്? സാത്താനാണോ? സാത്താൻ യൂദാസിന്റെ ഉള്ളിൽ പ്രവേശിച്ചുവെന്ന് സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നുണ്ട് (ലൂക്കാ 22:3; യോഹ 13:27). എങ്കിൽ എങ്ങനെ? അവന്റെ പണക്കൊതിയിലൂടെ? യോഹന്നാൻ നല്കുന്ന സൂചനയതാണ് (യോഹ 12:6). താൻ ഏല്പിച്ചുകൊടുത്താലും യേശു എങ്ങനെയെങ്കിലും രക്ഷപെടുമെന്നും കാശ് തന്റെ കയ്യിലിരുന്നു കൊള്ളുമെന്നും യൂദാസു വിചാരിച്ചിട്ടുണ്ടാകുമോ? യൂദാസ് ഒരു തീവ്ര വാദിയായിരുന്നുവെന്നും യേശുവിന്റെ സമാധാനമാർഗ്ഗങ്ങൾകണ്ട് മനസു മടുത്ത യൂദാസ്, ശത്രുക്കളുടെ കയ്യിൽ അകപ്പെടുമ്പോൾ യേശു ശക്ത മായി പ്രതികരിക്കാൻ നിർബന്ധിതനായിത്തീരുമെന്ന് വിചാരിച്ച് അതി നുള്ള തന്ത്രമായിട്ടാണ് യേശുവിനെ ഒറ്റിയതെന്നു കരുതുന്നവരുമുണ്ട്. അങ്ങനെ നോക്കുമ്പോൾ യൂദാസിനെ വഞ്ചിച്ചത് അവന്റെ രാഷ്ട്രീയ മോഹങ്ങളാണ്. വാസ്തവത്തിൽ, യേശു ആരാണ്, ആരാകണം, എന്തു ചെയ്യണം, എന്തുചെയ്യും എന്നതിനെയൊക്കെ സംബന്ധിച്ച് യൂദാസിനു തനതായ കാഴ്ചപ്പാടുകളും ആഗ്രഹങ്ങളുമുണ്ടായിരുന്നു. യൂദാസിന്റെ സ്വന്തമായ ഈ ക്രിസ്റ്റോളജി (ക്രിസ്തുശാസ്ത്രം)തന്നെയാണ് യൂദാ സിനെ വഞ്ചിച്ചതും.

## ന്യായാധിപസംഘത്തിന്റെ മുമ്പിൽ (14:53–65)

നിരപരാധിയായ യേശുവിന്റെ സഹനം ആരംഭിച്ചുകഴിഞ്ഞു. അന്യായ മായ വിചാരണയോടെയാണ് അതിന്റെ തുടക്കം. രണ്ടുവിചാരണകളാണ് യേശു നേരിട്ടത്. ഒന്ന് യഹൂദമതകോടതിയുടെ മുന്നിലുള്ള വിചാരണ; രണ്ടാമത്തേത്, റോമൻ കോടതിയ്ക്കു മുന്നിലുള്ളത്. യഹൂദരുടെ പരമോ

ന്നത നീതിന്യായകോടതിയായ സാൻഹെദ്രിന് മരണശിക്ഷ നടപ്പാക്കാനുള്ള അവകാശമുണ്ടായിരുന്നില്ല. എന്നാൽ യേശുവിനെ വധിക്കണമെന്ന് അവർ നിശ്ചയിക്കുകയും ചെയ്തു. അതുകൊണ്ടാണ് റോമൻ ഭരണാധികാരിയും ന്യായാധിപനുമായ പീലാത്തോസിന്റെ മുമ്പിൽ യേശുവിനെ ഹാജരാക്കേണ്ടി വന്നത്. തന്റെ വിചാരണയുടെ ഏതാണ്ടു മുഴുവൻ സമയവും യേശു നിശബ്ദത പാലിക്കുകയാണു ചെയ്തത് (ഏശ 53:7).

ഇവിടെ പരാമർശിക്കപ്പെടുന്ന പ്രധാനപുരോഹിതൻ കയ്യാഫാസാണ് (വാ. 53). എന്നാൽ മർക്കോസ് അദ്ദേഹത്തിന്റെ പേര് ഒരിടത്തും പരാമർശിക്കുന്നില്ല. എ.ഡി. 18 ലാണ് കയ്യാഫാസിനെ റോമാക്കാർ പ്രധാനപുരോഹിതനായി നിയമിച്ചത്. എ.ഡി. 26 വരെ അദ്ദേഹം ആ സ്ഥാനത്തു തുടർന്നു. യേശുവിന്റെ കാലത്ത്, ഒരാളെ വിചാരണ ചെയ്യുന്നതിന് സാൻഹെദ്രിൻ പാലിക്കേണ്ട ചട്ടങ്ങളും നിയമങ്ങളും എന്തൊക്കെയായിരുന്നുവെന്നതിനെക്കുറിച്ച് കൃത്യമായ രേഖകളൊന്നും ലഭ്യമല്ല. മിഷ്നയിൽ വിവരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ യേശുവിന്റെ കാലത്തുണ്ടായിരുന്നുവോയെന്നും ഉറപ്പില്ല. മിഷ്നയുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ പോലും കയ്യാഫാസിന്റെ വീട്ടിൽവച്ചുനടന്നത് സാൻഹെദ്രിന്റെ ഔദ്യോഗിക വിചാരണയായിരിക്കാൻ വഴിയില്ല. കാരണം അതനുസരിച്ച് സാൻഹെദ്രിന്റെ ഔദ്യോഗികയോഗങ്ങൾ പകൽസമയമാണ് നടത്തേണ്ടിയിരുന്നത്. മാത്രവുമല്ല, പ്രധാനപുരോഹിതന്റെ ഭവനമല്ല, ദേവാലയത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള പ്രത്യേകമുറിയാണ് സാൻഹെദ്രിന്റെ ഔദ്യോഗികസമ്മേളനസ്ഥലം. തിരുനാൾദിനമായ നീസാൻ 15–ാം തീയതി വെളുപ്പിനുമുമ്പ് വിചാരണ നടന്നതായും നാം കാണുന്നു. റോമാക്കാർ വിചാരണ നടത്തിയിരുന്നത് പ്രഭാതത്തിലാണ്. റോമൻ കോടതിയിൽ പ്രഭാതത്തിനുമുമ്പുതന്നെ യേശുവിന്റെ വിചാരണ നടത്തുന്നതിനുവേണ്ടിയാകും അതിനു മുമ്പുതന്നെ യഹൂദവിചാരണ തിരക്കിട്ട് പൂർത്തിയാക്കിയത്. സാധാരണഗതിയിൽ ഗൗരവതരമായ കുറ്റങ്ങളുടെ വിധിപ്രഖ്യാപനം വിചാരണ ദിവസംതന്നെ നടത്താറില്ല. എന്നാൽ യേശുവിന്റെ കാര്യത്തിൽ വിചാരണയും വിധിയും ഒരേദിവസം തന്നെ നടത്തി. ഒരുപക്ഷേ, കയ്യാഫാസിന്റെ ഭവനത്തിൽ നടന്നത് കുറച്ച് യഹൂദനേതാക്കളുടെ മുന്നിലുള്ള പ്രാഥമിക വിചാരണയാകാം. സാൻഹെദ്രിനി ലെ 71 അംഗങ്ങളും തത്സമയം ഉണ്ടായിരുന്നു എന്നു കരുതുക ബുദ്ധിമുട്ടാണ്. ഒരുപക്ഷേ 23 പേരെങ്കിലും (സാൻഹെദ്രിന്റെ കോറം) ഉണ്ടായിരുന്നുവെന്നാകാം അർത്ഥം. ഏതായാലും യേശുവിനെ പിടികൂടുന്നതിലും, പ്രാഥമിക വിചാരണനടത്തുന്നതിലും പീലാത്തോസിന്റെ മുമ്പിൽ യേശുവിനെ ഹാജരാക്കി കുറ്റാരോപണം നടത്തുന്നതിലും സാൻഹെദ്രിൻ അംഗങ്ങൾക്കോ സാൻഹെദ്രിൻ സംഘത്തിനുതന്നെയോ പങ്കുണ്ടായിരുന്നുവെന്ന് മർക്കോസ് വ്യക്തമാക്കുക്കയാണിവിടെ.

**14:54,** യേശുവിന്റെ വിചാരണയുടെ സമയത്ത് പത്രോസ് മഹാപുരോഹിതന്റെ വസതിയിലുണ്ടായിരുന്നു. പത്രോസ് തല്ക്കാലത്തേയ്ക്കു മാത്രമാണ് യേശുവിനെ വിട്ടോടിപ്പോയത്. പരിചാരകർ എന്നത് കാവല്ക്കാരാണ്. റോമൻ പട്ടാളക്കാർ പ്രധാനപുരോഹിതന്റെ ഭവനത്തിന് കാവൽനില്ക്കാൻ സാദ്ധ്യതയില്ല. അതിനാൽ യഹൂദപോലീസുകാരെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

**14:55–56,** രാത്രിയിൽ തിടുക്കത്തിൽ നടത്തിയ വിചാരണയാണെങ്കിലും യേശുവിനെതിരേ സാക്ഷിപറയാൻ ആളുണ്ടായിരുന്നുവെന്നത് യേശുവിന്റെ വിചാരണയ്ക്ക് സാൻഹെദ്രിൻ മുൻകൂട്ടി തയ്യാറെടുപ്പുകൾ നടത്തിയിരുന്നുവെന്നതിന്റെ അടയാളമാണ്. എന്നാൽ സാക്ഷികൾ ഓരോത്തരെയും പ്രത്യേകംപ്രത്യേകം വിസ്തരിച്ചപ്പോൾ അവരുടെ സാക്ഷ്യങ്ങൾ തമ്മിൽ പൊരുത്തപ്പെടാതിരുന്നതിനാൽ ആ സാക്ഷ്യങ്ങൾകൊണ്ട് ഫലമില്ലാതായി. ഒരു കുറ്റം തെളിയിക്കുന്നതിന് രണ്ടുപേരുടെയെങ്കിലും സാക്ഷ്യം ആവശ്യമായിരുന്നു (നിയമാ 17:6; 19:15).

**14:57–59,** പൊരുത്തപ്പെടാത്ത സാക്ഷിമൊഴികൾക്ക് ഒരുദാഹരണമാണ് ഇവിടെ മർക്കോസ് നല്കുന്നത്. ദേവാലയങ്ങൾ ആക്രമിക്കുക എന്നത് മരണശിക്ഷവരെ ലഭിക്കാവുന്ന ഗുരുതരമായ കുറ്റകൃത്യമായാണ് പുരാതനകാലത്ത് കാണക്കാക്കിയിരുന്നത്. ദേവാലയശുദ്ധീകരണവുമായി ബന്ധപ്പെട്ടാണ് ഈ ആരോപണം ഈശോയ്ക്കെതിരേ ഉന്നയിച്ചത്. തന്റെ ശരീരമാകുന്ന ദേവാലയത്തെക്കുറിച്ച് യേശു പറഞ്ഞ കാര്യങ്ങൾ (യേശു 2:19) തെറ്റിദ്ധരിച്ചതാകാം സാക്ഷിമൊഴിക്കാധാരം.

**14:60–61,** യേശുവിനെതിരേ രണ്ടു സാക്ഷികളെ കിട്ടാത്തതിനാൽ കയ്യാഫാസ് നേരിട്ട് യേശുവിനെ ചോദ്യം ചെയ്യുന്നു. തനിക്കെതിരായി യേശുവിനെക്കൊണ്ട് എന്തെങ്കിലും പറയിപ്പിക്കാനാകുമോ എന്നാണ് കയ്യാഫാസു നോക്കുന്നത്. കയ്യാഫാസിന്റെ ആദ്യചോദ്യത്തിന് യേശു മറുപടി ഒന്നും പറഞ്ഞില്ല. കാരണം മറുപടി അർഹിക്കുന്ന ആരോപണങ്ങൾ യേശുവിനെതിരേ ഉന്നയിക്കാൻ ആർക്കും കഴിഞ്ഞിരുന്നില്ല. തനിക്കെതിരേ വ്യാജമായ കേസുണ്ടാക്കാനുള്ള സാൻഹെദ്രിന്റെ പരിശ്രമങ്ങളോടുള്ള ശക്തമായ അവജ്ഞയായിരുന്നു യേശുവിന്റെ മൗനം വിളംബരം ചെയ്തത്. തുടർന്ന് കയ്യാഫാസ് മറ്റൊരു തന്ത്രം പ്രയോഗിക്കുന്നു. യേശുവിന്റെ മിശിഹാത്വത്തെക്കുറിച്ചുള്ള ചോദ്യം അതിന്റെ ഭാഗമാണ്. "വാഴ്ത്തപ്പെട്ടവൻ" എന്നത് ദൈവത്തിന്റെ നാമത്തിനു പകരമായി യഹൂദർ ഉപയോഗിക്കുന്ന പര്യായമാണ്. "വാഴ്ത്തപ്പെട്ടവന്റെ പുത്രൻ" എന്നാൽ ദൈവപുത്രൻ എന്നാണർത്ഥം. മിശിഹായെ (ക്രിസ്തു) ഒരു മനുഷ്യനായാണ് ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്നതെങ്കിലും അവനെ ദൈവപുത്രൻ എന്നാണ് വിശേഷിപ്പിച്ചിരുന്നത്. പുതിയ നിയമകാലഘട്ടത്തിൽ ദൈവപുത്രൻ എന്ന സംജ്ഞ മിശിഹായെക്കുറിക്കാൻ മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. ചുരുക്കത്തിൽ കയ്യാഫാസ് ഈശോയുടെ ദൈവത്വത്തെക്കുറിച്ചല്ല, മിശിഹാത്വത്തെക്കുറിച്ചാണ് അന്വേഷിക്കുന്നത്.

**14:62,** ഇതുവരെയും യേശു തന്റെ മിശിഹാത്വം മറച്ചുവച്ചിരിക്കുകയായിരുന്നു, കാരണം താൻ മിശിഹായാണെന്നു പരസ്യമായി വെളിപ്പെടുത്തുന്നത്, തന്റെ ശുശ്രൂഷയ്ക്കും ജീവനുതന്നെയും അപകടമുണ്ടാകുമെന്ന് അവിടുന്നറിഞ്ഞിരുന്നു (cf 1:43–44; 8:29–30; 9:9; 11:28–33; 12:12). ഇനി തന്റെ മിശിഹാത്വം മറച്ചുവയ്ക്കുന്നത് മിശിഹാത്വം ഉപേക്ഷിക്കുന്നതിനു തുല്യമായിരിക്കും എന്ന് അവിടുന്നു തിരിച്ചറിയുന്നു. അതുകൊണ്ട് തന്റെ മിശിഹാത്വം അവിടുന്നു പ്രഖ്യാപിക്കുകയാണ്. അതോടൊപ്പം തന്നെ, താൻ മനുഷ്യൻമാത്രമായ മിശിഹായല്ലെന്നും ദൈവികതയുള്ള മനുഷ്യപുത്രനാണെന്നും അവിടുന്നു വെളിപ്പെടുത്തുന്നു.

"ശക്ത" എന്നാൽ ദൈവത്തിന്റെ മറ്റൊരു പര്യായമാണ്. മിശിഹായുടെ മഹത്വീകരണത്തെയും (സങ്കീ 110:1) മഹത്വപൂർണ്ണനായ മിശിഹാനട ത്തുന്ന വിധിയെക്കുറിച്ചുമുള്ള (ദാനി 7:13-14) പ്രവചനങ്ങൾ തന്നിൽ പൂർത്തിയാകുകയാണെന്നും യേശു വെളിപ്പെടുത്തുന്നു. ആദ്യത്തെ പ്രവചനം, "ശക്തിയുടെ വലതുഭാഗത്ത്" ഉപവിഷ്ടനായിരിക്കുന്നത് യേശുവിന്റെ ഉയിർപ്പിനെത്തുടർന്നും. രണ്ടാമത്തേത് "വാനമേഘങ്ങളിൽ വരുന്നത് നിങ്ങൾ കാണും" എന്നത് അവന്റെ രണ്ടാമത്തെ ആഗമനത്തി ലുമാണ് പൂർത്തിയാകുന്നത്.

**14:63-64,** വസ്ത്രം വലിച്ചുകീറുന്നത് അമർഷത്തിന്റെയും ദുഃഖത്തി ന്റെയും അടയാളമാണ് (ഉൽപ 37:29; ന്യായാ 14:19; 2 രാജാ 18:37). ദൈവ ദൂഷണത്തോട് പ്രധാനപുരോഹിതന്മാരുടെ പരമ്പരാഗത പ്രതികരണ മാണിത് (അപ്പ 14:14). എന്നാൽ പ്രധാനപുരോഹിതൻ തന്റെ വസ്ത്ര ങ്ങൾ കീറുന്നത് പഴയനിയമം വിലക്കിയിട്ടുള്ള കാര്യമാണ് (ലേവ്യ 21:10). ദൈവനാമം ഉപയോഗിച്ചുകൊണ്ട് ദൈവത്തിനുനേരേ നടത്തുന്ന ഗൗരവ മായ ആക്രമണത്തെയാണ് യഹൂദർ ദൈവദൂഷണമായി കണക്കാക്കി യിരുന്നത്. കല്ലെറിഞ്ഞു കൊല്ലുക എന്നതാണ് അതിനുള്ള ശിക്ഷ (ലേവ്യ 24:14). യേശു നടത്തിയ അവകാശവാദത്തെയാണ് പ്രധാനപുരോഹിതൻ ദൈവദൂഷണമെന്ന് മുദ്രകുത്തുന്നത്.

**14:65,** യേശുവിനെ കുറ്റക്കാരനായി വിധിച്ചതോടെ, യേശുവിനെ ശാരീ രികമായി ആക്രമിച്ചുകൊണ്ട് ചില സാൻഹെദ്രിൻ അംഗങ്ങൾ അവനോ ടുള്ള ദേഷ്യം പ്രകടമാക്കി. ദേവാലയവും മഹാപുരോഹിതന്റെ അരമ നയും കാത്തിരുന്ന യഹൂദരായ കാവൽസേനാംഗങ്ങളും അവരോടു ചേർന്നു. തുപ്പുന്നതും ഇടിക്കുന്നതും അവജ്ഞയും അരിശവും പ്രകടി പ്പിക്കുന്നതിനുള്ള യഹൂദരീതികളാണ് (സംഖ്യ 12:14; നിയമാ 25:9; ജോബ് 30:10; ഏശ 50:6). മിശിഹായ്ക്ക് നോക്കാതെതന്നെ ആളുകളെ തിരിച്ചറി യാൻ കഴിയുമെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് യേശുവിന്റെ മുഖം മൂടിക്കെട്ടി ഇടിച്ചിട്ട് ഇടിച്ചതാരെന്ന് പറയാൻ (പ്രവചിക്കുക) ആവ ശ്യപ്പെടുന്നത്. ഇങ്ങനെയുള്ള പീഡനങ്ങൾ മിശിഹാ സഹിക്കേണ്ടിവരു മെന്ന് പഴയനിയമം വെളിപ്പെടുത്തിയിട്ടുള്ളതാണ് (ഏശ 53:5; 7-8,10).

## പത്രോസ് തള്ളിപ്പറയുന്നു (14:66-72)

യേശുവിന്റെ വിചാരണ മുകളിൽ മുറിയിൽ നടക്കുമ്പോൾ താഴെ മുറ്റ ത്താണ് പത്രോസ് "വിചാരണ" ചെയ്യപ്പെടുന്നത്. യേശുവും പത്രോസും തമ്മിലുള്ള അന്തരം മറ നീക്കിക്കാണിക്കുന്ന ഭാഗമാണിത്.

**14:66-68,** പ്രധാന പുരോഹിതന്റെ മുറ്റത്തുള്ള പത്രോസിന്റെ സാന്നി ദ്ധ്യം യേശുവിനോടുള്ള സ്നേഹത്തിന്റെ അടയാളമാണ് ദൗർഭാഗ്യ വശാൽ ആ സ്നേഹത്തിന് ഭയത്തെ അതിജീവിക്കാനായില്ല. പ്രധാന പുരോഹിതന്റെ പരിചാരിക ഒരുപക്ഷേ പത്രോസിനെ യേശുവിനോ ടൊപ്പം ദേവാലയത്തിൽവച്ചോ, പട്ടണത്തിൽവച്ചോ കണ്ടിട്ടുണ്ടാകാം. ഔദ്യോഗികമായും നിയമപരമായും ഒരുകാര്യം നിഷേധിക്കുന്നതിനുള്ള

രീതിയിലാണ് യേശുവിനെ പത്രോസ് തള്ളിപ്പറയുന്നത്. അതിനുശേഷം പത്രോസ് അവിടെനിന്നു 'രക്ഷപെട്ട്' പൊതുവഴിയുടെയടുത്തേക്കു നീങ്ങി. 68-ാം വാക്യത്തിന്റെ ഒടുവിൽ ചില കയ്യെഴുത്തുപ്രതികൾ 'അപ്പോൾ കോഴി കൂകി' എന്നു ചേർത്തിട്ടുണ്ട്. 14:30 ൽ യേശു നടത്തിയ പ്രവചനത്തിന്റെയും 14:32 ൽ കാണുന്ന പൂർത്തീകരണത്തിന്റെയും വെളിച്ചത്തിൽ പില്കാലപകർപ്പെഴുത്തുകാർ കൂട്ടിച്ചേർത്തതാകാമിത്.

**14:69–70,** പത്രോസിനോടു നേരിട്ടു പറയുന്നതിനുപകരം അടുത്തു നിന്നവരോടാണു പരിചാരിക തന്റെ അഭിപ്രായം പങ്കിടുന്നത്. അതുകേട്ട പത്രോസ് വീണ്ടും നിഷേധിച്ചു പറയുന്നു.

**14:70–71,** ഇക്കുറി ഒന്നിൽക്കൂടുതൽ പേർ ഒരുമിച്ചാണ് പത്രോസിനെ തിരെ ആരോപണമുന്നയിക്കുന്നത്. താൻ യേശുവിനെ അറിയുക പോലു മില്ലെന്നാണ് ഇത്തവണ പത്രോസ് പറഞ്ഞത്. താൻ പറയുന്നത് സത്യ മാണെന്ന് സ്ഥാപിക്കാൻ പത്രോസ് ആണയിടുകയും താൻ നുണയാണ് പറയുന്നതെങ്കിൽ തന്റെമേൽ ശാപം വന്നു ഭവിക്കട്ടെയെന്ന് പ്രസ്താവി ക്കുകയും ചെയ്തു.

**14:72,** കോഴി രണ്ടാംതവണ കൂവുന്നത് മർക്കോസുമാത്രമാണ് രേഖപ്പെടുത്തുന്നത്. പത്രോസിന് കൊടുത്ത മുന്നറിയിപ്പുകൾ അവൻ അവഗണിച്ചു. ഇപ്പോൾ അയാൾ യേശുവിന്റെ വാക്കുകൾ ഓർമ്മിക്കു കയും പൊട്ടിക്കരയുകയും ചെയ്യുന്നു. പത്രോസ് യേശുവിന്റെ വാക്കുകൾ അല്പമെങ്കിലും ഓർക്കാൻ വളരെ വൈകിപ്പോയി. ഇനി പത്രോസിനെ നാം കാണുന്നത് യേശുവിന്റെ ഉത്ഥാനത്തിനുശേഷം മാത്രമാണ്.

തങ്ങളെത്തന്നെ കുറ്റം വിധിക്കുന്ന എന്തൊക്കെ കാര്യങ്ങളാണ് ശിഷ്യർ എഴുതി വച്ചിരിക്കുന്നതെന്നു നോക്കുക. തങ്ങൾ പറഞ്ഞി ല്ലെങ്കിൽ ആരും ഒരിക്കലും അറിയാനിടയില്ലാതിരുന്ന തങ്ങളുടെ തെറ്റു കൾ അവർ എഴുതിവച്ചുവെന്നത് അവരുടെ സത്യസന്ധതയുടെയും എളിമയുടെയും അടയാളമാണ്... യേശുവിന് അപമാനകരമായ പീഡക ളുടെ വിവരണം അവർ നൽകിയിരിക്കുന്നത് സത്യസന്ധതയിലുള്ള അവരുടെ ഉന്നതനിലവാരത്തെയാണ് കുറിക്കുന്നത്. ഇത്ര സത്യസന്ധ രായ സുവിശേഷകരുടെ വിവരണം അവിശ്വസിക്കുന്നവർ ലോകത്തെ വിടെയെങ്കിലുമുള്ള എഴുതപ്പെട്ട എല്ലാരേഖകളും, ചരിത്രങ്ങളും, ജീവചരിത്രങ്ങളും അവിശ്വസിക്കണം (എവുസേബിയൂസ്).

ഗുരുവായ പത്രോസിന്റെ തെറ്റ് ശിഷ്യനായ മർക്കോസ് മറച്ചുവച്ചി ല്ലെന്നു മാത്രമല്ല, അതേക്കുറിച്ച് മറ്റുസുവിശേഷകർ നൽകുന്നതിനെ ക്കാൾ വിശദമായ വിവരണം നൽകുകയും ചെയ്തു (ക്രിസോസ്റ്റോം).

ദാവീദ് തന്റെ മാരകമായ പാപത്തെക്കുറിച്ച് പശ്ചാത്തപിക്കുകയും തന്റെ രാജസ്ഥാനത്തു തുടരുകയും ചെയ്തതുപോലെ പത്രോസും തീവ്ര മായി പശ്ചാത്തപിക്കുകയും കണ്ണീർവാർക്കുകയും ചെയ്ത് അപ്പസ്തോ ലനായി തുടർന്നു (അഗസ്റ്റിൻ).

സഭയുടെ തലവനായി താൻ നിയമിച്ച പത്രോസിനെ ഒരു വേലക്കാരി പ്പെണ്ണിന്റെ ശബ്ദത്തിനുമുന്നിൽ ഭയന്നുവിറയ്ക്കാൻ ദൈവം അനുവദിച്ച

തെന്തുകൊണ്ടാണ്? സഭയുടെ ഇടയൻ മറ്റുള്ളവരോട് കരുണ കാണിക്കാൻ സ്വന്തം വീഴ്ചയിലൂടെ പഠിക്കാൻ വേണ്ടിയായിരുന്നു അത്. പത്രോസ് ആരാണെന്ന് പത്രോസിനുതന്നെ കാണിച്ചു കൊടുത്തശേഷമാണ് മറ്റുള്ളവരുടെമേൽ അധികാരിയായി ദൈവം അവനെ നിയമിക്കുന്നത്. മറ്റുള്ളവരുടെ ബലഹീനതയോട് എങ്ങനെ കരുണ കാണിക്കണമെന്ന് സ്വന്തം ബലഹീനതയിൽനിന്ന് പത്രോസ് പഠിക്കണമെന്ന് ദൈവം ആഗ്രഹിച്ചു (മഹാനായ ഗ്രിഗറി).

**വിചിന്തനം:** യഹൂദസമുദായത്തിലെ പരമാധികാരികളുടെ മുമ്പിൽ ഭയപ്പെടാതെ തന്റെ മിശിഹാത്വം പ്രഖ്യാപിക്കാൻ യേശുവിനു സാധിച്ചു. എന്നാൽ ഒരു പെൺകുട്ടിയുടെ, വാക്കുകൾക്ക് മുന്നിൽ പത്രോസ് പതറിപ്പോയി. കാരണം വ്യക്തം. യേശു ഗത്സെമനിയിൽ പ്രാർത്ഥിച്ചു; പത്രോസ് പ്രാത്ഥിക്കാതെ കിടന്നുറങ്ങി.

## യഹൂദവിധിയും റോമൻ വിചാരണയും (15:1–15)

ചരിത്രവസ്തുതകളും ഏശയ്യാ പ്രവാചകന്റെ ഗ്രന്ഥത്തിലെ സഹനദാസനെക്കുറിച്ചുള്ള വിവരണങ്ങളും വിലാപസങ്കീർത്തനങ്ങളിൽ നിന്നുള്ള ബിംബങ്ങളുമൊക്കെ ഉപയോഗിച്ചു സൃഷ്ടിച്ചിരിക്കുന്ന വിവരണമാണ് പീലാത്തോസിന്റെ മുമ്പിലുള്ള വിചാരണയുടേത്.

**15:1,** സാൻഹെദ്രിൻ സംഘത്തിന്റെ രണ്ടാമത്തെ ഔദ്യോഗിക സമ്മേളനമാണിതെന്ന സൂചനയാണ് ഈ വാക്യം നല്കുന്നത്. സാൻഹെദ്രിനിലെ ഏതാണ്ട് എല്ലാ അംഗങ്ങളുംതന്നെ ഈ സമ്മേളനത്തിൽ ഹാജരായിരുന്നു. ആദ്യത്തെ സാൻഹെദ്രിൻ സമ്മേളനത്തിൽ (14:53–65) ദൈവദൂഷണക്കുറ്റമാണ് ആരോപിച്ചതെങ്കിൽ രണ്ടാമത്തെ സമ്മേളനത്തിൽ രാജ്യദ്രോഹക്കുറ്റമാണ് ആരോപിച്ചതെന്നു കരുതണം. 15:1 ൽ ഇതു വ്യക്തമല്ലെങ്കിലും 15:2 ലെ പീലാത്തോസിന്റെ ചോദ്യത്തിൽനിന്ന് ഇതു വ്യക്തമാണ്. ദൈവദൂഷണക്കുറ്റത്തിന്റെപേരിൽ റോമൻ ഭരണാധികാരിയായ പീലാത്തോസ് യേശുവിന് വധശിക്ഷ നൽകാൻ സാധ്യതയില്ലാത്തതുകൊണ്ടാകാം പീലാത്തോസിന്റെ ദൃഷ്ടിയിൽ ഗൗരവകരമായ രാജ്യദ്രോഹക്കുറ്റം യേശുവിന്റെമേൽ സാൻഹെദ്രിൻ ആരോപിച്ചത്. യേശു തന്റെ പരസ്യജീവിതകാലത്ത് എന്താകാനാണോ വിസമ്മതിച്ചത് (യോഹ 6:15) അതിന്റെ പേരിൽത്തന്നെയാണ് കുറ്റാരോപിതനാകുന്നതെന്നത് വലിയ വിരാധാഭാസമാണ്. രാവിലെ കൂടിയ സാൻഹെദ്രിൻ സമ്മേളനത്തിനുശേഷം യേശുവിനെ പീലാത്തോസിനെ ഏൽപ്പിക്കാനാണ് തീരുമാനിച്ചത്. യേശുവിനെ അപകടകാരിയായ ഒരു കുറ്റവാളിയായി അവതരിപ്പിക്കാനാണ് ബന്ധിച്ചുകൊണ്ട് പോകുന്നത്.

എ.ഡി. 26മുതൽ 36വരെ യൂദായിലെ പ്രൊക്കുറേറ്റർ ആയിരുന്നു പീലാത്തോസ്. നീതി നിർവ്വഹിക്കാൻ താല്പര്യമുള്ളവനായും ജനഹിതത്തെ മാനിക്കുന്നവനുമായാണു സുവിശേഷകൻ പീലാത്തോസിനെ ചിത്രീകരിക്കുന്നതെങ്കിലും ചരിത്രരേഖകളിൽ ക്രൂരനും മർക്കടമുഷ്ടിക്കാരനുമായാണ് പീലാത്തോസ് കാണപ്പെടുന്നത്. യഹൂദമതനിയമങ്ങൾക്കു നിരക്കാത്ത കൊടിക്കൂറകളുമായി റോമൻപട്ടാളക്കാർ ജറുസ

ലെമിൽ പ്രവേശിച്ചപ്പോൾ അതിനെതിരേ യഹൂദർ പീലാത്തോസിന്റെ കേസറിയായിലെ കൊട്ടാരത്തിനുമുമ്പിൽ അഞ്ചുദിവസം പ്രതിഷേധ മിരുന്നു. കൊല്ലുമെന്നുള്ള പട്ടാളഭീഷണിക്കു മുന്നിലും ജനം പിന്തിരി ഞ്ഞില്ല. ജനം മരിക്കാൻ തയ്യാറായിട്ടാണിരിക്കുന്നതെന്നു ബോദ്ധ്യമായ പ്പോഴാണ് പീലാത്തോസ് പ്രകോപനപരമായ കൊടിക്കൂറകൾ പിൻവ ലിക്കാൻ തയ്യാറായത്. മറ്റൊരവസരത്തിൽ ജറുസലെം ദേവാലയത്തിലെ പണം ബലപ്രയോഗത്തിലൂടെ കൈവശപ്പെടുത്തിയ പീലാത്തോസിനെ തിരേ കലാപം നടത്തിയ യഹൂദരെ അടിച്ചുകൊല്ലാൻ ഗദകളുമായി റോമൻ സൈന്യത്തെ വേഷപ്രച്ഛന്നരായി കലാപകാരികൾക്കിടയിലേക്ക് പീലാത്തോസ് നിയോഗിച്ചു. പട്ടാളക്കാരുടെ അടിയേറ്റും, രക്ഷപെടാനുള്ള ജനക്കൂട്ടത്തിന്റെ പരിശ്രമത്തിനിടയിൽവീണ് ചവിട്ടിയരയ്ക്കപ്പെട്ടും നിര വധി യഹൂദരാണ് അന്ന് മരിച്ചത്. ഈ ചരിത്ര വസ്തുതകൾ വച്ചുനോ ക്കുമ്പോൾ യേശുവിനെ വധിക്കുന്നതിന് പീലാത്തോസിന് അല്പം പോലും മനശ്ചാഞ്ചല്യം ഉണ്ടായിക്കാണാൻ വഴിയില്ല. യേശുവിനോട് അനു കമ്പയേക്കാൾ അവജ്ഞയായിരിക്കണം പീലാത്തോസിനു തോന്നിയി ട്ടുണ്ടാവുക. പീലാത്തോസിന്റെ ആസ്ഥാനം കേസറിയാ മരീറ്റീമാ ആയി രുന്നെങ്കിലും പെസഹാത്തിരുനാൾകാലത്ത് അദ്ദേഹം ജറുസലേമിൽ വരു മായിരുന്നു. ജനങ്ങൾ കലാപം ഉണ്ടാക്കുന്നത് തടയുക എന്നതായിരുന്നു ഈ സന്ദർശനത്തിന്റെ ഉദ്ദേശ്യം. ജറുസലേമിൽ വരുമ്പോൾ പട്ടണ ത്തിന്റെ വടക്കുപടിഞ്ഞാറുള്ള ഹേറോദേസിന്റെ കൊട്ടാരത്തിലോ, ദേവാ ലയത്തിന്റെ വടക്കുപടിഞ്ഞാറുള്ള അന്തോണിയോ കൊട്ടാരത്തിലോ ആണ് പീലാത്തോസ് താമസിച്ചിരുന്നത്.

**15:2,** റോമൻ നിയമമനുസരിച്ച് പീലാത്തോസിന് യേശുവിന്റെമേൽ പൂർണ്ണമായ അധികാരം ഉണ്ടായിരുന്നു. യേശുവിന്റേതുപോലുള്ള വിചാ രണകൾ സാധാരണഗതിയിൽ പരസ്യമായാണ് നടത്തിയിരുന്നത്. ആദ്യം വാദികൾ പ്രതിയ്ക്കെതിരായി ആരോപണങ്ങൾ ഉന്നയിക്കും. പിന്നെ ന്യായാധിപൻ പ്രതിക്കു ബോധിപ്പിക്കാനുള്ളത് ശ്രവിക്കും. തുടർന്ന് സാക്ഷികളുടെ മൊഴികൾ പരിശോധിക്കും. അതിനുശേഷം ന്യായാധി പൻ തന്റെ നിയമോപദേശകരുടെ അഭിപ്രായമാരാഞ്ഞതിനുശേഷം വിധി പ്രസ്താവിക്കും. ഉടനെതന്നെ ശിക്ഷനടപ്പാക്കുകയും ചെയ്യും. ‘നീ യഹൂ ദരുടെ രാജാവാണോ’ എന്ന പീലാത്തോസിന്റെ ചോദ്യം യഹൂദർ യേശു വിനെതിരേ ഉന്നയിച്ച ആരോപണം എന്തായിരുന്നുവെന്നു വ്യക്തമാക്കു ന്നു. മിശിഹായെ ഒരു രാജാവായാണ് ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരു ന്നത്. അതുകൊണ്ട് താൻ മിശിഹായാണെന്ന യേശുവിന്റെ പ്രഖ്യാപനം താൻ രാജാവാണെന്ന പ്രഖ്യാപനത്തിനു തുല്യമാണെന്ന് യഹൂദർ പീലാ ത്തോസിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടാവണം. രാജാവാണെന്ന് അവ കാശപ്പെടുന്നത് സീസറിന്റെ അധികാരത്തെ ചോദ്യം ചെയ്യുന്ന ഗൗര വമായ രാജ്യദ്രോഹക്കുറ്റമാണ്. ‘നീ തന്നെ പറയുന്നു’വെന്നത് സമ്മതം പ്രകടിപ്പിക്കുന്ന പ്രയോഗമാണ് (ലൂക്കാ 22:70–71). താൻ രാജാവാണെന്ന് യേശു സമ്മതിക്കുന്നു. എന്നാൽ അത് പീലാത്തോസ് ഭയക്കുന്ന തര ത്തിലുള്ള രാജാവല്ല (മത്താ 27:2). പീലാത്തോസ് യേശുവിന്റെ രാജത്വ ത്തെക്കുറിച്ച് ദീർഘമായി അന്വേഷിച്ചതിനുശേഷം യേശു നിരപരാധി

യാണെന്നു പ്രഖ്യാപിക്കുന്നതായി യോഹന്നാനിൽ നാം കാണുന്നു (യോഹ 18:34-38).

**15:3-5,** പ്രധാനപുരോഹിതന്മാർ, സാൻഹെദ്രിനുവേണ്ടി, യേശുവിനുമേൽ ആരോപിച്ച കുറ്റങ്ങളിൽ ചിലത് ലൂക്കാ രേഖപ്പെടുത്തുന്നുണ്ട് (ലൂക്കാ 23:2). താൻ ആരാണെന്ന് പീലാത്തോസിനോട് യേശു പറയേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. യേശു ആരാണെന്ന് - യൂദന്മാരുടെ രാജാവ് - പീലാത്തോസുതന്നെ കുരിശിന്റെ മുകളിൽ എഴുതിവയ്ക്കാനിരിക്കുകയാണല്ലോ. പുരോഹിതരുടെ നിരന്തരമായുള്ള കുറ്റാരോപണങ്ങളും യേശുവിന്റെ നിശബ്ദതയും (ഏശ 53:7; സങ്കീ 38:13-15) തമ്മിലുള്ള വൈരുദ്ധ്യം വായനക്കാരൻ ശ്രദ്ധിക്കാതിരിക്കുകയില്ല. പീലാത്തോസ് ഈശോയെ ഹേറോദേസ് അന്തിപ്പാസിന്റെയടുത്തയച്ചുവെന്ന് ലൂക്കാമാത്രമാണ് രേഖപ്പെടുത്തുന്നത് (ലൂക്കാ 23:6-12). പ്രതി തനിക്കെതിരേയുള്ള ആരോപണത്തെ ഖണ്ഡിക്കുന്നില്ലെങ്കിൽ അയാളെ അതിനാൽത്തന്നെ കുറ്റവാളിയായി വിധിക്കാൻ റോമൻ നിയമം വ്യവസ്ഥചെയ്തിരുന്നുവെന്ന് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നുണ്ട്. തന്റെ മൗനം, തന്നെ കുറ്റവാളിയായി വിധിക്കുന്നതിനു കാരണമാകുമെന്നറിഞ്ഞിട്ടും യേശു മൗനം പാലിച്ചതാകാം പീലാത്തോസിനെ വിസ്മയിപ്പിച്ചത്. ബറാബ്ബാസിനെയാണോ യേശുവിനെയാണോ വിട്ടുതരേണ്ടതെന്ന് ജനക്കൂട്ടത്തോട് ആരായുന്നത് യേശുവിനെ കുറ്റവാളിയായി പീലാത്തോസ് അംഗീകരിച്ചുവെന്നതിന്റെ സൂചനയാണ്.

**15:6,** തിരുനാളുകളോടനുബന്ധിച്ചു രാഷ്ട്രീയത്തടവുകാർക്ക് പൊതുമാപ്പുനൽകുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നുവെന്ന് ഈ വാക്യം സൂചിപ്പിക്കുന്നു. എന്നാൽ പുതിയ നിയമത്തിനുവെളിയിൽ ഇതിനു തെളിവുകളൊന്നുമില്ല. അന്യായമായി ഭരണം കയ്യാളുന്നവർ തങ്ങളുടെ എതിരാളികളെ തടവിലാക്കുക സ്വാഭാവികമാണല്ലോ. അധിനിവേശക്കാരായ റോമാക്കാരോട് യഹൂദർക്കുള്ള വെറുപ്പുകുറയ്ക്കുന്നതിനും പരസ്പരബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടിയാണ് പീലാത്തോസ് ജനം ആവശ്യപ്പെടുന്ന തടവുകാരനെ വിട്ടയയ്ക്കുന്ന പതിവ് തുടർന്നിരുന്നത്.

**15:7,** ബറാബ്ബാസ് എന്ന വാക്കിന്റെ അർത്ഥം അപ്പന്റെ മകൻ എന്നാണ്. അയാൾ ഒരു വിപ്ലവകാരിയും വിപ്ലവത്തിനിടയിൽ കൊലപാതകം നടത്തിയിട്ടുള്ളയാളുമാണ്. റോമാക്കാർ ഏറ്റവുമധികം ഭയപ്പെടേണ്ടിയിരുന്ന വിഭാഗത്തിൽപ്പെട്ടയാൾ. എന്നാൽ, യഹൂദർ ബറാബ്ബാസിനെ ഒരു സ്വാതന്ത്ര്യസമര പോരാളിയായിട്ടായിരിക്കണം വീക്ഷിച്ചിരുന്നത്.

**15:8,** ഒരു ജനക്കൂട്ടംതന്നെയാണ് പതിവുള്ള ആനുകൂല്യത്തിന് അപേക്ഷിക്കാനായി പീലാത്തോസിന്റെ അടുത്തെത്തുന്നത്. അവർ യേശുവിന്റെ വിചാരണയെക്കുറിച്ച് അറിഞ്ഞുവന്നതാണെന്നതിന്റെ സൂചനയൊന്നും ഈ വാക്യത്തിലില്ല.

**15:9-10,** യഹൂദരുടെ രാജാവ് എന്ന പീലാത്തോസിന്റെ പ്രയോഗം യേശുവിനെ പുച്ഛിച്ചുകൊണ്ടുള്ളതാണ്. റോമിനോടുള്ള വിശ്വസ്തത കൊണ്ടൊന്നുമല്ല പുരോഹിതന്മാർ യേശുവിനെ തനിക്കേല്പിച്ചുതന്നതെന്നും പീലാത്തോസ് മനസ്സിലാക്കിയിരുന്നു. നിരപരാധിയെന്നു താൻ

കരുതുന്നയാളെ മോചിപ്പിക്കാൻ ജനക്കൂട്ടം ആവശ്യപ്പെട്ടാൽ അതിലൂടെ പുരോഹിതരെ നിരാശപ്പെടുത്താമെന്ന് പീലാത്തോസ് കണക്കുകൂട്ടി. ബറാബ്ബാസിനെപ്പോലുള്ള കൊടും കുറ്റവാളിയെ തടവിൽ സൂക്ഷിക്കാനും അതുവഴി സാധിക്കും. യേശുവിനു ജനങ്ങളുടെയിടയിൽ കൂടുതൽ സ്വാധീനമുണ്ടെന്ന് പീലാത്തോസ് കരുതിയിരിക്കണം.

**15:11,** ജനക്കൂട്ടത്തിൽ കുറേപ്പേർ ജറുസലേം നിവാസികളും ബാക്കിയുള്ളവർ മറ്റു സ്ഥലങ്ങളിൽനിന്നു തിരുനാളിനെത്തിയവരുമായിരിക്കണം. ജനക്കൂട്ടം പ്രധാനപുരോഹിതരുടെ പ്രേരണയ്ക്കു വഴങ്ങാൻ പലകാരണങ്ങളുണ്ട്. ഒന്നാമതായി ബറാബ്ബാസ് യഹൂദരുടെ സ്വാതന്ത്ര്യത്തിനു വേണ്ടി വിപ്ലവം നടത്തി പിടിക്കപ്പെട്ട് തടവിൽക്കഴിയുന്നയാളാണ്; യേശു അങ്ങനെയുള്ള നീക്കങ്ങളൊന്നും നടത്തിയിട്ടില്ല. രണ്ടാമതായി വിദേശ ഭരണാധികാരിയായ പീലാത്തോസിനേക്കാൾ ജനം അനുസരിക്കാൻ സാദ്ധ്യത തങ്ങളുടെതന്നെ നേതാക്കളുടെ വാക്കുകളാണ്.

**15:12–14,** തങ്ങളുടെ തീരുമാനം യുക്തിസഹമായ പുനഃപരിശോധനയ്ക്കു വിധേയമാക്കണമെന്ന പീലാത്തോസിന്റെ അഭ്യർത്ഥന ജനം കണക്കിലെടുത്തില്ല. യേശുവിനെ കുരിശിൽ തറയ്ക്കണമെന്നത് ഭ്രാന്തമായ ഒരു ആവേശമായി അവരെ ഗ്രസിച്ചുകഴിഞ്ഞിരുന്നു.

**15:15,** പീലാത്തോസിന് യഹൂദരുമായി അത്ര നല്ല ബന്ധമല്ല ഉണ്ടായിരുന്നത് (ലൂക്കാ 13:1–2). അതുകൊണ്ട് ഇത് ജനപിന്തുണ തിരികെ പിടിക്കുന്നതിനുള്ള ഒരവസരമായി അദ്ദേഹം കരുതി. തന്റെ നീതിബോധം കാറ്റിൽപ്പറത്തി, ജനങ്ങളെ തൃപ്തിപ്പെടുത്താൻവേണ്ടി ബറാബ്ബാസിനെ അയാൾ മോചിപ്പിച്ചു. യേശുവിനെ ക്രൂരമായ ചമ്മട്ടിയടിക്ക് വിധേയനാക്കിയാൽ ജനം തൃപ്തിപ്പെട്ടു കൊള്ളുമെന്ന് അദ്ദേഹം വിചാരിച്ചുകാണും. യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിനെ ചമ്മട്ടികൊണ്ടടിപ്പിച്ചശേഷം വിട്ടയക്കാൻ പീലാത്തോസ് പരിശ്രമിക്കുന്നതായി നാം കാണുന്നു (യോഹ 19:1–7). വസ്ത്രങ്ങൾ ഉരിഞ്ഞ് കൈകൾ രണ്ടും തലയ്ക്കുമുകളിൽ ഒരു തൂണിൽ കെട്ടിയിട്ടായിരിക്കണം യേശുവിനെ ചമ്മട്ടികൊണ്ടടിച്ചത്. അസ്ഥിക്കഷണങ്ങളോ, ഇരുമ്പുകഷണങ്ങളോ പതിപ്പിച്ചിട്ടുള്ള തുകൽച്ചാട്ടകൊണ്ടടിക്കുമ്പോൾ ശരീരത്തിൽനിന്നു മാംസക്കഷണങ്ങൾ ചിതറിത്തെറിക്കുമായിരുന്നു. ചമ്മട്ടിയടിക്കുശേഷം പീലാത്തോസ് യേശുവിനെ ക്രൂശിക്കാൻ ഏല്പിച്ചുകൊടുത്തു. കുരിശിൽത്തറച്ച് കൊല്ലുന്നത് റോമൻ ശിക്ഷാരീതിയായിരുന്നു. റോമൻ പടയാളികളായിരുന്നു ശിക്ഷ നടപ്പാക്കിയിരുന്നത്. യേശുവിന്റെ കുരിശുമരണത്തിന്റെ നിയമപരമായ ഉത്തരവാദി റോമൻ ഗവർണ്ണറായിരുന്ന പന്തിയോസ് പീലാത്തോസാണ്. സുവിശേഷങ്ങളിലെ വിവരണമനുസരിച്ച് യേശുവിന്റെ മരണത്തിന്റെ പ്രധാന ഉത്തരവാദികൾ യഹൂദമതനേതാക്കളാണ്. പീലാത്തോസ് അവരുടെ നിർബന്ധബുദ്ധിയ്ക്കു വഴങ്ങിക്കൊടുക്കുക മാത്രമാണു ചെയ്യുന്നത്. യേശുവിന്റെ മരണത്തിൽ റോമക്കാർക്കുള്ളപങ്കിനോടൊപ്പം യഹൂദരുടെ വലിയ പങ്കിനെ ചൂണ്ടിക്കാണിക്കാനുള്ള ആദിമസഭയുടെ താത്പര്യത്തിന്റെ പ്രതിഫലനമാകാം സുവിശേഷങ്ങളിൽ നാം കാണുന്നത്. ആദ്യകാലത്ത് റോമൻ അധികാരികളേക്കാൾ ശിഷ്യർക്ക് ഭീഷണിയായി മാറിയതും ശിഷ്യരെ പീഡനങ്ങൾക്കു

വിധേയരാക്കിയിരുന്നതും യഹൂദരായിരുന്നു. ഈ പശ്ചാത്തലമാകാം യേശുവിന്റെ പീഡകളിലും മരണത്തിലുമുള്ള യഹൂദരുടെ പങ്കിനെ അടിവരയിട്ടുകാണിക്കാൻ സുവിശേഷകരെ പ്രേരിപ്പിച്ചത്. ക്രിസ്തുശിഷ്യർ യഹൂദരിൽനിന്ന് ഇപ്പോൾ അനുഭവിക്കുന്ന പീഡനങ്ങൾ അവരുടെ ഗുരുവും കർത്താവുമായ മിശിഹാ യഹൂദരിൽനിന്ന് അനുഭവിച്ച പീഡനങ്ങളിൽനിന്നു വ്യത്യസ്തമല്ല എന്ന് സുവിശേഷകൻ ഇതിലൂടെ പഠിപ്പിക്കുന്നു.

തനിക്കു ലഭിച്ച അനവധിയായ കൃപകൾക്കുപകരമായി സീയോൻ പുത്രി അവന്റെമേൽ തിന്മകൾ വർഷിച്ചു; പിതാവിന്റെ പുത്രനെ അവർ തുപ്പൽകൊണ്ട് മലിനമാക്കി (എസെ 16:9 = മർക്കോ 14:65). പിതാവ് അവളുടെ ശിരസ്സിൽ മഹത്വത്തിന്റെ കിരീടം വച്ചു; അവൾ പുത്രന്റെ തലയിൽ മുൾക്കിരീടം ചാർത്തി (എസെ 16:10.13 = മർക്കോ 15:17). പിതാവ് അവൾക്ക് മുന്തിയ വീഞ്ഞുനൽകി; അവൾ പുത്രന് വിനാഗിരിയാണ് നൽകിയത് (യോഹ 19:29). അവളുടെ പാദങ്ങളിൽ ചെരിപ്പുകളണിയിച്ചവനെ അവൾ നഗ്നപാദനായി ഗാഗുൽത്തായിലേക്കു നടത്തി (എസെ 16:10 = മർക്കോ 15:22) (എഫ്രേം).

മനുഷ്യർക്ക് അനശ്വരതയുടെ വസ്ത്രങ്ങൾ നൽകുന്നവന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുക്കപ്പെട്ടു (സിപ്രിയൻ).

സ്വർഗ്ഗീയഭക്ഷണം നൽകിയവന് മീറ കലർത്തിയ വീഞ്ഞുകൊടുത്തു; രക്ഷയുടെ കാസ നൽകിയവനെ വിനാഗിരി കുടിപ്പിച്ചു. നിഷ്കളങ്കനും നീതിമാനുമായവനെ, അല്ല, നിഷ്കളങ്കതയും നീതിയും തന്നെയായവൻ കുറ്റവാളികളോടുകൂടി എണ്ണപ്പെട്ടു. സത്യം കള്ളസാക്ഷ്യങ്ങൾകൊണ്ടു മൂടി. ജനത്തിന്റെ ക്രൂരത കാണിക്കാൻ സൂര്യൻ തന്റെ മിഴിപൂട്ടി, പ്രകാശം പിൻവലിക്കുകയും ചെയ്തു. പരിപൂർണ്ണക്ഷമ തന്നിൽ വെളിപ്പെടുത്തേണ്ടതിന് അവസാനംവരെ അവൻ നിശബ്ദനായി സഹിച്ചു (സിപ്രിയൻ).

## പടയാളികളുടെ പരിഹാസം (15:16–20)

സാൻഹെദ്രിനിലെ വിചാരണ അവസാനിക്കുന്നതുപോലെതന്നെ പീലാത്തോസിന്റെ വിചാരണയും പടയാളികളുടെ പരിഹാസത്തോടെയാണ് അവസാനിക്കുന്നത്. വിജാതീയരാൽ താൻ അപമാനിക്കപ്പെടുമെന്ന് യേശു പ്രവചിച്ചിരുന്നു (10:34).

അനന്തരം പടയാളികൾ അവനെ കൊട്ടാരത്തിന്റെ അതായത് പ്രത്തോറിയത്തിന്റെ മുറ്റത്തേക്ക് കൊണ്ടുപോയി എന്നാണ് മൂലപ്രതിയിൽ കാണുന്നത്. റോമൻ ഗവർണ്ണറുടെ ഔദ്യോഗികവസതിയെ സൂചിപ്പിക്കുന്ന ലത്തീൻ വാക്കാണ് പ്രത്തോറിയം (മത്താ 27:27; യോഹ 18:28; 19:9; അപ്പ 23:35). പീലാത്തോസിന്റെ ഔദ്യോഗികവസതി കേസറിയായായിരുന്നു. എന്നാൽ ജറുസലെമിൽവരുമ്പോൾ ഹേറോദേസിന്റെ കൊട്ടാരത്തിലോ അന്തോണിയാ കൊട്ടാരത്തിലോ ആണ് പീലാത്തോസ് താമസിച്ചിരുന്നത്. അവിടെ അന്തോണിയ കൊട്ടാരമോ ഹേറോദേസിന്റെ കൊട്ടാരമോ ആകാമെങ്കിലും ആദ്യത്തേതിനാണു കൂടുതൽ സാദ്ധ്യത. കൊട്ടാരത്തിന്റെ മുറ്റത്താകണം (14:54–66) സൈന്യവ്യൂഹം അണിനിര

ന്നത്. 200 – 600 ഇടയ്ക്ക് അംഗങ്ങളുള്ള സേനാവ്യൂഹത്തെയാണ് ഇവിടെ പരാമർശിക്കുന്നത്.

**15:17–19,** രാജകീയ വസ്ത്രത്തിന്റെ നിറമാണ് ചുവപ്പ്. തിളങ്ങുന്ന ചുവപ്പു മുതൽ കടുംനീലവരെയുള്ള നിറങ്ങളെ സൂചിപ്പിക്കുന്ന പോർഫുറാൻ എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ചുവപ്പുവസ്ത്രവും മുൾക്കിരീടവും ആണിയിക്കുന്നത് യേശുവിന്റെ രാജത്വത്തെ പുച്ഛിക്കുന്നതിനും കളിയാക്കുന്നതിനും വേണ്ടിയാണ്. അറിയാതെയാണെങ്കിലും പടയാളികൾ യേശുവിനെ മുൾക്കിരീടം ധരിപ്പിക്കുന്നത് അർത്ഥഗർഭമാണ്. മനുഷ്യപാപത്തിന്റെ ദൈവശിക്ഷയായ മുള്ളും മുൾച്ചെടികളും (ഉല്പ 3:17–18) യേശു തന്റെമേൽ ഏറ്റെടുക്കുകയാണ്. "സീസറേ സ്വസ്തി" എന്നത് അനുകരിച്ചാണ് "യൂദന്മാരുടെ രാജാവേ സ്വസ്തി" എന്ന് ആക്ഷേപിക്കുന്നത്. യേശുവിനുമുന്നിൽ മുട്ടുകുത്തിക്കൊണ്ട് ബഹുമാനിക്കുന്നതുപോലെ അഭിനയിക്കുകയും ക്രൂരമായി മർദ്ദിക്കുകയും തുപ്പിക്കൊണ്ട് നീചമായി നിന്ദിക്കുകയും ചെയ്യുന്ന ക്രൂരവിനോദമാണ് പടയാളികൾ നടത്തിയത്. 'യഹൂദരാജാവ്' എന്നതിന്റെ പേരിലായിരുന്നു ഈ അപമാനങ്ങളത്രയും. അപമാനിക്കാനായി യേശുവിനെ രാജാവായി വേഷംകെട്ടിക്കുകയാണ് പടയാളികൾ ചെയ്തത്. അവൻ യഥാർത്ഥത്തിൽ രാജാവാണെന്ന കാര്യമറിയാതെയാണ് അവർ അതു ചെയ്തതെന്നുമാത്രം. തങ്ങൾ പോലും ഗ്രഹിക്കാത്ത ഒരു സത്യം, യേശു രാജാവാണെന്ന സത്യം, തങ്ങളുടെ പ്രവൃത്തിയിലൂടെ അവർ പ്രഘോഷിക്കുകയായിരുന്നു.

**15:11:20,** കുരിശുമരണത്തിനു ശിക്ഷിക്കപ്പെട്ട കുറ്റവാളികളെ നഗ്നരായാണ് റോമൻ പടയാളികൾ വധസ്ഥലത്തേക്കു നടത്തിയിരുന്നത്. വഴിനീളെ അവരെ ചാട്ടയടിക്കുകയും ചെയ്തിരുന്നു. എന്നാൽ യേശുവിനെ ഇതിനകംതന്നെ ചാട്ടയടിയ്ക്കു വിധേയനാക്കിയിരുന്നതിനാലും ഇനിയും അടിയേൽക്കാൽ യേശുവിനു കരുത്തുണ്ടാകില്ല എന്ന് ഒരുപക്ഷേ പടയാളികൾ കരുതിയിരുന്നതിനാലും അവർ യേശുവിനെ സ്വന്തം വസ്ത്രം ധരിപ്പിച്ച് കുരിശിൽ തറയ്ക്കാൻ കൊണ്ടുപോയി.

## കുരിശിൽ തറയ്ക്കുന്നു (15:21–32)

കാര്യമായ വിശദീകരണങ്ങളില്ലാതെയും യേശുവിന്റെ ശാരീരിക വേദനകളുടെ വർണ്ണനകൾ കൂടാതെയും വളരെ ചുരുങ്ങിയ വാക്കുകളിൽ ലളിതമായാണ് യേശുവിനെ കുരിശിൽ തറയ്ക്കുന്ന സംഭവം മർക്കോസ് രേഖപ്പെടുത്തിരിക്കുന്നത്. യേശുവിന്റെ ശത്രുക്കൾ പ്രദർശിപ്പിച്ച വിദ്വേഷപ്രകടനങ്ങൾ സുവിശേഷത്തിൽ കാണാമെങ്കിലും യേശുവിന്റെ മരണം പഴയനിയമപ്രവചനങ്ങളുടെ പൂർത്തീകരണമായിരുന്നുവെന്ന ആശയത്തിനാണ് സുവിശേഷം ഊന്നൽ നല്കിയിരിക്കുന്നത്.

**15:21,** അലക്സാണ്ടറും റൂഫസും റോമിലെ ക്രിസ്ത്യാനികൾക്ക് പരിചിതരായിരുന്നതുകൊണ്ടാകാം മർക്കോസ് അവർവഴി ശിമയോനെ പരിചയപ്പെടുത്തുന്നത് (റോമ 16:13). കിറേന എന്നത് ഇന്നത്തെ ലിബിയയാണ്. ആഫ്രിക്കയിൽ താമസിച്ചിരുന്ന ശിമയോൻ ജറുസലെമിൽ പെസഹാത്തിരുനാൾ കൂടാൻ വന്നതായിരിക്കണം. യഹൂദരുടെ ഒരു വലിയ സമൂഹം യേശുവിന്റെ കാലത്ത് ലിബിയയിലുണ്ടായിരുന്നു. 'നാട്ടിൻപു

റത്ത്നിന്ന്' എന്നത് 'വയലിൽനിന്ന്' (അഗ്രോസ്= agros) എന്നും തർജ്ജമ ചെയ്യാം. ഒരുപക്ഷേ അദ്ദേഹം വയലിൽനിന്നു ജോലി കഴിഞ്ഞു വരികയോ അല്ലെങ്കിൽ സന്ദർശനം കഴിഞ്ഞുവരികയോ ആയിരുന്നിരിക്കാം. യേശു ചുമന്നുകൊണ്ടിരിക്കുന്ന കുരിശ് (കുരിശിന്റെ കുറുകെയുള്ള കഷണം) ചുമക്കാൻ പട്ടാളക്കാർ ശിമയോനെ നിർബന്ധിച്ചു. കുരിശു മരണവുമായി ബന്ധപ്പെട്ട സംഭവങ്ങൾക്കു വിശ്വസനീയനായ ഒരു സാക്ഷിയാണ് ശിമയോൻ. യേശുവിന്റെ ശിഷ്യന്മാരെല്ലാം ഓടിപ്പോയിരുന്നല്ലോ.

**15:22–23,** 'തലയോട്ടി' എന്ന അർത്ഥമുള്ള 'ഗുൽഗുൽത്ത' എന്ന അരമായ പദം ഗ്രീക്കു ലിപികളിൽ എഴുതിയിരിക്കുന്നതാണ് 'ഗൊൽഗോഥാ' എന്ന വാക്ക്. ആ സ്ഥലത്തിന് തലയോട്ടിയുടെ ആകൃതി ഉണ്ടായിരുന്നതുകൊണ്ടോ, തിന്മയ്ക്ക് തലയോട്ടികളുമായി എന്തെങ്കിലും ബന്ധമുണ്ടായിരുന്നതുകൊണ്ടോ ആകാം ഈ പേരുവന്നതെന്നു കരുതപ്പെടുന്നു. ആദത്തിന്റെ തല കിടന്നിരുന്ന സ്ഥലമാണിതെന്ന ഒരു പാരമ്പര്യം നിലവിലുണ്ടായിരുന്നതായി ജറോം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. യേശുവിന്റെ കാലത്ത് ജറുസലേം നഗരത്തിനു വെളിയിലായിരുന്നു ഈ സ്ഥലം. 'കാൽവരി' എന്ന ചിരപരിചിതമായ വാക്കു വരുന്നത് 'തലയോട്ടി'ക്കുള്ള ലത്തീൻ പദമായ 'കാൽവരിയാ'യിൽ നിന്നാണ്.

**15:23,** 'മീറ കലർത്തിയ വീഞ്ഞ്' യേശുവിന്റെ വേദന കുറയ്ക്കാൻ വേണ്ടി നല്കിയതായിരിക്കണം (സുഭാ 31:6–7). എന്നാൽ മനുഷ്യരക്ഷയ്ക്കു വേണ്ടിയുള്ള വേദനകൾ പൂർണ്ണബോധത്തോടെ സഹിക്കാൻ നിശ്ചയിച്ചിരുന്നതിനാൽ യേശു അതു കുടിച്ചില്ല. കുരിശിൽ മയങ്ങിക്കിടന്നുകൊണ്ടല്ല അവൻ മനുഷ്യരക്ഷ സാധിച്ചത്.

**15:24,** സാദ്ധ്യമായത്ര ഹ്രസ്വവും വ്യക്തവുമായ വാക്കുകളിലാണ് മർക്കോസ് യേശുവിനെ കുരിശിൽ തറച്ച സംഭവം രേഖപ്പെടുത്തിയിരിക്കുന്നത്. കുരിശിൽ തറയ്ക്കുന്നതിന്റെ വിശദാംശങ്ങളും അതിന്റെ ഘോരവേദനകളും റോമായിലെ ക്രിസ്ത്യാനികൾക്കു പരിചിതമായതുകൊണ്ടാകാം മർക്കോസ് വിശദാംശങ്ങൾ നൽകാൻ മുതിരാതിരുന്നത്. കുരിശിൽ തറയ്ക്കപ്പെട്ടവരുടെ വസ്ത്രങ്ങൾ (ഉടുപ്പ്, ചെരുപ്പ്, അരക്കെട്ട്, ശിരോവസ്ത്രം, മേലങ്കി തുടങ്ങിയവ) വിധി നടപ്പാക്കാൻ നിയുക്തരായ പട്ടാളക്കാരുടെ അവകാശമായിരുന്നു. വസ്ത്രങ്ങൾക്കുവേണ്ടി കുറിയിട്ടത് സങ്കീ 22:18 ന്റെ പൂർത്തീകരണമായിട്ടാകാം മർക്കോസ് വിവരിക്കുന്നത്.

**15:25,** യേശുവിനെ കുരിശിൽ തറച്ച സമയത്തിന്റെ കാര്യത്തിൽ മർക്കോസിന്റെ സുവിശേഷവും യോഹന്നാന്റെ സുവിശേഷവും തമ്മിൽ പൊരുത്തക്കേടുണ്ട്. യേശുവിനെ കുരിശിൽ തറച്ചപ്പോൾ മൂന്നാം മണിക്കൂർ ആയിരുന്നുവെന്ന് മർക്കോസു സാക്ഷ്യപ്പെടുത്തുന്നു. മൂന്നാം മണിക്കൂർ എന്നത് രാവിലെ ഒമ്പതു മണിയാണ്. എന്നാൽ യോഹന്നാന്റെ വിവരണമനുസരിച്ച് ഏകദേശം ആറാം മണിക്കൂറിലാണ്, അതായത് ഏകദേശം പന്ത്രണ്ടു മണി ഉച്ചയോടെയാണ് പീലാത്തോസ് യേശുവിനെ കുരിശിൽ തറയ്ക്കാൻ വിട്ടുകൊടുക്കുന്നത് (യോഹ 19:14–16). ഒരുപക്ഷേ യേശുവിനെ കുരിശിൽ തറയ്ക്കാനുള്ള ഒരുക്കമാരംഭിച്ച സമയത്തെക്കുറിച്ചാകാം മർക്കോസ് പരാമർശിക്കുന്നത്.

നിങ്ങൾ മൂന്നാം മണിക്കൂറിൽ (രാവിലെ ഒമ്പതുമണി) പ്രാർത്ഥിക്കുവിൻ; യേശുവിനെ കുരിശിൽതറയ്ക്കാൻ പീലാത്തോസ് വിധിച്ചത് അപ്പോഴാണല്ലോ. നിങ്ങൾ ആറാം മണിക്കൂറിലും പ്രാർത്ഥിക്കുവിൻ; യേശു കുരിശിൽ തറയ്ക്കപ്പെട്ടത് അപ്പോഴാണല്ലോ. ഒമ്പതാം മണിക്കൂറിലും (ഉച്ചകഴിഞ്ഞ് മൂന്നുമണി) നാം പ്രാർത്ഥിക്കാറുണ്ട്; കാരണം, ഈ ക്രൂരതകൾ കാണാനാകാതെ സൂര്യൻ ഇരുളുകയും ഭൂമി ഭയംകൊണ്ടു വിറയ്ക്കുകയും ചെയ്ത സമയമാണല്ലോ അത് (അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷൻസ്).

യഥാർത്ഥത്തിൽ പന്ത്രണ്ടുമണിക്കാണ് യേശുവിനെ കുരിശിൽ തറച്ചത്. എങ്കിലും, അവനെ ക്രൂശിക്കുക എന്ന ജനക്കൂട്ടം മുറവിളികൂട്ടിയപ്പോൾത്തന്നെ അവർ അവനെ കൊന്നുകഴിഞ്ഞിരുന്നു. മൂന്നാം മണിക്കൂറിൽ (9 മണിക്ക്) അവർ ആവശ്യപ്പെട്ടതാണ് ആറാം മണിക്കൂറിൽ (12 മണിക്ക്) പട്ടാളക്കാർ ചെയ്തത്. മൂന്നാം മണിക്കൂറിൽ ചിലർ നാവുകൊണ്ട് ചെയ്തത് ഒമ്പതാം മണിക്കൂറിൽ മറ്റു ചിലർ കൈകൊണ്ടു ചെയ്തു (അഗസ്റ്റിൻ).

**15:26,** യേശുവിന്റെമേൽ ആത്യന്തികമായി ചുമത്തപ്പെട്ട കുറ്റത്തിന്റെ സംക്ഷിപ്തമാണ് മർക്കോസ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. യേശുവിനെതിരേ ഔദ്യോഗികമായി ഉന്നയിക്കപ്പെട്ടതും ഈ ആരോപണം തന്നെയായിരുന്നു (15:2). യഹൂദമതകോടതിയിൽ യേശുവിനെതിരേ മറ്റു രണ്ടു കുറ്റങ്ങളാണ് ആരോപിക്കപ്പെട്ടിരുന്നത് - ദേവാലയം നശിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തിയെന്നും ദൈവദൂഷണം പറഞ്ഞുവെന്നും (14:58 –61). രാജാവാണെന്ന് അവകാശപ്പെട്ടതിന്റെ പേരിൽ യേശുവിനെ റോമാക്കാർ കുരിശിൽ തറച്ചുകൊന്നുവെന്നതാണ് ചരിത്രസത്യമെന്ന് യഹൂദരുടെരാജാവ് എന്നെഴുതിയ ഫലകം വെളിപ്പെടുത്തുന്നു.

**15:27–28,** യേശുവിന്റെ ഇടത്തും വലത്തും കുരിശിൽ തറക്കപ്പെട്ട രണ്ടു കവർച്ചക്കാർ, ഒരുപക്ഷേ ബറാബ്ബാസിനെപ്പോലെ വിപ്ലവകാരികളായിരുന്നിരിക്കാം. അവരുടെ നടുവിലായി യേശുവിനെ കുരിശിൽ തറച്ചത് യേശുവിനെ കൂടുതൽ കടുത്ത കുറ്റവാളിയായി അവതരിപ്പിക്കാനാകാം. 'അവൻ ദുഷ്കർമ്മികളോടുകൂടെ എണ്ണപ്പെട്ടു എന്ന തിരുവെഴുത്ത് അങ്ങനെ പൂർത്തിയായി' എന്നത് 28-ാം വാക്യമായി ചില ആദ്യകാല കയ്യെഴുത്തുപ്രതികളിൽ കാണുന്നുണ്ട്. ലൂക്ക 22:37 ന്റെ സ്വാധീനത്താൽ പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതാകാം ഈ വാക്യം. പഴയനിയമപ്രവചനങ്ങളുടെ പൂർത്തീകരണം വിരളമായേ മർക്കോസു ചൂണ്ടിക്കാണിക്കാറുള്ളൂ. യേശുവിനെ കുരിശിൽ തറച്ചുവെന്നകാര്യം 24–27 വാക്യങ്ങളിൽ മർക്കോസു മൂന്നുതവണ അവതരിപ്പിക്കുന്നുണ്ട്. ഓരോ പ്രാവശ്യവും യേശുവിന്റെ ക്രൂശിക്കലുമായി ബന്ധപ്പെട്ട ഓരോ പുതിയ വിശദാംശവും അതോടൊപ്പം നല്കുന്നു: പടയാളികൾ വസ്ത്രങ്ങൾ വീതിച്ചെടുക്കുന്നു (24), യൂദന്മാരുടെ രാജാവ് എന്ന കുറ്റപത്രം എഴുതിവയ്ക്കുന്നു (26), രണ്ടു കവർച്ചക്കാരെയും അവനോടൊപ്പം കുരിശിൽ തറയ്ക്കുന്നു (27).

കുരിശിലെ കോടതിമുറിയിൽ യേശുവിനെ വിശ്വസിച്ച കള്ളൻ കുറ്റവിമുക്തനാക്കപ്പെട്ടു. അന്ത്യവിധിയുടെ മുന്നോടിയാണീ സംഭവം. വിധി നടത്തുന്ന ന്യായാധിപൻ അന്ന് ചിലരെ തന്റെ വലത്തുവശത്തും ചിലരെ

ഇടത്തു വശത്തും നിറുത്തും; വലത്തുവശത്തെയും ഇടത്തുവശത്തെയും കള്ളന്മാരെപ്പോലെ തന്നെ (അഗസ്റ്റിൻ).

**15:29–30,** L, 083 തുടങ്ങിയ കയ്യെഴുത്തുപ്രതികളിൽ കുറ്റവാളികളോടൊപ്പം അവൻ എഴുതപ്പെട്ട... അതിനെ പൂർത്തിയായി എന്ന് 26–ാം വായനയായി കാണപ്പെടുന്നു. എന്നാൽ കൂടുതൽ പ്രധാനപ്പെട്ട 3 കയ്യെഴുത്തുപ്രതികളായ സീനാ, അലക്സാണ്ട്രിയാ, വത്തിക്കാൻ തുടങ്ങിയ കോദക്സുകളിൽ ഈ വാക്യം കാണുന്നില്ല. യേശുവിനെ കുരിശിൽ തറയ്ക്കുന്നതിനും യേശുവിന്റെ മരണത്തിനുമിടയ്ക്കുള്ള സമയം മുഴുവൻ യേശു പരിഹസിക്കപ്പെടുന്ന ചിത്രമാണ് മർക്കോസ് അവതരിപ്പിക്കുന്നത്. 3 സംഘം ആളുകളാണ് യേശുവിനെ പരിഹസിക്കുന്നത്. "അതിലെ കടന്നുപോയവർ" പൊതുജനത്തിന്റെ പ്രതിനിധികളാണ്. 14:58ൽ യേശുവിനെതിരേ ഉന്നയിക്കപ്പെട്ട ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് അവരുടെ പരിഹാസം. ദേവാലയത്തെ വലിയ ബഹുമാനാദരവുകളോടെയാണ് പൊതുജനം കണ്ടിരുന്നത്. ദേവാലയം നശിപ്പിക്കുമെന്നു പറഞ്ഞവൻ മിശിഹാ ആയിരിക്കാൻ വഴിയില്ല എന്ന് അവർ വിശ്വസിച്ചു. 'ദുഷിച്ചുപറഞ്ഞു'വെന്നതിന് ദൈവദൂഷണം പറഞ്ഞു എന്നർത്ഥം വരുന്ന എബ്ലാസ്ഫെ മൂൻ എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ദൈവമായ യേശുവിനെ പരിഹസിച്ചവർ വാസ്തവത്തിൽ ദൈവദൂഷണം തന്നെയാണ് നടത്തിയത്. തലകുലുക്കിക്കൊണ്ടുള്ള ദൂഷണം സങ്കീ 22:8നെ അനുസ്മരിപ്പിക്കുന്നു.

**15:31–32,** യേശുവിനെ പരിഹസിച്ച രണ്ടാമത്തെ സംഘം പുരോഹിതപ്രമുഖന്മാരും നിയമജ്ഞരുമടങ്ങുന്നതാണ്. അനുഷ്ഠാനവിശുദ്ധിയും പാണ്ഡിത്യവും ഉണ്ടായിരുന്ന അവർ സമൂഹത്തിലെ ഉന്നതശ്രേണിലുള്ളവരുടെ പ്രതിനിധികളാണ്. താൻ മിശിഹായാണെന്ന യേശുവിന്റെ അവകാശവാദത്തെ (14,61) അടിസ്ഥാനമാക്കിയുള്ളതായിരുന്നു. അവരുടെ പരിഹാസം. കുരിശിൽ നിസ്സഹായനായി കിടക്കുന്നവൻ മിശിഹായാകാൻ തരമില്ല എന്നതായിരുന്നു അവരുടെ യുക്തി. അവരുടെ കാഴ്ചപ്പാടിൽ സകലരെയും ഭരിക്കുന്ന ശക്തനായ രാജാവാണ് മിശിഹാ. യേശുവിനെ പരിഹസിക്കുന്ന മൂന്നാമത്തെ സംഘം മറ്റു രണ്ടു കുറ്റവാളികളുടേതാണ്. സമൂഹത്തിലെ പാപികളുടെ പ്രതിനിധികളാണവർ. ഈ മൂന്നു സംഘങ്ങളുടെയും പരിഹാസം സൂചിപ്പിക്കുന്നത് സമൂഹത്തിലെ എല്ലാവരാലും – ഏറ്റവുമുന്നതർ മുതൽ ഏറ്റവും താഴ്ന്നവർ വരെ – പരിഹസിക്കപ്പെട്ടും തിരസ്ക്കരിക്കപ്പെട്ടുമാണ് യേശു മരിക്കുന്നതെന്നാണ്.

മത്തായിയും മർക്കോസും പറയുന്നു രണ്ടു കള്ളന്മാരും യേശുവിനെ ദുഷിച്ചു പറഞ്ഞുവെന്ന് (മത്താ 27:44; മർക്കോ 15:32). എന്നാൽ ലൂക്കാ പറയുന്നു, യേശുവിനെ ദുഷിച്ചു പറഞ്ഞ കള്ളനെ മറ്റേകള്ളൻ ശാസിച്ചുവെന്ന്. രണ്ടും ശരിയാണ്. തുടക്കത്തിൽ രണ്ടു കള്ളന്മാരും മോശമായാണ് യേശുവിനോട് പെരുമാറിയത്. എന്നാൽ, ഭൂമി കുലുങ്ങുന്നതും, പാറകൾ പിളരുന്നതും, സൂര്യൻ ഇരുളുന്നതുമായ അടയാളങ്ങൾ കണ്ടപ്പോൾ ഒരുവൻ അനുതപിച്ച് യേശുവിനെയും അവിടുത്തെ രാജ്യത്തെയും അംഗീകരിച്ചേറ്റു പറയുന്നു (ക്രിസോസ്റ്റോം).

**വിചിന്തനം: കുരിശിൽനിന്ന് ഇറങ്ങിവരുക:** അതിലെ കടന്നുപോയ പൊതുജനവും, പുരോഹിതപ്രമുഖന്മാരും നിയമജ്ഞരും അടങ്ങിയ സമൂഹത്തിലെ മുകൾത്തട്ടിലുള്ളവരും, അവനോടൊപ്പം ക്രൂശിക്കപ്പെട്ട പാപികളായ കള്ളന്മാരും യേശുവിനെ പരിഹസിച്ചുവെന്ന് മർക്കോസ് രേഖപ്പെടുത്തുന്നു (15:29–32). താഴെത്തട്ടിലുള്ളവരും മുകൾത്തട്ടിലുള്ളവരും പൊതുജനവും നിന്ദിച്ചുവെന്നതുകൊണ്ട് സമൂഹത്തിലെ സകലരാലും യേശു പരിഹാസിതനായി എന്നാണു മർക്കോസ് സൂചിപ്പിക്കുന്നത്. എല്ലാവരും ഒന്നടങ്കം യേശുവിനോട് ആവശ്യപ്പെട്ടത് ഒന്നുമാത്രം, കുരിശിൽനിന്നിറങ്ങിവരിക (മർക്കോ 15:30–32; മത്താ 27:44).

കുരിശിൽനിന്ന് ഇറങ്ങിവരാൻ നമ്മെ പ്രേരിപ്പിക്കുകയും ചിലപ്പോൾ നിർബ്ബന്ധിക്കുകയും ചെയ്യുന്നത് നമ്മുടെ കുടുംബാംഗങ്ങൾ തന്നെയോ, അടുത്ത സുഹൃത്തുക്കൾ തന്നയോ ആകാം; അതിന് അവർ പറയുന്ന കാരണങ്ങളും ന്യായമാകാം. ഒരിക്കലും നന്നാവാത്ത ഭർത്താവുമായുള്ള വിവാഹബന്ധമെന്ന കുരിശിൽനിന്ന്, വൃദ്ധരും തീരാരോഗികളും അസംതൃപ്തരുമായ മാതാപിതാക്കളു മൊത്തുള്ള ജീവിതമെന്ന കുരിശിൽനിന്ന്, വഴിപിഴച്ചവരും കുടുംബദ്രോഹികളുമായ മക്കളോട് എന്നും ക്ഷമിച്ചുകൊണ്ടുള്ള സഹനജീവിതമെന്ന കുരിശിൽനിന്ന്... നാമോരുത്തരും തറയ്ക്കപ്പെട്ടിരിക്കുന്ന കുരിശിൽനിന്ന് ഇറങ്ങിവരാൻ സാധിക്കുന്നതാണ് ദൈവം കൂടെയുണ്ടെന്നുള്ളതിന്റെ അടയാളമെന്നു നാം വിചാരിച്ചേക്കാം. എന്നാൽ, കുരിശിൽ നിന്നിറങ്ങി വരുന്നവനല്ല, മറ്റുള്ളവർക്കുവേണ്ടി കുരിശിൽ കിടക്കാൻ തയ്യാറുള്ളവനാണു യഥാർത്ഥദൈവപുത്രൻ, അതാണു ദൈവികത.

**കുരിശ്: മനുഷ്യന്റെ നിഷേധാത്മകതയോടുള്ള ദൈവത്തിന്റെ ഭാവാത്മക പ്രതികരണം,** ഒരു കുരിശുരൂപം കാണുമ്പോൾ നമ്മുടെ മനസ്സിലേയ്ക്ക് ആദ്യം ഓടിയെത്തുന്ന ചിന്ത യേശുവിന്റെ സഹനത്തെയും മരണത്തെയും കുറിച്ചുള്ളതാണ്. കണ്ണീരിന്റെയും ദുഃഖത്തിന്റെയും സഹനത്തിന്റെയും മരണത്തിന്റെയുമൊക്കെ പര്യായമാണ് കുരിശ്. യഹൂദരും വിജാതീയരുമായ മനുഷ്യവംശം അതിന്റെ രക്ഷകനോടു കാട്ടിയത് തികച്ചും നിഷേധാത്മകമായ സമീപനമായിരുന്നു – ഒറ്റൽ, തള്ളിപ്പറയൽ, ഒറ്റപ്പെടുത്തൽ, രാത്രിയിൽ രഹസ്യത്തിലുള്ള അറസ്റ്റ്, പോലീസിന്റെ മർദ്ദനം, അന്യായമായ വിചാരണ, കള്ളസാക്ഷ്യങ്ങൾ, അനീതി നിറഞ്ഞ വിധിതീർപ്പ്, ജനക്കൂട്ടത്തിന്റെ ക്രൂരത, വസ്ത്രാക്ഷേപം, പരിഹാസം, പീഡനവും കാരാഗൃഹവാസവും, ഏകാന്തത, വിശപ്പ്, ദാഹം, ശാരീരികവേദനയും മാനസികവ്യഥയും... ഒടുവിൽ മരണം.

യേശു കാൽവരിയിലേക്കു ചുമന്നത് കുരിശിന്റെ കുറുകെയുള്ള കഷണമാണെന്നാണു പൊതുവേയുള്ള ചിന്ത. ആ കഷണത്തിന് ഒരു നെഗറ്റീവ് (–) ചിഹ്നത്തിന്റെ രൂപമാണല്ലോ ഉള്ളത്. വാസ്തവത്തിൽ മനുഷ്യപുത്രനു ലോകം നല്കിയ നിഷേധാത്മക പ്രതികരണത്തിന്റെ മൂർത്തരൂപമാണ് ആ തടികഷ്ണം. യേശു തന്റെ തോളിലേയ്ക്ക് ഏറ്റെടുത്തതും മനുഷ്യന്റെ ഈ നെഗറ്റീവ് (–) പ്രതികരണം തന്നെ.

മറ്റുള്ളവർ നമ്മോടു കാണിക്കുന്ന തിരസ്കരണത്തോടും നിഷേധാത്മകതയോടുമുള്ള നമ്മുടെ പ്രതികരണമെന്താണ്? ഇങ്ങോട്ടെങ്ങനെയോ അങ്ങനെതന്നെ അങ്ങോട്ടും എന്നതാണു പലപ്പോഴും നമ്മുടെ അടിസ്ഥാന പ്രമാണം. നമ്മെ സ്നേഹിക്കുന്നവരെ നാം സ്നേഹിക്കുന്നു, വെറുക്കുന്നവരെ വെറുക്കുകയും ചെയ്യുന്നു. എന്നാൽ യേശു പ്രതികരിച്ചതോ? ലോകത്തിന്റെ നിഷേധാത്മകതയോട് ഏറ്റവും ഭാവാത്മകമായാണ് അവിടുന്ന് പ്രതികരിച്ചത്. അവിടുന്ന് മരിച്ച കുരിശിന് ഏറെക്കുറെ ഒരു പോസിറ്റീവ് (+) ചിഹ്നത്തിന്റെ ആകൃതിയാണല്ലോ ഉള്ളത്. ലോകത്തിന്റെ ഹൃദയശൂന്യതയെ അവിടുന്ന് നിസ്വാർത്ഥസ്നേഹംകൊണ്ട് നേരിട്ടു. തന്നെ പൂർണ്ണമായും തള്ളിക്കളഞ്ഞവരെ അവിടുന്ന് ഹൃദയപൂർവ്വം സ്വീകരിച്ചു. മനുഷ്യനു സാധിക്കുന്ന ഏറ്റവും ഭാവാത്മകമായ പ്രതികരണമാണല്ലോ സ്നേഹത്തിന്റേത്. കുരിശിൽ നാം കാണുന്നത് പരമമായ സ്നേഹത്തിന്റെ പ്രകടനമാണ്. കാരണം, യേശു പറഞ്ഞതുപോലെ, സ്നേഹിതനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ലല്ലോ (യോഹ 15:13). നമ്മുടെ മുന്നിൽ തൂങ്ങിക്കിടക്കുന്ന കുരിശുരൂപം, മനുഷ്യവംശത്തോടുള്ള ദൈവത്തിന്റെ മാറ്റമില്ലാത്ത ഭാവാത്മക സമീപനത്തെക്കുറിച്ചു നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ അർത്ഥത്തിൽ കുരിശ് നമ്മിൽ നിറയ്ക്കുന്നത് പ്രത്യാശയുടെ വികാരവിചാരങ്ങളാണ്.

*ഭൂമിയിൽനിന്ന് ഞാൻ ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും ഞാൻ എന്നിലേയ്ക്കാകർഷിക്കും (യോഹ 12:32) എന്ന് ഒരിക്കൽ യേശു പറഞ്ഞു. ഉയർത്തപ്പെടുക എന്നതുകൊണ്ട് തന്റെ കുരിശുമരണത്തെയാണ് അവിടുന്ന് ഉദ്ദേശിച്ചത്. വാസ്തവത്തിൽ കുരിശിൽ തൂക്കപ്പെട്ട മനുഷ്യൻ ഒരു ബീഭത്സവസ്തുവാണ്. അവൻ ആരെയും ആകർഷിക്കുന്നില്ലെന്നു മാത്രമല്ല, എല്ലാവരും അവനിൽനിന്ന് ഓടിമാറുകയും ചെയ്യുന്നു. എന്നാൽ, ഇത്രയും ഭയാനകവും അപമാനകരവുമായ കുരിശുമരണം നമ്മോടുള്ള സ്നേഹത്തെപ്രതി ഏറ്റെടുത്തതിനാൽ യേശുവിന്റെ കുരിശ് ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിന്റെ ആഴത്തിലേയ്ക്കാണു നമ്മെ നയിക്കുന്നത്. കുരിശിൽ വെളിപ്പെട്ട ദൈവസ്നേഹമാണ് കുരിശിലേയ്ക്ക് നമ്മെ ആകർഷിക്കുന്നത്. ചുരുക്കത്തിൽ, മനുഷ്യനോടുള്ള സ്നേഹമാണ് യേശുവിനെ കുരിശിലേയ്ക്ക് ആകർഷിച്ചതെങ്കിൽ കുരിശിൽ കാണുന്നത് ദൈവസ്നേഹത്തിന്റെ ആഴമാണ് എന്ന തിരിച്ചറിവാണു കുരിശിലേയ്ക്ക് മനുഷ്യനെയും ആകർഷിക്കുന്നത്.

## യേശുവിന്റെ മരണം (15:33-41)

പഴയനിയമത്തിൽ വെളിപ്പെടുത്തപ്പെട്ടിട്ടുള്ള ദൈവഹിതമനുസരിച്ച് യേശു മരിക്കുന്നു. യേശുവിന്റെ മരണത്തോടനുബന്ധിച്ചു അഞ്ചു പ്രത്യേക സംഭവങ്ങളാണ് മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത് (1) അന്ധകാരം (2) യേശുവിന്റെ വിലാപം (3) യേശുവിന്റെ രണ്ടാം തവണയുള്ള കരച്ചിൽ (4) ദേവാലയത്തിന്റെ തിരശ്ശീല കീറുന്നത് (5) ശതാധിപന്റെ പ്രഖ്യാപനം.

**15:33,** ആറാം മണിക്കൂർ മുതൽ ഒമ്പതാം മണിക്കൂർവരെ എന്നാൽ ഉച്ചയ്ക്ക് 12 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെയെന്നർത്ഥം.

'ഭൂമി' എന്നതിന് ഉപയോഗിച്ചിരിക്കുന്നത് ഗെ എന്ന ഗ്രീക്കു വാക്കാണ്. ഇതിന് 'നാട്' എന്നും അർത്ഥമുണ്ട്. യൂദയാ നാടുമുഴുവൻ അന്ധകാരം ബാധിച്ചുവെന്നാകാം സുവിശേഷകൻ ഉദ്ദേശിച്ചത്. 12 മണി മുതൽ 3 മണിവരെ ഉണ്ടായ അസ്വാഭാവികമായ അന്ധകാരത്തെക്കുറിച്ച് മൂന്നു സമാന്തര സുവിശേഷകരും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആരും അതിനെ വിശദീകരിച്ചിട്ടില്ല. യേശുവിനെ പരിഹസിച്ചവരുടെമേലുള്ള ദൈവത്തിന്റെ ശിക്ഷാവിധിയുടെ അടയാളമായിട്ടായിരിക്കാം മർക്കോസ് ഇതിനെ മനസ്സിലാക്കിയത്. പുരാതന സങ്കല്പമനുസരിച്ച് മഹത്വ്യക്തികളുടെ മരണത്തോടനുബന്ധിച്ച് അത്ഭുതകരമായ പ്രതിഭാസങ്ങളുണ്ടാകാറുണ്ട്. ജൂലിയസ്സ് സീസർ മരിച്ചപ്പോൾ സൂര്യൻ അന്ധകാരാവൃതമായി എന്ന കഥ പ്രചാരത്തിലിരുന്നത് മർക്കോസിന്റെ വായനക്കാർ ഓർത്തിട്ടുണ്ടാകാം. "ആ ദിവസം മധ്യാഹ്നത്തിൽ സൂര്യൻ അസ്തമിക്കും; നട്ടുച്ചയ്ക്ക് ഞാൻ ഭൂമിയെ അന്ധകാരത്തിലാഴ്ത്തും" (ആമോ 8:9-10) എന്ന തിരുവചനങ്ങൾ ഇവിടെ പൂർത്തിയാകുന്നത് നാം കാണുന്നു. ഈജിപ്തിനെ ബാധിച്ച ഒമ്പതാമത്തെ ബാധ അന്ധകാരമായിരുന്നു. അതേതുടർന്നു സംഭവിക്കുന്നത് ആദ്യജാതരുടെ മരണവും (പുറ 10:22 -11,9). ദൈവത്തിന്റെ ആദ്യജാതന്റെ തന്നെ മരണത്തിനുമുമ്പ് ഭൂമി അന്ധകാരാവൃതമാവുകയാണ്.

**15:34,** കുരിശിൽ കിടന്നുകൊണ്ട് യേശു പറയുന്നതായി മർക്കോസ് രേഖപ്പെടുത്തുന്ന ഏകവാക്യമാണിത്. യേശുവിന്റെ വാക്കുകൾ അറമായ ഭാഷയിലാണ് മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ഹെബ്രായ രൂപമാണ് മത്തായി (27:47) നല്കിയിരിക്കുന്നത്. 22-ാം സങ്കീർത്തനത്തിന്റെ ആദ്യവാക്യമാണിത്. നിരപരാധിയായ മനുഷ്യൻ തന്റെ സഹനങ്ങളെ എണ്ണിപ്പറഞ്ഞു ദൈവത്തോടു വിലപിക്കുന്ന ഈ സങ്കീർത്തനം പക്ഷേ അവസാനിക്കുന്നത് ദൈവത്തിലുള്ള തന്റെ ശരണം പ്രഖ്യാപിച്ചുകൊണ്ടാണ്. തന്റെ വേദനകളും അചഞ്ചലമായ ദൈവാശ്രയബോധവും പ്രകടമാക്കിക്കൊണ്ട് യേശു കുരിശിൽകിടന്നുകൊണ്ട് നടത്തുന്ന പ്രാർത്ഥനയായിട്ടുവേണം ഈ വാക്യത്തെ നാം കാണാൻ. വചനമുദ്ധരിച്ചുകൊണ്ടുള്ള അവിടുത്തെ നിലവിളി സാധാരണ മരണവേദനകളിൽനിന്ന് അതിനെ വ്യത്യസ്തമാക്കുന്നു. എന്നാൽ, അതോടൊപ്പം തന്നെ ഈ വാക്യത്തെ മറ്റൊരു കാഴ്ചപ്പാടിലൂടെയും നമുക്കു കാണാനാവും. കുരിശിൽ യേശു അനുഭവിക്കുന്ന ഏറ്റവും തീവ്രമായ വേദന ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടതിന്റെ അഥവാ ദൈവത്തിൽനിന്നു വെട്ടിമാറ്റപ്പെട്ടതിന്റെ അനുഭവമാണ്. പാപത്തിന്റെ ഫലമാണു നരകം. അത് ദൈവത്തിൽനിന്നു എന്നേയ്ക്കുമായി അകറ്റപ്പെടുന്ന അവസ്ഥയാണ്: മനുഷ്യപാപങ്ങൾ തന്റെമേൽ ഏറ്റെടുത്ത ദൈവപുത്രൻ ആ പാപത്തിന്റെ ഫലമായ നരകാനുഭവത്തിലൂടെ കടന്നുപോകുന്നതിന്റെ വ്യക്തമായ പ്രഖ്യാപനമാണ് യേശുവിന്റെ വിലാപത്തിൽ നാം കാണുന്നത് (റോമ 5:8; 1 പത്രോ 2:24; 3:18).

**15:35-36,** അടുത്തുനിന്നിരുന്നവർ യഥാർത്ഥത്തിൽ യേശുവിന്റെ വാക്കുകൾ തെറ്റിദ്ധരിച്ചതാണോ, അതോ യേശുവിനെ പരിഹസിക്കാനായി അവിടുത്തെ വാക്കുകൾ വളച്ചൊടിച്ചതാണോ എന്നു പറയാനാവില്ല. നീർപ്പഞ്ഞിയിൽ മുക്കിക്കൊടുത്ത വിനാഗിരി സാധാരണ കർഷ

കർ ഉപയോഗിച്ചിരുന്ന വിലകുറഞ്ഞ പാനീയമായിരുന്നു. കുരിശിൻ കീഴിൽ ദീർഘസമയം കാവലിരിക്കേണ്ടിയിരുന്ന പട്ടാളക്കാർ തങ്ങളുടെ ആവശ്യത്തിനുവേണ്ടി കൊണ്ടുവന്നിരുന്നതാകാം ഈ പാനീയം. ഏതായാലും ആ പ്രവൃത്തിയിലൂടെ സങ്കീർത്തനം 69:21 പൂർത്തിയാവുകയായിരുന്നു, ''ദാഹത്തിന് അവർ എനിക്ക് വിനാഗിരി തന്നു.'' സങ്കീർത്തനം 69:21 ന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ ഈ പ്രവൃത്തി യേശുവിനോടുള്ള കരുണയുടെ ഭാഗമായിക്കാണാൻ കഴിയില്ല.

**15:37,** ഉച്ചത്തിലുള്ള നിലവിളി യേശുവിന്റേത് വേദനാപൂർണ്ണമായ മരണമായിരുന്നുവെന്ന് വ്യക്തമാക്കുന്നു. അവിടുന്ന് എന്തു പറഞ്ഞുകൊണ്ടാണ് മരിച്ചതെന്ന് മർക്കോസ് വെളിപ്പെടുത്തുന്നില്ല. എന്നാൽ ലൂക്കായും യോഹന്നാനും ഇതു വെളിപ്പെടുത്തുന്നുണ്ട് (ലൂക്ക 23:46; 19:30).

**15:38,** ദേവാലയത്തിലെ തിരശ്ശീല കീറുന്ന പ്രതീകാത്മക സംഭവം സമാന്തര സുവിശേഷകരെല്ലാം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ അവരാരും അതിന്റെ അർത്ഥം വിശദീകരിക്കുന്നില്ല. ഹെബ്രായലേഖകനാണ് അത് വിശദീകരിച്ചിട്ടുള്ളത് (ഹെബ്രാ 6:19–20; 9:1–14; 10:19–22). അതനുസരിച്ച് തന്റെ പുത്രന്റെ മരണത്തിലൂടെ ദൈവം മനുഷ്യവംശത്തിന് തന്റെ സന്നിധിയിലേക്ക് വഴി തുറക്കുകയാണ്. ഇതുവരെയും ദൈവത്തെയും മനുഷ്യനെയും തമ്മിൽ വേർതിരിച്ചു നിറുത്തിയിരുന്ന വിരി യേശുവിന്റെ മരണത്തോടെ എന്നേയ്ക്കുമായി ഇല്ലാതായി. തന്റെ മരണത്തിലൂടെ മനുഷ്യനെ ദൈവവുമായി യേശു അനുരഞ്ജനപ്പെടുത്തി. വിരി മുകളിൽനിന്നാണ് കീറിത്തുടങ്ങിയതെന്നത് അത് മനുഷ്യനല്ല, ദൈവം തന്നെയാണു കീറിക്കളഞ്ഞതെന്നു സൂചിപ്പിക്കുന്നു. അതിവിശുദ്ധസ്ഥലത്തെ വിശുദ്ധസ്ഥലത്തുനിന്നു വേർതിരിക്കുന്ന വിരിയാണ് ഇവിടെ ഉദ്ദേശിക്കുന്നത് (പുറ 26:33). വിരി കീറപ്പെട്ട ജറുസലെം ദേവാലയം ഉപയോഗശൂന്യമാണ്. പഴയനിയമ ഉടമ്പടിയുടെ ഭാഗമായിരുന്നു ജറുസലെം ദേവാലയവും അതിലെ ആരാധനാരീതികളും. യേശുവിന്റെ രക്തത്തിൽ പുതിയ ഉടമ്പടി മുദ്രവയ്ക്കപ്പെട്ടതോടെ പഴയഉടമ്പടിയുടെയും ദേവാലയത്തിന്റെയും അതിലെ ബലികളുടെയും കാലഘട്ടം അവസാനിച്ചുവെന്നാണ് പ്രതീകാത്മകമായ ഈ സംഭവം അർത്ഥമാക്കുന്നത്.

വിരി കീറപ്പെട്ട ദേവാലയം ഉപയോഗശൂന്യമാണ് എന്നതിനാൽ ഈ സംഭവം ദേവാലയത്തിന്റെ തകർച്ചയുടെ പ്രതീകമാണെന്നും വ്യാഖ്യാനിക്കാവുന്നതാണ്.

**15:39,** യേശുവിനെ കുരിശിലേറ്റുന്നതിന്റെ മേൽനോട്ടം വഹിച്ചിരുന്നയാളാണ് ശതാധിപൻ. ഒരുപക്ഷേ യേശു ഒരു നീതിമാനായിരുന്നുവെന്നേ അയാൾ ഉദ്ദേശിച്ചു കാണുകയുള്ളൂ (ലൂക്ക 23:47). എന്നാൽ യേശുവിന്റെ മുമ്പിൽനിന്നുകൊണ്ട് അയാൾ പറഞ്ഞ വാക്കുകൾ അക്ഷരാർത്ഥത്തിൽത്തന്നെ സത്യമായിരുന്നു. മർക്കോസിന്റെ സുവിശേഷത്തിലെ പരമകാഷ്ഠയാണ് ഈ ഭാഗം. യേശുവിനെ ആരായിട്ടാണോ മർക്കോസ് തന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽ അവതരിപ്പിച്ചത് – ദൈവപുത്രനായ യേശുക്രിസ്തു – (മർക്കോ 1:1) ആ സത്യം ഒരു വിജാതീയൻ ഏറ്റുപറയുകയാണിവിടെ. തന്റെ പുത്രനെക്കുറിച്ച് ദൈവംതന്നെ നല്കിയ വെളിപാട് ആദ്യമായി ഒരു മനുഷ്യൻ അതും ഒരു വിജാതീയൻ മനസ്സിലാക്കു

കയും ഏറ്റുപറയുകയും ചെയ്യുന്നു. തുടർന്ന് യേശുവിന്റെ ദൈവത്വം ഏറ്റുപറഞ്ഞ് അവനിൽ വിശ്വസിക്കാനിരിക്കുന്ന വിജാതീയ വിശ്വാസിക ളുടെ ആദ്യഫലമാണ് ഈ ശതാധിപൻ. ദേവാലയത്തിലെ കീറിയ തിര ശ്ശീല യേശുവിന്റെ ദൈവപുത്രത്വത്തിന്റെ യഹൂദസാക്ഷ്യമായിരുന്നെങ്കിൽ ശതാധിപന്റെ പ്രഖ്യാപനം യേശുവിന്റെ ദൈവപുത്രത്വത്തിന്റെ വിജാ തീയ സാക്ഷ്യമാണ്.

**15:40-41,** യേശുവിന്റെ കുരിശിന്റെ വഴിയിൽ ശിമയോനുണ്ടായിരു ന്നു. കുരിശു മരണവുമായി ബന്ധപ്പെട്ട സംഭവങ്ങളുടെ ആധികാരികത ഉറപ്പിക്കാൻ ശിഷ്യന്മാരാരും സ്ഥലത്തുണ്ടായിരുന്നില്ല. അതുകൊണ്ട് സ്ഥലത്ത് ദൃക്സാക്ഷികളായിയുണ്ടായിരുന്ന സ്ത്രീകളാരൊക്കെയായി രുന്നുവെന്നു മർക്കോസ് വെളിപ്പെടുത്തുന്നു. മത്തായിയും ഈ മൂന്നു സ്ത്രീകളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. പട്ടാളക്കാരെപ്പോലെ അവരും യേശുവിന്റെ മരണത്തിനു സാക്ഷികളായി. അവരുടെ സ്നേഹസാ ന്നിദ്ധ്യം പട്ടാളക്കാരുടെ വിദ്വേഷപ്രകടനത്തിനുള്ള മറുപടിയായിരുന്നു. ഈ മൂന്നു സ്ത്രീകളിൽ മഗ്ദലേനമറിയമാണ് യേശുവിന്റെ മരണത്തിനും (15:40) സംസ്കാരത്തിനും(15:47) ഒഴിഞ്ഞ കല്ലറയ്ക്കു (16:6) മുള്ള ഏക സാക്ഷി. യോസെയുടെ അമ്മയായ മറിയത്തെ 15:47 ൽ നാം കാണുന്നു ണ്ട്. സലോമിയെ 16:1 ലാണു ഇനി നാം കാണുക.

നിന്നെ ചുംബിക്കാനെന്നപോലവിടുന്നു തലചായ്ച്ചു; നിന്നെ സ്നേഹി ക്കാനായി അവിടുന്നു ഹൃദയം തുറന്നു; നിന്നെ ആലിംഗനം ചെയ്യാനായി അവിടുന്ന് കൈകൾ വിരിച്ചു. ഒരിക്കൽ അവിടുത്തെ ശരീരത്തിന്റെ ഓരോ ഭാഗവും നിനക്കായി കുരിശിനോട് ചേർന്നിരുന്നതുപോലെ, നിന്റെ ആത്മാവിന്റെ ഓരോഭാഗത്തോടും ഇപ്പോൾ അവിടുന്ന് ചേർന്നിരിക്കട്ടെ (അഗസ്റ്റിൻ)

കല്ലറയിലടക്കപ്പെടുമ്പോഴും പണക്കൊഴുപ്പു കാണിക്കുന്ന ധനവാ ന്മാർക്കുമുള്ള സന്ദേശമാണ് യേശുവിന്റെ ലളിതമായ മൃതസംസ്കാരം. ബലിപീഠത്തിൽ തിരുവസ്തുക്കൾ പട്ടിലോ, നിറപ്പകിട്ടാർന്ന തുണി കളിലോ, വയ്ക്കാതെ, വെളുത്ത തുണിയിൽ വയ്ക്കുന്നത് വെളുത്ത കച്ചയിൽ പൊതിഞ്ഞ് യേശുവിന്റെ ശരീരം സംസ്കരിച്ചതിന്റെ ഓർമ്മ യ്ക്കാണ് (അത്തനാസിയുസ്).

**15:41,** ഈ വാക്യം മർക്കോസിൽ മാത്രമാണു നാം കാണുന്നത്. യേശുവിന്റെ എല്ലാശിഷ്യർക്കും പ്രോത്സാഹനം നല്കുന്ന ഒരു വാക്യം. പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകൾക്കും, യേശുവിന്റെ ശിഷ്യകളാ യിത്തീരാമെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. ശിഷ്യകളെന്ന നിലയിൽ അവരുടെ ഉത്തരവാദിത്വങ്ങളും അവർ വഹിക്കേണ്ട ചുമതലകളും പുരു ഷന്മാരുടേതിൽനിന്നും വ്യത്യസ്തമാകാം. എങ്കിലും അവരുടെ പങ്കും സുപ്രധാനം തന്നെയാണ്.

**വിചിന്തനം: നമുക്കായി പുറന്തള്ള പ്പെട്ടവൻ:** 'എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു' എന്ന യേശുവിന്റെ കുരിശിലെ വിലാപം ചരിത്രത്തിൽ ആദ്യത്തേതോ അവസാനത്തേതോ അല്ല. ഉപേക്ഷിക്കപ്പെടലിന്റെ പല മുഖങ്ങളും ബൈബിളിൽ നാം കാണുന്നു. തന്റെ ജനത്തിനെതിരേയുള്ള ദൈവത്തിന്റെ പരാതിയാണത് (ജറെ 15:6). ദൈവത്തിനെതിരേ ദൈവ

ജനത്തിന്റെ പരാതിയും മറ്റൊന്നല്ല, 'ദൈവം ഞങ്ങളെ പരിത്യജിച്ചിരിക്കുന്നു' (ന്യായാ 6:13). ജനത്തിനെതിരേ ദൈവം മുഴക്കുന്ന 'ഭീഷണി' 'ഉപേക്ഷിക്കു'മെന്നതാണ് (നിയമാ 31:17) നീതിമാന്മാർക്കു ദൈവം നൽകുന്ന വാഗ്ദാനം 'ഒരിക്കലും ഉപേക്ഷിക്കില്ല' എന്നതും (സങ്കീ 37:28).

മറ്റുള്ളവരാൽ അന്യായമായി പരിത്യജിക്കപ്പെട്ടവരെ ദൈവം സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുന്ന കാഴ്ച ബൈബിളിൽ സുലഭമാണ്. അതു മനസ്സിലാക്കിയാണ് സങ്കീർത്തകൻ ഉദ്ഘോഷിച്ചത്, 'പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നു' (സങ്കീ 118:22) വെന്ന്. പരിത്യജിക്കപ്പെട്ട ഒരു സ്ത്രീയുടേയും അവളുടെ കുഞ്ഞിന്റെയും പാടുപീഡകളാണ് ഹാഗാറിലും ഇസ്മായേലിലും നാം കാണുന്നത്. എന്നാൽ, മരുഭൂമിയിൽ, മരണത്തിന്റെ വക്കിൽ അവൾക്ക് ജീവന്റെ വാഗ്ദാനം ലഭിക്കുകയാണ്, ഇസ്മായേലിൽനിന്ന് ഒരു വലിയ ജനത പുറപ്പെടുമെന്ന് (ഉല്പ 21:18). സഹോദരങ്ങളാൽ ഉപേക്ഷിക്കപ്പെടുകയും പൊട്ടക്കിണറ്റിൽ തള്ളപ്പെടുകയും ചെയ്ത ജോസഫ് "ഫറവോയ്ക്ക് പിതാവും, അവന്റെ കുടുംബത്തിന്റെ നാഥനും ഈജിപ്തിന്റെ മുഴുവൻ ഭരണാധികാരിയുമായി" മാറി (ഉല്പ 45:8). തങ്ങളുടെ പിതാവിന് വേശ്യയിൽ ജനിച്ചവൻ എന്ന കാരണത്താൽ സ്വസഹോദരങ്ങളാൽ പടിയിറക്കപ്പെട്ട ജഫ്താ (ന്യായ 11:1-11) ഇസ്രായേലിനുമേൽ ന്യായാധിപനായി ഉയർത്തപ്പെട്ടു.

***മെരുങ്ങാത്ത ദൈവം:** മർക്കോസ് തന്റെ സുവിശേഷത്തിൽ വരച്ചുകൊണ്ടിരിക്കുന്ന 'എല്ലാവരാലും നിന്ദിതനും തിരസ്കൃതനുമായ സഹന ദാസനായ മിശിഹാ'യുടെ ചിത്രം യേശു ദൈവത്താൽക്കൂടി ഉപേക്ഷിക്കപ്പെടുമ്പോൾ പൂർത്തിയാകുന്നു. മർക്കോസിൽ യേശുവിന്റെ പീഡാനുഭവം പ്രാർത്ഥനയോടെയാണ് ആരംഭിക്കുന്നതും അവസാനിക്കുന്നതും (14:32-42; 15:34). ഗത്സെമനിയിൽ പുത്രനെന്നനിലയിൽ ദൈവത്തെ 'അബ്ബാ' എന്നു വിളിച്ചു പ്രാർത്ഥിച്ചെങ്കിൽ, കുരിശിൽ നമ്മെപ്പോലെയുള്ള സാധാരണ മനുഷ്യർ ദൈവത്തെ വിളിക്കുന്നതുപോലെ 'എന്റെ ദൈവമേ' എന്നു വിളിച്ചാണ് അവൻ പ്രാർത്ഥിക്കുന്നത്. അതെ, യേശു തന്റെ പിതാവിനെ 'ദൈവ'മാകാൻ അനുവദിക്കുകയായിരുന്നു. മനുഷ്യന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചു പ്രവർത്തിക്കുന്നവനല്ലല്ലോ ദൈവം. നമ്മൾ നിശ്ചയിക്കുന്ന രീതിയിൽത്തന്നെ ദൈവം നമ്മെ സഹായിക്കണമെന്നു ശഠിക്കുന്നത് ദൈവത്തിലുള്ള അവിശ്വാസത്തിന്റെ അടയാളവും ദൈവത്തെ മെരുക്കാനുള്ള ശ്രമവുമാണ്. എന്നാൽ, യേശു ദൈവത്തെ ദൈവമായിത്തന്നെകാണുന്നു.

**അനുഭവത്തെ വെല്ലുവിളിക്കുന്ന വിശ്വാസം:** ദൈവം ഒരിക്കലും കൈവിടില്ലെന്നത് നമ്മുടെ വിശ്വാസമാണ്. എന്നാൽ, ചിലപ്പോഴെങ്കിലും ദൈവംപോലും നമ്മെ കൈവിട്ടിരിക്കുന്നുവെന്നു തോന്നത്തക്ക അനുഭവമാണ് നമുക്കുണ്ടാകുന്നത്. തിക്തമായ അത്തരം അനുഭവങ്ങൾ ചിലരെയെങ്കിലും തങ്ങളുടെ വിശ്വാസം ഉപേക്ഷിക്കാൻ പ്രേരിപ്പിച്ചേക്കാം. എന്നാൽ, ദൈവം കൈവിട്ട അനുഭവമുണ്ടായിട്ടും യേശു തന്റെ വിശ്വാസം കൈവിടാൻ തയ്യാറായില്ല. തന്നെ കൈവിട്ട ദൈവത്തിന്റെ കൈകളിലേക്ക് തന്നെത്തന്നെ കൈവിടുന്ന വിശ്വാസദാർഢ്യമാണ് യേശു നമുക്ക് കാട്ടിത്തന്നത്.

## യേശുവിന്റെ സംസ്കാരം (15:42–47)

ആദിമസഭയുടെ പ്രഘോഷണത്തിലെ ഒരു പ്രധാനഘടകമായിരുന്നു യേശുവിന്റെ സംസ്കാരം (1 കൊറി 15:3–4). യേശുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും കണ്ണിയാണ് അവിടുത്തെ കബറടക്കം. യേശുവിന്റെ സംസ്കാരം അവിടുന്ന് യഥാർത്ഥത്തിൽ മരിച്ചുവെന്ന സത്യത്തിന് അടിവരയിടുന്നു.

**15:42,** വെള്ളിയാഴ്ച വൈകുന്നേരം സൂര്യാസ്തമയത്തോടെ സാബത്ത് ആരംഭിക്കും. വെള്ളിയാഴ്ച സൂര്യാസ്തമയംവരെയുള്ള സമയം സാബത്തിനുവേണ്ടിയിട്ടുള്ള ഒരുക്കങ്ങൾ നടത്തുന്ന ഒരുക്കദിവസമാണ്. വിജാതീയരായ ക്രിസ്ത്യാനികളെ ഉദ്ദേശിച്ചാണ് മർക്കോസ് ഇങ്ങനെയുള്ള വിശദവിവരങ്ങൾ നല്കുന്നത്.

**15:43,** മരത്തിൽ തൂക്കപ്പെട്ടവരുടെ ശരീരം സൂര്യാസ്തമയത്തിനുമുമ്പു നീക്കം ചെയ്യണമെന്ന് നിയമാ 21:23 നിഷ്കർഷിക്കുന്നു. മരിച്ചവരെ അടക്കുന്നത് ഒരു ഭക്തകൃത്യമായതിനാലാണ് അരിമത്തിയാക്കാരൻ ജോസഫ് യേശുവിനെ സംസ്കരിക്കാൻ തുനിഞ്ഞതെന്നു കരുതാവുന്നതാണ്. വൈകുന്നേരം എന്നതുകൊണ്ട് മർക്കോസ് ഉദ്ദേശിക്കുന്നത് വൈകുന്നേരത്തോടടുത്ത സമയമാണ്. സമയക്കുറവ് ജോസഫിനെ കർമ്മനിരതനാക്കുന്നു (നിയ 21:23). അരിമെത്തയ എന്ന സ്ഥലം കൃത്യമായി നിർണ്ണയിക്കുക ദുഷ്കരമാണ്. മൊത്തായിം, സോഫി (1 സാമു1:1) എന്നതിൽ നിന്നാകാം അരിമെത്തെയാ എന്ന വാക്കിന്റെ ഉത്ഭവം. യേശുവിനെ വിധിച്ച സാൻഹെദ്രിനിലെ അംഗമായിരുന്നു ജോസഫ്. ദൈവരാജ്യം പ്രതീക്ഷിച്ചിരുന്നവൻ എന്നതിൽനിന്ന് അദ്ദേഹം ഒരു ഭക്തനായ യഹൂദനാണെന്നു വ്യക്തമാകുന്നു. ഒരുപക്ഷേ സാൻഹെദ്രിൻ നടപടികളോട് അദ്ദേഹത്തിന് യോജിപ്പുണ്ടായിരുന്നിരിക്കില്ല (ലൂക്കാ 23:51). യേശുവിന്റെ മൃതശരീരം സംസ്കരിക്കാൻ തയ്യാറായ ജോസഫിന്റെ ധൈര്യത്തെ മർക്കോസ് എടുത്തുപറയുന്നു. ആലോചനസംഘത്തിലെ മറ്റംഗങ്ങൾ തന്നെ ജോസഫിനെ എതിർക്കാൻ സാദ്ധ്യതയുണ്ടായിരുന്നിരിക്കാം. രാജ്യദ്രോഹക്കുറ്റത്തിന്റെ പേരിൽ ക്രൂശിക്കപ്പെട്ട ഒരാളുടെ അടുപ്പക്കാരനായി അറിയപ്പെടുന്നത് ജോസഫിന്റെ സത്കീർത്തിയ്ക്കു മാത്രമല്ല ജീവനുതന്നെയും ഭീഷണി ഉയർത്തുന്ന കാര്യമായിരുന്നു. അതുകൊണ്ടാണ് യേശുവിന്റെ മൃതശരീരം എറ്റെടുക്കുന്ന പ്രവൃത്തി ഒരു ഭക്തകൃത്യം എന്നതിനേക്കാൾ ധൈര്യപൂർവ്വകമായ കാര്യമായി മർക്കോസ് അവതരിപ്പിക്കുന്നത്. യാഥാസ്ഥിതിക സമൂഹത്തിലെ ഉന്നതാധികാരികളുടെപക്കൽ സാധാരണക്കാർ അധികാരികളെ പരിചയമുള്ള സമൂഹത്തിലെ പ്രമാണിമാരോടൊത്താണ് പോകുന്നത്. യേശുവിന്റെ സാധാരണക്കാരായ ശിഷ്യർക്ക് (അവർ ആവശ്യപ്പെട്ടിരുന്നെങ്കിൽ കൂടി) യേശുവിന്റെ ശരീരം വിട്ടുകിട്ടുക തീർത്തും ആയാസമായിരുന്നിരിക്കണം. സാൻഹെദ്രിൻ അംഗമെന്ന നിലയിൽ അരിമെത്തയാക്കാരൻ ജോസഫിന്റെ ഇടപെടൽ ഈ അർത്ഥത്തിൽ വളരെ പ്രയോജനകരമായി. ജോസഫിന്റെ ധൈര്യപൂർവ്വകമായ നിലപാട് യേശുവിനുവേണ്ടി ധൈര്യസമേതം നിലകൊള്ളാനുള്ള ഒരു ആഹ്വാനമാണ്. ശക്തരായ അധികാരികളുടെ സമ്മർദ്ദത്തിനും ഭീഷണിയ്ക്കും മുമ്പിൽ യേശുവിനോടുള്ള വിശ്വസ്തത അടിയറവു

വയ്ക്കാതിരിക്കാൻ മർക്കോസു ഇതിലൂടെ തന്റെ വായനക്കാരായ റോമൻ ക്രിസ്ത്യാനികളെ ഉദ്ബോധിപ്പിക്കുന്നു.

**15:44–45**, ക്രൂശിക്കൽവഴി മനുഷ്യശരീരത്തിലെ പ്രധാനപ്പെട്ട ആന്തരാവയവങ്ങൾക്കൊന്നും മാരകമായ മുറിവേല്കുകയില്ലെന്നതിനാൽ ക്രൂശിക്കപ്പെട്ട വ്യക്തികൾ ഉടനടി മരിക്കാറില്ല. ചിലർ ദിവസങ്ങളോളം കുരിശിൽ തൂങ്ങിക്കിടക്കാറുണ്ട്. അതുകൊണ്ടാണ് യേശുവിന്റെ മരണവാർത്ത പീലാത്തോസിനെ വിസ്മയിപ്പിച്ചത്. എങ്കിലും യേശുവിന്റെ മരണത്തിന് ഔദ്യോഗിക സ്ഥിരീകരണം പീലാത്തോസിന് ആവശ്യമായിരുന്നു. അതുകൊണ്ടാണ് യേശുവിന്റെ വധശിക്ഷനടപ്പാക്കുന്നതിന് ഔദ്യോഗികമായി ചുമതലപ്പെട്ടിരുന്ന ശതാധിപനെവിളിച്ചു അദ്ദേഹം അന്വേഷിക്കുന്നത്. യേശു മരിച്ചുവെന്ന് റോമൻ ശതാധിപൻ റോമൻ ഗവണ്ണർക്ക് ഔദ്യോഗികമായ സ്ഥിരീകരണം നല്കി. യേശു മരിച്ചില്ലെന്നും കുരിശിൽ അബോധാവസ്ഥയിൽ കിടക്കുകയായിരുന്നുവെന്നുമുള്ള വാദങ്ങളുടെ മുനയൊടിക്കുന്നതാണ് ഈ സുവിശേഷഭാഗം.

രാജ്യദ്രോഹക്കുറ്റത്തിനു ക്രൂശിക്കപ്പെട്ടയൊരാളുടെ മൃതദേഹം അടുത്ത ബന്ധുക്കൾക്കു മാത്രമേ വിട്ടുകൊടുക്കാറുള്ളൂ. ജറുസലെം നഗരത്തിനു ചുറ്റുമുള്ള പ്രദേശം വിശാലമായ സെമിത്തേരിയായാണ് അറിയപ്പെട്ടിരുന്നത്. ചുണ്ണാമ്പുകല്ലിൽ ഗുഹപോലെ വെട്ടിയുണ്ടാക്കിയതായിരുന്നു യേശുവിന്റെ കല്ലറ. വൃത്താകൃതിയിലുള്ള ഒരു കല്ല് ഉരുട്ടിക്കൊണ്ടാണ് ഗുഹാമുഖം അടയ്ക്കുന്നത്. സാധാരണഗതിയിൽ മൃതശരീരങ്ങൾ ഒരു വർഷത്തോളം അഴുകാനായി ആ കല്ലറയിൽ സൂക്ഷിക്കും. തുടർന്ന് അസ്ഥികൾ ശേഖരിച്ച് അസ്ഥികൾ സൂക്ഷിക്കുന്ന സ്ഥലത്ത് നിക്ഷേപിക്കും. ഇതായിരുന്നു യഹൂദരുടെ പതിവ്.

**15:47,** ഈ രണ്ടു സ്ത്രീകളും യേശുവിന്റെ മരണത്തിന്റെ സാക്ഷികളായിരുന്നു (15:40). ഇപ്പോൾ അവർ യേശുവിനെ സംസ്കരിച്ച സ്ഥലവും കണ്ടു. യേശുവിനെ സംസ്കരിച്ച സ്ഥലം ഈ സ്ത്രീകൾ കണ്ടുവെന്ന പ്രസ്താവന വളരെ പ്രധാനപ്പെട്ടതാണ്. കാരണം ഞായറാഴ്ച രാവിലെ ഇവരിലൊരാളായ മഗ്ദലേനമറിയം സലോമിയുമായി യേശുവിന്റെ കല്ലറയിലേയ്ക്കുതന്നെയാണു പോയതെന്നും അവർക്ക് കല്ലറ മാറിപ്പോയിട്ടില്ലെന്നും ഈ വാക്യം വായനക്കാർക്ക് ഉറപ്പുനല്കുന്നു.

**വിചിന്തനം: യേശുവിന്റെ സാബത്തു വിശ്രമം:** യഹൂദരെ സംബന്ധിച്ചിടത്തോളം ശനിയാഴ്ച വളരെ പ്രധാനപ്പെട്ട ദിവസമാണ്, കാരണം അത് സാബത്തു ദിവസമാണ്, വിശ്രമിക്കേണ്ട ദിനം. ദുഃഖവെള്ളിയ്ക്കുശേഷമുള്ള ശനി ക്രൈസ്തവരെ സംബന്ധിച്ച് "വലിയ ശനി"യാണ്. കാരണം, അത് അവരുടെ നാഥനായ ഈശോ തന്റെ മരണശേഷം കല്ലറയിൽ വിശ്രമിച്ച ദിനമാണ്. ആറുദിവസത്തെ സൃഷ്ടികർമ്മത്തിനുശേഷം ഏഴാം ദിവസം ദൈവം വിശ്രമിച്ചതുപോലെ തന്റെ രക്ഷാകരകർമ്മത്തിനുശേഷം, മനുഷ്യവംശത്തിന്റെ പുനഃസൃഷ്ടിയ്ക്കുശേഷം, യേശുവും വിശ്രമിച്ചു.

"പാതാളങ്ങളിലിറങ്ങി" എന്ന പ്രയോഗംകൊണ്ടാണ് ദുഃഖശനിയുടെ രഹസ്യത്തെ ശിഷ്യന്മാരുടെ വിശ്വാസപ്രമാണം അനാവരണം ചെയ്യു

ന്നത്.പഴയനിയമകാഴ്ചപ്പാടനുസരിച്ച് നീതിമാന്മാരും അല്ലാത്തവരുമായ എല്ലാവരും മരണശേഷം എത്തുന്ന സ്ഥലമാണ് പാതാളം. അതുകൊണ്ട് അവിടെ ശിഷ്ടർക്കും ദുഷ്ടർക്കും തമ്മിൽ വ്യത്യാസമില്ലെന്ന് അർത്ഥ മില്ല. നീതിമാന്മാർ പാതാളത്തിൽ അബ്രാഹത്തിന്റെ മടിയിൽ ആശ്വസി ക്കുമ്പോൾ, ദുഷ്ടർ അവിടെ പീഡനങ്ങൾക്കിരയാകുന്നു (ലൂക്കാ 16:23).

യേശു പാതാളങ്ങളിലിറങ്ങി എന്നു പ്രഖ്യാപിക്കുന്നതുവഴി രണ്ടു കാര്യ ങ്ങളാണ് സഭ പഠിപ്പിക്കുന്നത്: ഒന്ന്, യേശു യഥാർത്ഥത്തിൽ മരിക്കു കയും (അവൻ കുരിശിലും കല്ലറയിലും മയങ്ങിക്കിടക്കുകയായിരുന്നില്ല) എല്ലാ മരിച്ചവരെയുംപോലെ അവന്റെ ശരീരം കല്ലറയിൽ കിടന്നപ്പോൾ അവന്റെ ആത്മാവ് പാതാളത്തിലെത്തുകയും ചെയ്തു. എങ്കിലും ഒരു വ്യത്യാസമുണ്ട്. യേശു പാതാളത്തിലെത്തിയത് മരിച്ച മറ്റു മനുഷ്യരെ പ്പോലെയല്ല, മരിച്ചവരുടെയും രക്ഷകനായിട്ടാണ്. മിശിഹായെ പ്രതീ ക്ഷിച്ചു പാതാളത്തിൽ കഴിഞ്ഞിരുന്ന എല്ലാ നീതിമാന്മാരുടെയും വിമോ ചകനായിട്ടാണ് അവിടുന്ന് പാതാളത്തിലെത്തിയത്. മരിച്ചവർ ദൈവപു ത്രന്റെ ശബ്ദം കേൾക്കുകയും അതു കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുമെന്ന് (യോഹ 5:25) യേശു വാഗ്ദാനം ചെയ്തിരുന്നല്ലോ. തന്റെ വാഗ്ദാനമനുസരിച്ച് യേശു അവരെയെല്ലാം ഉയിർപ്പിച്ചു. അതിനർത്ഥം യേശുവിന്റെ ഉയിർപ്പിനുമുമ്പുതന്നെ നീതിമാന്മാരെ അവൻ ഉയിർപ്പിച്ചു വെന്നാണ്. മരിച്ചവരുടെ ഉയിർപ്പ് യേശുവിന്റെ മരണത്തിന്റെ രക്ഷാകര ഫലമാണ് എന്ന സത്യമാണ് ഇതു നമ്മെ പഠിപ്പിക്കുന്നത്. തന്റെ മരണ ത്തിലൂടെയാണ്, ഉയിർപ്പിലൂടെയല്ല യേശു മനുഷ്യവംശത്തെ വീണ്ടെടു ത്തത് എന്നു ചുരുക്കം. ഇതേ സത്യം തന്നെയാണ് മത്തായി 27:52ഉം അനാവരണം ചെയ്യുന്നത്: (യേശു മരിച്ചപ്പോൾ) "നിദ്ര പ്രാപിച്ച പല വിശുദ്ധന്മാരുടെയും ശരീരങ്ങൾ ഉയിർപ്പിക്കപ്പെട്ടു."

യേശു പാതാളങ്ങളിലിറങ്ങി എന്നതിന്റെ രണ്ടാമത്തെ അർത്ഥം യേശു വിന്റെ മരണത്തിന്റെ ഫലങ്ങൾ സ്ഥലകാലങ്ങൾക്ക് അതീതമാണ് എന്നാണ്. യേശുവിന്റെ ജനനത്തിനുമുമ്പേ മരിച്ചവരും യേശുവിന്റെ മര ണത്തിനുശേഷം ജനിക്കാനിരിക്കുന്നവരും എന്നുവേണ്ട എല്ലാക്കാല ത്തെയും എല്ലാ മനുഷ്യരെയും പുല്കുന്നതാണ് യേശുവിന്റെ മരണ ത്തിന്റെ രക്ഷാകരഫലങ്ങൾ. അതുകൊണ്ടാണ്, മരണമടഞ്ഞവരോടു പോലും സുവിശേഷം പ്രസംഗിക്കപ്പെട്ടു (1 പത്രോസ് 4:6) എന്ന് പത്രോസ് പ്രഖ്യാപിച്ചത്.

## ഉത്ഥിതനായ ദൈവപുത്രൻ (16:1–20)

യേശു മനുഷ്യൻ മാത്രമായ മിശിഹായല്ലെന്നും അവൻ ദൈവപുത്രൻ തന്നെയായ മിശിഹായാണെന്നുമുള്ളതിന്റെ തെളിവാണ് മരിച്ചവരിൽ നിന്നുള്ള ഉയിർപ്പ്.

## ഉയിർപ്പിനെക്കുറിച്ചുള്ള അറിയിപ്പ് (16:1–8)

ശനിയാഴ്ച വൈകുന്നേരം സൂര്യാസ്തമയത്തോടെ സാബത്ത് കഴിഞ്ഞു (വാ. 16:1). സാബത്തിൽ നിശ്ചിതദൂരത്തിൽ കൂടുതൽ യാത്ര

ചെയ്യാൻ പാടില്ലാത്തതുകൊണ്ടും കച്ചവടമില്ലാത്തതുകൊണ്ടും സുഗന്ധ ദ്രവ്യങ്ങൾ വാങ്ങാൻ സാബത്തുകഴിയുന്നതുവരെ കാത്തിരിക്കേണ്ടിവന്നു. നേരം ഇരുട്ടിക്കൊണ്ടിരുന്നതിനാൽ സ്ത്രീകൾ ഉടനെതന്നെ കല്ലറയി ലേയ്ക്കു പോയില്ല.

**16:2,** യഹൂദരുടെ കലണ്ടറനുസരിച്ച് ഞായറാഴ്ചയാണ് ആഴ്ചയുടെ ആദ്യദിവസം. ഞായറാഴ്ച അതിരാവിലെ, സൂര്യനുദിച്ചപ്പോൾത്തന്നെ (സമയത്തെക്കുറിച്ചുള്ള ഇരട്ട പരാമർശം ഇവിടെ കാണാം) മൂന്നു സ്ത്രീകളും ശവകുടീരത്തിലേയ്ക്കു പോയി. ഈ സ്ത്രീകൾ യേശു വിന്റെ മരണസമയത്തുണ്ടായിരുന്നവരാണ്. ഇതിൽ മഗ്ദലേനമറിയവും മറ്റേ മറിയവും യേശുവിനെ കല്ലറയിൽ സംസ്കരിക്കുന്നതും കണ്ടതാണ്. ഇപ്പോൾ അതേ കല്ലറയിലേക്കുതന്നെ അവർ പോകുന്നു. യേശു വിന്റെ മൃതശരീരം സുഗന്ധദ്രവ്യങ്ങളുപയോഗിച്ചു ലേപനം ചെയ്യുക എന്ന താണ് അവരുടെ ഉദ്ദേശ്യം. യേശുവിന്റെ മൃതദേഹം സംസ്കരിക്കുന്നതി നുമുമ്പ് സുഗന്ധദ്രവ്യങ്ങൾ പൂശി ഒരുക്കുന്നതായി മർക്കോസിൽ നാം കാണുന്നില്ല. ആ കുറവ് തദവസരത്തിൽ കണ്ട സ്ത്രീകൾ ഇപ്പോൾ അതു പരിഹരിക്കാനായി വരുകയാണ്. യേശുവിന്റെ ശരീരം പരമാവധി സുഗന്ധപൂരിതമാക്കുക എന്നതാണ് അവരുടെ ഉദ്ദേശ്യം. താൻ ഉയിർ ത്തെഴുന്നേല്ക്കുമെന്ന യേശുവിന്റെ വാക്കുകൾ അവർ മുഖവിലക്കെടു ത്തില്ല.

ഏറ്റവും പരിശുദ്ധമായ ആ വെളുപ്പാൻ കാലം മരണത്തിന്മേലുള്ള യേശുവിന്റെ വിജയത്തിന്റെ മഹത്വത്താൽ അലംകൃതമാക്കപ്പെട്ടു (ബീഡ്).

കല്ല് ഉരുട്ടിമാറ്റേണ്ടത് കല്ലറയുടെ വാതില്ക്കൽ നിന്നാണോ, നിന്റെ ഹൃദയത്തിൽ നിന്നാണോ? ശവകുടീരത്തിൽ നിന്നാണോ, തന്റെ കണ്ണുകളിൽ നിന്നാണോ?

മാലാഖ കല്ല് ഉരുട്ടിമാറ്റിയത് യേശുവിന് പുറത്തുകടക്കാൻ വേണ്ടി യായിരുന്നില്ല; യേശു കല്ലറയ്ക്കുള്ളിലില്ലെന്ന് സ്ത്രീകൾക്ക് കാണിച്ചു കൊടുക്കുന്നതിനു വേണ്ടിയായിരുന്നു (ബീഡ്)

**16:3,** ശവകുടീരത്തിന്റെ വാതില്ക്കൽനിന്ന് കല്ല് ഉരുട്ടിമാറ്റുന്ന (15:46) തിനെക്കുറിച്ചുള്ള അവരുടെ വേവലാതി യേശുവിന്റെ ശവകുടീരമേതെന്ന് അവർക്കു കൃത്യമായിയറിയാമെന്നു സൂചിപ്പിക്കുന്നു.

**16:4-5,** കല്ലറയിൽ കണ്ട യുവാവിന്റെ വെള്ളവസ്ത്രവും വളരെ വലിയ കല്ല് ഉരുട്ടി മാറ്റിയ അയാളുടെ അമാനുഷികശക്തിയും അവന്റെ സന്ദേശവും ആ യുവാവ് ഒരു മാലാഖയാണെന്നു വ്യക്തമാക്കുന്നു (cf 9:3). മാലാഖയുടെ സാന്നിദ്ധ്യം ഉയിർപ്പുസംഭവത്തിന്റെ അതിസ്വാ ഭാവികമാനത്തെ കുറിക്കുന്നു. അതിസ്വാഭാവിക സംഭവമായ ഉയിർപ്പ് മനുഷ്യനേത്രങ്ങൾക്കു കാണാനാവില്ല, എന്നാൽ ദൈവത്തിന്റെ സഹ ചാരികളെന്ന നിലയിൽ മാലാഖമാർ അതു കണ്ടു. താൻ കണ്ട സംഭവം മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുക്കുകയാണു മാലാഖയുടെ സാന്നി ദ്ധ്യത്തിന്റെ ഉദ്ദേശ്യം.

മാലാഖ ആദ്യം സ്ത്രീകളുടെ ഭയംകലർന്ന വിസ്മയമകറ്റുന്നു. പിന്നീട് അവർ വന്നതിന്റെ കാരണവും വെളിപ്പെടുത്തുന്നു: "കുരിശിൽ തറയ്ക്കപ്പെട്ട നസറായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു" മനോവിചാരങ്ങൾ വെളിപ്പെടുത്തുന്ന ആ യുവാവ് ദൈവദൂതൻതന്നെയെന്ന് വ്യക്തം. അതോടൊപ്പം സ്ത്രീകൾ വന്നിരിക്കുന്നത് യേശുവിനെ........ കല്ലറയിൽത്തന്നെയാണെന്നതും ദൂതന്റെ പ്രസ്താവന ഉറപ്പാക്കുന്നു. യേശുവിന്റെ മൃതദേഹം വച്ചിരുന്ന സ്ഥലം ഇപ്പോൾ ശൂന്യമായിരിക്കുന്നതിന്റെ കാരണം തുടർന്ന് മാലാഖ വെളിപ്പെടുത്തി: അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. ഉയിർപ്പിക്കപ്പെട്ടിരിക്കുന്നുവെന്നാൽ (എഗേർത്തെ) ദൈവം യേശുവിനെ ഉയിർപ്പിച്ചുവെന്നതാണ് ഇവിടുത്തെ സൂചന. ശൂന്യമായ കല്ലറ ക്രൂശിതൻ ഇപ്പോൾ ജീവിക്കുന്നുവെന്നതിന്റെ സാക്ഷ്യമാണ്.

**16:7,** പത്രോസിന്റെ പേര് പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നു. മർക്കോസിൽ മാത്രമാണ് ഈ പ്രത്യേക പരാമർശമുള്ളത്. തന്റെ പേര് പ്രത്യേകം എടുത്ത് പറഞ്ഞത്, യേശുവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞതിൽ മനവും തപിച്ച് വിഷാദിച്ചിരിക്കുന്ന പത്രോസിന് ഏറെ ആശ്വാസം പകരുന്ന ഒന്നാണ്. തന്റെ അവിശ്വസ്തതയ്ക്കുശേഷവും യേശു സ്വന്തം ശിഷ്യനായി തുടർന്നും തന്നെ കണക്കാക്കുന്നുവെന്ന പ്രോത്സാഹനാജനമായ സന്ദേശമാണിത്. ഇടയൻ അടിക്കപ്പെടുന്നതിനെയും ആടുകൾ ചിതറുന്നതിനെയും എന്നാൽ ഗലീലിയിൽ ഇടയനും ആടുകളും ഒന്നിക്കുന്നതിനെയുംകുറിച്ച് യേശു പ്രവചിക്കുന്നതാണ് (14:27–28).

ഗലീലിയിലേക്കു പോകാനുള്ള മാലാഖയുടെ ആഹ്വാനം ഒരു പുതിയ തുടക്കത്തിന്റെ സൂചനയാണ്. ഗലീലികടൽത്തീരത്തുവച്ചാ ണല്ലോ യേശു അവരെ ശിഷ്യത്വത്തിലേയ്ക്കു വിളിച്ചത്. യേശുവിനോടു വിശ്വസ്തത പുലർത്തുന്നതിൽ അവർ പരാജയപ്പെട്ടു. വീണ്ടും ഒരു പുതിയ തുടക്കത്തിലേക്ക് മാലാഖ അവരെ നയിക്കുന്നു. മറ്റൊരുവിധത്തിൽകൂടി ഗലീലിയുടെ പ്രധാന്യം നമുക്കു മനസിലാക്കാം. യൂദയായും ജറുസലെമും യഹൂദമതത്തിന്റെ കേന്ദ്രമാണ്. ഗലീലി വിജാതിയരുടെ ഗലീലിയാണ്. വിജാതീയരുടെയിടയിലുള്ള പ്രേഷിതപ്രവർത്തനത്തിനു തുടക്കം കുറിയ്ക്കാൻ ഏറ്റവും പറ്റിയ സ്ഥലവും ഗലീലിതന്നെ.

**16:8,** ആദ്യത്തെ ഉയിർപ്പുസന്ദേശത്തോടുള്ള സ്ത്രീകളുടെ പ്രതികരണം പേടിച്ചോടുക എന്നതായിരുന്നു. ദൂതൻ നല്കിയ നിയോഗത്തോടും അവരുടെ പ്രതികരണം നിഷേധാത്മകമായിരുന്നു. മർക്കോസ് എഴുതിയ സുവിശേഷം 16:8 ൽ അവസാനിക്കുന്നുവെന്നാണ് പല പണ്ഡിതരും കരുതുന്നത് (പ്രധാനപ്പെട്ട ആദ്യകാല കയ്യെഴുത്തുപ്രതികളിൽ (ഉദാ:– സീനാ കോദക്സ്, വത്തിക്കാൻ കോദക്സ്) 9 മുതൽ 20 വരെയുള്ള വാക്യങ്ങൾ ഇല്ലയെന്നതാണ് ഇതിന് ഒരു കാരണം. 9–20 വാക്യങ്ങളിലെ വാക്കുകളുടെ ശൈലിയും പ്രയോഗങ്ങളും സുവിശേഷത്തിന്റെ ബാക്കി ഭാഗങ്ങളിൽനിന്നു വ്യത്യസ്തമായിരിക്കുന്നതാണ് മറ്റൊരു കാരണം. കഥാപാത്രങ്ങളുടെ വികാരങ്ങളെ ചിത്രീകരിച്ചുകൊണ്ട് സംഭവങ്ങൾ അവസാനിപ്പിക്കുന്ന മർക്കോസിന്റെ ശൈലിയും ഈ സുവിശേഷം 8–ാം വാക്യത്തോടെ തീരുന്നുവെന്നവാദത്തിനു പിൻബലം നല്കുന്നതാണ്. അങ്ങനെയെങ്കിൽ സുവിശേഷം അവസാനിക്കുന്നത് രണ്ടു നിഷേധാത്മക പരാ

മർശങ്ങളോടെയാണ്: അവർ ആരോടും പറഞ്ഞില്ല, അവർ ഒന്നും പറഞ്ഞില്ല. തന്റെ പരസ്യജീവിതത്തിനിടയിൽ തന്റെ അത്ഭുതപ്രവൃത്തികൾ പരസ്യമാക്കരുതെന്ന് യേശു ആവശ്യപ്പെട്ടു. എന്നാൽ യേശുവിൽനിന്നു സൗഖ്യം സ്വീകരിച്ചവർ അതു പരസ്യപ്പെടുത്തുകയാണുണ്ടായത്. ഇപ്പോൾ യേശുവിന്റെ ഉയിർപ്പിനെ സംബന്ധിച്ച നിർണ്ണായകമായ സദ്വാർത്ത ശിഷ്യരെ അറിയിക്കാൻ ആവശ്യപ്പെട്ടപ്പോൾ സ്ത്രീകൾ നിശബ്ദരാവുകയാണുണ്ടായത്. യേശുവിന്റെ സഹനത്തിന്റെയും കുരിശുമരണത്തിന്റെയും നിമിഷത്തിൽ അവനോടൊപ്പം ആയിരിക്കുന്നതിൽ പുരുഷന്മാരായ ശിഷ്യന്മാർ പരാജയപ്പെട്ടു. സ്ത്രീകൾ മാത്രമാണ് യേശുവിനോട് വിശ്വസ്തത പുലർത്തി, ദൂരെ മാറിയെങ്കിലും, അവനോടൊപ്പം ഉണ്ടായിരുന്നത്. ഇപ്പോൾ, ഉത്ഥാനത്തിന്റെ ദിവസം ഇത്രയും നാളും വിശ്വസ്തത പുലർത്തിയ സ്ത്രീകളും പരാജയപ്പെടുകയാണ്. അങ്ങനെ പുരുഷന്മാരും സ്ത്രീകളുമായ സകലശിഷ്യരുടെയും പരാജയം ചിത്രീകരിച്ചുകൊണ്ടാണ് മർക്കോസ് തന്റെ സുവിശേഷം അവസാനിപ്പിക്കുന്നത്. അവന്റെ ശിഷ്യന്മാർ പരാജയപ്പെട്ടിടത്ത്, നിങ്ങൾക്കു വിജയിക്കാനാകുമോ എന്നാണ് വായനക്കാരോട് ഇതിലൂടെ സുവിശേഷകൻ ചോദിക്കുന്നത് ഈ ചോദ്യത്തിന് വായനക്കാരന് ഭാവാത്മകമായ ഉത്തരം പറയാനാവുമ്പോഴാണ് മർക്കോസിന്റെ സുവിശേഷം അതിന്റെ ലക്ഷ്യം സാധിക്കുന്നത്.

സ്ത്രീകൾ അനുഭവിച്ച ഭയം ഓരോ വായനക്കാരനും അവന്റെ ജീവിതസാഹചര്യങ്ങളിൽ വ്യത്യസ്തരീതിയിൽ അനുഭവിക്കുന്നുണ്ട്. യേശുവിനെക്കുറിച്ച് എന്തൊക്കെത്തന്നെ വായിക്കുകയും അറിയുകയും മനസിലാക്കുകയും ചെയ്താലും ഒടുവിൽ ഓരോരുത്തരും നടത്തേണ്ട ഒരു തിരഞ്ഞെടുപ്പുണ്ട് - തന്നെ വേട്ടയാടുന്ന ഭയത്തിന്റെമുമ്പിൽ യേശുവിനെക്കുറിച്ചു നിശബ്ദനാകണമോ അതോ, എല്ലാപീഡനങ്ങളും മരണം പോലും അവഗണിച്ചു യേശുവിന്റെ സുവിശേഷം പ്രഘോഷിക്കണമോ?

**വിചിന്തനം: സേവനത്തിൽ തെളിയുന്ന ഭക്തി:** നന്നായി തീരുന്നതെന്തും നല്ലതുതന്നെ. യേശുവിന്റെ പുനരുത്ഥാനം സൂചിപ്പിക്കുന്നത്, ഒടുവിൽ ദൈവം തന്റെ പുത്രന്റെ ജീവിതത്തിൽ എല്ലാം മംഗളകരമാക്കിത്തീർത്തു എന്നു മാത്രമല്ല, അവന്റെ മക്കളായ നമ്മുടെ ജീവിതത്തിലും എന്തൊക്കെ സംഭവിച്ചാലും ദൈവം അതെല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുമെന്നും കൂടിയാണ്. അവസാനവാക്ക് ദുഃഖത്തിന്റെയോ പാപത്തിന്റെയോ മരണത്തിന്റെയോ അല്ല ദൈവത്തിന്റേതാണ് എന്ന് യേശുവിന്റെ പുനരുത്ഥാനം നമുക്ക് ഉറപ്പ് നല്കുന്നു.

കാനോനിക സുവിശേഷങ്ങളിലെല്ലാം പുനരുത്ഥാനവിവരണം ആരംഭിക്കുന്നത് അതിരാവിലെ യേശുവിന്റെ കല്ലറയിലേക്ക് മഗ്ദലേനമറിയം ഒറ്റയ്ക്കോ മറ്റുള്ളവരോടൊപ്പമോ പോകുന്നത് പരാമർശിച്ചുകൊണ്ടാണ്. അവളിൽനിന്നാണ് യേശു ഏഴു പിശാചുക്കളെ പുറത്താക്കിയതെന്നു മർക്കോസും അവൾ തന്റെ സമ്പത്തുകൊണ്ട് യേശുവിനെ ശുശ്രൂഷിച്ചിരുന്നുവെന്ന് മർക്കോസിനൊപ്പം ലൂക്കായും അവളെ വായനക്കാർക്കു പരിചയപ്പെടുത്തുന്നു (മർക്കോ 16:9; ലൂക്കാ 8:2-3). ദയനീയമായ ഒരു പഴയ ജീവിതത്തിൽനിന്ന് വിമുക്തയാക്കി ഒരു പുതിയജീവിതം അവൾക്കു നല്കിയ യേശുവിനോട് തീക്ഷ്ണമായ ഭക്തിയാണ് അവൾക്കുണ്ടായി

രുന്നത്. പ്രാർത്ഥനകൾ കൃത്യമായി ചൊല്ലുന്നവരായിട്ടാണ് ഭക്തരെ സാധാരണ സങ്കല്പിക്കാറുള്ളത്. എന്നാൽ യഥാർത്ഥഭക്തി വാചാ പ്രാർത്ഥനയിലൊതുങ്ങുന്നതല്ലായെന്ന് മഗ്ദലേനമറിയം നമ്മെ പഠിപ്പിക്കുന്നു. അവൾ തന്റെ ഭക്തി വെളിപ്പെടുത്തിയത് ത്യാഗപൂർവ്വകമായ സേവനത്തിലൂടെയാണ്. അതിരാവിലെ എഴുന്നേറ്റ് സ്വന്തം ജീവൻ പോലും പണയംവച്ച് യേശുവിന്റെ മൃതശരീരം പൂശുവാനായി അവൾ പോയി. രാജ്യദ്രോഹത്തിനു കുരിശിൽതൂക്കപ്പെട്ട ഒരുവനോട് ഇത്രമാത്രം അടുപ്പം കാണിക്കുന്നത് അപകടകരമായിരുന്നെങ്കിലും യേശുവിനോടുള്ള സ്നേഹം അവളെ ധൈര്യപ്പെടുത്തി.

**യാത്ര മുടക്കുന്ന കല്ലുകൾ:** യേശുവിന്റെ ശവകുടീരം മൂടിയിരുന്ന വലിയ കല്ല് കല്ലറയിലേയ്ക്കു പോയ ഭക്തസ്ത്രീകളെ വേവലാതിപ്പെടുത്തി. എന്നാൽ ആ കല്ല് അവിടെയിരിക്കുന്നിടത്തോളം കാലം തങ്ങളുടെ യാത്രയും കഷ്ടപ്പാടും അർത്ഥശൂന്യമാണ് എന്ന് ന്യായവാദം ചെയ്ത് അവർ തിരിച്ചുപോയില്ല. ആ കല്ലിന്റെ സാന്നിദ്ധ്യം അംഗീകരിച്ചുകൊണ്ടുതന്നെ അവർ മുന്നോട്ടുപോയി. അവരുടെ ആ വിശ്വാസതീർത്ഥാടനത്തിനുള്ള സമ്മാനംപോലെ ആ കല്ല് ഉരുട്ടി മാറ്റപ്പെടുകയും ചെയ്തു. യേശുവിനെ സമീപിക്കുന്നതിൽനിന്നും നമ്മെ തടയുന്ന എന്തിന്റെയും പ്രതീകമാണ് ആ കല്ല് - നമ്മുടെ ജീവിതാവസ്ഥ, തൊഴിൽ സാഹചര്യങ്ങൾ, സ്വഭാവത്തിന്റെ പ്രത്യേകതകൾ, വളർന്നുവന്ന സാഹചര്യം, പുതിയപരിഷ്കാരങ്ങൾ, കുറ്റബോധം, നിരാശ, ബോദ്ധ്യങ്ങളു ടെ കുറവ്, ആശയക്കുഴപ്പം... നമ്മെ വേവലാതിപ്പെടുത്തുന്ന കല്ലുകൾ എത്രയധികവും എത്ര വലുതുമാകട്ടെ, യേശുവിലേയ്ക്കുള്ള യാത്ര നാം തുടരുകയാണെങ്കിൽ തന്റെ ആത്മാവിനെ അയച്ച് അവിടുന്നു നമ്മുടെ പാതകൾ നേരെയാക്കിത്തരുകതന്നെ ചെയ്യും.

## ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്നു (16:9-20)

എട്ടാം വാക്യത്തോടെ മർക്കോസിന്റെ സുവിശേഷം അവസാനിക്കുന്നുവെന്ന് ചിന്തിക്കുന്ന പണ്ഡിതരിൽ പലരുടെയും അഭിപ്രായത്തിൽ 9 -20 വരെയുള്ള വാക്യങ്ങൾ ആദിമസഭ കൂട്ടിച്ചേർത്തതാണ്. ലൂക്കായുടെ സുവിശേഷം 24-ാം അദ്ധ്യായത്തിലെയും യോഹന്നാന്റെ സുവിശേഷത്തിലെ പ്രത്യക്ഷീകരണങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ കൂട്ടിച്ചേർക്കൽ നടന്നിട്ടുള്ളത്. മർക്കോസിന്റെ സുവിശേഷത്തിൽ കൂടുതൽ ഉചിതമായ ഒരു ഉപസംഹാരം നല്കുക എന്ന ലക്ഷ്യത്തോടെയായിരിക്കണം ഇതു ചെയ്തത്. മർക്കോസ് എഴുതിയ സുവിശേഷം 8-ാം വാക്യത്തോടെ അവസാനിച്ചിരിക്കാം എന്നതിന് 9-20 വാക്യങ്ങൾ ദൈവനിവേശിതമല്ലെന്നർത്ഥമില്ല. ഈ സുവിശേഷം ഇന്നു നമുക്കു ലഭ്യമായിരിക്കുന്ന രീതിയിൽ പൂർണ്ണമായും ദൈവനിവേശിതമാണെന്നു സഭ പഠിപ്പിക്കുന്നു.

ചില കയ്യെഴുത്തുപ്രതികളിൽ (ഉദാ. 083/099) 8-ാം വാക്യത്തിനുശേഷം താഴെപ്പറയുന്ന വാക്യംകൂടി കാണുന്നു: "തങ്ങളോടു പറയപ്പെട്ട കാര്യങ്ങളെല്ലാം അവർ പത്രോസിനെയും അവനോടു കൂടെയുണ്ടായിരുന്നവ

രെയും ചുരുക്കമായി അറിയിച്ചു. അതിനുശേഷം യേശുതന്നെ നിത്യരക്ഷയുടെ പരിശുദ്ധവും അനശ്വരവുമായ പ്രഖ്യാപനം അവർ മുഖേന കിഴക്കു മുതൽ പടിഞ്ഞാറുവരെ എത്തിച്ചു ആമ്മേൻ.'' പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതെന്നു കരുതപ്പെടുന്ന ഈ വാക്യം മർക്കോസിന്റെ സുവിശേഷത്തിന് ഹ്രസ്വമായ ഒരു ഉപസംഹാരം നല്കുന്നു.

**ഉത്ഥാനാനന്തര പ്രത്യക്ഷീകരണങ്ങൾ:** ചില കയ്യെഴുത്തുപ്രതികൾ 9-20 വാക്യങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് മർക്കോസിന്റെ സുവിശേഷത്തിന് ദീർഘമായ ഒരു ഉപസംഹാരം നല്കിയിരിക്കുന്നു. യേശുവിന്റെ 3 ഉത്ഥാനാനന്തര പ്രത്യക്ഷീകരണങ്ങളാണ് ഇതിന്റെ ഉള്ളടക്കം.

## മറിയം മഗ്ദലേനയ്ക്കു പ്രത്യക്ഷപ്പെടുന്നു (16:9-11)

ഏഴു പിശാചുക്കളെ പുറത്താക്കിയ കാര്യം മർക്കോസ് രേഖപ്പെടുത്തുന്നത് ഒരുപക്ഷേ, എന്തുകൊണ്ടാണ് അവൾ അതിരാവിലെ ശവകുടീരത്തിങ്കൽ എത്തിയതെന്നു വിശദീകരിക്കാനാകാം: യേശു അവൾക്കു നല്കിയ വലിയ വിമോചനത്തിനുള്ള കൃതജ്ഞതാ പ്രകടനം (വാ. 9). യേശുവിന്റെ മരണത്തിനും സംസ്കാരത്തിനും ശൂന്യമായ കല്ലറയ്ക്കും സാക്ഷിയായവൾ എന്ന നിലയ്ക്ക് അവളെ കൃത്യമായി പരിചയപ്പെടുത്താനും മർക്കോസ് ആഗ്രഹിച്ചിട്ടുണ്ടാകാം.

**16:10-11,** മറ്റ് യഹൂദർ പെസഹാതിരുനാളാഘോഷത്തിന്റെ സന്തോഷത്തിൽ മുഴികിയിരിക്കുമ്പോൾ ശിഷ്യന്മാർ യേശുവിന്റെ മരണത്തിൽ ദുഃഖിച്ചിരിക്കുകയായിരുന്നു. ഉത്ഥിതനായ യേശുവിനെ നേരിൽ കണ്ട മഗ്ദലേനമറിയത്തിന്റെ വാക്കുകൾ അവർ വിശ്വസിച്ചില്ല. യേശുവിന്റെ ഉത്ഥാനത്തെക്കുറിച്ചുള്ള പ്രഘോഷണം കേൾവിക്കാർ അവിശ്വസിക്കുമ്പോൾ പ്രഘോഷകർ നിരാശപ്പെടരുതെന്ന് ആദ്യപ്രഘോഷണത്തിനുണ്ടായ പരാജയം പഠിപ്പിക്കുന്നു.

**<u>വിചിന്തനം: വിശ്വാസത്തിലേയ്ക്കുള്ള വിവിധ വഴികൾ:</u>** ഉത്ഥിതനായ യേശുവിലുള്ള വിശ്വാസത്തിലേയ്ക്ക് ശിഷ്യന്മാർ കടന്നുവന്നതെങ്ങനെയെന്നത് ശ്രദ്ധാർഹമാണ്. ഉത്ഥിതനായ യേശുവിനെ നേരിൽക്കണ്ടതുവഴിയാണ് ശിഷ്യർ വിശ്വാസത്തിലേയ്ക്കു കടന്നുവന്നതെന്നാകാം പെട്ടെന്നുള്ള നമ്മുടെ ചിന്ത. എന്നാൽ അത് പൂർണ്ണമായും ശരിയല്ല. ഉദാഹരണത്തിന്, ഉത്ഥിതനായ യേശുവിനെ കാണുന്നതിനുമുമ്പുതന്നെ യോഹന്നാൻ അവന്റെ ഉയിർപ്പിൽ വിശ്വസിച്ചു (20: 8-9). കല്ലറയിൽ ഈശോയുടെ കച്ചയും ചുരുട്ടി വച്ചിരിക്കുന്ന ശിരോവസ്ത്രവും കണ്ടാണ് യോഹന്നാൻ വിശ്വസിച്ചത്. ശരീരം മോഷ്ടിക്കാനെത്തുന്ന കള്ളന്മാർ ശിരോവസ്ത്രമൊക്കെ ചുരുട്ടിവച്ചിട്ടുപോകാൻ മിനക്കെടുകയില്ലല്ലോ. കച്ച കിടക്കുന്ന രീതിയിൽനിന്നുതന്നെ യേശു അതിൽനിന്ന് ഉത്ഥാനം ചെയ്തുപോയി എന്നു യോഹന്നാനു വ്യക്തമായി. എന്നാൽ മറ്റു ചില ശിഷ്യന്മാർ ഉത്ഥാനം ചെയ്ത യേശുവിനെ നേരിട്ട് കണ്ടിട്ടും വിശ്വസിച്ചില്ല (മത്താ 28:17). ഉത്ഥിതനായ യേശുവിന്റെ മഹത്വീകൃതശരീരം കണ്ട അവർക്ക് ഉടനടി യേശുവിനെ തിരിച്ചറിയാൻ കഴിയാഞ്ഞതിൽ അത്ഭുതമില്ല. മഗ്ദലേനമറിയം യേശുവിനെ തിരിച്ചറിയുകയും അവനെ വിശ്വസി

ക്കുകയും ചെയ്തത് യേശു അവളെ പേരു ചൊല്ലി വിളിച്ചപ്പോഴാണ് (യോഹ 20:16). യേശു അപ്പം മുറിച്ചുകൊടുത്തപ്പോൾ, എമ്മാവൂസിലേയ്ക്കു പോയ ശിഷ്യന്മാരും (ലൂക്ക 24:30-31) യേശുവിന്റെ പിളർക്കപ്പെട്ട പാർശ്വഭാഗം കണ്ടപ്പോൾ തോമസും (യോഹ 20:24-29) വിശ്വാസത്തിലേയ്ക്കു കടന്നുവന്നു. മനുഷ്യർ വിവിധതരക്കാരായ തിനാൽ അവർ വിശ്വാസത്തിലേയ്ക്കു വരുന്ന രീതികളും വ്യത്യസ്തങ്ങളാണെന്ന് ഇതു വ്യക്തമാക്കുന്നു.

ഉത്ഥിതനായ യേശുവിനെക്കണ്ടപ്പോൾ ഓരോരുത്തരും പ്രതികരിച്ച രീതിയും വിഭിന്നങ്ങൾതന്നെ. മർക്കോസിന്റെ സുവിശേഷമനുസരിച്ച്, പുനരുത്ഥാനവാർത്തയറിഞ്ഞ സ്ത്രീകൾ ഭയംമൂലം അത് ആരോടും പറഞ്ഞില്ല (മർക്കോ 16:8). എന്നാൽ ഉത്ഥിതനെക്കണ്ട ആദ്യനിമിഷംതന്നെ സ്ത്രീകൾ യേശുവിനെ ആരാധിക്കുന്നതായി നാം മത്തായിയുടെ സുവിശേഷത്തിൽ വായിക്കുന്നു (മത്താ 28:9). മഗ്ദലേനമറിയം യേശുവിനെ പിടിച്ചുനിറുത്താൻ ആഗ്രഹിച്ചു (യോഹ 20:17). യോഹന്നാൻ ഉയിർപ്പെന്ന സത്യം ഹൃദയത്തിൽ സൂക്ഷിക്കുകയാണു ചെയ്തത്. എന്നാൽ, തോമസാകട്ടെ, "എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന് വിളിച്ചുകൊണ്ട് ഏറ്റവും വലിയ വിശ്വാസപ്രഖ്യാപനം നടത്തി (യോഹ 20:28). ഉത്ഥാനത്തെക്കുറിച്ചുള്ള അറിവ് എമ്മാവൂസിലേയ്ക്കുപോയ ശിഷ്യന്മാരെ ഒരു തിരിച്ചുവരവിനെ ശക്തിപ്പെടുത്തി (ലൂക്കാ 24:33). ലൂക്കാ 24:50-53 വിവരിക്കുന്നത് യേശുവിന്റെ ഉയിർപ്പ് ശിഷ്യരെ ആനന്ദതുന്ദിലരായ ഒരു ആരാധനാസമൂഹമാക്കി രൂപപ്പെടുത്തിയതിനെയാണ്.

സഭയുടെ അടിസ്ഥാനവിശ്വാസങ്ങളിലൊന്നാണ് യേശുവിന്റെ ഉത്ഥാനം. എന്നാൽ, ആ വിശ്വാസത്തിലേയ്ക്കു ശിഷ്യർ കടന്നുവന്നതു പലവിധത്തിലാണെന്നു സുവിശേഷങ്ങൾ വ്യക്തമാക്കുന്നു. അതുപോലെതന്നെ, യേശുവിന്റെ ഉത്ഥാനം ശിഷ്യരിലുളവാക്കിയ പ്രതികരണങ്ങളും വ്യത്യസ്തങ്ങളായിരുന്നു. ദൈവം മനുഷ്യനെ തന്നിലേയ്ക്കു നയിക്കുന്ന പുതിയവഴികളെ തുറവിയോടെ വീക്ഷിക്കാൻ ഇതു നമ്മെ ക്ഷണിക്കുന്നു. വിശ്വാസത്തിന്റെ പുത്തൻപ്രകടനങ്ങളെ, അവ പരാമ്പരാഗതരീതികളിൽനിന്നു വ്യത്യസ്തമാണെങ്കിൽക്കൂടി, അംഗീകരിക്കാനും വളർത്താനുമുള്ള ഉത്തരവാദിത്വവും അതു നമ്മെ ഭരമേല്പിക്കുന്നു.

## രണ്ടു ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്നു (16:12-13)

എമ്മാവൂസിലേക്കുപോയ ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷപ്പെട്ട സംഭവത്തിന്റെ (ലൂക്കാ 24:13-32) സംക്ഷിപ്തവിവരണമാണിത്. വേറൊരു രൂപത്തിൽ എന്നത് യേശുവിന്റെ മഹത്വീകൃതരൂപമാണ്. മഗ്ദലേനമറിയം എന്ന സ്ത്രീയുടെ സാക്ഷ്യം മാത്രമല്ല, പുരുഷന്മാരായ ശിഷ്യന്മാരുടെ സാക്ഷ്യവും മറ്റുശിഷ്യന്മാർ സ്വീകരിച്ചില്ല.

## ശിഷ്യഗണത്തിനു പ്രേഷിതദൗത്യം (16:14-18)

മർക്കോസിന്റെ വിവരണമനുസരിച്ച് ഉയിർപ്പുഞായറാഴ്ച വൈകുന്നേരമാണ് യേശു പതിനൊന്നു ശിഷ്യർക്കുമായി പ്രത്യക്ഷപ്പെടുന്നത് (വാ.14).

യേശു ഉയിർത്തെഴുന്നേറ്റുവെന്ന വാർത്ത മാത്രമല്ല, യേശു ഉയിർത്തേഴു ന്നേല്ക്കാനുള്ള സാദ്ധ്യതപോലും അവർ വിശ്വസിച്ചില്ല. ശിഷ്യന്മാരുടെ ഈ അവിശ്വാസം, ഭാവിയിൽ തങ്ങളുടെ പ്രഘോഷണത്തെ തള്ളിക്കള യാനിരിക്കുന്നവരുടെ അവിശ്വാസത്തെ ധാരണപൂർവ്വം വീക്ഷിക്കാൻ അവരെ സഹായിക്കും. ഉത്ഥിതനായ യേശുവിനെ നേരിട്ടു കാണുവാൻ അവസരം ലഭിക്കുന്നതിനുമുമ്പേ, ഉത്ഥിതനെ നേരിട്ടു കണ്ടവർ അവന്റെ ഉത്ഥാനത്തെക്കുറിച്ചു നല്കിയ സാക്ഷ്യംകേൾക്കാൻ ശിഷ്യർക്ക് അവ സരമുണ്ടായി. ആ സാക്ഷ്യം ശിഷ്യർ പക്ഷേ സ്വീകരിച്ചില്ല. ഇത് നേരിട്ടു കാണാതെ മറ്റുള്ളവരുടെ സാക്ഷ്യത്തെ അടിസ്ഥാനമാക്കി ഉത്ഥാനത്തിൽ വിശ്വസിക്കുന്നത് എത്ര ദുഷ്കരമാണെന്ന് ശിഷ്യന്മാർക്ക് വ്യക്തിപരമായി മനസ്സിലാക്കാൻ വേണ്ടിയായിരുന്നു. ഭാവിയിൽ യേശുവിന്റെ ഉത്ഥാന ത്തിൽ വിശ്വസിക്കാനിരിക്കുന്നവരെല്ലാം മറ്റുള്ളവരുടെ സാക്ഷ്യത്തെ അടി സ്ഥാനമാക്കിയാണല്ലോ വിശ്വസിക്കേണ്ടിയിരുന്നത്.

**16:15,** വിശ്വാസരഹിതരും കഠിനഹൃദയരുമെന്ന് ശിഷ്യരെ യേശു കുറ്റ പ്പെടുത്തിയെങ്കിലും അവരെ എഴുതിത്തള്ളുകയല്ല വലിയ പ്രേഷിത ദൗത്യം അവരെ ഭരമേല്പിക്കുകയാണു ചെയ്തത്. ശിഷ്യന്മാരുടെ പ്രേഷി തദൗത്യത്തിന്റെ സാർവ്വത്രികമാനത്തിന് മർക്കോസ് ഊന്നൽ നല്കുന്നു ണ്ട്. എല്ലാമെന്നതിന് 'ഹപാന്ത' എന്ന ശക്തമായ വാക്കാണ് മർക്കോസ് ഉപയോഗിച്ചിരിക്കുന്നത്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സുവിശേ ഷമെത്തണമെന്നാണ് മർക്കോസിൽ യേശു ആവശ്യപ്പെടുന്നത്.

**16:16**, വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ: വിശ്വാസത്തിന്റെ പ്രക ടനമായാണ് സ്നാനം സ്വീകരിക്കുന്നത്. വിശ്വാസവും ജ്ഞാനസ്നാനവും തമ്മിലുള്ള അടുത്ത ബന്ധത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. വിശ്വ സിക്കുന്നവന്റെ അനുസരണത്തിന്റെ അടയാളമാണ് അവൻ സ്വീകരി ക്കുന്ന മാമ്മോദീസ.

**16:17–18,** ഈ വാക്യങ്ങളും വിശ്വാസത്തിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നു. വിശ്വസിക്കുന്നവർ, അപ്പസ്തോലന്മാർ മാത്രമല്ല, അതിസ്വാഭാ വിക കർമ്മങ്ങൾ നിർവ്വഹിക്കുന്നതിനു പ്രാപ്തരാകും. വി. ഗ്രന്ഥത്തിൽ, അടയാളങ്ങൾ പ്രഘോഷണത്തിന്റെ ആധികാരികതയെയാണ് സൂചിപ്പി ക്കുന്നത്. അപ്പസ്തോലന്മാർ യേശുവിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും രോഗികളെ സുഖപ്പെടുത്തുകയും ചെയ്തതാണ് (6:7,12–13). അവർ ഈ പ്രവർത്തനങ്ങൾ ഇനിയും തുടരും (അപ്പ 5:16; 8:7; 16:18; 19:12; 28:8). ശിഷ്യന്മാരുടെ ഭാഷാവരത്തെക്കുറിച്ച് സുവിശേഷ ത്തിലുള്ള ഏക പരാമർശം ഇവിടെയാണ് നാം കാണുന്നത് (അപ്പ 2:4; 10:46; 19:6; 1 കോറി 12:10,28,30) പാമ്പുകളിൽനിന്നുള്ള സംരക്ഷണവും ശിഷ്യർക്ക് ലഭിക്കും (അപ്പ 28:3–6). ശിഷ്യന്മാർ വിഷദ്രാവകങ്ങൾ കുടി ച്ചിട്ട് ഒന്നും സംഭവിക്കാതിരുന്നതായുള്ള വിവരണങ്ങൾ അപ്പസ്തോല പ്രവർ ത്തനങ്ങളിൽ നാം കാണുന്നില്ല. ശിഷ്യന്മാർക്കുള്ള ഈ സവിശേ ഷസിദ്ധികൾ എത്രനാൾ ഉണ്ടായിരിക്കുമെന്ന് യേശു പ്രത്യേകം പറയു ന്നില്ല. പഴയനിയമത്തിൽ അത്ഭുതപ്രവർത്തനങ്ങളൊക്കെ ചുരുങ്ങിയ കാലഘട്ടത്തിലേ സംഭവിച്ചിട്ടുള്ളൂ (പുറ 7–14; 1രാജാ 17–2 രാജാ 10). അതുതന്നെയാണ് ശിഷ്യരും പ്രതീക്ഷിക്കേണ്ടിയിരുന്നത് (1 കോറി 13:8).

പുതിയ രചനയുടെ പൂർത്തിയോടെ അത്ഭുതപ്രവർത്തനകാലഘട്ടവും കഴിഞ്ഞതായി സഭാചരിത്രം പഠിപ്പിക്കുന്നു (2 കോറി 12:12; ഹെബ്രാ 2:3 -4). വിവിധജീവികളിൽനിന്നും വിഷദ്രാവകങ്ങളിൽ നിന്നുമുള്ള സംരക്ഷണം സൂചിപ്പിക്കുന്നത് ശിഷ്യന്മാരുടെ പ്രതിയോഗികൾ ശിഷ്യരെ ക്രൂരമൃഗങ്ങളുടെയിടയിലേക്കു തള്ളുകയും വിഷം കുടിക്കാൻ നിർബന്ധിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ശിഷ്യർക്ക് ദൈവിക സംരക്ഷണം ഉണ്ടായിരിക്കുമെന്ന വാഗ്ദാനമാണ് സുവിശേഷത്തിന്റെ ശക്തി വ്യക്തമാക്കാൻ അത്ഭുതസംഭവങ്ങൾ ദൈവം അനുവദിക്കാറുണ്ട്.

ഞങ്ങളോടുകൂടി ഈ അടയാളങ്ങൾ ഇല്ലാഞ്ഞിട്ടാണോ നിങ്ങൾ വിശ്വസിക്കാതിരുന്നത്? സഭയുടെ ആരംഭത്തിൽ ഈ അടയാളങ്ങൾ ആവശ്യമായിരുന്നു. പുതിയതായി കിളിർത്ത വിശ്വാസത്തിനു വളരാൻ അത്ഭുതങ്ങളുടെ പിന്തുണ ആവശ്യമായിരുന്നു. ഒരു മുന്തിരിത്തോട്ടം നാം നട്ടുപിടിപ്പിക്കുമ്പോൾ, അവ മണ്ണിൽ വേരുപിടിച്ചുവളരാൻ തുടങ്ങുന്നതുവരെ നാം വെള്ളമൊഴിച്ചുകൊടുക്കും. എന്നാൽ അവ വേരുപിടിച്ചു കഴിഞ്ഞാൽ പിന്നെ ദിവസേന നാം അവയെ നനയ്ക്കാറില്ല... അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള കഴിവ് ചിലപ്പോഴൊക്കെ ആന്തരിക വിശുദ്ധിയുടെ അടയാളമാകാമെങ്കിലും ആന്തരിക വിശുദ്ധി എപ്പോഴും അത്ഭുതപ്രവർത്തന സിദ്ധി നല്കണമെന്നില്ല (മഹാനായ ഗ്രിഗറി).

സഭ ആദ്യകാലത്തുചെയ്ത കാര്യങ്ങൾ ആത്മീയമായി ഇന്നും തുടരുന്നു. വൈദികർ, ശക്തമായ ഉദ്ബോധനങ്ങളിലൂടെ മറ്റുള്ളവരുടെ ഹൃദയത്തിൽനിന്ന് തിന്മയെ നീക്കം ചെയ്യുമ്പോൾ അവർ സർപ്പങ്ങളെ കൈയ്യിലെടുക്കുകയല്ലേ ചെയ്യുന്നത്? (മഹാനായ ഗ്രിഗറി).

ബൈബിൾ ശരിയാംവിധം പഠിക്കുന്നവർ, പാഷണ്ഡതകൾ നിറഞ്ഞ, വിഷലിപ്തമായ പുസ്തകങ്ങൾ വായിക്കുകയും മനഃപാഠമാക്കുകയും ചെയ്താൽപ്പോലും അവർക്ക് ഉപദ്രവമുണ്ടാകുന്നില്ല (അഗസ്റ്റിൻ).

## യേശുവിന്റെ സ്വാർഗ്ഗാരോഹണം (16:19-20)

കർത്താവായ യേശു എന്ന പേര് ഇവിടെയും ലൂക്കാ 24:3ലും മാത്രമാണ് സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് (വാ. 19). നസറായനായ യേശു ഉത്ഥാനത്തെത്തുടർന്ന് ശിഷ്യന്മാർക്ക് പരമാധികാരിയായ "കർത്താവായ യേശു"വായി മാറി. യേശു തന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ച് ഇതിനുമുമ്പും സൂചിപ്പിച്ചിരുന്നു (14:7). ഇപ്പോൾ ശിഷ്യർ അവന്റെ സ്വർഗ്ഗാരോഹണത്തിനു സാക്ഷികളായി. മിശിഹാ സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്നത് പഴയനിയമത്തിൽ പ്രവചിക്കപ്പെട്ടിട്ടുള്ളതാണ് (സങ്കീ 110:1). ദൈവത്തിന്റെ വലതുഭാഗത്ത് യേശു ഇരിക്കുന്നത് തന്റെ രക്ഷാകരകർമ്മം പൂർത്തിയാക്കിക്കഴിഞ്ഞതിന്റെ സൂചനയാണ്.

സങ്കീർത്തനം 110:1 ൽ ദൈവം പ്രവാചകനിലൂടെ അരുളിച്ചെയ്തത് യേശുവിന്റെ സ്വർഗ്ഗാരോഹണത്തിൽ നിറവേറി: കർത്താവ് എന്റെ വലതുഭാഗത്തിരിക്കുക (ഇറണേവൂസ്)

**16:20,** യേശുവിന്റെ പ്രവർത്തനം ഭൂമിയിൽ ശിഷ്യരിലൂടെ തുടർന്നു കൊണ്ടിരിക്കുന്നു. ശിഷ്യന്മാരിലൂടെ സംഭവിക്കുന്നത് യേശുവിന്റെ പ്രവർത്തനം തന്നെയാണ്. അവരിലൂടെ താൻ തന്നെയാണു പ്രവർത്തിക്കുന്നതെന്ന് അടയാളങ്ങളിലൂടെ അവിടുന്നു സ്ഥിരീകരിക്കുകയും ചെയ്തു. യേശുവിന്റെ കല്പനയനുസരിച്ച് എല്ലായിടത്തും പോയി വചനം പ്രസംഗിച്ച ശിഷ്യർ എല്ലാക്കാലത്തെയും ശിഷ്യഗണങ്ങൾക്ക് ഉത്തമമാതൃകയാണ്.

**വിചിന്തനം: സുവിശേഷം എല്ലാ സൃഷ്ടികൾക്കും:** തന്റെ ശിഷ്യരുടെ ഹൃദയകാഠിന്യത്തെയും വിശ്വാസരാഹിത്യത്തെയും യേശു കുറ്റപ്പെടുത്തിയെങ്കിലും അവരെ അവിടുന്ന് എഴുതിത്തള്ളുന്നില്ല. പകരം വളരെ ശ്രമകരവും ഉത്തരവാദിത്വപൂർണ്ണവുമായ ചുമതല അവരെ അവിടുന്നു ഭരമേല്പിക്കുകയാണ്: നിങ്ങൾ ലോകമെങ്ങുംപോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. ശിഷ്യരിൽ വിശ്വാസമർപ്പിച്ചുകൊണ്ട് യേശു അവരെ വിശ്വാസയോഗ്യരാക്കിത്തീർക്കുന്നു.

സകലസൃഷ്ടികളോടും പ്രഘോഷിക്കാൻ ആവശ്യപ്പെടുന്നതിലൂടെ സുവിശേഷപ്രഘോഷണത്തിൽ യാതൊരു വിവേചനവും കാട്ടാൻ പാടില്ലെന്നാണ് യേശു നിർദ്ദേശിക്കുന്നത്. ആരോടൊക്കെ പ്രസംഗിച്ചാൽ മതി എന്നു നിശ്ചയിക്കാനുള്ള അവകാശം ശിഷ്യർക്കില്ല; കാരണം സുവിശേഷം എല്ലാവരുടെയും അവകാശമാണ്. എല്ലാവരോടും പ്രസംഗിക്കാനുള്ള നിയോഗം മറ്റു മതങ്ങളുടെയും സംസ്കാരങ്ങളുടെയുംമേൽ ഔദ്ധത്യപൂർണ്ണമായ ഒരു മേൽക്കോയ്മ സ്ഥാപിക്കാനുള്ള തീട്ടൂരമല്ല; ഈ ലോകത്തോടുള്ള ദൈവത്തിന്റെ വലിയ സ്നേഹത്തിന്റെ പ്രകടനമാണ്.

ആരംഭം മുതൽതന്നെ പ്രസംഗമായിരുന്നു സുവിശേഷവത്കരണത്തിന്റെ അടിസ്ഥാനോപാധി. പിന്നീട്, ലേഖനങ്ങളിലൂടെ പൗലോസ് തന്റെ പ്രസംഗം തുടർന്നു. സുവിശേഷകർ ആ പാത പിന്തുടർന്നു. തുടർന്നങ്ങോട്ട് സുവിശേഷപ്രഘോഷണത്തിന് നവംനവങ്ങളായ അനേകമാർഗ്ഗങ്ങളാണ് സഭാസമൂഹം അവലംബിച്ചുപോന്നിട്ടുള്ളത്. ഇന്ന് ഒരു വിശ്വാസി ഇടവകദേവാലയത്തിൽ സുവിശേഷപ്രസംഗം കേൾക്കുമ്പോൾ ആദിമസഭയുടെ ആദ്യകാലസുവിശേഷപ്രഘോഷണരീതിയിൽ അവൻ ഭാഗഭാക്കാകുന്നു. എന്നാൽ ഇന്റർനെറ്റ് ഉപയോഗിച്ച് അവൻ ഒരു സുവിശേഷസന്ദേശം സ്വീകരിക്കുകയോ അയക്കുകയോ ചെയ്യുമ്പോൾ കാലാനുസൃതമായി ലോകത്തെ വചനബദ്ധമാക്കുന്ന അപ്പസ്തോലിക ദൗത്യത്തിൽ അവൻ പങ്കാളിയാവുകയാണു ചെയ്യുന്നത്.

*******